# സമർപ്പണം

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 2010–11 സാമ്പത്തിക വർഷം ഓഡിറ്റ് ചെയ്ത് പുറപ്പെടുവിച്ച വിവിധ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുക ളിൽ നിന്നും തെരഞ്ഞെടുത്ത ശ്രദ്ധേയമായ പരാമർശങ്ങൾ ഉൾക്കൊള്ളി ച്ച്, 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 23–ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ 25–ാം ചട്ടം എന്നിവ പ്രകാരം തയ്യാറാക്കിയ **'സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010–11'** സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നു.

2010–11 ൽ വകുപ്പ് ഓഡിറ്റ് ചെയ്ത പഞ്ചായത്ത്‌രാജ്/ മുനിസിപ്പൽ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, മറ്റിതര സ്ഥാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് സർക്കാരിന്റേയും നിയമസഭയുടെയും ശ്രദ്ധ പതിയേണ്ട ക്രമക്കേടുകളും അപാകതകളും അതോടൊപ്പം ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാനുള്ള നിർദ്ദേശങ്ങളും റിപ്പോർട്ടിലുൾപ്പെടുത്തിയിട്ടുണ്ട്. **'സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010–11'** സംസ്ഥാന സർക്കാരിന്റെ പരിശോധനയ്ക്കും അനന്തര നടപടികൾക്കു മായി സമർപ്പിക്കുന്നു.

തിരുവനന്തപുരം,
25.01.2012.

**കെ.കെ.രാജൻ**
ഡയറക്ടർ,
ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

ഉള്ളടക്കം


| വിവരണം | ഖണ്ഡിക | പേജ് |
|---|---|---|
| **ആമുഖം** | - | 9 |
| അദ്ധ്യായം – 1<br>**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് - ഘടനയും ചുമതലകളും** | ***1.1-1.9*** | ***11-27*** |
| *ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം* | 1.1 | 11 |
| *ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ* | 1.2 | 12 |
| *ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഘടന* | 1.3 | 15 |
| *മനുഷ്യവിഭവശേഷി* | 1.4 | 17 |
| *വകുപ്പ് ജീവനക്കാർക്ക് പരിശീലനം* | 1.5 | 18 |
| *കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് - അക്കൗണ്ട് സർട്ടിഫിക്കേഷൻ* | 1.6 | 21 |
| *ചാരിറ്റബിൾ എൻഡോവ്മെന്റ്* | 1.7 | 22 |
| *ചാർജ്/സർചാർജ് നടപടികൾ* | 1.8 | 23 |
| *ഓഡിറ്റ് ചാർജ്* | 1.9 | 24 |
| *ഓഡിറ്റ് അവലോകനം* | 1.10 | 25 |
| അദ്ധ്യായം – 2<br>**പൊതു അവലോകനം-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ** | ***2.1-2.15*** | ***28-55*** |
| *കണക്കുകൾ/രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ വീഴ്ചകൾ* | 2.1. | 28 |
| *ബജറ്റ്* | 2.2. | 29 |
| *തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകൾ* | 2.3 | 31 |
| *തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും -പോരായ്മകൾ* | 2.4 | 31 |
| *വരുമാന വർദ്ധനവിനുള്ള നടപടികളുടെ അഭാവം* | 2.5 | 32 |
| *ധനാഗമം/ധനവിനിയോഗം* | 2.6 | 35 |
| *സാമ്പത്തിക റിപ്പോർട്ട്* | 2.7 | 38 |
| *വികസന പ്രവർത്തനങ്ങൾ - പൊതുവായ അപാകതകൾ* | 2.8 | 39 |
| *തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി അവലോകനം* | 2.9 | 42 |
| *വ്യക്തിഗത ആനുകൂല്യ വിതരണം* | 2.10 | 43 |
| *വർദ്ധിച്ചുവരുന്ന ഋണബാദ്ധ്യതകൾ* | 2.11 | 44 |
| *നഗരസഭകളിലെ പെൻഷൻ വിതരണം* | 2.12 | 46 |
| *അക്ഷയ പദ്ധതി നിർവ്വഹണം* | 2.13 | 47 |
| *ഡെപ്പോസിറ്റ് വർക്കുകൾ - പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസം* | 2.14 | 49 |
| *പെർഫോമൻസ് ഓഡിറ്റ് സംവിധാനം* | 2.15 | 54 |

| ഉള്ളടക്കം | | |
|---|---|---|
| വിവരണം | ഖണ്ഡിക | പേജ് |
| **അദ്ധ്യായം – 3**<br>**സർവ്വകലാശാലകൾ** | ***3.1*** | ***56-62*** |
| *കേരള കാർഷിക സർവ്വകലാശാല, തൃശൂർ* | ***3.1*** | ***59*** |
| **അദ്ധ്യായം – 4**<br>**മിസലേനിയസ് സ്ഥാപനങ്ങൾ** | ***4.1-4.7*** | ***63-82*** |
| *സർവ്വവിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ട്* | 4.1 | 63 |
| *കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്* | 4.2 | 66 |
| *കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്* | 4.3 | 69 |
| *വികസന അതോറിറ്റികൾ* | 4.4 | 70 |
| *വിവിധ ക്ഷേമനിധികൾ* | 4.5 | 73 |
| *മലബാർ ദേവസ്വംബോർഡ്* | 4.6 | ***75*** |
| *കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റി* | 4.7 | 80 |
| **അദ്ധ്യായം – 5**<br>**ഓഡിറ്റ് നിരീക്ഷണങ്ങൾ -തദ്ദേശ ഭരണ സ്ഥാപനങ്ങൾ** | ***5.1-5-8*** | ***83-244*** |
| **തനതു ഫണ്ട് നഷ്ടം** | **5.1** | 83 |
| *തിരുവനന്തപുരം കോർപ്പറേഷൻ - തിരുവനന്തപുരം ജില്ല* | 5.1.1 | 84 |
| *കൊല്ലം കോർപ്പറേഷൻ - കൊല്ലം ജില്ല* | 5.1.2 | ***91*** |
| *ചെന്നിത്തല-തൃപ്പെരുംതുറ ഗ്രാമപഞ്ചായത്ത് - ആലപ്പുഴ ജില്ല* | 5.1.3 | 93 |
| *ആലപ്പുഴ മുനിസിപ്പാലിറ്റി - ആലപ്പുഴ ജില്ല* | 5.1.4 | 94 |
| *ഗുരുവായൂർ നഗരസഭ - തൃശൂർ ജില്ല* | 5.1.5 | 95 |
| *മഞ്ചേരി മുനിസിപ്പാലിറ്റി - മലപ്പുറം ജില്ല* | 5.1.6 | 96 |
| *പനമരം ഗ്രാമ പഞ്ചായത്ത് - വയനാട് ജില്ല* | 5.1.7 | 97 |
| *കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത് - വയനാട് ജില്ല* | 5.1.8 | 98 |
| *കോഴിക്കോട് നഗരസഭ - കോഴിക്കോട് ജില്ല* | 5.1.9 | 99 |
| **പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലുമുള്ള അപാകതകൾ** | **5.2** | 102 |
| *വെള്ളറട ഗ്രാമപഞ്ചായത്ത് - തിരുവനന്തപുരം ജില്ല* | 5.2.1 | 105 |
| *തിരുവനന്തപുരം കോർപ്പറേഷൻ - ,,* | 5.2.2 | 107 |
| *ചിതറ ഗ്രാമപഞ്ചായത്ത് - കൊല്ലം ജില്ല* | 5.2.3 | 108 |
| *ചടയമംഗലം ഗ്രാമപഞ്ചായത്ത് - ,,* | 5.2.4 | 109 |
| *കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് - ,,* | 5.2.5 | 110 |
| *തെന്മല ഗ്രാമപഞ്ചായത്ത് - ,,* | 5.2.6 | 111 |
| *കടയ്ക്കൽ ഗ്രാമപഞ്ചായത്ത് - ,,* | 5.2.7 | 115 |
| *കൊല്ലം ജില്ലാ പഞ്ചായത്ത് - ,,* | 5.2.8 | 117 |
| *കൊല്ലം കോർപ്പറേഷൻ - ,,* | 5.2.9 | 120 |

| ഉള്ളടക്കം | | |
|---|---|---|
| വിവരണം | ഖണ്ഡിക | പേജ് |
| *പട്ടണക്കാട് ഗ്രാമപഞ്ചായത്ത്* - ആലപ്പുഴ ജില്ല | 5.2.10 | 122 |
| *കൈനകരി ഗ്രാമപഞ്ചായത്ത്* - ,, | 5.2.11 | 124 |
| *ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്*- ,, | 5.2.12 | 125 |
| *ആലപ്പുഴ മുനിസിപ്പാലിറ്റി* - ,, | 5.2.13 | 129 |
| *ചെറുകോൽ ഗ്രാമപഞ്ചായത്ത്* - പത്തനംതിട്ട ജില്ല | 5.2.14 | 132 |
| *പറക്കോട് ബ്ലോക്ക്* - ,, | 5.2.15 | 133 |
| *ഇലന്തൂർ ബ്ലോക്ക്* - ,, | 5.2.16 | 139 |
| *അടൂർ നഗരസഭ* - ,, | 5.2.17 | 140 |
| *തൃശൂർ ജില്ലാപഞ്ചായത്ത്* - തൃശൂർ ജില്ല | 5.2.18 | 141 |
| *തൃശ്ശൂർ നഗരസഭ* - ,, | 5.2.19 | 142 |
| *ഗുരുവായൂർ നഗരസഭ* - ,, | 5.2.20 | 147 |
| *വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്* - ഇടുക്കി ജില്ല | 5.2.21 | 148 |
| *മാങ്കുളം ഗ്രാമപഞ്ചായത്ത്* - ,, | 5.2.22 | 156 |
| *കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത്* - മലപ്പുറം ജില്ല | 5.2.23 | 158 |
| *പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി* - ,, | 5.2.24 | 162 |
| **പദ്ധതികൾ ലക്ഷ്യം കൈവരിക്കാത്തത്** | **5.3** | 164 |
| *കുളത്തൂർ ഗ്രാമപഞ്ചായത്ത്* - തിരുവനന്തപുരം ജില്ല | 5.3.1 | 166 |
| *വിഴിഞ്ഞം ഗ്രാമപഞ്ചായത്ത്* - ,, | 5.3.2 | 167 |
| *ബുധനൂർ ഗ്രാമപഞ്ചായത്ത്* - ആലപ്പുഴ ജില്ല | 5.3.3 | 168 |
| *ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്* - ,, | 5.3.4 | 169 |
| *ആലപ്പുഴ ജില്ലാ പഞ്ചായത്ത്* - ,, | 5.3.5 | 171 |
| *കിടങ്ങൂർ ഗ്രാമപഞ്ചായത്ത്* - കോട്ടയം ജില്ല | 5.3.6 | 173 |
| *മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്* - എറണാകുളം ജില്ല | 5.3.7 | 175 |
| *കടങ്ങോട് ഗ്രാമപഞ്ചായത്ത്* - തൃശ്ശൂർ ജില്ല | 5.3.8 | 176 |
| *തൃശ്ശൂർ ജില്ലാപഞ്ചായത്ത്* - ,, | 5.3.9 | 176 |
| *പാണ്ടിക്കാട് ഗ്രാമ പഞ്ചായത്ത്* - മലപ്പുറം ജില്ല | 5.3.10 | 179 |
| *കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത്* - ,, | 5.3.11 | 180 |
| *വാഴക്കാട് ഗ്രാമപഞ്ചായത്ത്* - ,, | 5.3.12 | 181 |
| *വാഴയൂർ ഗ്രാമപഞ്ചായത്ത്* - ,, | 5.3.13 | 182 |
| *കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്* - ,, | 5.3.14 | 183 |
| *മഞ്ചേരി മുനിസിപ്പാലിറ്റി* - ,, | 5.3.15 | 184 |
| *വയനാട് ജില്ലാ പഞ്ചായത്ത്* - വയനാട് ജില്ല | 5.3.16 | 185 |
| *കോഴിക്കോട് നഗരസഭ* - കോഴിക്കോട് ജില്ല | 5.3.17 | 186 |
| **സർക്കാർ നിർദ്ദേശം അവഗണിക്കുന്നത്** | **5.4** | 187 |
| *ചെങ്കൽ ഗ്രാമ പഞ്ചായത്ത്* - തിരുവനന്തപുരം ജില്ല | 5.4.1 | 189 |

| ഉള്ളടക്കം | | |
|---|---|---|
| **വിവരണം** | **ഖണ്ഡിക** | **പേജ്** |
| *വെട്ടിക്കവല ഗ്രാമപഞ്ചായത്ത്* - കൊല്ലം ജില്ല | 5.4.2 | 193 |
| *എഴുകോൺ ഗ്രാമപഞ്ചായത്ത്* - ,, | 5.4.3 | 194 |
| *ചെറുകോൽ ഗ്രാമപഞ്ചായത്ത്* - പത്തനംതിട്ട ജില്ല | 5.4.4 | 196 |
| *ആലപ്പുഴ മുനിസിപ്പാലിറ്റി* - ആലപ്പുഴ ജില്ല | 5.4.5 | 197 |
| *കോട്ടയം ജില്ലാ പഞ്ചായത്ത്* - കോട്ടയം ജില്ല | 5.4.6 | 201 |
| *കേരള കലാമണ്ഡലം* - തൃശൂർ ജില്ല | 5.4.7 | 203 |
| *കേരള ലളിതകലാ അക്കാദമി* - ,, | 5.4.8 | 204 |
| *ചെലവാക്കാത്ത പദ്ധതിപ്പണം തിരിച്ചടയ്ക്കുന്നില്ല* - പാലക്കാട് ജില്ല | 5.4.9 | 205 |
| *മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത്* - ,, | 5.4.10 | 205 |
| *പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്* - മലപ്പുറം ജില്ല | 5.4.11 | 207 |
| *തലശ്ശേരി നഗരസഭ* - കണ്ണൂർ ജില്ല | 5.4.12 | 208 |
| **പാഴ്ചെലവ്/ധനദുർവിനിയോഗം** | **5.5** | 209 |
| *ഏരൂർ ഗ്രാമപഞ്ചായത്ത്* - കൊല്ലം ജില്ല | 5.5.1 | 210 |
| *കൊല്ലം കോർപ്പറേഷൻ* - ,, | 5.5.2 | 217 |
| *റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്* - പത്തനംതിട്ട ജില്ല | 5.5.3 | 218 |
| *മഞ്ചേരി മുനിസിപ്പാലിറ്റി* - മലപ്പുറം ജില്ല | 5.5.4 | 222 |
| **മുൻകൂർ നൽകിയിട്ടും പദ്ധതി പൂർത്തിയാക്കാത്തത്** | **5.6** | 224 |
| *തൃക്കടവൂർ ഗ്രാമപഞ്ചായത്ത്* - കൊല്ലം ജില്ല | 5.6.1 | 225 |
| *ചടയമംഗലം ഗ്രാമപഞ്ചായത്ത്* - ,, | 5.6.2 | 226 |
| *ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്* - ,, | 5.6.3 | 227 |
| *അടൂർ മുൻസിപ്പാലിറ്റി* - പത്തനംതിട്ട ജില്ല | 5.6.4 | 227 |
| *സമാഹരണ മുൻകൂർ നൽകി* - തൃശ്ശൂർ ജില്ല | 5.6.5 | 229 |
| *മുതലമട ഗ്രാമപഞ്ചായത്ത്* - പാലക്കാട് ജില്ല | 5.6.6 | 230 |
| *തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്* - മലപ്പുറം ജില്ല | 5.6.7 | 231 |
| *നിലമ്പൂർ ഗ്രാമപഞ്ചായത്ത്* - മലപ്പുറം ജില്ല | 5.6.8 | 232 |
| *മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്* - വയനാട് ജില്ല | 5.6.9 | 234 |
| *വയനാട് ജില്ലാ പഞ്ചായത്ത്* - ,, | 5.6.10 | 236 |
| **രജിസ്റ്ററുകളും രേഖകളും കൃത്യമല്ലാത്തത്** | **5.7** | 237 |
| *ചെന്നിത്തല-തൃപ്പെരുംതുറ ഗ്രാമപഞ്ചായത്ത്* -**ആലപ്പുഴ**ജില്ല | 5.7.1 | 237 |
| **ആസ്തി പരിപാലനം** | **5.8** | 242 |
| *തിരുവനന്തപുരം കോർപ്പറേഷൻ* - തിരുവനന്തപുരം ജില്ല | 5.8.1 | 242 |
| *ആലപ്പുഴ മുനിസിപ്പാലിറ്റി* - ആലപ്പുഴ ജില്ല | 5.8.2 | 243 |
| *തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനം* - **കോഴിക്കോട് ജില്ല** | 5.8.3 | 245 |

# ആമുഖം

*1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരം സർക്കാരിന് സമർപ്പിക്കുന്നതിനുവേണ്ടിയാണ് "സമാഹൃത ഓഡിറ്റ് റിപ്പോർട്ട്" തയ്യാറാക്കിയിട്ടുള്ളത്. സർക്കാരിന് സമർപ്പിക്കുന്ന പതിനാലാമത് റിപ്പോർട്ടാണിത്.*

*തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ദേവസ്വം ബോർഡ്, ഹിന്ദുമത ധർമ്മസ്ഥാപനങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങി അയ്യായിരത്തിലധികം സ്ഥാപനങ്ങൾ വകുപ്പിന്റെ ഓഡിറ്റ് പരിധിയിലുണ്ട്.*

*2010-11 സാമ്പത്തിക വർഷം വകുപ്പ് പുറപ്പെടുവിച്ച വിവിധ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽനിന്ന് തെരഞ്ഞെടുത്ത ഖണ്ഡികകളാണ് ഉള്ളടക്കത്തിൽ പ്രധാനം.*

*ഈ റിപ്പോർട്ടിന്റെ ഒന്നാം അദ്ധ്യായത്തിൽ വകുപ്പിന്റെ ഘടനയും ചുമതലകളുമാണ് പരാമർശിച്ചിട്ടുള്ളത്. രണ്ടാം അദ്ധ്യായത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ചുള്ള ഒരു പൊതു അവലോകനമാണ് പ്രതിപാദ്യ വിഷയം. മൂന്ന്, നാല് അദ്ധ്യായങ്ങളിൽ യഥാക്രമം, സർവ്വകലാശാലകൾ മിസലേനിയസ് സ്ഥാപനങ്ങൾ എന്നിവയെ സംബന്ധിച്ച പൊതുഅവലോകനവും പ്രധാന ഓഡിറ്റ് നിരീക്ഷണങ്ങളും നൽകിയിരിക്കുന്നു. അഞ്ചാം അദ്ധ്യായത്തിൽ ത്രിതലപഞ്ചായത്തുകളിലേയും മുനിസിപ്പൽ സ്ഥാപനങ്ങളിലേയും ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അനുവാചക സൗകര്യത്തിന് വിഷയാടിസ്ഥാനത്തിലാണ് ഖണ്ഡികകൾ ക്രമീകരിച്ചിട്ടുള്ളത്.*

*നിരീക്ഷണങ്ങളുടെ വിശദവിവരങ്ങൾക്ക് ഖണ്ഡികയോടൊപ്പം സൂചിപ്പിച്ചിട്ടുള്ള ഒറിജിനൽ റിപ്പോർട്ടുകൾ പരിശോധിയ്ക്കേണ്ടതാണ്.*

# ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് - ഘടനയും ചുമതലകളും

## 1.1. ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

1994-ൽ കേരള നിയമസഭ പാസ്സാക്കിയ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 10.01.1996-ലെ ജി.ഒ.(പി)77/96-ാം ഉത്തരവു പ്രകാരം 15.01.1996-ൽ നിലവിൽവന്നു. തുടർന്ന് 09.02.1996-ലെ ജി.ഒ.(പി.)180/96/ഫിൻ ഉത്തരവു പ്രകാരം ബന്ധപ്പെട്ട ഓഡിറ്റ് ചട്ടം പ്രാബല്യത്തിലായി.

***കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം ഒറ്റനോട്ടത്തിൽ***

| വകുപ്പ് | രത്നചുരുക്കം |
|---|---|
| 1 | ചുരുക്കപ്പേര്: 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് |
| 2 | നിർവ്വചനങ്ങൾ: ഓഡിറ്റർ: ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരും |
| 3 | ഡയറക്ടറെ സർക്കാർ നിയമിക്കുന്നു |
| 4 | നിയമത്തിന്റെ അനുബന്ധ പട്ടികയിലുള്ള സ്ഥാപനങ്ങളും പട്ടികയിൽ കൂട്ടിച്ചേർക്കപ്പെട്ട സ്ഥാപനങ്ങളുടെയും അക്കൗണ്ടുകളുടെ ഓഡിറ്റ് |
| 5 | പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥാപനങ്ങളുടെ ഓഡിറ്റിന് സർക്കാരിന്റെ മുൻകൂർ അനുമതി |
| 6 | സ്റ്റോക്കുകളുടെയും സ്റ്റോഴ്സിന്റെയും ഓഡിറ്റും ക്യാഷ് ബാലൻസ് പരിശോധനയും നടത്താനുള്ള അധികാരം |
| 7 | ഓഡിറ്റ് നടത്തേണ്ടരീതി, സമയപരിധി, ഇടവേള എന്നിവ സർക്കാരു മായി കൂടിയാലോചിച്ച് ഡയറക്ടർ തീരുമാനിക്കുന്നു |
| 8 | ഓഡിറ്റർ പബ്ലിക് സർവ്വന്റായി കരുതപ്പെടുന്നു |
| 9 | സാമ്പത്തികവർഷം അവസാനിച്ച് നാലു മാസത്തിനകം ഓഡിറ്റിന് കണക്കു കൾ സമർപ്പിക്കുന്നതിന് സ്ഥാപനങ്ങൾക്കുള്ള ബാധ്യത-വീഴ്ച വരുത്തുന്ന എക്സി. അതോറിറ്റിക്ക് കുറ്റസ്ഥാപനത്തിന്മേൽ പിഴ ശിക്ഷ. |
| 10 | അക്കൗണ്ടുകൾ ലഭിച്ച് ആറുമാസത്തിനകം ഓഡിറ്റ് പൂർത്തിയാക്കണം |
| 11 | അക്കൗണ്ടുകൾ ഹാജരാക്കുന്നതിനും ആളുകളുടെ സാന്നിദ്ധ്യം ആവശ്യ പ്പെടുന്നതിനുമുള്ള ഓഡിറ്ററുടെ അധികാരം |
| 12 | 11-ാം വകുപ്പ് പ്രകാരമുള്ള ആവശ്യപ്പെടൽ അനുസരിക്കാതിരിക്കുന്ന തിനുള്ള പിഴശിക്ഷ |
| 13 | ഓഡിറ്റ് പൂർത്തിയാക്കിയാൽ 3 മാസത്തിനകം ഗവൺമെന്റ് നിർദ്ദേശിക്കുന്ന പ്രകാരം ബന്ധപ്പെട്ടവർക്ക് റിപ്പോർട്ട് അയച്ചുകൊടുക്കൽ |
| 14 | ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം |

| | |
|---|---|
| 15 | ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം വിശദീകരണം നൽകാ നുള്ള എക്സി:അതോറിറ്റിയുടെ ഉത്തരവാദിത്വം. വിശദീകരണം ലഭിച്ചിട്ടി ല്ലെങ്കിൽ തുടർറിപ്പോർട്ട്, തുടർനടപടി ശുപാർശകൾ. |
| 16 | നിയമവിരുദ്ധമായ പണം നൽകലിനും ഉപേക്ഷയോ നടപടി ദൂഷ്യമോ നിമിത്തമുണ്ടായ നഷ്ടവും സർചാർജ് ചെയ്യാനുള്ള അധികാരം |
| 17 | ഡയറക്ടറുടെ അധികാരങ്ങളും ചുമതലകളും |
| 18 | അധികാരങ്ങളും കർത്തവ്യങ്ങളും വകുപ്പുദ്യോഗസ്ഥർക്ക് ഏൽപ്പിച്ചു കൊടുക്കാനുള്ള ഡയറക്ടറുടെ അധികാരം |
| 19 | സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ ഓഡിറ്റ് ചാർജ് നൽകാനുള്ള സ്ഥാപനങ്ങളുടെ ബാധ്യത |
| 20 | വിശദമായ ഓഡിറ്റ് വേണ്ടെന്ന്വയ്ക്കാനുള്ള അധികാരം |
| 21 | സ്ഥാപനങ്ങളിൽ പണാപഹരണമോ, പണത്തിന്റെയും സ്റ്റോഴ്സിന്റെയും നഷ്ടമുണ്ടാവുമ്പോഴോ എക്സി: അതോറിട്ടി ഓഡിറ്റ് വകുപ്പിനെയും അറിയിക്കണമെന്നത്. |
| 22 | ആക്ട് മറ്റു നിയമങ്ങളെ അതിലംഘിക്കുമെന്നത്. |
| 23 | ഓഡിറ്റ് ചെയ്ത കണക്കുകളുടെ സമാഹൃത റിപ്പോർട്ട് നിയമസഭ മുമ്പാകെ വെയ്ക്കൽ |
| 24 | ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തിക്ക് സംരക്ഷണം |
| 25 | സിവിൽ കോടതികളുടെ അധികാരിത തടയൽ |
| 26 | പൂർത്തിയാക്കാത്ത ഓഡിറ്റിനുള്ള പ്രത്യേക വ്യവസ്ഥ |
| 27 | ആക്ടിന് കീഴിൽ ശിക്ഷാർഹമായ കുറ്റങ്ങൾക്ക് നടപടിയെടുക്കൽ |
| 28 | ചട്ടങ്ങളുണ്ടാക്കാൻ സർക്കാരിനുള്ള അധികാരം |
| 29 | വൈഷമ്യങ്ങൾ നീക്കം ചെയ്യാനുള്ള അധികാരം |
| 30 | ആക്ടിലെ വ്യവസ്ഥകൾ ബാധകമാക്കൽ |

## 1.2. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമ പ്രകാരമുള്ള ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളുടെയും സർക്കാർ ഉത്തരവു പ്രകാരവും ഹൈക്കോടതി ഉത്തരവുപ്രകാരവും നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളുടെയും സ്വതന്ത്രവും നിയമപരവുമായ ഓഡിറ്റ് നിർവഹിക്കുക എന്നതാണ് ഈ വകുപ്പിന്റെ ഉത്തരവാദിത്വത്തിൽ പ്രധാനം.

### *1.2.1. 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ*

| | |
|---|---|
| 1 | എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളും |
| 2 | എല്ലാ മുനിസിപ്പാലിറ്റികളും |
| 3 | ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി |

| | |
|---|---|
| 4 | എല്ലാ പഞ്ചായത്തുകളും |
| 5 | എല്ലാ സർവ്വകലാശാലകളും |
| 6 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് |
| 7 | കേരള ഗ്രാമീണ വികസന ബോർഡ് |
| 8 | എല്ലാ വികസന അതോറിറ്റികളും |
| 9 | ഹിന്ദു റിലിജിയസ് ചാരിറ്റബിൾ എൻഡോവ്മെന്റ് ഭരണ വകുപ്പിന്റെ നിയന്ത്രണ ത്തിൻ കീഴിലുള്ള ക്ഷേത്രങ്ങൾ |
| 10 | സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് |
| 11 | സർവ്വ വിജ്ഞാനകോശ പ്രസിദ്ധീകരണങ്ങളുടെ സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് |
| 12 | മലബാർ മാർക്കറ്റ് കമ്മിറ്റി |
| 13 | അനാഥാലയങ്ങളും പൂവർഹോമുകളും |
| 14 | കേരള സ്പോർട്സ് കൗൺസിലും അതിന്റെ ജില്ലാ യൂണിറ്റുകളും അനുബന്ധ സ്ഥാപനങ്ങളും |
| 15 | കേരള സംസ്ഥാന ജവഹർ ബാലഭവനും ജില്ല ബാലഭവനങ്ങളും |
| 16 | ഹരിജൻ ഹോസ്റ്റലുകൾ |
| 17 | വക്കഫ് ബോർഡ് |
| 18 | കേരള ലളിതകലാ അക്കാഡമി |
| 19 | കേരള സംഗീത നാടക അക്കാഡമി |
| 20 | കേരള സാഹിത്യ അക്കാഡമി |
| 21 | കേരള കലാമണ്ഡലം |
| 22 | അനൗപചാരിക വിദ്യാഭ്യാസത്തിനും വികസനത്തിനും വേണ്ടിയുള്ള കേരള അസോസിയേഷൻ (കാൻഫഡ്) |
| 23 | സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് |
| 24 | സംസ്ഥാന ലൈബ്രറി കൗൺസിലും, ജില്ലാ ലൈബ്രറി കൗൺസിലും, താലൂക്ക് ലൈബ്രറി യൂണിറ്റുകളും സംസ്ഥാന ലൈബ്രറി കൗൺസിലുമായി സംയോജി ക്കപ്പെട്ട ലൈബ്രറികളും |
| 25 | കേരള പ്രദേശ് ഭാരത് സേവക് സമാജ് |
| 26 | ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് |
| 27 | കേരള ടി.ബി. അസോസിയേഷൻ |
| 28 | സൊസൈറ്റി ഫോർ പ്രിവെൻഷൻ ഓഫ് ക്രുവൽറ്റി റ്റു അനിമൽസ് |
| 29 | തിരുകൊച്ചി മെഡിക്കൽ കൗൺസിൽ |
| 30 | കേരള നഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിൽ |
| 31 | കേരള ഫാർമസി കൗൺസിൽ |
| 32 | കേരള ഡന്റൽ കൗൺസിൽ |
| 33 | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം |
| 34 | കേരള അർബൻ ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻസ് |
| 35 | കേരള ഹെൽത്ത് റിസേർച്ച് ആന്റ് വെൽഫയർ സൊസൈറ്റി |
| 36 | കേരള പോലീസ് വെൽഫയർ ആന്റ് അമിനിറ്റി ഫണ്ട് |

| | |
|---|---|
| 37 | കേരള പോലീസ് സ്പോർട്ട്സ് ഫണ്ട് |
| 38 | കേരള സംസ്ഥാന മിലിറ്ററി ബെനിവലന്റ് ഫണ്ട് |
| 39 | സ്റ്റേറ്റ് കമ്മിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ കീഴിലുള്ള സയന്റ്ഫിക് റിസർച്ച് ഫണ്ടുകൾ |
| 40 | കേരള പഞ്ചായത്ത് അസോസിയേഷൻ ഫണ്ട് |
| 41 | കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി |
| 42 | കേരള ഖാദിത്തൊഴിലാളി ക്ഷേമനിധി |
| 43 | കേരള മോട്ടോർ വാഹന തൊഴിലാളി ക്ഷേമനിധി |
| 44 | കേരള കയർ തൊഴിലാളി ക്ഷേമനിധി |
| 45 | കേരള കെട്ടിടതൊഴിലാളി ക്ഷേമനിധി |
| 46 | കേരള അബ്ക്കാരിത്തൊഴിലാളി ക്ഷേമനിധി |
| 47 | കള്ളുതൊഴിലാളി ക്ഷേമനിധി |
| 48 | ലേബർ വെൽഫയർ ഫണ്ട് |
| 49 | കൈത്തറിത്തൊഴിലാളി ക്ഷേമനിധി |
| 50 | കർഷകത്തൊഴിലാളി ക്ഷേമനിധി |
| 51 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി |
| 52 | കേരള കശുവണ്ടിത്തൊഴിലാളി ദുരിതാശ്വാസ ക്ഷേമനിധി |

## *1.2.2. സർക്കാർ ഉത്തരവ് പ്രകാരം ഓഡിറ്റിന് ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ*

| | |
|---|---|
| 1 | സംസ്ഥാന ഭൂഗർഭ ജല അതോറിറ്റി (കേരള ഗ്രൗണ്ട് വാട്ടർ (കൺട്രോളർ ആന്റ് റഗുലേഷൻ) ആക്ട് 2002, ആക്ട് 19 of 2002 സെക്ഷൻ 25 |
| 2 | ട്രേഡേഴ്സ് വെൽഫയർ ഫണ്ട് (സ.ഉ.(പി)16/92/റ്റി.ഡി. തീയതി: 27.01.1992) |
| 3 | വിവിധോദ്ദേശ സംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം, നടത്തിപ്പ്, ഭരണം എന്നിവയ്ക്കുവേണ്ടിയുള്ള സൊസൈറ്റി (സ.ഉ.(എം.എസ്)56/98/ സിഎഡി. തീയതി: 26.11.1998) |
| 4 | ടൂറിസം വീക്ക് സെലിബ്രേഷനും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും (TWC/DTPC) (സ.ഉ.(ആർറ്റി)5326/93/ധന തീയതി: 09.11.93 & സ.ഉ.(ആർ.റ്റി) 3724/02/ധന/12.07.02) |
| 5 | കേരള ചലച്ചിത്ര അക്കാദമി (ജി.ഒ.(എം.എസ്)14/99/സിഎഡി.തീയതി: 17.03.1999. |
| 6 | ആശുപത്രി വികസന സമിതികൾ (സ.ഉ.(ആർ.റ്റി)3379/04H&FWD തീയതി: 03.12.2004) |
| 7 | കേരള സംസ്ഥാന വെറ്റിനറി കൗൺസിൽ (ഫിനാൻസ് സെക്രട്ടറിയുടെ 04.01.2005-ലെ 133189/എസ്റ്റാ.ഡി.1/04/ധന നമ്പർ കത്ത്. |
| 8 | കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി (17.03.2005-ലെ ജി.ഒ.(ആർ.റ്റി) 1901/05/ധന നമ്പർ ഉത്തരവ്) |

| | |
|---|---|
| 9 | ചാരിറ്റബിൾ എൻഡോവ്മെന്റ് ഫണ്ടുകൾ (ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് വകുപ്പ് 3(1), സ.ഉ.(പി)450/66/ഫിൻ തീയതി: 10.10.1966) |
| 10 | വിദ്യാഭ്യാസ ഗവേഷണത്തിനും പരിശീലനത്തിനുമുള്ള സംസ്ഥാന സമിതി (SCERT) (സ.ഉ.(എം.എസ്)11/96/GAD തീയതി: 06.11.96) |
| 11 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫെക്ഷിയസ് ഡിസീസസ്, മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ (സ.ഉ.(എം.എസ്)50/2000/ H&FWD തീയതി: 01.03.2000) |
| 12 | കേരള ബീഡി, സിഗരറ്റ് തൊഴിലാളികളുടെ ക്ഷേമനിധി ബോർഡ് (സ.ഉ.(എം.എസ്) 2078/01/LBR തീയതി: 11.07.2001) |
| 13 | ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് (സ.ഉ.(എം.എസ്) നം. 2078/2001/LBR തീയതി: 11.07.2001) |
| 14 | കേരള സ്റ്റേറ്റ് എംപ്ലോയ്മെന്റ് ഗ്യാരന്റി ഫണ്ട് (തൊഴിലുറപ്പ് പദ്ധതി ഫണ്ട് ചട്ടങ്ങൾ 2009, ചട്ടം 19 (ജി.ഒ.(പി) 138/2009/തസ്വഭവ 20.07.2009)) |

### *1.2.3. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം ഓഡിറ്റ് ചെയ്യുന്ന സ്ഥാപനം:*

| | |
|---|---|
| 1 | തിരുവിതാംകൂർ ദേവസ്വം ബോർഡ് |
| 2 | കൊച്ചിൻ ദേവസ്വം ബോർഡ് |
| 3 | ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ കീഴിലുള്ള കോടതികളുടെയും അമാൽഗമേറ്റഡ് ഫണ്ടിന്റെയും ഡെപ്പോസിറ്റ് അക്കൗണ്ടുകൾ. |

### *1.2.4. മറ്റു നിയമനിർമ്മാണങ്ങൾ വഴി ഓഡിറ്റിന് ചുമതലപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങൾ:*

| | |
|---|---|
| 1 | ഗുരുവായൂർ ദേവസ്വം |
| 2 | കൂടൽമാണിക്യം ദേവസ്വം |
| 3 | കേരള പഞ്ചായത്ത് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് |
| 4 | കേരള മുനിസിപ്പൽ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് |

## 1.3. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഘടന

ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ ഭരണപരവും ഓഡിറ്റ് സംബന്ധവുമായ പരമാധികാരം ഡയറക്ടറിൽ നിക്ഷിപ്തമാണ്. ഡയറക്ടറുടെ ഓഫീസിന് പുറമെ ഓഡിറ്റ് ജോലികൾക്കായി പതിനാല് ജില്ലാ ഓഫീസുകളും മുപ്പത്തി ഒമ്പത് സമകാലീന ഓഡിറ്റ് ഓഫീസുകളും ഇന്ന് പ്രവർത്തിക്കുന്നുണ്ട്.

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

### ജില്ലാ ഓഡിറ്റ് ഓഫീസുകൾ (14 എണ്ണം)

1. തിരുവനന്തപുരം
2. കൊല്ലം
3. പത്തനംതിട്ട
4. ആലപ്പുഴ
5. കോട്ടയം
6. ഇടുക്കി
7. എറണാകുളം
8. തൃശൂർ
9. പാലക്കാട്
10. മലപ്പുറം
11. കോഴിക്കോട്
12. വയനാട്
13. കണ്ണൂർ
14. കാസർഗോഡ്

### സമകാലീന ഓഡിറ്റ് ഓഫീസുകൾ (39 എണ്ണം)

#### മുനിസിപ്പൽ കോർപ്പറേഷനുകൾ (5 എണ്ണം)

1. തിരുവനന്തപുരം
2. കൊല്ലം
3. കൊച്ചി
4. തൃശൂർ
5. കോഴിക്കോട്

#### മുനിസിപ്പൽ കൗൺസിലുകൾ (12 എണ്ണം)

1. ആലപ്പുഴ
2. ചങ്ങനാശ്ശേരി
3. കോട്ടയം
4. ആലുവ
5. പാലക്കാട്
6. വടകര
7. തലശ്ശേരി
8. കണ്ണൂർ
9. കാസർഗോഡ്.
10. തിരൂർ
11. പെരുമ്പാവൂർ
12. തിരുവല്ല

#### സർവ്വകലാശാലകൾ (7 എണ്ണം)

1. കേരള സർവ്വകലാശാല
2. കേരള കാർഷിക സർവ്വകലാശാല
3. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല
4. മഹാത്മാഗാന്ധി സർവ്വകലാശാല
5. കോഴിക്കോട് സർവ്വകലാശാല
6. കാലടി സംസ്കൃത സർവ്വകലാശാല
7. കണ്ണൂർ സർവ്വകലാശാല

#### ഹിന്ദുമതധർമ്മ സ്ഥാപനങ്ങൾ (2 എണ്ണം)

1. തലശ്ശേരി
2. പാലക്കാട്

#### വികസന അതോറിറ്റികൾ (2 എണ്ണം)

1. തിരുവനന്തപുരം
2. ജി.സി.ഡി.എ.

#### ദേവസ്വം ബോർഡുകൾ (4 എണ്ണം)

1. തിരുവിതാംകൂർ ദേവസ്വം ബോർഡ്
2. ഗുരുവായൂർ ദേവസ്വം ബോർഡ്
3. കൊച്ചി ദേവസ്വം ബോർഡ്
4. മലബാർ ദേവസ്വം ബോർഡ്, കോഴിക്കോട്

#### മറ്റു സ്ഥാപനങ്ങൾ (7 എണ്ണം)

1. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്
2. സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
3. സർവ്വ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട്
4. കെ.എച്ച്.ആർ.ഡബ്ല്യു.എസ്
5. വെൽഫയർ ഫണ്ട് ഓഡിറ്റ്
6. കാർഷിക കോളേജ്, വെള്ളായണി
7. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ഓഡിറ്റ്

### പരിശീലന കേന്ദ്രം (ഒന്ന്)

## 1.4. മനുഷ്യവിഭവശേഷി

ലോക്കൽ ഫണ്ട് നിയമത്തിന്റെ 7-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം, വകുപ്പിന്റെ ഓഡിറ്റ് പരിധിക്കുകീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ വാർഷികമായോ ഡയറക്ടർ നിശ്ചയിക്കുന്ന മറ്റ് ഇടവേളകളിലോ വിശദമായ ലോക്കൽ ഓഡിറ്റിന് വിധേയമാക്കേണ്ടതുണ്ട്. സമകാലിക ഓഡിറ്റ് ഓഫീസുകൾ നിലവിലുള്ള സ്ഥാപനങ്ങളിൽ വിശദമായ സമകാലിക ഓഡിറ്റും നടത്തുന്നു. ഓഡിറ്റ് നിയമത്തിലെ 9-ാം വകുപ്പ് പ്രകാരം സ്ഥാപനങ്ങളുടെ എക്സിക്യൂട്ടീവ് അധികാരികൾ ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് നാലുമാസത്തിനകം സ്ഥാപനത്തെ സംബന്ധിച്ച വാർഷിക അക്കൗണ്ടുകൾ തയ്യാറാക്കി ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്. അക്കൗണ്ടുകൾ ഓഡിറ്റിന് ലഭ്യമായി ആറുമാസത്തിനുള്ളിൽ ഓഡിറ്റ് പൂർത്തിയാക്കേണ്ടിയുമിരിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഡയറക്ടറേറ്റിൽ വകുപ്പിന്റെ മൊത്തത്തിലുള്ള ഭരണപരമായ കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുപുറമെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ മേൽ ആക്ടിലെ 16-ാം വകുപ്പ് പ്രകാരം ചാർജ്/സർചാർജ് നടപടികൾ സ്വീകരിക്കുക, ഓഡിറ്റ് ജോലികളുടെ പുരോഗതി പരിശോധിക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് സർക്കാർ ആവശ്യപ്പെടുന്ന വിശദീ കരണങ്ങളും വിവരങ്ങളും അഭിപ്രായങ്ങളും നൽകുക, നഗരസഭ, ലൈബ്രറി കൗൺസിൽ എന്നിവയിലെ ജീവനക്കാരുടെ പെൻഷൻ സംബന്ധമായ കാര്യങ്ങൾ കൈകാര്യംചെയ്യുക, ഓഡിറ്റ് ഫീസുമായി ബന്ധപ്പെട്ട കണക്കുകളും മറ്റ് കത്തിടപാടു കളും കൈകാര്യം ചെയ്യുക, സ്ഥാപനങ്ങളുടെ ഘടനാപരവും നിയമപരവുമായുള്ള മാറ്റങ്ങൾക്കനു സൃതമായി ഓഡിറ്റിനുള്ള മാർഗ നിർദ്ദേശങ്ങൾ നൽകുക എന്നീ ചുമതലകൾ നിർവ്വഹിക്കപ്പെടുന്നുണ്ട്.

മേൽപ്പറഞ്ഞ പ്രവർത്തികൾക്കായി ഈ വകുപ്പിൽ 1101 തസ്തികകളാണ് നിലവിലുള്ളത്.

***ഓഡിറ്റ് വകുപ്പിന്റെ മനുഷ്യവിഭവശേഷി തസ്തിക തിരിച്ച് താഴെ കൊടുക്കുന്നു.***

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡയറക്ടർ | 1 |
| 2 | ജോയിന്റ് ഡയറക്ടർ | 12 |
| 3 | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 27 |
| 4 | ഡെപ്യൂട്ടി ഡയറക്ടർ | 35 |
| 5 | ഓഡിറ്റ് ഓഫീസർ | 197 |
| 6 | സെലക്ഷൻ ഗ്രേഡ് ഓഡിറ്റർ | 198 |
| 7 | സീനിയർ ഗ്രേഡ് ഓഡിറ്റർ | 199 |
| 8 | ഓഡിറ്റർ | 199 |
| 9 | ഓഫീസ് സൂപ്രണ്ട് | 2 |

| | | |
|---|---|---|
| 10 | ടൈപ്പിസ്റ്റ് | 98 |
| 11 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 |
| 12 | അറ്റൻഡർ | 34 |
| 13 | പ്യൂൺ | 93 |
| 14 | ഡ്രൈവർ | 1 |
| 15 | ബൈൻഡർ | 1 |
| 16 | റോണിയോ ഓപ്പറേറ്റർ | 1 |
| | ആകെ | 1101 |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മേൽപ്പറഞ്ഞ ചുമതലകൾക്കു പുറമെ സംസ്ഥാനത്തെ ചാരിറ്റബിൾ എൻഡോവ്മെന്റുകളുടെ ട്രഷറർ എന്ന ചുമതല കൂടി വഹിക്കുന്നു.

## 1.5. വകുപ്പ് ജീവനക്കാർക്ക് പരിശീലനം

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മനുഷ്യശേഷി പരമാവധി പ്രയോജന പ്പെടുത്തി കാര്യക്ഷമവും ഫലപ്രദവുമായി ഓഡിറ്റ് നടത്തി സമയബന്ധിതമായി റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും വകുപ്പുതലത്തിൽ ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തിയിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ജീവനക്കാരുടെ ശേഷി വികസിപ്പിക്കുന്നതിന് പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

അക്കൗണ്ടിംഗ്, ഓഡിറ്റ് എന്നിവയിലെ പുതിയ ചലനങ്ങളും വിവര സാങ്കേതിക രംഗത്തെ വികാസവും ഉൾക്കൊണ്ട് പുതിയ ഓഡിറ്റ് സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ ജീവനക്കാരെ പ്രാപ്തരാക്കുന്ന വിധത്തിലുള്ള പരിശീലന പദ്ധതിക്കാണ് വകുപ്പ് രൂപം നൽകിയിരിക്കുന്നത്. ഓഡിറ്റർമാർക്ക് നിയമങ്ങളിലും ചട്ടങ്ങളിലും ആഴത്തിലുള്ള അറിവുപകരാനും പരിശീലന പരിപാടി ലക്ഷ്യമിടുന്നുണ്ട്. ഐ.എം.ജി.യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിൽ 2010-11 വർഷത്തിൽ നടത്തിയ പരിശീലനപരിപാടിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പരിശീലനം നടന്ന തീയതി | പരിശീലന വിഷയം |
|---|---|---|
| 1 | 26.04.2010-30.04.2010 | കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം - ആക്ട്സ് & റൂൾസ് |
| 2 | 10.05.2010-13.05.2010 | കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം ഓൺ അക്കൗണ്ടിംഗ് ആന്റ് ഓഡിറ്റിംഗ് സ്കിൽസ് |
| 3 | 01.06.2010-03.06.2010 | കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം ഓൺ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ |
| 4 | 07.06.2010-10.06.2010 | സൂപ്പർ വൈസറി ഡെവലപ്മെന്റ് പ്രോഗ്രാം ഓൺ ആക്ട്സ് & റൂൾസ് |
| 5 | 21.06.2010-23.06.2010 | കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം ഓൺ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ |
| 6 | 12.07.2010-17.07.2010 | കമ്പ്യൂട്ടർ ട്രെയിനിംഗ് ഓൺ ഓഫീസ് ഓട്ടോമേഷൻ (ലിനക്സ് & ഓപ്പൺ ഓഫീസ്) |

| | | |
|---|---|---|
| 7 | 21.07.2010-28.07.2010 | കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം ഓൺ അക്കൗണ്ടിംഗ് & ഓഡിറ്റിംഗ് സ്കിൽസ് |
| 8 | 26.07.2010-28.07.2010 | കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം ഓൺ അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ |
| 9 | 30.08.2010-04.09.2010 | കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം ഓൺ ആക്ട്സ് & റൂൾസ് |
| 10 | 06.09.2010-09.09.2010 | സൂപ്പർവൈസറി ഡെവലപ്മെന്റ് പ്രോഗ്രാം ഇൻ ആക്ട്സ് & റൂൾസ് |
| 11 | 27.09.2010-30.10.2010 | സൂപ്പർ വൈസറി ഡെവലപ്മെന്റ് പ്രോഗ്രാം ഓൺ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ |
| 12 | 04.10.2010-07.10.2010 | സൂപ്പർ വൈസറി ഡെവലപ്മെന്റ് പ്രോഗ്രാം ഓൺ ലീഗൽ അവയർനെസ്സ് |
| 13 | 25.10.2010-30.10.2010 | കമ്പ്യൂട്ടർ ട്രെയിനിംഗ് ഓൺ ഓഫീസ് ഓട്ടോമേഷൻ (ലിനക്സ് & ഓപ്പൺ ഓഫീസ്) |
| 14 | 26.10.2010 | അവയർനെസ്സ് പ്രോഗ്രാം ഓൺ ഇ-ഗവർണൻസ് |
| 15 | 01.11.2010-03.11.2010 | സൂപ്പർ വൈസറി ഡെവലപ്മെന്റ് പ്രോഗ്രാം ഓൺ അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ |
| 16 | 08.11.2010-11.11.2010 | കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം ഓൺ അക്കൗണ്ടിംഗ് & ഓഡിറ്റിംഗ് സ്കിൽസ് |
| 17 | 22.11.2010-24.11.2010 | കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം ഓൺ അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ |
| 18 | 20.12.2010-24.12.2010 | കമ്പ്യൂട്ടർ ട്രെയിനിംഗ് ഓൺ ഓഫീസ് ഓട്ടോമേഷൻ (ലിനക്സ് & ഓപ്പൺ ഓഫീസ്) |
| 19 | 07.02.2011-09.02.2011 | കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം ഓൺ അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ |

## ട്രെയിനിംഗ് സെന്റർ

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം വകുപ്പിൽ പുതുതായി നിയമിക്കപ്പെടുന്ന ഓഡിറ്റർമാർ നാലു മാസത്തെ പരിശീലനം നേടുകയും പരിശീലനത്തിന്റെ അവസാനം നടത്തുന്ന പരീക്ഷ പാസ്സാവുകയും വേണം. 2010-11 വർഷത്തിൽ 2 ബാച്ചുകളിലായി 70 പേർ പരിശീലനം നേടുകയുണ്ടായി.

പുതുതായി വകുപ്പിൽ പ്രവേശിക്കുന്ന ഓഡിറ്റർമാർക്ക് താഴെപറയുന്ന വിഷയങ്ങളിൽ (കാലികമായ മാറ്റങ്ങളുണ്ടാകാം) അവശ്യം വേണ്ടുന്നൊരു അവബോധം സൃഷ്ടിക്കുക എന്നതാണ് 4 മാസത്തെ സ്റ്റാറ്റ്യൂട്ടറി ട്രെയിനിംഗ് കൊണ്ട് ലക്ഷ്യമിടുന്നത്.

***ട്രെയിനിംഗിലെ പ്രധാന വിഷയങ്ങൾ***

| | |
|---|---|
| 1 | ഡബിൾ എൻട്രി ബുക്ക് കീപ്പിംഗ് |
| 2 | കേരള സർവ്വീസ് ചട്ടങ്ങൾ |
| 3 | അക്രൂവൽ ബേസ്ഡ് അക്കൗണ്ടിംഗ് സിസ്റ്റം |
| 4 | പബ്ലിക് വർക്ക്സ് ഓഡിറ്റ് |
| 5 | കേരള ട്രഷറി കോഡ് |
| 6 | കേരള ഫിനാൻഷ്യൽ കോഡ് |

| | |
|---|---|
| 7 | പദ്ധതികളുടെ ഓഡിറ്റ് |
| 8 | ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് |
| 9 | ചാർജ്/സർചാർജ് നടപടികൾ |
| 10 | ഓഫീസ് നടപടികൾ |
| 11 | ജനകീയാസൂത്രണം-മാർഗ്ഗനിർദ്ദേശങ്ങൾ |
| 12 | വിവിധതരം ഫണ്ടുകളും അവയുടെ വിനിയോഗവും |
| 13 | വിവരാവകാശചട്ടം |
| 14 | ശുദ്ധമലയാളം |
| 15 | സർവ്വകലാശാല ഓഡിറ്റ് |
| 16 | കോടതി ഓഡിറ്റ് |
| 17 | ദേവസ്വം ഓഡിറ്റ് |
| 18 | ഓഡിറ്റ് റിപ്പോർട്ട് ഡ്രാഫ്റ്റിംഗ് |
| 19 | സ്റ്റോർ പർച്ചേസ് മാനുവൽ |
| 20 | എ) നഗരപാലിക/പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ<br>ബി) തെരഞ്ഞെടുത്ത പ്രതിനിധികൾ/ഉദ്യോഗസ്ഥർ -<br>എന്നിവരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും |
| 21 | ഓഡിറ്റ്- സമീപനവും മനോഭാവവും |
| 22 | ധനകാര്യ മാനേജ്മെന്റ് |
| 23 | പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിലെ നികുതി വരുമാനങ്ങളുടെ ഓഡിറ്റ് |
| 24 | പഞ്ചായത്ത്/മുനിസിപ്പാലിറ്റികളുടെ നികുതിയേതര വരുമാനങ്ങളുടെ ഓഡിറ്റ് |
| 25 | കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം |
| 26 | കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം |
| 27 | പൊതു ശമ്പള പരിഷ്ക്കാരങ്ങൾ |
| 28 | സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം |
| 29 | കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് |
| 30 | അക്കൗണ്ട് സർട്ടിഫിക്കേഷൻ |
| 31 | അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ-പരിചയപ്പെടുത്തൽ |
| 32 | വകുപ്പിന്റെ ഘടനയും പ്രവർത്തനങ്ങളും |
| 33 | കേരള പഞ്ചായത്ത്രാജ്/കേരള മുനിസിപ്പൽ ചട്ടങ്ങൾ - പരിശോധനാ<br>രീതിയും ഓഡിറ്റ് സംവിധാനവും |
| 34 | ഇന്ത്യൻ ഭരണഘടന |
| 35 | ഇൻട്രൊഡക്ഷൻ റ്റു ഇന്ത്യൻ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ് |
| 36 | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി - നടപടിക്രമങ്ങൾ |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടും ഭരണ റിപ്പോർട്ടും |
| 38 | 'സ്പാർക്കും' കമ്പ്യൂട്ടർ അവബോധവും |
| 39 | കേരള ബഡ്ജറ്റ് മാനുവൽ |
| 40 | വ്യക്തിത്വ വികസനം |
| 41 | ചാരിറ്റബിൾ എൻഡോവ്മെന്റ്സ് |
| 42 | ഓഡിറ്റ് ചാർജ് |
| 43 | സാമ്പത്തിക നില |
| 44 | ക്ഷേമ പെൻഷൻ |
| 45 | കുടുംബശ്രീ |
| 46 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |

## 1.6. കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് – അക്കൗണ്ട് സർട്ടിഫിക്കേഷൻ

ലോകബാങ്ക് ധനസഹായമുള്ള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് മാർഗ്ഗരേഖയിലെ [സ.ഉ.(സാധാ)നം.1731/2011/തസ്വഭവ/20.07.2011] ഖണ്ഡിക 8 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റിനുള്ള അർഹതാ മാനദണ്ഡങ്ങളിൽ ഒന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ വിശേഷണങ്ങളില്ലാത്ത (unqualified) സർട്ടിഫിക്കറ്റ് ലഭ്യമാക്കണം എന്നതാണ്. ഗ്രാമപഞ്ചായത്തുകളും നഗരസഭകളും സമർപ്പിക്കുന്ന വാർഷിക വരവു ചെലവു കണക്കുകൾ സ്ഥാപനം സൂക്ഷിച്ച രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുകയാണ് സർട്ടിഫിക്കേഷൻ ലക്ഷ്യമിടുന്നത്.

വകുപ്പ് അക്കൗണ്ട് സാക്ഷ്യപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ താഴെ ക്കൊടുക്കുന്നു.

### *അക്കൗണ്ട് സർട്ടിഫിക്കേഷൻ 2010-11*

| മുനിസിപ്പാലിറ്റികൾ | | |
|---|---|---|
| Year | Un Qualified | Qualified |
| 2008-09 | 52 | 1 |
| 2009-10 | 49 | 8 |
| 2010-11 | 19 | 15 |




| ഗ്രാമപഞ്ചായത്തുകൾ | | |
|---|---|---|
| Year | Un Qualified | Qualified |
| 2008-09 | 972 | 6 |
| 2009-10 | 970 | 5 |
| 2010-11 | 921 | 46 |



## 1.7. ചാരിറ്റബിൾ എൻഡോവ്മെന്റ്

| | |
|---|---|
| ✧ | *1316 എൻഡോവ്മെന്റുകൾ* |
| ✧ | *ആകെ കോർപ്പസ് തുക 2,53,11,847/-രൂപ* |
| ✧ | *വിമുക്തഭടന്മാരുടെ ക്ഷേമത്തിനായുള്ള അമാൽഗമേറ്റഡ് ഫണ്ടിൽ 7,03,00,000/-രൂപ* |

ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് 1890 (Central Act VI of 1890) 01.10.1890-ൽ ആണ് നിലവിൽ വന്നത്. പ്രസ്തുത ആക്ടിലെ 13(2) വകുപ്പ് അനുസരിച്ച് സംസ്ഥാന സർക്കാർ ജി.ഒ.(പി)450/66/ഫിൻ തീയതി 10.10.1966 നമ്പർ ഉത്തരവ് പ്രകാരം ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ആക്ടിലെ 3(1) വകുപ്പ് അനുസരിച്ച് സംസ്ഥാന സർക്കാർ ഫിൻ (എ)4-34005/56 തീയതി 01.11.1956-ാം ഉത്തരവ് പ്രകാരം ലോക്കൽ ഫണ്ട് എക്സാമിനറെ (ഡയറക്ടർ ഓഫ് ലോക്കൽ ഓഡിറ്റ്) ചാരിറ്റബിൾ എൻഡോവ്മെന്റിന്റെ കേരള സംസ്ഥാന ട്രഷററായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

ഏതൊരാൾക്കോ അല്ലെങ്കിൽ ഏതൊരാളുടെയും സ്മരണ നിലനിർത്തുന്നതിനോ വേണ്ടി 1000/-രൂപയിൽ താഴെയല്ലാത്ത തുക കൊണ്ട് പൊതുജനോപകാരപ്രദമായി പാവപ്പെട്ടവർക്ക് ധനസഹായം, വിദ്യാഭ്യാസ സഹായം, വൈദ്യസഹായം എന്നിവ ഉദ്ദേശിച്ചുകൊണ്ട് എൻഡോവ്മെന്റുകൾ ആരംഭിക്കാവുന്നതാണ്. ട്രഷററുടെ പേരിൽ ലഭിക്കുന്ന എൻഡോവ്മെന്റ് തുകകൾ ആദ്യം ട്രഷററുടെ പേരിലുള്ള പ്രത്യേക പി.ഡി.അക്കൗണ്ട് നം.PDID.249/1 ജില്ലാ ട്രഷറിയിൽ (തിരുവനന്തപുരം) സൂക്ഷിക്കുകയും പിന്നീട് ഗവൺമെന്റിൽ നിന്ന് വെസ്റ്റിംഗ് ഓർഡർ ലഭിച്ചശേഷം ആയത് ഗവൺമെന്റ് അംഗീകൃത ബാങ്കുകളിൽ സ്ഥിരനിക്ഷേപമാക്കി മാറ്റുകയും ചെയ്യുന്നു. പ്രസ്തുത സ്ഥിരനിക്ഷേപങ്ങളിൽ നിന്ന് ലഭിക്കുന്ന പലിശത്തുകകൾ ഡോണർ ചുമതലപ്പെടുത്തിയിട്ടുള്ള അഡ്മിനിസ്ട്രേറ്റർക്ക് വിതരണത്തിനായി അയച്ചുകൊടുക്കുന്നു. ഓരോ വർഷവും ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റർമാർ ഡ്രാഫ്റ്റ് സ്കീമിലെ വ്യവസ്ഥകൾ അനുസരിച്ച് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ആവശ്യപ്പെടുന്ന മുറയ്ക്കാണ് പലിശതുകകൾ വിതരണം ചെയ്യുന്നത്.

ട്രഷററുടെ പേരിൽ 2011 ഡിസംബർ വരെ 1316 എൻഡോവ്മെന്റുകളിലായി ആകെ കോർപ്പസ് തുകയായി 2,53,11,847/-രൂപ ലഭിച്ചിട്ടുണ്ട്. ഇത് കൂടാതെ വിമുക്തഭടന്മാരുടെ ക്ഷേമത്തിനായുള്ള പ്രത്യേക എൻഡോവ്മെന്റായ അമാൽ ഗമേറ്റഡ് ഫണ്ടിൽ 7,03,00,000/-രൂപയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത കോർപ്പസ് തുകകൾ വിവിധ ബാങ്കുകളിലായി ചാരിറ്റബിൾ എൻഡോവ്മെന്റ് ട്രഷററുടെ പേരിൽ നിക്ഷേപിച്ചിട്ടുണ്ട്.

ചാരിറ്റബിൾ എൻഡോവ്മെന്റ് ട്രഷററുടെ പേരിൽ ലഭിക്കുന്ന കോർപ്പസ് തുകകളുടെയും പലിശത്തുകകളുടെയും കണക്കുകൾ ആക്ടിലെ 9-ാം വകുപ്പ് പ്രകാരം പ്രത്യേകം സൂക്ഷിക്കുകയും ആയതിന്റെ സംക്ഷിപ്തം എല്ലാ വർഷവും സെപ്റ്റംബർ 30-ന് മുമ്പായി പൊതുജനങ്ങളുടെ അറിവിലേക്കായി കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

## 1.8. ചാർജ്/സർചാർജ് നടപടികൾ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 16-ാം വകുപ്പും 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടത്തിലെ 20-ാം ചട്ടവും പ്രകാരം വരവിനങ്ങളിൽ സ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം ചാർജ് നടപടി വഴിയും ചെലവിനങ്ങളിലെ നഷ്ടം സർചാർജ് നടപടി വഴിയും ഈടാക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് അധികാരം നൽകുന്നുണ്ട്.

ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 2 മാസത്തിനകം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് അതോറിറ്റി ഒരു റെക്ടിഫിക്കേഷൻ റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതാണ്. റെക്ടിഫിക്കേഷൻ റിപ്പോർട്ടിന്മേൽ 2 മാസത്തിനകം, ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഫർദർ റിമാർക്സ് പുറപ്പെടുവിക്കേണ്ടതും എന്തെങ്കിലും കാരണവശാൽ റെക്ടിഫിക്കേഷൻ റിപ്പോർട്ട് 2 മാസത്തിനുള്ളിൽ ലഭ്യമായില്ലെങ്കിൽ ഫർദർറിപ്പോർട്ട് പുറപ്പെടുവിക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം അതുവരെ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്ന നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കുന്നതിനുള്ള ചാർജ്/സർചാർജ് പ്രൊപ്പോസൽ കൂടി ഡയറക്ടർക്ക് അയയ്ക്കേണ്ടതാണ്.

ചാർജ്/സർചാർജ് ശുപാർശയുടെ അടിസ്ഥാനത്തിൽ ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 20(2) പ്രകാരം ചാർജ്/സർചാർജ് നോട്ടീസ് ഉത്തരവാദിയായവർക്ക് അയക്കുകയും നോട്ടീസ് ലഭിച്ച് 2 മാസത്തിനുള്ളിൽ ഉത്തരവാദിയായ വ്യക്തി തനിക്കെതിരെ ചൂണ്ടിക്കാണിച്ചിട്ടുള്ള നഷ്ടം ലോക്കൽ അതോറിറ്റിയിൽ അടച്ച വിവരമോ സ്വീകാര്യമായ വിശദീകരണമോ ഡയറക്ടർക്കു നൽകാത്ത പക്ഷം ചാർജ്/ സർചാർജ് സർട്ടിഫിക്കറ്റ് ആ വ്യക്തിക്കെതിരെ ഡയറക്ടർ പുറപ്പെടുവിക്കുന്നതാണ്.

ഇപ്രകാരം 2010-11 വർഷം 20,98,195/-രൂപയുടെ വരവിന നഷ്ടത്തിന് 37 ചാർജ് സർട്ടിഫിക്കറ്റുകളും 71,02,059/-രൂപയുടെ ചെലവിന നഷ്ടത്തിന് 223 സർചാർജ് സർട്ടിഫിക്കറ്റുകളും പുറപ്പെടുവിക്കുകയുണ്ടായി. 2010-11 വർഷം പുറപ്പെടുവിച്ച ചാർജ്/സർചാർജ് സർട്ടിഫിക്കറ്റുകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

***2010-11 വർഷം പുറപ്പെടുവിച്ച ചാർജ്/സർചാർജ് സർട്ടിഫിക്കറ്റുകൾ***

| വിവരണം | എണ്ണം | തുക (രൂപ) | തിരികെ ഈടാക്കിയത് |
|---|---|---|---|
| ചാർജ് സർട്ടിഫിക്കറ്റ് | 37 | 2098195 | 25706 |
| സർചാർജ് സർട്ടിഫിക്കറ്റ് | 223 | 7102059 | 209909 |

***2010-11 വർഷം പുറപ്പെടുവിച്ച ചാർജ്/സർചാർജ് നോട്ടീസുകൾ***

| വിവരണം | എണ്ണം | തുക (രൂപ) | തിരികെ ഈടാക്കിയത് |
|---|---|---|---|
| ചാർജ് നോട്ടീസ് | 65 | 1618795 | 118137 |
| സർചാർജ് നോട്ടീസ് | 471 | 23236411 | 1818227 |

## 1.9. ഓഡിറ്റ് ചാർജ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 19-ാം വകുപ്പ് 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 24(1) എന്നിവ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് ചെയ്യുന്ന സ്ഥാപനങ്ങൾ വരുമാനത്തിന്റെ 0.5% ഓഡിറ്റ് ചാർജ്ജായി അടയ്ക്കേണ്ടതുണ്ട്. സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുന്ന അനാഥാലയങ്ങൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ, ജില്ല ടൂറിസം പ്രമോഷൻ കൗൺസിൽ, ജില്ല/താലൂക്ക് ലൈബ്രറി കൗൺസിലുകൾ, മിലിട്ടറി ബെനവലന്റ് ഫണ്ട് കേരള പോലീസ് വെൽഫെയർ ആന്റ് അമിനിറ്റി ഫണ്ട് എന്നിവയെ സർക്കാർ വിവിധ ഉത്തരവുകളിലൂടെ ഓഡിറ്റ് ചാർജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

28.02.2009-ലെ ജി.ഒ.(പി)368/09/ധന വിജ്ഞാപനപ്രകാരം 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിൽ നടത്തിയ ഭേദഗതി പ്രകാരം ഓഡിറ്റ് ചാർജ് 0.5%ത്തിൽ നിന്നും 1 ശതമാനമായി ഉയർത്തുകയുണ്ടായി. 2009-10 മുതൽ ഇതിന് പ്രാബല്യമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഋണശീർഷക വരുമാനങ്ങൾ ഒഴിച്ചുള്ള തനതുവരുമാനവും ജനറൽ പർപ്പസ് ഗ്രാന്റും ചേർന്ന ആകെ വരുമാനത്തിന്റെ 1% ആണ് ഓഡിറ്റ് ചാർജ്ജായി കണക്കാക്കുന്നത്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം, ചട്ടം 19(3) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകാനുള്ള ഓഡിറ്റ് ചാർജ്ജുകൾ അത് നൽകേണ്ട തീയതിമുതൽ ഒരു വർഷത്തിനകം അടച്ചു തീർത്തില്ലെങ്കിൽ അത് അങ്ങനെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ട ഗ്രാന്റോ മറ്റ് തുകകളോ ഏതെങ്കിലും ഉണ്ടെങ്കിൽ അതിൽനിന്ന് സർക്കാരിന് തട്ടിക്കിഴിക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽപ്രകാരമുള്ള ഓഡിറ്റ് ചാർജ് കുടിശ്ശിക അവർക്കു നൽകുന്ന പ്ലാൻ ഗ്രാന്റിന്റെ മാസതവണകളിൽ നിന്നും ക്രമീകരിക്കുന്നതാണെന്ന് 22.01.2004-ലെ ജി.ഒ.(പി)/51/2004/ഫിൻ പ്രകാരം ഉത്തരവായിട്ടുണ്ട്.

***സ്ഥാപനങ്ങളിൽ നിന്നുള്ള ഓഡിറ്റ് ചാർജ് കുടിശ്ശികയുടെ സംക്ഷിപ്തം (31.03.2011 വരെ) (തുക ലക്ഷത്തിൽ)***

| ക്രമ നം. | സ്ഥാപനം | കുടിശ്ശിക ഡിമാന്റ് 2008-09 വരെ | തന്നാണ്ട് ഡിമാന്റ് 2009-10 | ആകെ | കുടിശ്ശിക കളക്ഷൻ 2008-09 വരെ | തന്നാണ്ട് കളക്ഷൻ 2009-10 | ആകെ | കുടിശ്ശിക ബാക്കി 2008-09 | തന്നാണ്ട് ബാക്കി 2009-10 വരെ | ആകെ ബാക്കി |
|---|---|---|---|---|---|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 3212.59 | 707.32 | 3919.91 | 26.88 | - | 26.88 | 3185.69 | 707.32 | 3893.01 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 477.00 | 73.78 | 550.78 | 10.38 | - | 10.38 | 466.62 | 73.41 | 540.03 |
| 3 | ജില്ലാ പഞ്ചായത്ത് | 793.71 | 50.13 | 843.84 | - | - | - | 793.71 | 50.13 | 843.84 |
| 4 | മുനിസിപ്പാലിറ്റി | 1161.66 | 197.93 | 1359.59 | 32.89 | 9.47 | 42.36 | 1196.87 | 197.93 | 1394.80 |
| 5 | മുനിസിപ്പൽ കോർപ്പറേഷൻ | 1780.43 | 49.41 | 1829.84 | 180.00 | - | 180 | 1600.43 | 49.41 | 1649.84 |
| 6 | യൂണിവേഴ്സിറ്റി | 1271.76 | 72.77 | 1344.53 | 172.99 | - | 172.99 | 1092.32 | 524.42 | 1616.74 |
| 7 | ദേവസ്വം ബോർഡ് | 66.66 | 39.98 | 106.64 | 40.24 | 0.75 | 40.99 | 26.42 | 39.23 | 65.65 |
| 8 | മറ്റ് സ്ഥാപനങ്ങൾ | 912.19 | 99.91 | 1012.10 | 21.00 | 0.25 | 21.25 | 889.43 | 99.66 | 989.09 |
| | ആകെ | 9676.00 | 1291.23 | 10967.23 | 484.38 | 10.47 | 494.85 | 9251.49 | 1741.51 | 10993.00 |

## 1.10. ഓഡിറ്റ് അവലോകനം

കേരളത്തിലെ ത്രിതല പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, നഗരസഭകൾ, സർവ്വകലാശാലകൾ, വിവിധ ക്ഷേമനിധി ബോർഡുകൾ, ദേവസ്വം ബോർഡുകൾ, സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തുടങ്ങി 2101 സ്ഥാപനങ്ങളിൽ 2010-11 സാമ്പത്തിക വർഷം വാർഷിക ഓഡിറ്റ് ചെയ്യുകയുണ്ടായി. 6160 കോടി രൂപയുടെ വരവ് കണക്കുകളും 7018 കോടി രൂപയുടെ ചെലവ് കണക്കുകളും ഓഡിറ്റ് ചെയ്തിട്ടുണ്ട്. 13.43 കോടി രൂപയുടെ വരവിനങ്ങളിലെ നഷ്ടവും 52.09 കോടി രൂപയുടെ ചെലവിനങ്ങളിലെ നഷ്ടവും കണ്ടെത്തിയിട്ടുണ്ട്. 237.51 കോടി രൂപയുടെ ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്. (വിശദാംശം പട്ടികയിൽ ചേർത്തിരിക്കുന്നു).

## പത്രിക -1

## ഓഡിറ്റ് പ്രത്യവലോകനം 2010-11

*(01.04.2010 മുതൽ 31.03.2011 വരെ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നുള്ള വിവരം)*

*(തുക കോടിയിൽ)*

| ക്രമ നം | സ്ഥാപനം | ഓഡിറ്റ് ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം | പരിഗണിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം | ആകെ വരവ് | ആകെ ചെലവ് | വരവിനങ്ങളിലുള്ള നഷ്ടം | ചെലവ് നഷ്ടം/ നിരാകരിച്ച തുക | ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക |
|---|---|---|---|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 600 | 1221 | 2925.17 | 2485.72 | 1.25 | 12.31 | 112.04 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 97 | 184 | 997.30 | 439.26 | 0.08 | 18.32 | 30.49 |
| 3 | ജില്ലാ പഞ്ചായത്ത് | 11 | 15 | 321.07 | 325.95 | 0.02 | 2.89 | 50.46 |
| 4 | മുനിസിപ്പാലിറ്റി | 34 | 104 | 531.80 | 515.11 | 0.90 | 3.63 | 26.83 |
| 5 | കോർപ്പറേഷൻ | 4 | 7 | 373.75 | 1255.77 | 3.01 | 12.70 | 8.37 |
| 6 | സർവ്വകലാശാല | 4 | 5 | 598.41 | 1579.21 | 0.39 | 0.52 | 4.48 |
| 7 | മറ്റു സ്ഥാപനങ്ങൾ | 966 | 957 | 413.06 | 417.51 | 7.78 | 1.72 | 4.84 |
| | **ആകെ** | **1716** | **2493** | **6160.56** | **7018.53** | **13.43** | **52.09** | **237.51** |

2010-11 വർഷം 2671 ഓഡിറ്റ് റിപ്പോർട്ടുകൾ/ഓഡിറ്റ് നോട്ട്സ് പുറപ്പെടുവിക്കുകയും 3666 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. 24021 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ ശേഷിക്കുന്നുണ്ട്. 1018 ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ സമർപ്പിക്കുവാനുള്ള വാർഷിക കണക്കുകളുടെ വിവരം പത്രിക 2-ൽ ചേർത്തിട്ടുണ്ട്.

# പത്രിക 2

## ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ സമർപ്പിക്കാനുള്ള വാർഷിക കണക്കുകളുടെ വിവരം (31.03.2011 വരെ)

| ക്രമ നം | സ്ഥാപനം | സ്ഥാപനങ്ങളുടെ എണ്ണം | 2010-11-ൽ സമർപ്പിക്കുവാനുണ്ടായിരുന്ന വാർഷികകണക്കുകളുടെ എണ്ണം (കുടിശ്ശിക ഉൾപ്പെടെ) | 2010-11-ൽ സമർപ്പിച്ച വാർഷിക കണക്കുകളുടെ എണ്ണം | 2010-11-ൽ വാർഷിക കണക്ക് സമർപ്പിച്ച സ്ഥാപനങ്ങളുടെ എണ്ണം | 2010-11-ൽ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളുടെ എണ്ണം | 2010-11-ൽ ഓഡിറ്റ് ചെയ്ത കണക്കുകളിന്മേൽ പുറപ്പെടുവിച്ച റിപ്പോർട്ടുകളുടെ എണ്ണം | 2010-11-ൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 926 | 865 | 931 | 926 | 1142 | 226 | 1254 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 141 | 155 | 142 | 138 | 186 | 52 | 171 |
| 3 | ജില്ലാ പഞ്ചായത്ത് | 12 | 20 | 13 | 13 | 15 | 2 | 19 |
| 4 | മുനിസിപ്പാലിറ്റി | 45 | 52 | 43 | 40 | 69 | 6 | 96 |
| 5 | കോർപ്പറേഷൻ | 4 | 4 | 5 | 4 | 11 | 4 | 6 |
| 6 | സർവ്വകലാശാല | 5 | 5 | 5 | 5 | 5 | 4 | 5 |
| 7 | മറ്റു സ്ഥാപനങ്ങൾ | 1920 | 1640 | 1449 | 908 | 1182 | 682 | 943 |
| **ആകെ** | | **3053** | **2741** | **2588** | **2034** | **2610** | **976** | **2494** |

★ ★ ★

**അദ്ധ്യായം -2**

# പൊതു അവലോകനം -തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

## 2.1. കണക്കുകൾ/രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ വീഴ്ചകൾ

| | |
|---|---|
| ✦ | *കൃാഷ് ബുക്കുകൾ സാമ്പത്തിക ഇടപാടുകളുടെ യഥാർത്ഥ ചിത്രം പ്രതിഫലിപ്പിക്കുന്നില്ല.* |
| ✦ | *നീക്കിയിരിപ്പ് പണത്തിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല.* |
| ✦ | *ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത ക്രമക്കേടുകൾക്ക് വഴിയൊരുക്കുന്നു.* |
| ✦ | *പുതിയ അക്കൗണ്ടിംഗ് രീതി പിന്തുടരുന്നതിൽ ജീവനക്കാർ ഇനിയും പ്രാപ്തരായില്ല.* |

12.06.03-ലെ സ.ഉ.(പി)319/03/ധന ഉത്തരവുപ്രകാരം ത്രിതല പഞ്ചായത്തുകളുടെ അക്കൗണ്ടിംഗ് സമ്പ്രദായം സർക്കാർ പരിഷ്കരിക്കുകയുണ്ടായി. ഇതു പ്രകാരമുള്ള ക്യാഷ്ബുക്കും അനുബന്ധ രേഖകളും എഴുതി സൂക്ഷിക്കുന്നതിൽ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും വീഴ്ചവരുത്തുന്നുണ്ട്. വരവും ചെലവും ക്യാഷ്ബുക്കിൽ രേഖപ്പെടുത്തി ദിവസേന ക്ലോസ്സ് ചെയ്യുക, പണത്തിന്റെ ഭൗതിക പരിശോധന നടത്തുക, കാഷ്ബാലൻസും പാസ്ബുക്ക് ബാലൻസും ഒത്തുനോക്കി സാക്ഷ്യപ്പെടുത്തുക തുടങ്ങിയ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പല സ്ഥാപനങ്ങളിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. എല്ലാ അക്കൗണ്ടുകളിൽകൂടിയുള്ള ഇടപാടുകളും ഒരു ക്യാഷ് ബുക്കിൽ മാത്രം ചേർക്കേണ്ടതാണെങ്കിലും അപ്രകാരം ചേർത്തുകാണുന്നില്ല. വികസന ഫണ്ട്, ബി ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ വരവുചെലവുകൾ അതത് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകളിൽ ചേർത്ത് ആകെ തുക മാസാവസാനമോ വർഷാവസാനമോ അഡ്ജസ്റ്റ്മെന്റ് എൻട്രികളായി മാത്രം ക്യാഷ് ബുക്കിൽ ചേർക്കുന്ന രീതിയാണ് ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുവർത്തിക്കുന്നത്. ശരിയായ രീതിയിൽ കണക്കുകൾ കൈകാര്യം ചെയ്യാത്തതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ക്യാഷ്ബുക്ക് യഥാർത്ഥ സാമ്പത്തികനില പ്രതിഫലിപ്പിക്കുന്നില്ല.

ക്യാഷ്ബുക്ക് ഒരു പ്രാഥമിക അക്കൗണ്ടിംഗ് രേഖയായതിനാൽ അതിന് അനുബന്ധമായി സൂക്ഷിക്കേണ്ട വരവ് രജിസ്റ്റർ, ചെലവ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് ബാലൻസ് രജിസ്റ്റർ, ബിൽ രജിസ്റ്റർ മുതലായ സുപ്രധാന രേഖകളും മിക്ക സ്ഥാപനങ്ങളും യഥാവിധി എഴുതി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ പലപ്പോഴും രേഖപ്പെടുത്തൽ വരുത്തുന്നത് റീഫണ്ട് ചെയ്യേണ്ട അവസരത്തിലാണ്. ബില്ലുകളിൽ പിടിക്കുന്ന തുകകൾ അതതു സമയം ഡെപ്പോസിറ്റ് രജിസ്റ്ററിൽ വരവ് വെയ്ക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർക്കുന്ന ഡെപ്പോസിറ്റുകൾ തിരികെ കൊടുക്കുന്ന വേളയിൽ ഒറിജിനൽ രസീത് ഹാജരാക്കുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് റീഫണ്ട് വൗച്ചർ വഴി തുക നിക്ഷേപകർക്ക് മടക്കി നൽകുകയാണ് ചെയ്യുന്നത്.

എന്നാൽ ഒറിജിനൽ രസീത് നഷ്ടപ്പെട്ടു എന്ന് കാണിച്ച് മുദ്രപത്രത്തിൽ സത്യവാങ്മൂലം എഴുതി നൽകി ഡെപ്പോസിറ്റ് തിരികെ വാങ്ങുന്ന പ്രവണത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വർദ്ധിച്ചുവരുന്നു. ഇത് വൻതോതിലുള്ള ക്രമക്കേടിന് വഴിതെളിക്കുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ തുടങ്ങി മിക്ക രജിസ്റ്ററുകളിലും തൻവർഷം നടപടി അവസാനിക്കാത്ത ഒരു രേഖപ്പെടുത്തൽ തുടർന്നുള്ള വർഷങ്ങളിലേക്ക് ക്യാരിഓവർ ചെയ്യുന്നില്ല. അതിനാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ നിന്ന് വർഷാവസാനം ബാക്കിയുള്ള തുകയുടെ വിവരവും, അഡ്വാൻസ് രജിസ്റ്ററിൽ നിന്ന് ഈടാക്കാൻ ബാക്കിയുള്ള തുകയുടെ വിവരവും സ്യൂട്ട് രജിസ്റ്ററിൽനിന്ന് ഓരോ വർഷവും തീർപ്പാക്കാൻ അവശേഷിക്കുന്ന കേസുകളുടെ വിവരവും ലഭിക്കുന്നില്ല.

അക്കൗണ്ടിംഗ് സമ്പ്രദായം നിലവിൽവന്ന് വർഷങ്ങൾക്കുശേഷവും പുതിയ മാതൃകയിൽ ക്യാഷ്ബുക്കും അനുബന്ധരേഖകളും തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ പ്രാപ്തരായിട്ടില്ലെന്ന അവസ്ഥയാണ് ഓഡിറ്റിൽ കാണാൻ കഴിഞ്ഞത്. കണക്കു സൂക്ഷിപ്പിൽ നിരന്തരമായ പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും അവർക്ക് ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 2.2. ബജറ്റ്

| | |
|---|---|
| ✦ | ***ബജറ്റ് തയ്യാറാക്കുന്നതിൽ അശാസ്ത്രീയ സമീപനം*** |
| ✦ | ***വിഭവ ലഭ്യതയും അനിവാര്യ ചുമതലകളും കണക്കിലെടുക്കാതെയുള്ള ബജറ്റ് നിർദ്ദേശങ്ങൾ*** |

കേരള പഞ്ചായത്ത്രാജ് നിയമവും (വകുപ്പ് 214), കേരള മുനിസിപ്പാലിറ്റി നിയമവും (285, 286 വകുപ്പുകൾ)പ്രകാരം സെക്രട്ടറിയും ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഓഫീസർമാരും സമർപ്പിക്കുന്ന നിർദ്ദേശങ്ങളും അടങ്കലുകളും പരിഗണിച്ചശേഷം അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഓരോ വർഷവും പ്രതീക്ഷിക്കുന്ന വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കുകയും അവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും വേണം. ഈ നിർദ്ദേശങ്ങൾ പരിഗണിച്ചശേഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്ഥാപനത്തിന്റെ വരും വർഷത്തെ വരവുചെലവുകൾ കാണിക്കുന്ന ബജറ്റ് തയ്യാറാക്കേണ്ടതും മാർച്ച് ആദ്യവാരത്തിന് മുമ്പായി പ്രത്യേകം വിളിച്ചുചേർക്കുന്ന യോഗത്തിൽവച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ മിക്ക സ്ഥാപനങ്ങളും മാർച്ച് അവസാനവാരം ഒരു ചടങ്ങ് എന്ന നിലയിൽ ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കുക എന്ന കടമ യാന്ത്രികമായി നിർവ്വഹിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. ആയതിനാൽ ബജറ്റ് നിർദ്ദേശങ്ങൾ സ്ഥാപനങ്ങളിൽ യഥാവിധി ചർച്ചചെയ്യപ്പെടുകയോ നിർദ്ദേശങ്ങളുടെ സൂക്ഷ്മ പരിശോധന നടത്തപ്പെടുകയോ ഉണ്ടാകുന്നില്ല. ബജറ്റിൽ തുകകൾ വകയിരുത്തുന്നതിലും യാഥാർത്ഥ്യബോധത്തോടെയോ രേഖകളുടെ പിൻബലത്തോടെയോ ഉള്ള സമീപനമല്ല സ്വീകരിച്ചുകാണുന്നത്. ഊതിപെരുപ്പിച്ചതും യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്തതുമായ രീതിയിൽ വരവു തുകകൾ പ്രതീക്ഷിക്കുകയും അതിനനുസരിച്ച് വൻതോതിൽ ചെലവുതുകകൾ വകയിരുത്തുകയുമാണ് പല ബജറ്റിലും ചെയ്തിരിക്കുന്നത്. സാമ്പത്തിക ആസൂത്രണത്തിനും നിയന്ത്രണത്തിനുമുള്ള ഏറ്റവും പ്രധാനപ്പെട്ട ഉപകരണമാണ് ബജറ്റ് എന്നിരിക്കെ, യാഥാർത്ഥ്യബോധമില്ലാതെ

ബജറ്റ് തയ്യാറാക്കുന്നതുമൂലം സ്ഥാപനങ്ങൾ സാമ്പത്തിക നിയന്ത്രണവും തദ്വാരാ സാമ്പത്തിക അച്ചടക്കവും കൈവരിക്കുന്നതിൽ പരാജയപ്പെടുന്നു.

1994-ലെ കേരള മുനിസിപ്പൽ ആക്ടിലെ വകുപ്പ് 284 പ്രകാരം ദാരിദ്ര്യ ലഘൂകരണ ഫണ്ട് രൂപീകരിക്കുന്നതിനായി നഗരസഭയുടെ റവന്യൂ വരുമാനത്തിന്റെ 2% തുക നീക്കിവെയ്ക്കണമെന്ന വ്യവസ്ഥ മിക്ക സ്ഥാപനങ്ങളും പാലിക്കുന്നില്ല. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 293(1) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽനിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പാലിക്കപ്പെടുന്നില്ലെന്ന് ബജറ്റിൽ നിന്നുള്ള വ്യതിചലനത്തിന്റെ തോത് വെളിവാക്കുന്നു.

## *അയഥാർത്ഥ ബജറ്റ്*

| ക്രമ നം. | സ്ഥാപനം | വർഷം | ബജറ്റ് പ്രകാരമുള്ള | | യഥാർത്ഥ | |
|---|---|---|---|---|---|---|
| | | | വരവ് | ചെലവ് | വരവ് | ചെലവ് |
| | **കൊല്ലം** | | | | | |
| 1 | ശൂരനാട് തെക്ക് | 2007-08 | 30490000 | 31003000 | 22043963 | 20458172 |
| 2 | കരവാളൂർ | 2006-07 | 24382975 | 23619250 | 17701336 | 14875056 |
| 3 | പടിഞ്ഞാറേകല്ലട | 2006-07 | 24272000 | 25555000 | 19780734 | 17108220 |
| 4 | തൃക്കടവൂർ | 2007-08 | 23581000 | 16122000 | 26426810 | 24313852 |
| 5 | വെളിനല്ലൂർ | 2008-09 | 47507490 | 47507490 | 23426875 | 25541680 |
| 6 | ആദിച്ചനല്ലൂർ | 2008-09 | 50691500 | 53952500 | 27556499 | 30943410 |
| 7 | കിഴക്കേകല്ലട | 2007-08 | 41869000 | 42626000 | 19702089 | 19537928 |
| 8 | കുണ്ടറ | 2007-08 | 24838000 | 24516000 | 19019615 | 19088115 |
| 9 | ഇടമുളയ്ക്കൽ | 2007-08 | 54609915 | 5205000 | 34849048 | 30454454 |
| 10 | നെടുമ്പന | 2009-10 | 108575500 | 115312767 | 64626637 | 56183217 |
| | **ആലപ്പുഴ** | | | | | |
| 1 | ആലപ്പുഴ നഗരസഭ | 2007-08 | 348524500 | 353779400 | 164737202 | 161638337 |
| | **കോട്ടയം** | | | | | |
| 1 | കോട്ടയം നഗരസഭ | 2006-07 | 282055144 | 273024000 | 156389170 | 139188587 |
| | **വയനാട്** | | | | | |
| 1 | കൽപ്പറ്റ നഗരസഭ | 2007-08 | 225952000 | 225096000 | 89481864 | 71146430 |
| 2 | ബത്തേരി ഗ്രാമപഞ്ചായത്ത് | 2007-08 | 122656500 | 123068000 | 60449582 | 59176405 |
| 3 | മുട്ടിൽ ഗ്രാമപഞ്ചായത്ത് | 2007-08 | 89429500 | 89249500 | 43830159 | 44377132 |
| 4 | പനമരം ഗ്രാമപഞ്ചായത്ത് | 2006-07 | 82244100 | 77693000 | 32082924 | 32591653 |
| 5 | മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | 2005-06 | 136251500 | 136251500 | 56705093 | 62048288 |

## 2.3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകൾ

| | |
|---|---|
| ✦ | ***അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നു.*** |

കേന്ദ്ര/സംസ്ഥാന സർക്കാരുകളും മറ്റ് സർക്കാർ ഏജൻസികളും ജനോപകാരപ്രദമായ പദ്ധതികൾ പരീക്ഷിക്കുന്നതും നടപ്പാക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്. കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ ഓരോ വർഷവും ഇവ ഏറ്റെടുത്ത് നടത്തിവരുന്നു. ഗ്രാമങ്ങളിലേയും പട്ടണ ങ്ങളിലേയും ജനങ്ങളുടെ നിരവധിയായ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്ന പ്രധാന കേന്ദ്രങ്ങളായി ഇവ മാറിയിരിക്കുന്നു.

എന്നാൽ ഈ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്ന തുകയുടെ വലിപ്പം, പദ്ധതികളുടെ എണ്ണം, അവിടെ എത്തുന്ന ജനങ്ങളുടെ ബാഹുല്യം എന്നിവ കണക്കിലെടുക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഇവയുടെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു എന്നുകാണാം.

ഭൗതിക സാഹചര്യങ്ങളുടെ കുറവ് ഭാരിച്ച ഉത്തരവാദിത്തങ്ങളും ചുമതല കളും കാര്യക്ഷമമായി നിറവേറ്റുന്നതിന് വലിയ പരിമിതിയായി മാറുന്നു. ഇടുങ്ങി യതും ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും എണ്ണത്തിനനുസരിച്ച് ആവശ്യ ത്തിന് സ്ഥലമില്ലാത്തതുമായ ഓഫീസ് മുറികൾ, കമ്മിറ്റി/കോൺഫറൻസ് ഹാളിന്റെ അപര്യാപ്തത, പ്രധാനപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും സൂക്ഷിക്കുന്ന തിന് സംവിധാനം ഇല്ലായ്മ, സ്റ്റോർറും, ടോയ്‌ലറ്റ്, ശുദ്ധജലം എന്നിവയുടെ അഭാവം, പൊതുജനങ്ങൾക്ക് വിശ്രമിക്കാനുള്ള സൗകര്യമില്ലായ്മ എന്നിവ ഭരണ ക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു.

വികസനഫണ്ട്, സംരക്ഷണ ഗ്രാന്റ്, പൊതുഉദ്ദേശ്യ ഗ്രാന്റ് തുടങ്ങിയവ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആസൂത്രണം ചെയ്ത് ഉപയോഗ പ്പെടുത്തുന്നില്ല. തനത് വരുമാന മാർഗ്ഗങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി തനതു റവന്യൂ വരുമാനം വർദ്ധിപ്പിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പി ക്കാനുള്ള ശ്രമങ്ങളുമുണ്ടാകുന്നില്ല.

## 2.4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും – പോരായ്മകൾ:

| | |
|---|---|
| ✦ | ***തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കും ജീവനക്കാർക്കും അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ ഫലപ്രദമായ പങ്ക് വഹിക്കാനാകുന്നില്ല.*** |
| ✦ | ***നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിലും അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിലും ഉദാസീനത.*** |
| ✦ | ***വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മേൽ തദ്ദേശ സ്ഥാപനങ്ങൾ ക്കുള്ള നിയന്ത്രണം സംബന്ധിച്ച് ഇപ്പോഴും അവ്യക്തത.*** |

പഞ്ചായത്ത്‌രാജ്/നഗരപാലികാ നിയമങ്ങൾ പ്രകാരം സർക്കാർ സ്ഥാപനങ്ങളേയും അവയിലെ ജീവനക്കാരേയും ത്രിതല പഞ്ചായത്തുകൾക്കും നഗരപാലികാ സ്ഥാപനങ്ങൾക്കും വിട്ടുനൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യമായ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനാണ് ഈ ഓഫീസുകളേയും അവയിലെ ജീവനക്കാരേയും വിട്ടുനൽകിയിരിക്കുന്നത്. വികസന പ്രവർത്തനങ്ങൾ നടത്താൻ ഇന്ന് ഉദ്യോഗസ്ഥരും അനുബന്ധ സൗകര്യങ്ങളും ലഭ്യമാണെങ്കിലും ഈ സംവിധാനം ഫലപ്രദമാക്കാനുള്ള ഇടപെടലുകൾ നടന്നിട്ടില്ല.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 227.1(സി), 1994-ലെ കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 181 എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ വിവിധ സർക്കാർ വകുപ്പുകളിൽപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് വിപുലമായ നിയന്ത്രണ അധികാരങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ഈ നിയന്ത്രണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്നുകാണുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രോജക്ടുകൾ ഫലപ്രദമായി ആസൂത്രണം ചെയ്യാനും പദ്ധതി പൂർണ്ണരീതിയിൽ നടപ്പിലാക്കാനും വിവിധ നിർവ്വഹണോദ്യോഗസ്ഥർ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല. നൂതനപദ്ധതികൾ ആവിഷ്കരിക്കുന്നതിനും അംഗീകാരം ലഭിച്ച എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ശുഷ്കാന്തി കാണിക്കുന്നില്ല. പദ്ധതികൾ അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകുന്ന പ്രവണതയും കാണുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഉദ്യോഗസ്ഥരുടെ മേലുള്ള നിയന്ത്രണങ്ങളെ സംബന്ധിച്ച് 1997-ലെ കേരള പഞ്ചായത്ത്‌രാജ് (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണ ചട്ടങ്ങൾ) പുറപ്പെടുവിച്ചിട്ടും ചില അവ്യക്തതകൾ നിലനിൽക്കുന്നു. നഗരസഭകളെ സംബന്ധിച്ച് ഉദ്യോഗസ്ഥ നിയന്ത്രണ ചട്ടങ്ങൾ പുറപ്പെടുവിച്ചത് 2011-ൽ ആണ്. ഇതു സംബന്ധിച്ച് സർക്കാരിന്റെ ഭാഗത്തുനിന്ന് കൂടുതൽ നിർദ്ദേശങ്ങളും വിശദീകരണങ്ങളും നൽകേണ്ടതായിട്ടുണ്ട്.

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഉൾപ്പെടെ കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിനാണ് വിവിധ വകുപ്പുകളിൽ നിന്ന് ഉദ്യോഗസ്ഥരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിച്ചത്. എന്നാൽ ഇപ്രകാരം പുനർവിന്യസിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ വകുപ്പിലേയ്ക്ക് മടങ്ങിപ്പോയ ഒഴിവിൽ പകരം ഉദ്യോഗസ്ഥരെ നിയമിക്കാത്തത് പല സ്ഥാപനങ്ങളേയും പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.

## 2.5. വരുമാന വർദ്ധനവിനുള്ള നടപടികളുടെ അഭാവം:

| | |
|---|---|
| ✦ | *വസ്തു നികുതി പുതുക്കൽ വൈകുന്നതു വഴി വരുമാന നഷ്ടം* |
| ✦ | *വസ്തു നികുതി അപ്പീൽ പെറ്റീഷനുകളിന്മേൽ നിയമവിരുദ്ധമായി ഇളവനുവദിക്കുന്നു.* |
| ✦ | *ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി എടുക്കുന്നില്ല.* |
| | *തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികളുമില്ല.* |

ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കാലാകാലങ്ങളിൽ നടത്തേണ്ടുന്ന കെട്ടിടനികുതി/വസ്തുനികുതി പരിഷ്കരണം നടത്താത്തതുമൂലം പ്രസ്തുത നികുതിയിനത്തിൽ ഗണ്യമായ വരുമാനനഷ്ടം ഉണ്ടാകുന്നുണ്ട്.

വസ്തുനികുതി പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി മുമ്പാകെ സമർപ്പിക്കപ്പെടുന്ന റിവിഷൻ പെറ്റീഷൻ പരിഗണിച്ച് അനുവദിക്കാവുന്ന പരമാവധി ഇളവ് 10% ആയും സെക്രട്ടറി നിർണ്ണയിക്കുന്ന നികുതിയിന്മേൽ നഗരസഭാ അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക്/ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് അനുവദിക്കാവുന്ന പരമാവധി ഇളവ് 20% ആയും 27.11.06-ലെ ജി.ഒ(എം.എസ്)271/06.തസ്വഭവ വകുപ്പ് ഉത്തരവു പ്രകാരം നിശ്ചയിച്ചിട്ടുണ്ടെങ്കിലും മിക്കവാറും നഗരസഭകളിൽ അപ്പീൽ പെറ്റീഷനുകളിൽ സ്റ്റാന്റിംഗ് കമ്മിറ്റി നിയമാനുസൃതമായ 20% ഇളവിനുമേൽ വീണ്ടുമൊരു 20% ഇളവുകൂടി അനുവദിക്കുന്ന പ്രവണത വ്യാപകമായിക്കാണുന്നു. നിയമ വിരുദ്ധമായ ഈ ഇളവനുവദിക്കൽ സ്ഥാപനത്തിന്റെ വരുമാനചോർച്ചയ്ക്ക് ആക്കം കൂട്ടുന്നു.

1994-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഗ്രാമപഞ്ചായത്തുകളിലും കൂടി ബാധകമാക്കിയതിനാൽ കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസിനത്തിൽ ഗണ്യമായ വരുമാനവർദ്ധനവ് ഉണ്ടെങ്കിലും കൃത്യമായി എഫ്.എ.ആർ. കണക്കാക്കിയും നഗരപ്രാന്തത്തിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായ പ്രത്യേക സ്ട്രക്ചറൽ സോണുകൾക്ക് നിശ്ചയിച്ച നിരക്കിലും പെർമിറ്റ് ഫീസ് വാങ്ങുന്നതിൽ അലംഭാവവും കണ്ടുവരുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസില്ലാതെ ഒരു വ്യാപാരമോ വ്യവസായമോ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നടത്തുവാൻ പാടില്ല എന്നിരിക്കെ ഇതിനു വിരുദ്ധമായി ലൈസൻസ് എടുക്കാതെയോ ലൈസൻസ് യഥാക്രമം പുതുക്കാതെയോ നടത്തുന്ന അനധികൃതമായ പ്രവൃത്തികൾക്ക് 233-ാം വകുപ്പു പ്രകാരം 3000/-രൂപവരെ പിഴചുമത്താമെന്നിരിക്കെ അനധികൃത വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും എതിരെ നടപടിയെടുക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ വിമുഖത പുലർത്തുന്നുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 209 പ്രകാരം ഒരു പഞ്ചായത്തു പ്രദേശത്ത് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് പഞ്ചായത്തിന് നികുതി ഈടാക്കാവുന്നതാണ്. പരസ്യനികുതി ചുമത്തുമ്പോൾ അതിന്റെ ഏറ്റവും കുറഞ്ഞ നിരക്ക് എസ്.ആർ.ഒ.654/02 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. പരസ്യനികുതി പിരിക്കാനുള്ള അവകാശം ലേലം ചെയ്തുകൊടുത്ത് ഈ ഇനത്തിലുള്ള വരുമാനം കണ്ടെത്താനും ഈ മേഖലയിൽ സാധ്യതകൾ ഉള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രമം നടത്തുന്നില്ല.

സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ നിയമാനുസൃതം നടത്തേണ്ടത് കരശനമായിരിക്കേ രജിസ്ട്രേഷൻ ഇല്ലാത്ത നിരവധി സ്ഥാപനങ്ങൾ നഗരസഭാ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഇനത്തിലുള്ള വരുമാന നഷ്ടത്തിലുപരി നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള കേവല നിബന്ധനകൾ എങ്കിലും പാലിച്ചുകൊണ്ടാണോ അവ പ്രവർത്തിക്കുന്നത് എന്നുപരിശോധിക്കാനും നിയന്ത്രിക്കാനുമുള്ള അധികാരം വിനിയോഗിക്കാത്തത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതയില്ലായ്മയാണ് കാണിക്കുന്നത്.

നഗരസഭകളുടെ അധീനതയിലുള്ള ഷോപ്പിംഗ്കോംപ്ലക്സുകൾ, പൊതുവായ മാർക്കറ്റുകൾ എന്നിവ യഥാകാലം ലേലം ചെയ്തുകൊടുക്കുവാനോ വാടക ക്കരാറുകൾ കൃത്യമായി എഴുതി വാടക കൃത്യമായി പിരിച്ചെടുക്കുവാനോ ഉള്ള ശ്രമങ്ങളും നടക്കുന്നില്ല.

കുടിശ്ശിക നികുതികൾ, ഫീസുകൾ എന്നിവ നിയമാനുസൃതം പിരിച്ചെടുക്കുന്നതിലും തദ്ദേശ സ്വയംഭരണാധികാരികൾ ഗുരുതരമായ അലംഭാവം കാണിക്കുന്നു.

### *തനതുവരുമാന നഷ്ടത്തിന് ഏതാനും ഉദാഹരണങ്ങൾ.*

| ക്രമ നം. | സ്ഥാപനം | ഇനം | തുക | ഓ.റി. വർഷം/ ഖണ്ഡിക |
|---|---|---|---|---|
| 1 | ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല | വാടക (ഷോപ്പിംഗ് കോംപ്ലക്സ്-മുൻ വർഷത്തേക്കാൾകുറഞ്ഞ വാടകയ്ക്ക് തുടരാനനുവദിച്ചതുമൂലമുള്ള നഷ്ടം) | 22836 | 2008-09/ 2-5(സി) |
| 2 | തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല | സ്ഥാപന തൊഴിൽ നികുതി (ഈടാക്കിയില്ല) | 17500 | 2008-09/ 2(1) |
| 3 | കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല | വസ്തുനികുതി (കുടിശ്ശിക ഡിമാന്റ് ഈടാക്കാത്തതിനാലുണ്ടായ നഷ്ടം) | 77535.68 | 2006-07/ 2(4) |
| 4 | പരപ്പനങ്ങാടി ഗാമപഞ്ചായത്ത്, മലപ്പുറം ജില്ല | തൊഴിൽ നികുതി (1997-98 മുതൽ 05-06 വരെയുള്ള തൊഴിൽനികുതി കുടിശ്ശിക ഈടാക്കാത്തതുമൂലമുണ്ടായ നഷ്ടം) | 299645 | 2006-07/ 2(3) |
| 5 | മഞ്ചേരി മുനിസിപ്പാലിറ്റി മലപ്പുറം ജില്ല | വസ്തുനികുതി (വാർഷിക മൂല്യത്തിന നുസൃതമായ വസ്തുനികുതി ചുമത്താത്തതിനാൽ നഷ്ടം) | 253404 | 2004-05/ 2(11) |
| 6 | പനമരം ഗ്രാമപഞ്ചായത്ത്, വയനാട് ജില്ല | വസ്തുനികുതി (മാനദണ്ഡങ്ങൾ പാലിക്കാതെ വസ്തുനികുതി തുകകൾ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതുമൂലമുള്ള നഷ്ടം) | 21382.45 (വസ്തുനികുതി) 1072.55 (എൽ.സി) | 2006-07/ 2-2 |
| 7 | മീനങ്ങാടി ഗ്രാമപഞ്ചായത്ത്, വയനാട് ജില്ല. | ഷോപ്പിംഗ് കോംപ്ലക്സ് വാടക (കുടിശ്ശിക ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതുമൂലമുള്ള നഷ്ടം) | 317432 | 2007-08/ 2-4 |
| 8 | നഗരസഭ, കോഴിക്കോട് | ഏകദിന പെർമിറ്റ് ലൈസൻസ് (രാജിയാക്കൽ ഫീസ് ഇനത്തിലുള്ള നഷ്ടം) | 25750 | 2008-09/ 2-4-2 |
| 9 | തലശ്ശേരി നഗരസഭ | വസ്തുനികുതി (ഡിമാന്റിൽ കുറവ്) | 2190995 | 2008-09/ 2-2(1) |

## 2.6. ധനാഗമം/ധനവിനിയോഗം

ഒമ്പതാം പദ്ധതിയുടെ തുടക്കത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന പദ്ധതിവിഹിതം സഞ്ചിതനിധിയിൽനിന്ന് പി.ഡി. അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്ന രീതിയായിരുന്നു 06.08.1997-ലെ ധനവകുപ്പിന്റെ ജി.ഒ.(പി)676/97-ാം നമ്പർ ഉത്തരവ് പ്രകാരം നടപ്പാക്കിയിരുന്നത്. 09.07.2003-ലെ ജി.ഒ.(പി) 381/2003ധന ഉത്തരവു പ്രകാരം ഈ സമ്പ്രദായം പരിഷ്കരിക്കുകയുണ്ടായി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബിൽ സമ്പ്രദായം ഏർപ്പെടുത്തിക്കൊണ്ടുള്ള ജി.ഒ.(പി)516/2004/ധന തീയതി: 03.11.2004 ഉത്തരവിൽ ഭേദഗതികൾ വരുത്തിക്കൊണ്ട് 12.04.2006-ന് ജി.ഒ.(പി)177/06 പ്രകാരം ധനവകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വിവിധ ഫണ്ടുകൾ അനുവദിക്കുന്നതും ചെലവഴിക്കുന്നതും. ഉത്തരവിന്റെ പ്രസക്ത വിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| ഫണ്ട് തരം തിരിവ് | ഫണ്ട് ഇനം | ഉറവിടം | കാലഹരണം/ വിനിയോഗ നിബന്ധനകൾ |
|---|---|---|---|
| എ | വികസന ഫണ്ട് | സംസ്ഥാനസർക്കാർ | കാലഹരണമില്ല. കുറഞ്ഞത് 80% ചെലവ ഴിക്കണം |
| ബി | വിവിധ വകുപ്പുകൾ കൈമാറിയ സ്ഥാപനങ്ങൾക്കും സ്കീമുകൾക്കുമുള്ള പ്ലാൻ/ നോൺ പ്ലാൻ സഹായം | സംസ്ഥാനസർക്കാർ | കാലഹരണപ്പെടും |
| സി | സംരക്ഷണ ഗ്രാന്റ് (റോഡ്/റോഡിതരം) | സംസ്ഥാനസർക്കാർ | കാലഹരണമില്ല. കുറഞ്ഞത് 80% ചെലവഴിക്കണം |
| ഡി | പൊതു ഉദ്ദേശ ഗ്രാന്റ് | സംസ്ഥാനസർക്കാർ | കാലഹരണമില്ല. |
| ഇ | കേന്ദ്രാവിഷ്കൃത പദ്ധതികൾ, കുടുംബശ്രീ, ലോകബാങ്ക്, എ.ഡി.ബി, വെള്ളപ്പൊക്കം, വരൾച്ച ധനസഹായം | കേന്ദ്ര സർക്കാർ ഏജൻസികൾ | നിബന്ധനകൾക്കു വിധേയം |
| എഫ് | തനത് ഫണ്ട് (നികുതി/നികുതി ഇതരം) ഗുണഭോക്തൃ വിഹിതം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ വ്യക്തികൾ/ സ്ഥാപനങ്ങൾ | കാലഹരണമില്ല. |
| ജി | വായ്പകൾ (ഹഡ്കോ, കെ.യു.ആർ. ഡി.എഫ്.സി) | ഏജൻസികൾ | നിബന്ധനകൾക്കു വിധേയം |

## 2.6.1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കനുവദിക്കുന്ന വിവിധ ഫണ്ടുകളും/ഗ്രാന്റുകളും ലാപ്സാകുന്നത് സംബന്ധിച്ച്

| | |
|---|---|
| ✦ | *ഫണ്ട് വിനിയോഗിക്കുന്നതിൽ വീഴ്ച* |
| ✦ | *2010-11 വർഷം നഷ്ടം:*<br>*വികസന ഫണ്ട് - 396801000/-രൂപ*<br>*റോഡ് സംരക്ഷണ ഫണ്ട് - 105110000/-രൂപ*<br>*റോഡിതര ആസ്തി സംരക്ഷണ ഫണ്ട് - 718484000/-രൂപ* |

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ 177/2006 നമ്പർ സർക്കാർ ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുദിക്കുന്ന വിവിധ ഫണ്ട്/ ഗ്രാന്റുകളുടെയും അവയുടെ വിനിയോഗം സംബന്ധിച്ച വിവരവും വിശദമായി രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു.

വികസന ചെലവ് ഫണ്ട് അഥവാ പദ്ധതി വിഹിതം 10 തുല്യ പ്രതിമാസ ഗഡുക്കളായി മേയ് മുതൽ ഫെബ്രുവരിവരെയുള്ള മാസങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു.

റോഡ്/റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിനായി അനുവദിക്കുന്ന 'സി' ഫണ്ട് 10 പ്രതിമാസ തുല്യഗഡുക്കളായി ഏപ്രിൽ മുതൽ ജനുവരി വരെയുള്ള മാസങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നു.

ഗ്രാമപഞ്ചായത്തുകൾക്ക് പഞ്ചായത്ത് ഡയറക്ടർ മുഖേനയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് റൂറൽ ഡെവലപ്മെന്റ് കമ്മീഷണർ മുഖേനയും മുനിസിപ്പാലിറ്റി കൾക്ക് നഗരകാര്യ ഡയറക്ടർ മുഖേനയും ഫണ്ടുകൾ നൽകുന്നു.

മുനിസിപ്പൽ കോർപ്പറേഷൻ, ജില്ലാപഞ്ചായത്തുകൾ എന്നിവയ്ക്കുള്ള വിഹിതം തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും നൽകിവരുന്നു.

ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് സർക്കാരിൽ നിന്നും കാലാകാല ങ്ങളിൽ നിരവധി ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിക്കുകയും പദ്ധതി രൂപീകരണം നിർവ്വഹണം എന്നിവ സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രസിദ്ധീകരി ക്കുകയും ചെയ്തുവരുന്നു.

കൂടാതെ മേൽ വിഷയത്തിൽ തദ്ദേശ സ്വയംഭരണ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സംശയനിവാരണത്തിനും തുടർപ്രവർത്തനങ്ങൾ ചിട്ടയായി ഏകോപിപ്പിക്കുന്നതിനുമായി നിരവധി സെമിനാറുകളും പഠന/ചർച്ചാ ക്ലാസ്സുകളും 'കില' ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നൽകിവരുന്നു.

എന്നിരുന്നാലും സാമ്പത്തിക വർഷം അനുവദിക്കുന്ന ഫണ്ട് ചെലവഴി ക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല എന്നതാണ് യാഥാർഥ്യം.

നിശ്ചിത ശതമാനം ഫണ്ട് ചെലവഴിച്ചിട്ടില്ലെങ്കിൽ തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ അലോട്ട്മെന്റിൽ കുറവ് വരുത്താനുള്ള 12.04.2006 ഉത്തരവിലെ നിർദ്ദേശം നടപ്പാക്കുന്നതിനാൽ മിക്ക സ്ഥാപനങ്ങൾക്കും ഫണ്ട് നഷ്ടപ്പെടുന്നുണ്ട്.

ഫണ്ട് വിനിയോഗം കാര്യക്ഷമമല്ലാത്തതിനാൽ 2010-11 വർഷത്തെ ബഡ്ജറ്റിൽ നിന്നും വികസന ചെലവ് ഇനത്തിൽ 39,68,01,000/-രൂപയും റോഡ് ആസ്തി കളുടെ സംരക്ഷണ ഇനത്തിൽ 10,51,10,000/-രൂപയും റോഡ് ഇതര ആസ്തി കളുടെ സംരക്ഷണ ഇനത്തിൽ 71,84,84,000/-രൂപയും തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്ക് നഷ്ടമായി. അവയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

### *ആസ്തികളുടെ സംരക്ഷണം (ഗ്രാന്റ് നഷ്ടം)*

| തദ്ദേശ ഭരണ സ്ഥാപനം | കണക്ക് ശീർഷകം | മൊത്തം തുക | കിഴിക്കേണ്ടതായ ചെലവഴിക്കാത്ത തുക | തനിതുക (രൂപ ആയിരത്തിൽ) |
|---|---|---|---|---|
| **1. റോഡ് ആസ്തികൾ** | | | | |
| I. കോർപ്പറേഷനുകൾ | 3054-80-191-40-NP | 164894 | 12371 | 152523 |
| ii . മുനിസിപ്പാലിറ്റികൾ | 3054-80-192-40-NP | 230061 | 5292 | 224769 |
| iii. ജില്ലാ പഞ്ചായത്തുകൾ | 3054-80-196-40-NP | 168774 | 19974 | 148800 |
| iv. ബ്ലോക്ക് പഞ്ചായത്തുകൾ | 3054-80-197-40-NP | - | - | - |
| v. ഗ്രാമ പഞ്ചായത്തുകൾ | 3054-80-198-40-NP | 1470825 | 67473 | 1403352 |
| ആകെ | | 2034554 | 105110 | 1929444 |
| **2. റോഡിതര ആസ്തികൾ** | | | | |
| I. കോർപ്പറേഷനുകൾ | 3604-00-200-98-(01)-NP | 227046 | 25519 | 201527 |
| ii . മുനിസിപ്പാലിറ്റികൾ | 3604-00-200-98-(02)-NP | 288077 | 68452 | 219625 |
| iii. ജില്ലാ പഞ്ചായത്തുകൾ | 3604-00-200-98-(03)-NP | 494048 | 120260 | 373788 |
| iv. ബ്ലോക്ക് പഞ്ചായത്തുകൾ | 3604-00-200-98-(04)-NP | 343051 | 61065 | 281986 |
| v. ഗ്രാമ പഞ്ചായത്തുകൾ | 3604-00-200-98-(05)-NP | 1737503 | 338078 | 1399425 |
| ആകെ | | 3089725 | 613374 | 2476351 |
| ***ആകെമൊത്തം (1+2)*** | | ***5124279*** | ***718484*** | ***4405795*** |

### *വികസനവും അഭിവൃദ്ധിപ്പെടുത്തലും (ഗ്രാന്റ് നഷ്ടം)*

| തദ്ദേശ ഭരണ സ്ഥാപനം | കണക്ക് ശീർഷകം | മൊത്തം തുക | കിഴിക്കേണ്ടതായ ചെലവഴിക്കാത്ത തുക | തനിതുക (രൂപ ആയിരത്തിൽ) |
|---|---|---|---|---|
| **1. റോഡ് ആസ്തികൾ** | | | | |
| I. കോർപ്പറേഷനുകൾ | 3604-00-200-97-(01)-NP | 1343573 | 53918 | 1289655 |
| | 3604-00-200-96-(01)-NP | - | - | - |
| ii . മുനിസിപ്പാലിറ്റികൾ | 3604-00-200-97-(02)-NP | 1674609 | 15217 | 1659392 |
| | 3604-00-200-96-(01)-NP | - | - | - |
| iii. ജില്ലാ പഞ്ചായത്തുകൾ | 3604-00-200-97-(03)-NP | 3013543 | 91694 | 2921849 |
| iv. ബ്ലോക്ക് പഞ്ചായത്തുകൾ | 3604-00-200-97-(04)-NP | 2925958 | 9684 | 2916274 |
| v. ഗ്രാമ പഞ്ചായത്തുകൾ | 3604-00-200-97-(05)-NP | 11535316 | 226288 | 11309028 |
| | 3604-00-200-96-(05)-NP | - | - | - |
| ആകെ | | 20492999 | 396801 | 20096198 |

*(അവലംബം 2010-11 ബഡ്ജറ്റ് അനുബന്ധം iv)*

## 2.7. സാമ്പത്തിക റിപ്പോർട്ട്

1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റേയും, കേരള മുനിസിപ്പാലിറ്റി നിയമത്തിന്റേയും അടിസ്ഥാനത്തിൽ പഞ്ചായത്ത്രാജ് -നഗരസഭാ സ്ഥാപനങ്ങൾ 1995 ഒക്ടോബർ രണ്ടിന് നിലവിൽ വന്നതോടെ അധികാര വികേന്ദ്രീകരണ നടപടി കളിൽ കേരളം രാജ്യത്തിന് മാതൃകയാവുകയായിരുന്നു. പഞ്ചായത്ത്രാജ് നിയമം 166(1)-ാം വകുപ്പ് മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും 172(1)-ാം വകുപ്പ് നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്കും 173(1)-ാം വകുപ്പ് അഞ്ചാം പട്ടിക പ്രകാരം ജില്ലാപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി നിയമം 30(1)-ാം വകുപ്പ് ഒന്നാം പട്ടിക പ്രകാരം നഗരസഭയ്ക്കും ചുമതലകൾ നിശ്ചയിച്ചു നൽകുകയും തുടർന്ന് വിവിധ വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളേയും ജീവനക്കാരേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ട് ഉത്തരവുകൾ പുറത്തിറക്കുകയും ചെയ്തതോടെ പ്രാദേശിക സർക്കാരുകൾ എന്ന സ്വപ്നം യാഥാർത്ഥ്യമാവുകയായിരുന്നു. ഒമ്പതാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 35 മുതൽ 40 ശതമാനം വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ 1996 ജൂലൈയിൽ സർക്കാർ തീരുമാനിച്ചതോടെ പ്രാദേശിക സർക്കാരുകൾക്ക് അധികാരത്തോടൊപ്പം പണവും ലഭ്യമായി.

'ഒമ്പതാം പദ്ധതി ജനകീയ പദ്ധതി' എന്ന മുദ്രാവാക്യമുയർത്തി പ്രാദേശിക ആസൂത്രണത്തിന് വലിയ പ്രാധാന്യം നൽകിയതോടെയാണ് വികേന്ദ്രീകൃതാ സൂത്രണ നടപടികൾക്ക് തുടക്കമായത്. ലഭ്യമായ വിഭവങ്ങൾ പരമാവധി പ്രയോജ നപ്പെടുത്തി തനതായ പദ്ധതികൾ തയ്യാറാക്കാൻ പ്രാദേശിക സർക്കാരുകളെ പ്രാപ്തമാക്കാനുള്ള ശ്രമങ്ങൾക്കാണ് ഊന്നൽ നൽകിയത്. 10, 11 പദ്ധതി കാലയളവിലും ഈ പ്രക്രിയ തുടരുകയുണ്ടായി. അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃതാസൂത്രണവും സ്ഥാപനവൽക്കരിക്കാനുള്ള ശ്രമങ്ങൾ ഒരു പരിധിവരെ വിജയിക്കുകയും ചെയ്തു. 1997-2010 കാലയളവിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**1997-2010 വരെയുള്ള കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക (രൂപ കോടിയിൽ)**

| വർഷം | പ്ലാൻ ഗ്രാന്റ്/ വികസന ഫണ്ട് | സംസ്ഥാനാവിഷ്കൃതം | ഭവനനവീകരണം | ആകെ (2+3+4) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1997-1998 | 749.00 | 276.00 | - | 1025.00 |
| 1998-1999 | 950.00 | 166.50 | - | 1116.50 |
| 1999-2000 | 1020.00 | 134.40 | - | 1154.40 |
| 2000-2001 | 1045.00 | 224.21 | - | 1269.21 |
| 2001-2002 | 850.00 | 81.65 | - | 931.65 |
| 2002-2003 | 1342.00 | 96.18 | - | 1438.18 |
| 2003-2004 | 1317.00 | 101.54 | 244.95 | 1663.49 |
| 2004-2005 | 1350.00 | 86.03 | 234.11 | 1670.14 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2005-2006 | 1375.00 | 161.69 | 124.84 | 1661.53 |
| 2006-2007 | 1400.00 | 223.38 | 47.79 | 1671.17 |
| 2007-2008 | 1540.00 | 528.66 | - | 2068.66 |
| 2008-2009 | 1670.53 | 591.52 | - | 2262.05 |
| 2009-2010 | 1840.69 | 201.68 | - | 2042.37 |

## 2.8. വികസന പ്രവർത്തനങ്ങൾ – പൊതുവായ അപാകതകൾ

| | |
|---|---|
| ✦ | *നാല് ഗ്രാമസഭകൾ ചേരണമെന്ന നിബന്ധന പാലിക്കുന്നില്ല.* |
| ✦ | *ഗ്രാമസഭകളിൽ ക്വാറം തികയാതെ തീരുമാനമെടുക്കുന്നു.* |
| ✦ | *കാർഷിക മേഖലയിൽ ചെലവിന് ആനുപാതികമായ ഉല്പാദന വർദ്ധനയില്ല.* |

മൂന്നുമാസത്തിൽ ഒരിക്കൽ ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റി യോഗം ചേരണമെന്നും, 10% ക്വാറമുണ്ടായിരിക്കണമെന്നുമുള്ള കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3(3), 3A(4), കേരള മുനിസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 44 എന്നിവയിലെ നിബന്ധനകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കുന്നില്ല. പരമാവധി 2 യോഗങ്ങൾ മാത്രമെ മിക്ക തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും ചേരുന്നുള്ളൂ. ഗ്രാമ/വാർഡ് സഭകൾ ക്വാറം തികയാതെ യോഗംചേരുന്നതായും തീരുമാനങ്ങളെടുക്കുന്നതായും കണ്ടുവരുന്നു. ക്വാറം തികയാതെ ചേർന്നെടുക്കുന്ന യോഗ തീരുമാനങ്ങൾക്ക് നിയമസാധുത ഇല്ലാത്തതിനാൽ ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

ആവശ്യത്തിന് തനത്ഫണ്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വരെ തനത്ഫണ്ട് ഉൾപ്പെടുത്തി പ്രോജക്ട് അംഗീകാരം വാങ്ങിയെടുക്കുകയും, നിർവഹണഘട്ടത്തിൽ ഫണ്ടിന്റെ പോരായ്മ കാരണം പദ്ധതികൾ പാതിവഴിക്ക് ഉപേക്ഷിക്കുകയോ റദ്ദാക്കുകയോ ചെയ്തുവരുന്നു.

നെല്ല്, തെങ്ങ്, തുടങ്ങിയ കാർഷികവിളകളുടെ ഉത്പാദനവർദ്ധനവ് ലക്ഷ്യമിട്ട് വികസനഫണ്ടിൽ നിന്ന് ലക്ഷങ്ങൾ ചെലവഴിക്കുന്നുണ്ടെങ്കിലും, ചെലവിനാനുപാതികമായ ഉത്പാദനവർദ്ധനവ് ഈ മേഖലകളിൽ കൈവരിച്ചതിന്റെ രേഖകൾ ഇല്ല. ഓരോ വർഷവും ആവർത്തിച്ച് നടപ്പാക്കുന്ന രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റൽ, ജൈവവളം വിതരണം തുടങ്ങിയ ചില പ്രോജക്ടുകളിലേക്ക് മാത്രം ഉൽപാദനമേഖല ഒതുങ്ങിപ്പോകുന്നു.

കാർഷിക മേഖലയിലെ യന്ത്രവത്ക്കരണം ലക്ഷ്യമാക്കി വികസന ഫണ്ട് വിനിയോഗിച്ച് വാങ്ങുന്ന യന്ത്രസാമഗ്രികൾ ഏതെങ്കിലും കർഷകസമിതികൾക്ക് നൽകിക്കഴിഞ്ഞാൽ പിന്നെ അത് അവരുടെ സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്നതല്ലാതെ ആ പ്രദേശത്തെ മൊത്തം കർഷകർക്കും പ്രയോജനം കിട്ടുന്ന രീതിയിൽ ഉപയോഗിക്കുന്ന രീതി കാണുന്നില്ല.

കുടുംബശ്രീ യൂണിറ്റുകൾക്ക് മാച്ചിംഗ് ഗ്രാന്റ്, റിവോൾവിംഗ് ഫണ്ട് എന്നിവ നൽകുന്ന പ്രോജക്ടുകളിൽ ഈ തുകയുടെ വിനിയോഗം സംബന്ധിച്ച് മോണിറ്ററിംഗ് നടക്കുന്നില്ല.

വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, എന്നിവയിൽ വൻതുകകൾ അടച്ചിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രമോ, ഭൗതികലക്ഷ്യം കൈവരിച്ചതിന്റെ തെളിവുകളോ ലഭ്യമല്ല.

പ്രത്യേക കന്നുകുട്ടി പരിപാലന പ്രൊജക്ടിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ വിഹിതം കൃത്യമായി നൽകുന്നുണ്ടെങ്കിലും, സംസ്ഥാന വിഹിതം യഥാസമയം കിട്ടാത്തതുമൂലം പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് പൂർണ്ണതോതിൽ ലഭ്യമാകുന്നില്ല.

അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി, സമ്പൂർണ്ണ ഊർജ്ജ സുരക്ഷ, സർവശിക്ഷാ അഭിയാൻ പദ്ധതി എന്നിവയ്ക്കായും വികസന ഫണ്ടിൽ നിന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ബന്ധപ്പെട്ട നോഡൽ ഏജൻസികൾക്ക് തുക നൽകുന്നുണ്ടെങ്കിലും അവയുടെ യഥാർത്ഥ ഗുണഫലം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് നിരീക്ഷിക്കാനുള്ള സംവിധാനം ഇല്ല.

## *വികസന മേഖല തിരിച്ച് വിഭവ സമാഹരണവും ചെലവും (2010-11)*

| വികസന മേഖല | വികസന സമാഹരണം | | ചെലവ് | |
|---|---|---|---|---|
| | വികസന ഫണ്ട് | അടങ്കൽ | വികസന ഫണ്ട് | ആകെ ചെലവ് |
| **ഉല്പാദനം** | | | | |
| കൃഷിയും അനുബന്ധ മേഖലയും | 2919350255 | 7303414561 | 2017642187 | 3529179612 |
| മണ്ണ് ജല സംരക്ഷണം, ജല സേചനം, ജലനിർഗ്ഗമനം എന്നിവ | 658864115 | 1039524070 | 316929188 | 424721367 |
| വ്യവസായങ്ങൾ | 860711897 | 1559574817 | 331962241 | 513539238 |
| പരിസ്ഥിതി | 19144259 | 87308418 | 6277172 | 8824050 |
| ആകെ | **4458070526** | **9989821866** | **2672810788** | **4476264267** |
| **സേവനം** | | | | |
| വിദ്യാഭ്യാസം, കല, സംസ്ക്കാരം, കായികരംഗം, യുവജനക്ഷേമം | 880157923 | 2761028210 | 570931020 | 1258621455 |
| ആരോഗ്യവും അനുബന്ധ മേഖലകളും | 1859710880 | 4238267937 | 1097255056 | 2286592668 |
| സാമൂഹ്യക്ഷേമം | 6074671471 | 12601059417 | 3508405488 | 4863312509 |
| മാതൃശിശു സംരക്ഷണം | 526186276 | 1232712548 | 301596490 | 560958200 |
| തൊഴിലും തൊഴിലാളിക്ഷേമവും | 40928099 | 321367334 | 22086510 | 220619008 |
| പൊതു സാമ്പത്തിക സേവനം | 327461724 | 873192265 | 210410450 | 371867935 |
| ആകെ | **9709116373** | **22027627711** | **5710685014** | **9561971775** |
| **പശ്ചാത്തല മേഖല** | | | | |
| ഊർജ്ജം | 139330193 | 464835300 | 94628240 | 229627644 |
| ഗതാഗതം | 6347568412 | 14997056250 | 3706286048 | 8065130417 |
| പൊതു കെട്ടിടങ്ങൾ | 230295563 | 2944638083 | 130438878 | 1059275529 |
| ആകെ | **6717194168** | **18406529633** | **3931353166** | **9354033590** |

# വിഭാഗം തിരിച്ചും മേഖല തിരിച്ചുമുള്ള ചെലവ് (2010-2011)

| വികസന മേഖല | പ്രോജക്ടുകളുടെ എണ്ണം | | | | പൊതുവിഭാഗം | | | പ്രത്യേക ഘടക പദ്ധതി | | | പട്ടികവർഗ്ഗ ഉപപദ്ധതി | | | ആകെ വികസന ഫണ്ട് (6+9+12) | മെയിന്റനൻസ് ഗ്രാന്റ് | ആകെ മറ്റ് സ്രോതസ്സുകൾ (7+10+13) | ആകെ (15+17) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പുതിയത് | സ്പിൽ ഓവർ | മെയിന്റനൻസ് | ആകെ (2+3) | വികസന ഫണ്ട് | മറ്റു സ്രോതസ്സുകൾ | ആകെ (6+7) | വികസന ഫണ്ട് | മറ്റു സ്രോതസ്സുകൾ | ആകെ (9+10) | വികസന ഫണ്ട് | മറ്റു സ്രോതസ്സുകൾ | ആകെ (12+13) | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 |
| ഉല്പാദനം | 9795 | 2569 | 376 | 12364 | 2405201415 | 1699549909 | 4104751324 | 236879261 | 96420900 | 333300161 | 30730112 | 7482670 | 38212782 | 2672810788 | 49062182 | 1803453479 | 4476264267 |
| സേവനം | 31397 | 10569 | 9238 | 41966 | 2806605732 | 3381316288 | 6187922020 | 2535919462 | 401479827 | 2937399289 | 366855870 | 68490646 | 435346516 | 5709381064 | 1541988511 | 3851286761 | 9560667825 |
| പശ്ചാത്തല മേഖല | 38105 | 14771 | 19037 | 52876 | 2968065655 | 5321044279 | 8289109934 | 900751102 | 91665877 | 992416979 | 62536409 | 9970268 | 72506677 | 3931353166 | 2829958546 | 5422680424 | 9354033590 |
| മേഖലാവിഭജനത്തിൽ പെടാത്തവ | 8075 | 1888 | 183 | 9963 | 5372791885 | 4289633003 | 9662424888 | 1167441787 | 605172279 | 1772614066 | 322745837 | 72851105 | 395596942 | 6862979509 | 75625444 | 4967656387 | 11830635896 |
| ആകെ | 87372 | 29797 | 28834 | 117169 | 13552664687 | 14691543479 | 28244208166 | 4840991612 | 1194738883 | 6035730495 | 782868228 | 158794689 | 941662917 | 19176524527 | 4496634683 | 16045077051 | 35221601578 |

(ഉറവിടം LSGD)

## 2.9. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി അവലോകനം

2009-10 പദ്ധതി കാലയളവിലെ അധികാര വികേന്ദ്രീകരണത്തിന്റേയും വികേന്ദ്രീകൃത ആസൂത്രണത്തിന്റേയും അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ 11-ാം പദ്ധതിയ്ക്ക് (2007-12) രൂപം നൽകുകയുണ്ടായി. ജി.ഒ. (എം.എസ്) 128/2007/ തസ്വഭവ 14.05.2007 പ്രകാരം പദ്ധതി മാർഗ്ഗരേഖയും ജി.ഒ. (എം.എസ്)183/2007/ തസ്വഭവ 24.07.2007 പ്രകാരം സബ്സിഡി മാർഗ്ഗ രേഖയും സർക്കാർ പ്രസിദ്ധീകരിക്കുകയുണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങൾ 11-ാം പദ്ധതി യുടെ ആദ്യത്തെ 4 വർഷങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾ ഓഡിറ്റ് അവ ലോകനം ചെയ്യുകയുണ്ടായി. വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ സുസ്ഥിരമാക്കുക എന്ന പ്രധാനലക്ഷ്യം എത്ര മാത്രം കൈവരിച്ചു എന്നത് സംബന്ധിച്ച് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച റിപ്പോർട്ടുകളിൽ തെളിയുന്ന ചിത്രം സംക്ഷിപ്തമായി താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി ലക്ഷ്യം | പദ്ധതി നിർവ്വഹണം - വിലയിരുത്തൽ |
|---|---|---|
| 1 | സംയോജിത നീർത്തട പരിപാലനം | നീർത്തടാധിഷ്ഠിത പദ്ധതികൾക്ക് രൂപം നൽകുന്നതിൽ ഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വീഴ്ചവരുത്തി. കാർഷിക മേഖലയുടെ പുനരു ദ്ധാരണമെന്ന ലക്ഷ്യം പൂർത്തീകരിച്ചില്ല. നീർത്തട വർക്കിംഗ് ഗ്രൂപ്പുകൾ നിർജ്ജീവം - കാർഷിക മേഖലയിൽ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. |
| 2 | പ്രാദേശിക സാമ്പത്തിക വികസനം | ദരിദ്രരുടെ ഉന്നമനത്തിന് തൊഴിലവസരങ്ങൾക്കും വരുമാന വർദ്ധനവിനും ശ്രമംനടന്നു. കുടുംബശ്രീ - മൈക്രോ സംരംഭങ്ങൾക്ക് പ്രാധാന്യം നൽകി. മൂല്യവർദ്ധനയും വിപണനവും ഉറപ്പാക്കാനായില്ല. |
| 3 | വിദ്യാഭ്യാസ പദ്ധതി | വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ വൻമുന്നേറ്റം |
| 4 | ആരോഗ്യ പദ്ധതി | ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അവരുടെ കീഴിലുള്ള ആശുപത്രി കളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ശ്രമംനടത്തി. പ്രദേശ ത്തിന്റെ മൊത്തത്തിലുള്ള ആരോഗ്യം എന്ന സമീപനത്തിന് പരിഗണന ലഭിച്ചില്ല. |
| 5 | സംയോജിത ശിശുവികസന പദ്ധതി | പോഷകാഹാര വിതരണ പദ്ധതികൾക്ക് പ്രാധാന്യം ലഭിച്ചു. അംഗനവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ചവരുത്തി. |
| 6 | ദാരിദ്ര്യ നിർമ്മാർ ജ്ജന ഉപപദ്ധതി | കുടുംബശ്രീയുടെ നീതിശാസ്ത്രം വ്യാപകമാക്കി ആശ്രയ പദ്ധതി മാർഗ്ഗരേഖ 2010-ൽ പരിഷ്ക്കരിച്ചിട്ടും പദ്ധതി നടത്തിപ്പ് ഭാഗികം. |
| 7 | സമ്പൂർണ്ണ ശുചിത്വം | ഖരദ്രവ മാലിന്യപരിപാലനം പരാജയം. സമ്പൂർണ്ണ ശുചിത്വപദ്ധതികൾ തയ്യാറാ ക്കാൻ മിക്ക തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കഴിഞ്ഞില്ല. |
| 8 | ജലവിതരണം | സമൂഹാധിഷ്ഠിത കുടിവെള്ള പദ്ധതികൾക്ക് 2009-10 പദ്ധതി കാലയളവിൽ ലഭിച്ച പ്രാധാന്യം 2011-ാം പദ്ധതിയിൽ ലഭിച്ചില്ല. ഗുണഭോക്തൃ പങ്കാളിത്തം കുറഞ്ഞു. മുൻകാലങ്ങളിൽ പൂർത്തീകരിച്ച പദ്ധതികളുടെ നടത്തിപ്പ് സ്തംഭനത്തിലായി. |
| 9 | പ്രത്യേക ഘടക പദ്ധതി/പട്ടിക വർഗ്ഗ ഉപപദ്ധതി | അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽനൽകി സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിൽ വീഴ്ച. |

| | | |
|---|---|---|
| 10 | ഊർജ്ജ പദ്ധതി | സംസ്ഥാന ഊർജപദ്ധതിയുടെ ഭാഗമായി അനർട്ടിൽ പണംനിക്ഷേപിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിരാശരായി. തെരുവുവിളക്കുകളുടെ സംരക്ഷണ ത്തിൽ വീഴ്ച. |
| 11 | കണക്റ്റിവിറ്റി പ്ലാൻ | കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ചവരുത്തി. റോഡുകളുടെ നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവയിൽ മുൻഗണനാക്രമം പാലിച്ചില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡു കളിൽ കിലോമീറ്റർ/ഹെക്ടോ മീറ്റർ കല്ലുകൾ സ്ഥാപിക്കണമെന്ന നിർദ്ദേശം ഭൂരിപക്ഷം സ്ഥാപനങ്ങളും നടപ്പാക്കിയില്ല. |
| 12 | കായികവിനോദ സൗകര്യങ്ങൾ | 'ഓരോ വാർഡിലും ഒരു കളിസ്ഥലം, ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലും ഒരു സ്റ്റേഡിയം' എന്ന ലക്ഷ്യം ഏറെ അകലെ. പഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകൾ കടലാസ്സിലൊതുങ്ങി. കായികമേഖലയ്ക്ക് കടുത്തഅവഗണന. |
| 13 | സദ്ഭരണ നിർവ്വഹണ പദ്ധതി | പഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിൽ വന്നു. കമ്പ്യൂട്ടർ വൽക്കരണം പൂർത്തീകരിക്കാനായില്ല. പുതിയ അക്കൗണ്ടിങ് സോഫ്റ്റ്വെയർ വിന്യസിക്കാൻ നടപടി തുടങ്ങി. ജീവനക്കാരുടെ കുറവ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. |
| 14 | ജില്ലാ പദ്ധതി | വികേന്ദ്രീകൃത പദ്ധതികൾ ഏകോപിപ്പിച്ച് ജില്ലാ പദ്ധതിക്ക് രൂപം നൽകാൻ ജില്ലാ ആസൂത്രണ സമിതികൾ ശ്രദ്ധിച്ചില്ല. |
| 15 | തരിശു നിലങ്ങളിൽ കൃഷി | കൃഷിയോഗ്യമായ തരിശുനിലങ്ങൾ കണ്ടെത്തി 2 വർഷത്തിനകം കൃഷിയോഗ്യ മാക്കാനുള്ള പദ്ധതിയിൽ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും താൽപര്യം കാണിച്ചില്ല. |

## 2.10. വ്യക്തിഗത ആനുകൂല്യ വിതരണം

ജി.ഒ.(എം.എസ്)183/2007/തസ്വഭവ 24.07.2007 ഉത്തരവുപ്രകാരം ഗ്രാമ പഞ്ചായത്തുകളും നഗരസഭാ സ്ഥാപനങ്ങളും മാത്രമെ വ്യക്തിഗത ആനുകൂല്യം നൽകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ പാടുള്ളൂ. എന്നാൽ ഗ്രാമപഞ്ചായത്തുകൾ മുഖേന വീട് വയ്ക്കുന്നതിന് സ്ഥലം നൽകൽ, ഗ്രാമപഞ്ചായത്തുകൾ മുഖേന എസ്.സി/എസ്.ടി വിഭാഗക്കാർക്ക് വീട് നൽകൽ, പ്രത്യേക കുടിവെള്ള വിതരണ പരിപാടി, സമ്പൂർണ്ണ ശുചിത്വ പരിപാടി എന്നിവയിൽ ഗുണഭോക്തൃ കുടുംബങ്ങൾ ക്കുള്ള സബ്സിഡി വിഹിതം നൽകൽ എന്നിവ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

വ്യക്തിഗത ആനുകൂല്യം കൈപ്പറ്റുന്നവരുടെ ലിസ്റ്റ് നിർബന്ധമായും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതും തുടർ വർഷങ്ങളി ലേയ്ക്ക് സൂക്ഷിക്കേണ്ടതുമാണ്. ഇത് ബന്ധപ്പെട്ട ആളുടെ അറിവില്ലാതെ തന്റെ പേരിലുള്ള ആനുകൂല്യം വിതരണം ചെയ്യപ്പെടുന്നില്ല എന്നറിയുവാനും അനർഹരെ തിരിച്ചറിയുവാനും അത്യാവശ്യമാണ്. കാർഷികാനുബന്ധ മേഖലകളിൽ സബ്സിഡി തുക നേരിട്ട് വിവിധ ഏജൻസികൾ (സഹകരണ സംഘങ്ങൾ, റെയ്ഡ്കോ, കെയ്കോ, പാലുല്പാദക സംഘങ്ങൾ, സിഡ്കോ മുതലായവ) കൈപ്പറ്റുന്ന അവസ്ഥയുള്ളതിനാൽ തെറ്റായും അപേക്ഷിച്ചിട്ടില്ലാത്തവരുടെ

പേരിലും ഗുണഭോക്തൃ വിഹിതം അടച്ച് പൊതുപണം ചെലവഴിക്കപ്പെടുന്ന സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. ഇതു തടയുന്നതിനും ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാവശ്യമാണ്.

## 2.11. വർദ്ധിച്ചുവരുന്ന ഋണബാദ്ധ്യതകൾ

1963-ലെ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി വായ്പകൾ സ്വീകരിക്കാവുന്നതാണ്. എന്നാൽ ഒരു സ്ഥാപനത്തിന്റെ വൻ ഋണബാദ്ധ്യത അതിന്റെ ഭരണസാമ്പത്തിക സംവിധാനങ്ങളുടെ പിടിപ്പുകേടിലേയ്ക്ക് വിരൽചൂണ്ടുന്നു. ഓഡിറ്റിനു വിധേയമായ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഭീമമായ കടബാദ്ധ്യതയിലാണ്.

വരുമാനമുണ്ടാക്കുകയും ചെലവഴിക്കുകയും ചെയ്യുന്ന ഏതൊരു സ്ഥാപനത്തിനുമെന്നപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മികവുറ്റ ഭരണസംവിധാനത്തോടൊപ്പം ഫലപ്രദവും അച്ചടക്കമുള്ളതുമായ സാമ്പത്തിക നിയന്ത്രണവും അനിവാര്യമാണ്. വരുമാന വർദ്ധനവും വിവേകപൂർണ്ണമായ ചെലവുചെയ്യലും ഉറപ്പാക്കാൻ മികച്ച സാമ്പത്തിക ആസൂത്രണവും മെച്ചപ്പെട്ട നേതൃത്വവും കൂടിയേതീരൂ. വരുമാന സ്രോതസ്സുകളുടെ ഉല്പാദനക്ഷമത ഉറപ്പാക്കുന്നതിലും അവ ചൂഷണം ചെയ്യുന്നതിൽ ഉത്തരവാദിത്തബോധം പുലർത്തുന്നതിലും പരാജയപ്പെടുന്ന സ്ഥാപനത്തിന് സാമ്പത്തിക സുസ്ഥിരത കൈവരിക്കാനാകാതെ വരുന്നു. വർദ്ധിച്ചുവരുന്ന ഋണബാദ്ധ്യതയിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നയിക്കുന്നത് പ്രധാനമായും കാര്യക്ഷമമല്ലാത്ത നികുതി നിയന്ത്രണ സംവിധാനങ്ങളാണ്. താഴ്ന്ന വരുമാന സമാഹരണം, കുറവായി നിർണ്ണയിക്കപ്പെടുന്ന നികുതികൾ, ഫീസുകൾ എന്നിവ സ്ഥാപനങ്ങളുടെ സാമ്പത്തികനിലയെ സാരമായി ബാധിക്കുന്നു. വർദ്ധിച്ചുവരുന്ന കുടിശ്ശികകൾ അവയുടെ സാമ്പത്തിക നിലവാരം മോശതരമാക്കുന്നു.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 303-ൽ നഗരസഭകൾ ഋണമോചന നിധി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു. വിവിധ ഏജൻസികളിൽ നിന്നും നഗരസഭകൾ എടുത്തിട്ടുള്ള വായ്പാതുകകളുടെ കൃത്യമായ തിരിച്ചടവുകൾക്ക് സഹായകമാകുന്ന വിധത്തിൽ ഒരു പ്രത്യേക നിധി രൂപീകരിക്കുകയും ആ നിധിയിൽ നിന്ന് കൃത്യമായി വായ്പാ തിരിച്ചടവുകൾക്ക് തുക വിനിയോഗിക്കുകയുമാണ് ചെയ്യേണ്ടത്. എന്നാൽ മിക്ക നഗരസഭകളിലും ഇത്തരത്തിലുള്ള ഋണമോചനനിധി രൂപീകരിച്ചിട്ടില്ല. മുനിസിപ്പൽ ഫണ്ടിന്റെ അപര്യാപ്തത കാരണം വായ്പകളുടെ കൃത്യമായ തിരിച്ചടവുകൾക്ക് സാധിക്കാറുമില്ല. ഇതുമൂലം തിരിച്ചടവ് നീളുകയും പലിശയിനത്തിൽ കൂടുതൽ തുക നഗരസഭകൾ ചെലവഴിക്കേണ്ടി വരികയും ചെയ്യുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും ചോർച്ചകൂടാതെ ലഭ്യമാക്കേണ്ട ഉത്തരവാദിത്വം ഉദ്യോഗസ്ഥരിലും ജനപ്രതിനിധികളിലും നിക്ഷിപ്തമാണ്. സ്ഥാപനങ്ങളുടെ വരുമാന സ്രോതസ്സുകളായ തൊഴിൽ നികുതി, കെട്ടിട നികുതി, ലേലം/വാടക, ഡി &ഒ ലൈസൻസ് ഫീസ് എന്നിവ യഥാസമയം പിരിച്ചെടുത്ത് ആ പണം വിനിയോഗിച്ച് ജനോപകാരപ്രദങ്ങളായ പദ്ധതികൾ നടപ്പിലാക്കാനും സാമ്പത്തികഭദ്രത കൈവരി

ക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജവം കാണിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കടബാധ്യതയ്ക്ക് ഏതാനും ഉദാഹരണങ്ങൾ ചേർക്കുന്നു.

## *വായ്പകൾ*

| ക്രമ നം. | സ്ഥാപനം | വായ്പ എടുത്ത വർഷം | വായ്പകളുടെ ഉറവിടം | വായ്പ തുക (രൂപ) | തിരിച്ചടയ്ക്കാൻ ശേഷിക്കുന്നത് (31.03.2011) |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | ട്രിഡ | - | സർക്കാർ ലോൺ | 10000000 | 10000000 |
| 2 | കൊല്ലം ജില്ല (വിവിധ ഗ്രാമപഞ്ചായത്തുകൾ) | - | ബാങ്ക് ലോൺ | 451648920 | 382794585 |
| 3 | കൊല്ലം നഗരസഭ | - | IDSMT | 16000300 | 9475181 |
| | | | NSDP | 1247000 | 498500 |
| | | | **ആകെ** | **33247600** | **9973681** |
| 4 | കൊല്ലം ജില്ല 1. പരവൂർ നഗരസഭ | - | കെ.യു.ആർ.ഡി.എഫ്.സി. | 9830000 | 8139513 |
| | 2.പുനലൂർ നഗരസഭ | | പുനലൂർ സർവ്വീസ് സഹകരണ ബാങ്ക് | 33122213 | 30822213 |
| | | | **ആകെ** | **42952213** | **38961726** |
| 5 | കോട്ടയം ജില്ല (ഗ്രാമ പഞ്ചായത്തുകൾ) | 2008-09 | കോട്ടയം ജില്ലാ സഹകരണ ബാങ്ക് | **3900000** | **3118000** |
| 6 | ആലുവ നഗരസഭ | - | സർക്കാർ ലോൺ | 9572727 | 6475370 |
| | | | KURDFC | 17650781 | 2306897 |
| | | | **ആകെ** | **27223508** | **8782267** |
| 7 | തൃശ്ശൂർ ജില്ല (ഗ്രാമ പഞ്ചായത്തുകൾ) | | ആർ.ഡി.ബി | **4415724** | **2703542** |
| 8 | ചാലക്കുടി നഗരസഭ | 2004-05 | ഐ.ഡി.എസ്.എം.ടി. | 8473000 | 5192557 |
| 9 | ഇരിങ്ങാലക്കുട നഗരസഭ | 2000-01 | ഗവൺമെന്റ് ലോണുകൾ | 366000 | 230751 |
| | | 2001-02 | കെ.യു.ഡി.എഫ്.സി | 7214000 | 4074598 |
| | | | **ആകെ** | **11288598** | **4305349** |
| 10 | കുന്ദംകുളം നഗരസഭ | 2003-04 | വിവിധ സ്രോതസ്സുകൾ | **18315000** | **4629480** |
| 11 | ഗുരുവായൂർ നഗരസഭ | 2005-06 | സർക്കാർ ലോൺ | 4862500 | 708113 |
| | | | കെ.യു.ഡി.എഫ്.സി | 855875 | 30750 |
| | | | എസ്.സി.പി. | 75000 | 9693 |
| | | | വിവിധ സ്രോതസ്സുകൾ - 1 | 1159000 | 405650 |
| | | | ,, 2 | 600000 | 180800 |
| | | | ,, 3 | 1900000 | 855000 |
| | | | ,, 4 | 800000 | 400000 |
| | | | ,, 5 | 140000 | 11050 |
| | | | ,, 6 | 500000 | 275000 |
| | | | ,, 7 | 6625000 | 2518337 |
| | | | **ആകെ** | **17517375** | **5394393** |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 12 | തൃശ്ശൂർ കോർപ്പറേഷൻ | - | ഗവൺമെന്റ് ലോൺ ജി.ഒ.(ആർ.ടി)2472/86/എൽ. എ. ഡി. തീയതി:11.08.1986 സെൻട്രലി സ്പോൺസേഡ് സ്കീം IDSMT for low cost sanitation | 500000 | 50000 |
| | | | ഗവൺമെന്റ് ലോൺ. ജി.ഒ(ആർ.ടി)973/87/എൽ.എ. ഡി. തീയതി: 27.03.1987 സെൻട്രലി സ്പോൺസേഡ് സ്കീം IDSMT | 430000 | 21500 |
| | | | ആകെ | 930000 | 71500 |
| 13 | കോഴിക്കോട് കോർപ്പറേഷൻ | - | ഹഡ്കോ | 63568000 | 52280000 |
| | | | കേരള സർക്കാർ | 85214677 | 117383069 |
| | | | ആകെ | 148782677 | 169663069 |

## 2.12. നഗരസഭകളിലെ പെൻഷൻ വിതരണം

| | |
|---|---|
| ✦ | ***നഗരസഭാ ജീവനക്കാരുടെ പെൻഷൻ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.*** |
| ✦ | ***പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം കൊടുക്കുന്നില്ല.*** |

നഗരസഭകളിലെ റഗുലർ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി മുനിസിപ്പൽ ഭരണ ഡയക്ടറുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ളതാണ് സെൻട്രൽ പെൻഷൻ ഫണ്ട് [1996-ലെ കേരള മുനിസിപ്പൽ (ഡെത്ത് കം-റിട്ടയർമെന്റ് ബനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 6]. ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽനിന്ന് പിൻവലിച്ച് സെൻട്രൽ പെൻഷൻ ഫണ്ടിൽ അടയ്ക്കേണ്ടതാണ്. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകുന്ന പെൻഷൻ വെരിഫിക്കേഷൻ റിപ്പോർട്ട് കിട്ടിയാൽ മുനിസിപ്പൽ ഡയറക്ടർ പെൻഷൻ ഉത്തരവാക്കി ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ, ഒരു വർഷം പ്രതിമാസ പെൻഷൻ നൽകാനുള്ള തുക ഉൾപ്പെടെയുള്ള മൊത്തം തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് പിൻവലിച്ച് ബന്ധപ്പെട്ട മുനിസിപ്പൽ സെക്രട്ടറിക്ക് നൽകണം. പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി സെക്രട്ടറി, ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ, മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു എസ്.ബി.അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിക്കേണ്ടതാണ്. ഈ അക്കൗണ്ടിലെ തുക മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻപാടില്ല. പെൻഷൻ പെയ്മെന്റ് ഓർഡറും ഫണ്ടും ലഭിച്ച് 14 ദിവസ ത്തിനകം സെക്രട്ടറി പെൻഷൻ ആനുകൂല്യങ്ങൾ നൽകേണ്ടതാണ്. തുടർന്ന് പ്രതിമാസ പെൻഷൻ

ചെക്കായോ പണമായോ ആദ്യത്തെ മാസം ആദ്യ ആഴ്ചയ്ക്കകം നൽകേണ്ടതാണ്. പെൻഷൻ മണിയോർഡർ ആയി നൽകണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടാൽ സെക്രട്ടറി അപ്രകാരം ചെയ്യേണ്ടതാണ്. കെ.എഫ്.സി, കെ.റ്റി.സി എന്നിവയിലെ വ്യവസ്ഥകൾ സെക്രട്ടറി പാലിക്കേണ്ടതാണ്.

എന്നാൽ മിക്ക നഗരസഭകളിലും ഓരോ വർഷവും നഗരകാര്യ ഡയറക്ടറുടെ കാര്യാലയത്തിൽനിന്ന് ലഭിക്കുന്ന അലോട്ട്മെന്റിന്റെയും പെൻഷൻ ഇനത്തിൽ ചെലവാകുന്ന തുകയുടെയും കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. പെൻഷൻ വിതരണത്തിനായി നഗരസഭകളുടെ തനത്ഫണ്ടിൽനിന്നും വകമാറ്റി ചെലവഴിക്കാറുണ്ട്. ഇങ്ങനെ ചെലവഴിക്കുന്ന തുക തിരികെ നിക്ഷേപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുമില്ല. നഗരകാര്യ ഡയറക്ടറുടെ ഓഫീസിൽ നിന്ന് നാളിതുവരെ ലഭിച്ച അലോട്ട്മെന്റ്, പെൻഷൻ നൽകുന്നതിനു ചെലവഴിച്ച തുക, തനതുഫണ്ടിൽ നിന്ന് ചെലവഴിച്ച തുക, നഗരസഭകളുടെ പക്കൽ ഉണ്ടായിരുന്ന കോൺട്രിബ്യൂട്ടറി പെൻഷൻ ഫണ്ട് അക്കൗണ്ടിൽ നിന്ന് ഗഡുക്കളായി നഗരകാര്യ ഡയറക്ടറുടെ ഓഫീസിലേക്ക് അയച്ചുകൊടുത്ത തുക എന്നിവയുടെ വർഷം തിരിച്ചുള്ള വിവരം തയ്യാറാക്കി സൂക്ഷിക്കുവാൻ നഗരസഭകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. അതുപോലെ പെൻഷൻ വിതരണത്തിനാവശ്യമായ മുഴുവൻ തുകകളും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അനുവദിപ്പിച്ച് വാങ്ങുവാൻ അധികൃതർ വേണ്ടത്ര ശ്രദ്ധനൽകേണ്ടതാണ്. പെൻഷൻ ഇനത്തിൽ വിതരണം ചെയ്യുന്ന തുകകളുടെ വ്യക്തമായ കണക്ക് എഴുതി സൂക്ഷിച്ചെങ്കിൽ മാത്രമെ ഇത് സാധ്യമാവുകയുള്ളൂ.

നിലവിൽ നഗരസഭകളിൽ യഥാസമയം പെൻഷൻ വിതരണം നടക്കാത്ത അവസ്ഥയാണുള്ളത്. കൂടാതെ പെൻഷൻ പരിഷ്ക്കരണ കുടിശിക, ഡി.സി. ആർ.ജി. കമ്മ്യൂട്ടേഷൻ എന്നിവ യഥാസമയം കൊടുക്കുന്നില്ല. അതത് നഗരസഭ കളുടെ പെൻഷൻ ഫണ്ടിൽനിന്നും പെൻഷൻ നൽകേണ്ട കണ്ടിജന്റ് പെൻഷൻകാരു ടെയും പെൻഷൻ വിതരണം അവതാളത്തിലാണ്. ഇത് പരിഹരിക്കുന്നതിനും സേവനത്തിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷനും മറ്റാനുകൂല്യങ്ങളും യഥാസമയം വിതരണം ചെയ്യുന്നതിനും നടപടികൾ താമസംവിനാ കൈക്കൊള്ളേ ണ്ടതുണ്ട്.

## 2.13. അക്ഷയ പദ്ധതി നിർവ്വഹണം

ആധുനിക കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ സ്ഥാപിച്ചുകൊണ്ട് വിവര സംവേദക സാങ്കേതികവിദ്യയുടെ സാധ്യതകൾ സാധാരണക്കാർക്ക് കൂടി ലഭ്യമാ ക്കുന്നതിന് വിവരസാങ്കേതിക വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പരിപാടിയാണ് അക്ഷയ. ഗ്രാമപഞ്ചായത്തുകൾ മുഖേനയും നഗരപ്രദേശങ്ങളിൽ മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകൾ മുഖേനയുമാണ് ഈ പരിപാടി നടപ്പാക്കുന്നത്.

കമ്പ്യൂട്ടർ/ഐ.ടി സങ്കേതങ്ങളെ ജനങ്ങൾക്ക് പരിചയപ്പെടുത്തുക, അവ ഉപയോഗിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ഓരോ ഗ്രാമത്തിലും സ്ഥാപിക്കുക, ആവശ്യ മായ വിവരങ്ങൾ കൈയെത്തുംദൂരത്ത് ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

പരീക്ഷണ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ വിജയകരമായി നടപ്പാക്കിയതിനെ തുടർന്ന് ഈ പരിപാടി മറ്റു ജില്ലകളിലേക്കും വ്യാപിപ്പിച്ചു. 'അക്ഷയ' കേന്ദ്രങ്ങൾ വഴി ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും കമ്പ്യൂട്ടർ പരിശീലനം നൽകി ഐ.ടി. സാക്ഷരനാക്കുന്നു. പരിശീലന ചെലവ് ഗ്രാമപ്രദേശങ്ങളിൽ ഒരു കുടുംബത്തിലെ ഒരാൾക്ക് ഗ്രാമപഞ്ചായത്ത് 60/-രൂപ, ബ്ലോക്ക് പഞ്ചായത്ത് 10/-രൂപ, ജില്ലാ പഞ്ചായത്ത് 10/-രൂപ ഗുണഭോക്താവ് 40/-രൂപ എന്ന നിരക്കിലാണ് വഹിക്കേണ്ടത്. അതേസമയം നഗരപ്രദേശങ്ങളിൽ ഒരു കുടുംബത്തിലെ ഒരാൾക്ക് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ 80/-രൂപ, ഗുണഭോക്താവ് 40/-രൂപ എന്ന നിരക്കിലാണ് വഹിക്കേണ്ടത്. ഇതിനാവശ്യമായ തുക വിവിധ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതത്തിൽ നിന്ന് കണ്ടെത്താവുന്നതാണ്. പ്രസ്തുത ഗുണഭോക്തൃ വിഹിതം ഗ്രാമപ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്ത് 20/-രൂപ, ബ്ലോക്ക് പഞ്ചായത്ത് 10/-രൂപ, ജില്ലാ പഞ്ചായത്ത് 10/-രൂപ എന്ന നിരക്കിൽ നൽകാവുന്നതാണ്.

05.05.04-ലെ ജി.ഒ.(ആർ.റ്റി)3330/04/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ പരിപാടിക്കുള്ള വിഹിതം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ പേരിൽ ആരംഭിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. അക്ഷയ പരിപാടിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ ഒന്നു വീതവും കോർപ്പറേഷനുകളിൽ രണ്ടു വീതവും സോഷ്യൽ-അനിമേറ്റമാരെ നിയമിക്കാവുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്ന അനിമേറ്റർമാർക്ക് ഐ.റ്റി.മിഷൻ നൽകുന്ന ഓണറേറിയത്തിനു പുറമേ പ്രതിമാസം 500/-രൂപ കൺവേയ്സ് ആന്റ് കമ്മ്യൂണിക്കേഷൻ അലവൻസായി നൽകേണ്ടതാണ്. ഇതിന് പദ്ധതി വിഹിതം/തനത് ഫണ്ട്/പൊതു ആവശ്യ ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്.

എന്നാൽ ഗുണഭോക്തൃവിഹിതം മുൻകൂറായി ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തനതു ഫണ്ടിലടച്ചശേഷം യഥാസമയം നിർവ്വഹണ ഏജൻസിക്ക് നൽകണമെന്നാണ് ജി.ഒ.(എം.എസ്)40/04/പ്ലാനിംഗ്/31.03.04 ഖണ്ഡിക 7-5-02(5) പ്രകാരവും ജി.ഒ.(എം.എസ്)183/07/തസ്വഭവ/24.07.07 ഖണ്ഡിക 6.17(ii) പ്രകാരവും സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഈ ഉത്തരവ് ലംഘിച്ചുകൊണ്ട് ഗുണഭോക്തൃവിഹിതം ബന്ധപ്പെട്ട അക്ഷയ കേന്ദ്രങ്ങളിൽ അടയ്ക്കുന്നതിനാൽ ഇങ്ങനെ വിനിയോഗിച്ച തുകയുടെ കണക്കും ഗുണഭോക്തൃവിഹിതം അടച്ചു എന്ന് ഉറപ്പാക്കിയതിനു ശേഷമാണോ പരിശീലനം നൽകിയതെന്ന വിവരവും വ്യക്തമല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനം നിക്ഷേപിക്കുന്ന തുക വളരെ പരിമിതമായി മാത്രം വിനിയോഗിക്കപ്പെടുന്നതിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | നിക്ഷേപിച്ച തുക (രൂപ) | വിനിയോഗിച്ച തുക (രൂപ) | ശേഷിക്കുന്ന തുക (രൂപ) |
|---|---|---|---|
| (1) | (2) | (3) | (4) |
| **കോട്ടയം ജില്ല 20.09.2011 വരെ** | | | |
| 75 ഗ്രാമപഞ്ചായത്തുകൾ | 26211449 | 1995040 | 24216409 |
| 11 ബ്ലോക്ക് പഞ്ചായത്ത് | 4779170 | 359880 | 4419290 |
| ജില്ലാ പഞ്ചായത്ത് | 4464630 | 359880 | 4104750 |
| 4 മുനിസിപ്പാലിറ്റി | 3843140 | 151840 | 3691300 |
| **ആകെ** | **39298389** | **2866640** | **36431749** |

| (1) | (2) | (3) | (4) |
|---|---|---|---|
| **വയനാട് ജില്ല 30.06.2011 വരെ** | | | |
| 25 ഗ്രാമപഞ്ചായത്തുകൾ | 10372460 | 2889760 | 7482700 |
| 3 ബ്ലോക്ക് പഞ്ചായത്ത് | 1975380 | 501220 | 1474160 |
| ജില്ലാ പഞ്ചായത്ത് | 1950000 | 501220 | 1448780 |
| 1 മുനിസിപ്പാലിറ്റി | 661680 | 33440 | 628240 |
| **ആകെ** | **14959520** | **3925640** | **11033880** |
| **ആലപ്പുഴ 31.03.09 വരെ** | | | |
| ജില്ലാ പഞ്ചായത്ത് | 4518180 | 54640 | 4463480 |
| **ആകെ** | **4518180** | **3925640** | **11033880** |

## 2.14. ഡെപ്പോസിറ്റ് വർക്കുകൾ – പ്രവൃത്തിപൂർത്തീകരിക്കുന്നതിലെ കാലതാമസം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പ്രവൃത്തികൾക്കായി (വൈദ്യുതീകരണം, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, ജലസേചന പദ്ധതികൾ, കുടിവെള്ളക്കിണർ തുടങ്ങിയവ) കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഭൂഗർഭ ജലവകുപ്പ് എന്നീ വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ വൻതുക നിക്ഷേപിച്ചുവരുന്നു.

സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പുവയ്ക്കാതെയാണ് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള ഫണ്ട് കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ. തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത്. കൈമാറ്റം ചെയ്ത ഫണ്ടിന്റെയും അതിൽനിന്നുള്ള ചെലവുകളുടെയും കൃത്യമായ കണക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല. മുൻകൂറായി നൽകിയ തുകകളുടെ വിശദവിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും അങ്ങനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെയ്തുവരുന്നില്ല. സ്ഥാപനങ്ങൾ കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതുമൂലം പല സ്ഥാപനങ്ങളിലെയും ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയ എത്ര തുക ക്രമീകരിക്കാനുണ്ടെന്ന് തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. അതുപോലെ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന്റെ ഭാഗമായി 23.02.08-ലെ ജി.ഒ.(പി)/95/2008/ഫിൻ പ്രകാരം അഡ്വാൻസ് തുക പിൻവലിച്ച് അനർട്ടിൽ നിക്ഷേപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഊർജ്ജ സംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് പല പഞ്ചായത്തുകളും അനർട്ടിൽ തുക ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. എന്നാൽ ഈ പ്രോജക്ടുകൾ പലതും പൂർത്തീകരിച്ചിട്ടില്ല.

തുക അടവാക്കുകയല്ലാതെ ഈപ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച തുടർനടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുകാണുന്നില്ല. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടച്ചതുക സ്ഥാപനങ്ങളുടെ ഫണ്ടിൽ മൃതനിക്ഷേപമായി കിടക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തുക, കുടിവെള്ള പ്രശ്നം പരിഹരിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനം | ഓ.റി. വർഷം/ ഖ.നം. | പ്രവൃത്തിയുടെ പേര് | തുക നിക്ഷേപിച്ച സ്ഥാപനം | തുക |
|---|---|---|---|---|---|
| **പത്തനംതിട്ട ജില്ല** | | | | | |
| 1 | ചെറുകോൽ ഗ്രാമ പഞ്ചായത്ത് | 2007-08/ 3-32 | പഞ്ചായത്ത് ഓഫീസിന്റെയും മറ്റു സ്ഥാപനങ്ങളുടെയും വൈദ്യുതീകരണം | പൊതുമരാമത്ത് വകുപ്പ് | 1,40,000 |
| | | | | **ആകെ** | **1,40,000** |
| **കോട്ടയം ജില്ല** | | | | | |
| 1 | കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് | 2006-07/ 3.3 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | 142793 |
| | | 2007-08/ 3.2 | ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | 300000 |
| | | 2008-09/ 3.11 | ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | 24864 |
| 2 | കല്ലറ ഗ്രാമ പഞ്ചായത്ത് | 2008-09/ 3.4 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | 39630 |
| 3 | വാഴൂർ ഗ്രാമ പഞ്ചായത്ത് | 2006-07/ 3.7 | കുഴൽകിണർ നിർമ്മാണം | ഭൂഗർഭജല വകുപ്പ് | 664714 |
| 4 | അയർക്കുന്നം ഗ്രാമ പഞ്ചായത്ത് | 2007-08/ 3.2 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | കെ.എസ്.ഇ.ബി | 300300 |
| 5 | മണർകാട് ഗ്രാമ പഞ്ചായത്ത് | 2006-07/ 3.6 | പൈപ്പ്ലൈൻ എക്സ്റ്റൻ ഷൻ | കെ.ഡബ്ല്യു.എ. | 77700 |
| | | | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി | 93247 |
| 6 | കറുകച്ചാൽ ഗ്രാമ പഞ്ചായത്ത് | 2007-08/ 3.3 | വിവിധ പ്രവൃത്തികൾ | കെ.ഡബ്ല്യു.എ. | 500000 |
| | | | | ഭൂഗർഭജല വകുപ്പ് | 147860 |
| | | | | കെൽട്രോൺ | 58173 |
| | | | | കെ.എസ്. ഇ.ബി | 28380 |
| 7 | തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് | 2006-07/ 3.11 | പൈപ്പ്ലൈൻ/വാട്ടർടാങ്ക് പുന:രുദ്ധാരണം | കെ.ഡബ്ല്യു.എ. | 787920 |
| 8 | നാട്ടകം ഗ്രാമ പഞ്ചായത്ത് | 2006-07/ 3.9 | കുടിവെള്ള പദ്ധതികൾ/ലൈൻ എക്സ്റ്റൻഷൻ സ്ട്രീറ്റ്ലൈൻ വലിക്കൽ | കെ.ഡബ്ല്യു.എ. | 1580000 |
| | | | | കെ.എസ്.ഇ.ബി | 173500 |
| 9 | പായിപ്പാട് ഗ്രാമ പഞ്ചായത്ത് | 2008-09/ 3.5 | ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി | 129327 |

| | | | | | |
|---|---|---|---|---|---|
| 10 | തലനാട് ഗ്രാമ പഞ്ചായത്ത് | 2006-07/ 3.3 | വിവിധ പ്രവൃത്തികൾ | ഭൂഗർഭജലവകുപ്പ് | 66200 |
| | | | | കെ.എസ്.ഇ.ബി | 236718 |
| | | | | കെ.ഡബ്ല്യു.എ. | 50000 |
| | | | | പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ ഡിവിഷൻ | 31150 |
| | | | | കെ.എസ്.ഇ.ബി | 23500 |
| 11 | അയ്മനം ഗ്രാമ പഞ്ചായത്ത് | 2008-09/ 3.8 | കുടിവെള്ള പദ്ധതി/ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | കെ.ഡബ്ല്യു.എ. | 234000 |
| | | | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി | 134690 |
| 12 | മാടപ്പള്ളിബ്ലോക്ക് പഞ്ചായത്ത് | 2007-08/ 3.7 | കുടിവെള്ള പദ്ധതികൾ | കെ.ഡബ്ല്യു.എ. | 1090354 |
| 13 | ജില്ലാ പഞ്ചായത്ത് | 2008-09/ 3.21 | പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ/എക്സ്റ്റൻഷൻ | കെ.ഡബ്ല്യു.എ. | 3865000 |
| | | | കലുങ്ക്/നടപ്പാലം നിർമ്മാണം | പൊതുമരാമത്ത് വകുപ്പ് (റോഡ്സ് വിഭാഗം) | 1091002 |
| | | | വൈദ്യുതീകരണം | പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ വിഭാഗം) | 1038925 |
| | | | കുഴൽകിണർ | ഭൂഗർഭജലവകുപ്പ് | 1000000 |
| | | | മഴവെള്ള സംഭരണി | സോഷ്യോഇക്കണോമിക് ഫൗണ്ടേഷൻ | 1665298 |
| | | | കുടിവെള്ള പദ്ധതി | കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ. | 100000 |
| | | | | **ആകെ** | **15675245** |
| **ഇടുക്കി ജില്ല** | | | | | |
| 1 | അഴുത ബ്ലോക്ക് പഞ്ചായത്ത് | 2007-08/ 3-11 | - | കെ.എസ്.ഇ.ബി | 503950 |
| 2 | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 2007-08/ 3-4 | - | കെ.എസ്.ഇ.ബി. എസ്.എസ്.എ. ഊർജ്ജ സുരക്ഷാമിഷൻ | 608047 |
| 3 | പുറപ്പുഴ ഗ്രാമ പഞ്ചായത്ത് | 2007-08/ 3-7 | - | പി.ഡബ്ല്യു.ഡി. | 75000 |
| 4 | പീരുമേട് ഗ്രാമ പഞ്ചായത്ത് | 2006-07/ 3-1 | - | കെ.ഡബ്ല്യു.എ. കെ.എസ്.ഇ.ബി | 660850 |
| 5 | കുമളി ഗ്രാമ പഞ്ചായത്ത് | 2006-07/ 3-10 | - | കെ.എസ്.ഇ.ബി | 247796 |

| | | | | | |
|---|---|---|---|---|---|
| 6 | കാമാക്ഷി ഗ്രാമ പഞ്ചായത്ത് | 2006-07/ 3-3 | - | കെ.എസ്.ഇ.ബി | 49728 |
| 7 | ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് | 2006-07/ 3-4 | - | കെ.എസ്.ഇ.ബി | 60000 |
| 8 | കാത്തല്ലൂർ ഗ്രാമ പഞ്ചായത്ത് | 2006-07/ 3-4 | - | കെ.എസ്.ഇ.ബി | 237150 |
| 9 | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | 2006-07/ 3-8 | - | കെ.എസ്.ഇ.ബി | 567425 |
| | | | | ആകെ | 3009946 |
| | | | എറണാകുളം ജില്ല | | |
| 1 | കരുമാലൂർ ഗ്രാമ പഞ്ചായത്ത് | 2006-07/ 3-18 | പട്ടികജാതി കോളനികളിലേക്ക് വൈദ്യുതി ലൈൻ നീട്ടൽ | KSEB ആലുവ ഡിവിഷൻ | 401178 |
| | | | | ആകെ | 401178 |
| | | | കോഴിക്കോട് ജില്ല | | |
| 1 | ജില്ലാ പഞ്ചായത്ത് | 2008-09/ 3-2 | ബയോമാസ് ഗ്യാസിഫയർ, വൈദ്യുതി ശ്മശാനത്തിന് ഗ്യാസിഫയർ, ബയോഗ്യാസ് പ്ലാന്റ്, കമ്മ്യൂണിറ്റി അടുപ്പുകൾ, ഗ്യാസിഫയർ അടുപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് | അനർട്ട് | 8170004 |
| 2 | കൊയിലാണ്ടി നഗരസഭ | 2007-08/ 3-5 | വൈദ്യുതീകരിക്കാത്ത കെട്ടിടങ്ങളുടെ എണ്ണം ശേഖരിക്കൽ, പവർലൈൻ മാപ്പിംഗിലൂടെ ഊർജ്ജ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് | അനർട്ട് | 930000 |
| 3 | നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | 2008-09/ 3-9 | - | അനർട്ട് | 400000 |
| 4 | നൊച്ചാട് ഗ്രാമ പഞ്ചായത്ത് | 2007-08/ 3-15 | ഊർജ്ജ സംരക്ഷണത്തിനും പ്രാദേശിക സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജസമ്മിശ്രങ്ങളുടെ വികസനത്തിനുമുള്ള സമ്പൂർണ്ണ സംരക്ഷണ പദ്ധതി | അനർട്ട് | 726350 |
| 5 | ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് | 2007-08/ 3-1 | ഊർജ്ജ സംരക്ഷണം എന്ന പദ്ധതി | അനർട്ട് | 380000 |
| | | | | ആകെ | 10606354 |
| | | | പാലക്കാട് ജില്ല | | |
| 1 | ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് | 2007-08/ 3-2 | | ജലഅതോറിറ്റി, വൈദ്യുതിബോർഡ് | 1766200<br>857834 |
| 2 | എരുമയൂർ ഗ്രാമ പഞ്ചായത്ത് | 2007-08/ 3-1 | | വൈദ്യുതി ബോർഡ് | 859944 |

| | | | | | |
|---|---|---|---|---|---|
| 3 | മേലാർകോട് ഗ്രാമപഞ്ചായത്ത് | 2007-08/ 3-3 | | ജലഅതോറിറ്റി, | 1000000 |
| 4 | നെന്മാറ ഗ്രാമ പഞ്ചായത്ത് | 2007-08/ 3-8 | | ജലഅതോറിറ്റി, വൈദ്യുതി ബോർഡ് | 270000 965171 |
| 5 | പെരുമാട്ടി ഗ്രാമ പഞ്ചായത്ത് | 2007-08/ 3-4 | | വൈദ്യുതി ബോർഡ് | 329059 |
| 6 | കോട്ടായി ഗ്രാമ പഞ്ചായത്ത് | 2007-08/ 3-1 | | വൈദ്യുതി ബോർഡ് | 600000 |
| 7 | എിലവഞ്ചേരി ഗ്രാമപഞ്ചായത്ത് | 2007-08/ 3-4 | | ജലഅതോറിറ്റി | 250389 |
| 8 | പട്ടഞ്ചേരി ഗ്രാമ പഞ്ചായത്ത് | 2008-09/ 3-4 | | വൈദ്യുതി ബോർഡ് | 484800 |
| | | 2008-09/ 3-3 | | ഐ.ആർ.ടി.സി. | 100000 |
| 9 | മലമ്പുഴ ഗ്രാമ പഞ്ചായത്ത് | 2007-08/ 3-2(3) | | വൈദ്യുതി ബോർഡ് | 604117 |
| | | | | **ആകെ** | **2368365** |
| | | | **കണ്ണൂർ** | | |
| 1 | നടുവിൽ ഗ്രാമ പഞ്ചായത്ത് | 2007-08/ 3-5 | | അനർട്ട് | 500000 |
| 2 | കണ്ണപുരം ഗ്രാമ പഞ്ചായത്ത് | 2007-08/3-4 | | അനർട്ട് | 300000 |
| 3 | പരിയാരം ഗ്രാമ പഞ്ചായത്ത് | 2007-08/3-2 | | അനർട്ട് | 390000 |
| | | | | **ആകെ** | **1190000** |
| | | | **കാസറഗോഡ്** | | |
| 1 | പാട്യാം ഗ്രാമ പഞ്ചായത്ത് | 2007-08/ 3-14 | | അനർട്ട് | 400000 |
| 2 | ചെങ്ങളായി ഗ്രാമപഞ്ചായത്ത് | 2007-08/ 3-7 | | അനർട്ട് | 410000 |
| 3 | ചെമ്മനാട് ഗ്രാമ പഞ്ചായത്ത് | 2005-06/ 3-4 | | കെ.എസ്.ഇ.ബി | 240816 |
| | | 2006-07/ 3-8 | | കെ.എസ്.ഇ.ബി | 113985 |
| 4 | പടന്ന ഗ്രാമ പഞ്ചായത്ത് | 2006-07/ 3-2 | | കെ.എസ്.ഇ.ബി | 175413 |
| 5 | മൂളിയാർ ഗ്രാമ പഞ്ചായത്ത് | 2005-06/ 3-11 | | കെ.എസ്.ഇ.ബി | 567790 |
| | | | | **ആകെ** | **1908004** |

## 2.15. പെർഫോമൻസ് ഓഡിറ്റ് സംവിധാനം

1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ എന്നിവയിൽ പെർഫോമൻസ് ഓഡിറ്റ് അതോറിറ്റിയുടെ കർത്തവ്യങ്ങളും ചുമതലകളും പ്രവർത്തനരീതികളുമെല്ലാം വിശദീകരിക്കുന്നുണ്ട്.

പ്രസ്തുത ചട്ടങ്ങൾ പ്രകാരം പെർഫോമൻസ് ഓഡിറ്റ് അതോറിറ്റിയുടെ കർത്തവ്യങ്ങളിലും ചുമതലകളിലും പ്രധാനമായവ താഴെ പറയുന്നതാണ്.

***1. മുനിസിപ്പാലിറ്റി/പഞ്ചായത്തിന്റെ കണക്കുകൾ പണമിടപാടുകൾ, ഓഫീസ് പ്രവർത്തനം, പൊതുമരാമത്ത് പണികൾ എന്നിവ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനും തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നതിനും പുറമേ;***

I. മുനിസിപ്പൽ/ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളും അവയുടെ ബജറ്റിന്റെ പകർപ്പുകൾ യഥാസമയം സർക്കാരിനും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ ജില്ലാ പഞ്ചായത്തിനും, ജില്ലാ പഞ്ചായത്ത് അവ സമാഹരിച്ച് ജില്ലാ പഞ്ചായത്തിന്റെ ബഡ്ജറ്റ് ഉൾപ്പെടെ യഥാസമയം സർക്കാരിനും നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതും

II. വാർഷിക ഭരണ റിപ്പോർട്ടുകൾ സമയപരിധിക്കുള്ളിൽ സർക്കാരിനു നൽകുന്നതിന് ഏർപ്പാട് ചെയ്യുന്നതും.

III. പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട് എന്നിവയിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതും, പെർഫോമൻസ് ഓഡിറ്റ് ടീമുകൾ എല്ലാ മുനിസിപ്പാലിറ്റി/പഞ്ചായത്തുകളിലും ത്രൈമാസ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതും

IV. പെർഫോമൻസ് ഓഡിറ്റ് അതോറിറ്റിയുടെ കർത്തവ്യങ്ങൾ ആയിരിക്കുന്നതാണ്.

***(2) അതുപോലെ പെർഫോമൻസ് ഓഡിറ്റ് അതോറിറ്റി സർക്കാരിന് നൽകേണ്ട വാർഷിക റിപ്പോർട്ടുകളിൽ,***

I. മുനിസിപ്പാലിറ്റി/പഞ്ചായത്തുകളിലെ നികുതി നിർണ്ണയത്തിലെ പൊതു പോരായ്മകളും നികുതി പിരിച്ചെടുക്കുന്നതിലെ ഏറ്റക്കുറച്ചിലുകളും

II. കൂടുതൽ വിഭവസമാഹരണത്തെ സംബന്ധിച്ച വിവരങ്ങൾ

III. പഞ്ചായത്തുകളുടെ കടബാദ്ധ്യതകളുടെ ഏകദേശരൂപവും കടം തിരിച്ചടക്കുന്നത് സംബന്ധിച്ച പുരോഗതിയും

***എല്ലാം ഉൾക്കൊള്ളിക്കേണ്ടതാണ്.***

ഓരോ പഞ്ചായത്തിനും ഭരണപരമായ കാര്യങ്ങൾ നടപടിക്രമമനുസരിച്ച് നിർവ്വഹിക്കപ്പെടുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിനും രേഖകൾ കണക്കുകൾ പണമിടപാടുകൾ എന്നിവ പരിശോധിച്ച് പാകപ്പിഴകൾ തിരുത്തുന്നതിന് പഞ്ചായത്തിന് നിർദ്ദേശം നൽകുന്നതിനും, തെറ്റുകൾ ചൂണ്ടിക്കാട്ടി നടപടികൾ നിർദ്ദേശിക്കുന്നതിനും പെർഫോമൻസ് ഓഡിറ്റ് ടീമുകൾക്ക് ചുമതലയുണ്ടായിരിക്കുന്നതാണ്.

നികുതി നിർണ്ണയം യഥാസമയം നടത്തിയിട്ടുണ്ടോ എന്നും വിട്ടുപോയതോ, കുറച്ച് നിശ്ചയിച്ചതോ ആയ നികുതി നിർണ്ണയം ഉണ്ടോ എന്നും നികുതി കുടിശ്ശികയുടെ തോത്, മുൻവർഷത്തിൽ എത്ര ശതമാനം നികുതി പിരിച്ചു എന്നും, ചെലവ് സംബന്ധിച്ച രേഖകൾ പൂർണ്ണമാണോ എന്നും, വകമാറ്റി ചെലവ് ചെയ്തിട്ടുണ്ടോ എന്നും നടപടിക്രമം പാലിച്ചുകൊണ്ട് തന്നെയാണോ ചെലവ് ചെയ്തിട്ടുള്ളതെന്നും മുനിസിപ്പൽ/പഞ്ചായത്തിന്റെ കടബാദ്ധ്യതകളും തിരിച്ചടവ് വിവരങ്ങളും, വാർഷിക ബജറ്റും ചെലവുകളും തമ്മിൽ പൊരുത്തക്കേടുണ്ടോ എന്നും കരാർ പണികളും മറ്റ് മരാമത്ത് പണികളും ചട്ടപ്രകാരം നടത്തുന്നുണ്ടോ എന്നും തുടങ്ങി മുനിസിപ്പൽ/പഞ്ചായത്ത് ഭരണത്തെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

രജിസ്റ്ററുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കാത്തതും ചെലവ് രേഖകൾ ലഭ്യമല്ലാത്തതും മുനിസിപ്പാലിറ്റിയുടെ/പഞ്ചായത്തിന്റെ കടബാദ്ധ്യതകളും തിരിച്ചടവ് വിവരങ്ങളും, നികുതി കുടിശ്ശികയുടെ വിവരങ്ങളും ലഭ്യമല്ലാത്തതും എല്ലാം വാർഷിക ഓഡിറ്റിന് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. പല മുനിസിപ്പാലിറ്റികളിലും/പഞ്ചായത്തുകളിലും വാർഷിക ബഡ്ജറ്റും ചെലവുകളും തമ്മിൽ പൊരുത്തപ്പെടാത്തതും (ഉദാ: പൊതു അവലോകനത്തിലെ അയാർത്ഥ ബജറ്റിന്റെ ഉദാഹരണങ്ങൾ), നികുതി കുറച്ച് നിശ്ചയിച്ചതും [ഉദാ: ഖണ്ഡിക 5.1.2(2) - കൊല്ലം കോർപ്പറേഷൻ] നടപടിക്രമം പാലിക്കാതെ ചെലവ് നടത്തുന്നതും (ഉദാ: ഖണ്ഡിക 5.2.13 (1), 5.2.13.(2) - ആലപ്പുഴ നഗരസഭ), കരാർ പണികളും മറ്റ് മരാമത്ത്പണികളും ചട്ടപ്രകാരം നടത്താത്തതും (ഉദാ: ഖണ്ഡിക 5.2.18(1)-തൃശ്ശൂർ ജില്ലാ പഞ്ചായത്ത്, ഖണ്ഡിക 5.2.2.(1)-തിരുവനന്തപുരം കോർപ്പറേഷൻ), രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കാത്തതും (ഉദാ: ഖണ്ഡിക 5.7.1.(1)- ആലപ്പുഴ ജില്ല) എല്ലാം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഇന്റേണൽ ഓഡിറ്റ് സംവിധാനമായ പെർഫോമൻസ് ഓഡിറ്റ് കാര്യക്ഷമമാക്കേണ്ടതിലേയ്ക്ക് വിരൽ ചൂണ്ടുന്നു. പെർഫോമൻസ് ഓഡിറ്റ് നിശ്ചിത ഇടവേളകളിൽ കൃത്യമായി നടത്തി പോരായ്മകൾ പരിഹരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും സ്ഥാപനങ്ങൾ ആയത് നടപ്പാക്കി എന്ന് ഉറപ്പുവരുത്തുകയും ചെയ്താൽ വാർഷിക ഓഡിറ്റ് കൂടുതൽ ഫലപ്രദമാക്കാൻ കഴിയും.

★ ★ ★

# സർവ്വകലാശാലകൾ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമപ്രകാരം കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടേയും ഓഡിറ്റിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാലാ കാര്യാലയങ്ങളിൽ കൺകറന്റ് ഓഡിറ്റ് ഓഫീസുകൾ മുഖേന ഓഡിറ്റ് നടത്തുന്ന രീതിയാണ് നിലവിലുള്ളത്. കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ നിലവിലുള്ള ഓഡിറ്റ് സംവിധാനം താഴെ കൊടുക്കുന്നു.

| ക്രമ നം. | സർവ്വകലാശാലയുടെ പേര് | ഓഡിറ്റ് സംവിധാനം |
|---|---|---|
| 1 | കേരള സർവ്വകലാശാല | കൺകറന്റ് ഓഡിറ്റ് ഓഫീസ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 19 ജീവനക്കാർ |
| 2 | മഹാത്മാഗാന്ധി സർവ്വകലാശാല | കൺകറന്റ് ഓഡിറ്റ് ഓഫീസ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 17 ജീവനക്കാർ |
| 3 | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | കൺകറന്റ് ഓഡിറ്റ് ഓഫീസ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 15 ജീവനക്കാർ |
| 4 | കേരളാ കാർഷിക സർവ്വകലാശാല | കൺകറന്റ് ഓഡിറ്റ് ഓഫീസ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 25 ജീവനക്കാർ |
| 5 | കാലിക്കറ്റ് സർവ്വകലാശാല, | കൺകറന്റ് ഓഡിറ്റ് ഓഫീസ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 19 ജീവനക്കാർ |
| 6 | സംസ്കൃത സർവ്വകലാശാല | കൺകറന്റ് ഓഡിറ്റ് ഓഫീസ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 12 ജീവനക്കാർ |
| 7 | കണ്ണൂർ സർവ്വകലാശാല | കൺകറന്റ് ഓഡിറ്റ് ഓഫീസ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 12 ജീവനക്കാർ |
| 8 | വെറ്ററിനറി സർവ്വകലാശാല | ഓഡിറ്റ് ഓഫീസ് അനുവദിക്കുന്നത് സർക്കാർ പരിഗണനയിലാണ്. |
| 9 | മെഡിക്കൽ സർവ്വകലാശാല | ഓഡിറ്റ് ഓഫീസ് അനുവദിക്കുന്നത് സർക്കാർ പരിഗണനയിലാണ്. |
| 10 | ഫിഷറീസ് സർവ്വകലാശാല | ഓഡിറ്റ് ഓഫീസ് അനുവദിക്കുന്നത് സർക്കാർ പരിഗണനയിലാണ്. |

## *2010-11 വർഷം സർവ്വകലാശാലകൾക്ക് ലഭിച്ച ഗ്രാന്റ് തുകയുടെ വിവരം*

| ക്രമ നം. | യൂണി വേഴ്സിറ്റി | പദ്ധതിയിതരം | പദ്ധതി | | സ്പെഷ്യൽ ഫണ്ടുകൾ (ഇയർമാർക്ക്ഡ്) | | | |
|---|---|---|---|---|---|---|---|---|
| | | സംസ്ഥാന സർക്കാർ | സംസ്ഥാന സർക്കാർ | യു.ജി.സി | സംസ്ഥാന സർക്കാർ | യു.ജി.സി | കേന്ദ്ര സർക്കാർ | മറ്റ് ഏജൻസികൾ |
| 1 | കേരള സർവ്വകലാശാല | 744500000 | 213000000 | 38713000 | 44051656 | 18762509 | 36416993 | 20705258 |
| 2 | മഹാത്മാഗാന്ധി സർവ്വകലാശാല | 309969000 | 171050000 | 31012000 | - | 16452312 | | 81805813 |
| 3 | കൊച്ചിശാസ്ത്ര സാങ്കേതിക സർവ്വകലാശാല | 243800000 | 221612500 | 59662986 | - | - | 59541579 | 33591630 |
| 4 | കാലടി സംസ്കൃത സർവ്വകലാശാല | 163800000 | 40000000 | 40902646 | - | - | 40871000 | 5109375* |
| 5 | കാർഷിക സർവ്വകലാശാല | 963400000 | 439375000 | - | 191063146 | - | 172973529 | 970359228 |
| 6 | കാലിക്കറ്റ് സർവ്വകലാശാല | 540800000 | 80000000 | 62895000 | 59106250 | - | | 4941000 |
| 7 | കണ്ണൂർ സർവ്വകലാശാല | 97244000 | 340000000 | 23217000 | 3021724 | 7179579 | 253200 | 10729702 |

* എൻ.എസ്.എസ്.ഗ്രാന്റ് + ആർ.ഐ.ഡി.എഫ്.സ്കീം.

വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്ന വിവിധ തരത്തിലുള്ള ഫീസും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും യു.ജി.സി.യുടെയും ധനസഹായവുമാണ് സർവ്വ കലാശാലകളുടെ പ്രധാന വരുമാന സ്രോതസ്സുകൾ. ഇവ കൂടാതെ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തേണ്ടത് സർവ്വകലാശാലകളുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമാണ്.

മിക്ക സർവ്വകലാശാലകളിലും അടിസ്ഥാന രേഖകളും രജിസ്റ്ററുകളും കൃത്യ മായി സൂക്ഷിക്കുന്നതിൽ ഗുരുതരമായ അനാസ്ഥയാണ് കാണിക്കുന്നത്. ഓഡിറ്റി നായി സമർപ്പിക്കുന്ന വാർഷിക കണക്കുകൾ പലപ്പോഴും ബാങ്ക് പാസ്സ്ബുക്കിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ആയവ കൃത്യമാക്കുവാൻ സർവ്വകലാ ശാല ക്രിയാത്മകമായ നീക്കംനടത്തുന്നുമില്ല. വിവിധ ഫീസിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി വർഷാവസാനം ക്ലോസ്ചെയ്ത് അധികാരികൾ സാക്ഷ്യ പ്പെടുത്തി സൂക്ഷിക്കാറില്ല. ശാസ്ത്രീയമായ അക്കൗണ്ട് ബുക്കുകളുടെയും സബ്സിഡിയറി രജിസ്റ്ററുകളുടെയും അഭാവത്തിൽ മിക്ക സർവ്വകലാശാലകളി ലെയും വിവിധ ശീർഷകങ്ങളിലുള്ള വരവുചെലവുകളുടെയും ഡെപ്റ്റ് ഹെഡ് ട്രാൻസാക്ഷനുകളുടെയും ഫണ്ടുകളുടെയും ഒക്കെ ആധികാരിക വിവരങ്ങളോ കൃത്യമായ സാമ്പത്തിക നിലയോ വിലയിരുത്താനാവില്ല.

വീട്ടുവാടകബത്ത, മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്, യാത്രപ്പടി എന്നിവ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചല്ല ജീവനക്കാർക്ക് നൽകുന്നത്. അന്തർ സർവ്വകലാശാല സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർക്ക് പഴയ ലാവണത്തിൽ ലഭിച്ചിരുന്ന ശമ്പളം അതേപടി സംരക്ഷിക്കുകയും തുടർന്നുള്ള ഉദ്യോഗക്കയറ്റ

ങ്ങളിൽ 28 എ പ്രകാരമുള്ള ശമ്പളനിർണ്ണയം അനുവദിക്കുകയും ചെയ്യുന്ന പ്രവണത നിരവധി പ്രാവശ്യം ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടും പല സർവ്വകലാശാലകളിലും തുടർന്നുവരികയാണ്. ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 05.08.04ലെ 26989/ബി.2/00 നമ്പർ കത്തിലും 10.03.09-ലെ 35043/ബി.1/08-ാം നമ്പർ സർക്കുലറിലും സർവ്വകലാശാലകൾ അധിക സാമ്പത്തിക ബാധ്യതയുള്ള കാര്യങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങേണ്ടതാണെന്നും സർവ്വകലാശാലകൾ ധനകാര്യമിതത്വം പാലിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എങ്കിലും പല സർവ്വകലാശാലകളിലും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സാമ്പത്തിക ബാധ്യത വരുത്തുന്ന തീരുമാനങ്ങളെടുത്ത് നടപ്പിലാക്കുന്ന പ്രവണത കാണുന്നുണ്ട്.

## പി.എഫ്.അക്കൗണ്ട്

എല്ലാ സ്വയംഭരണ സ്ഥാപനങ്ങളും ഗവൺമെന്റ് ട്രഷറികളിൽ പി.എഫിന്റെ അടവ് തുകകൾക്കായി ഒരു പ്രത്യേക അക്കൗണ്ട് സൂക്ഷിക്കേണ്ടതാണെന്നും സർക്കാർ, ജനറൽ പ്രോവിഡന്റ് ഫണ്ടിന് സമയാസമയങ്ങളിൽ നൽകുന്ന പലിശ പ്രസ്തുത അക്കൗണ്ടിനും അനുവദിക്കേണ്ടതാണെന്നും കേരള ട്രഷറി കോഡ് വാല്യം 2-ലെ ചട്ടം 22-ലെ വിശദീകരണം 1-ൽ പറയുന്നുണ്ട്. ഇതിൻപ്രകാരം എം.ജി., കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകൾ ട്രഷറികളിൽ പി.എഫ്. ഇടപാടുകൾക്കായി അക്കൗണ്ട് സൂക്ഷിക്കുന്നുണ്ട്. പക്ഷെ കേരള സർവ്വകലാശാലയിൽ പി.എഫ്. ഇടപാടുകൾക്കായി ഒരു ട്രഷറി അക്കൗണ്ട് തുടങ്ങിയിട്ടില്ല. പകരം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻ കൂറിൽ സേവിംഗ്സ് അക്കൗണ്ടുകളും ടേം ഡെപ്പോസിറ്റുകളുമായാണ് സർവ്വകലാശാല പ്രോവിഡന്റ് ഫണ്ട് തുകകൾ നിക്ഷേപിച്ചിരിക്കുന്നത്. ഇതുകാരണം സാധാരണ സേവിംഗ്സ് അക്കൗണ്ടുകൾക്ക് ബാങ്കിൽ ലഭിക്കുന്ന നാമമാത്രമായ പലിശമാത്രമാണ് ഈ അക്കൗണ്ടിനും ലഭിക്കുന്നത്. എന്നാൽ സർവ്വകലാശാലയ്ക്ക് യൂണിവേഴ്സിറ്റി പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിന്, ജനറൽ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിനു നൽകുന്ന നിരക്കിൽ (നിലവിൽ 8%) പലിശ നൽകേണ്ടതായും വരുന്നു. ഇതു സർവ്വകലാശാലകൾക്ക് വളരെയേറെ സാമ്പത്തിക ബാധ്യത വരുത്തുന്നുണ്ട്. അതുപോലെ തന്നെ യൂണിവേഴ്സിറ്റി പെൻഷൻഫണ്ട് കൃത്യമായി സൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യാത്തതിനാൽ സർവ്വകലാശാലയ്ക്ക് പലിശയിനത്തിൽ ഭീമമായ നഷ്ടം സംഭവിക്കുന്നുണ്ട്.

കേരള സർവ്വകലാശാല ഈ ഇനത്തിൽ വരുത്തിയ നഷ്ടം ചുവടെ ചേർക്കുന്നു.

കേരള യൂണിവേഴ്സിറ്റിയിലെ ജീവനക്കാരുടെ പി.എഫി.ലേയ്ക്ക് അടച്ച തുകകൾ സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിൽ 31.03.2009-ലെ കണക്കുപ്രകാരം ജീവനക്കാർക്ക് ലഭിക്കേണ്ടുന്ന പലിശയുൾപ്പെടെ **30,69,62,316**/-രൂപയുടെ കുറവുണ്ട്. ബാങ്കുകളിലെ സേവിംഗ്സ് അക്കൗണ്ടുകളായും ടേം ഡെപ്പോസിറ്റുകളായും പി.എഫ്.അക്കൗണ്ട് സൂക്ഷിച്ചതുകാരണം പലിശയിനത്തിൽ ഏകദേശം **2 കോടി രൂപ**യുടെ നഷ്ടം യൂണിവേഴ്സിറ്റി ഫണ്ടിന് 2008-09 വർഷം മാത്രം ഉണ്ടായിട്ടുണ്ട്. ആയതിനാൽ മറ്റു യൂണിവേഴ്സിറ്റികളിലേതുപോലെ പി.എഫ്. അക്കൗണ്ടുകൾ ഗവൺമെന്റ് ട്രഷറികളിൽ ആരംഭിക്കാനുള്ള നടപടികൾ എത്രയുംപെട്ടെന്ന് സ്വീകരിക്കേണ്ടതും പലിശയിനത്തിൽ കുറവുവന്ന തുക വീണ്ടെടുക്കുവാൻ സർക്കാരിനോടഭ്യർത്ഥിക്കേണ്ടതുമാണ്.

## 3.1. കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ

### *3.1.1. വിപണനകേന്ദ്രത്തിന്റെ നിർമ്മാണത്തിൽ കോസ്റ്റ്ഫോർഡിന്റെ അനാസ്ഥ*

**(സി.ആർ.എസ്, മാടക്കത്തറ – സ്കീം – 'എസ്റ്റാബ്ലിഷ്മെന്റ് ഓഫ് മോഡൽ നഴ്സറി ഫോർ കാഷ്യൂ')**

*ഓഡിറ്റ് റിപ്പോർട്ട്: 2007-08 & 2008-09, ഖണ്ഡിക നമ്പർ: 5*

| | |
|---|---|
| ✦ | *ഒരിക്കൽ കരാർവച്ച് മുൻകൂർ നൽകിയ പ്രവൃത്തിക്ക് പുതുക്കിയ ഷെഡ്യൂൾ നിരക്ക് നൽകാനായി എസ്റ്റിമേറ്റ് പുതുക്കി.* |
| ✦ | *95 ശതമാനം തുക മുൻകൂർ നൽകിയിട്ടും പൂർത്തിയായത് കെട്ടിടത്തിന്റെ സ്ട്രക്ചർമാത്രം* |
| ✦ | *പുതിയ കോൺക്രീറ്റ് മേൽക്കൂര ചോർന്നൊലിക്കുന്നു.* |

ഡയറക്ടർ ഓഫ് റിസർച്ച്, കാർഷിക സർവ്വകലാശാലയുടെ 31.03.2008ലെ ആർ5/60790/07-ാം നമ്പർ ഉത്തരവുപ്രകാരം 1.95 ലക്ഷം രൂപ ചെലവു കണക്കാക്കി ഒരുവിപണനകേന്ദ്രവും അനുബന്ധ ടോയ്ലറ്റും നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും പ്രസ്തുത മരാമത്തുപണി തൃശ്ശൂരിലെ അയ്യന്തോളിലുള്ള കോസ്റ്റ്ഫോർഡ് (COSTFORD) എന്ന നിർമ്മാണസ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്തു. കോസ്റ്റ് ഫോർഡ് ഡയറക്ടറും മാടക്കത്തറ കശുവണ്ടി ഗവേഷണ കേന്ദ്രത്തിന്റെ തലവനും ഒപ്പിട്ട ധാരണാപത്രം (നം.444/07-08) 31.03.08-ന് നിലവിൽ വന്നു. അന്നേദിവസം തന്നെ, എസ്റ്റിമേറ്റിന്റെ 50% തുകയായ 97,500/-രൂപ (കത്ത് നമ്പർ സി.ആർ.എം. 27/07(ii) തീയതി 31.03.08) കോസ്റ്റ് ഫോർഡിന് മുൻകൂറായി അനുവദിച്ചു.

മുൻകൂറിന്റെ ആദ്യഗഡു ലഭിച്ചാലുടൻ പണി ആരംഭിക്കണമെന്നും മുഴുവൻ പ്രവൃത്തികളും ആറുമാസത്തിനകം പൂർത്തീകരിക്കണമെന്നും ധാരണാപത്രത്തിൽ നിഷ്കർഷിച്ചിരുന്നുവെങ്കിലും 14.07.2008 വരെ ഈ പ്രവൃത്തി ആരംഭിക്കാനുള്ള ഒരു നടപടിയും കൈക്കൊണ്ടില്ല. ഫണ്ട് വിനിയോഗത്തിനായി സ്റ്റേറ്റ് ഹോർട്ടീകൾച്ചർ മിഷൻ (എസ്.എച്ച്.എം.) അനുശാസിച്ചിട്ടുള്ള സമയനിബന്ധന, ധാരണാപത്രപ്രകാരം കോസ്റ്റ് ഫോർഡ് അംഗീകരിച്ച കാലപരിധി എന്നിവ സൂചിപ്പിച്ചുകൊണ്ട് ആറു റിമൈന്ററുകൾ (30.04.2008, 23.05.08, 13.06.08, 26.06.08, 03.07.08, 19.07.08 എന്നീ തിയതികളിലെ അതേ നം.കത്തുകൾ) സ്റ്റേഷൻ അധികൃതർ കോസ്റ്റ്ഫോർഡിന് അയയ്ക്കുകയുണ്ടായി. തുടർന്ന് 14.07.2008-ന് പ്രസ്തുത സ്ഥാപനത്തിലെ ഒരു ജൂനിയർ ഉദ്യോഗസ്ഥൻ സ്റ്റേഷൻ സന്ദർശിച്ച് മരാമത്തുപ്രവൃത്തികളുടെ പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള സാധ്യതകൾ ആരായുകയും തുടർന്ന് കോസ്റ്റ്ഫോർഡ് സമർപ്പിച്ച 2,35,000/-രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് 19.09.2008ലെ ആർ-2/60790/07-ാം ഉത്തരവുപ്രകാരം മുൻകാലപ്രാബല്യത്തോടെ അംഗീകരിച്ചുനൽകുകയും ഒരു സപ്ലിമെന്ററി ധാരണാപത്രം (നം.444എസ്/08-09 തി. 25.08.2008) ഒപ്പുവെയ്ക്കുകയും ചെയ്തു.

തുടർന്ന്, പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം നൽകേണ്ട ആദ്യഗഡുവിന്റെ ബാക്കിതുകയും രണ്ടാംഗഡുവും ആവശ്യപ്പെട്ടുകൊണ്ട് നിർമ്മാണസ്ഥാപനം സ്റ്റേഷൻ അധികൃതർക്ക് അപേക്ഷ നൽകുകയും, 25.12.2008നകം പ്രവൃത്തി പൂർത്തിയാക്കണമെന്ന സപ്ലിമെന്ററി ധാരണാപത്രത്തിലെ വ്യവസ്ഥയ്ക്ക് വിധേയമായി തുകകൾ അനുവദിക്കുകയും ചെയ്തു. സ്കീമിന്റെ നീട്ടിക്കിട്ടിയ കാലാവധി 30.09.08-ൽ അവസാനിക്കുമെന്നതിനാൽ, സൂപ്പർവൈസറി കമ്മിറ്റിയുടെ 29.09.2008-ലെ തീരുമാന പ്രകാരം 3, 4 ഗഡുക്കളായി നൽകേണ്ട തുകകളുടെ ചെക്കുകളും സ്റ്റേഷൻ അധികൃതർ പാസാക്കുകയുണ്ടായി. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാക്ഷ്യപ്പെടുത്താനുള്ള രേഖകളുടെ അഭാവത്തിൽ ഈ ചെക്കുകൾ പെന്റിംഗിൽവച്ചു.

ഇതിനിടയിൽ, നിർമ്മാണസ്ഥാപനം അനിശ്ചിതമായ കാലതാമസം വരുത്തിയിട്ടും കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിനായി കോസ്റ്റ്ഫോർഡ് 30.09.2008-ന് അതായത് സ്കീം അവസാനിക്കുന്നതിന്റെ തലേന്നാൾ - സമർപ്പിച്ച 20000/-രൂപയുടെ പുതിയൊരു എസ്റ്റിമേറ്റ് അന്നേദിവസംതന്നെ സ്റ്റേഷൻ അധികൃതർ അംഗീകരിച്ചു നൽകി (ഉത്തരവു നമ്പർ സി.ആർ.എം./27(iii)/07 തിയതി: 30.09.2008). നിലവിലുള്ള ബഡ്ജറ്റിൽ വൈദ്യുതീകരണം ഉൾപ്പെട്ടിട്ടില്ല എന്ന ന്യായത്തിന്മേലാണ് അധിക തുക അംഗീകരിച്ചത്. കോസ്റ്റ്ഫോർഡ് വൈദ്യുതീകരണം പോലെയുള്ള ഒരവിഭാജ്യഘടകം പ്രവൃത്തികളിൽപെടുത്താതെ വിട്ടുകളഞ്ഞതും സ്റ്റേഷൻ അധികൃതർ ആയത് അംഗീകരിച്ച് അധിക പ്രവൃത്തിയായി പരിഗണിച്ചതും വിചിത്രമായ കീഴ്വഴക്കമായി ഓഡിറ്റ് വീക്ഷിക്കുന്നു.

നീട്ടിക്കൊടുത്ത അവസാനസമയപരിധിയും അവസാനിക്കുന്ന ഡിസംബർ മാസം മുതലങ്ങോട്ട് സ്റ്റേഷൻ അധികൃതർ കോസ്റ്റ്ഫോർഡിന് തുടർച്ചയായി റിമൈന്ററുകൾ അയച്ചതായും (2.12.08, 16.3.08, 22.12.08, 14.7.09, 25.8.09, 1.1.10 തീയതികളിലെ അതേ നമ്പർ കത്തുകൾ) അനൗപചാരികമായ നിരവധി അഭ്യർത്ഥനകൾ നടത്തിയതായും കാണുന്നു. ഫണ്ടിംഗ് ഏജൻസിയുമായും നിർമ്മാണ സ്ഥാപനവുമായുമുള്ള ഉടമ്പടികൾ ലംഘിക്കപ്പെട്ടാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ഓർമ്മപ്പെടുത്തുന്ന കത്തുകളും ഇക്കൂട്ടത്തിലുണ്ട്.

പെന്റിങ്ങ് ചെക്കുകളുടെ സമയപരിധി അവസാനിക്കുന്നതിനു തൊട്ടുമുമ്പ് 25.08.09ന് സ്റ്റേഷൻ തലവൻ അയച്ച 11-ാമത്തെ റിമൈന്റർ ഉപസംഹരിക്കുന്നത് ഇങ്ങനെ: ''എസ്റ്റിമേറ്റ് തുകയുടെ 95 ശതമാനവും നൽകിക്കഴിഞ്ഞെങ്കിലും, ഇന്നോളം കെട്ടിടത്തിന്റെ സ്ട്രക്ചർ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പുതുതായി നിർമ്മിച്ച കോൺക്രീറ്റ് മേൽക്കൂര ഗുരുതരമായി ചോർന്നൊലിക്കുകയാണെന്ന വസ്തുത കൂടി താങ്കളെ ഖേദപൂർവ്വം അറിയിച്ചുകൊള്ളട്ടെ''.

നൽകിയ മുൻകൂർ തുകകളുടെയും കൈമാറ്റം ചെയ്യാത്ത ചെക്കുകളുടെയും വിശദവിവരം ചുവടെ ചേർക്കുന്നു:-

| സി.ബി. വൗച്ചർ നം. | ചെക്ക് നം/ തിയ്യതി | ചെലവിന്റെ വിശദാംശങ്ങൾ | തുക (രൂപ) |
|---|---|---|---|
| 155/3/07-08 | 063588/31.3.08 | ആദ്യഗഡു (ആദ്യ എസ്റ്റിമേറ്റ് തുകയായ 1.95 ലക്ഷം രൂപയുടെ 50%) | 97500 |
| 29/9/08-09 | 68426/5.9.08 | പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ആദ്യഗഡുവിന്റെ ബാക്കി - 20000 രണ്ടാംഗഡു - 58750 | 78750 |
| 127/9/08-09 | 68499/30.9.08 | മൂന്നാംഗഡു | 47000 |
| 127/9/08-09 | 68500/30.9.08 | നാലാംഗഡു (പെന്റിംഗ് ചെക്ക്) | 11750 |
| 128/9/08-09 | 70401/30.9.08 | വൈദ്യുതീകരണത്തിനായുള്ള പുതിയ എസ്റ്റിമേറ്റ് പ്രകാരം നൽകിയത്. | 20000 |
| | | ***ആകെ*** | ***255000*** |

അനിശ്ചിതമായ കാലതാമസം, തന്മൂലമുണ്ടാകാനിടയുള്ള സാമ്പത്തിക നഷ്ടം എന്നിവ സംബന്ധിച്ച സർവ്വകലാശാലാധികൃതരുടെ അന്വേഷണത്തിനു വിധേയമായി ആകെ ചെലവു തുകയായ 2,55,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അവസാന ഗഡുവൊഴികെയുള്ള തുകകൾ (95%) മുൻകൂറായി നൽകിക്കഴിഞ്ഞ സാഹചര്യത്തിൽ, ഈ തുക റിലീസ് ചെയ്യുന്നതിനു മുമ്പ്, ചോർച്ച ബാധിച്ച മേൽക്കൂരയുടെ അറ്റകുറ്റപ്പണി ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച് സൂപ്പർവൈസറി കമ്മിറ്റിയും എഞ്ചിനീയറിംഗ് വിഭാഗവും ചേർന്ന് പരിശോധന നടത്തി രേഖാമൂലം ഉറപ്പുവരുത്തേതാണ്.

കോസ്റ്റ്ഫോർഡ് പോലെയുള്ള സ്ഥാപനങ്ങൾ കരാറിലെ ഉപാധികളും കാലപരിധികളും പാലിക്കാത്ത സാഹചര്യത്തിൽ ചെറുകിട മരാമത്തുവേലകൾ ചെലവു നിയന്ത്രിച്ചു നടപ്പിലാക്കാനുള്ള ബദൽ മാർഗ്ഗങ്ങൾ സർവ്വകലാശാലാധികൃതർ ആരായേണ്ടതുണ്ടെന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*
*ഡോ. ജോസഫ് മാത്യു, പ്രൊഫസർ & ഹെഡ്*
*സി.ആർ.എസ്. മാടക്കത്തറ*

## *3.1.2. കെട്ടിടമില്ല – കാർഡമം ഡ്രൈയർ നിഷ്ഫല ആസ്തിയായി:*

***സി.ആർ.എസ്, പാമ്പാടുംപാറ – ആർ.കെ.വി.വൈ. സ്കീം – ഫസ്റ്റ് ഫെയ്സ് – ഡെവലപ്പിങ് പ്രോട്ടോകോൾ ഫോർ ഓർഗാനിക് കൾട്ടിവേഷൻ ഓഫ് കാർഡമം:***
*ഓഡിറ്റ് റിപ്പോർട്ട്: 2008-09, ഖണ്ഡിക നമ്പർ: 5 (2)*

| | |
|---|---|
| ✦ | *രണ്ട് ലക്ഷത്തിന്റെ കാർഡമം ഡ്രൈയർ തുരുമ്പെടുക്കുന്നു.* |
| ✦ | *അനുയോജ്യമായ കെട്ടിടം ലഭ്യമല്ലാത്തതിനാലും സൂപ്പർവൈസറെ ലഭ്യമാകാത്തതിനാലും വാങ്ങി ഒരുവർഷം കഴിഞ്ഞിട്ടും യന്ത്രം സ്ഥാപിക്കാനായില്ല.* |
| ✦ | *യന്ത്രം വാങ്ങിയത് നടപടിക്രമങ്ങൾ പാലിക്കാതെ.* |

സർവ്വകലാശാലാഗവേഷണവിഭാഗം ഡയറക്ടറുടെ 19.3.08ലെ ആർ-6/66055/ 07/XII-ാം നമ്പർ ഉത്തരവുപ്രകാരം സ്കീമിന്റെ ആവശ്യത്തിലേക്ക് 500 കി.ഗ്രാം ശേഷിയുള്ള കാർഡമം ഡ്രൈയർ വാങ്ങാൻ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചു. റെയ്ഡ്കോ (RAIDCO)യുടെ കട്ടപ്പന ശാഖയ്ക്ക് 06.05.08-ന് സപ്ലൈ ഓർഡർ നൽകുകയും 08.09.08-ന് റെയ്ഡ്കോ ഉപകരണം സപ്ലൈ ചെയ്യുകയും ചെയ്തു. ആയതിന്റെ വിലയായി 1,99,892/-രൂപ സി.ബി.വി നമ്പർ 31/9/08 പ്രകാരം (ചെക്ക് നമ്പർ 518728 തീയതി: 18.09.08) സ്കീമിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാങ്ങൽ നടപടി പൂർത്തിയായി ഒരുവർഷത്തിനുശേഷവും യന്ത്രം സ്ഥാപിച്ചിട്ടില്ല എന്നാണ് ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ വ്യക്തമാകുന്നത് (8/2011-ലും യന്ത്രം ഇൻസ്റ്റാൾ ചെയ്തിട്ടില്ല എന്ന് സ്റ്റേഷൻ അധികൃതർ വാക്കാൽ അറിയിച്ചിട്ടുണ്ട്). അനുയോജ്യമായ കെട്ടിടത്തിന്റെ അഭാവത്തിലും ഒരു സൂപ്പർവൈസറുടെ സേവനം ലഭ്യമല്ലാത്തതിനാലും യന്ത്രം സ്ഥാപിച്ച് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സ്റ്റേഷൻ അധികൃതർ, ഗവേഷണവിഭാഗം ഡയറക്ടർക്ക് 06.01.2009ന് അയച്ച സി.ആർ.എസ്.പി.(2)566/07-ാം നമ്പർ കത്തിൽ രേഖപ്പെടുത്തിക്കാണുന്നു.

ഓഡിറ്റ് ടീമിന്റെ നേരിട്ടുള്ള പരിശോധനയിൽ യന്ത്രത്തിന്റെ ഉപരിഭാഗങ്ങൾ തുരുമ്പെടുത്തതായും കണ്ടെത്തി. റെയ്ഡ്കോയിൽ നിന്നുള്ള വെറുമൊരു പ്രൊഫോർമ ഇൻവോയ്സിന്റെ മാത്രം അടിസ്ഥാനത്തിലാണ് ഈ വാങ്ങൽ നടത്തിയത്. യന്ത്രം സ്ഥാപിക്കൽ, വാറന്റി ഉപാധികൾ എന്നിവ സംബന്ധിച്ച് സ്ഥാപനവും സർവ്വകലാശാലയും ചേർന്ന് തയ്യാറാക്കേണ്ടിയിരുന്ന രേഖാമൂലമുള്ള ഉടമ്പടിയും നിലവിലില്ല.

അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച ആസൂത്രണമൊന്നുമില്ലാതെ, ഫണ്ട് ലാപ്സായി പോകാതിരിക്കാൻ മാത്രമായി തിരക്കിട്ടു നടത്തിയ ധനവ്യയമായിട്ടേ ഈ വാങ്ങൽ നടപടിയെ വീക്ഷിക്കാനാവൂ. യന്ത്രം ഇന്നോളം സ്ഥാപിച്ചിട്ടില്ലെന്നതും ഗുരുതരമായ വീഴ്ചയാണ്.

ഇക്കാര്യത്തിൽ സർവ്വകലാശാലാതലത്തിലുള്ള അന്വേഷണം ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് പരാമർശത്തിന് സർവ്വകലാശാല നൽകിയ വിശദീകരണത്തിൽ കാർഡമം ഡ്രൈയർ യൂണിറ്റ് സ്ഥാപിക്കാനുള്ള തുക സ്കീമിൽ വകയിരുത്തിയിരുന്നില്ലെന്നും പിന്നീട് 4 ലക്ഷം രൂപ അനുവദിച്ചു എന്നും രേഖപ്പെടുത്തിയി രിക്കുന്നു.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*ഡോ.ജി.ശിവകുമാർ, അസോസിയേറ്റ് പ്രൊഫസർ & ഹെഡ്,*
*സി.ആർ.എസ്, പാമ്പാടുംപാറ.*

★ ★ ★

## അദ്ധ്യായം-4

# മിസലേനിയസ് സ്ഥാപനങ്ങൾ

### 4.1. സർവ്വവിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ട്

| | |
|---|---|
| ✦ | *വിജ്ഞാനകോശങ്ങളുടെ പ്രസിദ്ധീകരണം അനിശ്ചിതമായ നീണ്ടുപോകുന്നു.* |
| ✦ | *ബജറ്റ് വകയിരുത്തൽ ഇല്ലാതെയുള്ള ചെലവുകൾ.* |
| ✦ | *ചട്ടവിരുദ്ധമായ നിയമനങ്ങളും ഉദ്യോഗക്കയറ്റങ്ങളും.* |

വർഷത്തിൽ ഒന്ന് എന്ന കണക്കിൽ മലയാള വിജ്ഞാനകോശം 20 വാല്യങ്ങളായി പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ 1961-ൽ ആരംഭിച്ച സ്ഥാപനം 11.06.08 വരെ 14 വാല്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ പരിസ്ഥിതി വിജ്ഞാനകോശം (ഏക വാല്യം), വിശ്വസാഹിത്യ വിജ്ഞാനകോശം (10 വാല്യങ്ങൾ), പരിണാമ വിജ്ഞാനകോശം, ജ്യോതിശാസ്ത്രവിജ്ഞാനകോശം എന്നിവയുടെ പ്രസിദ്ധീകരണ ജോലികളും ഏറ്റെടുത്തു നടത്തുന്നുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരം (10.04.08-ലെ ഭരണസമിതി യോഗം അംഗീകരിച്ചത്) സാഹിത്യ വിജ്ഞാനകോശം 7, 8, സർവ്വ വിജ്ഞാന കോശം 15, 16 എന്നിവയുടെ പ്രസിദ്ധീകരണം സർവ്വവിജ്ഞാനകോശം 3,4,5 എന്നിവകളുടെ പരിഷ്കരണം, കേരള വിജ്ഞാനകോശം, നിയമ വിജ്ഞാനകോശം എന്നിവകളുടെ പ്രസിദ്ധീകരണം എന്നിവയാണ് 2008-09 സാമ്പത്തിക വർഷം നടത്തേണ്ടിയിരുന്നത്. എന്നാൽ സർവ്വവിജ്ഞാനകോശം 2, 10 എന്നിവകളുടെ പരിഷ്കരണം, സർവ്വ വിജ്ഞാനകോശം 13 (പുനർ മുദ്രണം) സാഹിത്യ വിജ്ഞാന കോശം 6-ന്റെ പ്രസിദ്ധീകരണം എന്നിവയുടെ ജോലികളാണ് പൂർത്തീകരിച്ചിട്ടുള്ളത്. വിജ്ഞാനകോശങ്ങളുടെ നവീകരണം, പുനർമുദ്രണം, പൂർത്തീകരണം എന്നിവ നടത്തി നിർദ്ദേശിക്കപ്പെട്ട എല്ലാ വാല്യങ്ങളും വിജ്ഞാനം ആഗ്രിക്കുന്നവർക്ക് ലഭ്യമാക്കേണ്ടത് വിജ്ഞാന വിസ്ഫോടനം നടക്കുന്ന ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. സർവ്വവിജ്ഞാന കോശത്തിന്റെ കാര്യക്ഷമമായ വിപണനത്തിനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാവിപരിപാടികൾക്കും ഇത് ആവശ്യമാണെന്ന് ഓഡിറ്റ് ചൂണ്ടിക്കാട്ടുന്നു.

ബജറ്റ് നിർദ്ദേശങ്ങളിലുൾപ്പെടുത്താതെ വർക്ക്ഷോപ്പ് നടത്തുന്നതിന് (2008-09 സാമ്പത്തിക വർഷം) 1,97,726/-രൂപയും കമ്പ്യൂട്ടർ മറ്റനുബന്ധ സാധനങ്ങൾ എന്നിവയ്ക്കായി 1,95,101/-രൂപയും ചെലവഴിച്ചതിന് സർക്കാർ സാധൂകരണം വാങ്ങിയിട്ടില്ല. കൂടാതെ എഴുത്തുകാരുടെ പ്രതിഫലയിനത്തിൽ 4 ലക്ഷം രൂപ വകയിരുത്തിയിട്ട് 8 ലക്ഷം രൂപ ചെലവഴിച്ചു. പ്രിന്റിംഗ് പേപ്പറിൽ 24 ലക്ഷം രൂപയാണ് വകകൊള്ളിച്ചിരുന്നതെങ്കിലും 25,62,824/-രൂപ ചെലവു ചെയ്തു. ഇവയ്ക്ക് ബജറ്റ് അപ്രോപ്രിയേഷൻ നടത്തി സർക്കാർ അംഗീകാരം നേടിയിട്ടില്ല.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ 1984-ലെ ജനറൽ ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് റൂൾ 10 പ്രകാരം സെലക്ഷൻ തസ്തികകളിലേയ്ക്കുള്ള പ്രമോഷനുകളും

നിയമനങ്ങളും (ബൈ ട്രാൻസ്ഫർ) നടത്തേണ്ടത് ഡി.പി.സി അംഗീകരിച്ച സെലക്ട് ലിസ്റ്റിൽ നിന്നാവണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും 2008-09 വർഷത്തിൽ ഇത്തരം നിയമനങ്ങൾ സെലക്ട് ലിസ്റ്റിൽ നിന്നല്ലാതെ നടത്തിയിട്ടുള്ളത് ചട്ടവിരുദ്ധമാണ്.

ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിട്ടിട്ടുള്ളതിനാൽ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമേ നടത്താൻ പാടുള്ളൂവെന്നും അങ്ങനെയല്ലാതുള്ളവ ക്രമരഹിതമായി പരിഗണിക്കുമെന്നും ഇത്തരം നിയമനങ്ങൾ നടത്തുന്നവർ ശിക്ഷാർഹരാണെന്നുമുള്ള സർക്കാർ ഉത്തരവും ബഹു.നിയമസഭാ കമ്മിറ്റിയുടെ നിർദ്ദേശമുണ്ടായിരുന്നിട്ടും ഇൻസ്റ്റിറ്റ്യൂട്ടിൽ ക്രമരഹിത നിയമനങ്ങൾ നിർബാധം തുടരുന്നു.

പ്രിന്റിംഗ്, ആർട്ട് പേപ്പറുകളുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമായി സൂക്ഷിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്.

ശമ്പളവും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യാൻ സർക്കാർ ഗ്രാന്റ് (നോൺ പ്ലാൻ ഗ്രാന്റ്) പര്യാപ്തമാകാതെ വരുമ്പോൾ, ഭരണസമിതിയുടെ അനുവാദത്തോടെ പ്രസ്തുത ആവശ്യത്തിനു മാത്രമായി റിവോൾവിംഗ് ഫണ്ടിൽ നിന്ന് കടമെടുക്കാവുന്നതാണ്. എന്നാൽ മറ്റനവധി കാര്യങ്ങൾക്കും റിവോൾവിംഗ് ഫണ്ടിൽ നിന്ന് കടമെടുത്തു കാണുന്നത് ചട്ടവിരുദ്ധമാണ്.

ജനറൽ ഫണ്ടിന്റെ പ്രധാന വരവിനം സർക്കാർ ഗ്രാന്റാണ് (പദ്ധതി, പദ്ധതിയേതര ഇനം) 2008-09-ൽ ഈയിനത്തിൽ 1,70,94,000/-രൂപ (പദ്ധതിയിനം 70 ലക്ഷം രൂപ, പദ്ധതിയേതരം 1,00,94,000/-രൂപ) കിട്ടിയിട്ടുണ്ട്. 54,10,000/-രൂപ റിവോൾവിംഗ് ഫണ്ടിൽ നിന്ന് കടമെടുത്തു. റിവോൾവിംഗ് ഫണ്ടിലേയ്ക്ക് 35 ലക്ഷം രൂപ തിരിച്ചടച്ചിട്ടുണ്ട്. തൻവർഷം ജനറൽ ഫണ്ട് അക്കൗണ്ടിലെ ആകെ വരവ് 2,25,48,112/-രൂപയും ചെലവ് 2,26,19,494/-രൂപയുമാണ്.

## 4.1.1. ആവശ്യം തിട്ടപ്പെടുത്താതെ പ്രിന്റിംഗ് പേപ്പർ സ്വകാര്യ പ്രസിനെ ഏൽപ്പിച്ചു

***ജനറൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക നമ്പർ:18***

| | |
|---|---|
| ✦ | *23.9 ലക്ഷത്തിന്റെ പ്രിന്റിംഗ് പേപ്പർ അധികം വാങ്ങി.* |
| ✦ | *അധികം വാങ്ങിയ പേപ്പർ സ്വകാര്യ പ്രസ്സിൽ.* |

കാലാകാലങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ടിനനുവദിക്കുന്ന ഗ്രാന്റിന്റെ സിംഹഭാഗവും പ്രിന്റിംഗിനും ആർട്ട് പേപ്പറുകളുടെ വാങ്ങലിനും അനുബന്ധചെലവുകൾക്കുമാണ് വിനിയോഗിക്കുന്നതെങ്കിലും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പക്കൽ ഇതു സംബന്ധിച്ച വിവരം ലഭ്യമല്ല. പ്രസിദ്ധീകരണ ആവശ്യങ്ങൾക്കായി വാങ്ങുന്ന പേപ്പർ പ്രിന്റിംഗ് പ്രസിൽ തന്നെയാണ് സൂക്ഷിക്കുന്നതെന്നാണ് ഇതിന്മേൽ ഇൻസ്റ്റിറ്റ്യൂട്ട് നൽകിയിട്ടുള്ള വിശദീകരണം (കത്ത് നം.347/ഇ4/09 എസ്.ഐ.ഇ.പി) പ്രസിൽ സൂക്ഷിച്ചിട്ടുള്ള പേപ്പറിന്റെ കൃത്യത പ്രൊഡക്ഷൻ വിഭാഗം മാസത്തിലൊരിക്കൽ പരിശോധിക്കുന്നുണ്ടെന്ന് ഇൻസ്റ്റിറ്റ്യൂട്ട് അവകാശപ്പെടുന്നുണ്ടെങ്കിലും സ്റ്റോക്ക്രജിസ്റ്റർ പരിപാലിക്കാത്തത് നീതീകരിക്കാനാവാത്തതാണ്. 15.11.97-നു ശേഷം പ്രിന്റിംഗ് പേപ്പർ/ആർട്ട്

പേപ്പർ എന്നിവയുടെ സ്റ്റോക്ക് വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 02.12.09-ലെ ജി.ഒ.(എം.എസ്)നം.37/89/സി.എ.ഡി പ്രകാരം (ഡെലിഗേഷൻ ഓഫ് പവേഴ്സ്) ഗോഡൗൺ/സ്റ്റോക്ക് എന്നിവ പരിശോധിക്കാൻ ചുമതലപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഇക്കാര്യം ശ്രദ്ധിച്ചിട്ടില്ല. ഇത് ഈ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള ഗുരുതരമായ കൃത്യവിലോപമാണ്.

കൃത്യമായ സ്റ്റോക്കു വിവരം സൂക്ഷിക്കാത്തതിനാൽ 2008-09 കാലയളവിൽ 23,93,464/-രൂപയുടെ പ്രിന്റിംഗ്/ആർട്ട് പേപ്പർ എന്നിവ അധികമായി വാങ്ങുകയുണ്ടായി.

വിജ്ഞാനകോശം 02, 10, 13, സാഹിത്യ വിജ്ഞാനകോശം-06 എന്നീ വാല്യങ്ങളുടെ 5000 കോപ്പികൾ വീതം അച്ചടിക്കുന്നതിന് സ്റ്റേഷനറി കൺട്രോളർ മുഖാന്തരം 2046 റീം പ്രിന്റിംഗ് പേപ്പർ, 210 റീം ആർട്ട് പേപ്പർ എന്നിവ യഥാക്രമം മെ.പ്രീമിയർ പ്രിന്റേഴ്സ് ലിമിറ്റഡ്, തിരുവനന്തപുരം; മെ.ശ്രീറാം ഏജൻസീസ്, എറണാകുളം എന്നിവരിൽ നിന്ന് വാങ്ങിച്ച് (മേൽപ്പറഞ്ഞ പ്രിന്റിംഗിനായി 2000 റീം പ്രിന്റിംഗ് പേപ്പർ, 200 റീം ആർട്ട് പേപ്പർ എന്നിവ വാങ്ങുവാനായിരുന്നു പ്രിന്റിംഗ് കമ്മിറ്റി തീരുമാനം) അച്ചടി ജോലികൾ ഏൽപ്പിച്ചിട്ടുള്ള മെ.എസ്.ബി. പ്രിന്റേഴ്സിനു നൽകി. എന്നാൽ ഇൻസ്റ്റിറ്റ്യൂട്ടിലെ സെയിൽസ് വിഭാഗം ഡെവലപ്മെന്റ് ഓഫീസർ ഓഡിറ്റിന് നൽകിയിട്ടുള്ള രേഖകൾ പ്രകാരം 03.04.07 മുതൽ 1924.385 റീം പ്രിന്റിംഗ് പേപ്പർ, 153.395 റീം ആർട്ട്പേപ്പർ എന്നിവ മെ.എസ്.ബി.പ്രിന്റേഴ്സ് വശം നീക്കിയിരിപ്പുണ്ടായിരുന്നു. എന്നാൽ ഇക്കാര്യം പ്രിന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്താതെയാണ് പ്രിന്റിംഗ്/ആർട്ട് പേപ്പർ എന്നിവ വാങ്ങിയിരുന്നത്. നീക്കിയിരിപ്പുണ്ടായിരുന്ന പേപ്പർ കൂടി കണക്കിലെടുത്തിരുന്നെങ്കിൽ കേവലം 76 റിം പ്രിന്റിംഗ് പേപ്പർ, 47 റീം ആർട്ട് പേപ്പർ എന്നിവ മതിയാകുമായിരുന്നു. ഇതിലൂടെ 23,93,464/-രൂപ അധിക ചെലവുണ്ടാക്കിയതിന്മേൽ തൃപ്തികരമായ മറുപടി നൽകാൻ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച വിശദമായ പട്ടിക ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വിജ്ഞാനകോശ വാല്യങ്ങളുടെ പ്രസിദ്ധീകരണത്തിന് പർച്ചേസ് ഓർഡർ നൽകിയ പേപ്പർ (റീം കണക്കിൽ) | | വാങ്ങിയത് (റീം കണക്കിൽ) | വില ഒടുക്ക് (രൂപ) | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് 03.04.07-ൽ (റീം കണക്കിൽ) | സ്റ്റോക്ക് കണക്കിലെടുത്താൽ വാങ്ങേണ്ടിയിരുന്നത് (റീം കണക്കിൽ) | സ്റ്റോക്ക് കണക്കിലെടുത്ത് പേപ്പർ വാങ്ങിയിരുന്നെങ്കിൽ ചെലവാകുമായിരുന്ന തുക (രൂപ) | സ്റ്റോക്ക് കണക്കാക്കാതെ അധികമായി വാങ്ങിയ പേപ്പർ (റീം കണക്കിൽ) | പേപ്പർ വാങ്ങിയ ഇനത്തിൽ അധികമായി ചെലവാക്കിയ തുക (രൂപ) |
|---|---|---|---|---|---|---|---|---|---|
| **1** | **2** | **3** | **4** | **5** | **6** | **7** | **8** | **9** | **10** |
| 1 | പ്രിന്റിംഗ് പേപ്പർ | 2000 | 2046 | 2200714 | 1924.385 | 76 (2000-1924) | 81747.12 @ 1075.62x76 | 1970 | 2118967 (2200714-81747) |
| 2 | ആർട്ട് പേപ്പർ | 200 | 210 | 353646 | 153.395 | 47 (200-153) | 79149.34 @ (1684.02x 47) | 163 | 274497 (353646-79149) |
| **ആകെ** | | | | **2554360** | | | **160896** | | **2393464** |

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥർ:</u>*

*1. പ്രൊഫ.കെ.പാപ്പുട്ടി, ഡയറക്ടർ( വിരമിച്ചു),*
*കനവ്, മടപ്പള്ളി കോളേജ്, വടകര.*

*2. ശ്രീ.പി.ശ്രീകുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (വിരമിച്ചു),*
*'ശ്രീ', കോട്ടുകാൽ, ബാലരാമപുരം,*
*തിരുവനന്തപുരം - 695 501.*

## 4.2. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

1955-ലെ തിരു-കൊച്ചി ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം സ്ഥാപിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

2006-07 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ ധനസഹായമായി പ്ലാൻ ഇനത്തിൽ 50,15,000/-രൂപയും നോൺപ്ലാൻ ഇനത്തിൽ 1,06,41,000/- രൂപയും ലഭിച്ചു. മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര മനുഷ്യവിഭവ വകുപ്പ് മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ കമ്മീഷൻ ഫോർ സയന്റിഫിക് ആന്റ് ടെക്നിക്കൽ ടെർമിനോളജിയിൽ (CSTT) നിന്നും 20 ലക്ഷം രൂപ തൻവർഷം ലഭിച്ചു. യൂണിവേഴ്സിറ്റി/ഹയർ സെക്കന്ററി തലത്തിലുള്ള പുസ്തക പ്രസിദ്ധീകരണത്തിനാണ് CSTT ഗ്രാന്റ് നൽകുന്നത്. എന്നാൽ യൂണിവേഴ്സിറ്റി/ ഹയർ സെക്കന്ററി അക്കാദമിക് വിഭാഗത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലല്ല പ്രസ്തുത ഗ്രാന്റ് വിനിയോഗിക്കുന്നത്.

ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിട്ടുകൊണ്ട് 1999-ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഇതുവരെ തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. കരാറടിസ്ഥാനത്തിലും താൽക്കാലികാടിസ്ഥാനത്തിലും ശമ്പളസ്കെയിൽ നൽകി നിയമനങ്ങൾ നടത്തുന്നത് ഗുരുതരമായ ചട്ടലംഘനമാണ്. വിജ്ഞാനമുദ്രണം പ്രസിലെ ജീവനക്കാരുടെ സേവന വേതന ചട്ടങ്ങൾക്ക് സർക്കാരിന്റെ അംഗീകാരം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

## *4.2.1 വിജ്ഞാനമുദ്രണം പ്രസ്- വികലാംഗരുടെ താത്ക്കാലിക നിയമനം ക്രമവിരുദ്ധം*

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 14***

| | |
|---|---|
| ✦ | ***ഇല്ലാത്ത തസ്തികയിൽ നിയമനം.*** |
| ✦ | ***11.02.2009-ൽ ജോലിയിൽ പ്രവേശിച്ചവരുടെ നിയമനത്തിന് 02.02.2009 മുതൽ പ്രാബല്യം നൽകി.*** |

വിജ്ഞാനമുദ്രണം പ്രസിൽ പത്തുവർഷക്കാലം പീസ്റേറ്റ് അടിസ്ഥാനത്തിൽ ജോലിചെയ്തിരുന്ന വികലാംഗരായ ഒൻപതുപേരെ 16.12.08ൽ കൂടിയ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി യോഗത്തിന്റെ 15-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളസ്കെയിൽ നൽകി താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തീരുമാനിക്കുകയും ഡയറക്ടറുടെ വി/374/09/സിൽ തീയതി 11.02.09

പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ബയന്റിങ് യോഗ്യതയുള്ളവരെ ബയന്റർമാരായും, അല്ലാത്തവരെ ബയന്റിങ് വർക്കർമാരായും നിയമിക്കാൻ തീരുമാനിച്ചു. താഴെപ്പറയുന്ന ഒൻപതുപേരെയാണ് നിയമിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| 1 | റ്റി.ശാന്തമ്മ | 40% വികലാംഗത്വം | എസ്.എസ്.എൽ.സി.ജയിച്ചു, ബയന്റിങ്ങിൽ കെ.ജി.ടി.ഇ.ലോവർ സർട്ടിഫിക്കറ്റ് |
| 2 | ബി.ലതാകുമാരി | 50% വികലാംഗത്വം | ,, |
| 3 | എം.സാവിത്രി | 50% വികലാംഗത്വം | ,, |
| | (ഇവരെ 5250-8390 രൂപ ശമ്പളനിരക്കിൽ ഒഴിവുള്ള ബൈൻഡർ തസ്തികയിൽ നിയമിച്ചു) | | |
| 4 | ബി.ബിന്ദു | 90% വികലാംഗത്വം | സർട്ടിഫിക്കറ്റ് കോഴ്സ് പാസായി |
| 5 | എസ്.പ്രഭ | 95% വികലാംഗത്വം | ,, |
| 6 | എസ്.വാസന്തി | 95% വികലാംഗത്വം | ,, |
| 7 | എസ്.ലത | 95% വികലാംഗത്വം | ,, |
| 8 | ഒ.പ്രസന്നകുമാരി | 95% വികലാംഗത്വം | ,, |
| 9 | കെ.തങ്കി | 50% വികലാംഗത്വം | ,, |

ഈ ആറുപേരെ ബയന്റിങ് വർക്കർ എന്ന തസ്തികയിൽ 4510-6230 രൂപ നിരക്കിൽ നിയമിച്ചു. വർക്കർ തസ്തികയിൽ നിയമിക്കപ്പെട്ടവർ ബൈൻഡറാവാൻ യോഗ്യതനേടുമ്പോൾ എൽ.ഡി.ബൈൻഡറായി നിയമിക്കാനും തീരുമാനിച്ചു. എല്ലാ നിയമനങ്ങൾക്കും സർക്കാരിന്റെ അംഗീകാരത്തിനുവിധേയമായി 02.02.09 മുതൽ പ്രാബല്യം നൽകി ഉത്തരവായി. എന്നാൽ എസ്.ലത ഒഴികെ ബാക്കി എട്ടുപേരും 11.02.2009-ലാണ് ജോലിക്ക് ഹാജരായതും, 11.02.2009-ലാണ് ഉത്തരവ് ഇറക്കിയിട്ടുള്ളതും. അതിനാൽ 02.02.2009-ന് പ്രാബല്യം നൽകിയത് വിശദമാക്കേണ്ടതാണ്.

ഇതിൽ എസ്.പ്രഭ, എസ്.ലത, എസ്.വാസന്തി എന്നിവർ ഒരേ വീട്ടിൽ നിന്നുള്ളവരാണ് [ശ്രീധരൻനാടാർ-സുഭദ്ര, വാസന്തിഭവൻ, ഈഴക്കോട്, മലയിൻകീഴ്, തിരുവനന്തപുരം] ഇതിൽ എസ്.ലതയുടെയും, എസ്.പ്രഭയുടെയും ജനന ത്തീയതികൾ വൈരുദ്ധ്യാത്മകമാണ്. എസ്.ലതയുടെ ജനനത്തീയതി 08.09.1973, എസ്.പ്രഭയുടേത് 10.01.1974 എന്നിങ്ങനെയാണ് എസ്.എസ്.എൽ.സി. ബുക്കുകളിൽ കാണുന്നത്.

16.05.2007-ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം-55/2007/സി.എ.ഡി. പ്രകാരം തസ്തിക സൃഷ്ടിക്കൽ, അപ്ഗ്രഡേഷൻ, ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ മാറ്റംവരുത്തുക എന്നിവയ്ക്കു മുമ്പായി സർക്കാരിന്റെ വ്യക്തമായ അംഗീകാരം നേടിയിരിക്കണം. ഒരു നിയമനവും-സ്ഥിരം, റെഗുലർ, പ്രൊവിഷണൽ, താത്ക്കാലികം, കരാറടിസ്ഥാനം, ദിവസക്കൂലി-സർക്കാരിന്റെ വ്യക്തമായ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ലാതെ നടത്താൻപാടില്ല. ഈ ഉത്തരവിൽ വിജ്ഞാന മുദ്രണം പ്രസിൽ സർക്കാർ അംഗീകാരമുള്ള തസ്തികകളിൽ ബൈൻഡിങ് വർക്കർ എന്നൊരു തസ്തികയില്ലെന്ന് സംശയലേശമന്യേ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽനിന്നും, ആറുപേരെ ഇല്ലാത്ത തസ്തികയിലാണ് നിയമിച്ചിരിക്കുന്നത് എന്നുകാണാം.

2006-ന് മുമ്പ് സർക്കാരിന്റെ അനുവാദമില്ലാതെ തസ്തികകൾ സൃഷ്ടിക്കുകയും ജീവനക്കാരെ നിയമിക്കുകയും ചെയ്തത് പ്രശ്നമായതിലാണ് സർക്കാർ

2007-ൽ ഇതിനെതിരെ ഉത്തരവിറക്കിയിട്ടുള്ളത്. എന്നാൽ സിൽ ഡയറക്ടർ വീണ്ടും സർക്കാർ ഉത്തരവിനെതിരെയാണ് നിയമനങ്ങൾ നടത്തിവരുന്നത്. സർക്കാർ ഉത്തരവ് പ്രകാരം വ്യക്തമായ നിർദ്ദേശമുള്ളതിനാൽ മൂന്നുപേരെ എൽ.ഡി.ബൈന്റർ മാരായും, ആറു പേരെ ബൈന്റർ വർക്കർമാരായും നിയമിച്ച സിൽ ഡയറക്ടറുടെ നടപടി ചട്ടവിരുദ്ധമാകുന്നു.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*

*ഡോ.പി.കെ.പോക്കർ(ഡയറക്ടർ)*

*സരോവരം, നല്ലളം, കോഴിക്കോട്.*

## 4.2.2. സ്റ്റാൾവാടക പിരിച്ചെടുക്കാത്തതു വഴിനഷ്ടം

***<u>2008-ലെ കോഴിക്കോട് അന്താരാഷ്ട്രപുസ്തകോത്സവം</u>***
***<u>സ്പെഷ്യൽ റിപ്പോർട്ട് ഖണ്ഡിക: 5</u>***

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 06.10.2008-ലെ എസ്.പി.2/ 3082/2008. സിൽ നമ്പർ ഉത്തരവ് പ്രകാരം അന്താരാഷ്ട്ര പുസ്തകമേള നടത്തിപ്പിന്റെ മുന്നോടിയായി സിൽ റിസർച്ച് ഓഫീസർ ശ്രീ.എൻ.ജയകൃഷ്ണനെ 29.09.2008 മുതൽ 20.11.2008 വരെ കോഴിക്കോട് പ്രാദേശികകേന്ദ്രത്തിലേക്ക് മാറ്റി നിയമിച്ചു. 29.10.2008-ലെ ഡയറക്ടറുടെ ഉത്തരവ് നമ്പർ എ1/73/08/സിൽ ആർ.സി. പ്രകാരം സ്റ്റാൾ ബുക്കിങ്, പുസ്തകോത്സവത്തിന്റെ സാമ്പത്തിക ചുമതല, സംഘാടക ചുമതല, സ്റ്റാളുകളിൽ നിന്നും വാടകപിരിക്കുന്നതിന്റെ ചുമതല എന്നിവ ശ്രീ.ജയകൃഷ്ണന് നൽകി ഉത്തരവായി.

2008-ലെ അന്താരാഷ്ട്ര പുസ്തകോത്സവത്തിന് 130 സ്റ്റാളുകളാണ് നിർമ്മിച്ചിരുന്നത്. ഇതിൽ ഏഴു സ്റ്റാളുകൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനും, മറ്റാവശ്യങ്ങൾക്കുമായി മാറ്റിവച്ചിരുന്നു. 7000/-രൂപയാണ് ഒരു സ്റ്റാളിന് വാടക നിശ്ചയിച്ചിരുന്നത്. കൊമേഴ്സ്യൽ സ്റ്റാളിന് 8000/-രൂപയാണ് വാടക നിശ്ചയിച്ചിരുന്നത്. ഒന്നിൽ കൂടുതൽ സ്റ്റാളുകൾ വാടകക്കെടുക്കുന്നവർക്ക് കിഴിവും അനുവദിച്ചിരുന്നു. കൊമേഴ്സ്യൽ ആവശ്യത്തിന് സ്റ്റാൾ നൽകിയതായി കാണുന്നില്ല.

സ്റ്റാൾ വാടക പിരിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് മുൻ സൂപ്രണ്ട് ശ്രീ.ഒ.ഭാസ്കരനെയും, ശ്രീ.ഉണ്ണികൃഷ്ണൻ.യു.ഡി.സി.യെയും നിയോഗിച്ചുവെങ്കിലും, പുസ്തകോത്സവത്തിന്റെ കൺവീനറായ ജയകൃഷ്ണൻ ഇതിനെ എതിർക്കുകയും സ്വന്തം നിലയിൽ സ്റ്റാൾ വാടക പിരിച്ചെടുക്കാമെന്ന് ഡയറക്ടറെ അറിയിക്കുകയും ചെയ്തു. ഓഡിറ്റിനു ലഭ്യമാക്കിയ പത്രികപ്രകാരം 130 സ്റ്റാളുകളിൽ 112 സ്റ്റാളുകളിൽ നിന്നും റിഡക്ഷൻ കഴിഞ്ഞ് 7,52,500/-രൂപ ലഭിക്കേണ്ടതായിരുന്നു. ഇതിൽ പുസ്തകോത്സവം കഴിഞ്ഞപ്പോൾ 6,27,800/-രൂപയാണ് പിരിച്ചെടുത്തത്.

ഓഡിറ്റിന് ലഭ്യമായ വിവരങ്ങളനുസരിച്ച് അന്താരാഷ്ട്ര പുസ്തകോത്സവം അവസാനിച്ചപ്പോൾ 1,24,700/-രൂപ സ്റ്റാൾ വാടകയിനത്തിൽ പിരിച്ചെടുക്കാനുണ്ടായിരുന്നു. സ്റ്റാൾ വാടകയിനത്തിൽ 39,900/-രൂപ 13.01.2009 മുതൽ 18.06.2009 വരെയുള്ള കാലഘട്ടത്തിൽ പിരിച്ചെടുത്തു. എന്നാൽ ഇതിന് പിഴപ്പലിശ ഈടാക്കിയിട്ടില്ല. 30.06.2009-ൽ 84,800/-രൂപ സ്റ്റാൾ വാടകയിനത്തിൽ ബാക്കി ലഭിക്കാനു

ണ്ടെന്ന് കോഴിക്കോട് സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. ഈ തുക 12% പലിശ സഹിതം ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*എൻ.ജയകൃഷ്ണൻ, (R.O)*
*നിർവൃതി, കരുമ്പുക്കോണം, കരിയം,*
*ശ്രീകാര്യം.പി.ഒ, തിരുവനന്തപുരം.*

## 4.3. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്

| | |
|---|---|
| ✦ | ***ഫ്ളാറ്റുകളും പ്ലോട്ടുകളും കെട്ടിടങ്ങളും അലോട്ടുചെയ്യാത്തതു കാരണം ഭവന നിർമ്മാണ ബോർഡിന് വൻ നഷ്ടം.*** |
| ✦ | ***സൗകര്യങ്ങളുടെ അപര്യാപ്തതയും നിർമ്മാണത്തിലെ അപാകതകളും നിരക്കുകൾ നിശ്ചയിക്കുന്നതിന്റെ അശാസ്ത്രീയതയും കാരണം ഫ്ളാറ്റുകളും പ്ലോട്ടുകളും ഏറ്റെടുക്കാൻ ആളില്ല.*** |

സമൂഹത്തിലെ വിവിധ തട്ടിലുള്ള ജനവിഭാഗങ്ങൾക്ക് (പ്രത്യേകിച്ചും ദുർബല വിഭാഗം) ഭവന നിർമ്മാണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് 1971-ൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് രൂപം കൊണ്ടത്. ഇതിനു പുറമേ മറ്റു വിവിധ പദ്ധതികളായ ഓഫീസ് കം-ഷോപ്പിംഗ് കോംപ്ലക്സുകൾ, റവന്യൂ ടവറുകൾ, എം.പി/എം.എൽ.എ മാരുടെ ഭവനനിർമ്മാണ പദ്ധതികൾ, വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ, ഗസ്റ്റ് ഹൗസുകൾ, മിനി ടൗൺ ഷിപ്പുകൾ, ഹാബിറ്റാറ്റ് സെന്ററുകൾ, റെന്റൽ ഹൗസിംഗ് സ്കീമുകൾ മുതലായ പ്രവർത്തനങ്ങൾ ബോർഡ് ഏറ്റെടുത്തു നടത്തിവരുന്നു. കൂടാതെ വിവിധ സർക്കാർ വകുപ്പുകളുടെ കൺസൾട്ടൻസി ജോലികളും ഏറ്റെടുത്തു നടത്തുന്നു.

ബോർഡ് മുൻവർഷങ്ങളിൽ നിർമ്മിച്ച ഒട്ടേറെ ഫ്ളാറ്റുകൾ, പ്ലോട്ടുകൾ, കെട്ടിടത്തോടുകൂടിയ പ്ലോട്ടുകൾ, എന്നിവ അലോട്ട് ചെയ്യാതെയും വിറ്റഴിക്കാതെയും ഉപയോഗശൂന്യമായി കിടക്കുന്നതുമൂലം ബോർഡിന് ഭീമമായ നഷ്ടം നേരിടുന്നു. മികച്ച സൗകര്യങ്ങളുടെ അപര്യാപ്തതയും നിർമ്മാണത്തിലെ പോരായ്മകളും നിരക്ക് നിശ്ചയിക്കുന്നതിലെ അശാസ്ത്രീയതയുമാണ് ഇതിനു പ്രധാന കാരണങ്ങൾ.

ബോർഡിന്റെ വിവിധ ഓഫീസുകളുടെ കീഴിൽ വരുന്ന റവന്യൂ ടവറുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, കടമുറികൾ എന്നിവിടങ്ങളിൽനിന്ന് വാടക പിരിച്ചെടുക്കുന്നതിൽ ബോർഡ് വീഴ്ചവരുത്തുന്നു. ഇക്കാരണത്തിൽ വാടക/പിഴപ്പലിശ എന്നീയിനങ്ങളിൽ ഭീമമായ നഷ്ടം ബോർഡിനുണ്ടാകുന്നു. യഥാസമയം വാടകക്കരാറിൽ ഏർപ്പെടാത്തതുകൊണ്ടും വാടക്കരാർ പുതുക്കി ഉയർന്ന നിരക്കിലുള്ള വാടക പിരിച്ചെടുക്കാത്തതുകൊണ്ടും ബോർഡിന്റെ വരുമാനം ഗണ്യമായി കുറയുന്നു. കളക്ടർക്കും ചീഫ് റവന്യൂ ഓഫീസർക്കും റിപ്പോർട്ടുചെയ്ത റവന്യൂ റിക്കവറി കേസുകളിന്മേൽ ഫലപ്രദമായ തുടർനടപടികൾ സ്വീകരിച്ചുകാണുന്നില്ല.

# 4.4. വികസന അതോറിറ്റികൾ

## 4.4.1. തിരുവനന്തപുരം വികസന അതോറിറ്റി

| | |
|---|---|
| ✦ | *നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ട്രിഡയ്ക്ക് കഴിയുന്നില്ല.* |
| ✦ | *വായ്പാ കുടിശ്ശികയിൽ വൻവർദ്ധന* |
| ✦ | *റവന്യൂ വരവ് പ്രതീക്ഷിച്ചത് 1091.769 ലക്ഷം കിട്ടിയത് 159.111 ലക്ഷം* |

തലസ്ഥാന നഗരിയുടേയും സമീപപ്രദേശത്തുള്ള ഗ്രാമപഞ്ചായത്തുകളുടെയും സമഗ്രവികസനത്തിനായി അംഗീകരിച്ച മാസ്റ്റർപ്ലാൻ സുഗമമായി നടപ്പിലാക്കുകയാണ് ട്രിഡയുടെ പ്രാഥമികലക്ഷ്യം. സംസ്ഥാന നഗരാസൂത്രണ വകുപ്പുമായി ബന്ധപ്പെട്ട് വികസന അതോറിറ്റിയുടെ പരിധിയിലുള്ള നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ചുമതല ട്രിഡയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. മാർക്കറ്റുകൾ, വിശ്രമസങ്കേതങ്ങൾ, അപ്പാർട്ടുമെന്റുകൾ, പുനരധിവാസ ബ്ലോക്കുകൾ, വ്യാപാരസമുച്ചയങ്ങൾ എന്നിവയുടെ നിർമ്മാണം, നഗരത്തിന്റെ ഹൃദയഭാഗത്തുള്ള വിവിധ റോഡുകളുടെ വികസനം എന്നീ വികസന പ്രവർത്തനങ്ങൾ ട്രിഡ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ വികസന പ്രവർത്തനങ്ങൾ മുൻവർഷങ്ങളിലേതിനേക്കാൾ കുറവാണെന്നുകാണുന്നു.

തിരുവനന്തപുരം നഗരസഭയിൽ നിന്നും പത്ത് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന സെന്റേജ് ചാർജ്ജ്, ഷോപ്പിംഗ് കോംപ്ലക്സുകൾ ഉൾപ്പെടെയുള്ള ആസ്തികളിൽ നിന്നുമുള്ള വരവുകൾ സർക്കാരിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വരവുകളും വായ്പകളും, വികസന സെസ്സ്, ഡിബഞ്ചറുകൾ വഴിയുള്ള ധനസമാഹരണം എന്നിവയാണ് വികസന അതോറിറ്റിയുടെ പ്രധാന മൂലധന സ്രോതസ്സുകൾ. 2008-09 വർഷം സെന്റേജ് ചാർജ്ജ് ഇനത്തിൽ തുകയൊന്നും ട്രിഡയ്ക്ക് ലഭിച്ചിട്ടില്ല. തൻവർഷം സർക്കാരിൽ നിന്ന് ഗ്രാന്റുകളൊന്നും ലഭിച്ചിട്ടില്ല. ധനത്തിന്റെ കുറവ് ട്രിഡ ഏറ്റെടുത്തു നടത്തുന്ന വികസന പ്രവർത്തനങ്ങൾ ഇഴഞ്ഞുനീങ്ങുന്നതിന് കാരണമായിട്ടുണ്ട്. ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ അതിന്റെ വായ്പാതുക കൂടാതെ പലിശയിനത്തിൽ അധികമായി തുക ചെലവഴിക്കേണ്ടിവരുന്നു. ഇതിനാൽ വായ്പാ കുടിശ്ശികയിൽ വൻവർദ്ധനവുണ്ടാകുന്നു. 2008-09 സാമ്പത്തിക വർഷം റവന്യൂ വരവിനത്തിൽ 1091.769 ലക്ഷം രൂപ പ്രതീക്ഷിച്ചിരുന്നെങ്കിലും 159.111 ലക്ഷം രൂപ മാത്രമേ സ്വരൂപിക്കാൻ കഴിഞ്ഞുള്ളൂ (19.58%). എന്നാൽ റവന്യൂ ചെലവാകട്ടെ പ്രതീക്ഷിച്ചതിനേക്കാൾ 28.216 ലക്ഷം രൂപ കൂടുതൽ ലാവുകയും ചെയ്തു. വിവിധ നിർമ്മാണാവശ്യങ്ങൾക്കായി എടുത്ത ബാങ്ക് വായ്പകൾ, ഡിബഞ്ചറുകൾ, സർക്കാരിൽ നിന്നും പല ആവശ്യങ്ങൾക്കായി എടുത്ത വായ്പകൾ, കെ.യു.ആർ.ഡി. എഫ്.സി.വായ്പ എന്നിവ ഉൾപ്പെടെ ട്രിഡയുടെ മൊത്തം ബാധ്യത 3679.99 ലക്ഷം രൂപയാണ്. 31.03.09-ൽ സർക്കാരിൽനിന്നും എടുത്തിട്ടുള്ള വായ്പയിൽ ഭൂരിഭാഗവും ഗ്രാന്റായി മാറ്റണമെന്ന് ട്രിഡ സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. വാടക ഇനത്തിലെ ഭീമമായ കുടിശ്ശിക പിരിച്ചെടുക്കൽ ഉൾപ്പെടെ റവന്യൂവരുമാനം വർദ്ധിപ്പിക്കാൻ

ക്രിയാത്മക നടപടികൾ ഉണ്ടായാലേ അതോറിറ്റിയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടൂ.

## 4.4.1.(1) വാടകകരാർ വ്യവസ്ഥകൾ പാലിക്കുന്നില്ല : ലക്ഷങ്ങളുടെ നഷ്ടം

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക നമ്പർ: 2.7***

| | |
|---|---|
| ✦ | ***കൺസ്യൂമർ ഫെഡുമായുള്ള വാടക കരാർ പുതുക്കുന്നില്ല.*** |
| ✦ | ***കൺസ്യൂമർ ഫെഡിൽനിന്ന് കിട്ടാനുള്ള വാടക 10.37 ലക്ഷം.*** |

തിരുവനന്തപുരം വികസന അതോറിറ്റിയുടെ കേശവദാസപുരത്തുള്ള കേദാരം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി നം.8, 79, സ്റ്റോർ 4 മുതൽ 11 വരേയും സാഫല്യം കോംപ്ലക്സിലെ കടമുറി നം.G.7, G.10, G.19 എന്നിവ കേരളാ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷന് ട്രിഡ വാടകയ്ക്ക് കൊടുത്തിട്ടുണ്ട്. ഇവയുടെ കരാർ കാലാവധി യഥാക്രമം 19.07.2008, 29.02.2004, 11.10.2004, 31.03.2005, 27.07.2005, 05.02.2005, 29.07.2005 എന്നീ തീയതികളിൽ അവസാനിച്ചു. ട്രിഡ ഇക്കാര്യം കൺസ്യൂമർ ഫെഡിനെ അറിയിക്കുകയും കാലാവധി കഴിഞ്ഞതിനാൽ കരാർ പുതുക്കാൻ നിർദ്ദേശിക്കുകയുമുണ്ടായി. എന്നാൽ നാളിതു വരെ കൺസ്യൂമർഫെഡ് കരാർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കൂടാതെ ഈ കടകളുടെ വാടക കൃത്യമായി അടയ്ക്കുന്നതിലും വീഴ്ചവരുത്തിയിട്ടുണ്ട്. 2008-09 കേദാരം വാടക രജിസ്റ്റർ (പേജ് 8, 79) പ്രകാരം കോംപ്ലക്സിലെ കടമുറി നം.8, 79 എന്നിവയുടെ വാടക 12/08-ന് ശേഷം അടച്ചതായി കാണുന്നില്ല. സർവ്വീസ് ചാർജ്ജ് അടയ്ക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. വാടക ഇനത്തിൽ ഭീമമായ കുടിശ്ശിക നിലനിൽക്കെതന്നെ വാടകകരാർ പുതുക്കാതിരിക്കുകകൂടി ചെയ്യുന്നത് കരാർവ്യവസ്ഥകളുടെ കടുത്ത ലംഘനമാണ്. ട്രിഡ ഫയൽ G1/2134/ (8)/94 പരിശോധിച്ചതിൽനിന്നും കരാർ പുതുക്കിയിരുന്നെങ്കിൽ 29.10.2007-ൽ അടയ്ക്കേണ്ട വാടകയിനത്തിൽ കൺസ്യൂമർ ഫെഡ് കൈവശം വച്ചിരിക്കുന്ന കടകൾക്കെല്ലാംകൂടി 5,94,288/-രൂപയുടെ വർദ്ധനവ് വരുമായിരുന്നു. 09.01.09-ലെ നം.ആർ.2/2134/98(8) ട്രിഡ കത്ത് പ്രകാരം കരാർ പുതുക്കാത്തത് കാരണം 10,37,643/-രൂപ ട്രിഡയിലേക്ക് കൺസ്യൂമർഫെഡ് അടയ്ക്കുവാൻ ബാക്കിയുണ്ട്.

കരാർ വ്യവസ്ഥ 4(1) പ്രകാരം ഓരോ മൂന്നുവർഷം കൂടുമ്പോഴും കരാർ അവസാനിക്കുന്ന മുറയ്ക്ക് വാടകകരാർ പുതുക്കാനും വാടകയിനത്തിൽ 15% വർദ്ധനവ് വരുത്തുന്നത് അടയ്ക്കാനും കൺസ്യൂമർഫെഡ് ബാദ്ധ്യസ്ഥമായിരുന്നു. കരാർവ്യവസ്ഥ 10 (3, 4) പ്രകാരം വാടക അടയ്ക്കുന്നതിൽ വീഴ്ചവരുത്തുകയോ കരാർവ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്താൽ ടി കടകളിൽനിന്നും വാടകക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിക്കുവാൻ ട്രിഡയ്ക്ക് അധികാരമുണ്ട്. ഇക്കാര്യം ട്രിഡ 19.04.2004, 19.06.2004, 03.06.2006, 16.10.2007, 29.10.2007 എന്നീ തീയതികളിൽ കൺസ്യൂമർ ഫെഡ് അധികാരികളെ അറിയിച്ചിരുന്നു. കൂടാതെ 30.09.2008-ൽ അർദ്ധ ഔദ്യോഗിക കത്ത് നം.ആർ.2-2134/99(S)(W)(8) പ്രകാരം കൊച്ചിയിലെ മാനേജിംഗ് ഡയറക്ടറെയും തിരുവനന്തപുരത്തെ റീജിയണൽ മാനേജരേയും ഇതു സംബന്ധമായ വിവരങ്ങൾ

അറിയിച്ചിരുന്നു. 23.02.2008-ൽ കേരള പബ്ലിക് ബിൽഡിംഗ്സ് (എവിക്ഷൻ ഓഫ് അൺ ആതറൈസ്ഡ് ഓക്കുപെന്റ്സ് ആക്റ്റ്) 1968 4(1) പ്രകാരമുള്ള ഒഴിപ്പിക്കൽ സ്റ്റേറ്റ്മെന്റടക്കം ട്രിഡ കൺസ്യൂമർ ഫെഡിന് നൽകിയിട്ടുണ്ട്. ട്രിഡയുടെ കത്തുകൾക്കും നോട്ടീസുകൾക്കും യഥാസമയം കൺസ്യൂമർഫെഡ് മറുപടി നൽകിയിട്ടില്ല. 23.10.2008-ൽ കൺസ്യൂമർ ഫെഡ് എം.ഡി.യുടെ 914842203796 നമ്പർ ഫാക്സ് സന്ദേശത്തിന്റെ അടിസ്ഥാനത്തിലും ടി ദിവസം ട്രിഡയുടെ ചെയർമാനും കൺസ്യൂമർഫെഡിന്റെ വൈസ്ചെയർമാനും തമ്മിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലും 09.11.2008 മുതൽ വാടകയിനത്തിൽ 10% വർദ്ധനവ് സമ്മതിച്ച് വാടകക്കരാർ പുതുക്കുവാൻ തയ്യാറാണെന്ന് കൺസ്യൂമർ ഫെഡ് അറിയിച്ചിരുന്നു. 09.11.08 മുതൽ വാടകയിനത്തിൽ 10% വർദ്ധനവ് വരുത്തിയാൽ പോര; മറിച്ച് കരാർ പുതുക്കാതിരുന്നാൽ മൊത്തം കാലയളവിലെയും വർദ്ധനവ് കണക്കാക്കി അതിൻപ്രകാരം അടയ്ക്കേണ്ട തുക കൺസ്യൂമർ ഫെഡ് ട്രിഡയിൽ അടയ്ക്കേണ്ട അവസ്ഥയാണ് ഉണ്ടാകേണ്ടത്. അതല്ലെങ്കിൽ കൺസ്യൂമർഫെഡ് കൈവശം വച്ചിരിക്കുന്ന കടകൾക്കെല്ലാം കൂടി അടയ്ക്കേണ്ടിയിരുന്ന തുക (വാടക വർദ്ധനവ് 29.10.2007-ൽ 5,94,228/-രൂപയും, 09.01.2009-ൽ കരാർ പുതുക്കാത്തതു കാരണം ട്രിഡയിലേക്ക് കൺസ്യൂമർഫെഡ് അടയ്ക്കേണ്ട തുക 10,37,643/-രൂപയും-ട്രിഡ ഫയൽ പ്രകാരം) ട്രിഡയ്ക്ക് നഷ്ടമാകുമോയെന്ന് ഓഡിറ്റിന് ആശങ്കയുണ്ട്.

ഈ സാഹചര്യത്തിലാണ് നം.ആർ.2/2134/94/(8) ട്രിഡ 09.01.2009 കത്ത് പ്രകാരം 10,37,643/-രൂപ വാടക കുടിശ്ശിക അടയ്ക്കുന്നതിനായി ട്രിഡ കൺസ്യൂമർ ഫെഡിനോട് നിർദ്ദേശിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ചും വാടക പുതുക്കുന്ന കാര്യത്തിലും കൺസ്യൂമർ ഫെഡിന്റെ മറുപടിഒന്നും ട്രിഡക്ക് ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ സത്വരവും കൂടുതൽ കാര്യക്ഷമവുമായ നടപടികൾ ട്രിഡയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ഇത് സംബന്ധിച്ച് ട്രിഡ കൈക്കൊണ്ട നടപടികളും വിശദാംശങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*

*ശ്രീ.ബി.ദിലീപ്കുമാർ, സെക്രട്ടറി,*

*തിരുവനന്തപുരം വികസന അതോറിറ്റി,*

*തിരുവനന്തപുരം. (ഹൗസ് നമ്പർ-23, ശാന്തിനഗർ, തിരുവനന്തപുരം)*

## 4.4.2. വിശാലകൊച്ചി വികസന അതോറിറ്റി

| | |
|---|---|
| ✦ | ***വിശാലകൊച്ചി വികസന അതോറിറ്റിക്ക് പുതിയ പദ്ധതികളില്ല.*** |
| ✦ | ***വാടക, തവണ തുക തിരിച്ചടവ്, ഭൂമിവില എന്നീ ഇനങ്ങളിൽ പിരിഞ്ഞുകിട്ടാനുള്ളത് 18.23 കോടി.*** |
| ✦ | ***തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അംശദാനം ഇനത്തിൽ 20.48 കോടിയുടെ കുടിശ്ശിക.*** |

കൊച്ചി നഗരസഭയും എട്ടു മുനിസിപ്പാലിറ്റികളും 23 ഗ്രാമ പഞ്ചായത്തുകളും ഉൾപ്പെടുന്ന 632 ച.കി.മീ.വ്യാപ്തിയുള്ള വിപുലമായ ഭൂപ്രദേശമാണ് 24.01.76-ന് നിലവിൽ വന്ന വിശാലകൊച്ചി വികസന അതോറിറ്റിയുടെ പ്രവർത്തന മേഖല.

ബംഗളുരു, മുംബൈ നഗരങ്ങളുടെ മാതൃകയിലേയ്ക്ക് സ്വയം വളർന്നു കൊണ്ടിരിക്കുന്ന കൊച്ചിയുടേയും പ്രാന്തപ്രദേശങ്ങളുടേയും വികസന ആവശ്യങ്ങൾ നേരിടുന്നതിന് ദൂരക്കാഴ്ചയോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിൽ അതോറിറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല. പതിറ്റാണ്ടുകൾക്കു മുമ്പ് അതോറിറ്റി നടപ്പാക്കിയ മറൈൻഡ്രൈവ്, അന്താരാഷ്ട്ര സ്റ്റേഡിയം, രാജേന്ദ്രമൈതാനം, വിവിധ പാർപ്പിട പദ്ധതികൾ, വാണിജ്യ സമുച്ചയങ്ങൾ എന്നിവ നഗരവികസനത്തിന് വഴിത്തിരിവേകാൻ ഇടയാക്കിയെങ്കിലും ഈ വികസന മുന്നേറ്റത്തിന് തുടർച്ചനൽകുന്ന പദ്ധതികളൊന്നും അതോറിറ്റി വിഭാവനം ചെയ്യുകയോ ഏറ്റെടുക്കുകയോ ചെയ്യുന്നില്ല.

2009-10 വർഷം അതോറിറ്റി പുതിയ വികസന പദ്ധതികളൊന്നും നടപ്പാക്കിയില്ല. വികസന അതോറിറ്റിയുടെ തനതു വരുമാനമാർഗ്ഗങ്ങളായ വാടകയും വിവിധ പദ്ധതികളിലായി അതോറിറ്റി നൽകിയിട്ടുള്ള വീടുകളുടേയും സ്ഥലത്തിന്റേയും തിരിച്ചടവുകളും യഥാസമയം ഈടാക്കുന്നതിലും ഇതു സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും സൂക്ഷിക്കുന്നതിലും അതോറിറ്റി വലിയ വീഴ്ചയാണ് വരുത്തിയിട്ടുള്ളത്. വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക, തവണത്തുക തിരിച്ചടവ്, ഭൂമി വില എന്നീ ഇനങ്ങളിൽ പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്നത് 18,23,97,029/- രൂപയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും അംശാദാനമായി 20,48,90,032/-രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. അതോറിറ്റിയുടെ സ്ഥാവര-ജംഗമ വസ്തുക്കളുടെ പൂർണ്ണവും കൃത്യവുമായ വിവരം കാണിക്കുന്ന രജിസ്റ്റർ അതോറിറ്റിയിൽ സൂക്ഷിക്കുന്നില്ല.

അതോറിറ്റിയുടെ വരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിച്ചും വരവുകൾ യഥാസമയം പിരിച്ചെടുത്തും കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കൊത്തുള്ള വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് അതോറിറ്റി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ട്.

## 4.5. വിവിധ ക്ഷേമനിധികൾ

| | |
|---|---|
| ✦ | ***കള്ളുചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡ്, അബ്കാരി ക്ഷേമനിധി ബോർഡ്, ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ ഓഡിറ്റിന് കണക്കുകൾ ഹാജരാക്കുന്നില്ല.*** |
| ✦ | ***സ്പെഷ്യൽ റൂൾസ് അംഗീകരിക്കാത്തതുകാരണം ക്ഷേമനിധി ബോർഡുകളിൽ ക്രമരഹിത നിയമനങ്ങൾ നടത്തുന്നു.*** |
| ✦ | ***വ്യാപാരി ക്ഷേമനിധി ബോർഡിനും നിയമങ്ങളും ചട്ടങ്ങളും ഇല്ല.*** |

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നിലവിൽ 16 ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റ് ചെയ്യുന്നുണ്ട്. 2010-11 കാലയളവിൽ ക്ഷേമനിധി ഓഡിറ്റിൽ നിന്ന് 6 ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 3(1) പ്രകാരം ഈ വകുപ്പിന്റെ ഓഡിറ്റ് പരിധിയിലുള്ള കേരള കള്ളുചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ

തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ ഓഡിറ്റ് ചാർജിന്റെ കാര്യത്തിൽ പ്രതികൂല നിലപാട് സ്വീകരിച്ചതുകൊണ്ട് നാളിതുവരെ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കി യിട്ടില്ല. കേരള കെട്ടിടവും മറ്റു നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് കേന്ദ്ര നിയമം വരികയും ആയതിന്റെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് അക്കൗണ്ടന്റ് ജനറലിനെ ഏൽപ്പിക്കുകയും ചെയ്തതിനാൽ 1998-നുശേഷം അവർ വാർഷിക കണക്കുകൾ നൽകുന്നില്ല.

ഇപ്പോൾ ഓഡിറ്റ് ചെയ്തുകൊണ്ടിരിക്കുന്ന ക്ഷേമനിധിബോർഡുകളുടെ പ്രധാന ന്യൂനത തൊഴിലാളികളിൽനിന്നും തൊഴിലുടമകളിൽനിന്നും ലഭിക്കേണ്ട അംശാദായ കുടിശ്ശിക ഭീമമായി വർദ്ധിച്ചിരിക്കുന്നു എന്നതാണ്. വാർഷിക കണക്കു പ്രകാരമുള്ള അംശാദായം സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്ന കണക്കുകളു മായി പൊരുത്തപ്പെടുന്നില്ല. കൂടാതെ, ഇതുസംബന്ധിച്ചുള്ള ഡി.സി.ബി. പത്രികയും തയ്യാറാക്കുന്നില്ല. പല ക്ഷേമനിധികളിലും നിലവിലുള്ള അംശാദായ വരിസംഖ്യ നാമമാത്രമാണ്. എന്നാൽ ധനസഹായത്തിനും ഭരണച്ചെലവുകൾ ക്കുമായി ഇവർ വലിയ തുകകളാണ് ചെലവഴിക്കുന്നത്. ക്ഷേമനിധികളിലെ അംശാദായം കാലികമായി പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്.

ക്ഷേമനിധികളിലെ ഭരണച്ചെലവുകൾ നിശ്ചിത ശതമാനത്തിൽ നിന്ന് അധികരിക്കുന്നതാണ് മറ്റൊരു പൊതുവായ പ്രശ്നം. ഇതു പരിഹരിക്കുന്നതിന് ആവശ്യമായ മാറ്റങ്ങൾ ചട്ടങ്ങളിൽ വരുത്തേണ്ടതുണ്ട്.

വാർഷിക കണക്കുകൾ സമയബന്ധിതമായി സമർപ്പിക്കാത്തതുമൂലം സർക്കാരിൽ നിന്നുള്ള അംശാദായം കൃത്യമായി ലഭിക്കാത്ത അവസ്ഥയും ക്ഷേമനി ധികളിൽ നിലനിൽക്കുന്നു.

അംശാദായം സ്വീകരിക്കുന്നതിനായി അച്ചടിക്കുന്ന രസീത്ബുക്കുകളുടെ സൂക്ഷിപ്പും വിനിയോഗവും കുറ്റമറ്റ രീതിയിലല്ല. സ്പെഷ്യൽ റൂൾസ് നാളിതുവരെ അംഗീകരിക്കാത്തതുമൂലം മിക്ക ബോർഡുകളിലും കൃത്യമായ വ്യവസ്ഥകൾ പാലിക്കാതെയാണ് താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത്.

സ്ഥിര നിക്ഷേപങ്ങൾ പിൻവലിച്ച് ഭരണച്ചെലവുകൾ നടത്തുന്ന സ്ഥിതി വിശേഷമാണ് കശുവണ്ടി, ഖാദി, കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡു കളിലുള്ളത്. ഖാദി ക്ഷേമനിധിയിൽ ആക്ടിലെയും ചട്ടങ്ങളിലെയും വകുപ്പുകൾ അനുസരിച്ച് നാളിതുവരെ ബജറ്റും വാർഷിക റിപ്പോർട്ടും തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടില്ല.

കേരള കശുവണ്ടിതൊഴിലാളി ക്ഷേമനിധിയിൽ തൊഴിലാളി അംഗങ്ങളു ടേയും പെൻഷണർമാരുടേയും കൃത്യമായ വിവരം ആസ്ഥാന ഓഫീസിലും സബ് ഓഫീസുകളിലും ലഭ്യമല്ല. തൊഴിലാളികളുടെ പേരുവിവരം അംശാദായ അടവ് എന്നിവയുടെ കണക്ക് നിലവിൽ സൂക്ഷിക്കുന്നത് ഫാക്ടറി ഉടമകളാണ്.

കേരള റേഷൻ വ്യാപാരി ആശ്വാസ ക്ഷേമനിധി ബോർഡ് ബജറ്റ് തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങുന്നതിൽ നിരന്തരമായി വീഴ്ച വരുത്തുന്നു.

അർഹതയില്ലാത്ത വ്യക്തികൾക്ക് അംഗത്വം നൽകി ആനുകൂല്യം വിതരണം ചെയ്യുന്ന പ്രവണത കേരള തയ്യൽതൊഴിലാളി ക്ഷേമനിധിയിൽകാണുന്നു.

കേരള വ്യാപാരി ക്ഷേമനിധി ബോർഡ് ഒരു സർക്കാർ ഉത്തരവിന്റെ മാത്രം അടിസ്ഥാനത്തിലാണ് രൂപീകൃതമായതും പ്രവർത്തിക്കുന്നതും. നാളിതുവരെ ആക്ടും ചട്ടവും നിലവിൽ വരാത്തത് ബോർഡിന്റെ പുരോഗതിയെ ബാധിക്കുന്നു.

കൈത്തറി, ഖാദി, ബീഡി & സിഗാർ തുടങ്ങിയ ക്ഷേമനിധികളിൽ നിന്നുള്ള അംഗങ്ങളുടെ കൊഴിഞ്ഞുപോക്ക് അവയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. അംഗങ്ങളുടെ എണ്ണം ഉയർത്തുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് ഊർജ്ജിത ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

## 4.6. മലബാർ ദേവസ്വംബോർഡ്

| | |
|---|---|
| ✦ | ***ക്ഷേത്രങ്ങളുടെ ഭൂമി അന്യാധീനപ്പെടുന്നു.*** |
| ✦ | ***വ്യക്തമായ സേവന വേതന വ്യവസ്ഥകളില്ല.*** |
| ✦ | ***വാങ്ങലുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വൽ ബാധകമാക്കുന്നില്ല.*** |

സ്വകാര്യ ഉടമസ്ഥതയിലുള്ള പല ക്ഷേത്രങ്ങളും പൊതുതാൽപര്യം മുൻനിർത്തി മലബാർ ദേവസ്വം ബോർഡ് (പഴയ ഹിന്ദുമത ധർമ്മ സ്ഥാപന ഭരണ വകുപ്പ്) ഏറ്റെടുക്കുന്നതുമൂലം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളുടെ എണ്ണം ഓരോ കാലത്തും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ട്രസ്റ്റിമാരിൽ ഭൂരിഭാഗവും ക്ഷേത്രകാര്യങ്ങളിൽ സജീവമായി ഇടപെടുകയോ പ്രധാനപ്പെട്ട രജിസ്റ്ററുകളും രേഖകളും പരിശോധിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. ക്രമപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന പാരമ്പര്യ ട്രസ്റ്റിമാരുടെ ജനകീയ ഭരണ സംവിധാനം ഇവിടങ്ങളിൽ ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്.

1951-ലെ ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിന്റെ കാലികമായ പരിഷ്ക്കരണമില്ലായ്മ മൂലം ജീവനക്കാരുടെ നിയമനം ബജറ്റ്, ഡിറ്റം, മരാമത്ത് തുടങ്ങിയ വിവിധ വിഷയങ്ങളിൽ ഓഡിറ്റിന് വ്യക്തമായ ഒരു നിയമാധിഷ്ഠിത സമീപനം കൈക്കൊള്ളാൻ കഴിയാതെ വന്നിട്ടുണ്ട്.

### 1. ***ജീവനക്കാരുടെ നിയമനം:***

ക്ഷേത്രങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താൻ ഹിന്ദുമത ധർമ്മസ്ഥാപന ഭരണവകുപ്പ് അനുവദിക്കാത്തതുമൂലം മറ്റു പോംവഴികളില്ലാതെ പലക്ഷേത്രങ്ങളും ദൈനംദിനകാര്യങ്ങൾ ചെയ്തുപോരുന്നത് താൽക്കാലിക ജീവനക്കാരെ നിയമിച്ചുകൊണ്ടാണ്. ഇത്തരം നിയമനങ്ങളെല്ലാംതന്നെ സുതാര്യതയോ നിയമന മാനദണ്ഡങ്ങളോ പാലിക്കാതെയാണ് നടത്തിയിട്ടുള്ളത്. ആയതിനാൽ ഇത്തരം നിയമനങ്ങൾക്ക് വകുപ്പ് അംഗീകാരം നൽകിയിട്ടുമില്ല.

വരവ് ചെലവുകളുടെ ഗണ്യമായ വർദ്ധനമൂലം പല ക്ഷേത്രങ്ങളിലും പുതിയ നിയമനങ്ങൾ അനിവാര്യമായിട്ടുണ്ട്. ജീവനക്കാരുടെ അപര്യാപ്തതമൂലം ഓഡിറ്റ് സംബന്ധമായ രജിസ്റ്ററുകൾ എഴുതി പൂർണ്ണമാക്കാൻ എക്സിക്യൂട്ടീവ് ഓഫീസർ

മാർക്ക് കഴിയാതെ വരുന്നത്മൂലം ഓഡിറ്റിന് വരവ് ചെലവ് കണക്കുകൾ സമയ ബന്ധിതമായി സമർപ്പിക്കുവാനും ഓഡിറ്റ് നടത്താനും കഴിയാതെ വരുന്നു. ആയതി നാൽ അടിയന്തിരമായി ആവശ്യത്തിനു ജീവനക്കാരെ നിയമിക്കുന്നതിനുള്ള അനുമതി നൽകാനുള്ള നടപടികൾ ഭരണവകുപ്പ് ത്വരിതപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ബഹു.നിയമസഭാ സമിതിയുടെ ശ്രദ്ധക്ഷണിച്ചു കൊള്ളുന്നു.

## 2. *സേവന വേതന വ്യവസ്ഥകളിലെ അവ്യക്തത*

കാലോചിതവും സമഗ്രവുമായ സേവനവേതന വ്യവസ്ഥകളുടെ അഭാവം ഓഡിറ്റിന് വിഘാതമായി തീരുന്നുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ സമാന മായ ശമ്പളപ്പട്ടിക നിലവിലുള്ള ക്ഷേത്രങ്ങളിലും ജീവനക്കാർക്ക് ഗുണം കൂട്ടുന്ന സംഗതികളിൽ സർവ്വീസ് ചട്ടങ്ങൾ ബാധകമാക്കുകയും അല്ലാത്ത കാര്യങ്ങളിൽ ബാധകമല്ലെന്ന് സ്വയം നിശ്ചയിക്കുകയും ചെയ്യുന്ന ഒരു പ്രവണതയുണ്ട്. ആയതി നാൽ ഇതു സംബന്ധിച്ച് വ്യക്തമായ നിയമങ്ങളും ചട്ടങ്ങളും ഉണ്ടാകേണ്ടതുണ്ട്. ഇക്കാര്യത്തിലേക്ക് ബഹു.നിയമസഭാ സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3. *മരാമത്ത്:*

ക്ഷേത്രങ്ങളിൽ നടത്തുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ വകുപ്പ് 100(2)(ക്യു)(ആർ(എസ്) പ്രകാരമുള്ള ചട്ടങ്ങളും, അതിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ വകുപ്പ്/ബോർഡ് കമ്മീഷണർമാർ പുറപ്പെടുവിക്കുന്ന സർക്കുലറുകളും ഉത്തരവുകളും നിലവിലുണ്ടെങ്കിലും ആയത് ക്ഷേത്ര ഭരണാധികാരികൾ കൃത്യമായി പാലിച്ചുവരുന്നില്ല. മരാമത്ത് പ്രവൃത്തി കളിൽ ഈടാക്കുന്ന നികുതികൾ പലക്ഷേത്രങ്ങളും കേന്ദ്ര-സംസ്ഥാന സർക്കാരി ലേക്ക് ഒടുക്കുന്നതായി കാണുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ അംഗീകരിക്കുന്നതിന് എഞ്ചിനീയറിംഗ് വിംഗ് മലബാർ ദേവസ്വം ബോർഡിൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്.

## 4. *കേരള സ്റ്റോർ പർച്ചേയ്സ് മാന്വൽ ബാധകമാക്കണം:*

മലബാർ ദേവസ്വം ബോർഡിനു കീഴിൽ വരുന്ന ക്ഷേത്രങ്ങളിൽ ദൈനംദിന ആവശ്യങ്ങൾക്കോ അല്ലാതയോയുള്ള യാതൊരു വാങ്ങലുകൾക്കും നിലവിൽ കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 120-162 കേരള സ്റ്റോർ പർച്ചെയ്സ് മാന്വൽ എന്നിവയിലെ നിബന്ധനകൾ ബാധകമല്ല. ഇക്കാര്യത്തിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ക്ഷേത്രങ്ങളുടെ കാര്യത്തിലും ബാധകമാക്കേണ്ടതാണ്.

### ക്ഷേത്രഭൂമി

ക്ഷേത്രാധികാരികൾ അലംഭാവം കാണിക്കുന്നതുകൊണ്ടും വീഴ്ചവരുത്തു ന്നതുകൊണ്ടും പല ക്ഷേത്രങ്ങളുടെയും ഭൂമി, വർഷങ്ങൾ കഴിയുംതോറും അന്യാധീനപ്പെടുന്നതായി കാണുന്നു. ക്ഷേത്ര ഭൂമിയെ സംബന്ധിച്ച യാതൊരു രേഖയും മിക്കക്ഷേത്രങ്ങളിലും ലഭ്യമല്ല. കൂടാതെ ക്ഷേത്രഭൂമി അതിരുകൾ കെട്ടി സംരക്ഷിക്കുന്നതിൽ ക്ഷേത്രങ്ങൾ അലംഭാവം കാണിക്കുന്നു.

ബഹു.കേരള ഹൈക്കോടതി ഉത്തരവിനെ അടിസ്ഥാനമാക്കിയുള്ള സർക്കുലറിൽ ദേവസ്വം സൂക്ഷിച്ചുവരുന്നതും 01.04.1964-നു മുമ്പുള്ളതുമായ ദേവസ്വം രേഖകൾ പരിശോധിക്കാതെയും, ദേവസ്വത്തിന് നോട്ടീസ് നൽകാതെയും കൈവശാവകാശം പതിച്ചുനൽകിക്കൊണ്ട് പാസ്സാക്കിയ എല്ലാ ഉത്തരവുകളും റദ്ദാക്കി കിട്ടാൻ ആവശ്യമായ നിയമനടപടി സ്വീകരിക്കണമെന്നും തെളിവുകളുടെ അടിസ്ഥാനത്തിലല്ലാതെ ദേവസ്വംഭൂമി പതിച്ചുനൽകപ്പെടുന്നില്ല എന്നുറപ്പുവരുത്താൻ അവശ്യ നടപടികളും എടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഇങ്ങനെ നടപടിയെടുക്കാതിരുന്ന് നഷ്ടം സംഭവിക്കാനിടയായാൽ ആയത് ബന്ധപ്പെട്ട ക്ഷേത്രാധികാരിയുടെ ബാധ്യതയായി കണക്കാക്കി വസൂൽ ചെയ്യുന്നതായിരിക്കുമെന്ന് ടി സർക്കുലറിൽ ഓർമ്മിപ്പിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ കൈക്കൊണ്ട നടപടികളെക്കുറിച്ച് ഒരു പ്രതിമാസ റിപ്പോർട്ട് എല്ലാ ക്ഷേത്രാധികാരികളും അതാത് അസിസ്റ്റന്റ് കമ്മീഷണർമാർക്ക് നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ലാന്റ് ട്രൈബ്യൂണലുകൾ കൈവശാവകാശം പതിച്ചുനൽകിയ എല്ലാ കേസുകളും പരിശോധിച്ച് അപ്രകാരം പാസ്സാക്കിയ ഉത്തരവുകൾ റദ്ദാക്കി കിട്ടാൻ ഹിന്ദുമതധർമ്മ സ്ഥാപന നിയമപ്രകാരമോ ഭൂപരിഷ്ക്കരണ നിയമപ്രകാരമോ ഭരണ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി വിവരങ്ങൾ ലഭ്യമല്ല. ഈ വിഷയത്തിൽ കൈക്കൊണ്ട നടപടികളെക്കുറിച്ചുള്ള പ്രതിമാസ റിപ്പോർട്ട് ക്ഷേത്രാധികാരികൾ അസിസ്റ്റന്റ് കമ്മീഷണർമാർക്ക് നൽകിയതായും കാണുന്നില്ല.

ആയതിനാൽ ക്ഷേത്രഭൂമി അന്യാധീനപ്പെട്ടു പോകാതിരിക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതുണ്ട്.

<u>**പാലക്കാട് ജില്ല**</u>

## 4.6.1. ശ്രീ മണപ്പുള്ളിക്കാവ് ദേവസ്വം

### 4.6.1.(1) കയ്യിരിപ്പു തുക വരവിലെടുത്തില്ല – നഷ്ടം 1.28 ലക്ഷം

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006, ഖണ്ഡിക നമ്പർ: 12***

01.01.2006 മുതൽ 27.11.2006 വരെയുള്ള കാലയളവിൽ ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ ആയിരുന്ന ശ്രീ.പി.കെ.സായിപ്രസാദ് 1,28,801/- രൂപ ദേവസ്വത്തിലേക്ക് തിരിച്ചടക്കാനുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 01.01.2006 ന് മുന്നിരിപ്പ് | | 7,20,112.46 |
| 01.01.2006 മുതൽ 27.11.2006 കൂടിയുള്ള കാലയളവിൽ ശ്രീ.പി.കെ. സായിപ്രസാദ് സമർപ്പിച്ച വരവുചെലവ് പത്രിക പ്രകാരമുള്ള വരവ് | - | 78,60,232.25 |
| (+) 21.01.2006 ന് ചെക്ക്/ഡി.ഡി. വരവുചേർത്തതിൽ കുറവുവന്ന തുക | - | 4500.00 |
| (+) വേല അക്കൗണ്ടിലെ നീക്കിയിരിപ്പ് ദേവസ്വത്തിൽ മുതൽകൂട്ടിയ വകയിൽ വരവ് | - | 27969.50 |
| **ആകെ വരവ്** | - | 86,12,814.21 |

| | | |
|---|---|---|
| 01.01.2006 മുതൽ 27.11.2006 കൂടിയുള്ള ദിവസങ്ങളിലെ സാധാരണ ചെലവ് | - | 80,42,156.60 |
| (+) 27.09.2006-ന് ചെലവ് കാണിക്കാൻ വിട്ടുപോയ ബാങ്ക് ചാർജസ് | - | 344.00 |
| (+) 11.01.2006-ന് മണിയോർഡർ വരവ് തെറ്റായി വേല അക്കൗണ്ടിലേക്ക് വകമാറ്റിയ ഇനത്തിൽ ചെലവ് പോസ്റ്റ് ചെയ്യാൻ വിട്ടത് - | - | 1,593.00 |
| ആകെ ചെലവ് | - | 80,44,093.60 |
| | | ========== |

നീക്കിയിരിപ്പ്

| | |
|---|---|
| 27.11.2006-ന് ബാങ്ക് | 4,29,816.11. |
| 27.11.2006-ന് പണം | 1,38,904.50 |
| | 5,68,720.61 |
| | =========== |

മേൽപ്പടി നീക്കിയിരിപ്പ് 5,68,720.61 രൂപയിൽ ബാങ്ക് നീക്കിയിരിപ്പ് 4,29,816.11 രൂപ ദേവസ്വത്തിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പണം കയ്യിരിപ്പിൽ 10,103/-രൂപ മാത്രമേ നൽകിക്കാണുന്നുള്ളൂ. ബാക്കി തുക 1,28,801/- (1,38,904 - 10,103) മുൻ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ.പി.കെ. സായിപ്രസാദിന്റെ പക്കൽനിന്നും ഈടാക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*ശ്രീ.പി.കെ.സായിപ്രസാദ്,*
*എക്സിക്യൂട്ടീവ് ഓഫീസർ,*
*12/2003, പറളി, പാലക്കാട് - 676 612.*

## 4.6.1.(2) വേലാഘോഷത്തിന്ന് പണം നൽകിയത് ക്രമവിരുദ്ധം

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 15***

| | |
|---|---|
| ✦ | ***ഹൈക്കോടതി വിധി മറികടന്ന് വേലാഘോഷത്തിന് 2.10 ലക്ഷം നൽകി.*** |
| ✦ | ***പണം നൽകിയതിന് രേഖയില്ല.*** |

2007-ലെ വേലയോടനുബന്ധിച്ച് വേലാഘോഷ കമ്മിറ്റിക്ക് താഴെപറയും പ്രകാരം 2,10,106.50 രൂപ ക്ഷേത്ര ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ഈ തുക ക്യാഷ് ബുക്കിൽ ചെലവെഴുതിയതല്ലാതെ വൗച്ചർ എഴുതുകയോ, വേലാഘോഷ കമ്മിറ്റിയിൽനിന്ന് കൈപ്പറ്റ് രസീത് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇത്രയും വലിയൊരു തുക നൽകിയതിന് വൗച്ചർ എഴുതാതിരുന്നതും കൈപ്പറ്റ് രസീത് ലഭ്യമാക്കാതിരുന്നതും ഗുരുതരമായ വിഴ്ചയാണ്. വേലഘോഷ കമ്മിറ്റിക്ക് തുക നൽകിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| തീയതി | തുക | ചെക്ക് നമ്പർ |
|---|---|---|
| 28.02.2007 | 2,00,000.00 | 750401/28.02.2007 |
| 01.03.2007 | 7,160.50 | (പണമായി) |
| 07.03.2007 | 3,000.00 | (പണമായി) |
| **ആകെ** | **2,10,160.50** | |

ശ്രീ മണപ്പുള്ളി ഭഗവതി ദേവസ്വത്തിലെ വേലാഘോഷത്തിന് ദേവസ്വം ഫണ്ടും വഴിപാടിൽനിന്നുള്ള വരവും വിനിയോഗിക്കുവാൻ പാടില്ല എന്നും വേലാഘോഷത്തിനുള്ള മുഴുവൻ പണവും കമ്മിറ്റി കണ്ടെത്തണമെന്നും ദേവസ്വം അധികാരികൾക്ക് ഒ.പി.നമ്പർ.37751/02-ന്റെ 30.01.2003-ലെ വിധിയിൽ ബഹു. ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. 2004-ലെ വേലാഘോഷക്കമ്മിറ്റിക്ക് തിരിച്ചടക്കണമെന്ന വ്യവസ്ഥയിൽ ക്ഷേത്രഫണ്ടിൽനിന്നും നൽകിയ 2,00,000/-രൂപയിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന 64209/-രൂപ ഗ്രാന്റായി കണക്കാക്കി എഴുതിത്തള്ളണമെന്നും അന്നത്തെ കമ്മിറ്റി പ്രസിഡന്റ് ശ്രീ.മോഹൻ ദാസ് നൽകിയ നിവേദനം ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ)വകുപ്പ് കമ്മീഷണറും 02.07.2005-ലെ സർക്കാർ ഉത്തരവ്(സാ)3796/05(റവന്യൂ) പ്രകാരം സർക്കാരും നിരസിക്കുകയുണ്ടായി. ഇതിനെതിരെ ടിയാൻ ബഹു.ഹൈക്കോടതി യിൽ നൽകിയ പെറ്റീഷൻ 09.08.2005-ലെ ഡബ്ല്യൂ.(പി.സി) 23388/05-ാം നമ്പർ വിധിയിൽ ടിയാന്റെ അപേക്ഷ പരിഗണിക്കുവാൻ നിർവാഹമില്ലെന്നും 30.01.2003-ലെ 37751/02-ാം നമ്പർ ഹൈക്കോടതി വിധി ചൂണ്ടിക്കാണിച്ചുകൊണ്ട് വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ബഹു.ഹൈക്കോടതി വിധികളെ അവഗണിച്ചുകാണ്ടാണ് 2007-ലെ വേലാഘോഷ കമ്മിറ്റിക്ക് മേൽവിവരിച്ച പ്രകാരം 2,10,160/-രൂപ നൽകിയിരിക്കുന്നത്. ഇത് കോടതി വിധിയുടെ ലംഘനമായതിനാൽ ഓഡിറ്റിൽ അംഗീകരിക്കുവാൻ നിർവാഹമില്ല.

ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പ് കമ്മീഷണറുടെ 28.02.2007-ലെ എച്ച്.ആർ.ജെ.5-9238/06 നമ്പർ ഉത്തരവിന്റേയും ബഹു.ദേവസ്വം ഉത്തരവിന്റേയും (ഉത്തരവ് ഹാജരാക്കിയില്ല) വെളിച്ചത്തിലാണ് വേലാഘോഷ കമ്മിറ്റിക്ക് പണം നൽകിയത് എന്ന് ഓഡിറ്റിൽ വിശദീകരിക്കുകയുണ്ടായി. എന്നാൽ വേലാഘോഷ കമ്മിറ്റി പിരിച്ചെടുത്ത പണംതികയാതെ വരികയാണെങ്കിൽ ബാക്കിപണം ദേവസ്വം ഫണ്ടിൽനിന്നും നൽകുന്ന കാര്യം പരിഗണിക്കുമെന്നാണ് കമ്മീഷണറുടെ ഉത്തരവിൽ പറഞ്ഞിരുന്നത്. എന്നാൽ വേലാഘോഷ കമ്മിറ്റിക്ക് പണം നൽകുവാൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമായില്ല. വേല കഴിഞ്ഞപ്പോൾ 18,199/-രൂപ കമ്മിറ്റി ക്ഷേത്രഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. ഇതിൽ നിന്നും കമ്മീഷണറുടെ ഉത്തരവിനും വിരുദ്ധമായിട്ടാണ് വേലക്കമ്മിറ്റിക്ക് മേൽ തീയതികളിലായി 2,10,160.50 രൂപ നൽകിയിരിക്കുന്നത്.

വേലാഘോഷ കമ്മിറ്റിക്ക് ക്ഷേത്രഫണ്ടിൽനിന്നും പണം നൽകുവാൻ പാടില്ല എന്ന ബഹു.ഹൈക്കോടതി വിധി നിലവിലുള്ളപ്പോൾ ആയതിനെ അവഗണിച്ചു കൊണ്ട് വേലാഘോഷ കമ്മിറ്റിക്ക് പണം നൽകിയത് നിയമ ലംഘനമായതിനാൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വേല കഴിഞ്ഞ് കമ്മിറ്റി ക്ഷേത്രഫണ്ടിലേക്ക് 18,199/-രൂപ തിരിച്ചടച്ച സാഹചര്യത്തിൽ 2,10,160/-രൂപയിൽ മേൽ തിരിച്ചടവ് കഴിച്ച് ബാക്കി തുകയായ 1,91,961/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. 1,91,961/-രൂപ കമ്മിറ്റി പ്രസിഡന്റിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ക്ഷേത്രഫണ്ടിൽ അടക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ:</u>*

*ശ്രീമതി.എ.വിലാസിനി.അസിസ്റ്റന്റ് കമ്മീഷണർ,*

*എച്ച്.ആർ.ആന്റ് സി.ഇ. (എക്സിക്യൂട്ടീവ് ഓഫീസർ ഇൻ-ചാർജ്)*

*ശ്രീവൽസം, പൂജാനഗർ, പുതൂർ, പാലക്കാട്.*

## 4.7. കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റി

| | |
|---|---|
| ✦ | ***പേവാർഡുകൾ ആശുപത്രി വികസന സമിതികൾക്ക് വിട്ടുകൊടുത്തത് സ്ഥാപിത ലക്ഷ്യത്തിന് വിരുദ്ധം.*** |
| ✦ | ***അധിക ജീവനക്കാരെ നിലനിർത്തുന്നത് കാരണം സാമ്പത്തിക ബാദ്ധ്യത.*** |

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 9-ാം വകുപ്പ് പ്രകാരം ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനുള്ളിൽ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റി 2006-07, 2007-08, 2008-09, 2009-10, 2010-11 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 2005-06-ലെ അക്കൗണ്ടുകൾ 7/2011-ൽ മാത്രമാണ് ലഭ്യമായത്.

കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾ തുടങ്ങിയ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന രോഗികൾക്ക് ചികിത്സാവശ്യത്തിനായി പേവാർഡുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് കെ.എച്ച്.ആർ.ഡബ്ല്യു.എസ്.സ്ഥാപിച്ചത്. പേവാർഡുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പേവാർഡ് കീപ്പർ, പേവാർഡ് അസിസ്റ്റന്റ്/ക്ലീനർ തുടങ്ങിയ തസ്തികകളും സ്ഥാപനത്തിന്റെ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഡുകളുടെ നിർമ്മാണം, അറ്റകുറ്റ പണികൾ, പ്ലംബിംഗ്/ഇലക്ട്രിക്കൽ ജോലികൾ എന്നിവ യഥാസമയം നിർവ്വഹിക്കുന്നതിന് കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന് വിപുലമായ എഞ്ചിനീയറിംഗ് വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തുടനീളം കെ.എച്ച്.ആർ.ഡബ്ല്യു. എസ്.പേവാർഡുകൾ നിർമ്മിച്ചിട്ടുണ്ട്. വിപുലമായ ഭരണസംവിധാനത്തോടെ പ്രവർത്തിച്ചുവന്ന പേവാർഡ് യൂണിറ്റുകൾ പിന്നീട് പല ഘട്ടങ്ങളിലായി ആശുപത്രിവികസന സമിതികൾക്ക് വിട്ടുകൊടുത്തതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വൻതുകകൾ മുടക്കി പേവാർഡുകൾ നിർമ്മിച്ചശേഷം അതിന്റെ പൂർണ്ണമായ ആസ്തികളോടെ ആശുപത്രി വികസന സമിതികൾക്ക് നൽകിയത് കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന്റെ സ്ഥാപിത ലക്ഷ്യത്തിനു വിരുദ്ധമാണ്. പല യൂണിറ്റുകളും നഷ്ടത്തിലാണെന്ന കാരണത്താലാണ് ആശുപത്രി വികസനസമിതിക്ക് നൽകിയത്. എന്നാൽ നഷ്ടമുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് മാർഗ്ഗങ്ങൾ ആലോചിക്കുകയോ വരുമാനം കൂടുതൽ മെച്ചമാക്കുന്നതിനോ ഭരണസമിതി നടപടിയെടുക്കേണ്ടതായിരുന്നു. പകരം സ്ഥാപനത്തിന്റെ ഉന്നമനത്തെ ലക്ഷ്യമാക്കി യാതൊരുനടപടിയും സ്വീകരിക്കാതെ പേവാർഡുകൾ ആശുപത്രി വികസന സമിതിക്ക് കൈമാറുകയാണുണ്ടായത്. മരാമത്ത് വിഭാഗം ഉൾപ്പെടെ വിപുലമായ സംവിധാനങ്ങൾ സ്വന്തമായുള്ള കെ.എച്ച്.ആർ. ഡബ്ല്യു.എസ്.-ന് നടത്തിക്കൊണ്ടുപോകാൻ ബുദ്ധിമുട്ടുള്ള പേവാർഡുകൾ അത്തരത്തിലുള്ള യാതൊരു സംവിധാനവുമില്ലാത്ത ആശുപത്രി വികസന സമിതിയ്ക്ക് കൈമാറിയത് സംശയാസ്പദമാണ്.

ഇത്തരത്തിൽ പേവാർഡുകൾ വിട്ടുകൊടുത്തപ്പോൾ പലയൂണിറ്റികൾക്കും വേണ്ടി കെ.എച്ച്.ആർ.ഡബ്ല്യു.എസ്.നിയമിച്ചിരുന്ന ജീവനക്കാരെ പിരിച്ചുവിടാതെ പുനർവിന്യസിച്ചു വൻതുകകൾ ശമ്പളയിനത്തിൽ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന് അതിന്റെ സ്വന്തം ആസ്തിയും സ്ഥാപനങ്ങളും നഷ്ടപ്പെട്ടുപോവുകയും വരുമാനം നിലയ്ക്കുകയും ചെയ്യുമ്പോൾ ഈ യൂണിറ്റിലേക്കു നിയോഗിച്ചിരുന്ന ജീവനക്കാരെ പുനർവിന്യസിച്ച് അധിക സാമ്പത്തിക ഭാരവും ഉണ്ടാക്കിയിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജ് നെഞ്ചുരോഗാശുപത്രിയോടനുബന്ധിച്ചുണ്ടായിരുന്ന 32 പേവാർഡുകൾ കരാർ പ്രകാരം ആശുപത്രി വികസന സമിതിക്ക് കൈമാറിയിരുന്നു. 65,00,000/-രൂപ വായ്പയെടുത്ത് പണിഞ്ഞിരുന്ന ഈ യൂണിറ്റ് ആശുപത്രി വികസന സമിതി കരാർലംഘനം നടത്തുകയും വായ്പാതുക തിരിച്ചടയ്ക്കാതെയും കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന് വൻനഷ്ടം വരുത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട്. കരാർ വ്യവസ്ഥയനുസരിച്ച് പേവാർഡുകൾ തിരികെ ആവശ്യപ്പെട്ടിട്ടും ആശുപത്രി വികസനസമിതി അതിന് തയ്യാറാവുന്നില്ല. ഇതുമൂലം കെ.എച്ച്.ആർ. ബ്ല്യു.എസ്-നുള്ള നഷ്ടം തുടർന്നുകൊണ്ടിരിക്കുന്നു.

കെ.എച്ച്.ആർ.ഡബ്ല്യു.എസ്.സ്വന്തം ഫണ്ടുപയോഗിച്ച് നിർമ്മിച്ചിട്ടുള്ള എല്ലാ പേവാർഡുകളും കെ.എച്ച്.ആർ.ഡബ്ല്യു.എസ്.ന്റെ ഭരണനിയന്ത്രണത്തിൽ തിരിച്ചു കൊണ്ടുവരുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 4.7.1. ടെലി കൊബാൾട്ട് തെറാപ്പി യൂണിറ്റ് ആശുപത്രി വികസന സമിതിക്ക് കൈമാറി -കോടികളുടെ നഷ്ടം

| | |
|---|---|
| ✦ | ***പ്രതിവർഷം ഒരുകോടി രൂപ വരവുള്ള ടെലികൊബാൾട്ട് തെറാപ്പി യൂണിറ്റ് ആശുപത്രി വികസന സമിതിക്ക് വിട്ടുകൊടുത്തു.*** |
| ✦ | ***മെഷീൻ വിട്ടുകൊടുക്കേണ്ടി വന്നത് ആവർത്തന ചെലവിന് പണം നീക്കിവയ്ക്കാതിരുന്നതുമൂലം.*** |
| ✦ | ***ഇതേ മെഷീനുപയോഗിച്ച് ആശുപത്രി വികസന സമിതി വൻലാഭമുണ്ടാക്കി.*** |

കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ക്യാൻസർ ചികിത്സാവശ്യത്തിനായി ഒരു ടെലി കൊബാൾട്ട് തെറാപ്പി യൂണിറ്റ് സ്ഥാപിച്ചിരുന്നു. അതീവ സുരക്ഷാ സംവിധാനങ്ങളോടെ വൻതുക മുടക്കിയാണ് ഈ യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളത്. പ്രതിവർഷം ഒരുകോടിയോളം രൂപ വരുമാനമുള്ളതാണ് ഈ യൂണിറ്റ്. രണ്ട് മെഷീനുകൾ പ്രവർത്തിക്കുന്ന ഈ യൂണിറ്റിൽ 10 വർഷം കൂടുമ്പോൾ മെഷീനിലെ 'സോഴ്സ്" നീക്കം ചെയ്തു പുതിയ സോഴ്സ് നിറക്കേണ്ടതുണ്ട്. ഇതിന് 1 കോടിയോളം രൂപ ചെലവുള്ളതാണ്. സോഴ്സ് നീക്കം ചെയ്യാറായപ്പോൾ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.ന്റെ സാമ്പത്തിക സ്ഥിതി ദുർബലമാണെന്ന കാരണം പറഞ്ഞ് ആശുപത്രി വികസന സമിതിക്ക് കൈമാറി ഉത്തരവാദിത്വത്തിൽ നിന്നും ഒഴിയുകയാണുണ്ടായത്. ആവർത്തനച്ചെലവ് പ്രതീക്ഷിക്കുന്ന ഇത്തരം ഒരു യൂണിറ്റിന്റെ പരിപാലനത്തിന് ഒരു നിശ്ചിത തുക വരുമാനത്തിൽനിന്നും നീക്കിവച്ചിരുന്നുവെങ്കിൽ പെട്ടെന്ന് ഒരു പ്രതിസന്ധി ഉണ്ടാകുമായിരുന്നില്ല. കോടികൾ ചെലവഴിച്ച് പ്രവർത്തിക്കുന്ന ഈ യൂണിറ്റും യാതൊരു കൂടിയാലോചനയും ഇല്ലാതെ കൈയൊഴിയുകയായിരുന്നു. ഇത്തരത്തിൽ ഒരു യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് യാതൊരു സംവിധാനവുമില്ലാത്ത ആശുപത്രി വികസനസമിതി യൂണിറ്റ് ഏറ്റെടുത്തശേഷം മെഷീനിൽ സോഴ്സ് നിറച്ചില്ല. മാത്രവുമല്ല നേരത്തേ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.ന്റെ ഫണ്ടുപയോഗിച്ച് നിറച്ചിരുന്ന സോഴ്സ് ഉപയോഗിച്ച്

പ്രവർത്തിപ്പിച്ച് ആശുപത്രി വികസന സമിതി വൻ ലാഭമുണ്ടാക്കുകയും ചെയ്തു. ഇത് കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന് നേരിട്ട നഷ്ടമാണ്. ഈ യൂണിറ്റ് അടിയന്തിരമായി തിരിച്ച് ഏറ്റെടുക്കുന്നതിനും കെ.എച്ച്.ആർ.ഡബ്ല്യു.എസ്.ന് ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനും നടപടിയെടുക്കേണ്ടതാണ്.

## 4.7.2. ഐ.വി.ഫ്ളൂയിഡ് മാനുഫാക്ചറിംഗ് യൂണിറ്റ്

സർക്കാർ ആശുപത്രികളുടെ ആവശ്യത്തിലേയ്ക്കായി ഐ.വി.ഫ്ളൂയിഡ് ഉൽപ്പാദിപ്പിച്ചു നൽകുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ഐ.വി.ഫ്ളൂയിഡ് മാനുഫാക്ചറിംഗ് യൂണിറ്റ് സ്ഥാപിച്ചിരുന്നു. ഈ യൂണിറ്റ് സ്ഥാപിക്കുന്നതിനും വൻതുക ചെലവഴിച്ചിരുന്നു. ലാഭത്തിൽ പ്രവർത്തിച്ചുവന്ന ഈ യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഈ യൂണിറ്റിൽ സ്ഥാപിച്ച മെഷീനറികളും ഉപയോഗിക്കാതെ നശിച്ചുകൊണ്ടിരിക്കുകയാണ്. തികച്ചും നിരുത്തരവാദപരമായാണ് മാനേജ്മെന്റ് ഈ യൂണിറ്റ് ഉപേക്ഷിച്ചത്. വൻ മുടക്ക് മുതലുള്ള ഈ യൂണിറ്റ് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനും യൂണിറ്റിൽനിന്നും ലഭ്യമാകുന്ന വരുമാനം യുക്തിപൂർവ്വം വിനിയോഗിക്കേണ്ടതുമാണ്. ഈ യൂണിറ്റ് പ്രവർത്തനം പുനരാരംഭിക്കുവാൻവേണ്ടി നിർദ്ദേശങ്ങൾ ഉന്നതകേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## 4.7.3. ലാബുകളുടെ പ്രവർത്തനം

തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് തുടങ്ങിയ സർക്കാർ മെഡിക്കൽ കോളേജുകളിലും പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിലും കെ.എച്ച്.ആർ. ഡബ്ല്യു.എസ്. ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. (അഡ്വാൻസ്ഡ് ക്ലിനിക്കൽ റിസർച്ച് ലബോറട്ടറികൾ എന്ന പേരിൽ ഇവ അറിയപ്പെടുന്നു) എന്നാൽ യൂണിറ്റുകളിൽ സാമ്പത്തിക നിയന്ത്രണം ഉൾപ്പെടെയുള്ള ഓഫീസ് നിയന്ത്രണത്തിന് സ്ഥിരം ഉദ്യോഗസ്ഥരില്ല. കോൺട്രാക്റ്റ് ജീവനക്കാർ സാമ്പത്തികാധികാരം കൈവശം വയ്ക്കുന്നത് സുരക്ഷിതമല്ല. ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്ഥിരം യൂണിറ്റ് മേധാവിയെ നിയോഗിക്കേണ്ടതാണ്. കെ.എച്ച്.ആർ.ഡബ്ല്യു. എസ്.ന് മികച്ച വരുമാനം ലഭിക്കുന്ന ലാബുകളിലെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് ഹെഡ് ഓഫീസിൽ സ്ഥിരം സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരുടെ മേൽനോട്ടത്തിൽ മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തേണ്ടതാണ്. ലാബിൽ ഉപയോഗിക്കുന്ന റീഏജന്റുകൾ കൺസ്യൂമബിൾസ് എന്നിവയുടെ വിനിയോഗം ഈ യൂണിറ്റിന്റെ നിരന്തരമായ നിരീക്ഷണത്തിലായിരിക്കണമെന്നും ശുപാർശചെയ്യുന്നു.

★ ★ ★

## അദ്ധ്യായം-5

# ഓഡിറ്റ് നിരീക്ഷണങ്ങൾ -തദ്ദേശ ഭരണ സ്ഥാപനങ്ങൾ

## 5.1. തനതു ഫണ്ട് നഷ്ടം

| | |
|---|---|
| ✦ | *നികുതി പരിഷ്കരണം നടക്കാത്തതുകാരണം തനതു വരുമാനം കുറഞ്ഞു.* |
| ✦ | *നിശ്ചയിക്കപ്പെട്ടതിലും കുറഞ്ഞ നിരക്കിൽ നികുതികളും ഫീസുകളും ഈടാക്കുന്നു.* |
| ✦ | *തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പട്ടിക സൂക്ഷിക്കാത്തതിനാൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവ കണ്ടെത്താനാകുന്നില്ല.* |
| ✦ | *കുത്തകാവകാശം ലേലം ചെയ്തു കൊടുക്കുന്നതിൽ കാലതാമസം.* |
| ✦ | *സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിൽ അലംഭാവം.* |

തദ്ദേശ ഭരണ സ്ഥാപനങ്ങൾ അധിക വിഭവ സമാഹരണം നടത്തുന്നതിനുള്ള മാർഗങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

1. തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി കണക്കാക്കുക.
2. തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥരായവരെയെല്ലാം നികുതി വലയത്തിൽ ഉൾപ്പെടുത്തുക.
3. വിനോദ നികുതി ചോർച്ച ഒഴിവാക്കുക
4. പുതിയതായി പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ ചെലവ് പൂർണ്ണമായോ ഭാഗികമായോ, ഒരു നിശ്ചിത കാലയളവ് വരെ, ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നതിന് സേവന നികുതി ഏർപ്പെടുത്തുക.
5. കാര്യക്ഷമമായ നടപടികളിലൂടെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുക.

എന്നിവയാണ് അധിക വിഭവ സമാഹരണത്തിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാർഗങ്ങൾ.

എന്നാൽ മിക്ക തദ്ദേശ ഭരണ സ്ഥാപനങ്ങളും തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനു നടപടികൾ കൈക്കൊള്ളുന്നില്ല. നികുതി പരിഷ്ക്കരണം സമയബന്ധിതമായി നടക്കാത്തതുമൂലം തനതുവരുമാനം ഗണ്യമായി കുറഞ്ഞിരിക്കുന്നു. സേവന നിരക്കുകളും ലൈസൻസ് ഫീസുകളും കാലോചിതമായി പരിഷ്കരിക്കുന്നില്ല. ജീവനക്കാരുടെ കുറവും സ്ഥാപനങ്ങൾക്ക് അർഹമായ തുക പിരിച്ചെടുക്കുന്നതിന് തടസ്സമാകുന്നു.

പഞ്ചായത്ത്/നഗരസഭകളുടെ ലൈസൻസ്/രജിസ്ട്രേഷൻ എന്നിവയുടെ അടിസ്ഥാനത്തിലാണ് മുഴുവൻ സ്ഥാപനങ്ങളും പ്രവർത്തിക്കേണ്ടത്. എന്നാൽ ഇവയുടെ പൂർണ്ണമായ പട്ടിക സ്ഥിരമായി എഴുതി സൂക്ഷിക്കുന്നില്ല. അതിനാൽ എല്ലാസ്ഥാപനങ്ങളും ലൈസൻസ്/രജിസ്ട്രേഷൻ എടുത്തിട്ടുണ്ടോ എന്നും സ്ഥാപനങ്ങളുടെയും

അവയിലെ ജീവനക്കാരുടെയും തൊഴിൽനികുതി ഈടാക്കുന്നുണ്ടോ എന്നും പരിശോധിക്കാൻ കഴിയുന്നില്ല. ചട്ടങ്ങളിലും നിയമങ്ങളിലും നിശ്ചയിക്കപ്പെട്ട

നിരക്കുകളിലും കുറഞ്ഞ നിരക്കിലാണ് മിക്ക സ്ഥാപനങ്ങളിലും നികുതികളും ഫീസുകളും ഈടാക്കുന്നത്. ഡി&ഒ ലൈസൻസ് ഫീസ് 1992-ലെ ബൈലോ അനുസരിച്ചുള്ള നിരക്കിലാണ് ഈടാക്കുന്നത്. ബൈലോ പുതുക്കാത്തത് ഫീസിനത്തിൽ വൻ നഷ്ടത്തിന് വഴിവയ്ക്കുന്നു. കെട്ടിടങ്ങളുടെയും മൈതാനങ്ങളുടെയും മറ്റും വാടക ഈടാക്കുന്നത് കുറഞ്ഞ നിരക്കിലാണ്. ബസ്സ്റ്റാന്റ് ഫീസ്, മാർക്കറ്റ് ഫീസ് മുതലായവ പിരിക്കുവാനുള്ള അവകാശങ്ങൾ യഥാസമയം ലേലം ചെയ്ത് കൊടുക്കുന്നില്ല. ലേലം നടക്കുന്നതാകട്ടെ താരതമ്യേന കുറഞ്ഞ നിരക്കിലാണ്. വാടകക്കരാറുകൾ കൃത്യമായി എഴുതി വാടക കൃത്യമായി പിരിച്ചെടുക്കുവാനുള്ള ശ്രമങ്ങളും നടക്കുന്നില്ല. കെട്ടിടങ്ങളിലെ മുറികൾ വാടകയ്ക്കെടുത്തിട്ടുള്ളവർ തദ്ദേശസ്ഥാപനം അറിയാതെ അവ കൈമാറ്റംചെയ്യുന്നതും സാധാരണമാണ്. പല അവസരങ്ങളിലും കൂട്ടുകച്ചവടത്തിന്റെ പേരിൽ മുറികൾ കൈമാറ്റം ചെയ്യുന്നത് ഭരണസമിതികൾ നിയമവിധേയമാക്കി നൽകുന്നു. ഈ അവസരങ്ങളിൽ വാടകയിലോ സെക്യൂരിറ്റി നിക്ഷേപത്തിലോ വർധന വരുത്തുന്നില്ല. തന്മൂലം ഗണ്യമായ നഷ്ടം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ 5,7 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തണം. എന്നാൽ പല ഗ്രാമപഞ്ചായത്തുകളും ഇത്തരം സ്ഥാപങ്ങളിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല. ഇതും വരുമാന നഷ്ടത്തിനിടയാക്കുന്നു.

സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നതും വരുമാന നഷ്ടത്തിന് കാരണമാകുന്നു. 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 209 പ്രകാരം പഞ്ചായത്തുകൾക്ക് പരസ്യ നികുതി ഈടാക്കാം. പരസ്യ നികുതിയുടെ കുറഞ്ഞ നിരക്ക് എസ്.ആർ.ഒ. നമ്പർ 654/02 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ പരസ്യനികുതി പിരിക്കുന്നതിനോ പിരിക്കുവാനുള്ള അവകാശം ലേലം ചെയ്തുകൊടുക്കുന്നതിനോ പല തദ്ദേശ ഭരണ സ്ഥാപനങ്ങളും ശ്രമം നടത്തുന്നില്ല.

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ തനതുവരുമാന നഷ്ടവുമായി ബന്ധപ്പെട്ട ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

## <u>തിരുവനന്തപുരം ജില്ല</u>

## 5.1.1. തിരുവനന്തപുരം കോർപ്പറേഷൻ

### 5.1.1.(1). നികുതി/നികുതിയേതര കുടിശ്ശികയിനത്തിലെ നഷ്ടം 21,74,45,090/- രൂപ

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09 ഖണ്ഡിക നമ്പർ: 2.2</u>***

| | |
|---|---|
| ✦ | *നികുതി/നികുതിയേതര കുടിശ്ശിക 21.74 കോടി.* |
| ✦ | *കാലഹരണപ്പെട്ട നികുതി ഉത്തരവാദികളായവരിൽനിന്ന് ഈടാക്കണം.* |

| വരവിനം | കുടിശ്ശിക ഡിമാന്റ് (രൂപ) | തൻവർഷ ഡിമാന്റ് (രൂപ) | പിരിവ് (രൂപ) | ബാക്കി (രൂപ) |
|---|---|---|---|---|
| വസ്തു നികുതി | - | 224477376 | 145971831 | 78505545 |
| വസ്തു നികുതി | 180882787 | - | 64368643 | 116514144 |
| തൊഴിൽ നികുതി | - | 163517682 | 158638678 | 4879004 |
| തൊഴിൽ നികുതി | 6521476 | - | 6138014 | 383462 |
| പരസ്യനികുതി | 330894 | - | - | 330894 |
| റിസീവബിൾ ഫോർ അദർ ടാക്സ് | 40550 | - | - | 40550 |
| ഓഫീസ് കെട്ടിട വാടക | - | 20125910 | 13669686 | 6456224 |
| ഓഫീസ് കെട്ടിട വാടക | 10275092 | - | 936671 | 9338421 |
| ഡി&ഒ ലൈസൻസ് ഫീസ് | 1281418 | - | 285555 | 995863 |
| റിസീവബിൾ ഫോർ അദർ ഫീസ് | 983 | - | - | 983 |
| **ആകെ** | **199333200** | **408120968** | **390009078** | **217445090** |

വിവിധയിനം നികുതിയിനങ്ങളിൽ 21,74,45,090/-രൂപ കുടിശ്ശിക ഉണ്ടായിരുന്നിട്ടും അത് ഈടാക്കുവാൻ നഗരസഭ നടപടി സ്വീകരിച്ചില്ല.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 539 അനുസരിച്ച് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ ജപ്തിദൗത്യം ചെയ്യാമായിരുന്നതോ, വ്യവഹാര ദൗത്യം നടത്താമായിരുന്നതോ, ശിക്ഷാനടപടി ദൗത്യം ആരംഭിക്കാമായിരുന്നതോ ആയ തീയതി മുതൽ മൂന്നു കൊല്ലം കഴിഞ്ഞതിനു ശേഷം യാതൊരു ജപ്തിയും ചെയ്യുകയോ യാതൊരു വ്യവഹാരം ചെയ്യുകയോ യാതൊരു ശിക്ഷാ നടപടിയും അനുവദിക്കുകയോ ചെയ്യാൻപാടില്ല. യഥാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ചവരുത്തിയശേഷം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും തുക കാലഹരണപ്പെടുന്നപക്ഷം അപ്രകാരം മുനിസിപ്പാലിറ്റിക്ക് നഷ്ടപ്പെട്ടതായ തുക, അത് ഏത് ഉദ്യോഗസ്ഥന്റെ വീഴ്ചമൂലമാണ് നഷ്ടപ്പെടാൻ ഇടയായിട്ടുള്ളത് എന്ന്, നിയമാനുസൃതമുള്ള ഒരു അന്വേഷണത്തിൽ ബോദ്ധ്യപ്പെടേണ്ടതും, അങ്ങനെയുള്ള ഉദ്യോഗസ്ഥനിൽനിന്നും 12% പലിശ സഹിതം ഈടാക്കേണ്ടതുമാണ്. ഈ സെക്ഷൻ അനുസരിച്ച് ഓരോ വർഷത്തേയ്ക്കുമുള്ള നഷ്ടം പ്രത്യേകം തിട്ടപ്പെടുത്തി ജോലി വിഭജനമനുസരിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ നിശ്ചയിച്ച് നികുതി കുടിശ്ശിക ഈടാക്കുകയോ ഉത്തരവാദിയായ കക്ഷിയിൽ നിന്നും നഷ്ടം ഈടാക്കുകയോ ചെയ്യേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u>:*
*ജോൺസൺ കെ.ജോർജ്ജ്.(ഐ.എ.എസ്) സെക്രട്ടറി,*
*കല്ലുംപുറത്ത് വീട്, വി.എസ്.എൻ.എൽ.റോഡ്,*
*കാക്കനാട്.പി.ഒ., കൊച്ചി.*

## 5.1.1.(2). ഗോൾഫ്‌ലിങ്ക്സ് ബംഗ്ളാവ് 2002-03 മുതൽ 2005-06 വരെയുള്ള നികുതി നഷ്ടമായി

**<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09 ഖണ്ഡിക നമ്പർ: 2.4.4.</u>**

പൊതു മരാമത്തുവകുപ്പിന്റെ ഉടമസ്ഥതയിൽ തിരുവനന്തപുരം നഗരസഭയുടെ പരിധിയിലുള്ള ഗോൾഫ്‌ലിങ്ക്സ് ബംഗ്ളാവിന്റെ (ടി.സി.നം.5/2314 മുതൽ

2318 വരെയും 5/2656 മുതൽ 2660 വരെയും) വാർഷിക വസ്തുനികുതി 9315/-രൂപ യായി നിശ്ചയിച്ചതായി പൊതുമരാമത്തു കെട്ടിടങ്ങളെ സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററിൽ കാണുന്നു. ഗോൾഫ് ലിങ്ക്സ് ബംഗ്ളാവിന്റെ 2002-03 ഒന്നാം അർദ്ധ വർഷം മുതൽ 2005-06 രണ്ടാം അർദ്ധവർഷം വരെയും 07-08 ഒന്നാം അർദ്ധവർഷം മുതൽ 2008-09 രണ്ടാം അർദ്ധവർഷം വരെയുമുള്ള നികുതി ഒടുക്കിയിട്ടില്ല. 2008-09 ഒന്നാം അർദ്ധവർഷം വരെ വസ്തുനികുതിയിനത്തിൽ 51,233/-രൂപ, ലൈബ്രറി സെസ് ഇനത്തിൽ 2,562/-രൂപ, പിഴപ്പലിശയിനത്തിൽ 29,622/-രൂപ എന്നിങ്ങനെ മൊത്തം 80,855/-രൂപ ബംഗ്ളാവിന്റെ വസ്തുനികുതിയിനത്തിലും 2562/-രൂപ ഗ്രന്ഥശാലാവരിയിനത്തിലും കുടിശ്ശികയുള്ളതായി 31.10.08-ലെ ആർ.9/7769/94 (134)-ാം നമ്പർ കത്തുമുഖേന റവന്യൂ ഓഫീസർ പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ്സ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയി ച്ചിട്ടുണ്ട്. 2006-07 ലെ വസ്തുനികുതി ഒടുക്കുവരുത്തിയെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും രസീതു നമ്പരോ മറ്റ് വിശദാംശങ്ങളോ ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

ഒരു മുനിസിപ്പൽ പ്രദേശത്തെ വസ്തുവിൻമേൽ നികുതി അസസ്ചെയ്യുന്ന അർദ്ധവർഷം മുതൽ, തുടർച്ചയായി ഓരോ വർഷവും വസ്തു നികുതി ഈടാക്കേ ണ്ടതാണെന്നിരിക്കെ (വേക്കൻസി റമിഷൻ, എഴുതിത്തള്ളൽ, ഒഴിവാക്കൽ, കുറവു ചെയ്യൽ എന്നീ നടപടികൾ സ്വീകരിക്കാത്ത പക്ഷം) 2002-03 മുതൽ 2005-2006 വരെയുള്ള കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കാനുള്ള നടപടി സ്വീകരി ക്കേണ്ടതാണ്. 2006-07 ലേക്കു മാത്രം ഒടുക്കുവരുത്തിയത് മുനിസിപ്പൽ ആക്ടിലെ 238-ാം വകുപ്പിന് വിരുദ്ധമാണ്.

2005-06 വരെയുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നിയമപരമായി തടസ്സമുണ്ടാകുമെന്നത് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 539-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പു പ്രകാരം വ്യക്തമാണ്. 539-ാം വകുപ്പിന്റെ 2-ാം ഉപവ കുപ്പ് വ്യവസ്ഥ ചെയ്യുംവിധം പ്രസ്തുത നഷ്ടത്തിന് കാരണക്കാരനായ ഉദ്യോഗ സ്ഥനിൽ നിന്നും നഷ്ടമായ തുക 12% പലിശ സഹിതം ഈടാക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ:</u>*
*ശ്രീമതി.ഉമ.ബി.നായർ (റവന്യൂ ഓഫീസർ),*
*റ്റി.സി.24/4591(6), ജയശ്രീ, പി.ആർ.എസ്.റോഡ്,*
*തൈക്കാട്, തിരുവനന്തപുരം.*

## 5.1.1.(3) വസ്തു നികുതി ഒഴിവാക്കൽ (പ്രത്യേക ഓഡിറ്റ് റിപ്പോർട്ട്)

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09 ഖണ്ഡിക നമ്പർ: 2.4.10എ</u>***

തിരുവനന്തപുരം നഗരസഭയിൽ വസ്തുനികുതിയിൽനിന്നും അനുവദിക്ക പ്പെട്ടിട്ടുള്ള ഒഴിവാക്കലുകൾ സംബന്ധിച്ച വിവരങ്ങൾ പൊതുവായി പരിശോധിച്ച തിൽ നിരവധി അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. തുടർന്ന് മെയിൻ ഓഫീസിന്റേയും ഫോർട്ട് സോണൽ ഓഫീസിന്റേയും പരിധിയിലുള്ള കെട്ടിടങ്ങൾക്ക് അനുവദിക്ക പ്പെട്ടിട്ടുള്ള ഒഴിവാക്കലുകൾ സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധിച്ചതിൽ പലവിഭാഗം കെട്ടിടങ്ങൾക്കും നിയമാനുസൃതമല്ലാതെയും വ്യവസ്ഥാപിതമായതിൽ കവിഞ്ഞും ഇളവുകൾ അനുവദിച്ചിട്ടുള്ളതായി കാണുന്നു. ഇനംതിരിച്ചുള്ള വിശദവിവരം താഴെ കൊടുക്കുന്നു.

### 1. സംസ്ഥാന സർക്കാർ കെട്ടിടങ്ങൾ:

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 235 പ്രകാരം സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽനിന്ന് ഒഴിവാക്കിയിട്ടില്ല. ഒരു കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നു എന്നതുകൊണ്ടുമാത്രം പ്രസ്തുത കെട്ടിടത്തിന് തദ്ദേശ ഭരണ സ്ഥാപനത്തിനുള്ള നികുതിബാധ്യതയിൽനിന്നും സംരക്ഷണം സിദ്ധിക്കുന്നില്ല. അതേസമയം അവ ഏതേത് ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ നികുതി ഇളവുകൾക്ക് അർഹമാണ്. നികുതി നിർണ്ണയം സംബന്ധിച്ച രേഖകളിൽ നിരവധി കെട്ടിടങ്ങളെ 'സർക്കാർ കെട്ടിടം' എന്ന ഒറ്റക്കാരണത്താൽ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി കാണുന്നു. ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

| | |
|---|---|
| 1 | ഗവൺമെന്റ് ഡയറി വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടം. (TC.2/1391) |
| 2 | TC.30/1308,30/1309 എന്നീ ഗവൺമെന്റ് ടെസ്റ്റ് ബുക്ക് ഡിപ്പോ കെട്ടിടങ്ങൾ |
| 3 | TC.19/1928 മുതൽ TC.19/1955 വരെയുള്ള സർക്കാർ കെട്ടിടങ്ങൾ |
| 4 | പോലീസ് ട്രെയിനിംഗ് കോളേജ്. (TC.24/637) |
| 5 | TC.24/1685 മുതൽ TC.24/1688 വരെയുള്ള പോലീസ് ട്രെയിനിംഗ് കോളേജ് ക്വാർട്ടേഴ്സുകൾ. |
| 6 | വിവിധ സെൻട്രൽ ജയിൽ കെട്ടിടങ്ങൾ (ജയിൽ ക്വാർട്ടേഴ്സ്) |
| 7 | മെഡിക്കൽ കോളേജ് ഒഴികെയുള്ള വിവിധ സർക്കാർ ആശുപത്രി കെട്ടിടങ്ങൾ. |
| 8 | വഞ്ചിയൂർ ജില്ലാ കോടതി ആസ്ഥാനത്തുള്ള കോർട്ട് കോംപ്ലക്സ് മന്ദിരം. |
| 9 | ഹെൽത്ത് സർവ്വീസ് ഡയറക്ടറേറ്റ് (TC.27/129) |

### 2. ബോർഡുകൾ/കോർപ്പറേഷനുകൾ/അതോറിറ്റികൾ മുതലായവ:

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 235 പ്രകാരം ബോർഡുകൾ കോർപ്പറേഷനുകൾ, അതോറിറ്റികൾ മുതലായവയ്ക്ക് വസ്തുനികുതിയിൽ നിന്ന് യാതൊരു സംരക്ഷണവും വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിലും ഇത്തരത്തിലുള്ള നിരവധി സ്ഥാപനങ്ങളെ വസ്തുനികുതിയിൽനിന്ന് ഒഴിവാക്കിയതായി കാണുന്നു. ഉദാഹരണം: കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കേരളാ വാട്ടർ അതോറിറ്റി വക വിവിധ കെട്ടിടങ്ങൾ, വാട്ടർ അതോറിറ്റി വക ജലസംഭരണികൾ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവയുടെ വിവിധ കെട്ടിടങ്ങൾ

### 3. എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ:

വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ, ഇൻഡ്യൻ ഭരണഘടനയുടെ 285-ാം അനുഛേദപ്രകാരമുള്ള, യൂണിയന്റെ വസ്തുവകകൾക്ക് ബാധകമായ നികുതി ബാദ്ധ്യതയിൽ നിന്നുള്ള സംരക്ഷണത്തിന് അർഹമല്ല. എന്നാൽ എയർപോർട്ട്

അതോറിറ്റിയുടെ വിവിധ കെട്ടിടങ്ങളെ നികുതിയിൽനിന്നും ഒഴിവാക്കിയത് നിയമാനുസൃതമല്ല.

**4. ഇൻഡ്യൻ ഓയിൽകോർപ്പറേഷൻ/ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ:**

കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്ത് വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളായ ഇൻഡ്യൻ ഓയിൽകോർപ്പറേഷൻ/ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ എന്നിവയ്ക്ക് വസ്തു നികുതിയിൽ നിന്നും ഇളവുകളോ ഒഴിവാക്കലുകളോ കേരള മുനിസിപ്പാലിറ്റി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ അധീനതയിലുള്ള നിരവധി കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**5. ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ 35/234 നമ്പരായുള്ള കെട്ടിടം.**

**6. ആൾ ഇൻഡ്യാ റേഡിയോയുടെ 15/1330 മുതൽ 1340 വരെയുള്ള കെട്ടിടങ്ങൾ**

**7. പൊതു/സഹകരണ/സ്വകാര്യ മേഖലയിലുള്ള വിവിധ ബാങ്കുകൾ:**

ബാങ്കിംഗ് കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന കോർപ്പറേറ്റു സ്ഥാപനങ്ങളായ പൊതുമേഖലാ ബാങ്കുകൾക്ക് ഭരണഘടനാ അനുച്ഛേദം 285-ന്റെ സംരക്ഷണം ബാധകമല്ലെന്ന് 7/5/1976ലെ 61305/ഡി.1/75 തസ്വഭവ നമ്പരായുള്ള കത്തിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരം സ്ഥാപനങ്ങളെയും വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

**8. ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി:**

കേന്ദ്രസർക്കാരിന്റെ സയൻസ് ആന്റ് ടെക്നോളജി വകുപ്പിന്റെ ഭരണപരമായ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനമായ ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിക്ക് ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 285 പ്രകാരമുള്ള ഒഴിവാക്കൽ ബാധകമല്ലെങ്കിലും ഇൻസ്റ്റിറ്റ്യൂട്ടിന്റെ റ്റി.സി.1/1001 മുതൽ 1051 വരെയുള്ള കെട്ടിടങ്ങൾക്ക് നാളിതുവരെ നികുതി ചുമത്തിയിട്ടില്ല.

**9. ആരാധനാലയങ്ങൾ:**

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 235(1)(എ) പ്രകാരം പൊതു ആരാധനയ്ക്കായി നീക്കിവച്ചിട്ടുള്ളതും ഒന്നുകിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ മറ്റു യാതൊരാവശ്യത്തിനും ഉപയോഗിക്കാത്തതുമായ സ്ഥലങ്ങൾ, പൊതു ആരാധനയ്ക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾ എന്നിവയ്ക്ക് വസ്തുനികുതിയിൽ നിന്നും ഇളവ് വ്യവസ്ഥ ചെയ്യുന്നുണ്ട്. മാറിവരുന്ന സാമൂഹിക സാഹചര്യങ്ങളുടെ പ്രതിഫലനമെന്നോണം മിക്ക ആരാധനാലയങ്ങളോട് അനുബന്ധിച്ചും ഓഫീസുകൾ, വാടകയ്ക്ക് നൽകപ്പെട്ടിട്ടുള്ള കച്ചവട സ്ഥാപനങ്ങൾ, വിവാഹമണ്ഡപങ്ങൾ, ആഡിറ്റോറിയങ്ങൾ തുടങ്ങിയവ സാധാരണമായി കണ്ടുവരുന്നു. ആരാധനാലയത്തിന് അനുബന്ധമായുള്ളതും എന്നാൽ ആരാധന

എന്ന നിശ്ചിത ഉദ്ദേശ്യത്തിനല്ലാതെ മറ്റേതെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കപ്പെടുന്ന യാതൊരു സ്ഥലത്തിനോ കെട്ടിടത്തിനോ അതിന്റെ ഭാഗത്തിനോ 235-ാം വകുപ്പ് പ്രകാരമുള്ള നികുതിയിൽ നിന്നുള്ള ഒഴിവാക്കലിന് അർഹതയില്ല. എന്നാൽ ക്ഷേത്രങ്ങൾ, മുസ്ലീം/ക്രൈസ്തവ ദേവാലയങ്ങൾ എന്നിവയുടെ വസ്തു നികുതി നിർണ്ണയത്തിൽ വളരെ ഔദാര്യപൂർണ്ണമായ സമീപനമാണ് നഗരസഭ പുലർത്തിവരുന്നത്. കാരണം, ഒരു ആരാധനാലയവുമായി ബന്ധപ്പെട്ട മിക്ക അനുബന്ധ കെട്ടിടങ്ങളേയും ക്ഷേത്രം/പള്ളി എന്നു കണക്കാക്കുകയോ അനുബന്ധ കെട്ടിടങ്ങൾ എന്ന് പരിഗണിക്കാതെ കെട്ടിടസമുച്ചയത്തിന് ആകെ ഒരു ടി.സി.നമ്പർ നൽകി ഒഴിവാക്കുകയോ ചെയ്തിട്ടുള്ളതായി കാണുന്നു.

**എ) ശ്രീപത്മനാഭസ്വാമി ക്ഷേത്രം:**

മതിലകം കല്യാണ മണ്ഡപം, പാലസ് കെട്ടിടം, പാലസ് ട്രസ്റ്റ് ഓഫീസ്, കൊട്ടാര മഠം, മതിലകങ്ങൾ (3 എണ്ണം), റ്റി.സി.37/321 മുതൽ റ്റി.സി..37/334 വരെയുള്ള ശ്രീപദ്മം ബിൽഡിംഗുകൾ.

**ബി) ബീമാപള്ളി:**

പള്ളിവളപ്പിലുള്ളതും റോഡിന് അഭിമുഖമായുള്ളതുമായ ലൈൻ കെട്ടിടങ്ങളുടെ പിറകുവശത്തുള്ള താമസത്തിനായി ഉപയോഗിക്കുന്ന മുറികൾ, ട്രസ്റ്റ് ഓഫീസ്, മുൻഭാഗത്തുള്ള കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കടമുറികൾ എന്നിവയ്ക്കുപുറമേ പള്ളികോമ്പൗണ്ടിൽ കിഴക്കുഭാഗത്തായി അന്തേവാസികൾക്കോ തീർത്ഥാടകർക്കോ താമസിക്കാനുള്ള അനവധികെട്ടിടങ്ങൾ നിലവിലുണ്ട്. പള്ളി കോമ്പൗണ്ടിലുള്ള കെട്ടിടത്തിൽതന്നെ ഹോട്ടൽ, പോസ്റ്റ് ഓഫീസ് എന്നിവയും പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയൊന്നും നികുതിക്ക് വിധേയമായിട്ടില്ല.

**സി) വെട്ടുകാട് പള്ളി:**

വെട്ടുകാട് പള്ളിയുടെ ഉടമസ്ഥതയിലുള്ളതും പള്ളിക്ക് അഭിമുഖമായുള്ളതുമായ വായനശാലയോട് ചേർന്നുള്ളതും എന്നാൽ വായനശാലയുടെ ഭാഗമല്ലാത്തതുമായ ആധുനിക നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചുള്ള വിശാലമായ ഹാൾ, ക്രൈസ്റ്റ് ദി കിംഗ് ഹൗസിംഗ് പ്രോജക്ടിന്റെ ഭാഗമായ, താമസിക്കുന്നതിനായി ഉപയോഗിക്കുന്ന കെട്ടിടം.

**10. കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആസ്ഥാന കെട്ടിടം.**

**11. കേരള നിയമസഭാ മന്ദിരം.**

**12. കേരള നിയമസഭയുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്.**

**13. ഐ.എം.ജി., തിരുവനന്തപുരം.**

**14. വിവിധ സ്റ്റേഡിയങ്ങളും കളിസ്ഥലങ്ങളും (ഉദാ: ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയം)**

(പൊതു ജനങ്ങൾക്കു പ്രവേശിക്കാവുന്ന കളിസ്ഥലങ്ങൾക്ക് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ള നികുതിയിളവിന് സമാനമായ വ്യവസ്ഥ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിൽ നിലവിലില്ലാത്തതിനാൽ നഗരസഭാ പ്രദേശത്തുള്ള സ്റ്റേഡിയങ്ങൾ, കളിസ്ഥലങ്ങൾ എന്നിവ നികുതിക്കു വിധേയമാണ്.)

**15. കവടിയാർ കൊട്ടാരവും അനുബന്ധ കെട്ടിടങ്ങളും.**

**16. കോൺവെന്റുകൾ, ബിഷപ്പ് ഹൗസുകൾ, ആശ്രമങ്ങൾ മുതലായവ.**

**17. സാമൂഹിക സംഘടനകളുടെയും വിവിധ പാർട്ടികളുടെയും ഓഫീസുകൾ**

**18. പ്രതിദിന നിരക്കിൽ വാടകയ്ക്ക് നൽകപ്പെടുന്ന വി.ജെ.ടി.ഹാൾ.**

**19. പി.കൃഷ്ണപിള്ള ഫൗണ്ടേഷന്റെ റ്റി.സി.14/908(7)-ാം നമ്പർ കെട്ടിടം**

വസ്തുനികുതി ഒഴിവാക്കലുമായി ബന്ധപ്പെട്ട നിയമ വ്യവസ്ഥകൾ വേണ്ടത്ര അവധാനതയോടെയല്ല നടപ്പാക്കിയിട്ടുള്ളതെന്ന് മുകളിൽ പരാമർശിച്ച ഉദാഹരണങ്ങളിൽ നിന്ന് വ്യക്തമാണ്. കഴിഞ്ഞ 3 ദശകമായി നഗരഹൃദയത്തിൽ പ്രവർത്തിക്കുന്ന ഐ.എം.ജി.യും കാൽനൂറ്റാണ്ടോളം പഴക്കമുള്ള നിയമസഭാ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും നികുതി നിർണ്ണയത്തിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടും നഗരസഭാ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നികുതി നിർണ്ണയം നടത്താതിരുന്നതിനാൽ നഗരസഭയ്ക്ക് ലഭ്യമാകുമായിരുന്ന വലിയ തുക നഷ്ടമായി. 1994ലെ മുനിസിപ്പൽ നിയമം, വകുപ്പ് 22(1) പ്രകാരം നികുതി ചുമത്തുന്നതിൽ നിന്നും വിട്ടുപോയ കേസുകളിൽ നികുതി ചുമത്തുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകാൻ ബാദ്ധ്യസ്ഥമായ നികുതിഅപ്പീൽകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും അർഹിക്കുന്ന ഗൗരവത്തോടെ ഈ വിഷയത്തെ സമീപിച്ചിട്ടില്ല എന്നത് വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഔദ്യോഗിക സംവിധാനങ്ങളിലെ ഗുരുതരമായ പാളിച്ചകളിലേക്കാണ് വിരൽചൂണ്ടുന്നത്.

വസ്തു നികുതി ഒഴിവാക്കപ്പെട്ടതും വിട്ടുപോയിട്ടുള്ളതുമായ സംഗതികളിൽ നഗരസഭയ്ക്ക് നിയമാനുസൃതം ലഭിക്കുമായിരുന്ന ഗണ്യമായ നികുതി വരുമാനത്തിന്റെ സിംഹഭാഗവും മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 539 പ്രകാരം കാലഹരണപ്പെട്ടുകഴിഞ്ഞു. ഗുരുതരമായ ഈ സ്ഥിതിവിശേഷത്തിലേക്ക് നയിച്ച വീഴ്ചകളുടെ ഉത്തരവാദിത്തം നിശ്ചയിക്കാൻ ഭരണവകുപ്പ് നിയമാനുസൃതവും കാലികവുമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മെയിൻ ഓഫീസിന്റെ പരിധിയിലുള്ളവയ്ക്കു പുറമെ ഫോർട്ട് മേഖലാ ഓഫീസിന്റെ പരിധിയിലുള്ള ഏതാനും വാർഡുകൾ മാത്രമേ പരിശോധനയ്ക്കു വിധേയമാക്കിയിട്ടുള്ളൂ. ഈ റിപ്പോർട്ടിൽ പരാമർശിക്കുന്നവയും, ഓഡിറ്റിന് വിധേയമാക്കാതെ ശേഷിക്കുന്നതുമായ എല്ലാ വാർഡുകളിലെയും നികുതി ഒഴിവാക്കൽ സംബന്ധിച്ച എല്ലാ നടപടികളും അടിയന്തിരമായി പുന:പരിശോധിക്കേണ്ടതും വസ്തുനികുതിയിൽനിന്നും ഒഴിവാക്കേണ്ടതായി 1994-ലെ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 235-ൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതും 281 പ്രകാരം സർക്കാരോ അല്ലെങ്കിൽ സർക്കാർ അനുമതിയോടുകൂടി മുനിസിപ്പാലിറ്റിയോ നികുതി കൊടുക്കുന്നതിൽനിന്ന് ഒഴിവാക്കിയിട്ടില്ലാത്തതുമായ എല്ലാ കെട്ടിടങ്ങൾക്കും നികുതി ചുമത്തേണ്ടതുമാണ്.

(വിശദ വിവരങ്ങൾക്ക് തിരുവനന്തപുരം കോർപ്പറേഷന്റെ 2008-09 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.4.10എ കാണുക).

## 5.1.2. കൊല്ലം കോർപ്പറേഷൻ

### 5.1.2.(1). വിനോദ നികുതി – ടിക്കറ്റ് സീൽ ചെയ്യുന്നതിൽ ക്രമക്കേട് – നഷ്ടം. 869270/-

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2009-10, ഖണ്ഡിക നമ്പർ: 2-3-1 (എ)***

കൊല്ലം കോർപ്പറേഷനിലെ 2009-10 വർഷത്തെ വിനോദനികുതിയുടെ പിരിവ്, ഒടുക്ക് എന്നിവയുടെ പരിശോധനയിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടു.

സിനിമാ തിയേറ്ററുകളുടെ ടിക്കറ്റുകൾ സീൽ ചെയ്തു കൊടുക്കുകയും കോർപ്പറേഷൻ അംഗീകരിച്ച വിനോദനികുതി ഈടാക്കി ഒടുക്കു വരുത്തുകയും ചെയ്യുന്നതു സംബന്ധിച്ച വിവരങ്ങൾ ടിക്കറ്റ് സീൽ രജിസ്റ്ററിൽ ചേർത്തുവരുന്നു. എന്നാൽ ഈ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കാതെയും പണം ഒടുക്കാതെയുമുള്ള നിരവധി ഇടപാടുകൾ ശ്രദ്ധയിൽപ്പെട്ടു. ടിക്കറ്റുകൾ തുടർച്ചയായി മാത്രം സീൽ ചെയ്യേണ്ടതു കൊണ്ട് ഇതു പോലെയുള്ള വിട്ടുപോകലുകൾ സംഭവിക്കേണ്ടതല്ല.

ഈയിനത്തിൽ 8,69,270/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. അധികൃതരുടെ സത്വരശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതും ഉത്തരവാദികളായ ആളുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

*ഉത്തരവാദികളായ ഉദ്യോഗസ്ഥർ:*

1. *ശ്രീ.വി.എസ്.മധു (റവന്യൂ ഓഫീസർ I),*
   *മധു ഗിരി, റ്റി.സി.52/986, സ്റ്റുഡിയോ റോഡ്, നേമം,*
   *ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പി.ഒ. തിരുവനന്തപുരം.*
2. *ശ്രീ.കെ.അയ്യപ്പൻ (റവന്യൂ ഓഫീസർ II),*
   *കോട്ടപ്പുറത്ത് വീട്, തിരുമുല്ലവാരം.പി.ഒ., കൊല്ലം - 691012.*

### 5.1.2.(2). വിനോദ നികുതി: ഒടുക്കിൽ കുറവ് – 23,600/-രൂപ

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2009-10, ഖണ്ഡിക നമ്പർ: 2-3-1 (ബി)***

2009-10 വർഷം വിനോദനികുതി ഒടുക്കിൽ കുറവുവന്നതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു. കുറവ്വന്ന തുക ഈടാക്കി തനതുഫണ്ടിൽ ഒടുക്കേണ്ടതാണ്.

| തീയതി | തിയേറ്റർ/ക്ലാസ് | ടിക്കറ്റ് നമ്പർ | വിനോദ നികുതി | ഒടുക്കേണ്ടത് | ഒടുക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 25.08.09 | ആരാധന/യമുന | 5001-10000 | 5000x7.6 | 38000 | | |
| 25.08.09 | ആരാധന/ഗോദാവരി | 5001-7000 | 2000x5.6 | 11200 | | |
| | | | **ആകെ** | **49200** | **26400** | **12800** |
| 08.02.10 | ഗ്രാന്റ്/ബാൽക്കണി | 4001-6000 | 2000x7.4 | 14800 | | |
| 08.02.10 | ഗ്രാന്റ്/സ്പെ.ക്ലാസ് | 3001-8000 | 5000x5.4 | 27000 | | |
| | | | **ആകെ** | **41800** | **31000** | **10800** |
| | | | | | **ഒടുക്കാനുള്ള ആകെ** | **23600** |

*ഉത്തരവാദികളായ ഉദ്യോഗസ്ഥർ:*

1. *ശ്രീ.വി.എസ്.മധു (റവന്യൂ ഓഫീസർ I),*
   *മധു ഗിരി, റ്റി.സി.52/986, സ്റ്റുഡിയോ റോഡ്, നേമം,*
   *ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് പി.ഒ. തിരുവനന്തപുരം.*
2. *ശ്രീ.കെ.അയ്യപ്പൻ (റവന്യൂ ഓഫീസർ II),*
   *കോട്ടപ്പുറത്ത് വീട്, തിരുമുല്ലവാരം.പി.ഒ., കൊല്ലം- 691012.*

## 5.1.2.(3). കന്റോൺമെന്റ് മൈതാനം - വാടകയ്ക്ക് നൽകിയതിലെ അപാകത

**ഓഡിറ്റ് റിപ്പോർട്ട് വർഷം: 2009-10, ഖണ്ഡിക നമ്പർ: 2-3-2 (എ)**

2010 ഏപ്രിൽ, മേയ് മാസങ്ങളിൽ 'സമ്മർ എക്സ്പോ' എന്ന പേരിൽ അക്വാ-പെറ്റ്സ് എക്സിബിഷൻ നടത്തുവാൻ കന്റോൺമെന്റ് മൈതാനം അനുവദിച്ചതുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

2010 ഏപ്രിൽ 30 മുതൽ മേയ് 10 വരെ 'Summer Expo Season - I' എന്ന പേരിൽ അക്വാ-പെറ്റ്സ് എക്സിബിഷൻ നടത്തുന്നതിന് 100 സെന്റ് സ്ഥലം വാടകയ്ക്ക് ലഭിക്കുന്നതിന് 19.03.2010-ൽ Green Tree Notions എന്ന സംഘടനയും അതേ സ്ഥലത്ത് 2010 ഏപ്രിൽ 15 മുതൽ മേയ് 10 വരെ എക്സിബിഷൻ നടത്തുന്നതിന് 15.03.2010-ൽ SMASH ASPIRATION എന്ന സംഘടനയും അപേക്ഷ നൽകി.

'SMASH ASPIRATION'-ന് 3,75,242/-രൂപയും അത്രയും തന്നെ സ്ഥലത്തിന് 'ഗ്രീൻ ട്രീ നോഷൻസ്'-ന് 1,38,096/-രൂപയുമാണ് ഫീസ് കണക്കാക്കിയത്. എന്നാൽ 'ഗ്രീൻ ട്രീ നോഷൻസ്'-നാണ് സ്ഥലം വിട്ടുനൽകിയത്.

കൂടുതൽ ദിവസം വാടകയ്ക്ക് ആവശ്യപ്പെട്ട 'സ്മാഷ് ആസ്പിരേഷൻസിന്' നൽകാതെ കുറച്ച് ദിവസത്തേക്ക് രണ്ടാമതായി അപേക്ഷ നൽകിയ 'ഗ്രീൻ ട്രീ നോഷൻസ്'-ന് കുറഞ്ഞ നിരക്കിൽ അനുവാദം നൽകിയതിന്റെ കാരണം വ്യക്തമല്ല. ഇപ്രകാരം നൽകിയതിലൂടെ നഗര സഭയ്ക്ക് വാടകയിനത്തിൽ മാത്രം (375242- 138096) 2,37,146/-രൂപ നഷ്ടമായി. കൂടാതെ കൂടുതൽ ദിവസം എക്സിബിഷൻ നടത്തുമ്പോൾ ലഭ്യമാകുമായിരുന്ന വിനോദനികുതിയും പാർക്കിംഗ് ഫീസും നഷ്ടപ്പെടുകയും ചെയ്തു.

*ഉത്തരവാദികളായ ഉദ്യോഗസ്ഥർ:*

1. *ശ്രീ.വി.എസ്.മധു (റവന്യൂ ഓഫീസർ I),*
   *മധു ഗിരി, റ്റി.സി.52/986, സ്റ്റുഡിയോ റോഡ്, നേമം,*
   *ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് പി.ഒ. തിരുവനന്തപുരം.*
2. *ശ്രീ.കെ.അയ്യപ്പൻ (റവന്യൂ ഓഫീസർ II),*
   *കോട്ടപ്പുറത്ത് വീട്, തിരുമുല്ലവാരം.പി.ഒ., കൊല്ലം- 691012.*

# 5.1.3. ചെന്നിത്തല-തൃപ്പെരുംതുറ ഗ്രാമപഞ്ചായത്ത്

## 5.1.3.(1). നിയമവിരുദ്ധമായി കെട്ടിട നികുതി ഒഴിവാക്കി

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 2(1)***

| | |
|---|---|
| ✦ | *207895/-രൂപയുടെ കെട്ടിട നികുതി നിയമ വിരുദ്ധമായി എഴുതിത്തള്ളി.* |
| ✦ | *ഒന്നിലധികം കെട്ടിടങ്ങൾ ഉള്ളവരുടേയും വലിയ കെട്ടിടങ്ങളുള്ളവരുടെയും നികുതി ദരിദ്രരുടെ പേരിൽ എഴുതിത്തള്ളി.* |

ഗ്രാമപഞ്ചായത്തിൽ ദാരിദ്ര്യംമൂലം കെട്ടിടനികുതി ഒടുക്കുവാൻ ബുദ്ധിമുട്ടുന്ന ആളുകളുടെ 1000/-രൂപയിൽ കവിയാത്ത കെട്ടിടനികുതി "കേരള പഞ്ചായത്ത് രാജ് കടങ്ങൾ എഴുതിത്തള്ളൽ നിയമം" അനുസരിച്ച് എഴുതിത്തള്ളുന്നതിന് 12.03.08-ൽ കൂടിയ പഞ്ചായത്തു കമ്മറ്റി തീരുമാനിച്ചിരുന്നു (തീരുമാനം - 5(2)) പഞ്ചായത്തിലെ 11 വാർഡുകളിൽപ്പെട്ട 2000 പേരുടെ കെട്ടിടനികുതി ഇതനുസരിച്ച് ഒഴിവാക്കി നൽകിയതായാണ് മിനിട്ട്സിലെ രേഖ. വാർഷിക കണക്കുപ്രകാരം കുടിശ്ശിക 57,517/-രൂപയും, തൻവർഷത്തെ 1,40,478/-രൂപയും, ലൈബ്രറി സെസ് 9900/-രൂപയും ഉൾപ്പെടെ ആകെ 2,07,895/-രൂപ കെട്ടിടനികുതിയിനത്തിൽ എഴുതിത്തള്ളിയിട്ടുണ്ട്. ഇങ്ങനെ എഴുതിത്തള്ളിയ കെട്ടിടനികുതിയിൽ നല്ലൊരുഭാഗം 100/-രൂപ മുതൽ 1000/-രൂപ വരെ കെട്ടിടനികുതി ചുമത്തപ്പെട്ട വലിയ കെട്ടിടങ്ങളുടേതാണെന്ന് മിനിട്ട്സിലെ രേഖകളിൽ നിന്നും വ്യക്തമാകുന്നു. മാത്രമല്ല, ഒരേ ആളിന്റെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങളുടെ നികുതിയും നിയമവിധേയമല്ലാതെ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഒഴിവാക്കലിന് ആധാരമായ രേഖകളൊന്നും ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കെട്ടിട നികുതി ഒഴിവാക്കിയ ഏതാനും വ്യക്തികളുടെ പേരിനുനേരെ വിമുക്തഭടൻ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കെട്ടിട ഉടമകളുടെ അപേക്ഷയോ, വിമുക്തഭടനാണെന്നതിനുള്ള രേഖകളോ ലഭ്യമാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത്രാജ് (കെട്ടിടനികുതിയും അതിന്മേലുള്ള സർചാർജ്ജും) ചട്ടങ്ങൾ (ചട്ടം 20) പ്രകാരം പഞ്ചായത്തിന് ഏതെങ്കിലും വ്യക്തിയെ ദാരിദ്ര്യത്തിന്റെ കാരണത്താൽ കെട്ടിടനികുതി അടയ്ക്കുന്നതിൽനിന്നും മുഴുവനായോ ഭാഗികമായോ ഒഴിവാക്കാവുന്നതാണ്. എന്നാൽ ഈ ചട്ടപ്രകാരമുള്ള ഒഴിവാക്കൽ ഒരേസമയം ഒരു വർഷത്തിൽ കൂടുതൽ കവിയാൻ പാടുള്ളതല്ല. എന്നു മാത്രമല്ല, ഇപ്രകാരമുള്ള ഒഴിവാക്കൽ പ്രതിവർഷം 3,000/-രൂപയോ അതിൽ കൂടുതലോ വരുമാനമുള്ള വ്യക്തികൾക്ക് നൽകുവാൻ പാടുള്ളതല്ല. വരുമാനം നിശ്ചയിക്കുന്നതിനായി വില്ലേജ് ഓഫീസറിൽനിന്നും ലഭിച്ച വരുമാന സർട്ടിഫിക്കറ്റ് പരിഗണിക്കേണ്ടതാണ്. എന്നാൽ ഈ നിബന്ധനകളൊന്നും പഞ്ചായത്തിൽ നടത്തിയ കെട്ടിടനികുതി ഒഴിവാക്കലിന് പാലിച്ചിട്ടില്ല.

ഒരേ ഗുണഭോക്താവിന്റെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങളുടെ നികുതി എഴുതിത്തള്ളിയത് "ദാരിദ്ര്യം മൂലമാണ്" എന്ന വാദം യുക്തിസഹമല്ല.

1998-ലെ കേരള പഞ്ചായത്ത്‌രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങൾ പ്രകാരം വസൂലാക്കാൻ സാധിക്കാത്തതായ തുകകളെ സംബന്ധിച്ച്, അവ വസൂലാക്കാൻ ചുമതലപ്പെട്ട ജീവനക്കാർ, അതിനുള്ള കാരണങ്ങൾ സഹിതം സെക്രട്ടിക്ക് റിപ്പോർട്ട് നൽകണം. സെക്രട്ടറി അത് പരിശോധിച്ച് കുടിശ്ശികക്കാരനിൽ നിന്നും തുക ഈടാക്കാനുള്ള നിയമപരമായ എല്ലാ നടപടി ക്രമങ്ങളും സ്വീകരിച്ചുവെങ്കിലും അവ പരാജയപ്പെട്ടുവെന്നും, കുടിശ്ശികക്കാരനിൽ നിന്ന് ജപ്തി മുഖേന തുക ഈടാക്കാൻ അയാൾക്ക് വസ്തുവകകൾ ഒന്നും ഇല്ലെന്നും സാക്ഷ്യപ്പെടുത്തണം. അങ്ങനെയുള്ള എല്ലാ തുകകളുടെയും ഒരു ലിസ്റ്റ്, തുക എഴുതിത്തള്ളേണ്ടതിന്റെ കാരണങ്ങൾ കാണിച്ചുകൊണ്ടുള്ള റിപ്പോർട്ട് സഹിതം ആറുമാസത്തിൽ ഒരിക്കൽ തയ്യാറാക്കി പഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പരിഗണനക്ക് സമർപ്പിക്കുകയും വേണം. സെക്രട്ടറിയുടെ റിപ്പോർട്ട് പരിഗണിച്ച ശേഷം സ്റ്റാന്റിംഗ് കമ്മറ്റിക്ക് തുക എഴുതിത്തള്ളാൻ പഞ്ചായത്തിനോട് ശുപാർശ ചെയ്യാവുന്നതാണ്. പഞ്ചായത്ത് കമ്മറ്റി അങ്ങനെയുള്ള തുക എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുമ്പോൾ കുടിശ്ശിക ഈടാക്കാൻ സാധിക്കുന്ന എല്ലാ നടപടികളും കൈക്കൊണ്ടിരുന്നുവെന്നും അത് ഈടാക്കാനുള്ള സാദ്ധ്യത വളരെ കുറവാണ് എന്നുമുള്ള കാര്യം ഉറപ്പാക്കേണ്ടതാണ്.

എന്നാൽ കെട്ടിടനികുതി എഴുതിത്തള്ളുന്നതിനു മുന്നോടിയായി പഞ്ചായത്തിൽ ഈ നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല. മാത്രമല്ല, ഈ എഴുതിത്തള്ളിയതിന്റെ ആനുകൂല്യത്തിൽ നല്ലൊരുപങ്കും തികച്ചും അനർഹരായ വ്യക്തികളാണ് കൈപ്പറ്റിയിട്ടുള്ളത്. കെട്ടിടനികുതി 100% പിരിവ് നടത്തിയെന്ന് ഉന്നതാധികാരികളെ ബോദ്ധ്യപ്പെടുത്തുന്നതിനായി കുടിശ്ശികയുള്ള എല്ലാതുകയും എഴുതിത്തള്ളി ബാലൻസ് ഇല്ല എന്ന് വരുത്തുക മാത്രമാണുണ്ടായതെന്നും വ്യക്തമാണ്. ഈ നടപടിമൂലം തനതുവരുമാനമിനത്തിൽ വൻതുകയാണ് പഞ്ചായത്തിന് നഷ്ടമായത്. ഇത് പഞ്ചായത്ത് അധികാരികളുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ അലംഭാവവും വീഴ്ചയുമായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തുന്നതിനും സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് അനർഹരായ വ്യക്തികളുടെ കെട്ടിടനികുതി ഒഴിവാക്കുകവഴി പഞ്ചായത്തിന് നഷ്ടമായ തുക തിട്ടപ്പെടുത്തുന്നതിനും ഭരണവകുപ്പിനോട് ശുപാർശചെയ്യുന്നു. ഇപ്രകാരം തിട്ടപ്പെടുത്തുന്ന തുക നിയമവിധേയമല്ലാത്ത തീരുമാനം എടുത്ത പഞ്ചായത്തു കമ്മറ്റി അംഗങ്ങളിൽനിന്നും, സെക്രട്ടറിയിൽനിന്നും തുല്യമായി ഈടാക്കി തിരിച്ചടയ്ക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥർ:</u>*

*1. ശ്രീ.പി.എം.അലക്സാണ്ടർ(സെക്രട്ടറി),*

*സൂസൻ വില്ല, ചുനക്കര, ചാരുംമൂട്.*

*2. 12.03.08-ലെ കമ്മറ്റി അംഗങ്ങൾ.*

## 5.1.4. ആലപ്പുഴ മുനിസിപ്പാലിറ്റി

### 5.1.4.(1) നിയമപരമായി ലഭിക്കേണ്ടുന്ന തൊഴിൽക്കരം ഡിമാന്റ് ചെയ്യാത്തതിനാൽ നഗരസഭയുടെ വരുമാനത്തിൽ ഗണ്യമായ നഷ്ടം

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 2-3</u>***

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 245-ാം വകുപ്പും 2005-ലെ കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരവും തൊഴിൽ കരം അടയ്ക്കാൻ ബാദ്ധ്യസ്ഥരായ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ, മറ്റു സമാനതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, വിദേശ മദ്യഷാപ്പുകൾ, ബാറുകൾ, സ്റ്റാർ ഹോട്ടലുകൾ, പെട്രോൾ പമ്പുകൾ, സർവീസ് സ്റ്റേഷനുകൾ, ഫിലിംസ്റ്റുഡിയോകൾ, ഫിലിംവിതരണക്കാർ, ഫാക്ടറികൾ, ഒന്നിലധികം ടാക്സി വാഹനങ്ങൾ സ്വന്തമായിട്ടുള്ളവർ, കരാറുകാർ, അർദ്ധ വാർഷിക വിറ്റുവരവ് 30,000/-രൂപയിൽ താഴെയല്ലാത്ത ടേൺഓവർ ഉള്ളവരും സെയിൽസ് ടാക്സ് രജിസ്ട്രേഷൻ ഇല്ലാത്തവരുമായ ചെറുകിട കച്ചവടക്കാർ തുടങ്ങിയവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ നഗരസഭ നാളിതുവരെ ഇവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിക്കാണുന്നില്ല. സാമ്പത്തിക ബുദ്ധിമുട്ടുമൂലം ദൈനംദിന പ്രവർത്തനങ്ങൾക്കുപോലും തടസ്സം നേരിടുന്ന അവസ്ഥയിൽ ഇത് നഗരസഭാ അധികാരികളുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കണക്കാക്കുന്നു.

*<u>ഉത്തരവാദികളായ ഉദ്യോഗസ്ഥർ:</u>*

1. *ശ്രീ.സേതുമാധവശർമ്മ.(റവന്യൂ ഓഫീസർ)*
   *കണത്തുരുത്തിയിൽ ഇല്ലം, കൊക്കോതമംഗലം.പി.ഒ.,*
   *ചേർത്തല, ആലപ്പുഴ.*
2. *ശ്രീ.റ്റി.സന്തോഷ് (സെക്രട്ടറി),*
   *അഴകത്ത്, തെക്കേവിള, കൊല്ലം - 691 016.*

**<u>തൃശൂർ ജില്ല</u>**

## *5.1.5. ഗുരുവായൂർ നഗരസഭ*

### *5.1.5.(1) ഗുരുവായൂർ ദേവസ്വം വക മാലിന്യം നീക്കുന്നതിന്- ഗുരുവായൂർ ദേവസ്വം അംശാദായം നൽകുന്നില്ല. നഷ്ടം – 1.23 കോടി രൂപ*

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 2-7</u>***

| | |
|---|---|
| ✦ | ***കോടതി ഉത്തരവുണ്ടായിട്ടും മാലിന്യം നീക്കംചെയ്യുന്നതിന് ഗുരുവായൂർ ദേവസ്വം നഗരസഭയ്ക്ക് അംശദാനം നൽകുന്നില്ല.*** |
| ✦ | ***നഗരസഭയ്ക്ക് കിട്ടാനുള്ളത് 1.23 കോടി.*** |
| ✦ | ***മാലിന്യം നീക്കം ചെയ്യുന്നതിന്റെ അധിക ബാധ്യത നഗരസഭയുടെ വികസന പ്രവർത്തനങ്ങൾ സ്തംഭിപ്പിക്കുന്നു.*** |

ഗുരുവായൂർ ക്ഷേത്രംവക ഊട്ടുപുര, ക്ഷേത്രത്തിന്റെ മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മാലിന്യം നീക്കംചെയ്യുന്നതിന് നഗരസഭയ്ക്ക് വരുന്ന ചെലവിന്റെ 50% അടവാക്കാൻ ഗുരുവായൂർ ദേവസ്വം ബാധ്യസ്ഥരാണ്. (കേരളാ മുനിസിപ്പൽ ആക്റ്റ് 1984 നിയമം 333). 1984 വരെ ദേവസ്വം അംശാദായം നഗരസഭയിൽ അടച്ചിരുന്നതാണ്. എന്നാൽ ഇതിനു ശേഷം ദേവസ്വം ഈ ഇനത്തിൽ നഗരസഭ ചാർജ്ജ് ചെയ്യുന്ന അംശാദായം അടയ്ക്കുന്നില്ല. അംശാദായം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ദേവസ്വം ഫയൽചെയ്ത കേസ് (4062/91) ഹൈക്കോടതി തള്ളിയിരുന്നു. അംശാദായം സംബന്ധിച്ച കണക്കുകളിൽ അപാകതകൾ

ഉണ്ടെങ്കിൽ നഗരസഭയ്ക്ക് പരാതിനൽകാമെന്നതും അത്തരം പരാതിയിൽ രണ്ടു മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്നും നിർദ്ദേശിച്ച് ദേവസ്വം നൽകിയ റിട്ട്ഹർജി (W.A.No.382/00) കോടതി തള്ളിയിരുന്നതാണ്. എന്നാൽ ദേവസ്വം ഇക്കാര്യത്തിൽ പരാതി നൽകുകയോ അംശദാന കുടിശ്ശിക അടയ്ക്കുകയോ ചെയ്തിരുന്നില്ല. നഗരസഭയുടെ കണക്കനുസരിച്ച് 2005-2006 വരെ 1,22,94,547/-രൂപ ഈ ഇനത്തിൽ ദേവസ്വത്തിൽ നിന്ന് ലഭിക്കേണ്ടതുണ്ട്.

ദേവസ്വം ഭരണാധികാരികളുമായി ഇക്കാര്യത്തിൽ ചർച്ച നടത്തിയും ദേവസ്വം മാലിന്യം നീക്കം ചെയ്യുന്നതിന് നഗരസഭയ്ക്ക് വരുന്ന അധിക ബാധ്യത മൂലം നഗരസഭയുടെ വികസന പ്രവർത്തനങ്ങൾ യഥാസമയം ഏറ്റെടുക്കാൻ സാധിക്കാത്ത വസ്തുത ബോദ്ധ്യപ്പെടുത്തിയും ഇക്കാര്യം പരിഹരിക്കുന്നതിന് സത്വരനടപടി എടുക്കേണ്ടതാണ്.

### <u>മലപ്പുറം ജില്ല</u>

## 5.1.6. മഞ്ചേരി മുനിസിപ്പാലിറ്റി

### 5.1.6.(1). കോടതി ഉത്തരവുണ്ടായിട്ടും വാടക കുടിശ്ശിക ഈടാക്കിയില്ല

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ: 2 (1)</u>***

മഞ്ചേരി നഗരസഭ വക ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രൊഗ്രാഫിക് സെന്ററിന്റെ എക്സ്റ്റൻഷൻ കേന്ദ്രം ആരംഭിക്കുന്നതിന് സ്ക്വയർ ഫീറ്റിന് 4.50 രൂപ നിരക്കിൽ 5400 സ്ക്വയർ ഫീറ്റ് സ്ഥലം അനുവദിച്ചു. 1/04 വരെ കെട്ടിടത്തിൽ പ്രവർത്തനം നടത്തിയ സ്ഥാപനം വാടകയിനത്തിൽ 9,72,000/-രൂപ കുടിശ്ശിക വരുത്തി.

| | |
|---|---|
| 10/2000-3/04 (പ്രതിമാസം 24300 രൂപ നിരക്കിൽ | 145800 |
| 2001-02 വർഷം | 291600 |
| 2002-03 വർഷം | 291600 |
| 4/03-1/04 | 243000 |
| **ആകെ** | **972000/-രൂപ** |
| | ====== |

നഗരസഭയുടെ ഡിമാന്റ് നോട്ടീസിന് സർക്കാർ സ്റ്റേ നൽകിയിരുന്നെങ്കിലും 21.03.03-ലെ 42341/സി.1/ 02/തസ്വഭവ നമ്പർ ഉത്തരവ് മുഖേന സ്റ്റേ റദ്ദാക്കുകയും 4/03 മുതൽ കൃത്യമായി വാടകനൽകാനും 3/03 വരെയുള്ള കുടിശ്ശിക 10 ഗഡുക്കളായി അടവാക്കാനും നിർദ്ദേശിക്കുകയും ചെയ്തു. തുക അടവാക്കാത്തതിനാൽ റവന്യൂഇൻസ്പെക്ടർക്ക് ഡിസ്ട്രയിന്റ് വാറന്റ് നൽകുകയും ജപ്തി നടത്തുന്നതിനുള്ള മുതലുകൾ ഇല്ലാതിരുന്നതിനാൽ ജപ്തി നടത്താൻ സാധിച്ചിട്ടില്ലാത്തതുമാണ്. ഇത് പ്രകാരം പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാനും 993870/-രൂപ (21870/-രൂപ പലിശയടക്കം) ഈടാക്കാൻ ബഹു:ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുമുണ്ടായി. 05.10.2000 മുതലുള്ള വാടകയും 18% പലിശയും ലഭ്യമാക്കുന്നതിനായി ഫയൽ ചെയ്ത ഡബ്ല്യൂ.പി (സി) 20373/04 നമ്പർ കേസ് 16.09.04-ന് പരിഗണനയ്ക്കെടുത്തപ്പോൾ 50% തുക 16.03.05-നകവും 50% തുക 16.09.05-

നകവും അടവാക്കാമെന്ന് ഓഡിയോ വിഷ്വൽ സെന്റർ സമ്മതിച്ചതു പ്രകാരം ഹർജി തീർപ്പാക്കി വിധി പ്രസ്താവിച്ചു. 12000/-രൂപ വക്കീൽ ഫീസിനത്തിൽ നൽകിയിട്ടു മുണ്ട്. ജി.ഒ (ആർ.റ്റി) 391/06/തസ്വഭവ തീയതി 10.02.06 നമ്പർ ഉത്തരവ് പ്രകാരം കേസ് ഫീ നൽകുന്നതിന് സർക്കാർ അനുമതിയും ലഭിച്ചിട്ടുണ്ട്.

വിധി പ്രകാരം തുകയുടെ ആദ്യ ഗഡു 16.03.05-നും രണ്ടാം ഗഡു 16.09.05-നും മുമ്പായി അടവാക്കണമെന്നും അല്ലാത്തപക്ഷം കോടതിയലക്ഷ്യ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചുകൊണ്ട് സെക്രട്ടറി ആർ.5/169/98 നമ്പർ കത്ത് ഓഡിയോ വിഷ്വൽ സെന്റർ മാനേജിംഗ് ഡയറക്ടർക്ക് നൽകിയതോടെ ഫയൽ നടപടികൾ അവസാനിപ്പിച്ചിരിക്കുന്നു സമയോചിത നടപടിയെടുത്ത് തുക ഈടാക്കാൻ ശ്രമിക്കാതിരുന്നതു വഴി വാടകയിനത്തിലുള്ള തുക പിരിച്ചെടുക്കാൻ കഴിയാത്ത വിധം കാലഹരണപ്പെട്ടിട്ടുണ്ട്. യഥാവിധി നടപടിയെടുക്കാൻ വീഴ്ച വരുത്തിയ 3/05 മുതൽ 9/05 വരെയുള്ള ആർ.5 സെക്ഷൻ ക്ലാർക്ക്, റവന്യൂ ഇൻസ്പെക്ടർ, റവന്യൂ സൂപ്രണ്ട്, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി നഷ്ടത്തുക താഴെ കാണും പ്രകാരം ഈടാക്കേണ്ടതാണ്.

| | | |
|---|---|---|
| വാടക: | 972000/-രൂപ | |
| 2/04 മുതലുള്ള പലിശ 18% നിരക്കിൽ | 874800 | 2/04-1/09 |
| | 145800 | 2/09-11/09 |
| **ആകെ** | **1992600** | |
| | ======= | |

19,92,600/-രൂപയും 9,72,000/- രൂപയ്ക്ക് 12/09 മുതൽ ഈടാക്കുന്ന തീയതി വരെയുള്ള പലിശയും ഈടാക്കേണ്ടതാണ്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*

*ശ്രീ.അബൂബക്കർപരി, സെക്രട്ടറി (ജീവിച്ചിരിപ്പില്ല)*

## വയനാട് ജില്ല

# 5.1.7. പനമരം ഗ്രാമ പഞ്ചായത്ത്

## 5.1.7.(1). വസ്തുനികുതി ക്രമവിരുദ്ധമായി ഡിമാന്റിൽ നിന്ന് ഒഴിവാക്കി

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക: 2.2***

പനമരം ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ലഭ്യമാക്കിയ 2007-08 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം വസ്തു നികുതിയിനത്തിൽ 47170.60 രൂപയും ലൈബ്രറി സെസ് ഇനത്തിൽ 1900.50 രൂപയും ഡിമാന്റിൽ നിന്ന് ഒഴിവാ ക്കിയതായി കാണുന്നു. ഈ തുകകൾ ഏത് കാലയളവിൽ ഉള്ളതായിരുന്നുവെന്നോ, ഏതെല്ലാം നികുതിദായകരിൽ നിന്ന് ലഭിക്കേണ്ടതായിരുന്നുവെന്നോ, ഒഴിവാക്കുന്ന തിനുള്ള കാരണമെന്ത് എന്നെല്ലാം വ്യക്തമാക്കുന്ന രേഖകളോ രജിസ്റ്ററുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഈ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ 2എ/ 14.01.2010-ാം നമ്പർ ഓഡിറ്റ് നോട്ടിന് മറുപടിയും ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച 1998-ലെ കേരളാ പഞ്ചായത്ത്രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങൾ-ചട്ടം 3-ൽ നിഷ്കർഷിച്ചിരിക്കുന്ന മാനദ

ണ്ഡങ്ങൾ പാലിക്കാതെയാണ് തുകകൾ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ഇത്തരത്തിൽ ഒഴിവാക്കിയ വസ്തു നികുതി 47170/-രൂപയും ലൈബ്രറി സെസ് 1900/-രൂപയും ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി അതാത് ഫണ്ടുകളിൽ അടയ്ക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ:</u>*

*ശ്രീമതി.പി.ടി.ലീലാമ്മ, പീസ് ഹോം, പയ്യമ്പള്ളി (പി.ഒ),*

*മാനന്തവാടി, വയനാട് ജില്ല.*

## 5.1.8. കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത്

### 5.1.8.(1). കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കാത്തതിനാൽ കാലഹരണപ്പെട്ടത് സംബന്ധിച്ച്

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക: 2-8</u>***

2007-08 കാലയളവിൽ തൊഴിൽ നികുതി, വസ്തു നികുതി ഇനത്തിൽ യഥാക്രമം 121065/-രൂപയും 450009/-രൂപയും കുടിശ്ശികയാണ്. ഗ്രാമപഞ്ചായത്ത് അധികൃതർ ഓഡിറ്റിന് ഹാജരാക്കിയ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി 1996-97 മുതലും വസ്തുനികുതി 1997-98 മുതലുള്ളതുമാണ് മേൽ കുടിശ്ശിക. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 243 പ്രകാരവും 1963-ലെ കാലഹരണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരവും ഒരു തുക അത് ഈടാക്കുവാനുള്ള സമയപരിധി കഴിഞ്ഞ് ഈടാക്കുവാൻ നിയമാനുസൃതം നടപടി സ്വീകരിച്ചില്ലെങ്കിൽ 3 വർഷത്തിന് ശേഷം ആയത് നിയമപരമായി ഈടാക്കാൻ സാധിക്കില്ല. മേൽ വ്യവസ്ഥക്ക് വിധേയമായി വസ്തുനികുതി, തൊഴിൽ നികുതി യിനത്തിൽ താഴെ പറയുന്ന തുകകൾ കാലഹരണപ്പെട്ടിട്ടുണ്ട്.

***തൊഴിൽ നികുതി***

| വർഷം | തുക | കാലഹരണപ്പെടുന്ന തുക |
|---|---|---|
| 1996-97 | 4,635 | 4,635 |
| 1997-98 | 5,820 | 5,820 |
| 1998-99 | 9,200 | 9,200 |
| 1999-00 | 12,880 | 12,880 |
| 2000-01 | 23,930 | 23,930 |
| 2001-02 | 17,580 | 17,580 |
| 2002-03 | 4,890 | 4,890 |
| 2003-04 | 12,740 | 12,740 |
| 2004-05 | 40,000 | 4,000 |
| 2005-06 | 6,460 | - |
| 2006-07 | 12,650 | - |
| 2007-08 | 6,280 | - |
| **ആകെ** | **1,57,065** | **95,675** |

*കെട്ടിട നികുതി/വസ്തു നികുതി*

| വർഷം | തുക | കാലഹരണപ്പെടുന്ന തുക |
|---|---|---|
| 1997-98 | 2,020 | 2,020 |
| 1998-99 | 1,779 | 1,779 |
| 1999-00 | 4,747 | 4,747 |
| 2000-01 | 8,641 | 8,641 |
| 2001-02 | 18,704 | 18,704 |
| 2002-03 | 44,924 | 44,924 |
| 2003-04 | 30,210 | 30,210 |
| 2004-05 | 41,011 | 41,011 |
| 2005-06 | 53,001 | - |
| 2006-07 | 25,897 | - |
| 2007-08 | 2,19,075 | - |
| **ആകെ** | **4,50,009** | **1,52,036** |

മേൽതുകകൾ ഈടാക്കുന്നതിന് ഒരു നടപടിയും സ്വീകരിച്ചതായികാണുന്നില്ല.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*

*ശ്രീ.വി.പുഷ്പഹാസൻ, സെക്രട്ടറി, കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്.*

**കോഴിക്കോട് ജില്ല**

## 5.1.9. കോഴിക്കോട് നഗരസഭ

### 5.1.9.(1). ഏകദിന പെർമിറ്റ് – ലൈസൻസ് അനുവദിച്ചതിലെ അപാകതയും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കാത്തതും

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക നമ്പർ: 2-4-2***

| | |
|---|---|
| ✦ | ***കെട്ടിട സമുച്ചയത്തിന് ഏകദിന പെർമിറ്റ് നൽകിയത് നിയമവിരുദ്ധം.*** |
| ✦ | ***വ്യവസ്ഥകൾ ലംഘിച്ചുള്ള കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ചപ്പോൾ രാജിയാക്കൽ ഫീസ് നഷ്ടമായി.*** |

"ഏകദിന പെർമിറ്റ്" വ്യവസ്ഥയിൽ ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഏക കുടുംബ വാസഗൃഹങ്ങൾക്കാണ് ഏകദിന പെർമിറ്റ് അനുവദിക്കാൻ വ്യവസ്ഥയുള്ളത്. താഴെപ്പറയുന്ന ഫയലുകളിൽ അനുവദിച്ച വില്ലകൾക്കുള്ള പെർമിറ്റുകൾ വിവിധ രീതിയിലുള്ള (ഫ്ളാറ്റ്, അപ്പാർട്ട്മെന്റ്, വില്ലകൾ എന്നിവ) പാർപ്പിടസമുച്ചയം നിർമ്മിക്കുന്നതിന്റെ മുന്നോടിയായി അനുവദിച്ച ഡവലപ്മെന്റ് പെർമിറ്റിന്റെ ഭാഗമാണ്. (E6/93679/06) 295.21 സെന്റ് സ്ഥലത്ത് ഉടമകളായ തനിമ കൺസ്ട്രക്ഷൻ ആന്റ് റിയൽ എസ്റ്റേറ്റ് എന്ന കമ്പനി, കാലിക്കറ്റ് ലാന്റ്മാർക്ക് ബിൽഡേഴ്സ് ആന്റ് ഡവലപ്പേഴ്സ് എന്ന കൺസൾട്ടന്റ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കുന്ന ബൃഹത്തായ ഒരു പ്രോജക്ട് എന്ന നിലയ്ക്ക്

ഈ വില്ലകൾക്കുള്ള അനുവാദം ഏകദിന പെർമിറ്റായി നൽകിയത് 29.10.2000-ൽ സർക്കാർ പുറപ്പെടുവിച്ച നമ്പർ 28389/എം.1/2000/തസ്വഭവ സർക്കുലറിനു വിരുദ്ധമാണ്.

2. ഓരോ വീടിനും പ്രത്യേകമായി മഴവെള്ള സംഭരണി, സീവേജ് സംവിധാനം എന്നിവ കാണിച്ചുള്ള സർവീസ് പ്ലാൻ ആയിരുന്നു ഏകദിന പെർമിറ്റിനായി സമർപ്പിച്ചിരുന്നത്. എന്നാൽ ഓരോ വീടിന്റെയും ഒക്യുപൻസിക്കായി സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ ഹൗസിംഗ് സമുച്ചയത്തിന് പൊതുവായി രൂപം നൽകിയ ഇത്തരം സംവിധാനങ്ങളാണ് ഉള്ളത്. പ്രകാരം മാറ്റം വന്നതിനാൽ ഏകദിന പെർമിറ്റ് കരാർ വ്യവസ്ഥയും, കെട്ടിടനിർമ്മാണ ചട്ടങ്ങളും ലംഘിക്കപ്പെട്ടിരിക്കയാണ്. പെർമിറ്റ് റദ്ദ്ചെയ്ത്, ചട്ടങ്ങൾ പാലിച്ച് ക്രമവൽക്കരണം നടത്തേണ്ട സ്ഥാനത്ത് അപേക്ഷകർ ഏകദിന പെർമിറ്റിന് അപേക്ഷിക്കുമ്പോൾ അടവാക്കിയിരുന്ന ഫീസ് വീണ്ടും വാങ്ങി ഒക്യുപൻസി അനുവദിക്കുകയായിരുന്നു. ചട്ടങ്ങളും വ്യവസ്ഥകളും പ്രകാരം ക്രമവൽക്കരണം അനിവാര്യമായിരുന്നതിനാൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ 146(4)-ൽ പറയുന്ന രാജിയാക്കൽഫീസ് നഗരസഭയ്ക്ക് നഷ്ടമായിരിക്കുകയാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| ഫയൽ നമ്പർ | കെട്ടിട ഉടമ | പ്ലിന്ത് ഏരിയ $M^2$ | ഒടുക്കേണ്ട പെർമിറ്റ് ഫീസ് | രാജിയാക്കൽ ഫീസ് | ആകെ | ഒടുക്കിയ ഫീസ് | നഷ്ടം |
|---|---|---|---|---|---|---|---|
| E9/107971/08 | പ്രശാന്ത്.വി. | 198.11 | 995 | 1990 | 2985 | 1000 | 1985 |
| E9/107978/08 | റിഷാദ്.കെ | 204.21 | 1025 | 2050 | 3075 | 1050 | 2025 |
| E9/107974/08 | നടരാജൻ.സി.കെ | 248.89 | 1245 | 2490 | 3735 | 1250 | 2485 |
| E9/107970/08 | ഇ.സലിം, ഷെഹനാസ് സലിം | 204.21 | 1025 | 2050 | 3075 | 1050 | 2025 |
| E9/107972/08 | പ്രസന്നശിവശങ്കരൻ | 243.80 | 1220 | 2440 | 3660 | 1250 | 2410 |
| E9/78736/08 | അജയകുമാർ ബാലകുമാർ | 209.36 | 1050 | 2100 | 3150 | 1050 | 2100 |
| E9/107976/08 | നിർമൽകുമാർ മഞ്ജുഷ | 196.57 | 985 | 1970 | 2955 | 1000 | 1955 |
| E9/107975/08 | കെ.പി.ദീപ | 224.27 | 1125 | 2250 | 3375 | 1150 | 2225 |
| E9/107977/08 | കെ.വിജയരാഘവൻ | 203.88 | 1020 | 2040 | 3060 | 1050 | 2010 |
| E9/107979/08 | മുഹമ്മദ്.ഇ.ആർ | 240.3 2 | 1205 | 2410 | 3615 | 1250 | 2365 |
| E9/107967/08 | സൽവിൻ.ഇ | 218.70 | 1095 | 2190 | 3285 | 1100 | 2185 |
| E9/107973/08 | പി.വി.പ്രദീപ്കുമാർ | 201.17 | 1010 | 2020 | 3030 | 1050 | 1980 |
| | | | | ആകെ | | | 25750 |

രാജിയാക്കൽ ഫീസ് ഇനത്തിൽ നഷ്ടംവന്ന 25,750/-രൂപ ഉത്തരവാദിയായ ടൗൺപ്ലാനിംഗ് ഓഫീസർ, അസിസ്റ്റന്റ് ടൗൺപ്ലാനിംഗ് ഓഫീസർ, ബിൽഡിംഗ് ഇൻസ്പെക്ടർ എന്നിവരിൽനിന്നും ഈടാക്കി നഗരസഭാഫണ്ടിൽ അടവാക്കേണ്ടതാണ്.

*ഉത്തരവാദികളായ ഉദ്യോഗസ്ഥർ:*

1. *ശ്രീ.ശ്രീജിത്ത്.എം.കെ, ടൗൺ പ്ലാനിംഗ് ഓഫീസർ,*
   *കോഴിക്കോട് നഗരസഭ.*
   *25/811.എ., ചേവായൂർ.പി.ഒ, കോഴിക്കോട്.*
2. *ശ്രീ.സലിം.പി.പി., അസിസ്റ്റന്റ് ടൗൺ പ്ലാനിംഗ് ഓഫീസർ,*
   *കോഴിക്കോട് നഗരസഭ.*
   *ഫാത്തിമ മൻസിൽ, ജില്ലാ ജയിലിനുസമീപം,*
   *പുതിയറ, കോഴിക്കോട്.*
3. *ശ്രീ.ഷാജി.കെ, ബിൽഡിംഗ് ഇൻസ്പെക്ടർ,*
   *കോഴിക്കോട് നഗരസഭ.*
   *കേളോത്ത്, പി.ഒ.കൊമ്മേരി, കോഴിക്കോട്.*

## 5.1.9.(2). തടിനികുതി – ലേലസംഖ്യ മുഴുവനായും അടവാക്കിയതിന് രേഖകളില്ല

**ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക നമ്പർ: 2-7**

01.04.08 മുതൽ 31.03.09 വരെയുള്ള കാലയളവിലേയ്ക്ക് കോഴിക്കോട് നഗരസഭയുടെ തടിനികുതിചെക്ക്പോസ്റ്റുകളിൽ നിന്ന് തടിനികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം ശ്രീ.ഒ.അഷ്റഫ് എന്ന ആൾക്ക് 6,65,000/-രൂപയ്ക്ക് ലേലം ചെയ്ത് നൽകിയിരുന്നു. (18.03.08-ലെ കൗൺസിൽ തീരുമാനം നമ്പർ 105). എന്നാൽ ലേല നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് മുദ്രപത്രത്തിൽ എഗ്രിമെന്റ് വെക്കാതെയാണ് ടിയാന് അവകാശം ഏൽപ്പിച്ചുകൊടുത്തിട്ടുള്ളത്.

ലേല നിബന്ധന പ്രകാരം ലേലം വിളിച്ചെടുക്കുന്ന ആൾ ലേലസംഖ്യയുടെ 25% തുക ലേലംനടന്ന ഉടനെയും, 40% തുക (നിരതദ്രവ്യം കഴിച്ച്) ലേലം അംഗീകരിച്ച് 3 ദിവസത്തിനകവും, ബാക്കി വരുന്ന 35% തുക 3 ഗഡുക്കളായി മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ 5-ാം തീയതിക്കകവും നഗരസഭാ ട്രഷറിയിൽ അടവാക്കേണ്ടതാണ്. കൂടാതെ ലേലം അംഗീകരിച്ച് അറിയിപ്പ് കിട്ടി 7 ദിവസത്തിനകം ലേലസംഖ്യയുടെ 2.04% തുക ആദായ നികുതിയിനത്തിലും അടവാക്കേണ്ടതുണ്ട്. ലേലഫയൽ/രജിസ്റ്റർ പ്രകാരം ലൈസൻസി അടവാക്കിയ തുകയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| അടവാക്കേണ്ട തുക | അടവാക്കിയ തുക | രസീത് നം | തീയതി | ബാക്കി |
|---|---|---|---|---|
| ലേല സംഖ്യയുടെ 25% 1,66,250/-രൂപ | 20,000 (DD) | 3309 | 29.02.08 | |
| | 20,000 (DD) | 3310 | ,, | |
| | 1,000 (DD) | 3311 | ,, | |
| | 1,000 (DD) | 3312 | ,, | |
| | 20,000 (DD) | 3313 | ,, | |
| | 20,000 (DD) | 3314 | ,, | |
| | 20,000 | | | |
| | 1,02,000 | 70244/98 | 11.03.08 | 64,250 |

| | | | | |
|---|---|---|---|---|
| ലേല സംഖ്യയുടെ 40% 2,66,000/-രൂപ | -- | -- | -- | 2,66,000 |
| ലേല സംഖ്യയുടെ 35% (3 ഗഡുക്കളായി) 77,584 | 77,584 | 90041/0 | 05.05.08 | |
| 77,583 | 77,583 | 90080/92 | 03.06.08 | |
| 77,583 | 67,583 | 70089/26 | 05.07.08 | 10,000 |
| 6,65,000 | 3,24,750 | | | 3,40,250 |

***ആകെ അടവാക്കാൻ ബാക്കിയുള്ള തുക = 3,40,250/-രൂപ***

==========

നിരതദ്രവ്യം 20,000/-രൂപയും, ആദായനികുതിയും ലൈസൻസി അടവാക്കിയതിന്റെ രേഖകൾ ബന്ധപ്പെട്ട ഫയലിലില്ല. ലൈസൻസി 29.02.08-ന് അടവാക്കിയ 82,000/-രൂപയും, 11.03.08-ന് അടവാക്കിയ 20,000/-രൂപയും, 2007-08-ലെ ഡെപ്പോസിറ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയത് 2008-09 തടിനികുതി വരവ് ഹെഡ്ഡിലേയ്ക്ക് മാറ്റി വരവ്വെയ്ക്കേണ്ടതായിരുന്നു. 2008-09-ലെ വാർഷിക കണക്ക് പ്രകാരം തടിനികുതിയിനത്തിൽ മൊത്തം 4,35,252/-രൂപയാണ് വരവ്. 2008-09-ലെ തടിനികുതിയുടെ ഹെഡ്വൈസ് റിപ്പോർട്ട് പ്രകാരം 2,22,750/-രൂപയാണ് 2008-09-ലെ യഥാർത്ഥവരവ്. ബാക്കി 2,12,502/-രൂപ 2009-10-ലേക്കുള്ള തടിനികുതി ഡെപ്പോസിറ്റാണ്. അപ്രകാരമാണെങ്കിൽ ലേലംകൊണ്ട വ്യക്തി തടിനികുതിയിനത്തിൽ 3,40,250/-രൂപയും ആദായനികുതിയായി 13,566/-രൂപയും അടവാക്കാൻ ബാക്കിയുണ്ട്. തുക അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കണമെന്ന് കാണിച്ച് 06.01.2010-ൽ നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭിച്ചിട്ടില്ല. 3,53,816/-രൂപ ലൈസൻസിയിൽ നിന്നോ അതിന് സാധിക്കാത്ത സംഗതിയിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കേണ്ടതാണ്.

*<u>ഉത്തരവാദികളായ ഉദ്യോഗസ്ഥർ:</u>*

1. *ശ്രീമതി.എസ്.ജയകുമാരി, സെക്ഷൻ ക്ലാർക്ക്,*
   *കോഴിക്കോട് നഗരസഭ, ശ്രീശക്തി, പി.ഒ.ചിറക്കടവ്, കായംകുളം.*
2. *ശ്രീ.വി.ഗിരീഷ്, സെക്ഷൻ ക്ലാർക്ക്, കോഴിക്കോട് നഗരസഭ.*
   *തളിപ്പറമ്പിൽ ഹൗസ്, പി.ഒ.ബി.പി.അങ്ങാടി,*
   *തിരൂർ- 2, മലപ്പുറം ജില്ല.*
3. *ശ്രീ.വി.പി.ബൽരാജ്, സൂപ്രണ്ട്, കോഴിക്കോട് നഗരസഭ.*
   *1/1083, ശ്രീപാദം, പി.ഒ.വെസ്റ്റ്ഹിൽ, കോഴിക്കോട്-5*

## 5.2. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലുമുള്ള അപാകതകൾ

| | |
|---|---|
| ✦ | ***ആസൂത്രണമില്ലായ്മയും സാധ്യതാപഠനങ്ങളുടെ അഭാവവും മേൽനോട്ടക്കുറവും പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമാകുന്നു.*** |
| ✦ | ***മാർഗ്ഗരേഖകൾക്ക് വിരുദ്ധമായ പദ്ധതികൾ, വകയിരുത്തുന്നതിലധികം ചെലവ്, സ്വന്തമേഖലയുമായി ബന്ധമില്ലാത്ത പദ്ധതികൾ നടപ്പിലാക്കേണ്ടി വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ.*** |
| ✦ | ***പദ്ധതി വിഹിതം വകമാറ്റി ചെലവഴിക്കുന്നു.*** |

പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ ആരംഭിക്കുന്നത് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ടാണ്. ഓരോ വിഷയമേഖലയുടെയും അവസ്ഥ വ്യക്തമാക്കുന്ന ഒരു സ്റ്റാറ്റസ് റിപ്പോർട്ട് വർക്കിംഗ്ഗ്രൂപ്പ് കൺവീനർമാർ തയ്യാറാക്കുന്നു. ഈ റിപ്പോർട്ട് ഗ്രാമസഭകളിലും വാർഡ് സഭകളിലും വിശദമായ ചർച്ചയ്ക്ക് വിധേയ മാക്കുന്നു.

ഗ്രാമസഭ/വാർഡ് സഭകളുടെ നിർദ്ദേശങ്ങളും വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടും പരിഗണിച്ച് കരട് പദ്ധതിരേഖ തയ്യാറാക്കുന്നു. തുടർന്ന് വിവിധ മേഖലകളിലെ വിദഗ്ധർ, മറ്റു പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ച് ഒരു ഏകദിന വികസന സെമിനാർ സംഘടിപ്പിക്കുന്നു. വികസന സെമിനാർ നടത്തിയില്ലെങ്കിൽ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതല്ല.

ഗ്രാമസഭ/വാർഡ് സഭകളിലെ നിർദ്ദേശങ്ങൾ സ്റ്റേക്ക്ഹോൾഡർമാരുമായുള്ള ചർച്ചകൾ, വികസന സെമിനാർ നിർദ്ദേശങ്ങൾ എന്നിവ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന പ്രോജക്ടുകൾ നിലവിലുള്ള നിയമവ്യവസ്ഥകൾക്കും പദ്ധതി രൂപീകരണ മാർഗ്ഗരേഖയ്ക്കും അനുസൃതമാണെന്നും സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടുള്ളതാണെന്നും നിർവ്വഹണ സാധ്യതയുള്ളതാണെന്നും വർക്കിംഗ് ഗ്രൂപ്പ് കൺവീനർ ഉറപ്പുവരുത്തുന്നു. നിശ്ചിത പ്രൊഫോർമയിൽ ഉള്ള പ്രോജക്ടുകൾക്ക് പുറമെ പ്രൊഫോർമ രൂപകല്പന ചെയ്തിട്ടില്ലാത്ത പ്രോജക്ടുകൾ ആമുഖം, ലക്ഷ്യങ്ങൾ, ഗുണഭോക്താക്കൾ, പ്രവർത്തനങ്ങൾ, പ്രവർത്തന കലണ്ടർ, സംഘാടനം, ധനകാര്യ വിശകലനം, നേട്ടങ്ങൾ, മോണിറ്ററിംഗ് എന്നീ ക്രമത്തിൽ തയ്യാറാക്കുന്നു.

ഈ പ്രോജക്ടുകൾ സാങ്കേതിക ഉപദേശക സമിതി (TAG) പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി ശുപാർശ ചെയ്യുന്നു.

ഗ്രാമപഞ്ചായത്തുകളുടെ പദ്ധതിരേഖ പരിശോധിക്കുന്നത് ബ്ലോക്ക്തല സാങ്കേതിക ഉപദേശക സമിതിയും മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിരേഖ പരിശോധിക്കുന്നത് ജില്ലാതല സാങ്കേതിക ഉപദേശക സമിതിയുമാണ്.

ജില്ലാ പഞ്ചായത്തുകളുടെയും കോർപ്പറേഷനുകളുടെയും കരട് പദ്ധതികൾ സാങ്കേതിക ഉപദേശകസമിതിയുടെ പരിശോധനയ്ക്ക്ശേഷം സംസ്ഥാന ആസൂത്രണ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

സാങ്കേതിക ഉപദേശകസമിതി പരിശോധിച്ച പദ്ധതിയിൽ ജില്ലാ ആസൂത്രണ സമിതി അതിന്റെ വായനയ്ക്കും പരിഗണനയ്ക്കും വിധേയമാക്കി അംഗീകാരം നൽകുന്നു.

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി രൂപീകരണത്തിനായി ഓരോ പദ്ധതി കാലയളവിലേക്കും പ്രതിവർഷം സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നുണ്ട്.

പഞ്ചായത്ത്രാജ് ആക്ടിലെ വ്യവസ്ഥകൾക്കും സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും പഞ്ചായത്ത്രാജ് ആക്ടിലെ യഥാക്രമം മൂന്നാം പട്ടികയിലും നാലാം പട്ടികയിലും അഞ്ചാം പട്ടികയിലും ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടത്തുന്നതിനും അവയെ സംബന്ധിച്ച് സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കു

ന്നതിനും പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾക്കും സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ആക്ടിൽ ഇനംതിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടത്തുന്നതിനും അവയെ സംബന്ധിച്ച് സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്ന തിനും നടപ്പിലാക്കുന്നതിനും പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

ആക്ടിനാൽ നൽകപ്പെട്ട വിഷയങ്ങൾക്ക്/ചുമതലകൾക്ക് അനുസൃതമായും അധികാരപരിധിക്ക് വിധേയമായും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും ആയിരിക്കണം ഏതൊരു തദ്ദേശഭരണ സ്ഥാപനവും പദ്ധതി തയ്യാറാക്കേണ്ടത്.

പൊതുപണം ഏറ്റവും നിർണ്ണായകമായ ആവശ്യങ്ങൾക്ക് മാത്രം വിനിയോഗി ക്കുന്നതിനുള്ള ഒരുസമീപനമാണ് സ്വീകരിക്കേണ്ടത്. പദ്ധതി തയ്യാറാക്കുമ്പോൾ പദ്ധതിപ്പണത്തിന്റെ മൂല്യം തദ്ദേശഭരണ സ്ഥാപനങ്ങൾ പരമാവധി സൂക്ഷ്മ ബോധത്തോടെ ഉൾക്കൊള്ളേണ്ടതുണ്ട്.

ഓരോ പ്രോജക്ടും വിഭാവനംചെയ്ത നിർവ്വഹണവും ലക്ഷ്യപ്രാപ്തിയും കൈവരിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതി കളായി പ്രവർത്തിക്കണം. ഇതിനുപുറമെ ടെണ്ടർചെയ്യുന്ന പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തുന്നതിന് ഗുണഭോക്തൃ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ടെണ്ടർചെയ്ത പ്രവൃത്തിയുടെ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. ഈ രണ്ടു മോണിറ്ററിംഗിനും പുറമെ അതാത് വകുപ്പ് ഉദ്യോഗസ്ഥർ മോണിറ്ററിംഗ് നടത്തു കയും ജില്ലാതല ഉദ്യോഗസ്ഥർക്ക് റിപ്പോർട്ട് നൽകുകയും അതിന്റെ അടിസ്ഥാന ത്തിൽ ആസൂത്രണസമിതി പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുകയും വേണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി ദാരിദ്ര്യ നിർമ്മാർജ്ജനം, അടിസ്ഥാന സൗകര്യ വികസനം, വ്യാവസായിക വികസനം, ഭവന പുനരുദ്ധാരണം, കാർഷിക മേഖലയുടെ വികസനം, ദുർബ്ബല വിഭാഗങ്ങളുടെ പുരോഗതി, സ്ത്രീശാക്തീകരണം എന്നിങ്ങനെ ജനനന്മക്കുതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതാണ്. എന്നാൽ മിക്ക പദ്ധതികളും കൃത്യമായ ആസൂത്രണമില്ലായ്മയും സാധ്യതാപഠനങ്ങളുടെ അഭാവവും കൃത്യമായ മേൽനോട്ട ക്കുറവും,പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാര്യക്ഷമതയില്ലായ്മയും തുടർപ്രവർ ത്തനങ്ങളുടെ അഭാവവുംമൂലം ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് പ്രതിസന്ധികൾ നേരിടുന്നു. ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ നടപ്പാക്കേണ്ട പല പദ്ധതി കളും നടപ്പിലാക്കാൻ കഴിയാതെ പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവരുന്നു.

പദ്ധതി വകയിരുത്തലിന് അധികമായി പണം ചെലവുചെയ്യുക, പണം വകമാറ്റി ചെലവഴിക്കുക, വിവിധ മേഖലകളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കേണ്ട പദ്ധതികൾ ആ മേഖലയുമായി ബന്ധമില്ലാത്തവർ നടപ്പാക്കേണ്ടി വരിക, മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി പദ്ധതികൾ നടപ്പിലാക്കുക എന്നിവ ഗൗരവമായി നിരീക്ഷിക്കേണ്ടതാണ്.

വിവിധ സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ, വിവിധ പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കുന്നില്ല. ഇവ സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും കൃത്യമായി തയ്യാറാക്കി സൂക്ഷിക്കപ്പെടാത്തതിനാൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല.

പലപ്പോഴും ഒന്നിലധികം നിർവ്വഹണോദ്യോഗസ്ഥർ (പഞ്ചായത്തിൽ സെക്രട്ടറിയും ഗ്രാമസേവകരും, നഗരസഭകളിൽ സെക്രട്ടറിയും പട്ടികജാതി വികസന ഓഫീസറും) ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. എന്നാൽ നിർമ്മിക്കപ്പെടുന്ന വീടുകളുടെ സമഗ്രമായ ഒറ്റ രജിസ്റ്റർ ഒരു സ്ഥാപനത്തിലും എഴുതി സൂക്ഷിക്കുന്നില്ല. അതിനാൽ ഒരിക്കൽ ആനുകൂല്യം ലഭിച്ചവർക്ക് വീണ്ടും അനർഹമായി ആനുകൂല്യം ലഭിക്കാൻ സാധ്യത ഏറെയാണ്.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയ്ക്കുലഭിക്കുന്ന വിവിധ ഇനത്തിലുള്ള ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്ന പ്രവണത ഇപ്പോഴും തുടർന്നുവരുന്നു. വകമാറ്റി ചെലവഴിച്ച തുക തിരിച്ചടവ് നടത്തുക എന്നതുപോലും ചെയ്തതെറ്റിന് ന്യായീകരണം ആവുകയില്ല എന്ന 23.01.01-ലെ 22153/പി.1/2000 തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ പ്രസ്താവന, സ്ഥാപനങ്ങൾ അവയ്ക്കു ലഭിക്കുന്ന ഫണ്ടുകൾ അതാത് ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യത്തിന് അടിവരയിടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങൾക്ക് അനുവദിക്കപ്പെടുന്ന ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുകയാണെങ്കിൽ, വകമാറ്റി ചെലവഴിക്കുന്ന തുകയ്ക്ക് തുല്യമായ തുക അടുത്ത ഗഡു പദ്ധതി വിഹിതത്തിൽ നിന്ന് കുറവു ചെയ്യുകയോ ഒരു നിശ്ചിത കാലാവധി വരെ തടഞ്ഞുവെയ്ക്കുകയോ ചെയ്യുന്നതാണെന്ന് മേൽ ഉത്തരവ് വ്യക്തമാക്കുന്നു.

പൊതു ആവശ്യ ഗ്രാന്റും മെയിന്റനൻസ് ഗ്രാന്റും വിനിയോഗിക്കുന്നതി നുള്ള മാർഗ്ഗരേഖ 09.12.2004-ൽ ജി.ഒ.(എം.എസ്)330/04/ തസ്വഭവ നമ്പരായി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് മേൽ ഗ്രാന്റുകളുടെ പിൻവലിക്കൽ, വിനിയോഗം എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നു. എന്നാൽ അവയെല്ലാം അവഗണിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാന്റ്/പദ്ധതി തുക വകമാറ്റി ചെലവഴിച്ചതിനും ഏതാനും ഉദാഹരണങ്ങൾ കൊടുക്കുന്നു.

**<u>തിരുവനന്തപുരം ജില്ല</u>**

## 5.2.1. വെള്ളറട ഗ്രാമപഞ്ചായത്ത്

### 5.2.1.(1). കാർഷികോൽപന്ന വിപണന കേന്ദ്രത്തിന്റെ കരാറുകാരൻ മത്സ്യവിപണന കേന്ദ്രം പൊളിച്ചുനീക്കി

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക നമ്പർ: 3-10</u>***

| | |
|---|---|
| ✦ | *കാർഷികോൽപ്പന്ന വിപണന കേന്ദ്രത്തിനുവേണ്ടി 2002-ൽ നിർമ്മിച്ച മത്സ്യ വിപണനകേന്ദ്രം പൊളിച്ചു നീക്കി.* |
| ✦ | *പൊളിച്ചത് കരാറുകാരൻ - പഞ്ചായത്തിന്റെ അനുവാദമില്ലാതെ.* |
| ✦ | *നഷ്ടം 4.5 ലക്ഷം.* |

പനച്ചമൂട് പൊതുമാർക്കറ്റിനോടനുബന്ധിച്ച് കാർഷിക വിളകൾക്ക് മെച്ചപ്പെട്ട വിപണന സംവിധാനം ഒരുക്കുന്നതിനായി 8 സ്റ്റാളുകൾ നിർമ്മിക്കുന്നതിന് പദ്ധതി ലക്ഷ്യമിട്ടിരുന്നു. 5,50,000/-രൂപ എസ്റ്റിമേറ്റുള്ള പ്രവൃത്തി, കരാറുകാരനായ ശ്രീ.വിൽഫ്രഡ് രാജിന് എസ്റ്റിമേറ്റ് തുകയുടെ 0.1% കുറഞ്ഞനിരക്കിൽ അനുദിച്ചു. വിപണന കേന്ദ്രത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പല അപാകതകളും സംഭവിച്ചതായി കാണുന്നു. 27.12.07-ൽ ടെണ്ടർ നടത്തുകയും 01.01.08-ൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതാണ്. സ്റ്റാൾ നിർമ്മിക്കുന്നതിനുവേണ്ടി സമീപത്തുള്ള മത്സ്യവിപണന സംവിധാനം 17.01.08-ൽ പൊളിച്ചുമാറ്റുകയുണ്ടായി. ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ 2001-02-ൽ 4.5 ലക്ഷം രൂപ മുടക്കിയാണ് മത്സ്യവിപണന കേന്ദ്രം സ്ഥാപിച്ചിരുന്നത്. ഫിഷറീസ് വകുപ്പിൽനിന്ന് 60,000/-രൂപയും ബാക്കി പഞ്ചായത്ത് ഫണ്ടും ഉപയോഗിച്ചാണ് ഈ സംവിധാനം നിലവിൽവന്നത്. സർക്കാർ അനുവാദമില്ലാതെ മത്സ്യ വിപണന കേന്ദ്രത്തിലുള്ള മാർബിൾ സ്ലാബുകൾ പൊളിച്ചുമാറ്റിയതിലൂടെ 4,50,000/-രൂപ നഷ്ടപ്പെട്ടുവെന്ന് ബന്ധപ്പെട്ട ഫയലിൽനിന്ന് വ്യക്തമാകുന്നു. നിലവിലുണ്ടായിരുന്ന മത്സ്യവിപണനകേന്ദ്രം പൊളിച്ചുമാറ്റിയത് പഞ്ചായത്തിന്റെ അനുവാദം വാങ്ങാതെയും സ്റ്റാൾനിർമ്മാണം ഏറ്റെടുത്ത കരാറുകാരന്റെ നേതൃത്വത്തിലുമാണെന്ന് ഫയലിൽ നിന്ന് വ്യക്തമാണ്. 25.01.08-ലെ 1(1)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ മാർബിൾ സ്ലാബുകൾ നശിപ്പിച്ചതിൽ ശ്രീ.വിൽഫ്രഡ്രാജ് എന്ന കരാറുകാരന് പങ്കുണ്ടെന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് ഉത്തമ ബോദ്ധ്യമുണ്ടെന്നും ആയതിനാൽ ടിയാന്റെ ദർഘാസുകൾ സ്വീകരിക്കുന്നതല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. വെള്ളറട പോലീസ് സ്റ്റേഷനിൽ ക്രൈം നം.15/08 പ്രകാരം ഈ വിഷയത്തിൽ കേസ്സ് ഫയൽ ചെയ്തിട്ടുണ്ട്. പൊളിച്ചുമാറ്റിയ സാധനങ്ങളെ സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ സർവ്വേറിപ്പോർട്ട് തയ്യാറാക്കിയതായോ നഷ്ടം ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. മാർക്കറ്റിനുള്ളിൽ സ്ഥാപിച്ചിരുന്ന മാർബിൾ ഫലകങ്ങൾ ഇളക്കിക്കൊണ്ടുപോയത് കരാറുകാരന്റെ നേതൃത്വത്തിലാണെന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് ഉത്തമബോദ്ധ്യം വരുകയും തുടർന്ന് ടെണ്ടറുകൾ ടിയാന് അനുവദിക്കേണ്ടതില്ല എന്ന് തീരുമാനമെടുക്കുകയും ചെയ്ത ശേഷം ടി കരാറുകാരനെക്കൊണ്ടു തന്നെ സ്റ്റാൾ നിർമ്മാണം നടപ്പിലാക്കിയത് ക്രമവിരുദ്ധമാണ്.

ഈ പ്രവൃത്തിക്ക് രണ്ടുവിധത്തിലുള്ള ബില്ലുകൾ തയ്യാറാക്കിയതായി കാണുന്നു. 21.04.08-ൽ തയ്യാറാക്കിയ ഒന്നാമത്തെ ബില്ലിൽ പ്രവൃത്തിയുടെ മൂല്യം 4,78,112.84രൂപ എന്നാണ് രേഖപ്പെടുത്തിയിരുന്നത് (അളവു പുസ്തകം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല). ടി ബിൽ അംഗീകാരത്തിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തതായും രേഖയുണ്ട്. എന്നാൽ 24.06.08-ൽ ബിൽ തുക 5,49,720/- രൂപയായി കണക്കാക്കി, താഴെപ്പറയുംവിധം കരാറുകാരന് തുക നൽകിയിരിക്കുന്നു.

| | | |
|---|---|---|
| മൂല്യനിർണ്ണയം നടത്തിയത് | : 5,49,720/- | (അളവു പുസ്തകം 35/08 പേജ് 42) |
| (-) ടെണ്ടർ (0.1%) | : 550/- | |
| | 5,49,170/- | |
| (-) പാർട്ട് ബിൽ | : 3,56,872/- | (ബിൽ നം.26/07-08 തീയതി: 31.03.08) |
| | 1,92,298/- | |
| (-) നികുതികൾ | : 11,999/- | (ബിൽ നം.01/08-09 തീയതി: 24.06.08) |

**കരാറുകാരന് നൽകിയ തുക : 1,80,299/-രൂപ.**

ഒറിജിനൽ എസ്റ്റിമേറ്റിൽ പണി പൂർത്തിയാക്കുകയും ഫൈനൽ ബിൽ തയ്യാറാക്കുകയും ചെയ്തിട്ടും വീണ്ടും എസ്റ്റിമേറ്റിൽ മാറ്റംവരുത്തി കൂടുതൽ തുക ചെലവഴിച്ചത് ശരിയായ നടപടിയല്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയതായി രേഖകളില്ല. ആയതിനാൽ 71,607/-രൂപ (549720-478113) ഈ പ്രവൃത്തിക്ക് അധികം ചെലവഴിച്ചതായി കണക്കാക്കുന്നു. തുക നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. മത്സ്യവിപണന സ്റ്റാൾ നിർമ്മാണത്തിനായി ചെലവഴിച്ച 4.5 ലക്ഷം രൂപ ഉപയോഗശൂന്യമായിപ്പോയത് ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റേയും ഉദാസീനതമൂലമാണ്. ഈ തുക കരാറുകാരനിൽനിന്നോ ഭരണസമിതിയിൽനിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*ശ്രീ.എം.സാംമോസസ്, അസിസ്റ്റന്റ് എഞ്ചിനീയർ,*
*റ്റി.സി.11/1341, 37-ബെയ്ൻസ് കോമ്പൗണ്ട്,*
നന്തൻകോട്, തിരുവനന്തപുരം

## 5.2.2. തിരുവനന്തപുരം കോർപ്പറേഷൻ

### 5.2.2.(1). കോൺക്രീറ്റ് റോഡ് പൊളിച്ച് മാറ്റി ടാർറോഡ് നിർമ്മാണം – തുക നിരാകരിക്കുന്നു. 768446/-

**<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09 ഖണ്ഡിക നമ്പർ: 3.8.4</u>**

പെരുന്താന്നി വാർഡിൽ ഐശ്വര്യനഗറിലെ നിലവിലുണ്ടായിരുന്ന കോൺക്രീറ്റ് റോഡ് പൊളിച്ച്മാറ്റി ടാർറോഡ് നിർമ്മിക്കുവാനും വശങ്ങളിലെ ഓട നവീകരിക്കുവാനുമായിരുന്നു പദ്ധതി. ഈ പ്രവൃത്തിക്കായി 30.1.2007-ൽ 5,45,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 21.3.07-ൽ ഭരണാനുമതി ലഭിക്കുകയും ചെയ്തു. എന്നാൽ എഗ്രിമെന്റ് നടപടികളിലേക്ക് നീങ്ങാതെ 2007-ലെ ഷെഡ്യൂൾ നിരക്കനുസരിച്ച് 7,15,000/-രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 17.11.07-ൽ നഗരസഭ കരാറുകാരനുമായി ഉടമ്പടിയിലേർപ്പെടുകയും ചെയ്തു. എന്നാൽ 5.12.2007-ലെ ഫയൽ നോട്ടിൽ, 4 അടുക്കു കോൺക്രീറ്റ് പൊളിച്ച് നീക്കാനുണ്ടെന്നും, മെറ്റലിംഗിന് മുമ്പായി റോഡ് ഫോർമേഷൻ നടത്തണമെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ രേഖപ്പെടുത്തിക്കാണുന്നു. തുടർന്ന് 24.05% വർദ്ധന വരുത്തിക്കൊണ്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് 8,86,972/-രൂപയുടെ അംഗീകാരം നൽകുകയും ചെയ്തു.

നഗരസഭാ എഞ്ചിനീയർക്ക് 21.1.2008-ൽ പെരുന്താന്നി വാർഡ് കൗൺസിലർ നൽകിയ കത്തിൽ, നിലവിലെ കോൺക്രീറ്റ് റോഡ് പൊളിച്ച് മാറ്റിയാൽ റോഡ് നിർമ്മാണ സമയത്ത് റോഡ്റോളറിന്റെ ആഘാതത്തിൽ റോഡിന്റെ മുകൾതട്ടിലുള്ള വാട്ടർസപ്ലൈ ലൈനിന് തകരാറ് സംഭവിക്കാനിടയുണ്ടെന്ന് ചൂണ്ടിക്കാണിച്ചിരുന്നു. ഇക്കാരണംകൊണ്ട്തന്നെ കോൺക്രീറ്റ് ചെയ്യുന്നതാണുത്തമം എന്നും കൗൺസിലർ നഗരസഭാ എഞ്ചിനീയറെ ധരിപ്പിച്ചിരുന്നു. ഐശ്വര്യനഗർ റസിഡൻസ് അസോസിയേഷൻ 25.1.06-ൽ നഗരസഭയ്ക്ക് നൽകിയ നിവേദന

ത്തിൽ പറയുന്നത്, പ്രസ്തുത റോഡ് 1980-കളിൽ ടാർ റോഡായിരുന്നുവെന്നും ശേഷം പലതവണയായി ഇതിന് മുകളിലൂടെ കോൺക്രീറ്റ് നടത്തിയെന്നുമാണ്. കൂടാതെ നിലവിലെ റോഡിന്റെ ഒരു വശത്തുകൂടിയുള്ള ഓടയിൽ മണ്ണ് അടിഞ്ഞു കൂടി വെള്ളം കവിഞ്ഞൊഴുകുന്നതായും പറയുന്നു.

നിലവിലെ കോൺക്രീറ്റ് റോഡ് അറ്റകുറ്റപണി നടത്തുകയും ഓടയിലെ മണ്ണ് നീക്കം ചെയ്യുകയും ചെയ്തിരുന്നെങ്കിൽ റോഡ് സഞ്ചാരയോഗ്യമാക്കാൻ കഴിയുമായിരുന്നു. 1980 കളിൽ ഉണ്ടായിരുന്ന ടാർറോഡിന് മുകളിലൂടെ പലപ്രാവശ്യമായുള്ള കോൺക്രീറ്റിംഗ് പൊളിച്ച്മാറ്റിയ ശേഷം റോഡ് ഫോർമേഷൻ നടത്തിയതായി പറയുന്നത് അനുവദനീയമല്ല. റോഡ് ഫോർമേഷനും മെറ്റലിംഗും ടാറും ഉണ്ടായിരുന്നതിന് മുകളിലാണ് 4 അടുക്ക് കോൺക്രീറ്റ് ചെയ്തത്. എന്നാൽ ഇവിടെ നിലവിലുണ്ടായിരുന്ന കോൺക്രീറ്റ് റോഡ് പൊളിച്ച്നീക്കി റോഡ് ഫോർമേഷനും മെറ്റലിംഗും നടത്തി പണി അവസാനിപ്പിക്കുകയായിരുന്നു. നിലവിലുണ്ടായിരുന്ന കോൺക്രീറ്റ് റോഡും പുതിയതായി നിർമ്മിക്കാനുദ്ദേശിച്ച ടാർറോഡും ഇല്ലാത്ത അവസ്ഥയാണ് ഇതുമൂലം സംജാതമായത്.

സാങ്കേതിക പഠനം നടത്താതെയും അലംഭാവത്തോടെയും പദ്ധതി നടപ്പാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോർപ്പറേഷൻ എഞ്ചിനീയർ, നഗരസഭാ സെക്രട്ടറി എന്നിവർ ഈ പദ്ധതിയുടെ പരാജയത്തിനുത്തരവാദികളാണ്. ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തുന്നതിനും നഷ്ടമായ 7,68,446/-രൂപയും കോൺക്രീറ്റ് റോഡ് നശിപ്പിച്ചതിലൂടെയുണ്ടായ നഷ്ടവും ഇവരിൽനിന്നും ഈടാക്കുന്നതിനും ഓഡിറ്റ് ശുപാർശചെയ്യുന്നു.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*ജോൺസൺ കെ.ജോർജ്ജ്.(ഐ.എ.എസ്) സെക്രട്ടറി,*
*കല്ലുംപുറത്ത് വീട്, വി.എസ്.എൻ.എൽ.റോഡ്,*
*കാക്കനാട്.പി.ഒ., കൊച്ചി.*

**<u>കൊല്ലം ജില്ല</u>**

## 5.2.3. ചിതറ ഗ്രാമപഞ്ചായത്ത്

### 5.2.3.(1). പരമ്പരാഗത തൊഴിൽ സംരക്ഷണം - പദ്ധതി നടത്തിപ്പിൽ അപാകത - 62500/- രൂപയുടെ ചെലവ് ആഡിറ്റിൽ നിരാകരിക്കുന്നു

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3(2)</u>***

വി.ഇ.ഒ.നിർവ്വഹണാധികാരിയായ പദ്ധതിയ്ക്കുവേണ്ടി 1,24,092/-രൂപ പദ്ധതി വിഹിതവും 1,22,500/-രൂപ ഗുണഭോക്തൃ വിഹിതവും ചേർത്ത് 2,46,592/-രൂപ വകയിരുത്തിയിരുന്നു. ടി പദ്ധതിയിൽ 49 ഗുണഭോക്താക്കൾക്ക് 2500/-രൂപ നിരക്കിൽ പദ്ധതി ആനുകൂല്യം (സബ്സിഡി ഇനത്തിൽ 50% പരിമിതപ്പെടുത്തി) നൽകാൻ ലക്ഷ്യമിട്ടിരുന്നു. ഈറ്റ, മുള എന്നിവ ഉപയോഗിച്ച് പരമ്പരാഗത തൊഴിൽ ചെയ്തുവരുന്ന ഓരോ കുടുംബത്തിലേയും ഒരു അംഗത്തിനുവീതം സഹകരണ സംഘങ്ങൾവഴി അസംസ്കൃത സാധനങ്ങൾ വാങ്ങിനൽകാനും തുക സംഘങ്ങൾക്ക് കൈമാറാനുമായിരുന്നു പദ്ധതിനിർദ്ദേശം. അപേക്ഷകർ അതാത്

പ്രദേശങ്ങളിലെ സൊസൈറ്റികളിൽ അംഗങ്ങളായിരിക്കണമെന്നും പദ്ധതി നിർദ്ദേശിക്കുന്നു.

രേഖകൾ പരിശോധിച്ചതിൽ ബിൽ നം.3/07-08 തീ:30.3.2008 പ്രകാരം 62,500/-രൂപ പിൻവലിച്ച് 2500/-രൂപ നിരക്കിൽ 25 ഗുണഭോക്താക്കൾക്ക് ഡി.ഡി ആയി നേരിട്ട് നൽകിയതായി കാണുന്നു. ചിതറ ഗ്രാമപഞ്ചായത്തിൽ ഈറ, മുള ഉൽപ്പന്നങ്ങൾ ഉണ്ടാക്കിവിൽക്കുന്ന ഒരു സൊസൈറ്റിപോലും നിലവിൽ പ്രവർത്തിക്കുന്നില്ലെങ്കിലും 2007-08 വർഷം 'പരമ്പാരാഗത തൊഴിൽ സംരക്ഷണം' (എസ്.ഒ.80/08) എന്ന പദ്ധതി പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള സബ്സിഡി തുകയായ 2500/-രൂപ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകാൻ വി.ഇ.ഒ-യെ ചുമതലപ്പെടുത്തി ചിതറ പഞ്ചായത്ത് കമ്മിറ്റിയുടെ 18.3.08-ലെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.(തീരുമാനം നം.II(1)). ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി ആനുകൂല്യം നൽകിയത്. കൂടാതെ സബ്സിഡി മാർഗ്ഗരേഖകൾ സംബന്ധമായ സർക്കാർ ഉത്തരവ് നം.(എം.എസ്)183/07.ത.സ്വ.ഭ.വ 24.7.07-ൽ സബ്സിഡി തുക പണമായി നൽകാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നു.

അംഗീകൃത പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന പദ്ധതിലക്ഷ്യം കണക്കിലെടുക്കാതെയും സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായും പദ്ധതിപണം ചെലവഴിച്ചതുവഴി സബ്സിഡി വിതരണം മാത്രമായി പദ്ധതി പ്രവർത്തനം ചുരുങ്ങി. പരമ്പരാഗത തൊഴിലുകൾക്ക് പ്രോത്സാഹനം നൽകുക, കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുക എന്നിങ്ങനെയുള്ള പദ്ധതി ലക്ഷ്യങ്ങൾ കണക്കിലെടുക്കാതെ നടത്തിയ പണംവിതരണം അംഗീകരിക്കുന്നില്ല. 62,500/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തണം.ന്

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*ശ്രീ.ഹരിലാൽ വി.ഇ.ഒ, കുമ്മിൾഗ്രാമ പഞ്ചായത്ത്*
*കാരയ്ക്കാട്, കുറ്റിക്കാട്.പി.ഒ, കടയ്ക്കൽ.*

## 5.2.4. ചടയമംഗലം ഗ്രാമപഞ്ചായത്ത്

## 5.2.4.(1). ആട് വളർത്തൽ പദ്ധതിയിൽ ക്രമക്കേട്

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3(10)</u>***

കുടുംബശ്രീ യൂണിറ്റുകളിൽ അംഗങ്ങളായ 173 വനിതകൾക്ക് രണ്ട് ആടുകളെ വീതം ലഭ്യമാക്കുവാൻ പദ്ധതി നിർദ്ദേശിച്ചിരുന്നു. ആടുകളുടെ വിലയിനത്തിൽ 1,500/-രൂപയും, ഇൻഷുറൻസ് ഇനത്തിൽ 116/-രൂപയും ചേർത്ത് ഒരു ഗുണഭോക്താവിന് ആകെ 1,616/-രൂപ പദ്ധതിആനുകൂല്യം ലഭിക്കുന്നു. ഗുണഭോക്തൃ വിഹിതമായി ഗുണഭോക്താവ് 3,772/-രൂപ പഞ്ചായത്തിൽ ഒടുക്ക് വരുത്തണം.

സ്ത്രീകളുടെ തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് സാമ്പത്തികഭദ്രത കൈവരുത്തുക, പഞ്ചായത്തിൽ ആട്ടിൻ പാലിൻെറ ഉൽപ്പാദനവും, ഉപഭോഗവും വർദ്ധിപ്പിക്കുക എന്നിവയാണ് പ്രധാന പദ്ധതി ലക്ഷ്യങ്ങൾ.

ഗുണഭോക്തൃസമിതി പ്രതിനിധികൾ ഉൾപ്പെടുന്ന പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ച് ഉന്നത ഗുണമേന്മയുള്ള ആടുകളെ പഞ്ചായത്തിന് പുറത്തുനിന്നും ലഭ്യമാക്കണമെന്നും, ഗുണഭോക്താക്കൾക്ക് ആട് പരിപാലനത്തിൽ ശാസ്ത്രീയ പരിശീലനവും, ബോധവൽക്കരണവും നൽകണമെന്നും പദ്ധതിയിൽ നിർദ്ദേശിക്കുന്നു.

പദ്ധതി നടത്തിപ്പിനായി വികസനഫണ്ട് ഇനത്തിൽ വകയിരുത്തിയ 2,79,568/-രൂപ ബിൽ നമ്പർ-2/07 തീയതി 14.03.2007 പ്രകാരം നിർവ്വഹണാധികാരിയായ വെറ്റിനറി സർജൻ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 90 ഗുണഭോക്താക്കളിൽ നിന്നും 3,772/-രൂപ വീതം ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കി പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ളതായി കാണുന്നു. പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രകാരം പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ചതായോ, പഞ്ചായത്തിനു പുറത്തുനിന്നും ആടുകളെവാങ്ങി ഒരു ഗുണഭോക്താവിനെങ്കിലും നൽകിയതായോ രേഖയില്ല. ആടുവളർത്തലിൽ ആർക്കും തന്നെ പരിശീലനമോ, ബോധവൽക്കരണമോ നടത്തിയിട്ടില്ല. ഒരു ആടിനെപ്പോലും ഇൻഷ്വർ ചെയ്തതായും തെളിവില്ല. ആടുകളെ വാങ്ങി നൽകിയാൽതന്നെ ഗുണഭോക്തൃവിഹിതം ഒടുക്ക് വരുത്തിയ 90 ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകിയാൽ മതിയാകും. ആയതിന് ആവശ്യമായ തുക ഇൻഷുറൻസിന് ഉൾപ്പെടെ 1,45,440/-രൂപ (1,616X 90) മാത്രമാണ്. പദ്ധതി ചെലവിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ ക്യാഷ്ബുക്ക്, ചെക്ക്/ഡി.ഡി. വിതരണ രജിസ്റ്റർ, ബാങ്ക് പാസ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മൃഗസംരക്ഷണ വർക്കിംഗ് ഗ്രൂപ്പ് പദ്ധതി 'മോണിറ്റർ' ചെയ്യണമെന്ന നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. പദ്ധതി നടത്തിപ്പിലെ അപാകതകൾക്ക് വിശദീകരണവും, പദ്ധതി അനുബന്ധ രേഖകളും ആവശ്യപ്പെട്ടുകൊണ്ട് 21.11.09-ാം തീയതി നൽകിയ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, നിർവ്വഹണാധികാരിയായ വെറ്റിനറി സർജന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായതിനാൽ 2,79,568/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*ഡോ: പ്രഭാകരൻ വെറ്ററിനറി സർജൻ (റിട്ട:)*
*കൊക്കോട്ടുവിള വീട്, പുന്നക്കോട്, മാടൻനട, ചടയമംഗലം*

## 5.2.5. കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്

### 5.2.5.(1). തൊഴിൽ പരിശീലനം - പട്ടികജാതി വനിത - നിർവഹണ ഏജൻസിയിൽ നിന്നും തുക തിരികെ ഈടാക്കേണ്ടത് സംബന്ധിച്ച്

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ-3(7)</u>***

| | |
|---|---|
| ✦ | ***തുക കൈപ്പറ്റിയ നിർവ്വഹണ ഏജൻസി തൊഴിൽ പരിശീലനം നൽകിയില്ല.*** |
| ✦ | ***നഷ്ടം 100000/- രൂപ.*** |

18-നും 45-നും മധ്യേ പ്രായമുള്ള 35 പട്ടികജാതി വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതാണ് പ്രോജക്ട്. എസ്.എസ്.എൽ.സി. വിദ്യാഭ്യാസം പൂർത്തിയാക്കിയ 35 വനിതകൾക്ക് 75 ദിവസം ആറു മണിക്കൂർ വീതം പരിശീലനം നൽകുവാനാണ് പ്രോജക്ടിൽ നിർദ്ദേശിച്ചിരിക്കുന്നത്. വികസന ഫണ്ടിൽ നിന്നും 1,00,000/-രൂപയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ലോൺ 45,000/-രൂപയും, ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കുന്ന 5,000/- രൂപയും ഉൾപ്പെടെ 1,50,000/-രൂപ അടങ്കൽ തുകയ്ക്കുള്ള പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് ബിൽ നം.16/07-08/31.3.08 പ്രകാരം 100000/-രൂപ ട്രഷറിയിൽനിന്നും പിൻവലിച്ച് ഡിഡി നം.50259/28.6.08 പ്രകാരം നിർവഹണ ഏജൻസിയായ സെന്റർ ഫോർ മാനേജ്മെന്റ് ആന്റ് ഡെവലപ്മെന്റിന് കൊടുത്തിട്ടുണ്ട്. 21.1.08ൽ സി.എം.ഡി ഡയറക്ടറും നിർവഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ആഫീസറും തമ്മിൽ ഒപ്പ് വച്ച കരാർ പ്രകാരം സി.എഫ് ലാമ്പ് നിർമ്മാണ പരിശീലനം നൽകുവാനാണ് തുക നൽകിയത്. 35 ഗുണഭോക്താക്കളുടെ ലിസ്റ്റും സി.എം.ഡിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താക്കൾക്ക് നിർവഹണ ഏജൻസി പരിശീലനം നൽകിയതായ രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. 16.1.2010ലെ ഓഡിറ്റ് എൻക്വയറി നം.3-ന് നിർവഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ നൽകിയ മറുപടിയിൽ ടി പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് നിർവഹണ ഏജൻസിയായ സി.എം.ഡിയ്ക്ക് നൽകിയ 1,00,000/-രൂപ തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട നിർവഹണ ഏജൻസിയിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ.യിൽ നിന്നോ നാളിതുവരെയുള്ള പിഴപ്പലിശ സഹിതം ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*ശ്രീ.അപ്പുക്കുട്ടൻ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്),*
*പള്ളം ബ്ലോക്ക്, വടവാതൂർ*
*(ശാരണ്യം, വെളിയം പി.ഒ., കൊല്ലം)*

## 5.2.6. തെന്മല ഗ്രാമപഞ്ചായത്ത്

## 5.2.6.(1). മുൻകൂർ നൽകിയിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല

**<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3(13)</u>**

2003-04 വർഷത്തെ എസ്.ജി.ആർ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തിയ സംയോജിത പ്രോജക്ടായ ഈ പ്രവൃത്തിക്ക് 7,00,000/-രൂപയുടെ അടങ്കലിന് സാങ്കേതികാനുമതി ലഭിച്ചിരുന്നു. ഗുണഭോക്തൃസമിതി കൺവീനറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ.വർഗ്ഗീസ് തോമസ് 29.3.2004-ൽ 30/03-04 നമ്പരായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. 1.7.2005-ലെ 459241-ാം നമ്പർ ചെക്ക് പ്രകാരം മുൻകൂറായി 50,000/- രൂപയും 24.11.2005-ൽ ഭക്ഷ്യധാന്യ വിഹിതമായി 40 ടൺ അരിയും കൺവീനർ കൈപ്പറ്റിയിട്ടുണ്ട്. പ്രവൃത്തി നിർവ്വഹിക്കാത്തതിനാൽ 6.5.2006-ൽ കൺവീനർക്ക് നോട്ടീസ് നൽകി. കൺവീനർക്കെതിരെ ഗുണഭോക്തൃ സമിതി ചെയർമാനും മറ്റ് അംഗങ്ങളും സമർപ്പിച്ച പരാതിയിന്മേൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

നിർദ്ദേശിച്ചതനുസരിച്ച് 27.10.2006-ൽ സെക്രട്ടറി നൽകിയ മറുപടിയിലെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

കൺവീനർക്ക് നിരവധി തവണ അറിയിപ്പു നൽകുകയും 40 ടൺ അരിയുടെ വിലയായ 2,48,000/-രൂപയും മുൻകൂർ നൽകിയ 50,000/-രൂപയും ഉൾപ്പെടെ 2,98,000/-രൂപ 18% പിഴപ്പലിശസഹിതം ഈടാക്കുന്നതിന് റവന്യു റിക്കവറി നടപടി കൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ ഫയലിൽ 6.5.2006-ൽ നൽകിയ നോട്ടീസ് ഒഴികെ മറ്റുവിവരങ്ങൾ ഒന്നും കണ്ടെ ത്താൻ കഴിയാത്തതിനാൽ 20.5.2009-ൽ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് മറുപടി ലഭ്യമാക്കിയില്ല. ഇതിൽനിന്നും പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ വിശദീകരണം വാസ്തവവിരുദ്ധമാണെന്ന് വ്യക്തമാകുന്നു. ജില്ലാ കളക്ടർക്കു നൽകിയ പരാതിയാണ് ഡി.ഡി.പി.വഴി തുടർനടപടികൾക്കായി കൈമാറിയിരുന്നത്. ജില്ലാ കളക്ടറുടെയും ഡി.ഡി.പി-യുടെയും ശ്രദ്ധയിൽപ്പെട്ട ഒരു പരാതിയിന്മേലുള്ള തുടർനടപടികളുടെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല എന്നത് ഗുരുതരമായ വീഴ്ചയാണ്.

40000 കിലോഗ്രാം അരി കൈപ്പറ്റിയ കൺവീനറിൽനിന്നും അതിന്റെ സബ്സിഡി നിരക്കിലുള്ള വില കണക്കാക്കിയാണ് ഈടാക്കാൻ നടപടി തുടങ്ങിയ തായി സെക്രട്ടറി ഡി.ഡി.പി യെ അറിയിച്ചിരുന്നതു്. 27.10.2006 വരെയും പ്രവൃത്തി ആരംഭിക്കാത്തതിനാലാണ് റവന്യൂറിക്കവറി നടപടികൾ തുടങ്ങിയതായി പറയപ്പെ ടുന്നത്. ആരംഭിക്കാത്ത ഒരു പ്രവൃത്തിയുടെ പേരിൽ നൽകിയ ഭക്ഷ്യധാന്യ വിഹിതത്തിന്റെ മാർക്കറ്റ് നിരക്കിലുള്ള വിലയും പിഴപ്പലിശയുമാണ് ഈടാക്കേ ണ്ടത്. ഇത്തരത്തിൽ ഈടാക്കേണ്ട തുക താഴെപറയും പ്രകാരം കണക്കാക്കുന്നു.

| | | |
|---|---|---|
| 40 ടൺ അരിയുടെ വില @ 13.60/കിലോ ഗ്രാം | - | 544000/- |
| മുൻകൂർ നൽകിയ തുക | - | 50000/- |
| | **ആകെ രൂപ-** | **594000/-** |
| | | ======= |

5,94,000/-രൂപയാണ് നിയമാനുസൃതമായ പിഴപ്പലിശസഹിതം ഈടാക്കേ ണ്ടത്. ഇത്രയും വലിയ തുക കേന്ദ്ര സർക്കാരിന് നഷ്ടം വരുത്തിയ നടപടി ഗുരുതരമായ വിഷയമായതിനാൽ തുടരന്വേഷണത്തിനായി ബഹുമാനപ്പെട്ട കൊല്ലം ജില്ലാകളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു ശുപാർശ ചെയ്തുകൊണ്ട് ഈ ഓഫീസിൽ നിന്നും പ്രത്യേക കത്ത് പുറപ്പെടുവിച്ചിട്ടുണ്ട്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥർ:</u>*

1. *ശ്രീ. കെ.വൈ. ജയിംസ് (സെക്രട്ടറി, എഴുകോൺ ഗ്രാമപഞ്ചായത്ത്) തോട്ടത്തിൽ വീട്, തൃക്കണ്ണമംഗൽ, കൊട്ടാരക്കര പി.ഒ.*
2. *ശ്രീ. കെ. നടരാജൻ (സെക്രട്ടറി, തെന്മല ഗ്രാമപഞ്ചായത്ത്) ദേവൂസ്, തെന്മല പി.ഒ.,തെന്മല, പുനലൂർ, കൊല്ലം ജില്ല*

## 5.2.6.(2). ഹരിയാലി പദ്ധതിയിൽ ക്രമക്കേട് – ബാങ്ക്പലിശ കൃഷി ഓഫീസർ പിൻവലിച്ചു

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക നമ്പർ: 3(13)</u>***

| | |
|---|---|
| ✦ | ***ഒരേ സമയം രണ്ട് അക്കൗണ്ടുകൾ വഴി പണമിടപാട്.*** |
| ✦ | ***ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് വന്ന പലിശ കൃഷി ഓഫീസർ പിൻവലിച്ചു.*** |

ജലസ്രോതസ്സുകളുടെ സംരക്ഷണം, മണ്ണ്സംരക്ഷണ പ്രവർത്തനങ്ങൾ, നൂതന കാർഷിക രീതികളുടെ പ്രചരണം, പച്ചക്കറി കൃഷി, തോട്ടവിള കൃഷി എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനാണ് "ഹരിയാലി" പദ്ധതിയിൽ ഊന്നൽ നൽകേണ്ടതെന്ന് ഗ്രാമവികസന കമ്മീഷണറുടെ 04-03-2006-ലെ 18791/ആർ & I5/05 ഡി.ആർ.ഡി.നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിരുന്നു. വ്യക്തികളുടെ ഭൂമിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് അടങ്കൽ തുകകളുടെ 10% തുക ഗുണഭോക്താക്കൾ വാട്ടർഷെഡ് ഡെവലപ്പ്മെന്റ് ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

2007-08, 2008-09 വർഷത്തിൽ യഥാക്രമം 1,87,500/-രൂപയും, 4,24,089/-രൂപയും ഹരിയാലി പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും അക്കൗണ്ടിൽ തുക നിക്ഷേപിച്ചിരുന്നു. ഇതിൽ നിന്ന് 5,00,000/-രൂപ 13.08.2008-ൽ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർക്ക് അനുവദിക്കുകയുണ്ടായി. ഇടമൺ വാട്ടർഷെഡ്, ആണ്ടൂർ പച്ച വാട്ടർഷെഡ് എന്നീ പേരുകളിൽ രണ്ട് നീർത്തട പദ്ധതികൾ നടപ്പാക്കുവാനാണ് തുക അനുവദിച്ചത്. കൃഷിഓഫീസറുടെ ക്യാഷ്ബുക്ക് പ്രകാരം 1,89,413/-രൂപ ടി.പദ്ധതി നിർവ്വഹണത്തിനായി ചെലവഴിച്ചതായി കാണുന്നു.

| *ഇനം* | *തുക(രൂപ)* |
|---|---|
| കയ്യാല നിർമ്മാണം (ബണ്ട് ഫോർമേഷൻ) | 90,323.00 |
| ആട് വളർത്തൽ പദ്ധതി | 67,500.00 |
| കോഴി വളർത്തൽ പദ്ധതി | 15,000.00 |
| തടമെടുപ്പ് | 16,590.00 |
| **ആകെ** | **1,89,413.00** |
| | ========= |

കൃഷിഓഫീസർക്ക് പദ്ധതി നിർവ്വഹണത്തിനായി ലഭിച്ച 5,00,000/-രൂപ ഇടമൺ സർവ്വീസ് സഹകരണ ബാങ്കിലുള്ള അക്കൗണ്ട് നമ്പർ 6391-ൽ നിക്ഷേപിച്ചിരുന്നു. ഇതിൽനിന്ന് 1,00,000/-രൂപ 22.04.2009-ൽ പിൻവലിച്ച് ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിൽ ക്രെഡിറ്റ് ചെയ്തതായി ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ബാങ്കിന്റെ പാസ്സ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സെൽഫ് ഹെൽപ്പിംഗ് ഗ്രൂപ്പുകൾക്ക് മുട്ടക്കോഴി വളർത്തൽ, ആട് വളർത്തൽ എന്നിവയ്ക്ക് ബാങ്ക് വായ്പയ്ക്ക് അനുസരിച്ചുള്ള ഹരിയാലി പദ്ധതിയിൽ നിന്നുള്ള വിഹിതമായിട്ടാണ് തുക ബാങ്കിൽ ക്രെഡിറ്റ് ചെയ്തത്. എന്നാൽ ബാങ്ക് വായ്പ അനുവദിച്ചതുമായി ബന്ധപ്പെട്ട ഒരു രേഖയും ബാങ്ക് അധികൃതരിൽ നിന്ന് ലഭിച്ചിരുന്നില്ല. എസ്.എച്ച്. ഗ്രൂപ്പുകൾക്ക് മുട്ടക്കോഴി/ആട് വളർത്തൽ പദ്ധതികളിലേയ്ക്ക് ബാങ്ക് വായ്പയായി 42,500/-രൂപ അനുവദിച്ചിട്ടുണ്ടെന്നും, ടി. തുക നൽകിയിരിക്കുന്നത് കൃഷി ഓഫീസർ ബാങ്കിന് നൽകിയ 1,00,000/-രൂപയുടെ ഈടിന്റെ അടിസ്ഥാനത്തിലുമാണെന്ന് 30.10.2009-ലെ ടി ബാങ്കിന്റെ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 1,00,000/-രൂപ തിരികെ ആവശ്യപ്പെട്ടപ്പോൾ, ഈ തുക തിരികെ നൽകണമെങ്കിൽ വായ്പ ഇനത്തിൽ ഗുണഭോ

ക്താക്കൾക്ക് അനുവദിച്ച തുകയിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള 28,642/- രൂപയും, പലിശയായി 7,371/-രൂപയും അടച്ചുതീർക്കേണ്ടതാണ് എന്ന് ബാങ്ക് അധികൃതർ രേഖാമൂലം അറിയിച്ചിരുന്നു. ഫലത്തിൽ 1,00,000/-രൂപ ഹരിയാലി പദ്ധതി തുകയിൽ നിന്ന് നഷ്ടപ്പെട്ട അവസ്ഥയാണ്. ഹരിയാലി പദ്ധതിയിലേയ്ക്കുള്ള വിഹിതം പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഇല്ലാതെതന്നെ ഒരു ബാങ്കിൽ നിന്ന് പിൻവലിച്ച് മറ്റൊരു ബാങ്കിൽ അക്കൗണ്ടിൽ വരുത്താതെ നിലനിർത്തിയിരിക്കുന്നത് ക്രമവിരുദ്ധമായ നടപടിയാണ്.

ഇടമൺ സർവ്വീസ് സഹകരണ ബാങ്കിലുള്ള അക്കൗണ്ടിൽ 24.03.2009-ൽ 12,415/-രൂപ പലിശ ഇനത്തിൽ ക്രെഡിറ്റ് ചെയ്തിരുന്നു. ടി തുക 16.06.2009-ൽ കൃഷി ഓഫീസർ പിൻവലിക്കുകയുണ്ടായി. നാളിതുവരെ തുക ടിയാൻ തിരിച്ച് അടച്ചിട്ടില്ല. ടി. തുക 18% പലിശ സഹിതം ടിയാനിൽനിന്ന് ഈടാക്കേണ്ടതും, അനധികൃതമായി സർക്കാർപണം പിൻവലിച്ച് സ്വകാര്യ ആവശ്യത്തിന് വിനിയോഗിച്ചതിന് വകുപ്പ്തല നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പണദുർവിനിയോഗം ശ്രദ്ധയിൽപ്പെട്ടപ്പോൾ തുക തിരിച്ചടയ്ക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഇടമൺ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 23.11.2010-ൽ 2,78,148/-രൂപ പിൻവലിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും, പ്രസിഡന്റിന്റെയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ തിരിച്ചുനൽകിയിരിക്കുന്നു.

ഹരിയാലി പദ്ധതി നടത്തിപ്പിനായി കൃഷിഓഫീസർക്ക് നൽകിയിരുന്ന തുകയുടെ വിനിയോഗം താഴെ പറയുന്നു.

| | |
|---|---|
| ഹരിയാലി പദ്ധതി പ്രകാരമുള്ള വരവ് | 5,00,000.00 (ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിൽ ക്രെഡിറ്റ് ചെയ്തത്) |
| പലിശ ക്രെഡിറ്റ് ചെയ്തത് | |
| (1) 24-03-2009 12,415.00 | |
| (2) 08-10-2009 9,151.00 | |
| (3) 31-03-2010 6,626.00 | |
| (4) 01-10-2010 6,784.00 | 34,976.00 |
| ആകെ വരവ് | 5,34,976.00 |
| ആകെ ചെലവ് | 1,89,413.00 (ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക ഉൾപ്പെടെ) |
| നീക്കി ബാക്കി | 3,45,563.00 |
| പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ച തുക | 2,78,148.00 |
| വ്യത്യാസം | 67,415.00 |

ഈ തുകയിൽ ഉറുകുന്ന് ബാങ്കിൽ നിന്ന് ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക 42,500/-രൂപ ആണെന്ന് കണക്കാക്കിയാൽ 1,00,000/-രൂപയിൽ ബാക്കിയുള്ള തുക 57,500/-രൂപ ആണെന്ന് കാണുന്നു. 9,915/-രൂപയുടെ വ്യത്യാസം വ്യക്തമല്ല.

ഈ പദ്ധതിയുടെ ക്യാഷ് ബുക്ക് ശരിയായ വിധത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ, പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. കൃഷിഓഫീസർ വഴി നടപ്പിലാക്കിയ പദ്ധതിയിലെ പ്രധാന ക്രമക്കേടുകൾ താഴെ പറയുന്നു.

1. ഒരേ സമയം രണ്ട് അക്കൗണ്ടുകൾ വഴി പണമിടപാട് നടത്തി. ഇടമൺ കോ-ഓപ്പറേറ്റീവ് ബാങ്കിൽ ക്രെഡിറ്റ് വന്ന പലിശ ഇനത്തിലുള്ള 12,415/-രൂപ കൃഷിഓഫീസർ പിൻവലിച്ച് പണാപഹരണം നടത്തി.

2. ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിച്ച 1,00,000/-രൂപയിൽ 57,500/-രൂപ തിരികെ ലഭിച്ചിട്ടില്ല. തുക ഏത് അക്കൗണ്ടിൽ ആണ് ക്രെഡിറ്റ് ചെയ്തിരിക്കുന്നത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഒന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3. 04-03-2006-ലെഗ്രാമവികസന കമ്മീഷണറുടെ ഉത്തരവിൽ മണ്ണ് സംരക്ഷണം, നൂതന കാർഷിക വിളകളുടെ പ്രചരണം എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഹരിയാലി പദ്ധതിവഴി നടപ്പാക്കുവാൻ ആണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ ആട് വളർത്തൽ, മുട്ടക്കോഴി വളർത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി പണം ദുർവിനിയോഗം നടത്തിയിരിക്കുന്നു. വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി വികസനഫണ്ട് ഉപയോഗിച്ച് ടി പദ്ധതികൾ ടി കാലയളവിൽ നടപ്പിലാക്കിയിട്ടുള്ളതിനാൽ, കൃഷിഓഫീസർ വഴി ഹരിയാലിയ്ക്ക് അനുവദിച്ച തുക പാഴാക്കിയതിന് വിശദീകരണം ആവശ്യമാണ്.

ദീർഘവീക്ഷണമില്ലാതെ ഹരിയാലി പദ്ധതിയ്ക്ക് അനുവദിച്ച തുക ചെലവഴിക്കുകയും, പണാപഹരണം നടത്തുകയും ചെയ്ത കൃഷിഓഫീസർക്ക് എതിരെ അന്വേഷണം നടത്തുന്നതിനും, നഷ്ടംവന്ന തുക ഈടാക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിരനടപടികൾ ആവശ്യമാണ്. ഉറുകുന്ന് സഹകരണ ബാങ്കിൽ നിന്ന് 57,500/-രൂപ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം, തുക നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറിൽനിന്ന് ഈടാക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*ശ്രീ. ഡാനിയൽ മാത്യു, (കൃഷിഓഫീസർ, കൃഷി ഭവൻ, കട്ടപ്പന, ഇടുക്കി ജില്ല)*
*എബൻ-ഏസർ, നെല്ലിപ്പള്ളി പി.ഒ.,പുനലൂർ.*

## 5.2.7. കടയ്ക്കൽ ഗ്രാമപഞ്ചായത്ത്

### 5.2.7.(1). ബാന്റ് ഗ്രൂപ്പ് ഉപകരണങ്ങൾ വാങ്ങി 89727/-രൂപ പാഴ് ചെലവ്

**ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3(1)**

| | |
|---|---|
| ✦ | ***പരിശീലകൻ ഇല്ലാത്തതിനാൽ ബാന്റ് ഗ്രൂപ്പ് ഉപകരണങ്ങൾ നശിക്കുന്നു.*** |
| ✦ | ***മുൻകൂർ നൽകിയ 1,25,000/-രൂപ ക്രമീകരിച്ചില്ല.*** |

2007-08 ലെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി 'വനിതകൾക്ക് ബാന്റ് ഗ്രൂപ്പ് പരിശീലനവും സാധനം വാങ്ങലും' എന്ന പദ്ധതിയ്ക്കായി 89727/-രൂപ ചെലവഴിച്ച് വാങ്ങിയ ബാന്റ് ഗ്രൂപ്പ് ഉപകരണങ്ങൾ നാളിതുവരെ ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല.

പഞ്ചായത്തിലെ 35 വയസ്സിനു താഴെ പ്രായമുള്ള 30 വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 1,50,000/-രൂപ അടങ്കൽ തുകയുള്ള എസ്.ഒ.14/08 എന്ന പദ്ധതിയ്ക്കായി 27.3.08 ൽ എറണാകുളത്തെ മാനുവൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും 89727/-രൂപയുടെ ബാന്റ്ഗ്രൂപ്പ് സാധനങ്ങൾ വാങ്ങിയിട്ടുണ്ട് (ചെക്ക് നമ്പർ 189283 തീ:31.3.2008)

ബാന്റ് ഗ്രൂപ്പിനുള്ള സാധനങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിരുന്നുവെങ്കിലും എറണാകുളത്തെ മാനുവൽ ഇൻഡസ്ട്രീസ് മാത്രമാണ് ക്വട്ടേഷൻ നല്കിയിട്ടുള്ളതായി കാണുന്നത്. സ്റ്റോർ പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾ പാലിക്കാതെ മാനുവൽ ഇൻഡസ്ട്രീസിൽ നിന്നും സാധനങ്ങൾ വാങ്ങിയത് ഗൗരവമായി ഓഡിറ്റ് കാണുന്നു.

പദ്ധതിയിൽ വിഭാവന ചെയ്തിരുന്നതുപോലെ ബാന്റ് ഗ്രൂപ്പ് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിൽ പരിശീലനം നല്കുന്നതിന് പരിശീലകനെ കണ്ടെത്തുന്ന തിനോ ഗുണഭോക്താക്കൾക്ക് പരിശീലനം നല്കുന്നതിനോ നാളിതുവരെ യാതൊരു നടപടിയും കൈക്കൊണ്ടിട്ടുള്ളതായി കാണുന്നില്ല.

പരിശീലനം നല്കുന്നതിനായി വാങ്ങിയ ബാന്റ് ഗ്രൂപ്പ് ഉപകരണങ്ങൾ വേണ്ടരീതിയിൽ പരിപാലിക്കാത്തതിനാൽ ഉപകരണങ്ങളിൽ പലതും ഉപയോഗ ശൂന്യമായ നിലയിലാണെന്ന് 21.12.2010-ൽ നടത്തിയ ഓഡിറ്റ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

പദ്ധതിയ്ക്കായി 31.3.2008ൽ പ്ലാൻ ഫണ്ടിൽ നിന്നും ബിൽ നമ്പർ 40/2007-08 പ്രകാരം പിൻവലിച്ച 1,25,000/-രൂപയിൽ 89,727/-രൂപ വിനിയോഗിച്ചിട്ടുണ്ടെങ്കിലും അവശേഷിക്കുന്ന 35,273/-രൂപ നാളിതുവരെ ബന്ധപ്പെട്ട അക്കൗണ്ടിൽ തിരികെ ഒടുക്കു വരുത്തിയിട്ടില്ല. ഈ തുക നാളിതുവരെയുള്ള പിഴപലിശ സഹിതം അടിയന്തിരമായി ഒടുക്കുവരുത്തി രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

പരിശീലകനെ കണ്ടെത്താനായില്ല എന്ന കാരണംപറഞ്ഞ് 2008-2009 വർഷത്തിൽ സ്പിൽഓവർ ആയി ഈ പദ്ധതി (3/2008-09) ഉൾപ്പെടുത്തിയതായും 25000/-രൂപ തനതുഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുള്ളതായും കാണുന്നു. ശരിയായ ആസൂത്രണമില്ലാതെ പദ്ധതി ആവിഷ്ക്കരിച്ചതിനാലും സ്റ്റോർപർച്ചേസ് മാനുവൽ പാലിക്കാതെ ബാന്റ്ഗ്രൂപ്പ് ഉപകരണങ്ങൾ വാങ്ങിയതിനാലും വാങ്ങിയ സാധനങ്ങൾ ശ്രദ്ധയില്ലാതെ സൂക്ഷിച്ചിരിക്കുന്നതിനാലും ബാന്റ്ഗ്രൂപ്പ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 89,727/-രൂപ പാഴ്ച്ചെലവായിക്കണ്ട് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*

*ശ്രീ. എസ്. ലെനീന്ദ്രൻ (സെക്രട്ടറി, പീരുമേട് ഗ്രാമപഞ്ചായത്ത്,ഇടുക്കി ജില്ല)*
*അഭയം, ആൽത്തറമൂട്, കടയ്ക്കൽ*

## 5.2.8. കൊല്ലം ജില്ലാ പഞ്ചായത്ത്

### 5.2.8.(1). 13,59,250/- രൂപ ചെലവാക്കിയെങ്കിലും പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് യാഥാർത്ഥ്യമായില്ല

**ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08 നമ്പർ: 3(15)**

| | |
|---|---|
| ✦ | പേപ്പർ ബാഗ് യൂണിറ്റിന് സ്ഥലം കണ്ടെത്തുന്നതിന് മുമ്പ് മെഷിനറി വാങ്ങി. |
| ✦ | ഒടുവിൽ കണ്ടെത്തിയത് വൈദ്യുതി ബന്ധമില്ലാത്ത സ്ഥലം |
| ✦ | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ പരിശീലനം നൽകുകയോ ചെയ്തില്ല. |
| ✦ | 13.59 ലക്ഷത്തിന്റെ മെഷിനറി തുരുമ്പെടുക്കുന്നു. |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബശ്രീ ഗ്രൂപ്പിന് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിനായി ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതിയുടെ പി.എൽ.ജി.483/07/ഡിപിസി/ഡിപിഒ./14.12.07 ഉത്തരവു പ്രകാരം 18.40 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

പ്രോജക്ട് പ്രകാരം പേപ്പർബാഗ് നിർമ്മാണ യൂണിറ്റുകൾ സംഘടിപ്പിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടം, സ്ഥലം എന്നിവ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ സൗജന്യമായി വിട്ടുനൽകുകയും, യൂണിറ്റൊന്നിൽ പട്ടിക വിഭാഗത്തിൽപ്പെട്ട 10 വനിതകൾക്ക് തൊഴിൽ അവസരം ലഭ്യമാക്കുകയും ചെയ്യേണ്ടതായിരുന്നു.

പ്രോജക്ട് നടപ്പാക്കുന്നതിനാവശ്യമായ മെഷീനറികൾ വാങ്ങുന്നതിന് 29.2.08ൽ ക്വട്ടേഷൻ ക്ഷണിക്കുകയും എൻ.എസ്.കെ. മെഷീനറി ആന്റ് ടൂൾസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും, 15.3.08-ൽ നെഗോഷ്യേഷനിലൂടെ 11.98 ലക്ഷം രൂപയ്ക്ക് കരാർ ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട് വിശദാംശം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | ഹെവി ആന്റ് സ്പെഷ്യൽ ടൈപ്പ് പേപ്പർ ബാഗ് മെഷീൻ | 730,000 |
| 2. | ട്യൂബിംഗ് അറ്റാച്ച്മെന്റ് | 300,000 |
| 3. | സിംഗിൾസ്ളിറ്റ് സ്ളിറ്റിംഗ് അറ്റാച്ച്മെന്റ് | 75,000 |
| 4. | പെഡൽ ഓപ്പറേറ്റഡ് ബാഗ്ഹോൾ പഞ്ചിംഗ് മെഷീൻ | 15,000 |
| 5. | ബാഗ്ഹോൾ സൈക്ളിറ്റിംഗ് മെഷീൻ | 60,000 |
| 6. | ഇറക്ഷൻ, കമ്മീഷനിംഗ് ആന്റ് ട്രയൽ റൺ | 18,000 |
| 7. | ട്രെയിനിംഗ് റ്റു സ്റ്റാഫ് ഫോർ 14 ഡെയ്സ് | 25,000 |
| | 1 വർഷം സർവ്വീസ് വാറന്റി | 25,000 |
| | | **12,48,000** |
| | നെഗോഷ്യേറ്റഡ് ഡിസ്കൗണ്ട് | 50,000 |
| | | **11,98,000** |
| | | ======== |

25.3.08ൽ കൂടിയ കമ്മിറ്റി തീരുമാനം 7 പ്രകാരം പ്രോജക്ട് 187/07 പേപ്പർ/തുണിബാഗ് യൂണിറ്റ് പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനി വ്യവസായകേന്ദ്രത്തിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു.

29.3.08-ൽ ഡിഡി 194082 പ്രകാരം 1359250/-രൂപ നികുതി ഉൾപ്പെടെ എൻ. എസ്.കെ.മെഷീനറി ആന്റ് ടൂൾസ്-ന് നൽകി.

നാളിതുവരെ ഈ സ്ഥാപനം പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. മെഷീനറി സ്ഥാപിച്ച് ട്രയൽറൺപോലും നടത്തുകയോ, കുടുംബശ്രീ അംഗങ്ങൾക്ക് ട്രെയിനിംഗ് നൽകുകയോ ചെയ്തിട്ടില്ല. 6.6.08-ലെ ജില്ലാ വ്യവസായകേന്ദ്രം മാനേജരുടെ കത്ത് പ്രകാരം 90 എം2 വിസ്തീർണ്ണമുള്ള (ഷെഡ് നം.2) ഒരു ഷെഡ് അക്ഷയ പേപ്പർ ബാഗ് എന്ന യൂണിറ്റ് ആരംഭിക്കുന്നതിന് അനുവദിച്ചിരിക്കുന്നതായി ഫയലിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്.

പട്ടിക വിഭാഗത്തിൽപ്പെട്ട വനിതകൾ ഉൾപ്പെടെ കുടുംബശ്രീ യൂണിറ്റുകളെ തെരഞ്ഞെടുക്കുക, യൂണിറ്റ് പ്രവർത്തിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുക, ആവശ്യമായ വൈദ്യുതിബന്ധം സ്ഥാപിക്കുക തുടങ്ങിയ പ്രാഥമികമായ കാര്യങ്ങളൊന്നും പൂർത്തിയാക്കാതെ മെഷീനറി വാങ്ങുക മാത്രമാണ് നിർവഹണോദ്യോഗസ്ഥൻ ചെയ്തിരിക്കുന്നത്. മെഷീനറി സ്ഥാപിക്കുക, ട്രെയിനിംഗ് നൽകി വനിതകളെ വ്യവസായ സംരംഭത്തിന് പ്രാപ്തരാക്കുക, യൂണിറ്റ് പ്രവർത്തനം തുടങ്ങി ഉൽപാദന മികവ് കാണിക്കുകയും അതുവഴി വരുമാനം ഉറപ്പാക്കുകയും ചെയ്യുക എന്നീ കാര്യങ്ങളൊന്നും നടപ്പിലായിട്ടില്ല.

കരാർ വ്യവസ്ഥയിലെ ഐറ്റം നം.6 പ്രകാരം 25.3.08-ന് മുൻപായി സപ്ളൈ, ഇൻസ്റ്റലേഷൻ, ട്രയൽറൺ എന്നിവ നടത്തേണ്ടതായിരുന്നു.മെഷീനറിയുടെ തൃപ്തികരമായ പ്രവർത്തനം ബോദ്ധ്യം വന്നതിനുശേഷം മാത്രമേ ഐറ്റം 5, 6, 7 പ്രകാരമുള്ള തുകകൾ നൽകേണ്ടതുള്ളു. എന്നാൽ മെഷിനറി ഇൻസ്റ്റാൾ ചെയ്യുകയോ, വൈദ്യുതിബന്ധം സ്ഥാപിക്കുകയോ, ചെയ്യുന്നതിനു മുൻപായി, ട്രയൽ റൺ ഉൾപ്പെടെ ഈ മൂന്നിനത്തിലുമുള്ള തുകകൾ നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ ഇനത്തിൽ നൽകിയ 68,000/-രൂപ(18000+25000+25000) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഈ പ്രോജക്ടിനായി നൽകിയ മുഴുവൻതുകയും(1291250/-) വിനിയോഗ സാക്ഷ്യപത്രത്തിന്റെയും, പ്രവർത്തന വിശദാംശങ്ങളുടെയും അഭാവത്തിൽ തടസ്സം ചെയ്യുന്നു.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*ശ്രീ.എൻ.പി.ചിത്തർ*
*(കുടുംബശ്രീ ജില്ലാ മിഷൻ കോ.ഓർഡിനേറ്റർ, കൊല്ലം)*
*ഫ്ളാറ്റ് നം.229, ബ്ലോക്ക് നം.110 ഇ.എം.എസ്. നഗർ,*
*പാറ്റൂർ, വഞ്ചിയൂർ പി.ഒ.*

## 5.2.8.(2). ഇംഗ്ളീഷ് ലാംഗ്വേജ് ലാബ് - പദ്ധതി നടപ്പായില്ല - 3,17,189/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

**<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09 നമ്പർ: 3(15)</u>**

| | |
|---|---|
| ✦ | *പദ്ധതി, ഭാഷാ നൈപുണ്യം ഉണ്ടാക്കുന്നതിന്.* |
| ✦ | *സ്ഥാപിച്ചത് കമ്പ്യൂട്ടർ ലാബ്.* |
| ✦ | *കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാൻ വൈദ്യുതിയില്ല.* |

ജില്ലയിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ഇംഗ്ളീഷ് ഭാഷാ വൈദഗ്ധ്യം കൂടുതൽ മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതിലക്ഷ്യം. പദ്ധതി നടത്തിപ്പിനായി 317189/-രൂപ ബിൽ നം.8/09 തീയതി 31.3.09 പ്രകാരം പിൻവലിച്ചു. പദ്ധതി നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ജില്ലയിലെ മുഴുവൻ വിദ്യാർത്ഥികളും ഇംഗ്ളീഷ് ഭാഷാ അദ്ധ്യാപകരുമാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ആ നിലയ്ക്ക് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് പദ്ധതി നടപ്പാക്കുന്നതിനു പകരം ജില്ല യുടെ വടക്കേ അതിർത്തി പ്രദേശത്തുള്ള പോരുവഴി ഗവ.ഹൈസ്ക്കൂൾ മാത്രമാണ് പദ്ധതി പ്രവർത്തന കേന്ദ്രമായി തെരഞ്ഞെടുത്തത്. ഇത് ഏത് മാനദണ്ഡം അടിസ്ഥാനമാക്കിയാണെന്ന് വ്യക്തമാകുന്നില്ല.
2. പദ്ധതി പ്രവർത്തനമായി ആകെ നടത്തിയിട്ടുള്ളത് 7 കമ്പ്യൂട്ടറുകൾ, 7 ഹെഡ്ഫോൺ 7 കംപ്യൂട്ടർ ചെയർ, 7 കമ്പ്യൂട്ടർ ടേബിൾ, 1 യു.പി.എസ് എന്നിവ വാങ്ങിയതാണ്. കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിനാവശ്യമായ വൈദ്യുതി സംവിധാനം ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുകയോ പ്രവർത്തനം തുടങ്ങുകയോ ചെയ്തില്ല.
3. കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചാൽ തന്നെ അത് ഒരു കമ്പ്യൂട്ടർ ലാബ് മാത്രമായിരിക്കും. ഭാഷാപരിശീലനം ആരാൽ, ഏത് രീതിയിൽ നൽകും എന്നൊന്നും പദ്ധതിയിൽ പരാമർശമില്ല. 7 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി സ്ഥാപിക്കുക വഴി ജില്ലയിലെ ആകമാനം വിദ്യാർത്ഥികളുടെയും ഇംഗ്ളീഷ് ഭാഷാ അദ്ധ്യാപകരുടെയും ഭാഷാ നൈപുണ്യം മെച്ചപ്പെടുന്നതെങ്ങനെയെന്ന് വ്യക്തമാകുന്നില്ല.

പരാമർശ വിഷയത്തിനുമേൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (നം.8/3.2.2010) മറുപടി ലഭ്യമാക്കിയിട്ടില്ല. അശാസ്ത്രീ യവും ഭാവനാശൂന്യവുമായ പദ്ധതികൾ ഉണ്ടാക്കി, പദ്ധതിപ്പണം പാഴാക്കുകയാണ് നിർവഹണാധികാരി ചെയ്തിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്പണം ലാഘവബുദ്ധിയോടുകൂടി കൈകാര്യംചെയ്യുന്ന രീതി ആശാസ്യമല്ല. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ 3,17,189/-രൂപയുടെ ചെലവ് ആഡിറ്റിൽ തടസ്സം ചെയ്യുന്നു. ടി തുക ഉപയോഗിച്ചു വാങ്ങിയ ഉപകരണങ്ങളെ പ്പറ്റിയും അവയുടെ നിലവിലുള്ള അവസ്ഥയെപ്പറ്റിയും വകുപ്പുതല അന്വേഷണ ത്തിന് ആഡിറ്റിൽ ശുപാർശ ചെയ്യുന്നു. (നിർവഹണാധികാരി - കൊല്ലം ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ)

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u>*
*ശ്രീ.വി.രാജേന്ദ്രൻ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം)*
*കൃഷ്ണവിഹാർ, മുളങ്കാടകം,*
*തിരുമുല്ലവാരം പി.ഒ., കൊല്ലം-691012*

## 5.2.8.(3). ട്രാക്ടറുണ്ടായിട്ടും പൂട്ടുകൂലി നൽകി

**ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09 നമ്പർ: 3(25)**

സമഗ്ര നെൽകൃഷി വികസനം എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട നെടിയപാടം പാടശേഖര സമിതിയ്ക്ക് നെൽ വിത്ത്, വളം, കീടനാശിനി, പൂട്ടുകൂലി എന്നീ ഇനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. 32 ഹെക്ടർ കൃഷിഭൂമിയിലാണ് നെൽകൃഷി നടത്തിയിട്ടുള്ളത്. 32 ഹെക്ടർ പൂട്ടിയ ഇനത്തിൽ ആകെ പൂട്ടുകൂലി 1,20,240/-രൂപയിൽ ഗുണഭോക്തൃ വിഹിതം കിഴിച്ച് 60,000/-രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്. ഡിഡി.നം.401016/6.4.09 പ്രകാരം 50,000/-രൂപയും, ഡി.ഡി.നം.403613/23.4.09 പ്രകാരം 10,000/-രൂപയും ഈ ആവശ്യ ത്തിലേയ്ക്കായി ശൂരനാട് വടക്ക് കൃഷിആഫീസർക്ക് കൈമാറിയിട്ടുള്ളതാണ്.

2007-08ലെ ജനകീയാസൂത്രണത്തിലെ പ്രോജക്ട് നം.616/08, 142/08 എന്നിവ പ്രകാരം നെടിയപാടം പാടശേഖര സമിതിയ്ക്ക് ട്രാക്ടർ വാങ്ങി നൽകിയിട്ടുണ്ട്. ട്രാക്ടർ സ്വന്തമായി ഉള്ള പാടശേഖര സമിതിയ്ക്ക് വീണ്ടും പൂട്ടുകൂലി നൽകിയത് ആഡിറ്റിൽ അംഗീകരിക്കുന്നില്ല. ആകയാൽ പൂട്ടുകൂലി ഇനത്തിൽ സബ്സിഡി യായി നൽകിയ 60,000/-രൂപ ആഡിറ്റിൽ നിരാകരിക്കുന്നു.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ:</u>*
*ശ്രീമതി.ജീനാ ജോൺ (കൃഷി ഡെപ്യൂട്ടി ഡയറക്ടർ,*
*പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കാര്യാലയം, കൊല്ലം)*
*അറപ്പുരയിൽ, ഐസക് നഗർ-15, പുലമൺ പി.ഓ, കൊട്ടാരക്കര*

## 5.2.9. കൊല്ലം കോർപ്പറേഷൻ

## 5.2.9.(1). അക്ഷയ ഊർജ്ജ ഉൽപാദനവും നിർവ്വഹണവും - 20,10,000/- രൂപ അനെർട്ടിന് നൽകി - പദ്ധതി നടപ്പിലായില്ല

**ഓഡിറ്റ് റിപ്പോർട്ട് വർഷം: 2009-10, ഖണ്ഡിക നമ്പർ: 3-8**

| | |
|---|---|
| ✦ | *20.1 ലക്ഷം മുൻകൂർ നൽകി 3 വർഷം കഴിഞ്ഞിട്ടും പദ്ധതി നടപ്പിലായില്ല.* |
| ✦ | *പദ്ധതിയുടെ ആദ്യഘട്ടമായ ഊർജ്ജാസൂത്രണ റിപ്പോർട്ട് തയ്യാറാക്കൽ, വിവരശേഖരണം, പവർലൈൻ മാപ്പിംഗ് എന്നിവയ്ക്ക് നൽകിയത് 10.1 ലക്ഷം* |
| ✦ | *രണ്ടാം ഘട്ടമായി ഉപകരണങ്ങൾ വാങ്ങാൻ 10 ലക്ഷം രൂപ നൽകിയെങ്കിലും ഏത് ഉപകരണങ്ങളാണ് വാങ്ങേണ്ടത് എന്ന് പ്രോജക്ടിൽ പറഞ്ഞിരുന്നില്ല.* |

കൊല്ലം നഗരസഭയുടെ 11.03.2008-ലെ 46-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അനുമതി നൽകിയ "കോർപ്പറേഷൻതല ഊർജ്ജാസൂത്രണവും പൈലറ്റ് അക്ഷയ ഊർജ്ജ ഉൽപ്പാദനവും"എന്ന പ്രോജക്ടിന് (പ്രോജക്ട് നമ്പർ 805/07-08) 15.03.08-ലെ ജില്ലാ ആസൂത്രണ സമിതിയുടെ 483/2007/DPO/DPC നമ്പർ തീരുമാന പ്രകാരം അംഗീകാരം ലഭിച്ചു. എന്നാൽ 09.04.2008-ൽ 20,10,000/-രൂപ ചെക്ക് നം.195567 തീയതി: 09.04.08 പ്രകാരം അനെർട്ടിന് നൽകിയിട്ടും നാളിതുവരെ പദ്ധതി നടപ്പിലാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2008 മാർച്ച് 29-ാം തീയതി അനെർട്ട് ഡയറക്ടറും കോർപ്പറേഷൻ സെക്രട്ടറിയും ഒപ്പിട്ട ഉടമ്പടി പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ 01.04.2008-ൽ തുടങ്ങേണ്ടതും 30.06.2009-നകം പൂർത്തിയാക്കേണ്ടതുമായിരുന്നു. അംഗീകൃത പദ്ധതി പ്രകാരം 10,10,000/-രൂപാ ഒന്നാം വർഷത്തേക്കും 10,00,000/-രൂപാ രണ്ടാം വർഷത്തേക്കുമാണ് വകയിരുത്തിയിരുന്നത്. എന്നാൽ ഒറ്റ ഗഡുവായി 20,10,000/-രൂപ 09.04.2008-ൽ അനെർട്ടിന് നൽകി. ഇത് ക്രമ വിരുദ്ധമായ നടപടിയാണ്.

2. ഊർജ്ജാസൂത്രണ റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്കായി വിവരശേഖരണം, പവർലൈൻ മാപ്പിംഗ് എന്നിവ നടത്തുന്നതിനു വേണ്ടിയാണ് ആദ്യവർഷം 10,10,000/-രൂപ വകയിരുത്തിയിരുന്നത്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനവും നടന്നതിന് ഫയലിൽ രേഖകൾ ഇല്ല.

3. രണ്ടാം ഗഡുവായ 10 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങാനാണ് വകയിരുത്തിയിരുന്നത്. ഏതെല്ലാം ഉപകരണങ്ങളാണ് വാങ്ങി സ്ഥാപിക്കാൻ ഉദ്ദേശിച്ചത് എന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ലെന്ന് ജില്ലാ ഊർജ്ജ സുരക്ഷാ മിഷന്റെ കോ-ഓർഡിനേറ്ററുടെ കത്തിൽ സൂചിപ്പിക്കുന്നു. ഇത് പ്രോജക്റ്റിന്റെ പോരായ്മയായി കണക്കാക്കാവുന്നതാണ്. ഈ കത്തിന് സെക്രട്ടറി നൽകിയ മറുപടിയിൽ ഗ്രൂപ്പ് ഉപഭോക്താക്കൾക്ക് വേണ്ടി സൗരവിളക്കുകളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കിട്ടുണ്ട്. എന്നാൽ സെക്രട്ടറി അനെർട്ടിന് അയച്ച കത്തിൽ സൂചിപ്പിച്ചിരിക്കുന്നത് ലൈറ്റുകൾ കോർപ്പറേഷൻ ഓഫീസിലും ടൗൺ ഹാളിലും മറ്റും സ്ഥാപിക്കാനാണ്. എന്നാൽ അനർട്ട് ഇതുവരെ ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല.

01.04.2008-ൽ തുടങ്ങി 30.06.2009-ൽ തീരേണ്ട പ്രോജക്ടിന്റെ ഒരു പ്രവർത്തവും നടന്നിട്ടില്ല എന്ന് 04.01.2011-ൽ സെക്രട്ടറി അനെർട്ട് ഡയറക്ടർക്ക് അയച്ച ഓർമ്മക്കുറിപ്പിൽ നിന്നും വ്യക്തമാണ്. ആയതിനാൽ ഈയിനത്തിൽ അനെർട്ടിന് നൽകിയ 20,10,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതിന്മേൽ ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ പതിയേണ്ടതും മേൽ നടപടികളെടുത്ത് ടി തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ:</u>*
*ശ്രീമതി.എ.കെ.ശശികല (കോർപ്പറേഷൻ സെക്രട്ടറി)*
*ആചാരി പറമ്പ്, റെയിൽവേ സ്റ്റേഷൻ കട്ട് റോഡ്, ചെങ്ങന്നൂർ.*
*(കല, 11/505, ശ്രീകാര്യം പഞ്ചായത്ത്,*
*പാങ്ങപ്പാറ പി.ഒ., തിരുവനന്തപുരം.)*

## 5.2.9.(2). നഗര ശുചീകരണത്തിന് വാങ്ങിയ സാധനങ്ങൾ ഉപയോഗിച്ചില്ല

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2009-10, ഖണ്ഡിക നമ്പർ: 3-50</u>***

| | |
|---|---|
| ✦ | *20000 ഡസ്റ്റ്ബിന്നുകൾ വാങ്ങി. ഉപയോഗിച്ചത് 700 എണ്ണം മാത്രം.* |
| ✦ | *250 ലിറ്റർ കീടനാശിനി വാങ്ങി. ഉപയോഗിച്ചത് 40 ലിറ്റർ.* |
| ✦ | *ശേഷിച്ച കീടനാശിനി ഉപയോഗശൂന്യമായി.* |
| ✦ | *1.62 ലക്ഷത്തിന്റെ ഫോഗിംഗ് മെഷീനുകൾ നാളിതുവരെ ഉപയോഗിച്ചില്ല.* |

2009-10 വർഷം നഗരസഭാ സെക്രട്ടറി നിർവ്വഹണം നടത്തിയ സമ്പൂർണ്ണ ശുചിത്വ നഗരപദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്ന് 75,63,000/-രൂപയും തനത് ഫണ്ടിൽ നിന്ന് 34,59,400/-രൂപയുമുൾപ്പെടെ 1,10,22,400/-രൂപ വകയിരുത്തി. പദ്ധതിയുടെ ഭാഗമായി നഗരത്തിലെ ബി.പി.എൽ. കുടുംബങ്ങളിൽ നിന്ന് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് മൂടിയുള്ളതും, മൂടിയില്ലാത്തതുമായ 20000 ഡസ്റ്റ്ബിന്നുകൾ 24,30,000/-രൂപ ചെലവഴിച്ചു (ചെക്ക് നം.401841/ 08.04.09) വാങ്ങിയതിൽ നാളിതുവരെ 700 എണ്ണം മാത്രമാണ് വിതരണം ചെയ്തത്. അവശേഷിക്കുന്ന ഡസ്റ്റ് ബിന്നുകൾ 19300 എണ്ണം മുണ്ടയ്ക്കലിലെ സ്റ്റോറിൽ സൂക്ഷിച്ചിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. എന്നാൽ എണ്ണിതിട്ട പ്പെടുത്താൻ സാധ്യമല്ലാത്ത തരത്തിലാണ് സൂക്ഷിച്ചിരിക്കുന്നത്. ന്യൂവാൻ കീടനാശിനി 20.04.09-ൽ 250 ലിറ്റർ സ്റ്റോക്കിൽ എടുത്തതിൽ 40 ലിറ്റർ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. കാലപ്പഴക്കംകൊണ്ട് കീടനാശിനികൾ ഉപയോഗശൂന്യ മായിരിക്കാനിടയുണ്ട്. 1,62,600/-രൂപ ചെലവഴിച്ച് രണ്ട് ഫോഗിംഗ് മെഷീനുകൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ഉപയോഗിച്ചിട്ടില്ല. ഇതിൽനിന്ന് ആവശ്യ കത വിലയിരുത്തിയല്ല സാധനങ്ങൾ വാങ്ങിയതെന്ന് വ്യക്തമാകുന്നു. നഗരശുചീ കരണം പോലുള്ള പദ്ധതികൾ അടിയന്തിര പ്രാധാന്യത്തോടുകൂടി നടപ്പിലാക്കു ന്നതിന് പകരം ആവശ്യത്തിലധികം സാധനങ്ങൾ വാങ്ങി പാഴ്ചെലവ് വരുത്തുക യാണുണ്ടായത്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*വി.കെ.പ്രതാപ ചന്ദ്രൻ (സെക്രട്ടറി),*
*ഹരിചന്ദനം, മെയ് ഫെയർ ലെയ്ൻ,*
*ബാനർജി റോഡ്, കൊച്ചി-18, എറണാകുളം.*

## <u>ആലപ്പുഴ ജില്ല</u>

## 5.2.10. പട്ടണക്കാട് ഗ്രാമപഞ്ചായത്ത്

### 5.2.10.(1). വ്യാജ ഡ്രൈവിംഗ് ലൈസൻസ് നൽകി പദ്ധതിപണം കൈപ്പറ്റി

**<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06 ഖണ്ഡിക നമ്പർ: 3(7)</u>**

| | |
|---|---|
| ✦ | ***ഡ്രൈവിംഗ് സ്കൂൾ ഉടമ പഞ്ചായത്തിൽ ഹാജരാക്കിയ 20 ലൈസൻസുകളും ആർ.ടി.ഒ.യുടെ സാക്ഷ്യപത്രം*** |
| ✦ | ***ഡ്രൈവിംഗ് പരിശീലന സ്ഥാപനത്തെ തെരഞ്ഞെടുത്തതിന് രേഖയില്ല.*** |

ഡ്രൈവിംഗ് പരിശീലനത്തിന് കരാർ ഏറ്റെടുത്ത സ്ഥാപനം ഗുണഭോക്താ ക്കളുടെ പേരിൽ വ്യാജ ഡ്രൈവിംഗ് ലൈസൻസ് ചമച്ച് പദ്ധതിപണം കൈപ്പറ്റിയ തായി കണ്ടെത്തി.

2005-06 വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടാണ്. പട്ടികജാതി യുവതീയുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി ലൈസൻസ് നേടികൊടുക്കുന്ന ഈ പദ്ധതിയുടെ നടത്തി പ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

*പദ്ധതിയുടെ ഗുണഭോക്താക്കളായ -*

(1). വി.ജെ ഹരികുമാർ, വിയാത്ര കോളനി, അന്ധകാരനഴി പി.ഒ,
(2) ബിജു കെ.എസ്. , കൈതത്തറ, പട്ടണക്കാട് പി.ഒ,
(3) ജയേഷ് പി.എസ്. പരുത്തികാട്ടുവെളി, പട്ടണക്കാട് പി.ഒ
(4) ജയേഷ് സി.എസ്. ചിറയിൽ, പട്ടണക്കാട് പി.ഒ
(5) ജ്യോതിഷ്കുമാർ പി.എ , പനയ്ക്കാം തോടത്ത്, പട്ടണക്കാട് പി.ഒ
(6) പ്രസാദ്. കെ വാണിയത്തു ലക്ഷം വീട്
(7) ഹരീഷ് എൻ.എച്ച്, നിവർത്തിൽ , പട്ടണക്കാട് പി.ഒ (7 പേർ)

*എന്നിവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരല്ല.*

ഡ്രൈവിംഗ് പരിശീലനത്തിനായി ക്വട്ടേഷൻ ക്ഷണിച്ചതു സംബന്ധിച്ച ഒരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. 23.11.05-ൽ മനക്കോടം ഫ്രണ്ട്സ് മോട്ടോർ ഡ്രൈവിംഗ് സ്കൂൾ പ്രൊപ്രൈറ്റർ ശ്രീ.എ.എക്സ് ആന്റണിയുമായി ഡ്രൈവിംഗ് പരിശീലനത്തിന് ആളൊന്നിനു 2500/-രൂപ പ്രകാരം സമ്മതിച്ച് പഞ്ചായത്തുമായി കരാർ വെച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം കുറഞ്ഞ ക്വട്ടേഷൻ വെയ്ക്കുന്ന സ്കൂളുകളിൽ ഗുണഭോക്ത്താക്കളെ പരിശീലനത്തിനു വിടുമെന്നും പഠനം പൂർത്തിയാക്കി ലൈസൻസ് നൽകുന്ന മുറയ്ക്ക് ഡ്രൈവിംഗ് സ്കൂളുകൾക്ക് പണം നൽകുമെന്നും വ്യവസ്ഥയുണ്ട്. ഇതിൽനിന്നും വ്യത്യസ്തമായി ലേണേഴ്സ് ലൈസൻസ് എടുത്തുനൽകുമ്പോൾ പ്രോജക്ടിൽ പറയുന്ന തുകയുടെ 25% തുകയിൽ അധികരിക്കാത്ത തുക ആവശ്യപ്പെടുന്ന പക്ഷം അഡ്വാൻസായി നൽകുന്നതും ബാക്കി തുക ഡ്രൈവിംഗ് പഠിപ്പിച്ച് ലൈസൻസ് എടുത്തുനൽകി ആയതിന്റെ പകർപ്പ് പഞ്ചായത്തിൽ ഹാജരാക്കുന്ന മുറയ്ക്ക് പഞ്ചായത്തിൽ നിന്നും നൽകുന്നതാണെന്നും കരാർവെച്ചത് അംഗീകൃത പ്രോജക്ട് നിർദ്ദേശത്തിനു വിരുദ്ധമാണ്.

ഈ പ്രോജക്ടിനു 17.3.06ൽ അഡ്വാൻസായി 12,000/-രൂപയും (ഡി.ഡി.നം. 76582/17.3.06) 29.3.06ൽ ഗുണഭോക്തൃ വിഹിതമായി 6000/-രൂപയും (വൗച്ചർ നം: 60/3-06) ശ്രീ.എ.എക്സ്. ആന്റണിയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ് പഞ്ചായത്തിൽ ഹാജരാക്കിയ മുറയ്ക്ക് ബാക്കിതുക 32,000/-രൂപ (ഡി.ഡി.നം:478690/13.4.06) കൂടി നൽകിയിട്ടുണ്ട്. എന്നാൽ ലൈസൻസ് പകർപ്പുകൾ വ്യാജമാണെന്ന് പ്രാഥമിക പരിശോധനയിൽ സംശയിക്കത്തക്ക നിലയിലാണ് ഹാജരാക്കിയിട്ടുള്ളത്. ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ ഇവയാണ്.

(1) ശ്രീ.പ്രസാദ്.കെ.യുടെ പേരിലുള്ള എ.സി.എൽ 42248/06-നംപർ ലൈസൻസിന്റെ അഡ്രസിൽ വീട്ടുപേര് ഒഴികെ മറ്റൊന്നും രേഖപ്പെടുത്തിയിട്ടില്ല.
(2) ഒരേ ദിവസം നൽകിയിട്ടുള്ള ലൈസൻസുകൾക്ക് ക്രമം തെറ്റിച്ച് നമ്പർ നൽകിയിരിക്കുന്നു.
(3) യഥാർത്ഥ ഗുണഭോക്താവിനു നൽകാതെ ടി ഗുണഭോക്താവ് ഉൾപ്പെടുന്ന റേഷൻകാർഡിലെ മറ്റ് അംഗത്തിന് പലിശീലനം നൽകിയിരിക്കുന്നു. ശരിയായ പരിശോധനകൂടാതെ പദ്ധതിപ്പണം കരാറുകാരന് അനുവദിച്ചു നൽകിയ നടപടി ധനദുർവ്യയമായി ഓഡിറ്റിൽ കാണുന്നു. തുടർന്നു നടത്തിയ അന്വേഷണത്തിൽ ചേർത്തല ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ 19.8.08ലെ എൽ/1837/08-ാം നമ്പർ കത്തു പ്രകാരം 20 ഡ്രൈവിംഗ് ലൈസൻസുകളുംവ്യാജമാണെന്നു പ്രഖ്യാപിച്ചിട്ടുണ്ട്.

ഈ പദ്ധതിയിലെ ഗുണഭോക്താവായ ശ്രീ.ആർ.രാജേഷ് 26.3.07-ൽ മുഖ്യ മന്ത്രിക്ക് നൽകിയ പരാതിയിൽ ഡ്രൈവിംഗ് സ്കൂൾ അധികാരികൾ ഗുണഭോക്താക്കളിൽനിന്നും അധികതുക വാങ്ങിയെന്നും നാളിതുവരെ യഥാക്രമം ക്ലാസ് നടത്തുകയോ ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ലായെന്നും പരാമർശിച്ചിട്ടുണ്ട്. ഡ്രൈവിംഗ് ലൈസൻസുകൾ വ്യാജമായി ചമച്ച് പദ്ധതിപ്പണം ദുർവിനിയോഗം ചെയ്ത നടപടി അത്യന്തം ഗൗരവമായി വീക്ഷിക്കപ്പെടേണ്ടതാണ്. ഈ ക്രമക്കേടുകൾക്ക് ഉത്തരവാദിയായവർക്കെതിരെ വകുപ്പ്തല നടപടി സ്വീകരിക്കേണ്ടതും വ്യാജ ലൈസൻസ് ചമച്ചവർക്കെതിരെ സമഗ്രമായ അന്വേഷണം നടത്തി ക്രിമിനൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

ഗുണഭോക്താക്കൾക്ക് നൽകിയ 20 ലൈസൻസുകളും വ്യാജമാണെന്നു ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഡ്രൈവിംഗ് പരിശീലന സ്ഥാപന ഉടമ ശ്രീ.എ.എക്സ്.ആന്റണിക്ക് കൊടുത്ത 50,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വ്യാജ ലൈസൻസ് രേഖകളുടെ അടിസ്ഥാനത്തിൽ തുക ചെലവഴിച്ച നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് 50,000/-രൂപ ഈടാക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*

*ശ്രീ.റ്റി.കെ.മോഹനൻ, സെക്രട്ടറി (വിരമിച്ചു)*
*കോയിപ്പള്ളിൽ വീട്, പുതിയവിള.പി.ഒ, പത്തിയൂർ -690531*

## 5.2.11. കൈനകരി ഗ്രാമപഞ്ചായത്ത്

### 5.2.11.(1). അംഗൻവാടികളിലൂടെ സാരസ്വതാരിഷ്ട വിതരണം - ക്രമവിരുദ്ധം

**<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3(11)</u>**

ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളിലെ 380 ഓളം വരുന്ന പ്രീ-സ്ക്കൂൾ കുട്ടികളുടെ ആരോഗ്യ സംരക്ഷണവും, ബുദ്ധിവികാസവും ലക്ഷ്യമാക്കി ആയുർവ്വേദ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതിയാണിത്.

പദ്ധതി നിർവ്വഹണത്തിൽ ഔഷധിയിൽ നിന്നും 28-03-06ൽ സാരസ്വതാരിഷ്ടം (ഗോൾഡ്) 10 മി.ലി.ന്റെ 3574 ബോട്ടിൽ 1,70,980/-രൂപയ്ക്ക് വാങ്ങി വിതരണം നടത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാനാണ് സർക്കാർ നിർദ്ദേശം എന്നിരിക്കെ ഇത്തരത്തിലൊരു പദ്ധതി തയ്യാറാക്കിയത് ക്രമവിരുദ്ധമാണ്.

അംഗൻവാടി കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായി സാമൂഹ്യക്ഷേമ വകുപ്പിന്റെ നിർദ്ദേശാനുസരണം കൃത്യമായി തയ്യാറാക്കിയ ചാർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ ദിവസവും കുട്ടികൾക്ക് അംഗൻവാടികളിലൂടെ പോഷകാഹാരം തയ്യാറാക്കി നൽകുന്നുണ്ട്. കൂടാതെ സർക്കാർ നിർദ്ദേശ പ്രകാരം അധിക പോഷണത്തിനായി അമൃതം ഫുഡ് സപ്ലിമെന്റും നൽകുന്നുണ്ട്. ഇതിനുപുറമേ പി.എച്ച്.സി.വഴി പ്രീ സ്കൂൾ കുട്ടികൾക്ക് വൈറ്റമിൻ തുള്ളിമരുന്നുകളും വിതരണം ചെയ്യുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഇത്തരത്തിലൊരു പദ്ധതിയ്ക്കായി തുക

ചെലവഴിച്ചത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് കാണുന്നു. ആയതിനാൽ ഈ ചെലവിന് സർക്കാറിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

വാങ്ങിയ അരിഷ്ടം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി കൃത്യമായ വിതരണ വിവരം തയ്യാറാക്കിയിട്ടില്ല. അരിഷ്ടം കുട്ടികൾക്ക് നൽകേണ്ട അളവ്, കാലദൈർഘ്യം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വാങ്ങിയ അരിഷ്ടം എത്ര ഘട്ടമായി വിതരണം ചെയ്തുവെന്നും രേഖപ്പെടുത്തിയിട്ടില്ല. വിതരണത്തിനായി അംഗൻവാടി വർക്കർമാർ 11 ഘട്ടങ്ങളിൽ മരുന്നു കൈപ്പറ്റിയതായി വെള്ളപേപ്പറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചില സെന്ററുകളിൽ 13, 14 ഘട്ടങ്ങളായി മരുന്നു കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ വിതരണ വിവരം കൂട്ടിയെഴുതിയിട്ടില്ല. നൽകിയ മരുന്നിന്റെ അളവും, കൈപ്പറ്റിയ കുട്ടികളുടെ എണ്ണവും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വിതരണ വിവരം പൂർണ്ണമല്ല.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*

*ശ്രീ.എസ്.രാജേഷ് (ആയൂർവേദ മെഡിക്കൽ ഓഫീസർ)*

*'രാജീവം', പഴവങ്ങാടി, ആലപ്പുഴ.*

## 5.2.12. ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്

### 5.2.12.(1) പേപ്പർ ബാഗ് നിർമ്മാണം– ഒരേ പരിശീലനത്തിന് രണ്ട് നിരക്ക്

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-38</u>***

പഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റുകളിൽപ്പെട്ട 20 പട്ടികജാതി വനിതകൾക്ക് 30 ദിവസം (ദിവസം 8 മണിക്കൂർ) പേപ്പർ ബാഗ് നിർമ്മാണത്തിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ 1ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി. (നം.55/08). ട്രെയിനിംഗിനും ടെൻഡർ ചെലവുകൾക്കുമായി 25,000/- രൂപയും അസംസ്കൃത വസ്തുക്കൾക്കായി 75,000/-രൂപയും ഉൾപ്പെടെയാണ് 1 ലക്ഷം രൂപ വികസന ഫണ്ടിൽ വകയിരുത്തിയത്. ഇതിലേക്കായി ക്വട്ടേഷൻ ക്ഷണിച്ചു. റ്റി.യേശുദാസ്, തയ്യിശ്ശേരിൽ ഏജൻസീസ്, പ്രയാർ വടക്ക് എന്നയാളിന്റെ 1 ലക്ഷം രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ചതായാണ് രേഖ. ടിയാൻ തീയതി ഇടാതെ എഴുതി നൽകിയ എഗ്രിമെന്റിൽ, 20 പേർക്ക് 2008 മാർച്ചിൽ ആരംഭിച്ച് ഏപ്രിൽ വരെ നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിയിൽ 16-ൽപരം തരത്തിലുള്ള കവറുകളുടെ നിർമ്മാണ പരിശീലനവും അസംസ്കൃത വസ്തുക്കൾ ഉൾപ്പെടെ പരിശീലനാർഥികൾക്കുള്ള ഭക്ഷണവും ലഭ്യമാക്കാം എന്ന് സമ്മതിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി 1 ലക്ഷം രൂപ 469961/09.04.08 നമ്പർ ഡി.ഡി പ്രകാരം ശ്രീ.യേശുദാസിന് സെക്രട്ടറി നൽകി.

ഇതോടൊപ്പം പഞ്ചായത്തിലെ ജനറൽ വിഭാഗത്തിൽപെട്ട 20 കുടുംബശ്രീ വനിതകൾക്ക് പേപ്പർബാഗ് നിർമ്മാണ പരിശീലനത്തിനായി തനതു ഫണ്ടിനത്തിൽ 50,000/-രൂപ വകയിരുത്തി മറ്റൊരു പ്രോജക്ടും തൻവർഷം തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നു. (നം.12/08) ട്രെയിനിംഗിന് 10,000/-രൂപയും അസംസ്കൃത വസ്തുക്കൾക്കായി 40,000/-രൂപയും ഉൾപ്പെടെയാണ് 50,000/-രൂപ ഈ പ്രോജക്ടിൽ വകയിരുത്തിയിരുന്നത്. ഇതിലേക്കായി റ്റി.യേശുദാസ്, തയ്യിശ്ശേരിൽ ഏജൻസീസ്,

പ്രയാർ എന്ന വ്യക്തിയുടെ 50,000/-രൂപയുടെ ടെൻഡർ അംഗീകരിക്കുകയും കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. 26.03.04-ൽ വാങ്ങിയ മുദ്രപത്രത്തിൽ വച്ച കരാറിൽ (എഗ്രിമെന്റ് നമ്പരും തീയതിയും രേഖപ്പെടുത്തിയിട്ടില്ല) 20 പേർക്ക് 30 ദിവസം നീണ്ടുനിൽക്കുന്ന മുഴുദിന പരിശീലന പരിപാടിയിൽ 16-ൽ പരം കവറുകളുടെ നിർമ്മാണപരിശീലനവും അസംസ്കൃത വസ്തുക്കൾ ഉൾപ്പെടെ പരിശീലനാർഥി കൾക്കുള്ള ഭക്ഷണവും ലഭ്യമാക്കാം എന്ന് ടിയാൻ സമ്മതിച്ചിട്ടുണ്ട്. ഈ ഇന ത്തിൽ 50,000/-രൂപ 004690/29.05.08 നമ്പർ ചെക്ക് പ്രകാരം ശ്രീ.യേശുദാസിന് സെക്രട്ടറി പിൻവലിച്ചു നൽകിയിട്ടുണ്ട്. ഈ പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

***(എ)***ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകളും ലഭിച്ച ക്വട്ടേഷനുകളും രേഖാമൂലം ആവശ്യപ്പെട്ടിട്ടും ഓഡിറ്റിൽ ഹാജരാക്കിയില്ല.

***(ബി)*** ജനറൽ പട്ടികജാതി വിഭാഗത്തിൽപെട്ട 20 പേർക്കു വീതം ഒരേ വിഷയ ത്തിൽ ഒരേ കാലയളവിലാണ് പരിശീലനം നൽകിയത് (23.02.08 മുതൽ 25.03.08 വരെ). രണ്ടു വിഭാഗത്തിൽപ്പെട്ടവരുടെയും പരിശീലന ചുമതല ഏറ്റെടുത്ത വ്യക്തി ഒരാളാണ്. പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കായി വാങ്ങിയ അസംസ്കൃത സാധനങ്ങൾക്കൊപ്പം രണ്ട് പ്രിന്റിംഗ് മെഷീനുകൾ വാങ്ങിയിട്ടുള്ള തൊഴിച്ചാൽ (8000/-രൂപ) രണ്ടു പരിശീലന പരിപാടികൾക്കുമായി വാങ്ങിയ അസംസ്കൃത വസ്തുക്കളും സമാനമാണ്. ഇതിലേക്കായി കരാറുകാരൻ ഹാജരാക്കിയ ചെലവു വൗച്ചറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കുള്ള പരിശീലനം | ജനറൽ വിഭാഗം ഗുണഭോക്താക്കൾക്കുള്ള പരിശീലനം |
|---|---|---|---|
| 1 | അസംസ്കൃത വസ്തുക്കൾ | 42,630 (ബിൽ.നം.57/26.03.08) | 16,060 (ബിൽ നം.56/26.03.08) |
| 2 | ഫാക്കൽറ്റി ഫീസ് | 33,000 | 18,000 |
| 3 | ലഘുഭക്ഷണം, ചായ, ഊണ് | 24,670 | 16,300 |
| **ആകെ** | | **1,00,300** | **50,360** |

ഇതിൽനിന്നും സമാനരീതിയിൽ ഉള്ളതും, ഒരേ വ്യക്തിതന്നെ നടത്തിയ തുമായ ഈ പരിശീലന പദ്ധതികൾക്കായി വിഭിന്നമായ തുകയാണ് കരാറുകാരൻ ഈടാക്കിയതെന്ന് വ്യക്തമാണ്. ഒരേ ഇനം പേപ്പർ ബാഗുകളുടെ നിർമ്മാണ പരിശീലനത്തിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട 20 ഗുണഭോക്താക്കൾക്കായി 1 ലക്ഷം രൂപ പിൻവലിച്ചപ്പോൾ, ജനറൽ വിഭാഗത്തിൽപ്പെട്ട 20 പേർക്കായി 50,000/-രൂപ മാത്രമാണ് നൽകിയത്. ജനറൽ വിഭാഗം പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തുകയോ, ആയത് ഈടാക്കുകയോ ചെയ്തിട്ടില്ല. ഇതിൽ നിന്നും യാതൊരു തത്വദീക്ഷയുമില്ലാതെ പദ്ധതിപ്പണം പ്രോജക്ടിൽ വകയിരുത്തി എന്ന കാരണത്താൽ മാത്രം പിൻവലിക്കുകയാണുണ്ടായതെന്ന് വ്യക്തമാണ്. ഇപ്രകാരം യുക്തിസഹമല്ലാത്ത പ്രോജക്ട് തയ്യാറാക്കി പദ്ധതിപ്പണം പിൻവലിക്കുക വഴി 50,000/-രൂപയുടെ അധിക ചെലവാണ് ഉണ്ടായത്. ഇത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുമുള്ള കുറ്റകരമായ അനാസ്ഥയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ ഈ വിഷയത്തിലേക്ക് ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. പട്ടികജാതി വിഭാഗം ഗുണഭോക്താക്കളുടെ പരിശീലനത്തിനായി വാങ്ങിയ

മെഷീനുകളുടെ വിലയിനത്തിലുള്ള 8,000/-രൂപ കിഴിച്ച് ഈ പ്രോജക്ടിനായി (ജനറൽ പ്രോജക്ടിൽനിന്നും വിഭിന്നമായി) അധികം ചെലവഴിച്ച 42,000/-രൂപ പദ്ധതി അംഗീകരിച്ച പഞ്ചായത്തു കമ്മിറ്റി അംഗങ്ങൾ, പഞ്ചായത്തു സെക്രട്ടറി എന്നിവരിൽനിന്നും തുല്യമായി ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

***സി)*** ലഭ്യമാക്കിയ രേഖകൾ പ്രകാരം (ഹാജർ സ്റ്റേറ്റുമെന്റ് ഉൾപ്പെടെ) പരിശീലന പരിപാടികൾ നടന്നിട്ടുള്ളത് 23.02.08 മുതൽ 25.03.08 വരെയാണ്. ഇതേ കാലയളവിൽതന്നെ ഫാഷൻ ടെക്നോളജി പരിശീലനം, ലതർ പ്രോഡക്ട് പരിശീലനം എന്നിവയും പഞ്ചായത്തിൽ നടന്നിട്ടുണ്ട്. ഈ പരിശീലന പരിപാടികളെല്ലാം ദിവസം 8 മണിക്കൂർവെച്ച് മുഴുദിന പരിശീലന പരിപാടിയായാണ് നടത്തിയതെന്നാണ് രേഖ. പേപ്പർബാഗ് നിർമ്മാണ പരിശീലനത്തിൽ (പട്ടിക ജാതി) പങ്കെടുത്തതായി കാണിച്ചിട്ടുള്ള താഴെപറയുന്ന വ്യക്തികൾ ഇതേ കാലയളവിൽ തന്നെ മറ്റു ട്രെയിനിംഗ് പരിപാടികളിലും പങ്കെടുത്തതായി കാണിച്ച് തുക പിൻവലിച്ചിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കുടുംബശ്രീ യൂണിറ്റിന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | മീരാ എസ്.ആനന്ദ്, ആനന്ദ ഭവനം, കണ്ണമംഗലം വടക്ക്, ചെട്ടികുളങ്ങര.പി.ഒ | ഹരിശ്രീ, കുടുംബശ്രീ വാർഡ്-17 | ഫാഷൻ ഡിസൈനിംഗ് പരിശീലന പരിപാടിയിലേക്കും ഗുണഭോക്താവായി കാണിച്ച് തുക മാറിയിട്ടുണ്ട്. ഫോട്ടോയുൾപ്പെടെ ടിയാളുടേതായുള്ള അനുബന്ധ രേഖകൾ എല്ലാം രണ്ടു ഫയലിലും ഒന്നുതന്നെയാണ്. |
| 2 | ഭാരതി, കയ്യാമ്പള്ളി കിഴക്കതിൽ, (പേള.പി.ഒ) | സൗപർണ്ണിക വാർഡ്-20 | ഫാഷൻ ഡിസൈനിംഗ് പരിശീലന പരിപാടിയിലേക്കും ഗുണഭോക്താവായി കാണിച്ച് തുക മാറിയിട്ടുണ്ട്. ഫോട്ടോയുൾപ്പെടെ ടിയാളുടേതായുള്ള അനുബന്ധ രേഖകൾ എല്ലാം രണ്ടു ഫയലിലും ഒന്നുതന്നെയാണ്. |
| 3 | രമ, പന്നയിൽ തറയിൽ, കൈതവടക്ക്, ചെട്ടികുളങ്ങര | പരാശക്തി വാർഡ്-18 | ഇതേ കാലയളവിൽ നടന്ന ലെതർ പ്രോഡക്ട് നിർമ്മാണ പരിശീലനത്തിലേയും ഗുണഭോക്താവായി കാണിച്ച് തുക മാറിയിട്ടുണ്ട്. രണ്ട് ഫയലിനോടൊപ്പമുള്ള അനുബന്ധ രേഖകൾ ഒന്നുതന്നെയാണ്. |

ഇപ്രകാരം ഒരേ കാലയളവിൽ ദിവസം 8 മണിക്കൂർ വച്ച് നടത്തിയതായി പറയുന്ന പരിശീലന പരിപാടികളിൽ ഒരേ വ്യക്തികളുടെ പേരുവിവരം ഉൾപ്പെടുത്തി തുക പിൻവലിച്ചു നൽകിയതിൽ നിന്നും, വ്യാജ രേഖകൾ ചമച്ച് പദ്ധതി തുക ചെലവഴിക്കുകയാണുണ്ടായതെന്ന് വ്യക്തമാണ്. ആകയാൽ ഹാജരാക്കിയ രേഖകളിൽ പ്രതിപാദിക്കും പ്രകാരം പരിശീലന പരിപാടി യഥാവിധി നടന്നിട്ടുണ്ടോയെന്ന് ഓഡിറ്റിൽ സംശയിക്കുന്നു. ഇതിനുമേൽ നടത്തിയ ഓഡിറ്റ് അന്വേഷണത്തിന് സി.ഡി.എസ്.ചാർജ്ജ് ഓഫീസർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

ഈ പരിപാടിയുടെ നടത്തിപ്പ് കരാറുകാരനിൽ നിക്ഷിപ്തമായിരുന്നതിനാൽ ഹാജർ രേഖപ്പെടുത്തലും മറ്റും കരാറുകാരനാണ് ചെയ്തിരുന്നത്. പദ്ധതിയുടെ മേൽനോട്ടം സി.ഡി.എസ് ചെയർപേഴ്സണും അംഗങ്ങളുമായിരുന്നു നിർവ്വഹിച്ചിരുന്നത്. അപേക്ഷ സ്വീകരിക്കുന്നതിലും ഹാജർ രേഖപ്പെടുത്തുന്നതിലും കരാറുകാരനും സി.ഡി.എസ്.ഭാരവാഹികൾക്കുമുണ്ടായ കൈപിശകാണ് ഗുരുതരമായ ഈ വീഴ്ചയ്ക്ക് കാരണം. ആകയാൽ ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണ

ത്തിന് ഓഡിറ്റിൽ ശുപാർശചെയ്യുന്നു. ടി വ്യക്തികൾ ഒന്നിലധികം പരിശീലന പരിപാടികളിൽ പങ്കെടുത്തതായി കാണിച്ച് അധികം പിൻവലിച്ച 15,000/-രൂപ പലിശ സഹിതം കരാറുകാരനിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് അധിക ചെലവിന് ഉത്തരവാദികളായ സി.ഡി.എസ്. ചെയർ പേഴ്സൺ, ചാർജ് ഓഫീസർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി തിരിച്ചടയ്ക്കേണ്ടതാണ്.

***ഡി)*** പരിശീലനം നൽകിയതായി കാണിച്ചിട്ടുള്ള വ്യക്തികൾ ഈ വിഷയ ത്തിൽ പരിജ്ഞാനമുള്ളവരാണെന്നതിന് രേഖയൊന്നുമില്ല.

***ഇ)*** അസംസ്കൃത സാധനങ്ങളും മെഷീനുകളം വാങ്ങിയതിന്റേതായി ഹാജരാക്കിയ ബില്ലുകൾ ശ്രീ.യേശുദാസിന്റെ പേരിലുള്ള തയ്യിശ്ശേരിൽ ഏജൻ സീസ്, പ്രയാർ, ഓച്ചിറ എന്ന സ്ഥാപനത്തിന്റേതാണ്. 67,000/-രൂപയുടേതായി ഹാജരാക്കിയ ബില്ലുകളിലാകട്ടെ ടാക്സ് രജിസ്ട്രേഷൻ നമ്പർ പോലും ഇല്ല. ഇതിൽനിന്നും ഈ ബില്ലുകളുടെ വിശ്വാസ്യത ഓഡിറ്റിൽ സംശയിക്കുന്നു.

***എഫ്)*** ഈ പരിശീലന പരിപാടിയിൽപ്പെടുത്തി സെക്രട്ടറിയുടെ പേരിൽ വാങ്ങിയ 2 പ്രിന്റിംഗ് മെഷീനുകൾ ഉൾപ്പെടെയുള്ള സാധനങ്ങൾ ഒന്നും സ്റ്റോക്കി ലെടുത്തിട്ടില്ല. വാങ്ങിയ മെഷീനുകൾ പരിശീലന ശേഷം കരാറുകാരൻ തിരികെ ഏൽപ്പിച്ചതായും രേഖയില്ല. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണ ത്തിന് ടെൻഡർ ലഭിച്ചയാൾ മെഷീനുകൾ സ്വന്തമായി ലഭ്യമാക്കി പരിശീലനം നൽകിയിട്ടുള്ളതിനാൽ തിരികെലഭിച്ചിട്ടില്ല എന്ന മറുപടിയാണ് ചാർജ് ഓഫീസർ നൽകിയത്. എന്നാൽ പരിശീലന പരിപാടിയ്ക്കായി കരാറുകാരന് പദ്ധതിപണം നൽകി സെക്രട്ടറിയുടെ പേരിൽ വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കേണ്ടതും, പരിശീലനശേഷം മെഷീനുകൾ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതു മായിരുന്നു. ഇതിന്റെ അഭാവത്തിൽ ഇതിലേക്കായി ചെലവഴിച്ച 8,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ പഞ്ചായത്തു സെക്രട്ടറി യിൽ നിന്നും ഈടാക്കി തിരിച്ചടയ്ക്കേണ്ടതാണ്.

***ജി)*** അംഗീകൃത പ്രോജക്ടിൽ ഭക്ഷണ ചെലവുകൾക്കായി യാതൊരു തുകയും വകയിരുത്തിയിരുന്നില്ല. എന്നാൽ പട്ടികജാതി ഗുണഭോക്താക്കൾക്കാ യുള്ള പ്രോജക്ടിൽപ്പെടുത്തി 24,670/-രൂപയും, ജനറൽ പ്രോജക്ടിൽപ്പെടുത്തി 16,300/-രൂപയും ചെലവഴിച്ചതായാണ് രേഖ. അംഗീകൃത പ്രോജക്ടിലെ മാർഗ്ഗനിർ ദ്ദേശങ്ങൾക്കു വിരുദ്ധമായി പദ്ധതി തുക ചെലവഴിച്ച നടപടി ക്രമവിരുദ്ധമാണ്. ആകയാൽ ഈ ഇനത്തിൽ ചെലവഴിച്ച 40,970/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

***എച്ച്)*** പരിശീലനം ലഭിച്ച വ്യക്തികളെ ഉൾപ്പെടുത്തി പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുകയും, അതുവഴി അവരുടെ വരുമാനവർദ്ധനവു മായിരുന്നു ലക്ഷ്യമിട്ടിരുന്നത്. ഇതിലേയ്ക്കായാണ് മെഷീനുകൾ ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങിയതും. എന്നാൽ പരിശീലനത്തിനായി പദ്ധതി തുക പിൻവലിച്ച തൊഴികെ യാതൊരു തുടർപ്രവർത്തനവും ഇതു സംബന്ധമായി നടന്നതായി രേഖയില്ല.

**ഐ)** പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണം സംബന്ധിച്ച് മോണിറ്ററിംഗ് നടന്നതിനും രേഖയില്ല. മേൽവിവരിച്ച അപാകതകളുടെ വെളിച്ചത്തിൽ ഈ പ്രോജക്റ്റുകളുടെ സമഗ്രമായ അന്വേഷണത്തിനും, ഓഡിറ്റിൽ അംഗീകരിക്കാതിരുന്ന ചെലവു തുകകൾ ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിനും ശുപാർശ ചെയ്യുന്നു.

*ഉത്തരവാദികളായ ഉദ്യോഗസ്ഥർ:*

1. *ശ്രീ.എൻ.എസ്.പ്രകാശ്, സെക്രട്ടറി( വിരമിച്ചു) നല്ലവീട്ടിൽ, ഇലിപ്പക്കുളം.പി.ഒ. 690503.*
2. *ശ്രീ.എ.മഹേന്ദ്രൻ, പ്രസിഡന്റ്, വല്യത്ത് കിഴക്കേതിൽ, മേനാമ്പള്ളി, പത്തിയൂർ.പി.ഒ.*
3. *ശ്രീ.എസ്.സുനിൽകുമാർ (മെമ്പർ), കൊട്ടയ്ക്കാട്ടേത്ത് തറയിൽ, കൈതത്തെക്ക്, ചെട്ടികുളങ്ങര.പി.ഒ.*
4. *ശ്രീ.എ.കെ.ഹരിദാസ്(മെമ്പർ) പള്ളേമ്പിൽ, കാർത്തിക, ഓലകെട്ടിയമ്പലം.പി.ഒ.*
5. *ശ്രീ.ചിറ്റോടിത്തറ ഭാസ്ക്കരൻ (മെമ്പർ), ചിറ്റോടിത്തറ, മറ്റംവടക്ക്, തട്ടാരമ്പലം.പി.ഒ.*
6. *ശ്രീ.ചെങ്കിളിൽ രാജൻ, ശ്രീമതി.ലളിതാശശിധരൻ, ശ്രീമതി ചന്ദ്രലേഖ.സി., അഡ്വ.കെ.വിജയൻപിള്ള, ശ്രീ.കെ.പി.ശശി, ശ്രീ.വി.ഗോപാലകൃഷ്ണൻ, ശ്രീമതി.വി.മോഹനകുമാരി, ശ്രീ.വി.രാഘവൻ, അഡ്വ.കെ.ബി.പ്രേംദീപ്, ശ്രീമതി.ശ്രീലത, ശ്രീ.സുരേഷ് തട്ടാവഴി, ശ്രീ.പി.ജയകുമാർ, ശ്രീ.ആർ.രാജേന്ദ്ര ദാസ്, ശ്രീമതി.ലതാരഘു, ശ്രീമതി.അംബികാദേവി, ശ്രീമതി.ഹേമ.*

## 5.2.13. ആലപ്പുഴ മുനിസിപ്പാലിറ്റി

### 5.2.13.(1). വികസന ഫണ്ട്/മെയിന്റനൻസ് ഫണ്ട് വകമാറ്റി ചെലവഴിക്കുന്നു – ശുചീകരണ ആവശ്യത്തിന് ലോറി വാടക നൽകുന്നതിൽ ക്രമക്കേട്

**ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-23**

| | |
|---|---|
| ✦ | ***മെയിന്റനൻസ് ഫണ്ട് ലോറി വാടക നൽകാൻ വകമാറ്റി.*** |
| ✦ | ***കരാർ പുതുക്കാതെയും കൗൺസിൽ അംഗീകാരമില്ലാതെയും ലോറിവാടക കൂട്ടിനൽകി.*** |
| ✦ | ***നഗരസഭാ വാഹനങ്ങൾ മാലിന്യം നീക്കം ചെയ്യുന്നതിന് ഉപയുക്തമാക്കുന്നില്ല.*** |

ആലപ്പുഴ നഗരസഭയിൽ ശുചീകരണ ആവശ്യങ്ങൾക്ക് വാഹനങ്ങൾ വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്ന ഇനത്തിൽ വാടകയായി 2007-08-ൽ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിൽനിന്നും ചുവടെ ചേർത്തിരിക്കുന്ന തുകകൾ നൽകിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | അടങ്കൽ തുക | ലോറി വാടക ഇനത്തിൽ നൽകിയ തുക (നികുതികൾ കഴിച്ച്) | വൗച്ചർ നമ്പർ |
|---|---|---|---|
| എസ്.ഒ.146/06-07/സമ്പൂർണ്ണ ശുചീകരണം (228/07-08) | 1000000 | 244500<br>256500 | 24-7/07<br>1-10/07 |
| എസ്.ഒ.56/06-07 180/07-08 കണ്ടിജന്റ് വിഭാഗത്തിന് ശുചീകരണ ഉപകരണങ്ങൾ | -- | 259484 | 12-3/08 |
| എസ്.ഒ.240/07-08, 187/06-07 ടൗൺഹാൾ മെയിന്റനൻസ് | 2702822 | 280008 | ലഭ്യമല്ല |
| **ആകെ** | | **1040492** | |

ആലപ്പുഴ നഗരസഭയിലെ വാഹനക്കരാറുകാരനായ സൈജു.എം.എസ്.എന്ന ആളിന്റെ ഉടമസ്ഥതയിലുള്ള കെ.എൽ.8-യു.6781, കെ.എൽ.8-പി.6619, കെ.എൽ.8.എച്ച്.5958, കെ.എൽ.8 എക്സ്.933 എന്നീ നാല് ടിപ്പർ ട്രാക്റ്ററുകൾ വിവിധ കാലയളവിൽ 334 ദിവസം ചവർ നീക്കംചെയ്യൽ ജോലിയിൽ ഏർപ്പെട്ടി രുന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രതിദിനം 1500/-രൂപ പ്രകാരം 334 ദിവസത്തേക്ക് 5,01,000/-രൂപ വാടകയായി നിശ്ചയിക്കുകയും ചെയ്തു. ചവറുകൾ നീക്കം ചെയ്യുന്നതിന് വണ്ടി വാടകയ്ക്ക് എടുത്തയിനത്തിൽ കൊടുക്കുവാനുള്ള തുകയുടെ 50% പ്ലാൻ ഫണ്ടിൽനിന്നും കൊടുക്കുവാൻ ചെയർമാർ 06.07.07-ൽ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 163 ദിവസത്തെ തുക 2,44,500/-രൂപ പ്രോജക്ട് നം.എസ്.ഒ.146/06-07 സമ്പൂർണ്ണ ശുചീകരണത്തിൽ നിന്നും നൽകി. ബാക്കി തുക 2,56,500/-രൂപ ഇതേ പ്രോജക്ടിൽ നിന്നും നൽകുന്ന തിന് ചെയർമാൻ 17.09.07-ൽ മുൻകൂർ അനുമതി നൽകി.

കെ.എൽ.8-പി.6619 വാഹനത്തിന്റെ 01.06.07 മുതൽ 30.11.07 വരെ 177 ദിവസത്തെ വാടകയായ 265500/-രൂപ കൗൺസിൽ അംഗീകാരം പ്രതീക്ഷിച്ച് പ്ലാൻഫണ്ടിൽ നിന്നും നൽകുന്നതിന് ചെയർമാർ മുൻകൂർ അനുമതി നൽകി. പ്രോജക്ട് നം.എസ്.ഒ.56/06-07 (180/07-08) കണ്ടിജന്റുവിഭാഗത്തിന് ശുചീകരണ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രോജക്ടിൽ നിന്നും 2,59,484/-രൂപ ചെക്ക് നം.667232/10.03.08 പ്രകാരം നൽകിയിട്ടുണ്ട്.

01.06.07 മുതൽ 31.12.07 വരെ 191 ദിവസം കെ.എൽ.8-യു.6781 വാടക വാഹനം മാലിന്യം നീക്കംചെയ്തയിനത്തിൽ 2,86,500/-രൂപ വാടകയായി അനുവദി ക്കണമെന്ന് സൈജു അപേക്ഷ നൽകി. ഈ തുക ജനകീയാസൂത്രണ പദ്ധതിയിലെ പ്രോജക്ടിൽ നിന്നും നൽകുന്നതിന് കൗൺസിലിന്റെ അംഗീകാരം പ്രതീക്ഷിച്ച് ചെയർമാൻ മുൻകൂർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 2,80,008/-രൂപ പ്രോജക്ട് നം.എസ്.ഒ.240/07-08 (187/06-07) ടൗൺഹാൾ മെയിന്റനൻസ്) മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡിൽ നിന്നും നൽകിയിട്ടുള്ളതാണ്. വണ്ടിവാടക നൽകിയതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

1. ഓഡിറ്റിനായി നഗരസഭ ഹാജരാക്കിയ ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച രേഖകൾ പ്രകാരം നം.എസ്.ഒ.228/07 (146/06-07) സമ്പൂർണ്ണ ശുചീകരണ മെന്ന പ്രോജക്ടിൽ വികസന ഫണ്ടിൽ നിന്നും 10,00,000/-രൂപ വകയി രുത്തി. എന്നാൽ ഫയൽ ഓഡിറ്റിനു ഹാജരാക്കാത്തതിനാൽ പ്രോജക്ട് നടപ്പാ ക്കുവാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നോ വണ്ടിവാടക

ഇതിൽ ഉൾപ്പെടുത്തിയിരുന്നോ എന്നും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പ്രോജക്റ്റിൽ നിന്നും വണ്ടിവാടകയിനത്തിൽ നൽകിയ 5,01,000/-രൂപ (2,44,500 + 2,56,500) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കുവാൻ പാടുള്ളതല്ല എന്ന് മാർഗ്ഗരേഖ [ജി.ഒ.(എം.എസ്)330/04 ത.സ്വ.ഭ.വ. 09.12.04 ഖണ്ഡിക 4-8] യിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ആലപ്പുഴ നഗരസഭാ ടൗൺഹാൾ മെയിന്റനൻസിനായി 2007-08-ൽ വകയിരുത്തിയിരുന്ന 27,02,822/-രൂപയിൽ 2,80,008/-രൂപ ലോറി വാടകയായി നൽകി. ടി സർക്കാർ ഉത്തരവ് ലംഘിച്ചു കൊണ്ടാണ് വണ്ടിവാടകയിനത്തിൽ മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത്. കൗൺസിലിനു നിയമോപദേശം നൽകേണ്ട നഗരസഭാ സെക്രട്ടറി ഇക്കാര്യത്തിൽ മൗനം പുലർത്തുന്നതായി ഫയലിൽ കാണുന്നു. ഇക്കാരണങ്ങളാൽ കണ്ടിജന്റു വിഭാഗത്തിനു ശുചീകരണ ഉപകരണങ്ങൾ, ടൗൺഹാൾ മെയിന്റനൻസ് എന്നീ പ്രോജക്ടുകളിൽ നിന്നും നിയമവിരുദ്ധമായി വകമാറ്റി ചെലവഴിച്ച 5,39,492(2,59,484+2,80,008) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നിയമവിരുദ്ധമായ ഈ ചെലവിന് മുനിസിപ്പൽ ചെയർമാനും സെക്രട്ടറിയും ഉത്തരവാദികളാണ്.
3. കരാറുകാരൻ സൈജു 10.11.05-ൽ വച്ച കരാർ പിന്നീട് പുതുക്കിയിട്ടില്ല. എന്നാൽ ടിയാന് നൽകുന്ന ലോറിവാടക 1375-ൽ നിന്നും 1500/-രൂപയായി വർദ്ധിപ്പിച്ചു. 334 ദിവസം നൽകിയിട്ടുള്ളത് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ആയതിനു കൗൺസിൽ അംഗീകാരം ലഭിച്ചതായി ഫയലിൽ രേഖപ്പെടുത്തൽ ഇല്ല. ഇപ്രകാരം കരാർ ഇല്ലാതെയും കൗൺസിൽ അംഗീകാരമില്ലാതെയും 41625/-രൂപയാണ് അധികമായി ടിയാന് നൽകിയത്.
4. കരാറുകാരന് വിവിധ ഘട്ടങ്ങളിൽ വൻതുകകൾ നൽകിയിട്ടുണ്ടെങ്കിലും ടിയാന്റെ കൈപ്പറ്റുരസീത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ടിപ്പർ ട്രാക്ടർ വാടകയിനത്തിൽ പിൻവലിച്ച തുക മുഴുവൻ കരാറുകാരന് ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.
5. കാലപ്പഴക്കംചെന്ന നഗരസഭാ വാഹനങ്ങൾ സമയബന്ധിതമായി അറ്റകുറ്റപ്പണി നടത്തുകയോ പുതിയ വാഹനങ്ങൾ വാങ്ങുകയോ ചെയ്യുവാൻ നഗരസഭ താൽപ്പര്യം കാണിക്കുന്നില്ല. വാടകയ്ക്ക് വാഹനംഎടുത്ത് ചവർ നീക്കം ചെയ്യുന്ന പ്രവർത്തി ഒരു സ്ഥിരംസംവിധാനം എന്ന നിലയിലാണ് നഗരസഭ ഏറ്റെടുത്തിരിക്കുന്നത്.

ഈയിനത്തിൽ നഗരസഭയ്ക്ക് തുടർച്ചയായ സാമ്പത്തിക നഷ്ടം വന്നുകൊണ്ടിരിക്കുന്നു. ഇതിനു ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും പദ്ധതി വിഹിതം/മെയിന്റനൻസ് ഗ്രാന്റ് നിയമവിരുദ്ധമായി വകമാറ്റി ചെലവഴിക്കുന്ന രീതി അവസാനിപ്പിക്കേണ്ടതും ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. സത്വരനടപടി സ്വീകരിക്കാൻ സർക്കാരിന്റെയും ഭരണ വകുപ്പിന്റെയും ശ്രദ്ധക്ഷണിക്കുന്നു.

*<u>ഉത്തരവാദികളായ ഉദ്യോഗസ്ഥർ</u>*

*1. ശ്രീ.പി.പി.ചിത്തരഞ്ജൻ (മുൻസിപ്പൽ ചെയർമാൻ)*
*ഐശ്വര്യ, സിവിൽ സ്റ്റേഷൻ വാർഡ്, ബസാർ. പി.ഒ, ആലപ്പുഴ.*

2. *ശ്രീ.റ്റി.സന്തോഷ് (സെക്രട്ടറി),*

*അഴകത്ത്, തെക്കേവിള, കൊല്ലം - 691 016.*

## 5.2.13.(2). വികസന ഫണ്ട് വകമാറ്റി ചെലവഴിച്ചത് – ക്രമവിരുദ്ധം

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-26***

ആലപ്പുഴ നഗരസഭ ഹെൽത്ത് വിഭാഗത്തിന് ശുചീകരണ ഉപകരണങ്ങളായ കണ്ടെയ്നർ ബോക്സുകൾ, വീൽബാരോ, മൺവെട്ടി, പിക്കാസ്, കമ്പിപ്പാര എന്നിവ വാങ്ങുന്നതിനായി 10,00,000/-രൂപയുടെ പ്രോജക്ട് തയ്യാറാക്കി (49/07-08)ഡി.പി.സി. അംഗീകാരം വാങ്ങുകയുണ്ടായി. ഈ തുകയിൽനിന്നും നഗരസഭ ഹെൽത്ത് വിഭാഗത്തിന്റെ ശുചീകരണ വാഹനം കെ.എൽ.4-എഫ്.6132 ടിപ്പർ ലോറി റിപ്പയർ ചെയ്ത ഇനത്തിൽ പോപ്പുലർ മെഗാ മോട്ടോഴ്സിന് ചെക്ക് നമ്പർ 667221/25.01.08 പ്രകാരം 71397/-രൂപ നൽകുകയുണ്ടായി. "ശുചീകരണ പ്രവർത്തനങ്ങൾക്ക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് വാഹനങ്ങൾ അപര്യാപ്തമാണ്. മുനിസിപ്പൽ ഫണ്ടിൽ പണം ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രോജക്ടിൽ നിന്നും പണം നൽകുന്നതിന് കൗൺസിൽ അംഗീകാരം പ്രതീക്ഷിച്ച് മുൻകൂർ അനുവാദം നൽകുന്നു", എന്ന് ചെയർമാൻ ഫയലിൽ രേഖപ്പെടുത്തി നിയമവിരുദ്ധ ചെലവിന് അനുവാദം നൽകി. പദ്ധതി നിർവ്വഹണത്തിനു ലഭിച്ച തുക വകമാറ്റി ചെലവഴിക്കാൻ അനുവാദം നൽകുവാൻ കൗൺസിലിന് അധികാരമില്ലാതിരിക്കെ കൗൺസിലിന്റെ അംഗീകാരം പ്രതീക്ഷിച്ച് ചെയർമാൻ ചെലവനുവാദം നൽകിയത് ക്രമപ്രകാരമല്ല. എന്നാൽ ആയതിന് കൗൺസിൽ അംഗീകാരം നൽകിയതായും കാണുന്നില്ല. വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിന് തനതുഫണ്ടിൽനിന്നും ചെലവു ചെയ്യേണ്ടതിനു പകരം പദ്ധതിവിഹിതം ക്രമവിരുദ്ധമായി വകമാറ്റി ചെലവു ചെയ്യുന്നത് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കും നഗരസഭയുടെ ധനവിനിയോഗ നിയമങ്ങൾക്കും വിരുദ്ധമാണ്. ആയതിനാൽ പദ്ധതി ചെലവിൽനിന്നും വകമാറ്റി ചെലവഴിച്ച തുക പദ്ധതി ചെലവായി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഖജനാവിൽ തിരികെ അടച്ച് ക്രമീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ വകുപ്പിന്റെയും സർക്കാരിന്റെയും സത്വരശ്രദ്ധ പതിയേണ്ടതാണ്. ചെലവു തുക 71397/-രൂപ തടസ്സപ്പെടുത്തുന്നു.

*ഉത്തരവാദികളായ ഉദ്യോഗസ്ഥർ:*

1. *ശ്രീ.പി.പി.ചിത്തരഞ്ജൻ (മുൻസിപ്പൽ ചെയർമാൻ)*
   *ഐശ്വര്യ, സിവിൽ സ്റ്റേഷൻ വാർഡ്, ബസാർ. പി.ഒ, ആലപ്പുഴ.*
2. *ശ്രീ.റ്റി.സന്തോഷ് (സെക്രട്ടറി),*
   *അഴകത്ത്, തെക്കേവിള, കൊല്ലം - 691 016.*

**പത്തനംതിട്ട ജില്ല**

## 5.2.14. ചെറുകോൽ ഗ്രാമപഞ്ചായത്ത്

## 5.2.14.(1). 6.65 ലക്ഷം ചെലവഴിച്ചിട്ടും ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം അനിശ്ചിതാവസ്ഥയിൽ

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-8***

2007-2008 ലെ പ്രൊജക്ട് നം.എസ്.001/07-08 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഖരമാലിന്യ നിർമ്മാർജന പദ്ധതിയുടെ ഭാഗമായി ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് 6,65,944/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ ചെലവഴിച്ച 6,65,944/-രൂപയിൽ 6,00,000/-രൂപ പ്ലാന്റ് നിർമ്മാണത്തിനും 65,944/-രൂപ സ്ഥലം യോഗ്യമാക്കുന്നതിനുമായാണ് ഉപയോഗിച്ചത്. വയലത്തല ചാക്കപ്പാലം പ്രാഥമികാരോഗ്യ കേന്ദ്രത്തിന് 100 മീറ്റർ കിഴക്കുവശത്തായി പമ്പ ഇറിഗേഷൻ വക 2 ഏക്കറോളം സ്ഥലത്താണ് പ്ലാന്റ് നിർമ്മിക്കുവാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റിയുടെ 18.08.07 ലെ 1(8)-ാം നമ്പർ തീരുമാന പ്രകാരം പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിനും, പബ്ലിക്ക് മാർക്കറ്റ്, സ്റ്റേഡിയം, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയ്ക്കുമായി പി.ഐ.പി.വക സ്ഥലം ഏറ്റെടുക്കുവാൻ തീരുമാനിച്ചു. ഇതിന് മുന്നോടിയായി ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനായി തിരുവനന്തപുരത്തുള്ള ബയോടെക് ഡയറക്ടറുമായി പഞ്ചായത്ത് സെക്രട്ടറി 28.01.08.ൽ എഗ്രിമെന്റ് വച്ചു. 28.02.08.ലെ ഡി.ഡി.നം 411095 പ്രകാരം 6,00,000/-രൂപ ബയോടെക് ഡയറക്ടർക്ക് നല്കുകയും ചെയ്തു.

പമ്പ ഇറിഗേഷൻ വക സ്ഥലം പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടുണ്ട്. എന്നാൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഫീസിബിലിറ്റി സർട്ടിഫിക്കേറ്റ് സംസ്ഥാന മലിനീകരണ ബോർഡിൽ നിന്നും വാങ്ങാതെയാണ് പ്ലാന്റിന് വേണ്ടി തുക ചെലവഴിച്ചത്.

പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ വയലത്തല ഗ്രാമനിവാസികൾ ജില്ലാ കളക്ടർക്ക് നല്കിയ പരാതിയിൽ നിരവധി മാലിന്യ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും, പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുമെന്നും പറഞ്ഞിരുന്നു. പബ്ലിക് മാർക്കറ്റ് ആരംഭിക്കാനാണ് സ്ഥലം ഏറ്റെടുത്തിട്ടുള്ളതെന്നും ബയോഗ്യാസ് പ്ലാന്റ് ആരംഭിക്കുന്നതിനെ കുറിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലയെന്നും പരാതിയിൽ പറഞ്ഞിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറിയും ബയോടെക് ഡയറക്ടറുമായുള്ള എഗ്രിമെന്റിൽ 2008 മാർച്ച് 31 ന് മുൻപ് പ്ലാന്റിന്റെ പണി പൂർത്തീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന് വേണ്ടി തുക നല്കിയിട്ട് ഒരു വർഷം കഴിഞ്ഞിട്ടും പ്ലാന്റിനു വേണ്ടിയുള്ള പ്രവൃത്തി ആരംഭിച്ചിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥലം ഇതിനായി പലതവണ വൃത്തിയാക്കുന്നതിന് മൊത്തം 65,944/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്നതിന് കാലതാമസം വന്നതുമൂലം ഇത്തരം ചെലവുകൾ ആവർത്തിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിൽ സംജാതമായിട്ടുള്ളത്. ആയതിനാൽ 65,944/-രൂപയുടെ ചെലവ് പാഴ്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. ദീർഘവീക്ഷണമില്ലാതെയും ആസൂത്രണമില്ലാതെയും പദ്ധതിപ്പണം ചെലവ് ചെയ്തത് ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുള്ള വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തെ സംബന്ധിച്ച് സർക്കാർ തലത്തിലുള്ള അന്വേഷണം ശുപാർശചെയ്യുന്നു.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ:</u>*

*ശ്രീമതി.കെ.എസ്.സതീദേവി (സെക്രട്ടറി),*
*ഓണാട്ടുവീട്, മുത്തൂർ.പി.ഒ, തിരുവല്ല.*

## 5.2.15. പറക്കോട് ബ്ലോക്ക്

### 5.2.15.(1). വൃദ്ധ വികലാംഗക്ഷേമം പദ്ധതി നടത്തിപ്പിലെ അപാകതകൾ

**<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007 - 08, ഖണ്ഡിക നമ്പർ: 3-1</u>**

പറക്കോട് ബ്ലോക്ക് പഞ്ചായത്ത് 2007-08 വർഷം എസ്.ഒ.33/08, എസ്.ഒ.77/08 എന്നീ നമ്പരുകളിലായി ജനറൽ, പട്ടികജാതി വിഭാഗങ്ങൾക്കായി വൃദ്ധ വികലാംഗ ക്ഷേമം എന്ന പേരിൽ രണ്ടു പ്രോജക്ടുകളാണ് നടപ്പാക്കാൻ ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ടുകൾക്കായി യഥാക്രമം 4,68,550/-രൂപയും 5,48,631/-രൂപയും വീതം മൊത്തം 10,17,181/-രൂപയാണ് വകയിരുത്തിയിരുന്നത്.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വൃദ്ധരും വികലാംഗരുമായിട്ടുള്ള ഗുണഭോക്താക്കളെ കണ്ടെത്തി ചികിത്സാ സഹായവും കണ്ണടയും മരുന്നുകളും വിതരണം ചെയ്യുന്നതിനാണ് പ്രോജക്ടിൽ ലക്ഷ്യമിടുന്നത്. ഇരു പ്രോജക്ടുകളുടെയും ധനകാര്യ വിശകലനത്തിൽ മരുന്നുവാങ്ങൽ, പ്രചരണം, മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുന്നവർക്കുള്ള യാത്രാപ്പടി തുടങ്ങിയ ചെലവുകൾക്കും തുക വകയിരുത്തിയിരുന്നു. രണ്ടു പ്രോജക്ടുകളുടെയും ഗുണഭോക്താക്കൾ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരായിരിക്കണമെന്ന് പ്രോജക്ടുകളിൽ ഉണ്ടെങ്കിലും ഇതിന് ഉപോൽബലകമായ രേഖകളൊന്നും ഗുണഭോക്താക്കളിൽനിന്ന് വാങ്ങി ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

ബന്ധപ്പെട്ട സഞ്ചാര സഹായികൾ കെൽട്രോണിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ഗുണഭോക്താക്കൾക്കായി വാങ്ങിയ സാധനങ്ങളുടെ വിതരണ വിവരങ്ങൾ സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പല ഇനവും വിതരണം ചെയ്യാൻ അവശേഷിക്കുന്നതായി കാണുന്നു.

പ്രോജക്ട് നമ്പർ 33/07-08-നുവേണ്ടി 29.03.08ലെ ബിൽ നമ്പർ 78/2007-08 പ്രകാരം പിൻവലിച്ച 3,79,930/-രൂപയും പ്രോജക്ട് നമ്പർ 77/07-08 നു വേണ്ടി 29.03.08-ലെ ബിൽ നമ്പർ 77/07-08 പ്രകാരം പിൻവലിച്ച 434745/-രൂപയും ഉൾപ്പെടെ മൊത്തം 8,14,675/-രൂപ ചെലവഴിച്ചിട്ടുണ്ട്.

മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യാൻവേണ്ടി വാങ്ങി സ്റ്റോക്കിലെടുത്ത ഉപകരണങ്ങൾ കൈപ്പറ്റാൻ ഗുണഭോക്താക്കൾ എത്താത്തതിന്റെ സാഹചര്യം സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന ഉപകരണങ്ങളുടെ വിലയായ 3,88,767/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (വിശദവിവരങ്ങൾ ഒറിജിനൽ ഓ.റി. ഖ.3.1 കാണുക)

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*ശ്രീ.വി.മുരളീധരൻ, സെക്രട്ടറി,*
*എണ്ണയ്ക്കാട്ട് വീട്, കുടശ്ശനാട്.പി.ഒ, പന്തളം.*

## *5. 2. 15. (2). വികലാംഗർക്ക് ബങ്ക് - പദ്ധതി നടത്തിപ്പിലെ അപാകതകൾ*

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007 - 08, ഖണ്ഡിക നമ്പർ: 3-5</u>***

| | |
|---|---|
| ✦ | *32 ബങ്കുകളുടെ വില 3,20,000/-, നൽകിയത് 4,00,000/-* |
| ✦ | *വായ്പ ലഭ്യമാക്കുന്നതിന് പകരം ബങ്കുകൾ നേരിട്ട് വാങ്ങി നൽകി.* |
| ✦ | *വിതരണം ചെയ്തത് 14 ബങ്കുകൾ.* |
| ✦ | *സബ്സിഡി ഇനത്തിൽ 30,000/- രൂപ അധിക ചെലവ്.* |

2006-07 വാർഷിക പദ്ധതിയിൽ വൃദ്ധ വികലാംഗ ക്ഷേമം എന്ന പേരിൽ ജനറൽ, എസ്.സി.പി. വിഭാഗങ്ങളിലായി രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പൊതു വിഭാഗം പദ്ധതിക്ക് 3,25,000/രൂപയും (പ്രോജക്ട് നം.എസ്.0059/07), എസ്.സി.പി.വിഭാഗം പദ്ധതിക്ക് 5,00,000/-രൂപയുമായിരുന്നു (പ്രോജക്ട് നം.എസ്. 0127/07) വകയിരുത്തിയിരുന്നത്. പ്രസ്തുത പദ്ധതികളുടെ ഭാഗമായി വികലാംഗർക്ക് സ്വയംതൊഴിൽ സംരംഭമായി കച്ചവടം ആരംഭിക്കുന്നതിന് ബങ്കുകൾ വിതരണം ചെയ്യുന്നതിനായി 8,00,000/-രൂപ വികസന ഫണ്ടിൽനിന്നും വകയിരുത്തി.

എസ്.ജി.എസ്.വൈ മാനദണ്ഡ പ്രകാരം വായ്പാബന്ധിതമായി ബാങ്ക് മുഖേന സബ്സിഡി വിതരണം ചെയ്യുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. ജനറൽ വിഭാഗത്തിൽ 30 പേർക്കും എസ്.സി.പി.വിഭാഗത്തിൽ 50 പേർക്കും 10,000/രൂപ വീതം സബ്സിഡി നൽകുന്നതിനാവശ്യമായ 8,00,000/രൂപ 26.03.07-ൽ കാനറാ ബാങ്ക്, അടൂർ ബ്രാഞ്ചിൽ നിക്ഷേപിച്ചു. എന്നാൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ലിസ്റ്റ് ബാങ്കിന് കൈമാറുന്നതിനും വായ്പ അനുവദിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനു പകരം ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 10,000/-രൂപ നിരക്കിൽ 32 ബങ്കുകൾ ബ്ലോക്ക് പഞ്ചായത്ത് നേരിട്ടുവാങ്ങി. 28.10.08-ലെ വി.135/08-09 നമ്പരിലുള്ള രണ്ട് ഇൻവോയ്സുകൾ പ്രകാരം 3,20,000/-രൂപയാണ് ഇതിന് ചെലവായിട്ടുള്ളത്. എന്നാൽ ബങ്കുകളുടെ വിലയായി 4 ലക്ഷം രൂപയാണ് കാനറാ ബാങ്ക് അക്കൗണ്ടിൽ നിന്നും ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയിട്ടുള്ളത്. എൺപതിനായിരം രൂപ അധികം നൽകി.

സ്റ്റോക്ക് രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ 14 ബങ്കുകൾ വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. മൊത്തം 35 ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 14 പേർ ബങ്കുകൾ കൈപ്പറ്റിയതിന്റെ രസീതികൾ മാത്രമാണ് ഫയലിൽ ഉള്ളത്. ഇവരിൽ 12 പേർ ജനറൽ വിഭാഗത്തിലും 2 പേർ പട്ടിക ജാതി വിഭാഗത്തിലും പെട്ടവരാണ്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന 18 ബങ്കുകൾക്ക് എന്ത് സംഭവിച്ചുവെന്ന് വിശദീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് അധികൃതർക്ക് സാധിച്ചിട്ടില്ല. അവ അന്യാധീനപ്പെട്ടുപോയതായാണ് പരിശോധനയിൽ വ്യക്തമാകുന്നത്.

11-ാം പഞ്ചവൽസര പദ്ധതിയിലെ സബ്സിഡി മാനദണ്ഡങ്ങൾക്കുള്ള മാർഗ്ഗരേഖ പ്രകാരം (24.07.07-ലെ സ.ഉ(എം.എസ്)183/07/തസ്വഭവ.നമ്പർ ഉത്തരവ്) സ്വയംതൊഴിലിന് ആസ്തികൾ നൽകുന്ന പ്രോജക്ടുകൾക്ക് എസ്.ജി.എസ്.വൈ നിരക്കുകളും, മാനദണ്ഡങ്ങളുമാണ് ബാധകമാക്കിയിട്ടുള്ളത്. ആയത് പ്രകാരം വ്യക്തിഗത സംരംഭങ്ങൾക്ക് പൊതുവിഭാഗത്തിൽപെട്ടവർക്ക് 7500/-രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് 10,000/-രൂപയുമാണ് പരമാവധി സബ്സിഡി. പൊതുവിഭാഗത്തിൽപെട്ട 12 പേർക്ക് 10,000/-രൂപ വിലവരുന്ന ബങ്കുകൾ വിതരണം ചെയ്യുക വഴി അനുവദനീയമായതിനേക്കാൾ 30,000/-രൂപ അധികം (2500X12) സബ്സിഡി ഇനത്തിൽ വിതരണം ചെയ്തിരിക്കുന്നു.

വിതരണം ചെയ്തതായി രേഖയില്ലാത്തതും, എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ സ്റ്റോക്കിൽ അവശേഷിച്ചിട്ടാത്തതുമായ 18 ബങ്കുകളുടെ വിലയായ 1,80,000/-രൂപയും ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് അധികം നൽകിയ 80,000/-രൂപയും അധിക സബ്സിഡി നൽകിയ ഇനത്തിലുള്ള 30,000/-രൂപയും ഉൾപ്പെടെ ആകെ 2,90,000/രൂപ നിർവ്വഹണാധികാരിയായ സെക്രട്ടറിയിൽനിന്നും

ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്. അതുപോലെതന്നെ പദ്ധതിക്കായി ആകെ വകമാറ്റിയ 8,00,000/-രൂപയിൽ ചെലവഴിക്കപ്പെടാതെ കാനറാ ബാങ്കിന്റെ സസ്പെൻസ് അക്കൗണ്ടിൽ അവശേഷിക്കുന്ന 4,00,000/-രൂപയും കൺസോളി ഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*ശ്രീ.വി.മുരളീധരൻ, സെക്രട്ടറി,*
*എണ്ണയ്ക്കാട്ട് വീട്, കുടശ്ശനാട്.പി.ഒ, പന്തളം*

## 5.2.15.(3). കുടിവെള്ള പദ്ധതിയിൽ അധിക ചെലവ്

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007 - 08, ഖണ്ഡിക നമ്പർ: 3-8(1)</u>***

2006-07 വാർഷിക പദ്ധതിയിൽ 3,58,000/-രൂപ അടങ്കൽ വകയിരുത്തി നടപ്പിലാക്കിയ പദ്ധതിയാണിത്. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതിക്ക് വികസന ഫണ്ടിൽ നിന്നും 3,50,000/-രൂപയും, ഗുണഭോക്തൃ വിഹിതമിനത്തിൽ 8000/-രൂപയും ചെലവഴിക്കുന്നതിനാണ് അനുമതി ലഭിച്ചത്. (സാങ്കേതികാനുമതി തുക 3,57,951/-രൂപ) ഗുണഭോക്തൃ സമിതി മുഖാന്തിരമാണ് പ്രവൃത്തി നടത്തിയത്. (കൺവീനർ-ശ്രീ.അപ്പുക്കുട്ടൻ). 31.01.07-ൽ എഗ്രിമെന്റ്വെച്ച പ്രവൃത്തി 29.03.08-ലാണ് പൂർത്തിയാക്കി ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

***<u>കൺവീനർക്ക് അർഹമായതിലധികം പ്രതിഫലം നൽകിയത്:</u>***

പ്രവൃത്തിയുടെ എം.ബുക്ക് (നം.54/06-07, പേജ് നം.21 -36) പരിശോധിച്ചതിൽ ഫൈനൽ ബിൽ പ്രകാരമുള്ള യഥാർത്ഥ പ്രവൃത്തി മൂല്യം 2,69,952/-രൂപയാണെന്ന് കാണുന്നു. 11-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം കുടിവെള്ള പ്രോജക്ടുകളുടെ മൂലധന നിക്ഷേപത്തിന്റെ 10% ഗുണഭോക്തൃ വിഹിതം സമാഹരിക്കേണ്ടതാണ്. ഇപ്രകാരം മൊത്തം പ്രവൃത്തി മൂല്യമായ 2,69,952/-രൂപയുടെ 10% കുറച്ച് 2,42,956/-രൂപ മാത്രമാണ് കൺവീനർക്ക് വികസന ഫണ്ടിൽ നിന്നും പ്രതിഫലം നൽകാനാവുന്ന തുക. എന്നാൽ കൺവീനർക്ക് ചുവടെ ചേർക്കും പ്രകാരം 3,12,024/രൂപ വികസന ഫണ്ടിൽനിന്നും പ്രതിഫലം നൽകി.

| | | |
|---|---|---|
| C.C. 1st & part bill | Rs.1,24,440/- | (Treasury Bill No.178/06-07 dtd: 30.03.07) |
| Final Bill | Rs.1,72,584/- | (Treasury Bill No.79/07-08 dtd: 29.03.08) |
| Refund of retention amount | Rs.15,000/- | (Cheque No.185432 dtd: 09.05.08) |
| Total | Rs.3,12,024/- | |

മേൽ വിവരിച്ച പ്രകാരം പ്രവൃത്തിയുടെ കൺവീനർക്ക് 69,068/-രൂപ അധികം നൽകി. ബിൽ പാസ്സാകുന്നതിനു മുമ്പ് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയ അളവുകളും തുകകളും ശരിയാണോ എന്നും നിയമപ്രകാരമുള്ള എല്ലാ കിഴിവുകളും വരുത്തിയിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്. ആയതിൽ വീഴ്ച വരുത്തിയതുമൂലമുള്ള നഷ്ടം നിർവ്വഹണാധികാരിയിൽ നിന്നും ഈടാക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*ശ്രീ.വി.മുരളീധരൻ, സെക്രട്ടറി,*
*എണ്ണയ്ക്കാട്ട് വീട്, കുടശ്ശനാട്.പി.ഒ, പന്തളം*

## 5.2.15.(4). കിണർ നിർമ്മാണം - പിൻവലിച്ച തുക വിതരണം ചെയ്തില്ല

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007 - 08, ഖണ്ഡിക നമ്പർ: 3-17***

ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ 20 ഗുണഭോക്താക്കൾക്ക് കുടിവെള്ള കിണർ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയിലുൾപ്പെട്ട (പ്രോജക്ട് നം.069/08) 9 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 29.03.2008-ലെ ബിൽ നമ്പർ 88/07-08 പ്രകാരം 90,000/-രൂപ പിൻവലിച്ചിട്ടുണ്ട്. ഇതിനായി ഡി.ഡി.വാങ്ങി വിതരണം ചെയ്യാതെ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷി ച്ചിരിക്കുകയാണ്. താഴെപ്പറയുന്ന ഗുണഭോക്താക്കൾക്കു വേണ്ടിയാണ് ഡി.ഡി. എടുത്തിരിക്കുന്നത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഡി.ഡി.നമ്പരും തീയതിയും | തുക (രൂപ) |
|---|---|---|---|
| 1 | ഭാസ്കരൻ, വേങ്ങവിള, മങ്ങാട് | 542462/18.04.08 | 10,000 |
| 2 | ലക്ഷ്മിക്കുട്ടി, സന്തോഷ് ഭവനം, കുറുമ്പക്കര | 542463/18.04.08 | 10,000 |
| 3 | രമണി, ചരുവിള വീട്, മങ്ങാട് | 542455/18.04.08 | 10,000 |
| 4 | രാജമ്മ, ഇടയിലെ തുണ്ടിൽ, പൂതങ്കര | 542456/18.04.08 | 10,000 |
| 5 | സുഗന്ധി, വാലുതുണ്ടിൽ, മാരൂർ | 542457/18.04.08 | 10,000 |
| 6 | കൃഷ്ണൻ, വട്ടവിള വീട്, ഇളമണ്ണൂർ | 542458/18.04.08 | 10,000 |
| 7 | ജഗദമ്മ, ചാമവിള വീട്, ഇളമണ്ണൂർ | 542459/18.04.08 | 10,000 |
| 8 | അമ്മിണി, ചരുവിള | 542460/18.04.08 | 10,000 |
| 9 | സുമതി, തേക്കുംവിളയിൽ, ഇളമണ്ണൂർ | 542461/18.04.08 | 10,000 |
| | ആകെ | | **90,000** |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അലോക്കേഷൻ ആന്റ് ഡ്രോവൽ ഓഫ് ഫണ്ട് സംബന്ധിച്ച ജി.ഒ.(പി)177/2006/ഫിൻ, തീയതി: 12.04.2006, ഖണ്ഡിക 8.3 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുക 30 ദിവസത്തിനകം വിത രണം ചെയ്യുന്നില്ലെങ്കിൽ ട്രഷറിയിൽ ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടയ്ക്കേണ്ട താണ്. ഇതിനു വിരുദ്ധമായി 90,000/രൂപ പിൻവലിച്ച് ഡി.ഡി ആക്കി 2 വർഷമായി ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നതിനിടയായ സാഹചര്യം സംബന്ധിച്ച് വിശദീകരണം നൽകുകയും തുക അടിയന്തിരമായി തിരികെ ഒടുക്കുകയും ചെയ്യേണ്ടതാണ്.

*Note: ഉത്തരവാദി ലഭ്യമല്ല.*

## 5.2.15.(5). ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് - കരാറുകാരന് അധികം തുക നൽകി

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007 - 08, ഖണ്ഡിക നമ്പർ: 3-7***

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് നടത്തുന്നതിനു വേണ്ടി 2006-07 സാമ്പത്തിക വർഷം 9,04,016/-രൂപ വികസന ഫണ്ട് വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തിനടത്തി. കരാറുകാരൻ ശ്രീ.ടി.രാജേന്ദ്രൻ 31.03.07ൽ 7,99,716/-രൂപയുടെ ഒന്നാം പാർട്ട് ബിൽ സമർപ്പിക്കുകയും നികുതികളും റിടെൻഷൻ തുകയും കിഴിച്ച് 6,71,442/-രൂപ പ്രതിഫലം പറ്റുകയും ചെയ്തു. (ഡി.ഡി.നം.367896/21.04.07), 2007-08-ൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം

കരാറുകാരൻ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികളുടെ യഥാർത്ഥ മൂല്യം 5,53,060/- രൂപ മാത്രമാണ്. പാർട്ട്ബിൽ തയ്യാറാക്കിയപ്പോൾ തുകകൾ കണക്കാക്കി എഴുതിയതിലുണ്ടായ പിഴവുമൂലമാണ് 2,46,656/-രൂപ അധികം പ്രവൃത്തിമൂല്യം രേഖപ്പെടുത്താനിടയായത്. ഇക്കാരണത്താൽ 1,51,787/-രൂപ കരാറുകാരന് അധികം നൽകുന്നതിനും 14,897/-രൂപ നികുതി, ക്ഷേമനിധി എന്നീ ഇനങ്ങളിൽ അധികം ഒടുക്കുന്നതിനും കാരണമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഒന്നാം പാർട്ട് ബിൽ പ്രകാരം കണക്കാക്കിയത് | ഫൈനൽ ബിൽ പ്രകാരമുള്ള യഥാർത്ഥ തുക | അധികം തുക |
|---|---|---|---|
| പ്രവൃത്തി മൂല്യം | 7,99,716 | 5,53,060 | 2,46,656 |
| മൂല്യവർദ്ധിത നികുതി (3%) | 23,991 | 16,592 | |
| ആദായ നികുതി (2.04%) | 16,314 | 11,282 | |
| നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം (1%) | 7,997 | 5,531 | |
| ആകെ | 48,302 | 33,405 | 14,897 |
| *കുറയ്ക്കുക: നികുതികൾ* | *48,302* | *33,405* | |
| *റിടെൻഷൻ തുക* | *79,972* | - | |
| **കരാറുകാരന് അർഹമായ തുക** | **6,71,442** | **5,19,655** | **1,51,787** |

മേൽ വിവരിച്ച പ്രകാരം കരാറുകാരന് അധികം നൽകിയ 1,51,787/-രൂപയിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ കരാറുകാരൻ സ്ഥാപനത്തിൽ ഒടുക്കിയ 45,220/-രൂപ കിഴിച്ച് 1,06,567/-രൂപയും, നികുതി, ക്ഷേമനിധി വിഹിതം എന്നീ ഇനങ്ങളിൽ അധികം ഒടുക്കിയ 14,897/-രൂപയും ഉൾപ്പെടെ ആകെ 1,21,464/-രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമാണ്. ആയത് കരാറുകാരനിൽ നിന്നോ തെറ്റായി പാർട്ട് ബിൽ മൂല്യം കണക്കാക്കി ബിൽ തുക പാസ്സാക്കിയ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. കൂടാതെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

മേൽ പറഞ്ഞ പദ്ധതി സ്പിൽ ഓവറായി നടന്നുവരവേ തന്നെ 2007-08 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മെയിന്റനൻസിനായി 12,50,000/-രൂപ വികസന ഫണ്ട് വകയിരുത്തി ഒരു പുതിയ പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുകയുണ്ടായി. ഈ പ്രോജക്ടിന്റെ ഭാഗമായി ആകെ 11,31,940/-രൂപയുടെ പ്രവൃത്തിയാണ് നടത്തിയിട്ടുള്ളത്. രണ്ട് വർഷം തുടർച്ചയായി ഓഫീസ് കെട്ടിടത്തിന്റെ മെയിന്റനൻസിനായി മാത്രം 19,31,656/-രൂപയാണ് ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചത്. രണ്ട് പ്രോജക്ടുകളുടേയും ഭാഗമായി ഏറെക്കുറെ സമാനമായ പ്രവൃത്തികളാണ് നടത്തിയത്. ഓരോ പ്രോജക്ടിന്റെയും ഭാഗമായി ചെയ്തിട്ടുള്ള പ്രവൃത്തികൾ വേർതിരിച്ചറിയുക അസാദ്ധ്യമാണ്. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ തലത്തിൽ വിശദമായ പരിശോധന നടത്തുന്നത് ഉചിതമായിരിക്കും. ആയതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*ശ്രീ.വി.മുരളീധരൻ, സെക്രട്ടറി,*
*എണ്ണയ്ക്കാട്ട് വീട്, കുടശ്ശനാട്.പി.ഒ, പന്തളം.*

## 5.2.16. ഇലന്തൂർ ബ്ലോക്ക്

### 5.2.16.(1) വൈദ്യുതി ഇല്ല. ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്യാനായില്ല

**ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007 – 08, ഖണ്ഡിക നമ്പർ: 3-1**

| | |
|---|---|
| ✦ | ***കൈവശാവകാശമില്ലാത്ത ഭൂമിയിൽ കുടിവെള്ള പദ്ധതി.*** |
| ✦ | ***വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാനാകുന്നില്ല.*** |

ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് 2007-2008-ലെ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തിയിരുന്ന എസ്.ഒ.044/2007-2008 നമ്പർ പ്രോജക്ടായിരുന്നു ചെറുകോൽ ഗ്രാമപഞ്ചായത്തിലെ നായിപ്രക്കരോട്ട് എസ്.സി.കോളനി ശുദ്ധജല വിതരണ പദ്ധതി. ഈ പ്രോജക്ടിന് ബി.പി/27/44/08 ഡി.പി.ഒ/പി.റ്റി.എ. നമ്പരായി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും ലഭിച്ചിരുന്നു.

അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം 3,35,913/-രൂപ അടങ്കലുണ്ടായിരുന്ന ഈ പദ്ധതിയുടെ മോണിറ്ററിങ്ങ് സമിതി ചെയർമാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന ഓഫീസറും, ബ്ലോക്ക് പഞ്ചായത്ത് സമിതി അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് എ.ഇ. എന്നിവർ മോണിറ്ററിംഗ് സമിതിയിലെ മറ്റ് അംഗങ്ങളും ആയിരുന്നു. ശ്രീ.ശശിഭൂഷൻ, രാംനിവാസ്, ഇലന്തൂർ പി.ഒ., എന്നയാളായിരുന്നു കോൺട്രാക്ടർ.

പദ്ധതിയുടെ നിർമ്മാണ പ്രവൃത്തിയുടെ അളവു വിവരങ്ങൾ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടുള്ള 26/2006-2007 നമ്പർ അളവ്പുസ്തക പ്രകാരം 2,92,312/-രൂപയുടെ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. ഇതിൽ നിന്നും പാർട്ട് ബിൽ തുകയായ 49,087/-രൂപയും നികുതി ഇനത്തിൽ 15,286/-രൂപയും കിഴിച്ച് ബാക്കിയുള്ള 2,27,939/-രൂപയോടൊപ്പം റീട്ടെൻഷൻ തുകയായ 4,909/-രൂപയും ചേർത്ത് 2,32,848/- രൂപ ബിൽ നമ്പർ 31-3/08 പ്രകാരം 2-4-2008-ലെ 299691 നമ്പർ ഡി.ഡി. വഴി കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്.

പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ടോ എന്നതു സംബന്ധിച്ച വിവരം ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനെ തുടർന്ന് ഇതിന്റെ നിജസ്ഥിതി ആരാഞ്ഞുകൊണ്ട് ചെറുകോൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 1-8-2009-ൽ ഓഡിറ്റ് എൻക്വയറി നൽകിയതിന് 21-8-2009-ൽ സി4 /1034/09 നമ്പർ കത്തുപ്രകാരം ലഭിച്ച മറുപടിയിൽ നാളിതുവരെ പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

പമ്പാ ഇറിഗേഷൻ വക സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള പമ്പ്ഹൗസിന് വൈദ്യുതി കണക്ഷൻ ലഭിക്കാൻ അനുമതി ലഭിച്ചിട്ടില്ലാത്തതിനാലാണ് കമ്മീഷൻ ചെയ്യാൻ കഴിയാത്തതെന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത സ്ഥലത്തിന്റെ ആധികാരികമായ അവകാശം ഉറപ്പുവരുത്താതെ പദ്ധതി നടപ്പിലാക്കിയതുമൂലം ഉണ്ടായ അപാകതയാണ് ഇത്തരത്തിലുള്ള ഒരു പ്രതിസന്ധി ഉണ്ടാകാൻ കാരണമായിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്ത് വക പദ്ധതി വിഹിതം 2,92,312/-രൂപ ചെലവഴിച്ച് പണി പൂർത്തീകരിച്ച പ്രോജക്ട് കമ്മീഷൻ ചെയ്യാൻ കഴിയാതെ വന്നതു സംബന്ധിച്ച് ഭരണ വകുപ്പ് അന്വേഷണം നടത്തുകയും പദ്ധതി മോണിറ്ററിങ്ങിൽ വീഴ്ച

വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുക പാഴ്ചെലവായി പരിണമിക്കാതെ പദ്ധതി കമ്മീഷൻ ചെയ്യാൻ വേണ്ട തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

*ഉത്തരവാദികളായ ഉദ്യോഗസ്ഥർ*

1. *ശ്രീ.കെ.ആർ.തങ്കപ്പൻ. സെക്രട്ടറി (രോഹിണി, മലമേക്കര.പി.ഒ, അടൂർ)*
2. *ശ്രീ.കെ.വി.അരവിന്ദാക്ഷൻ, അസിസ്റ്റന്റ് എഞ്ചിനീയർ.*

## 5.2.17. അടൂർ നഗരസഭ

### 5.2.17.(1)ഖരമാലിന്യ സംസ്ക്കരണം – ദീർഘ വീക്ഷണമില്ലാത്ത പ്രോജക്ട്

**ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ: 3-1**

| | |
|---|---|
| ✦ | ***സ്ഥല ലഭ്യത പരിഗണിക്കാതെ പദ്ധതി ആരംഭിച്ചു.*** |
| ✦ | ***2.5 ഏക്കർ ഭൂമി ആവശ്യമായ പദ്ധതിക്ക് ലഭ്യമായത് 77.5 സെന്റ് മാത്രം.*** |
| ✦ | ***മുൻകൂർ നൽകിയ 10 ലക്ഷം രൂപ നഷ്ടമായി.*** |

അടൂർ നഗരസഭയിൽ 2004-05 സാമ്പത്തിക വർഷം ക്ലീൻ കേരളമിഷന്റെ സഹായത്തോടെ ഖരമാലിന്യ സംസ്ക്കരണം എന്ന പദ്ധതി നടപ്പിലാക്കുന്നതിന് കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ 40 ലക്ഷം രൂപയുടെ പ്രോജക്ട് സമർപ്പിച്ചു. ഈ പ്രോജക്ട് 19-11-2004-ൽ കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. പ്രോജക്ട് നടപ്പിലാക്കുന്നതുവഴി വളം വില്പനയിലൂടെ 3.24 ലക്ഷം രൂപ പ്രതിമാസ വരവും 2.50 ലക്ഷം രൂപ പ്രതിമാസ ചെലവും പ്രതീക്ഷിക്കുന്നതായി പ്രോജക്ടിൽ കാണുന്നു. പ്രോജക്റ്റിന് ക്ലീൻ കേരളാമിഷന്റെയും സർക്കാരിന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. നഗരസഭയും ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ 752349/23-07-2005 നമ്പർ ഡി.ഡി. പ്രകാരം 10 ലക്ഷം രൂപ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് അഡ്വാൻസായി നൽകിയിട്ടുണ്ട്.

നഗരസഭയുടെ കൈവശമുള്ളത് കേവലം 77.5 സെന്റ് ഭൂമി മാത്രമാണ്. ആ സ്ഥലം പരിശോധിയ്ക്കാതെ 2.5 ഏക്കർ സ്ഥലം ആവശ്യംവരുന്ന പ്രോജക്ട് റിപ്പോർട്ടാണ് ആഗ്രോ ഇൻഡ്സ്ട്രീസ് കോർപ്പറേഷൻ നഗരസഭയ്ക്ക് നൽകിയത്. കരാർ പ്രകാരം നഗരസഭ ഉടനടി സ്ഥലം വിട്ടുകൊടുക്കുകയും വൈദ്യുതിയും വെള്ളവും ലഭ്യമാക്കുകയും ചെയ്യണം. ടി സ്ഥലം കുന്നിൻ പ്രദേശമായിരുന്നതിനാൽ ഇടിച്ച് നിരത്തി ലെവൽ ചെയ്ത് അനുയോജ്യമാക്കി പ്ലാന്റ് സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുകയുണ്ടായി.

പുതിയ ഭരണസമിതി അധികാരത്തിൽവന്ന സാഹചര്യത്തിൽ ടി പ്രോജക്ട് നടപ്പിൽ വരുത്തുന്നതിനുള്ള കാലതാമസം ചർച്ച ചെയ്യുകയും സർക്കാർ സ്ഥാപനമായ ആഗ്രോ ഇൻഡസ്ട്രീസിനെ ഒഴിവാക്കി മുൻകൂർ നൽകിയ 10 ലക്ഷം രൂപ തിരിച്ച് പിടിക്കുന്നതിനും അതനുസരിച്ച് വെർമി കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവയ്ക്ക് വീണ്ടും ക്വട്ടേഷൻ വിളിക്കുന്നതിനും തീരുമാനിച്ചു. ആയത് പ്രകാരം 3 സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചു.

(1) കാസർഗോഡ് സർവ്വീസ് സൊസൈറ്റി
(2) കോർ ഫൗണ്ടേഷൻ
(3) ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

ലഭിച്ച ക്വട്ടേഷനിൽ ബയോഗ്യാസ് പ്ലാന്റിൽ മാത്രം കോട്ട് ചെയ്ത ആഗ്രോ ഇൻഡസ്ട്രീസിനെ ഒഴിവാക്കി മറ്റ് രണ്ട് സ്ഥാപനങ്ങളുമായി ചർച്ചചെയ്ത് കാസർഗോഡ് സർവ്വീസ് സൊസൈറ്റിയുടെ വെർമികമ്പോസ്റ്റിന് 14.27 ലക്ഷം രൂപ യുടെ പദ്ധതി അംഗീകരിയ്ക്കുകയുണ്ടായി. 3 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കണമെന്നാണ് ഈ സ്ഥാപനവുമായി നടത്തിയ കരാറിൽ രേഖ പ്പെടുത്തിയിട്ടുള്ളത്. ഈ സ്ഥാപനത്തിന് 7.50 ലക്ഷംരൂപ മുൻകൂർ നൽ കുകയും ചെയ്തു. എന്നാൽ ഓഡിറ്റു തീയതി വരെയും (7/08) പദ്ധതി പ്രാവർത്തി കമായിട്ടില്ല.

ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയ 10 ലക്ഷം രൂപ തിരികെ പിടിക്കേണ്ടതും പദ്ധതി നടപ്പിലാക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരി യ്ക്കേണ്ടതുമാണ്.

വൻതുക മുതൽ മുടക്കുള്ള ഈ പദ്ധതിക്ക് നഗരസഭ സ്ഥലത്തിന്റെ ലഭ്യത ഉറപ്പാക്കിയതായി കാണുന്നില്ല. ആസൂത്രിതമായി പദ്ധതികൾ നടപ്പാക്കുന്നതിന് പകരം കാലാകാലങ്ങളിൽ അധികാരമേൽക്കുന്ന ഭരണസമിതികൾ നഗരസഭയുടെ സാമ്പത്തിക നഷ്ടം കണക്കാക്കാതെയും ജനനന്മ ലക്ഷ്യമാക്കാതെയും പദ്ധതികൾ നടപ്പിലാക്കുന്നത് നഗരസഭയുടെ വികസനത്തിന് വിലങ്ങുതടിയായി ഭവിക്കുന്നു.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥർ:</u>*
*ശ്രീ.കെ.പ്രേംകുമാർ, മുനിസിപ്പൽ സെക്രട്ടറി.,*
*മഡോണ, പാപ്പനംകോട്, തിരുവനന്തപുരം.*

## തൃശൂർ ജില്ല

## 5.2.18. തൃശൂർ ജില്ലാപഞ്ചായത്ത്

### 5.2.18.(1) വാങ്ങി നൽകിയ ടാറിന്റെ വില ഈടാക്കിയില്ല - നഷ്ടം 93,498/- രൂപ

**ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 2-53**

13.2.04ലെ ചെക്ക് നമ്പർ 847600 പ്രകാരം പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് ചക്കാലയ്ക്കൽ അമ്പലം റോഡിന്റെ ടാറിങ്ങ് ജോലിക്കായി 93498/-രൂപ ചെലവിൽ 7600 കിലോ ടാർ വാങ്ങി നൽകി. എന്നാൽ ഫൈനൽ ബില്ലിൽ പഞ്ചായത്തിൽ നിന്ന് നല്കിയ ടാറിന്റെ വില കുറവ് ചെയ്തിട്ടില്ലാത്തതിനാൽ ജില്ലാ പഞ്ചായ ത്തിന് 93,498/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഫൈനൽ ബില്ലിന്റെ മെമ്മോറാണ്ടം പേമെന്റ്സ് താഴെ ചേർക്കുന്നു.

| | | |
|---|---|---|
| ജോലിയുടെ ആകെ മൂല്യം (ടാക്സ് ഉൾപ്പെടെ) : | | 4,66,700 |
| *കുറയ്ക്കുക:-* | | |
| മൊബി. അഡ്വാൻസ് | : 50,000 | |
| ധാന്യം | : 1,60,432 | |
| സെയിൽസ് ടാക്സ് | : 37,154 | |
| ക്ഷേമനിധിവിഹിതം | : 3,963 | |
| ഗണ്ണി ബാഗ് | : 2,689 : | 2,54,238 |
| | | **2,12,462** |
| | | ====== |

31.8.2005ലെ 423316 നമ്പർ ചെക്ക് പ്രകാരം 2,12,462/-രൂപ കൺവീനർക്ക് നല്കിയിട്ടുണ്ട്.

26.7.05ലെ നം.ഡി3/318/EAS/SGRY/2003 നമ്പർ കത്ത് പ്രകാരം എക്സി. എഞ്ചിനീയർ ടാറിന്റെ വിലയായി 92,211 രൂപ ബില്ലിൽ കുറവു ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഫൈനൽ ബില്ലിൽ തന്നെ ടാറിന്റെ അധിക വില ഉൾക്കൊള്ളിച്ചതിനാൽ ടാറിന് യഥാർത്ഥ വിലയായ 93498/-രൂപ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കേണ്ടതാണ്. എഞ്ചിനീയറുടെ നിർദ്ദേശം പാലിക്കാതെ ഫൈനൽ പേമെന്റ് നല്കിയതിനാൽ ജില്ലാ പഞ്ചായത്തിനുണ്ടായ 93498/-രൂപയുടെ നഷ്ടത്തിന് സെക്രട്ടറി ഉത്തരവാദിയാണ്.

## 5.2.19. തൃശ്ശൂർ നഗരസഭ

### 5.2.19.(1). സ്ത്രീപദവി പഠനം 4,26,580/- രൂപ പാഴായി

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3-30***

| | |
|---|---|
| ✦ | ***പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.*** |
| ✦ | ***ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ പദ്ധതി, തയ്യാറാക്കിയത് കൈപ്പുസ്തകം - ചെലവ് 4.26 ലക്ഷം.*** |

തൃശ്ശൂർ നഗരസഭയിലെ സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ-സാംസ്കാരിക അവസ്ഥകളെക്കുറിച്ച് സർവ്വേ നടത്തി ഒരു ഡാറ്റ ബാങ്ക് ഉണ്ടാക്കുന്നതിനുവേണ്ടിയുള്ളതായിരുന്നു ഈ പദ്ധതി.

***ലക്ഷ്യങ്ങൾ:***

1. നഗരസഭയിലെ 52 ഡിവിഷനുകളിലെയും മുഴുവൻ സ്ത്രീകളുടെയും ആരോഗ്യം, വിദ്യാഭ്യാസം, സാംസ്കാരികം, തൊഴിൽപരവും വരുമാനപരവുമായ കുടുംബ പശ്ചാത്തലം, കുടുംബപദവി തുടങ്ങി എല്ലാ വിവരങ്ങളും ശേഖരിക്കുക.
2. ഈ വിവരങ്ങളെ അടിസ്ഥാനമാക്കി വനിതാ പദ്ധതികൾക്ക് രൂപം നൽകുക.
3. വിവിധ വനിതാപദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ സർവ്വേവഴി കണ്ടെത്തുക
4. തൊഴിൽ സംരംഭകരെയും, തൊഴിൽ വിദ്യാഭ്യാസമുള്ളവരെയും കണ്ടെത്തി ഉൽപാദനപ്രക്രിയയിൽ പങ്കാളികളാക്കുക.

ഈ പദ്ധതിയുടെ സാമ്പത്തിക വിശകലനം/പദ്ധതികാലയളവിലെ ചെലവ് എന്നിവ താഴെ ചേർത്തിരിക്കുന്നതു പ്രകാരമാണ്.

| ഇനം | അംഗീകരിച്ച പദ്ധതി പ്രകാരം വകയിരുത്തിയിരുന്ന ചെലവ് | പദ്ധതി നിർവ്വഹണ ഘട്ടത്തിലെ ചെലവ് |
|---|---|---|
| സൂപ്പർവൈസർ/വോളണ്ടിയർ ട്രെയിനിംഗ് | 43,000 | 42,276 |
| ചോദ്യാവലി അച്ചടി | 1,50,000 | 1,13,750 |
| സർവ്വേ/യാത്രാപ്പടി | 2,30,000 | 93,558 |
| ഡാറ്റാ ക്രോഡീകരണം/ഡാറ്റാ എൻട്രി | 40,000 | 1,66,996 |
| സർവ്വേ റിപ്പോർട്ട് പ്രസിദ്ധീകരണങ്ങൾ | 37,000 | 10,000 |
| **ആകെ** | **5,00,000** | **4,26,580** |

ഈ പദ്ധതി നടപ്പിലാക്കി സൃഷ്ടിച്ച ഡാറ്റാബാങ്കിന്റെ ഹാർഡ് കോപ്പിയും സോഫ്റ്റ് കോപ്പിയും ഓഡിറ്റിന് ഹാജരാക്കുകയുണ്ടായി.പദ്ധതി വിഭാവനം ചെയ്തിരുന്ന ലക്ഷ്യങ്ങളിൽ ഒന്നുപോലും കൈവരിയ്ക്കാനാകാത്തതായിരുന്നു അവ.

ഡാറ്റ ബാങ്കിന്റെ ഹാർഡ് കോപ്പി യഥാർത്ഥത്തിൽ 16 പേജുള്ള ഒരു കൈപ്പുസ്തകമാണ്. സ്ത്രീപദവി പഠന സർവ്വേ 2006-07 എന്ന ഈ കൈപുസ്തകത്തിൽ സ്ത്രീകളുടെ കുടുംബപരമായ വിവരങ്ങൾ ശേഖരിച്ചത് താഴെ ചേർത്തിരിക്കുന്നതു പ്രകാരമാണ്.

| *<u>അണുകുടുംബം</u>* | *<u>കൂട്ടുകുടുംബം</u>* | *<u>തനിച്ച്</u>* |
|---|---|---|
| 61% | 32% | 7% |

ഡാറ്റബാങ്ക് എന്ന പേരിൽ ഹാജരാക്കിയ ഈ കൈപുസ്തകം മുഴുവൻ മേൽ പ്രകാരം സാമാന്യവൽക്കരിച്ച ഒരു പഠന റിപ്പോർട്ടാണ്. ഇപ്രകാരം ഒരു പഠനത്തിലുപരിയായി തികച്ചും വ്യക്ത്യാധിഷ്ഠിതമായ ഒരു ഡാറ്റ ബാങ്കാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. മേൽപ്രകാരം ഒരു കൈപുസ്തകം തയ്യാറാക്കുന്നതിന് ഒരു പ്രത്യേക സർവ്വേയുടേയും പഠനത്തിന്റെയും ആവശ്യകത ഇല്ലായിരുന്നു.

സ്ത്രീ പദവി പഠന സർവ്വേ യഥാർത്ഥത്തിൽ പദ്ധതിപ്പണത്തിന്റെ ദുരുപയോഗത്തിന് ഉത്തമോദാഹരണമാണ്. പരാജയപ്പെട്ട പദ്ധതികളിൽ പലതിലും നിഷ്ക്രിയ ആസ്തികളെങ്കിലും അവശേഷിക്കുമെങ്കിലും ഇക്കാര്യത്തിൽ നഗരസഭയ്ക്ക് ഒരുതരത്തിലുള്ള നേട്ടവും അവകാശപ്പെടാനാകാത്ത വിധത്തിൽ 4,26,580/-രൂപ നഷ്ടം ഉണ്ടായിരിക്കുന്നു. ഈ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്ന് മേൽ പ്രകാരം നഷ്ടം ഈടാക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ:</u>*
*ശ്രീമതി.ചിത്രലേഖ, സി.ഡി.പി.ഒ,*
*ടൈപ്പ് III ഇ.6 ക്വാർട്ടേഴ്സ്,*
*സിവിൽ ലൈൻ, അയ്യന്തോൾ.*

## 5.2.19.(2). നീന്തൽക്കുളത്തിന് സ്ഥലം ഏറ്റെടുത്തതിൽ 83 ലക്ഷത്തിന്റെ അധിക ബാദ്ധ്യത

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-4***

| | |
|---|---|
| ✦ | *ഏറ്റെടുത്ത സ്ഥലം സർക്കാരിന് കൈമാറിയിട്ടും ബാധ്യത നഗരസഭയ്ക്ക്.* |
| ✦ | *ബാധ്യതയ്ക്ക് കാരണം റികിസിഷൻ അതോറിറ്റി എന്ന സ്ഥാനത്തുനിന്ന് നഗരസഭയെ ജില്ലാകളക്ടർ മാറ്റാതിരുന്നത്.* |
| ✦ | *ഭൂവുടമകൾക്ക് വർദ്ധിത നഷ്ടപരിഹാരം നൽകാനുള്ള ബാധ്യത നഗരസഭയ്ക്ക്.* |

19.07.1980-ലെ 9-ാം നമ്പർ തീരുമാനപ്രകാരം സർവ്വേ നമ്പർ 180, 179 പാർട്ട് 177, 188, പാർട്ട് 3125 എന്നിവയിൽപ്പെട്ട ഉദ്ദേശം 2.87 ഹെക്ടർ സ്ഥലം അക്വയർ ചെയ്ത് ഒരു സ്വിമ്മിംഗ് പൂൾ, കാർപാർക്ക്, റോഡുകൾ, വസതികൾ എന്നിവ നിർമ്മിക്കുന്ന പദ്ധതിക്ക് തൃശ്ശൂർ നഗരസഭ അംഗീകാരം നൽകി.

ഡയറക്ടർ ഓഫ് മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ തൃശ്ശൂർ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടതനുസരിച്ച് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുകയും ലാന്റ് അക്വിസിഷൻ ചാർജ്ജിനത്തിൽ 31.07.1981-ൽ 3,52,619/-രൂപ മുനിസിപ്പാലിറ്റി അടയ്ക്കുകയും ചെയ്തു. എന്നാൽ സ്ഥലമുടമ യുടെ പരാതികൾ മറ്റു നിയമനടപടികൾ എന്നിവ മൂലം സ്ഥലമേറ്റെടുക്കുന്നതിൽ പുരോഗതി ഉണ്ടായില്ല.

1987 ഡിസംബറിൽ നടക്കേണ്ട നാഷണൽ അക്വാറ്റിക്സിന്റെ ആവശ്യത്തി ലേക്ക് സ്വിമ്മിംഗ്പൂൾ നിർമ്മാണം പൂർത്തീകരിക്കേണ്ടത് ആവശ്യമായതിനാൽ 17.01.1987-നുമുമ്പായി സ്ഥലം അഡ്വാൻസ് പൊസഷൻ എടുത്ത് സ്പോർട്സ് കൗൺസിലിന് കൈമാറണമെന്ന് അന്നത്തെ നഗരസഭ ചെയർമാനും ജില്ലാ സ്പോർട്സ് കൗൺസിൽ ചെയർമാനുമായ ജില്ലാകളക്ടർ 15.01.1987-ലെ ഇ.3-69155/85-ാം നമ്പർ കത്തുപ്രകാരം നഗരസഭ കമ്മീഷണർക്ക് നിർദ്ദേശം നൽകി.

27.01.1987-ലെ ജി.ഒ.(ആർ.ടി)നം.253/87/എൽ.എ.ഡി. പ്രകാരം തൃശ്ശൂർ വില്ലേജിൽപ്പെട്ട 187/2, 188/1 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 2.0133 ഹെക്ടർ ഭൂമി സ്വിമ്മിംഗ് പൂൾ, കാർപാർക്ക് എന്നിവയ്ക്ക് അക്വയർ ചെയ്യാനും ആയത് നഗരസഭ അഡ്വാൻസ് പൊസഷൻ എടുത്ത് ജില്ലാകളക്ടർക്ക് കൈമാറാനും സർക്കാർ ഉത്തരവിറക്കി. ഈ അക്വിസിഷൻ സംബന്ധിച്ച് മുനിസിപ്പാലിറ്റിയുടെ ബാദ്ധ്യത 10 ലക്ഷം രൂപയായും ഈ ഉത്തരവുപ്രകാരം സർക്കാർ നിജപ്പെടുത്തി.

10.02.1987-ൽ മുനിസിപ്പാലിറ്റി സ്ഥലം അഡ്വാൻസ് പൊസഷൻ എടുക്കു കയും സ്ഥലമുടമകളുടെയും ഏറ്റെടുത്ത സ്ഥലത്തിന്റെയും വിശദാംശങ്ങൾ 06.06.87-ലെ പി.ഡബ്ല്യു.13/2852/86-ാം നമ്പർ കത്തിൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ)യ്ക്ക് കൈമാറുകയും ചെയ്തു. അതനുസരിച്ച് 32 സ്ഥലമുടമകളുടെ 1.960 ഹെക്ടർ സ്ഥലമാണ് ഏറ്റെടുത്തത്. ഈ സ്ഥലത്ത് സ്പോർട്സ് കൗൺസിൽ അക്വാറ്റിക്സ് കോംപ്ലക്സിന്റെ നിർമ്മാണം നടത്തിയതായും 02.04.88-ലെ കത്തിൽ ജില്ലാ കളക്ടർ പരാമർശിച്ചിട്ടുണ്ട്.

സ്വിമ്മിംഗ് പൂളിന് ആവശ്യമായ സ്ഥലം അക്വയർ ചെയ്തിട്ടുള്ളതിന് അവാർഡ് സംഖ്യ കൂടാതെ ഭാവിയിൽ ഉണ്ടായേക്കാവുന്ന എല്ലാ സാമ്പത്തിക ബാദ്ധ്യതകളും സർക്കാർ ഏറ്റെടുക്കുകയാണെങ്കിൽ അവാർഡ് സംഖ്യയിൽ 10 ലക്ഷം രൂപ അടച്ചത് കിഴിച്ച് ബാക്കി 6.50 ലക്ഷം രൂപ കൂടി അടയ്ക്കുന്നതിനും സ്വിമ്മിംഗ് പൂൾ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഈ വ്യവസ്ഥയ്ക്ക് വിധേയമായി സർക്കാരിനെ ഏൽപ്പിക്കുന്നതിനും 17.02.1989-ൽ 2-ാം നമ്പരായി കൗൺസിൽ തീരുമാനിച്ചു.

03.04.1989-ൽ പലിശയുൾപ്പെടെ 6.80 ലക്ഷം മുനിസിപ്പാലിറ്റി അടയ്ക്കുകയും മേൽവ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്വിമ്മിംഗ് പൂളിനായി ഏറ്റെടുത്ത സ്ഥലം 28.05.1989-ൽ ഒപ്പുവെച്ച കരാർപ്രകാരം (ട്രാൻസ്ഫർ ബൈ ഗിഫ്റ്റ് ഉടമ്പടി) തൃശ്ശൂർ ജില്ലാ സ്പോർട്സ് കൗൺസിൽ ചെയർമാൻ (ജില്ലാ കളക്ടർ) കൈമാറുകയും ചെയ്തു. കൈമാറിയ സ്ഥലത്തിന്റെ സ്കെച്ച് ഉൾപ്പെടെയുള്ള വിശദവിവരങ്ങൾകൂടി ഉൾപ്പെടുത്തി 05.03.1990-ൽ ഈ ഉടമ്പടി പുതുക്കി ഒപ്പുവെച്ചു. ഇതോടെ സ്വിമ്മിംഗ് പൂളിനായി നഗരസഭ ഏറ്റെടുത്ത ഭൂമിയുടെ എല്ലാവിധ ബാദ്ധ്യതകളിൽ നിന്നും മുനിസിപ്പാലിറ്റി ഒഴിവാക്കപ്പെട്ടുവെങ്കിലും റിക്വിസിഷൻ അതോറിറ്റി എന്ന നിലയിൽ നിന്നും മുനിസിപ്പാലിറ്റിയെ ഒഴിവാക്കാൻ ജില്ലാകളക്ടർ നടപടി സ്വീകരിച്ചില്ല.

നീന്തൽക്കുളം നിർമ്മിക്കാനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ ഓഫീസറുടെ 17.04.1989-ലെ 2/89-ാം നമ്പർ അവാർഡ്, 14.01.04-ലെ 1/2004-ാം നമ്പർ അവാർഡ് എന്നിവയ്ക്കെതിരെ അസംതൃപ്തരായ ഭൂവുടമകൾ വർദ്ധിത നഷ്ടപരിഹാര തുകയ്ക്കായി (എൻഹാൻസ്ഡ് കോമ്പൻസേഷൻ) നിരവധി എൽ.എ.ആർ. (ലാന്റ് അക്വിസിഷൻ റഫറൻസ്) കേസുകൾ പിന്നീട് ഫയൽ ചെയ്തു. ഇത്തരത്തിൽ ആദ്യമായി ഫയൽ ചെയ്യപ്പെട്ടത് എൽ.എ.ആർ.23/91 നമ്പർ കേസ്സാണെന്ന് കാണുന്നു. ശ്രീമതി.ദേവകിയമ്മ മുതൽപേർ ഫയൽ ചെയ്ത ഈ കേസ് തൃശ്ശൂർ സബ് കോർട്ട് പരിഗണിക്കുമ്പോൾ ലാന്റ് അക്വിസിഷൻ ഓഫീസർ മാത്രമായിരുന്നു എതിർകക്ഷി. റിക്വിസിഷൻ അതോറിറ്റി എന്ന സ്ഥാനത്തു നിന്നും മുനിസിപ്പാലിറ്റി ഒഴിവാക്കപ്പെടാതിരുന്നതിനാൽ ജില്ലാ കളക്ടർ (ലാന്റ് അക്വിസിഷൻ ഓഫീസർ) ഈ കേസിലെ ഡിക്രി തുകയുടെ ബാദ്ധ്യത മുനിസിപ്പാലിറ്റിക്ക് കൈമാറി.

ഇതിനിടെ നഗരസഭ റിക്വിസിഷനിംഗ് അതോറിറ്റി ആയി മറ്റ് ആവശ്യങ്ങൾക്കായി ഏറ്റെടുത്ത ഭൂമികളുടെ അവാർഡ് തുകകൾ സംബന്ധിച്ച് ഫയൽ ചെയ്യപ്പെട്ട വിവിധ കേസുകളിൽ നഗരസഭയുടെ വിശദീകരണം കേൾക്കാതെയാണ് വർദ്ധിത നഷ്ടപരിഹാരം കോടതി വിധിച്ചിട്ടുള്ളതെന്നും അത്തരം എല്ലാ കേസുകളിലും നഗരസഭയെക്കൂടി കക്ഷി ചേർക്കണമെന്നും ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്യപ്പെട്ടു. 22 എൽ.എ.ആർ കേസുകളാണ് ഇപ്രകാരം ഹൈക്കോടതിയുടെ ഉത്തരവിനായി നഗരസഭ സമർപ്പിച്ചത്. എന്നാൽ ഇതിൽ ഒരു കേസ് ഒ.പി. നമ്പർ.14017/96 എന്നത് മുൻപറഞ്ഞ എൽ.എ.ആർ.23/91 സംബന്ധിച്ചായിരുന്നു. 06.01.1998ലെ പൊതു ഉത്തരവിൽ വിധിക്കടം കെട്ടിവെക്കുന്നത് സംബന്ധിച്ച ചില ഉപാധികളോടെ മുനിസിപ്പാലിറ്റിയെക്കൂടി കക്ഷി ചേർത്ത് കേസ് വീണ്ടും പരിഗണിക്കുവാൻ ബഹു.ഹൈക്കോടതി കീഴ്ക്കോടതിയ്ക്ക് നിർദ്ദേശം നൽകി.

ബഹു.ഹൈക്കോടതി നിർദ്ദേശിച്ച ഉപാധികളോടെയുള്ള ഉത്തരവിനെതിരെ സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്യുകയും കീഴ്കോടതി വിധിച്ച വർദ്ധിത നഷ്ടപരിഹാരത്തുകയുടെ 50% കെട്ടിവെക്കണമെന്ന നിബന്ധനയോടെ 24.02.1998-ൽ ബഹു.സുപ്രീംകോടതി സ്റ്റേ അനുവദിക്കുകയും ചെയ്തു. ഇക്കാര്യം നിലനിർത്തിക്കൊണ്ട് 11.05.1999-ൽ ബഹു കോടതിയുടെ അന്തിമവിധി ഉണ്ടാവുകയും ചെയ്തു.

ഇപ്രകാരം എൽ.എ.ആർ.23/91 കേസുകൂടി ഉൾപ്പെടുത്തി ഹൈക്കോടതിയിൽ ഒ.പി.ഫയൽ ചെയ്യപ്പെട്ട് മേൽപ്പറഞ്ഞ പ്രകാരം വിധിയുണ്ടായതിനാൽ നഗരസഭയ്ക്ക് ബാദ്ധ്യതയില്ലാത്ത സ്വിമ്മിംഗ്പൂൾ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് പിന്നീട് ഫയൽ ചെയ്യപ്പെട്ട 14 എൽ.എ.ആർ കേസുകളിൽ കൂടി മേൽപറഞ്ഞ കോടതി ഉത്തരവുകളുടെ ചുവടുപിടിച്ച് നഗരസഭ എതിർകക്ഷി ആകാൻ കാരണമായി. അതുമൂലം കക്ഷികൾ വിധിക്കടം ഈടാക്കിയെടുക്കാൻ ഫയൽ ചെയ്യുന്ന എക്സിക്യൂഷൻ പെറ്റീഷനുകളിലും നഗരസഭയും കക്ഷിയാക്കപ്പെട്ടു. അങ്ങിനെ വിധിക്കടബാദ്ധ്യതയിൽ നിന്നും മുനിസിപ്പാലിറ്റിക്ക് മോചനമില്ലാതായി. എൽ.എ.ആർ.23/91 നമ്പർ കേസിൽ കീഴ്കോടതി നഗരസഭയെക്കൂടി കക്ഷിചേർത്ത് വിചാരണ നടത്തിയ അവസരത്തിലും ഏറ്റെടുത്ത ഭൂമി സംബന്ധിച്ച് ബാദ്ധ്യതകളിൽ നിന്നും തങ്ങളെ സർക്കാർ ഒഴിവാക്കിയിട്ടുള്ളതാണെന്നും ഭൂമി സ്പോർട്സ് കൗൺസിലിന് കൈമാറപ്പെട്ടതാണെന്നുമുള്ള കാര്യം കോടതിയെ അറിയിച്ചതായി 30.10.1999-ൽ ഉണ്ടായ വിധിന്യായത്തിൽ കാണുന്നില്ല. ഈ കേസിൽ മുനിസിപ്പാലിറ്റി ഫയൽചെയ്ത അഫിഡവിറ്റ് മുനിസിപ്പാലിറ്റിയിൽ ഇപ്പോൾ ലഭ്യമല്ല.

എന്നാൽ പിന്നീട് ഫയൽ ചെയ്യപ്പെട്ട എൽ.എ.ആർ.46/2004 കേസിന്റെയും 83/2005 കേസിന്റെയും വിചാരണ വേളയിൽ സ്വിമ്മിംഗ് പൂളിന് സ്ഥലമേറ്റെടുത്തതുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് ബാദ്ധ്യത ഇല്ലാത്തതിനാൽ നഗരസഭയെ എതിർകക്ഷി ആക്കരുതെന്നും പകരം സ്പോർട്സ് കൗൺസിലിനെ എതിർകക്ഷിയാക്കി കേസ് തീർപ്പാക്കണമെന്നും അപേക്ഷിച്ചെങ്കിലും കോടതി അതു പരിഗണിച്ചില്ല. മാത്രമല്ല എൽ.എ.ആർ.83/2005 നമ്പർ കേസിന്റെ 07.02.2008-ലെ വിധിന്യായത്തിൽ റിക്വിസിഷൻ അതോറിറ്റി നഗരസഭ ആയതിനാൽ സ്പോർട്സ് കൗൺസിൽ ഒരു കക്ഷിയല്ല എന്നാണ് തൃശ്ശൂർ സബ് കോടതി ഉത്തരവായത്.

1996 മുതൽ ഫയൽ ചെയ്യപ്പെട്ട എൽ.എ.ആർ കേസുകളും ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന അപ്പീലുകളും മിക്കവാറും തീർപ്പാക്കപ്പെട്ടിരിക്കുന്നു. 14.07.2007-ൽ നഗരസഭയുടെ കൗൺസിൽ-അഡ്വ.കെ. ബി.മോഹൻദാസ് നൽകിയ നിയമോപദേശം അനുസരിച്ച് ഈ സ്ഥിതിയിൽ മുനിസിപ്പാലിറ്റിയെ (ഇപ്പോൾ കോർപ്പറേഷൻ) വിധിക്കട ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കി ജില്ലാ സ്പോർട്സ് കൗൺസിലിനെ കക്ഷിചേർക്കുന്ന കാര്യം നിയമപരമായി അനുവദനീയമല്ലെന്ന് അറിയിച്ചു. ആയതിനാൽ ഇക്കാര്യത്തിൽ നിയമപരമായ പരിഹാരം അവശേഷിക്കുന്നില്ല.

സ്പോർട്സ് കൗൺസിലിന് സ്വിമ്മിംഗ് പൂൾ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി സ്ഥലമേറ്റെടുത്തതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന 15 എൽ.എ.ആർ. കേസുകളിൽ ഇതുവരെയായി 31.03.2009 വരെ 99,50,010/-രൂപ വർദ്ധിത നഷ്ടപരിഹാരമായി കോടതിവിധി പ്രകാരം നഗരസഭയിൽ നിന്നും ലാന്റ് അക്വിസിഷൻ ഓഫീസർ ആവശ്യപ്പെട്ടതനുസരിച്ച് ഒടുക്കിയിട്ടുണ്ട്.

നീന്തൽക്കുളത്തിന് സ്ഥലമേറ്റെടുത്തതിൽ നഗരസഭയ്ക്ക് 16.50 ലക്ഷം രൂപയുടെ ബാദ്ധ്യത മാത്രമാണ് ഉള്ളതെന്നും ഭാവിയിലുള്ള എല്ലാ ചെലവുകളും സർക്കാരിന്റെ ഉത്തരവാദിത്വം ആയിരിക്കുമെന്നും വ്യക്തമായ സർക്കാർ ഉത്തരവുകൾ നിലവിലുള്ളതിനാലും ഏറ്റെടുത്ത സ്ഥലം വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കൗൺസിലിന് കൈമാറിയിട്ടുള്ളതിനാലും വർദ്ധിത നഷ്ടപരിഹാര തുകയിനത്തിൽ നഗരസഭ തെറ്റായി അടച്ചുപോയ വൻതുക തിരിച്ചുനൽകണമെന്ന് കാണിച്ച് വൈകിയാണെങ്കിലും സർക്കാരിലേക്കും സ്പോർട്സ് കൗൺസിലിലേക്കും പലവട്ടം അപേക്ഷിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ ഇതുവരെ തീരുമാനമുണ്ടായിട്ടില്ല. ഈ തുക നഗരസഭയ്ക്ക് തിരിച്ചുകിട്ടാനുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നതായി കളക്ടറേറ്റിൽ നിന്നും വിവരം ലഭിച്ചിട്ടുണ്ട്.

നീന്തൽക്കുളത്തിന് സ്ഥലം ഏറ്റെടുത്തതിനാൽ നഗരസഭയ്ക്ക് വന്ന അധിക ബാദ്ധ്യത തുക (83,00,010/-രൂപ) സർക്കാരിൽ നിന്നും തിരിച്ചുലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 5.2.20. ഗുരുവായൂർ നഗരസഭ

### 5.2.20.(1). അടഞ്ഞുകിടന്ന കെട്ടിടത്തിൽ രണ്ടുതവണ മൊസൈക്ക്പോളിഷിംഗ്

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3-17***

| | |
|---|---|
| ✦ | *പുതിയ ഷോപ്പിംഗ് കോംപ്ലക്സിന്റെ മൊസൈക്കിൽ ആദ്യ പോളിഷിംഗ് 2004 ജനുവരിയിൽ.* |
| ✦ | *അടഞ്ഞുകിടന്ന കെട്ടിടത്തിൽ 2005 ജനുവരിയിൽ വീണ്ടും പോളിഷിംഗ്.* |
| ✦ | *നഷ്ടം: 1,41,719/-രൂപ.* |

ഗുരുവായൂർ നഗരസഭ ടൗൺ ഹാളിനു സമീപത്തെ കുട്ടിക്കൃഷ്ണൻ മെമ്മോറിയൽ ഷോപ്പിങ്ങ് കോംപ്ളക്സിന്റെ പുതിയതായി പണിതതും ഉപയോഗിക്കാതെ കിടക്കുന്നതുമായ ഒന്നാംനിലയുടെ മൊസൈക്ക് പോളിഷിങ്ങ് ഒന്നര വർഷത്തിനകം വീണ്ടും നടത്തിയതായി കാണുന്നു.

ഷോപ്പിങ്ങ് കോംപ്ളക്സിന്റെ രണ്ട് നിലകളോടു കൂടിയ കെട്ടിടത്തിന്റെ നിർമ്മാണം കേരളാ കൺസ്ട്രക്ഷൻ കോർപ്പറേഷൻ 64 ലക്ഷം രൂപയ്ക്ക് നടത്തിയിരുന്നു. ഈ പ്രവൃത്തിയുടെ ഒന്നാം നിലയിലെ മൊസൈക്ക് ഇടുന്നതിനും പോയിന്റിങ്ങിനും പോളിഷിങ്ങിനും ഉൾപ്പെടെ (819.94 ച.മീ.) 1,93,643/- രൂപ അവസാന പ്രവൃത്തി ബില്ലിൽ (വൗച്ചർ നമ്പർ 35-1/04 തീയതി 09.01.04, അളവ് പുസ്തകം 14/02-03 പേജ് 42) അനുവദിച്ചിരുന്നതാണ്. 2003 ഡിസംബർ മാസത്തിലാണ് ഈ പ്രവൃത്തി നടത്തിയത്.

ഷോപ്പിങ്ങ് കോംപ്ളക്സിന്റെ ബാക്കിയുള്ള പണികൾ നടത്തണമെന്നു 24.06.05-ലെ അടിയന്തിര നിർദ്ദേശത്തെ തുടർന്ന് തയ്യാറാക്കിയ 5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ ജനൽ, വാതിൽ എന്നിവ ഫിറ്റിങ്ങും, മൊസൈക്ക് പോളിഷിങ്ങും ഉൾപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് പ്രവൃത്തി നടത്തുന്നതിന് എസ്റ്റിമേറ്റ് നിരക്കിലുള്ള ശ്രീ.സി.പി.വിനോദിന്റെ ടെണ്ടർ 01.02.06-ലെ കൗൺസിൽ അംഗീകരിച്ചു.

ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ (വൗച്ചർ നമ്പർ 34-10/06 തിയ്യതി 25.10.06, അളവുപുസ്തകം 20/04-05, പേജ് 50) ഇനം (6) പ്രകാരം ഒന്നാം നില മൊസൈക്ക് പോളിഷിങ്ങിന് (965.39 ച.മീ.) 1,41,719/-രൂപയും കരാറുകാരന് അനുവദിച്ചിരുന്നു.

2003 ഡിസംബർ മാസത്തിൽ മൊസൈക്ക് ഇട്ട് പോളിഷിങ്ങ് നടത്തിയ സ്ഥലത്ത് 6/05-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ വീണ്ടും പോളിഷിങ്ങ് നടത്തിയതിന്റെ ആവശ്യം വിശദീകരിച്ചിട്ടില്ല. ഈ കെട്ടിടം വാടകയ്ക്ക് നൽകിയിരുന്നുമില്ല. അടഞ്ഞുകിടക്കുന്ന കെട്ടിടത്തിന്റെ മൊസൈക്ക് പോളിഷിങ്ങ് ഒന്നര വർഷത്തിനുള്ളിൽ വീണ്ടും നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അംഗീകാരം നൽകുകയും ചെയ്ത മുനിസിപ്പൽ എഞ്ചിനീയർ, കൗൺസിലർമാർ, മുനിസിപ്പൽ സെക്രട്ടറി എന്നിവരിൽനിന്ന് വിശദീകരണം വാങ്ങേണ്ടതും ഒഴിവാക്കാമായിരുന്ന 1,41,719/-രൂപ നഗരസഭയ്ക്ക് ബാദ്ധ്യത വരുത്തിയതിന് ഉത്തരവാദിയായവരിൽ നിന്ന് പലിശയടക്കം (ഈ കെട്ടിടം നിർമ്മിക്കുന്നതിന് 17% പലിശ നിരക്കിലാണ് 40 ലക്ഷം രൂപ കെ.യു.ഡി.എഫ്.സി.യിൽ നിന്ന് വായ്പ എടുത്തത്) ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി സ്ലിപ്പ് നമ്പർ-5 തിയ്യതി 04.04.09).

## ഇടുക്കി ജില്ല

## 5.2.21. വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്

### 5.2.21.(1). നിഷ്ഫലമായ ജലസേചന പദ്ധതി - പാഴ്ചെലവ് 17,50,000/-രൂപ:

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ:3-7*

| | |
|---|---|
| ✦ | *ജലസേചന പദ്ധതിക്കായി വാങ്ങിയ ഉപകരണങ്ങൾ പലതും എംബുക്കിലും സൈറ്റിലും ഇല്ല.* |
| ✦ | *സൈറ്റിൽ കണ്ടവ തുരുമ്പിച്ച നിലയിൽ.* |
| ✦ | *പമ്പ് ഹൗസുകളിൽ വൈദ്യുതി എത്തിയില്ല.* |
| ✦ | *പമ്പ് ഹൗസ് വീടുപോലെ ഉപയോഗിക്കുന്നു, പമ്പ് സെറ്റ് കണ്ടെത്തിയത് കട്ടിലിനടിയിൽ.* |
| ✦ | *മഴക്കാലമായിട്ടും ബൂസ്റ്റർ ടാങ്കിൽ വെള്ളമില്ല.* |

വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ മുൻ 14-ാം വാർഡിൽ മ്ലാമല- ഇണ്ടൻ പ്രദേശത്തെ 300 ഓളം കർഷകരുടെ 15 ഹെക്ടറിൽ വ്യാപിച്ചു കിടക്കുന്ന കൃഷിഭൂമിക്ക് വേനൽക്കാലങ്ങളിൽ ഉണ്ടാകുന്ന ജലലഭ്യതയുടെ അപര്യാപ്തത മൂലം കൃഷിനാശവും കുടിവെള്ള ക്ഷാമവും അനുഭവപ്പെടുന്നതിന് പരിഹാരമായി ചെറുകിട ജലസേചനത്തിൽ ഉൾപ്പെടുത്തി 1999-00 വർഷത്തിൽ ജനറൽ വിഭാഗം ഉൽപാദന മേഖലയിൽ തുടങ്ങിയ പദ്ധതിയാണിത്.

കുളം, പമ്പ്ഹൗസ്, ബൂസ്റ്റർ ടാങ്ക് (25000 ലിറ്റർ), ബൂസ്റ്റർ പമ്പ്ഹൗസ്, വാട്ടർടാങ്ക് (50000 ലിറ്റർ) എന്നിവ പണിയുകയും മോട്ടോർ-പമ്പുകൾ, പൈപ്പ് ലൈനുകൾ തുടങ്ങി അനുബന്ധ സാമഗ്രികൾ സ്ഥാപിക്കുകയും ചെയ്യുക എന്നതായിരുന്നു വിഭാവനം ചെയ്തിരുന്ന പദ്ധതിയുടെ രൂപരേഖ. പദ്ധതിക്കായി താഴെ വിശദമാക്കിയ പ്രകാരം 1749992/-രൂപ ചെലവഴിച്ചിട്ടുണ്ട്.

| | തുക (രൂപ) | ചെക്ക് നമ്പർ/തീയതി |
|---|---|---|
| 1999-00 മൊബിലൈസേഷൻ അഡ്വാൻസ് | 75,000 | 641412/28.03.00 |
| 2000-01 സെക്കേർഡ് അഡ്വാൻസ് | 35,462 | 700215/06.07.00 |
| സെക്കേർഡ് അഡ്വാൻസ് | 72,772 | 700226/27.7.00 |
| സിഡ്കോയ്ക്ക് നൽകിയത് (ബിൽ.512/16.9.00) | 2,53,400 | 700264/16.09.00 |
| സിഡ്കോയ്ക്ക് നൽകിയത് (ബിൽ.512/16.9.00) | 2,13,000 | 700273/26.09.00 |
| സിഡ്കോയ്ക്ക് നൽകിയത് (ബിൽ.513/16.9.00) | 3,68,819 | 700274/27.09.00 |
| പാർട്ട് ബിൽ | 1,17,410 | 123704/30.01.01 |
| 2001-02 പാർട്ട് ബിൽ | 1,53,784 | 123792/05.12.01 |
| കെ.എസ്.ഇ.ബി.ഡെപ്പോസിറ്റ് | 1,37,000 | 807727/30.03.02 (ക്യാഷ്ബുക്ക് പ്രകാരം) |
| 2002-03 പാർട്ട് ബിൽ | 73,659 | 979515/27.11.02 |
| 2004-05 ടാക്സ് & നിർമ്മാണ തൊഴിലാളി ക്ഷേമനിധി | 77,000 | ബിൽ.നം.79/04-05 |
| 2005-06 ടാക്സ് | 17,913 | 203629/08.05.05 |
| ഫൈനൽ ബിൽ | 42,812 | |
| മൊബിലൈസേഷൻ അഡ്വാൻസ് | 50,000 | 859672/04.04.06 |
| 2006-07 ടാക്സ് & നിർമ്മാണ തൊഴിലാളി ക്ഷേമനിധി | 18,288 | 864828/16.08.06 |
| ഫൈനൽ ബിൽ | 43,673 | |
| **ആകെ** | **17,49,992** | |

***<u>പദ്ധതി നടത്തിപ്പ് രേഖകളിലൂടെ ചുരുക്കത്തിൽ:</u>***

പല ഘട്ടങ്ങളായി പൂർത്തിയാക്കുവാൻ തീരുമാനിച്ചിരുന്ന ഈ പദ്ധതിക്ക് 1999-2000-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് താഴെ പറയും പ്രകാരമാണ്.

***<u>അടങ്കലിന്റെ സംഗ്രഹം</u>***

| | | ഇനം | തുക(രൂപ) |
|---|---|---|---|
| അനുബന്ധം | എ | കുളം നിർമ്മാണം | 2,39,290 |
| | ബി | കുളത്തിനടുത്ത് മോട്ടോർപുരനിർമ്മാണം | 39,432 |
| | സി | സമ്പ്-ടാങ്ക് നിർമ്മാണം (25000 ലിറ്റർ) | 1,07,900 |
| | ഡി | സമ്പ് ടാങ്കിനടുത്ത് മോട്ടോർപുര നിർമ്മാണം | 37,209 |
| | ഇ | സ്റ്റോറേജ് ടാങ്ക് (50000 ലിറ്റർ) | 1,79,864 |
| | എഫ് | മോട്ടോർ-പമ്പ് സെറ്റ്, പൈപ്പ് ലൈൻ | 8,17,385 |
| | | **ആകെ** | **14,21,080** |
| | | മാനേജ്മെന്റ് ചാർജ്ജുകൾ | 1,42,108 |
| | | അപ്രതീക്ഷിത ചെലവുകൾ | 6,812 |
| **ആകെ** | | | **15,70,000** |

1999-2000ലെ ഗുണഭോക്തൃ കമ്മിറ്റി കൺവീനറായ കെ.ജെ.ആന്റണി 27.3.00-ൽ പഞ്ചായത്തുമായി ഒപ്പുവച്ച 8/99-00-ാം നമ്പർ ഉടമ്പടി പ്രകാരം 75,000/- രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി. തുടർന്ന് 2000-01-ൽ സാധനങ്ങൾ വാങ്ങി കുളം, പമ്പ് ഹൗസുകൾ, വാട്ടർ ടാങ്കുകൾ എന്നിവയുടെ പണിതുടങ്ങി. മോട്ടോർ-പമ്പ്, പൈപ്പുകൾ, അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങുവാൻ പഞ്ചായത്തിൽ നിന്നും സിഡ്കോയ്ക്ക് പണം നൽകി. സിഡ്കോ ഈ സാധനങ്ങൾ 7/2000-ൽ സപ്ളൈ ചെയ്യുകയും ചെയ്തു. 06.12.04-ൽ വാർഡു മെമ്പർ ശ്രീ.എസ്.

രാജൻ നൽകിയ പൂർത്തീകരണ റിപ്പോർട്ട്, ഫൈനൽ ബില്ല് എന്നിവ സെക്രട്ടറിക്ക് മുൻപാകെ ഹാജരാക്കി. എന്നാൽ 2004-05 വർഷത്തെ പദ്ധതിയിൽ ടി പ്രവൃത്തി യുടെ നികുതികൾ ഒടുക്കുവാൻ മാത്രമാണ് പണം കണ്ടെത്താനായത്. 2005-06 വർഷത്തിൽ 19.4.05 ൽ ഡി.പി.സി അംഗീകാരം നൽകിയ 1/06-ാം നമ്പർ പദ്ധതി പ്രകാരം ബാക്കി നികുതിബാദ്ധ്യതകളുടെ കിഴിവിനു ശേഷം കൺവീനർക്ക് ഫൈനൽ ബിൽ നൽകുകയും ചെയ്തു.

2005-06-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 19.4.05-ൽ ഡി.പി.സി അംഗീകാരം നൽകിയ 'വാർഡു നം.14- തേങ്ങാക്കൽ മൈനർ ഇറിഗേഷൻ' എന്ന 16/06-ാം നമ്പർ പ്രോജക്റ്റ് പ്രകാരം 1,25,000/-രൂപ പദ്ധതി വിഹിതം + 10000/-രൂപ സംഭാവന + 15000/-രൂപ ഗുണഭോക്തൃവിഹിതം എന്ന രീതിയിൽ ഈ പദ്ധതിക്ക് വീണ്ടും പണം വകയിരുത്തി. വിതരണ കുഴലുകൾ വാങ്ങി സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി.യിൽ സി.ഡി.യും ഒ.വൈ.ഇ.സിയും അടയ്ക്കുന്നതിനു വേണ്ടിയും എസ്റ്റിമേറ്റ് തയ്യാറാക്കി.

***അടങ്കലിന്റെ സംഗ്രഹം***

| | | ഇനം | തുക (രൂ.) |
|---|---|---|---|
| അനുബന്ധം | എ | വിതരണ കുഴലുകൾ/ലൈൻ | 74000 |
| | ബി | കെ.എസ്.ഇ.ബി.-സി.ഡി.യും ഒ.വൈ.ഇ.സി.യും | 90000 |
| | | അപ്രതീക്ഷിത ചെലവുകളും ടാക്സും | 16000 |
| | | **ആകെ** | **180000** |

ഈ പ്രവർത്തിയുടെ കൺവീനറായ ജോസഫ് വർഗ്ഗീസ് 8.3.2006-ൽ പഞ്ചാ യത്തുമായി ഒപ്പുവച്ച 74/05-06-ാം നമ്പർ ഉടമ്പടി പ്രകാരം 50,000/-രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി. എന്നാൽ കെ.എസ്.ഇ.ബി.യിൽ പണം ഒടുക്കാതെ വിതരണക്കുഴലുകൾ സ്ഥാപിക്കുകയും പമ്പ്ഹൗസിന്റെ ഇലക്ട്രിഫി ക്കേഷൻ നടത്തുകയും ചെയ്ത ടിയാന് 8/06-ൽ ഫൈനൽ ബിൽ നൽകുകയും ചെയ്തു.

2006-07 ഓഡിറ്റ് വേളയിൽ പദ്ധതിയുടെ നിലവിലുള്ള സ്ഥിതിയെക്കുറിച്ച് ആരാഞ്ഞതിൽ പദ്ധതി നടക്കുന്നില്ല എന്ന് മനസ്സിലാക്കുവാൻ സാധിച്ചു. തുടർന്ന് പദ്ധതി പ്രദേശത്തെ വാർഡുമെമ്പർ കൺവീനർമാർ എന്നിവരോടൊപ്പം 17,18/8/2009 തീയതികളിൽ സൈറ്റ് നേരിട്ട്കണ്ട് നടത്തിയ അവലോകനത്തിൽ 17,50,000/-രൂപ ചെലവാക്കിയിട്ടും 300 ഓളം കർഷകരുടെ ജലസേചന-കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരമാകേണ്ട പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കാതെ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും കെടുകാര്യസ്ഥതമൂലം നഷ്ടമായി രിക്കുന്ന ദയനീയാവസ്ഥയാണ് വെളിപ്പെട്ടത്.

***<u>വിശദ വിവരം ചുവടെ ചേർക്കുന്നു:</u>***

1. സിഡ്കോയിൽ നിന്നും വാങ്ങിയ പല സാധനങ്ങളും എം.ബുക്കിലും സൈറ്റിലും കാണുകയുണ്ടായില്ല. സൈറ്റിൽ കണ്ടവയെല്ലാംതന്നെ വർഷ ങ്ങളുടെ പഴക്കത്താൽ തുരുമ്പിച്ച അവസ്ഥയിലാണ്. ആയതിനാൽ നഷ്ടം കൃത്യമായി തിട്ടപ്പെടുത്തുവാൻ സാങ്കേതിക വിദഗ്ദ്ധരുടെ വിശദമായ പരിശോധന ആവശ്യമാണ്.

2. കുളത്തിനോടനുബന്ധിച്ച പമ്പ് ഹൗസിന്റെ വൈദ്യുതി ലൈനുകൾ താറുമാറായ രീതിയിലാണ്. (ഫോട്ടോ 1) ഏകദേശം 200 മീറ്റർ ദൂരത്തിനു ശേഷമുള്ള ലൈനുകൾ മോഷ്ടിച്ചു കൊണ്ടുപോയി എന്ന് അന്വേഷണത്തിൽ അറിയുവാൻ സാധിച്ചു. കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ ലൈനുകൾ കൃത്യമായി സ്ഥാപിക്കാത്തതും ഇതിന് കാരണമാകാം. എന്തായിരുന്നാലും നാളിതുവരെ പമ്പ്ഹൗസുകളിൽ വൈദ്യുതി എത്തിച്ച് മോട്ടോർ പ്രവർത്തിപ്പിക്കുവാൻ സാധിച്ചിട്ടേയില്ല.



*1. ലൈനുകൾ താറുമാറായ രീതിയിൽ*



*2. കുളം ഉപയോഗശൂന്യമായ രീതിയിൽ*

3. കുളം പണിതിരിക്കുന്ന ആർ.ബി.റ്റി വക സ്ഥലവും ടാങ്കുകൾ, പമ്പ് ഹൗസ് എന്നിവ പണിയുന്ന സ്വകാര്യ സ്ഥലവും പഞ്ചായത്തിലേയ്ക്ക് സറണ്ടർ ചെയ്തു വാങ്ങിയതായി കാണുന്നില്ല.

4. ബൂസ്റ്റർ/സബ് ടാങ്കിനോടനുബന്ധിച്ചുള്ള പമ്പ്ഹൗസ് ഒരു കുടുംബം 'വീടുപോലെ' ഉപയോഗിച്ച് താമസിക്കുന്ന രീതിയിലാണ് കാണുവാൻ സാധിച്ചത്. പരിശോധനാവേളയിൽ മോട്ടോറും പമ്പും കണ്ടെത്തിയത് ഇവർ ഉപയോഗിച്ചിരുന്ന കട്ടിലിന്നടിയിലുമാണ്. (ഫോട്ടോ 4).



*3. സബ്-ടാങ്ക്*



*4. കട്ടിലിന്നടിയിൽ കണ്ടെത്തിയ 15 എച്ച് പി സബ്ടാങ്ക് മോട്ടാർ പമ്പ്*

5. 25000 ലിറ്റർ ബൂസ്റ്റർ ടാങ്കും 50000 ലിററർ മെയിൻ ടാങ്കും ഉപയോഗിക്കത്തക്കതാണന്ന് കൺവീനർ പരിശോധനയിൽ ബോധിപ്പിച്ചു. എന്നാൽ മഴക്കാലമായിരുന്നിട്ടുകൂടി ബൂസ്റ്റർ ടാങ്കിൽ വെള്ളം ഇല്ലാത്ത അവസ്ഥയിലായിരുന്നു. (ഫോട്ടോ 3)

6. കുളവും പമ്പ്ഹൗസും കാടുമൂടി ഉപയോഗശൂന്യമായ അവസ്ഥയിലാണ്. (ഫോട്ടോ 2) കെയ്കോയിൽ നിന്നും വാങ്ങിയ സക്ഷൻ ഹോസ് ഫിറ്റിംഗുകൾ എം.ബുക്കിലുമില്ല,മോട്ടോറിൽ നാളിതുവരെ ഘടിപ്പിച്ചിട്ടുമില്ല. കൺവീനർ ശ്രീ.ആന്റണി ഇവയെല്ലാം കൈപ്പറ്റിയതായും രേഖകൾ വെളിപ്പെടുത്തുന്നു. എന്നാൽ 2000 മീറ്റർ ജി.ഐ പൈപ്പിന്റെ ബില്ലുണ്ടെങ്കിലും കൈപ്പറ്റിയിരിക്കുന്നത് 900 മീറ്റർ മാത്രമാണ്.

7. ശ്രീ.ആന്റണി കൺവീനറായ പ്രവൃത്തിയിൽ എം ബുക്ക് 114/03-04-ൽ സിഡ്കോ നൽകിയിരിക്കുന്ന പാനൽ ബോർഡ് പിടിപ്പിച്ചിരിക്കുന്നതായി പറയുന്നു. എന്നാൽ ശ്രീ. ജോസഫ് കൺവീനറായ പ്രവൃത്തിയിലും പാനൽ ബോർഡ് വാങ്ങിയിരിക്കുന്നു. നിലവിലുള്ളത് ടിയാൻ ഘടിപ്പിച്ചിരിക്കുന്നതാണ് എന്ന് അവകാശപ്പെടുന്നു.

15 എച്ച്.പി മോട്ടോർ 2 എണ്ണം ഉള്ളതായി എം ബുക്കിൽ പറയുന്നു. എന്നാൽ കുളത്തിനടുത്തുള്ളത് 5 എച്ച് പി മോട്ടോറാണെന്ന് വിശ്വസിക്കുന്നു. (ഫോട്ടോ 5) അങ്ങനെയെങ്കിൽ 32,000/-രൂപ വിലയുള്ള ഒരു 15 എച്ച്.പി മോട്ടോറും 56,000/-രൂപ വിലയുള്ള പമ്പും ഇല്ല എന്നു കാണാം. മാത്രമല്ല 56,000/- രൂപയോളം വിലയുള്ള 2 പമ്പുകളും എം ബുക്കു പ്രകാരം ഇല്ല. ഇതിൽ നിന്നും എഞ്ചിനീയർമാർ സൈറ്റു കാണാതെയാണ് അളവു രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാണ്.



***5. കുളത്തിലെ പമ്പ്ഹൗസിൽ 5 എച്ച്.പി എന്ന് കരുതുന്ന മോട്ടർ-പമ്പ്***



***6. പാനൽ ബോർഡ്- കുളം പമ്പ് ഹൗസ്***



***7. പാനൽ ബോർഡ്- സബ് ടാങ്ക് പമ്പ്ഹൗസ്***

8. കുളത്തിനടുത്തെ പമ്പ് ഹൗസിലുള്ളത് 5 എച്ച്.പി മോട്ടറാണെങ്കിൽ ഇതിന്റെ കുതിരശക്തി തികച്ചും അപര്യാപ്തവും ഈ പദ്ധതിക്ക് തികച്ചും ഉപയോഗശൂന്യവുമാണ്. മോട്ടോർ-പമ്പുസെറ്റുകൾ എല്ലാംതന്നെ ബില്ലിൽപറഞ്ഞിരിക്കുന്ന ബ്രാന്റുകളാണ് എന്ന് കാണുന്നുമില്ല.

9. ആകെ 15,70,000/-രൂപ മാത്രം അടങ്കലുണ്ടായിരുന്നതും ശ്രീ. കെ.ജെ.ആന്റണി കൺവീനർ ആയി നടത്തിയതുമായ പ്രവൃത്തിക്ക് ആകെ 16,38,031/-രൂപ നൽകിയിരിക്കുന്നു. പുതുക്കിയ അടങ്കലോ ഡി.പി.സി അംഗീകാരമോ വാങ്ങിയിട്ടില്ല.

10. എം ബുക്കു പ്രകാരമുള്ള ഏകദേശം 2400 മീററർ ജി.ഐ പൈപ്പു ലൈനു കളെല്ലാംതന്നെ സമീപ കാലത്തുണ്ടായ മഴയുടെ കുത്തൊഴുക്കിൽ നാമാവ ശേഷമായതാണ് എന്നു പറയുന്നു. ഇത് തികച്ചും വിശ്വസനീയമല്ല. എന്നിരു ന്നാലും ഈ പ്രകൃതിക്ഷോഭത്തിന് മുൻപുപോലും 2000-01-ൽ തുടങ്ങിയ പദ്ധതി പ്രാവർത്തകമാക്കിയിരുന്നില്ല എന്നത് ശ്രദ്ധേയമാണ്.

11. സിഡ്കോയിൽ നിന്നും വാങ്ങുവാൻ സർക്കാർ നിർദ്ദേശമുണ്ടങ്കിൽ കൂടി ബില്ലിൽ കാണിച്ചിരിക്കുന്ന ബ്രാന്റിന് വിരുദ്ധമായി ഗുണനിലവാരമില്ലാത്ത കമ്പനിയുടെ സാധനങ്ങൾ സപ്ലൈചെയ്തതും ബില്ല്, എം.ബുക്ക്, സൈറ്റിൽ യഥാർത്ഥത്തിലുള്ള ഫിറ്റിംഗുകൾ എന്നിവ തമ്മിൽ ദുരൂഹമായ പൊരുത്ത ക്കേടുള്ളതും അഴിമതിയിലേയ്ക്ക് വിരൽചൂണ്ടുന്നു.

ചുരുക്കത്തിൽ 1999-00 മുതൽ 17.5 ലക്ഷം രൂപയോളം മുടക്കിയിട്ടും പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കാതെ പൊതുപണം പാഴാക്കിയ ഗുരുതരാവസ്ഥയാണ് കാണുവാൻ സാധിച്ചത്. അഴിമതിയുടെ വ്യാപ്തി വ്യക്തമായി അറിയുന്നതിന് ഭരണവകുപ്പിന്റെ ഒരു ഉന്നതതല അന്വേഷണം ശുപാർശ ചെയ്യുന്നു.

## 5. 2. 21. (2). 5,57,966/- രൂപ ചെലവഴിച്ചിട്ടും ജലമെത്താത്ത ജലസേചന പദ്ധതി:

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ:3-8***

വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്തിന്റെ മുൻ 14-ാം വാർഡിൽ മ്ലാമല-പുതു വൽ പ്രദേശത്ത് താമസിക്കുന്ന 100-ൽ പരം കർഷകരുടെ 40 ഹെക്ടറിൽ വ്യാപിച്ചു കിടക്കുന്ന കൃഷിഭൂമിക്ക് വേനൽ കാലങ്ങളിൽ ജലത്തിന്റെ അപര്യാ പ്തതമൂലം കൃഷിനാശവും കുടിവെള്ള ക്ഷാമവും അനുഭവപ്പെടുന്നതിന് പരിഹാരമായി 1998-99 വർഷത്തിൽ ജനറൽ വിഭാഗം ഉൽപാദന മേഖലയിൽ ചെറുകിട ജലസേചനത്തിൽ ഉൾപ്പെടുത്തി ആരംഭിച്ച പദ്ധതിയാണിത്.

കുളം, പമ്പ് ഹൗസ്, വാട്ടർടാങ്ക് (31250 ലിറ്റർ) എന്നിവ പണിയുകയും മോട്ടോർ പമ്പ്, പൈപ്പ് ലൈനുകൾ അനുബന്ധ സാധനങ്ങൾ സ്ഥാപിക്കുകയും ചെയ്യുക എന്നതായിരുന്നു വിഭാവന ചെയ്തിരുന്ന പദ്ധതിയുടെ രൂപരേഖ. ഈ പദ്ധതിക്ക് നാളിതുവരെ 557966/-രൂപ താഴെ കാണും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ഇനം | തുക(രൂ.) | ചെക്ക് നം/തീ. |
|---|---|---|
| 1998-99 മൊബിലൈസേഷൻ അഡ്വാൻസ് | 50000 | 98455/11.03.99 |
| 2000-01 പാർട്ട് ബിൽ | 80000 | 123706/31.01.01 |
| 2005-06 ഫൈനൽ ബിൽ | 83535 | 43/05-06 |
| ടാക്സ് & നിർമ്മാണ തൊഴിലാളി ക്ഷേമനിധി | 32031 | 16.12.05 |
| നൽകിയിരിക്കുന്ന 75 എം.എം.ജി.ഐ പൈപ്പിന്റെ വില | 312400 | |
| **ആകെ** | **557966** | |

***പദ്ധതി നടത്തിപ്പ് രേഖകളിലൂടെ ചുരുക്കത്തിൽ:***

പല ഘട്ടങ്ങളായി പൂർത്തിയാക്കുവാൻ തീരുമാനിച്ചിരുന്ന ഈ പദ്ധതിക്ക് 1999-2000 ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് താഴെ പറയും പ്രകാരമാണ്.

***അടങ്കലിന്റെ സംഗ്രഹം***

| | | ഇനം | തുക(രൂ.) |
|---|---|---|---|
| അനുബന്ധം | എ | കുളം നിർമ്മാണം | 27,488 |
| | ബി | മോട്ടോർപുരനിർമ്മാണം | 24,615 |
| | സി | ഗ്രൗണ്ട് ലെവൽ-ടാങ്ക് നിർമ്മാണം(31250 ലിറ്റർ) | 1,14,086 |
| | ഡി | പൈപ്പ് ലൈൻ സ്ഥാപിക്കൽ | 3,90,550 |
| | | **ആകെ** | **5,56,739** |
| | | മാനേജ്മെന്റ് ചാർജ്ജുകൾ | 55,674 |
| | | അപ്രതീക്ഷിത ചെലവുകൾ | 87 |
| | | **ആകെ** | **6,12,500** |

1998-99 ൽ കൺവീനർ ശ്രീ. പി.എം.**ജോർജ്ജ്** 9.3.99 ൽ പഞ്ചായത്തുമായി എഗ്രിമെന്റ് വച്ച് 50,000/-രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി. കുളം, പമ്പ്ഹൗസ് എന്നിവ പണിതു. ഡിപ്പാർട്ടുമെന്റ് സപ്ളൈ ചെയ്ത 1100 മീറ്റർ 75 എം.എം.ജി.ഐ പൈപ്പ് സ്ഥാപിച്ചു. പദ്ധതിയുടെ പൂർത്തീകരണം ആരും തന്നെ സർട്ടിഫൈ ചെയ്തിട്ടില്ലെങ്കിലും 12/05 ൽ ഫൈനൽ ബിൽ നൽകുകയുണ്ടായി.

2006-07 വർഷ അക്കൗണ്ടിന്റെ ഓഡിറ്റ് വേളയിൽ പദ്ധതിയുടെ നിലവിലുള്ള സ്ഥിതിയെകുറിച്ച് ആരാഞ്ഞതിൽ പദ്ധതി നടക്കുന്നില്ല എന്ന് മനസ്സിലാക്കുവാൻ സാധിച്ചു. കൺവീനർ ശ്രീ.ജോർജ്ജിനോട് ഹാജരാകുവാൻ വാർഡുമെമ്പർ മുഖേന ആവശ്യപ്പെട്ടെങ്കിലും ടിയാൻ വിമുഖത കാണിക്കുന്നു എന്ന് അറിയിച്ചു. തുടർന്ന് 17,18/8/2009 തിയതികളിൽ പദ്ധതി നിലവിലുള്ള വാർഡിലെ മെമ്പറുമായി നേരിട്ട് കണ്ട് നടത്തിയ അവലോകനത്തിൽ **5,57,966/-രൂപ** മുടക്കിയിട്ടും ലക്ഷ്യ പ്രാപ്തി കൈവരിക്കാതെ നഷ്ടമായിരിക്കുന്നതാണ് കാണുവാൻ സാധിച്ചത്.

***വിശദ വിവരം ചുവടെ ചേർക്കുന്നു:***

1. കുളം പമ്പ് ഹൗസ് എന്നിവ ശ്രീ. സിദ്ധാർത്ഥൻ സറണ്ടർ നൽകിയ സ്ഥലത്ത് പണിതിട്ടുള്ളതായി കാണുവാൻ സാധിച്ചു.



***1. സിദ്ധാർത്ഥന്റെ വീട്ടിലുള്ള കുളം***



***2. മ്ലാമല തോടിനുസമീപം കുളക്കരയിൽ പമ്പ് ഹൗസ്***

2. സ്ഥാപിച്ച പൈപ്പു ലൈനുകൾ എല്ലാം താറുമാറായി കാണുന്നുണ്ടെങ്കിലും കൃത്യമായ അളവ് പരിശോധനാ വിധേയമാക്കേണ്ടതുണ്ട്.

3 പണിതിരിക്കുന്ന ടാങ്ക് ജോസഫ് ചാക്കോ വയലിൽ എന്നയാളുടെ പുരയിടത്തിൽ ഉണ്ടെന്നും നിലവിൽ ഉപയോഗിക്കത്തക്കതാണന്നും ടിയാന്റെ ഭാര്യ രേഖാമൂലം ഓഡിറ്റിൽ സക്ഷ്യപ്പെടുത്തുകയുണ്ടായി.

4 പരിശോധനാ വേളയിൽ ഈ പദ്ധതിയുടെ കൺവീനർ ജോർജ്ജിന്റെ വീട്ടിലെ കാർഷെഡ്ഡിൽ ഈ പദ്ധതിക്കുവേണ്ടി വാങ്ങിയ മോട്ടർ വർഷങ്ങളായി സൂക്ഷിച്ചിരിക്കുകയാണെന്ന് പദ്ധതിയുടെ ചെയർമാൻ, മറ്റ് ഗുണഭോക്താക്കൾ എന്നിവരിൽനിന്നും അറിയുവാൻ സാധിച്ചു. ഇവരുടെ സാന്നിദ്ധ്യത്തിൽ ടിയാന്റെ വീട്ടിൽ നേരിട്ട് പരിശോധിച്ചതിൽ കണ്ടെത്തിയ മോട്ടോറിന്റേയും അനുബന്ധ സാധനങ്ങളുടെയും ഫോട്ടോ താഴെ കാണിച്ചിരിക്കുന്നു.



*3. കൺവീനറുടെ വീട്ടിൽ കണ്ട മോട്ടാർ-പമ്പ്*




*4.മോട്ടോറിലെ ബ്രാന്റ് ലേബൽ*



*5. പാനൽ ബോർഡും അനുബന്ധ സാമഗ്രികളും*

5. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന രേഖകളിൽ 75 എം.എം പൈപ്പും ടി മോട്ടോറും വാങ്ങിയതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ഇതേ പ്രദേശത്തുതന്നെ ഇതേകാലയളവിലുള്ള മേൽ പരാമർശിച്ചിരിക്കുന്ന തേങ്ങാക്കൽ-മ്ലാമല-ഇണ്ടൻചോല ജലസേചന പദ്ധതിയിൽ സിഡ്കോ സപ്ലെ ചെയ്തിരിക്കുന്ന 2000 മീറ്റർ 75 എം.എം. ജി.ഐ പൈപ്പിൽ കൺവീനർ കൈപ്പറ്റിയതായി കാണിച്ചിരിക്കുന്ന 900 മീറ്റർ കിഴിച്ച് ബാക്കിയുള്ള 1100 മീറ്ററാണോ എന്ന് ഓഡിറ്റ് സംശയിക്കുന്നു. മാത്രമല്ല കൺവീനറുടെ വീട്ടിൽ സൂക്ഷിച്ചിരിക്കുന്ന മോട്ടോറും അനുബന്ധ സാമഗ്രികളും തേങ്ങാക്കൽ-മ്ലാമല-ഇണ്ടൻചോല ജലസേചന പദ്ധതിയിലെ ബില്ലു പ്രകാരം വാങ്ങിയതാവാം. എന്തായിരുന്നാലും ഈ രണ്ടു പ്രവൃത്തിയുടെയും ഉത്തരവാദികൾ ഇക്കാര്യത്തിൽ തികച്ചും അജ്ഞരാണന്ന് അളവു ബുക്കുകളിൽ നിന്നും അനുബന്ധ രേഖകളിൽ നിന്നും മനസ്സിലാകുന്നു.

പ്രവൃത്തിയുടെ അളവെടുത്ത-മേൽപരിശോധന നടത്തിയ എഞ്ചിനീയർമാരുടെ കൃത്യവിലോപം മേലധികാരികളുടെശ്രദ്ധയിൽപ്പെടുത്തുന്നു.

6 മ്ലാമല-പുതുവൽ ജലസേചന പദ്ധതിയുടെ ചെയർമാൻ ഗുണഭോക്താക്കൾ എന്നിവർ സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റുമന്റിൽ 500/-രൂപ വീതം എല്ലാവരിൽ നിന്നും കൺവീനർ വാങ്ങിയിട്ടുണ്ടെന്ന് പറയുന്നു. പഞ്ചായത്തിൽ നിന്നും കെ.എസ്.ഇ.ബി.ക്ക് 1,10,000/-രൂപ അടച്ചിട്ടുണ്ടന്നും അറിയിക്കുകയുണ്ടായി. എന്നാൽ ടി പണം ഒടുക്കിന്റെ വിവരങ്ങൾ ഉറപ്പാക്കുന്ന രേഖകൾ ഒന്നുംതന്നെ പഞ്ചായത്തിൽ ലഭ്യമല്ല.

ചുരുക്കത്തിൽ 1998-99 മുതൽ 5.5 ലക്ഷം രൂപയോളം മുടക്കിയിട്ടും ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഉത്തരവാദിത്വമില്ലായ്മമൂലം പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കാതെ പൊതുപണം പാഴ്ചെലവാക്കിയ ഗുരുതരമായ സാഹചര്യമാണ് കാണുവാൻ സാധിച്ചത്.

ഈ പദ്ധതികൾ ഇനിയും പ്രാവർത്തികമാക്കണമെങ്കിൽ കുഴലുകൾ, വൈദ്യുതി തുടങ്ങിയവയ്ക്കുവേണ്ടി ലക്ഷക്കണക്കിന് തുക വീണ്ടും ചെലവു ചെയ്യേണ്ടിവരുമെന്ന ആശങ്കയിലും 10 വർഷമായി ഒരു പ്രാവശ്യംപോലും പ്രവർത്തിക്കാത്ത മോട്ടോറും അനുബന്ധ സാമഗ്രികളും പ്രയോജനപ്പെടുമോ എന്ന ആകാംക്ഷയിലുമാണ് ഗുണഭോക്താക്കൾ. എന്നാൽ തുടർചെലവു (recurring expenses) വരുന്ന ഇത്തരം പദ്ധതികൾ ഈ പ്രദേശത്ത് ആവശ്യമില്ലെന്നും തേങ്ങാക്കൽ-മ്ലാമല-ഇണ്ടൻചോല-പുതുവൽ മലയുടെ മുകളിൽ ഒരു ചെക്ക് ഡാം പണിതാൽ Gravity flow-യിൽ എല്ലാ കാലാവസ്ഥയിലും ധാരാളം ജലം ലഭിക്കത്തക്ക natural source ഉണ്ടെന്നും ഇത് ഈ രണ്ട് പദ്ധതിക്കും കൂടുതൽ പേർക്കും പ്രയോജനപ്പെടുമെന്ന് ഗുണഭോക്താക്കൾ അഭിപ്രായപ്പെടുകയുണ്ടായി.

ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, സാങ്കേതികവിദഗ്ദ്ധർ എന്നിവർ പ്രാദേശികമായ ഇത്തരം അറിവുകളും കൂടി സംയോജിപ്പിച്ച്, ദീർഘ വീക്ഷണത്തോടെ വ്യക്തമായ പ്ലാനിംഗോടെ സുതാര്യമായി, ശാസ്ത്രീയമായി പദ്ധതികൾ നടപ്പിലാക്കാത്തതിനാലാണ് 1998-00 ൽ സ്ഥാപിച്ച മോട്ടോറുകൾ ഒരു പ്രാവശ്യം പോലും പ്രവർത്തിക്കാതെയും ഒരു തുള്ളി വെള്ളം പോലും കുഴലുകളിലൂടെ ഒഴുക്കാതെയും 23 ലക്ഷം രൂപയോളം പാഴ്ചെലവു ചെയ്ത് ടി പദ്ധതികൾ തികഞ്ഞ പരാജയമായി തുടരുന്നത്. ജനകീയാസൂത്രണത്തിന്റെ അന്തഃസത്തയെയും ഉദ്ദേശ്യലക്ഷ്യങ്ങളെയും ഇത്തരം പ്രവർത്തനങ്ങൾ പരാജയപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

## 5.2.22. മാങ്കുളം ഗ്രാമപഞ്ചായത്ത്

### 5.2.22.(1). വൈദ്യുതി ഇല്ലാതെ വൈദ്യുതി നിലയം - ചെലവ് 83.57 ലക്ഷം:

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3.1***

മൂന്നാർ ഗ്രാമപഞ്ചായത്തിലെ 1998-1999 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി പാമ്പുംകയത്ത് 50 കെ.ഡബ്ളിയു. ശേഷിയുള്ള ഒരു ചെറുകിട ജല വൈദ്യുതപദ്ധതി സ്ഥാപിക്കുവാൻ തീരുമാനിച്ചു. പഞ്ചായത്ത് സെക്രട്ടറിയായിരുന്നു പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ. സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന് (സിൽക്ക്) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനും പവ്വർഹൗസ് സ്ഥാപിക്കുന്നതിനും പഞ്ചായത്ത് അനുമതി നൽകി. ഈ പദ്ധതി ടേൺ കീ അടിസ്ഥാനത്തിൽ ചെയ്യുന്നതിന് 27.3.1999-ൽ മൂന്നാർ ഗ്രാമപഞ്ചായത്ത് സിൽക്കുമായി ഉടമ്പടിവച്ചു എന്ന് ഹാജരാക്കിയ ചില ഫയലുകളിൽ നിന്നും മനസ്സിലാകുന്നു. എന്നാൽ ഈ വിവരങ്ങൾക്ക് ആധാരമായ പല ഔദ്യോഗിക രേഖകളും മാങ്കുളം പഞ്ചായത്തിൽ ലഭ്യമല്ല. എന്നിരുന്നാലും ലഭ്യമായവയുടെ അടിസ്ഥാനത്തിൽ താഴെ കാണിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തുന്നു.

1999-2000-ൽ മൂന്നാർ ഗ്രാമപഞ്ചായത്തിൽ നിന്നും 43.46 ലക്ഷം രൂപയും 2002-ൽ മാങ്കുളം പഞ്ചായത്ത് 720142/- രൂപയും (ആകെ 50.66 ലക്ഷം രൂപ) സിൽക്കിന് മുൻകൂർ നൽകിയിട്ടുളളതായി ഫയലുകളിൽ നിന്നും വ്യക്തമാകുന്നു. തുടർന്ന് സിൽക്ക് തയ്യാറാക്കി സമർപ്പിച്ച 67 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന 100 കെ.ഡബ്ളിയു ശേഷിയുള്ള തുടർ പദ്ധതിക്ക് 31.3.2001-ൽ പഞ്ചായത്തു കമ്മിറ്റി അംഗീകാരം നൽകി.

പദ്ധതിയുടെ അനുബന്ധ പ്രവർത്തികളായ വൈദ്യുത വിതരണ ശൃംഖല സർക്കാർ നിർദ്ദേശമനുസരിച്ച് എനർജി മാനേജ്മന്റ് സെന്ററിന്റെ (ഇ.എം.സി) സഹകരണത്തോടെ നടപ്പിലാക്കി. ഇ.എംസി.യുടെ സാങ്കേതിക നിർദ്ദേശത്തിലും മേൽ പരിശോധനയിലും 11 കെ.വി ലൈൻ, ട്രാൻസ്ഫോർമർ, ഹൈടൻഷൻ/ ലോടെൻഷൻ ലൈനുകൾ തുടങ്ങിയ വിതരണ സംവിധാനങ്ങൾ പവ്വർ ബെസ്റ്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം വഴി 32,91,240/-രൂപ ചെലവഴിച്ച് 28.10.2004-ൽ പൂർത്തിയാക്കി. ആദ്യഘട്ടത്തിൽ 360 ഗുണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുകയും ചെയ്തു.

വൈദ്യുതി വിതരണത്തിനായി പഞ്ചായത്ത് ഒരു സൊസൈറ്റി 1.6.2005-ൽ രൂപീകരിച്ചെങ്കിലും അത് വിജയിച്ചില്ല. സൊസൈറ്റിയുടെ ഒരു കണക്കും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതിയുടെ നടത്തിപ്പ് പരാജയപ്പെട്ട അവസ്ഥയിൽ 15.6.2005-ൽ പ്രിൻസിപ്പൽ സെക്രട്ടറി(പവ്വർ)യുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ വിതരണ ശൃംഖലയ്ക്കായി സ്ഥാപിച്ച ലൈനുകളും മററ് ഉപകരണങ്ങളും വൈദ്യുതി ബോർഡിന് കൈമാറുന്നതിന് പഞ്ചായത്തിനോട് നിർദ്ദേശിച്ചു. തുടർന്ന് 12.10.2006-ൽ പഞ്ചായത്ത് സ്ഥാപിച്ച വൈദ്യുതി ശൃംഖല വൈദ്യുതി ബോർഡിന് കൈമാറി. വൈദ്യുതി നിലയത്തിലെ സാങ്കേതിക പ്രശ്നങ്ങൾമൂലം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി, വൈദ്യുതി ബോർഡിന്റെ ശൃംഖലയിലേക്ക് സന്നിവേശിപ്പിക്കാൻ സാധിക്കാതിരുന്നതിനെ തുടർന്ന് ഒക്ടോബർ 2006 മുതൽ വൈദ്യുതി ഉൽപാദനം നിറുത്തിവച്ചു.

***പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.***

1) സിൽക്കിന് രണ്ടു ഗഡുക്കളായി 5066142/-രൂപ മുൻകൂർ നൽകിയെങ്കിലും ആകെ ചെലവാക്കിയ തുക, ബാക്കി തുക എന്നിവയുടെ വിശദമായ വിവരങ്ങൾ സിൽക്ക് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല, ആയത് ലഭ്യമാക്കാൻ പഞ്ചായത്ത് ശ്രമിച്ചിട്ടുമില്ല.

2) നിലവിലുള്ള വൈദ്യുതി നിലയത്തിൽ നിന്നും ഉൽപാദിപ്പിക്കുന്ന വൈദ്യുതി ഏതുതരത്തിൽ വൈദ്യുതി ബോർഡിന്റെ സാങ്കേതിക നിലവാരത്തിലേക്ക് 'സിങ്ക്രണൈസ്' ചെയ്യാം എന്ന് ഒരു വിദഗ്ധ സമിതിയെക്കൊണ്ട് അന്വേഷിപ്പിച്ച് തുടർനടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് അധികൃതർ യാതൊരു ശുഷ്കാന്തിയും കാണിച്ചിട്ടില്ല. ഇത്തരത്തിൽ വൈദ്യുതി ബോർഡിന് വൈദ്യുതി നൽകാതിരുന്നതുമൂലം ഒക്ടോബർ 2006 മുതൽ വൻനഷ്ടം ദൈനംദിനം പഞ്ചായത്തിന് സംഭവിച്ചു കൊണ്ടിരിക്കുകയാണ്.

3) പ്രിൻസിപ്പൽ സെക്രട്ടറി (പവ്വർ)യുടെ ചേമ്പറിൽ 15.06.2005-ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചതു പ്രകാരം പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന വിതരണ ശൃംഖലയുടെ മൂല്യമായി വൈദ്യുതി ബോർഡ് നിർണ്ണയിച്ചിരിക്കുന്നത് 25,86,756/-രൂപയാണ്. എനർജി മാനേജ്മന്റ് സെന്ററിന്റെ (ഇ.എം.സി) സാങ്കേതിക നിർദ്ദേശം മേൽപ്പരിശോധന എന്നിവ പ്രകാരം പഞ്ചായത്ത് 2004-ൽ 32,91,240/-രൂപ ചെലവഴിച്ച വൈദ്യുതി വിതരണ ശൃംഖലാ സംവിധാനങ്ങൾക്ക് 25,86,756/-രൂപ മാത്രമാണ് വൈദ്യുതി ബോർഡ് മൂല്യം കണക്കാക്കിയിരിക്കുന്നത്. വൈദ്യുതി ബോർഡ് ഏകപക്ഷീയമായി നടത്തിയ ഈ മൂല്യനിർണ്ണയത്തിന്റെ കൃത്യത പഞ്ചായത്തു തലത്തിൽ വിലയിരുത്തുന്നതിന് സാധ്യമല്ലാത്ത തിനാൽ ഇ.എം.സിയേയോ ഈ രംഗത്തെ വിദഗ്ധരായ മറ്റ് ഏജൻസികളെയോ കൊണ്ട് വിലയിരുത്തേണ്ടതായിരുന്നു. ഇതിനുള്ള ശ്രമങ്ങൾ നാളിതുവരെ പഞ്ചായത്ത് അധികൃതർ സ്വീകരിച്ചിട്ടില്ല.

4) വിതരണ ശൃംഖലയുടെ മൂല്യവും, കെ.എസ്.ഇ.ബി.ക്ക് നൽകാനുള്ള തുകയും ചേർത്തുള്ള സെറ്റിൽമന്റായി ആകെ 13,73,562/-രൂപ പഞ്ചായത്തിന് 07.07.09ൽ വൈദ്യുതി ബോർഡ് 456178-ാം നമ്പർ ചെക്കായി നൽകിയിട്ടുണ്ട്. എന്നാൽ ആസ്തി വിറ്റുലഭിച്ച ഈ മൂലധന വരവ് (ക്യാപ്പിറ്റൽ റസീറ്റ്) നിലവിൽ പഞ്ചായത്തിന്റെ ദൈനംദിനാവശ്യങ്ങൾക്ക് ചെലവാക്കിക്കൊണ്ടിരിക്കുന്ന (റവന്യു എക്സ്പെൻഡിച്ചർ) ദയനീയ അവസ്ഥയാണ് കാണുന്നത്. ടി തുക അത്യാവശ്യമായി പ്രാവർത്തികമാക്കേണ്ട വൈദ്യുതി ഉൽപാദന നിലയത്തിലെ സിങ്ക്രണൈസിംഗ് സംവിധാനത്തിനുപോലും ഉപയോഗിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്. ഈ പദ്ധതിയുടെ നടത്തിപ്പിലും സമീപനത്തിലും പഞ്ചായത്ത് അധികൃതരുടെ ഇത്തരത്തിലുള്ള തികഞ്ഞ അലംഭാവമാണ് ഓഡിറ്റിന്റെ ശ്രദ്ധയൽപ്പെട്ടത്.

ടി പദ്ധതിയുടെ നേരിട്ടുള്ള പരിശോധനയിൽ വൈദ്യുതി ഉൽപാദന നിലയത്തിലെ സാധനങ്ങൾ തികച്ചും സുരക്ഷിതമല്ലാത്ത അവസ്ഥയിലാണ് എന്ന് കാണുവാനിടയായി. ഉന്നതാധികാരികൾ ഇക്കാര്യത്തിൽ വേണ്ട സത്വര നടപടികൾ സ്വീകരിക്കാത്ത പക്ഷം ലക്ഷങ്ങൾ മുടക്കിയിരിക്കുന്ന വൈദ്യുതി ഉൽപാദന നിലയത്തിലെ സകല സംവിധാനങ്ങളും അനതി വിദൂരഭാവിയിൽ നശിച്ചു പോകുവാനിടയുണ്ട്.

<u>**മലപ്പുറം ജില്ല**</u>

## *5.2.23. കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത്*

### 5. 2. 23. (1). തൊഴിൽ പരിശീലനം – ക്രമവിരുദ്ധ ചെലവ്:

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3(33)***

പ്രോജക്ട് നമ്പർ: 094/08 (ജനറൽ)

| | | |
|---|---|---|
| പദ്ധതി അടങ്കൽ: 900000/-രൂപ | വികസന ഫണ്ട്: | 436000 രൂപ |
| | ധനകാര്യ സ്ഥാപന വായ്പ | 450000 |
| | ഗുണഭോക്തൃ വിഹിതം | 14000 |
| | | 900000 |

*അംഗീകൃത പ്രോജക്ട് പ്രകാരം ഈ പദ്ധതിയിൽ വാങ്ങേണ്ട ആസ്തികളുടെ വിവരം:*

| | | |
|---|---|---|
| പേപ്പർ ബാഗ് നിർമ്മാണ മിഷ്യൽ | - | 1 |
| ന്യൂട്രിമിക്സ് മെഷീൻ | - | 1 |
| തയ്യൽ മെഷീൻ | - | 12 |
| ഫർണിച്ചർ- മേശ | - | 6 |
| കസേര | - | 28 |
| സ്റ്റൂൾ | - | 14 |

പരിശീലനം നൽകുന്നതിന് (80 പേർക്ക്-4 പരിശീലന പരിപാടി- 40 ദിവസം- 4 മണിക്കൂർ വീതം) 1,20,000/-രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഗവൺമെന്റ് അംഗീകൃത സ്ഥാപനം മുഖേന പരിശീലനം നൽകാനും പദ്ധതി ലക്ഷ്യമിടുന്നു. കുടുംബശ്രീ/എസ്.എച്ച്.ജി.യാണ് ഗുണഭോക്തൃ ഗ്രൂപ്പ് എന്നും പദ്ധതി വിഭാവനം ചെയ്യുന്നു.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കലും പരിശീലനം നൽകലും യൂണിറ്റ് പ്രവർത്തനം ആരംഭിക്കലുമാണ് പ്രോജക്ട് ലക്ഷ്യങ്ങൾ.

31.03.08 ലെ 122-ാം നമ്പർ വൗച്ചർ പ്രകാരം വികസന ഫണ്ടിൽ നിന്നും 4,36,000/-രൂപ പിൻവലിച്ച് കോട്ടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിന് നൽകി യിട്ടുണ്ട്. വൗച്ചറിനോടൊപ്പം ലഭ്യമാക്കിയത് താഴെ പറയുന്ന രേഖകൾ മാത്രമാണ്.

1. ഗുണഭോക്തൃ യൂണിറ്റുകളുടെ പട്ടിക

| പേപ്പർ ബാഗ് യൂണിറ്റ് | തുണിസഞ്ചി നിർമ്മാണ യൂണിറ്റ് | ഒപ്റ്റിക്കൽ ടെക്നീഷ്യൻ യൂണിറ്റ് |
|---|---|---|
| സൗപർണ്ണിക തോക്കാംപാറ | ഐശ്വര്യ, കോട്ടൂർ | പ്രീയദർശിനി, കോട്ടൂർ |
| പവിത്രം നായാടിപ്പാറ | പ്രീയദർശിനി നായാടിപ്പാറ | അനുഗ്രഹ, ചങ്കുവെട്ടിക്കുണ്ട് |

2. കോട്ടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ 29.03.08-ലെ കത്ത്. (കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത് സബ്സിഡി അനുവദിക്കുന്ന ഗ്രൂപ്പുകൾക്ക് ലോൺ നൽകാൻ ബാങ്ക് തീരുമാനിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അനുവദിക്കുന്ന ബാക്ക് എൻഡ് സബ്സിഡി അനുവദിച്ചു തരണം എന്നാവശ്യപ്പെട്ടുകൊണ്ട്)

3. കോട്ടയ്ക്കൽ മാക്സ് അപ്ഡേറ്റ് ടെക്നോളജീസ് ഡയറക്ടർ 29.03.08-ന് നൽകിയ താഴെപറയുന്ന പരിശീലന പരിപാടികൾ പൂർത്തിയാക്കിയതായും കോഴ്സ് ഫീസ് ആവശ്യപ്പെട്ടതായുമുള്ള കത്ത്. 10 ദിവസ കാലാവധിയാണ് പരിശീലനം എന്നും കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| 1. ഓപ്റ്റിക്കൽ ടെക്നീഷ്യൻ 20 പേർ - | 30000/-രൂപ |
| 2. പേപ്പർ ബാഗ് നിർമ്മാണം 20 പേർ | 30000/-രൂപ |
| 3. തുണിസഞ്ചി നിർമ്മാണം 20 പേർ | 30000/-രൂപ |
| 4. ന്യൂട്രിമിക്സ് ട്രയിനിംഗ് 20 പേർ | 30000/-രൂപ |
| **ആകെ** | **120000/-രൂപ** |
| | ====== |

പ്രസ്തുത കത്തിനോടൊപ്പം വെച്ച ഹാജർ പട്ടികയിൽ പങ്കെടുത്തവരുടെ ഹാജർ വിവരം രേഖപ്പെടുത്തിയതിൽ നിന്നും പ്രോജക്ടിൽ നിർദ്ദേശിക്കും വിധം പരിശീലനം നടത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നു.

| | | | |
|---|---|---|---|
| 1 | പേപ്പർ ബാഗ് പരിശീലനം | 11 ദിവസം | തീയതിയും മാസവും രേഖപ്പെടുത്തിയിട്ടില്ല. 33 പേർ ഉൾപ്പെടുന്ന പട്ടികയിൽ ക്രമ നമ്പർ 8, 9, 11, 12, 16, 17, 18, 19, 20 എന്നിവർ ഹാജരായിട്ടില്ല. 24 പേർ പങ്കെടുത്തിട്ടുണ്ട്. |
| 2 | തുണി സഞ്ചി നിർമ്മാണം പരിശീലനം | 12 ദിവസം | തീയതിയും മാസവും രേഖപ്പെടുത്തിയിട്ടില്ല (20 പേർ പങ്കെടുത്തു) |
| 3 | ന്യൂട്രിമിക്സ് പരിശീലനം | 13 ദിവസം | മാർച്ച് 1 മുതൽ 15 വരെയുള്ള തീയതികളിൽ (20 പേർ പങ്കെടുത്തു ) |
| 4 | ഓപ്റ്റിക്കൽ ടെക്നീഷ്യൻ | 10 ദിവസം | മാർച്ച് 1 മുതൽ 10 വരെയുള്ള തീയതിയിൽ |

4. 1,20,000/-രൂപ സെക്രട്ടറിയിൽ നിന്നും കൈപ്പറ്റിയതിനുള്ള രസീത്.

സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയുടെ പേരിലാണ് മൊത്തം തുകയും നൽകിയതെങ്കിലും രസീതിൽ പഞ്ചായത്ത് സെക്രട്ടറിയിൽനിന്നും കൈപ്പറ്റി യതായാണ് കാണിച്ചിട്ടുള്ളത്.

5. സിഡ്കോയിൽ നിന്നും ലഭ്യമായ ഇൻവോയ്സുകൾ

| പ്രൊഫോർമ ഇൻവോയ്സ് നമ്പർ | തുക | |
|---|---|---|
| 11596/25.03.08 | 121944 | ഓപ്റ്റിക്കൽ ലാബ് ഗ്രൈന്റിംഗ് മെഷീൻ അനുബന്ധ ഉപകരണ ങ്ങൾ മേശ-2, കസേര-2 എന്നിവ മെറ്റീരിയൽ 45500 രൂപ |
| 11597/25.03.08 | 195097 | പേപ്പർ ബാഗ് മെഷീൻ, മേശ-2, സ്റ്റൂൾ-10 മെറ്റീരിയൽ (പേപ്പർ തുടങ്ങിയവ) 56500 രൂപ. |
| 11598/25.3.08 | 93804 | തുന്നൽ മെഷീൻ-10, കട്ടിംഗ് മേശ-2, കത്രിക-4, കസേര-2, സ്റ്റൂൾ-10 |

എന്നാൽ ഇവ വാങ്ങിയതോ സിഡ്കോയ്ക്ക് തുക നൽകിയതു സംബന്ധിച്ചോ രേഖകൾ ലഭ്യമല്ല.

ചെലവു സംബന്ധിച്ച വിശദമായ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് സി.ഡി. എസ്. പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വ്യക്തമായ മറുപടി രേഖാമൂലം നൽകിയിട്ടില്ല. ആരംഭിച്ച യൂണിറ്റു കളെ സംബന്ധിച്ച് നേരിൽ പരിശോധിച്ചതിൽ ചെലവിനാധാരമായ യൂണിറ്റുകൾ ഒന്നും നിലവിൽ പ്രവർത്തനക്ഷമമായിട്ടില്ല എന്ന് ബോധ്യപ്പെടുകയുണ്ടായി. ചെലവിനങ്ങളിലെ ക്രമക്കേടുകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 28.05.09-ലെ ബി/107/08 നമ്പർ കത്തിൽ കോട്ടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയോട് 4,36,000/-രൂപയ്ക്ക് പരിശീലന പരിപാടി കഴിച്ചിട്ടുള്ള 3,16,000/-രൂപയ്ക്ക് എത്ര യൂണിറ്റുകൾക്ക് സബ്സിഡി അനുവദിച്ചുവന്നെ വിവരം ആരാഞ്ഞതിന് ബാങ്ക് നൽകിയ മറുപടി

യിൽ ലോൺ നൽകുന്നതിന് 4 വനിതാ യൂണിറ്റുകളെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും തോക്കാംപാറ, നായാടിപ്പാറ, ചങ്കുവെട്ടി വനിത യൂണിറ്റുകൾ ലോൺ വാങ്ങിയതിലേക്ക് 75,000/-രൂപ വീതം 2,25,000/-രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ടെന്നും ബാക്കി തുക 91,000/-രൂപ സസ്പെൻസ് അക്കൗണ്ടിൽ ഉണ്ടെന്നും 29.05.09-ന് അറിയിച്ചിട്ടുണ്ട്.വായ്പ അനുവദിച്ചതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും പവിത്രം നായാടിപ്പാറ എന്ന യൂണിറ്റിന്റെ പ്രസിഡന്റ് മാത്രമാണ് ലോൺ വിവരം ലഭ്യമാക്കിയത്.

150000 രൂപ വായ്പ അനുവദിച്ചതിൽ ചെലവു ചെയ്തത്:

| | |
|---|---|
| (24.7.08) സിഡ്കോയിൽ നിന്നും മെഷീനറി വിലയായി: | 97548/-രൂപ |
| (12.11.08) വാടകയിനത്തിൽ: | 6000/-രൂപ |
| (10.07.08) 10 മെമ്പർമാർക്ക് 160 രൂപ വീതം നൽകിയത്: | 1600/-രൂപ |
| | **105148/-രൂപ** |
| | ====== |

പലിശയടക്കം 45,462/-രൂപ അക്കൗണ്ടിൽ പിൻവലിക്കാതെ അവശേഷിക്കുന്നുണ്ട്. ചെലവിനങ്ങൾക്കുള്ള ചെക്ക് നൽകിയതല്ലാതെ അവയ്ക്കനുസൃതമായ രേഖകൾ ഒന്നും യൂണിറ്റ് ഭാരവാഹികളുടെ കൈവശമില്ല. 10/08-ലാണ് മെഷീൻ ലഭിച്ചതെന്നും 10/08 മുതൽ 550 രൂപ വീതം പ്രതിമാസ വാടക നൽകിയതല്ലാതെ യൂണിറ്റ് പ്രവർത്തിക്കുന്നില്ലെന്ന് രേഖാമൂലം യൂണിറ്റ് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. യൂണിറ്റ് ചെലവിന്റെ 50% മാത്രമാണ് സബ്സിഡി നൽകാവുന്നത്. (97548/2 = 48,774/-രൂപ) എന്നിരിക്കെ 75,000/- രൂപ സബ്സിഡി നൽകിയെന്നത് അംഗീകരിക്കാവുന്നതല്ല.

പ്രാദേശിക പരിശോധനയിൽ ബാങ്ക് ധനസഹായം നൽകിയെന്നവകാശപ്പെട്ട താഴെ പറയുന്ന 2 യൂണിറ്റുകളുടെ പരിശോധനാ വിവരവും താഴെ കൊടുക്കുന്നു.

| യൂണിറ്റ് | ആരംഭിക്കേണ്ടത് | പരിശോധനാ വിവരം |
|---|---|---|
| സൗപർണ്ണിക തോക്കാം പാറ | പേപ്പർ ബാഗ് നിർമ്മാണം | വീട്ടുനമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത കെട്ടിടത്തിൽ കട്ടിംഗ് മെഷീൻ ഫിറ്റു ചെയ്യാതെ അതേപടി സൂക്ഷിച്ചിട്ടുണ്ട്. യൂണിറ്റിന്റെ പേരു വിവരമടങ്ങിയ ബോർഡ് സ്ഥാപിച്ചതായോ യൂണിറ്റ് പ്രവർത്തിക്കുന്നതായോ കാണുന്നില്ല. വായ്പാ വിവരമോ യൂണിറ്റ് തുടങ്ങുന്നതിന്റെ ചെലവു വിവരമോ ലഭ്യമല്ല. |
| അനുഗ്രഹ ചങ്കുവെട്ടി ക്കുണ്ട് | തുണിസഞ്ചി നിർമ്മാണം | യൂണിറ്റ് പ്രവർത്തനക്ഷമമായിട്ടില്ല. പുതുക്കിടി മൂജീബ് എന്ന യാളുടെ വീട്ടിൽ ലഭ്യമായ തയ്യൽ മെഷീൻ, കട്ടിംഗ് ടേബിൾ എന്നിവ സൂക്ഷിച്ചതായി പറഞ്ഞു. വീട് പൂട്ടിയിരുന്നതായും കണ്ടു. മെഷീനറി വാങ്ങിയതിന്റെ വിവരവും ലഭ്യമല്ല. 10 തയ്യൽ മെഷീൻ, 1 കട്ടിംഗ് ടേബിൾ, 10 കത്രിക, 10 സ്റ്റൂൾ എന്നിവയാണ് ലഭിച്ചത് എന്ന് യൂണിറ്റ് സെക്രട്ടറി രേഖാമൂലം വ്യക്തമാക്കിയിട്ടുണ്ട്. 50,000/-രൂപയിലധികരിക്കാത്ത ഈ ചെലവിനും 75,000/-രൂപ സബ്സിഡി നൽകാമെന്ന സഹകരണ ബാങ്കിന്റെ വാദം അംഗീകരിക്കാവുന്നതല്ല. |

യൂണിറ്റുകളുടെ പ്രാരംഭപ്രവർത്തനം പോലും നടക്കുന്നതിന് മുമ്പായി സർവ്വീസ് സഹകരണ ബാങ്കിന് നൽകിയ 4,36,000/-രൂപ പദ്ധതി ലക്ഷ്യം കൈവരിക്കും വിധം ചെലവഴിച്ചിട്ടില്ലാത്തതിനാൽ അനർഹമായി ചെലവഴിച്ച വികസന ഫണ്ട് 4,36,000/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും ഈടാക്കേണ്ടതാണ്.

പരിശീലനം എന്നയിനത്തിൽ 120000 രൂപ ചെലവഴിച്ചത് 'വെറും പരിശീലന ത്തിനായി' മാത്രം തുക ചെലവഴിക്കരുതെന്ന നിർദ്ദേശത്തിന്റെ ലംഘനം കൂടിയാണ്. പ്രോജക്ട് പ്രകാരമുള്ള യൂണിറ്റുകൾ ആരംഭിച്ചതിന് ശേഷം മാത്രം സബ്സിഡി അനുവദിക്കുന്നതിന് പകരം മുൻകൂറായി പരിശീലനത്തിനും സബ്സിഡിയിന ത്തിലും തുക നൽകിയ സെക്രട്ടറിയുടെ നടപടിയും സർവ്വീസ് സഹകരണ ബാങ്കിനെ ഈ പദ്ധതിയുമായി ബന്ധപ്പെടുത്തിയതിനെ സംബന്ധിച്ചും ആരംഭിക്കാ നിരുന്ന യൂണിറ്റുകളെ തെരഞ്ഞെടുത്തതു സംബന്ധിച്ചും വ്യക്തമായ അന്വേഷ ണവും നടത്തേണ്ടതാണ്.തുണിസഞ്ചി/പേപ്പർ ബാഗ് നിർമ്മാണത്തിനുള്ള യൂണിറ്റുകൾ ആരംഭിക്കാനുള്ള ശ്രമം മാത്രമേ ഉണ്ടായിട്ടുള്ളുവെന്നിരിക്കെ ഒപ്റ്റിക്കൽ ടെക്നിഷ്യൻ കോഴ്സ്, ന്യൂട്രിമിക്സ് ട്രെയിനിംഗ് എന്നിവയ്ക്കായി ചെലവഴിച്ച 60,000/-രൂപയും പരിശീലന ചെലവിലുൾപ്പെടുന്നു.

പേപ്പർ ബാഗ് നിർമ്മാണം, തുണിസഞ്ചി നിർമ്മാണം എന്നിവയ്ക്കായി പരിശീലനം ലഭിച്ചുവെന്ന് യൂണിറ്റ് ഭാരവാഹികൾ പറയുന്നവരുടെ പേരും പരിശീലന സ്ഥാപനം നൽകിയ ഹാജർ പട്ടികയിലെ പേരും പരസ്പരം പൊരുത്ത പ്പെടുന്നുമില്ല. ഇതിൽനിന്നും പരിശീലനവും പ്രഹസനം മാത്രമായിരുന്നുവെന്ന് കണക്കാക്കുന്നു.

## 5.2.24. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി

### 5.2.24.(1) റോഡ് റിസ്റ്റോറേഷൻ ചാർജ്- വാട്ടർ അതോറിറ്റി നൽകാനുള്ളത് 1,25,16,702/-രൂപ

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3 (38)***

**(1)** ഇ.1/4587/04 നമ്പർ ഫയൽ പ്രകാരം പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി ട്രഞ്ച് കീറിയ താഴെപറയുന്ന രണ്ട് റോഡുകൾ നന്നാക്കുന്നതിന് 21,18,000/-രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും ആവശ്യപ്പെടാൻ എഞ്ചിനീയറിംഗ് വിഭാഗം 18.06.04-ന് ശുപാർശ ചെയ്തിട്ടുണ്ട്.

ഒലിങ്കര-വളയം മൂച്ചി റോഡ് 2010 മീറ്റർ
പാതായക്കര പള്ളി റോഡ് 1750 മീറ്റർ

30.06.04-ലെ ഇ.1/4587/04 നമ്പർ കത്തിൽ തുക അടവാക്കാനാവശ്യപ്പെട്ട തിന് മറുപടിയായി വാട്ടർ അതോറിറ്റി മലപ്പുറം എക്സി. എഞ്ചിനീയർ ചെയർമാനു മായി ഒരു കൂടിക്കാഴ്ച ആവശ്യപ്പെടുകയും 06.08.04-ന് യോഗം നടക്കുകയും ചെയ്തു.

വളയം മൂച്ചി ഒലിങ്കര റോഡ് കേരള വാട്ടർ അതോറിറ്റി ശരിയാക്കുന്നതാണ് എന്നും പ്രവൃത്തിക്കാവശ്യമായ ടാർ നഗരസഭ നൽകേണ്ടതാണെന്നും യോഗത്തിൽ വാട്ടർഅതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ടുവെന്നും രേഖപ്പെടുത്തി യോഗം പിരിഞ്ഞിരിക്കുകയാണ്. ഫയലിൽ തുടർനടപടികൾ സ്വീകരിക്കുകയോ തുക വസൂലാക്കുകയോ ചെയ്തുകാണുന്നില്ല. 25% സൂപ്പർ വിഷൻ ചാർജ് അടക്കം 2647500/- രൂപ വാങ്ങുന്നതിന് നടപടി ഉണ്ടായിട്ടില്ല.

(2) ഇ.1/4422/04 നമ്പർ ഫയലിൽ മദ്രസ്സപ്പടി കളത്തിലക്കര റോഡ് മുറിക്കുന്നതിനുള്ള അനുമതിക്ക് വാട്ടർ അതോറിറ്റി അപേക്ഷിച്ചതിന്മേലുള്ള ഫയൽ കുറിപ്പിൽ 4 പ്രവൃത്തികൾക്കായി 31460 മീറ്റർ നീളം റോഡ് മുറിച്ച് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് അനുമതിക്ക് അപേക്ഷിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | കുളിർമല കക്കൂത്ത് പൊന്ന്യാംകുർശ്ശി റോഡ് (ഡി.ബി.3/47/02 തീയതി 25.02.04) | 4240 മീറ്റർ |
| 2 | മാമ്പ്രപ്പടി കളത്തിലക്കര റോഡ് (ഡി.ബി.3/17/04 (1)/7.6.04) | 370 മീറ്റർ |
| 3 | വള്ളുവനാട് വിദ്യാഭവൻ സ്കൂൾ റോഡ്, എരവിമംഗലം ബാലവാടി റോഡ് (ഡി.ബി.2/32/04 തീയതി 11.06.04) | 3457 മീറ്റർ |
| 4 | സോൺ-2, സോൺ- 3 റോഡുകൾ (ഡി.ബി.3/47/02 തീയതി 14.06.04) | 23393 മീറ്റർ |
| | ആകെ | 31460 മീറ്റർ |
| | ആകെ അടവാക്കേണ്ട ചാർജ് | 78,26,720/-രൂപ |

ഈ ഫയലിൽ നടപടി അവസാനിപ്പിച്ച് ഇ.1/4587/04 ൽ നടപടി തുടരുമെന്ന് രേഖപ്പെടുത്തിയിരിക്കുകയാണ് എങ്കിലും പ്രസ്തുത ഫയലിലും നടപടികൾ തുടർന്നിട്ടില്ല.

(3) ടൗൺഹാൾ റോഡിലും വീനസ് ലോഡ്ജ് മുതൽ സംഗീത റോഡ് വരെയും സംഗീത റോഡുമുതൽ ബൈപ്പാസ് റോഡു വരെയുമുള്ള സ്ഥലങ്ങളിൽ (മൊത്തം 1245 മീറ്റർ നീളം ) വാട്ടർ അതോറിറ്റി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് ട്രഞ്ച് എടുത്തിട്ടുള്ള സാഹചര്യത്തിൽ അതിന്റെ റസ്റ്റോറേഷൻ ചാർജ് ഇനത്തിൽ 781,250/-രൂപ (625000 രൂപയും 25% എക്സിക്യൂഷൻ ചാർജ് ഉൾപ്പെടെ) ഈടാക്കാൻ 29.06.06-ലെ 24-ാം നമ്പർ പ്രകാരം കൗൺസിൽ തീരുമാനമെടുത്ത തിന്റെ അടിസ്ഥാനത്തിൽ 05.08.06 ലെ ഇ.1/5079/06 നമ്പർ കത്തു പ്രകാരം വാട്ടർ അതോറിറ്റി എക്സി:എഞ്ചിനീയർക്ക് തുക അടവാക്കുവാൻ കത്ത് നൽകിയെങ്കിലും തുടർനടപടികളൊന്നും ഉണ്ടായിട്ടില്ല.(ഫയൽ നമ്പർ ഇ.1/5097/06)

(4) ഫയൽ നമ്പർ പി.1/7416/06 പ്രകാരമുള്ള പ്രവൃത്തിയുടെ റിസ്റ്റോറേഷൻ ചാർജായി 366844 രൂപ ഈടാക്കാൻ സ്വീകരിച്ച നടപടി വിവരവും ഫയലിൽ ലഭ്യമല്ല.

(5) പി.1/10242/07 നമ്പർ ഫയൽ പ്രകാരമുള്ള ടൗൺഹാൾ റോഡ് പുനരുദ്ധാരണവും ഹൈസ്കൂൾ റോഡ് അറ്റകുറ്റപ്പണിയും എന്ന പ്രവൃത്തിയുടെ (പ്രോജക്ട് നമ്പർ എസ്.ഒ.91/08) എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ടൗൺഹാൾ റോഡ്, വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി ഇരുവശവും 1 മീറ്റർ വീതിയിൽ ട്രഞ്ച് എടുത്തതിനാൽ റോഡ് ഗതാഗത യോഗ്യമല്ലാതായത് ശരിയാക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 2 ലക്ഷത്തിലധികം തുക

ഈ പ്രവൃത്തിക്കായി ചെലവഴിക്കുന്നുണ്ട്. എക്സിക്യൂഷൻ ചാർജ് ഉൾപ്പെടെ തുക വാട്ടർ അതോറിറ്റിയിൽനിന്നും വാങ്ങുന്നതിന് അർഹമായ നടപടിയെടുത്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

**(6)** ഇ.1/5223/04 നമ്പർ ഫയലിൽ (3,51,606 +25%) 439508 രൂപയും ഈടാ ക്കുവാൻ നടപടിയെടുത്തിട്ടില്ല.

(7) പി.1/7417/06-ൽ 2,54,880/-രൂപയും ഈടാക്കാനുണ്ട്.

മേൽ പരാമർശിച്ച 7 ഇനങ്ങളിൽ മാത്രം 1,25,16,702/-രൂപ ലഭിക്കാനുണ്ട്. വ്യക്തമായ ഒരു കണക്കും ഇക്കാര്യത്തിൽ നഗരസഭ സൂക്ഷിച്ചതായി കാണുന്നില്ല. (രേഖാമൂലം ഇക്കാര്യത്തിൽ നടപടി വിവരം ആവശ്യപ്പെട്ടുവെങ്കിലും നൽകിയിട്ടില്ല)

*Note: വ്യക്തമായ ബാദ്ധ്യത ചുമത്താനാകാത്തതിനാൽ ഉത്തരവാദിയ ഉദ്യോഗ സ്ഥന്റെ മേൽവിലാസം ചേർക്കാനായില്ല*

## 5.3. പദ്ധതികൾ ലക്ഷ്യം കൈവരിക്കാത്തത്

| | |
|---|---|
| ✦ | ***ദീർഘ വീക്ഷണമില്ലാത്ത പദ്ധതികൾ.*** |
| ✦ | ***പദ്ധതി രൂപീകരണത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല.*** |
| ✦ | ***അടിസ്ഥാന സൗകര്യങ്ങളുടെ അഭാവംമൂലം പദ്ധതികൾ പരാജയപ്പെടുന്നു.*** |
| ✦ | ***ആസ്തികളുടെ പുനരുദ്ധാരണത്തിനും പരിപാലനത്തിനും പദ്ധതികൾ ആവിഷ്കരിക്കുന്നില്ല.*** |

ദീർഘവീക്ഷണമില്ലാതെ പദ്ധതികൾ വിഭാവനം ചെയ്യുക, പദ്ധതി ആസൂത്ര ണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന പിഴവുകൾ, നടപടിക്രമങ്ങൾ പാലിക്കുന്ന തിലെ വീഴ്ച എന്നിവയാണ് പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്താതിരിക്കുന്നതി നുള്ള പ്രധാന കാരണങ്ങളായി കണ്ടുവരുന്നത്.

വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുന്ന റിപ്പോർട്ട് യഥാവിധി ചർച്ച ചെയ്യപ്പെടാതിരി ക്കുക, വികസന തന്ത്രം ആവിഷ്കരിക്കുന്നതിൽ വരുന്ന പാളിച്ചകൾ, തയ്യാറാക്കുന്ന പ്രോജക്കുകൾ നിലവിലുള്ള നിയമവ്യവസ്ഥകൾക്കും പദ്ധതി രൂപീകരണ മാർഗ്ഗ രേഖയ്ക്കും വിരുദ്ധമാവുക, സബ്സിഡി നിബന്ധനകൾ ലംഘിക്കപ്പെടുക, നിർവ്വ ഹണ സാദ്ധ്യതയില്ലാത്ത പ്രോജക്കുകൾ തയ്യാറാക്കുക, ഗ്രൂപ്പുകൾക്കും വ്യക്തികൾ ക്കുമായുള്ള പ്രോജക്കുകളിൽ അർഹത/മുൻഗണനാ മാനദണ്ഡങ്ങൾ മറികടക്കുക എന്നിവ പദ്ധതി നടത്തിപ്പിൽ വ്യാപകമായി കണ്ടുവരുന്നു. ധനവിനിയോഗം സംബന്ധിച്ച് ശരിയായ വിശകലനമോ ഫലപ്രാപ്തിയെപ്പറ്റി ആവശ്യമായ പഠനമോ കൂടാതെ പദ്ധതികൾ ആവിഷ്കരിക്കുന്നത് അവ പാതിവഴിയിലുപേക്ഷിക്കപ്പെടാൻ കാരണമാകുന്നു. വിവിധ വകുപ്പുകളുടെ പ്രത്യേകിച്ച് കൃഷി, ആരോഗ്യം, സാമൂഹ്യ ക്ഷേമം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളുടെ പ്ലാൻ സ്കീമു കളുമായി പ്രാദേശിക പദ്ധതികൾ കഴിയുന്നത്ര സംയോജിപ്പിക്കണമെന്നിരിക്കെ, ഏകോപന/സംയോജന സാദ്ധ്യതകൾ കണക്കിലെടുക്കാതെ പദ്ധതികൾക്ക് രൂപം നൽകുന്നത് ഇച്ഛിക്കുന്ന ഗുണഫലം ലഭിക്കാതെ പോകാനിടയാക്കുന്നു.

വിവിധ വകുപ്പുകൾ, ബോർഡുകൾ (ഉദാ: മാലിന്യ നിയന്ത്രണ ബോർഡ്) എന്നിവയുടെ അംഗീകാരം ലഭ്യമാക്കേണ്ട പ്രോജക്ടുകൾ അംഗീകാരം ലഭിക്കുന്നതിനുമുമ്പ് നടപ്പാക്കുന്നത് അഭികാമ്യമല്ല. മറ്റു വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള ഭൂമിയിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ് വകുപ്പിന്റെ/ സ്ഥാപനത്തിന്റെ അനുവാദം ലഭ്യമാക്കാത്ത പ്രവണത പദ്ധതിപ്പണം ചെലവഴിക്കപ്പെടാനല്ലാതെ പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ ഉപകരിക്കുന്നില്ല.

ചെറുകിട വ്യവസായ സംരംഭങ്ങൾക്കായുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അവയ്ക്കായി തെരഞ്ഞെടുക്കുന്ന കെട്ടിടമോ, സ്ഥലമോ അത്തരം സംരംഭങ്ങൾക്ക് അനുയോജ്യമാണോയെന്ന് ക്ഷമതയുള്ളവർ പരിശോധന നടത്താതിരിക്കുക, അതു സംബന്ധിച്ച നിർദ്ദേശങ്ങൾ ആരായാതിരിക്കുക എന്നിവ പൊതുവായി ക്കാണുന്ന പാളിച്ചകളാണ്. ആവശ്യമായ ഭൗതീക/പരിസ്ഥിതി സൗകര്യങ്ങളുടെ ലഭ്യത കണക്കിലെടുക്കാത്തതും ഇത്തരം സംരംഭങ്ങളുടെ പരാജയത്തിലേയ്ക്ക് നയിക്കുന്നു. സ്വയംതൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകിയതിനുശേഷം പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മോണിറ്ററിംഗ് നടത്തുകയും യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ട തുടർസഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നില്ല. തത്ഫലമായി യൂണിറ്റുകൾ പലതും നഷ്ടത്തിലാവുകയും തുടർന്ന് ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്നു.

തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് പരിശീലനം നൽകി ചെറുകിട വ്യവസായ/തൊഴിൽ യൂണിറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിച്ചുകൊണ്ട് തയ്യാറാക്കുന്ന പ്രോജക്ടുകൾ പലതും അർഹതയില്ലാത്ത പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നതുകൊണ്ടും ഗുണഭോക്താക്കൾക്ക് പരിശീലനം പൂർത്തിയാക്കാൻ കഴിയാതെ വരുന്നതുകൊണ്ടും ലക്ഷ്യപ്രാപ്തിയിലെത്തുന്നില്ല.

വിദ്യാർത്ഥികൾക്കും വനിതകൾക്കും വിവിധ വിഷയങ്ങളിൽ/മേഖലകളിൽ പരിശീലനം നൽകാൻ ലക്ഷ്യമിട്ട് നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ വൈദ്യുതി കണക്ഷൻ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കാൻ കഴിയാത്തതും കംപ്യൂട്ടറുകൾ, മറ്റുയന്ത്രങ്ങൾ എന്നിവ സ്ഥാപിക്കാൻ കഴിയാത്തതുംമൂലം വികസനാവശ്യത്തിന് ഉപകരിക്കേണ്ട പൊതുധനം, നിഷ്ക്രിയ ആസ്തികളായി മാറുന്നു.

പദ്ധതി തുക വിനിയോഗിച്ച് സ്ഥാപിച്ച ആസ്തികളുടെ പുനരുദ്ധാരണത്തിന് ഫലപ്രദമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന 10-ാം പഞ്ചവത്സര മാർഗ്ഗരേഖയിലെ ആവർത്തിച്ചുള്ള നിർദ്ദേശം പലപ്പോഴും അവഗണിക്കപ്പെടുന്നു. ഇതിനാൽ പദ്ധതികളുടെ ഗുണഫലങ്ങൾ പൂർണ്ണതോതിൽ അനുഭവയോഗ്യമാകുന്നില്ല. തുടർനടത്തിപ്പ്, വിജയസാദ്ധ്യത മുതലായവ കണക്കിലെടുക്കാതെ വൃദ്ധസദനം പോലുള്ള സംരംഭങ്ങൾ ആരംഭിക്കുന്നത് പരാജയമായിത്തീരുന്നു.

ജലലഭ്യത ഉറപ്പുവരുത്താത്ത കുടിവെള്ള/ജലസേചന പദ്ധതികൾ, വകയിരുത്തിയിട്ടുള്ള പദ്ധതിപ്പണം ചെലവഴിക്കപ്പെടാൻവേണ്ടി മാത്രം ആസൂത്രണം ചെയ്തിട്ടുള്ളവയാണ്. ഖരമാലിന്യ നിർമ്മാർജ്ജനത്തിനുള്ള പ്രോജക്ടുകളുടെ കാര്യത്തിലാണെങ്കിൽ, ആയതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതോടെ പദ്ധതിയുടെ പ്രവർത്തനം നിലയ്ക്കുന്ന രീതിയാണ് കണ്ടുവരുന്നത്.

## തിരുവനന്തപുരം ജില്ല

# 5.3.1. കുളത്തൂർ ഗ്രാമപഞ്ചായത്ത്

## 5.3.1.(1). നിർമ്മാണം പൂർത്തിയായിട്ടും ഖരമാലിന്യപ്ലാന്റ് പ്രവർത്തിക്കുന്നില്ല

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-9***

| | |
|---|---|
| ✦ | *അംഗീകാരമില്ലാത്ത സ്ഥാപനത്തെ ഖരമാലിന്യ പ്ലാന്റ് നിർമ്മാണം ഏൽപ്പിച്ചു.* |
| ✦ | *പ്ലാന്റിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ശുചിത്വ മിഷന്റെയും അംഗീകാരമില്ല.* |
| ✦ | *പ്ലാന്റ് സ്ഥാപിച്ചെങ്കിലും പ്രവർത്തനം തുടങ്ങിയില്ല.* |

ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 2007-08 വർഷം മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ചതിന് താഴെപ്പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

പ്രവൃത്തിയുടെ മൂല്യം : 248391(അളവു പുസ്തകം 192/07-08 പേജ് 27)
(-) നികുതികൾ : 15510
കരാറുകാരന്(കെ.എസ്.ശ്രീകുമാർ): **232881**(ബിൽ നം.32/07-08 തീ: 31.03.08)
നൽകിയ തുക ======

*ടി പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.*

1. 03.03.05-ലെ ജി.ഒ.ആർ.ടി.796/05/ത.സ്വ.ഭവ. ഉത്തരവിൽ, ഖരമാലിന്യ സംസ്കരണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സേവന ദാതാക്കളായി ഏതാനും സ്ഥാപനങ്ങളെ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ സേവനദാതാക്കളുടെ ഈ പട്ടികയിൽപ്പെട്ട സ്ഥാപനമല്ല മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിച്ചത്.

2. വിവിധ പ്രദേശങ്ങളിൽ നിന്ന് മാലിന്യ നീക്കം നടത്തി, സംസ്കരണ പ്ലാന്റുകളിൽ നിക്ഷേപിക്കുന്നതിനെക്കുറിച്ച് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല.

3. മാലിന്യ സംസ്കരണത്തിന് പൊല്യൂഷൻ ബോർഡിന്റെയോ, ശുചിത്വമിഷന്റെയോ അംഗീകാരം വാങ്ങിയതായി കാണുന്നില്ല.

4. മാലിന്യ സംസ്കരണം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന് സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പ്ലാന്റുകൾ സ്ഥാപിച്ചതിൽ കവിഞ്ഞ് മറ്റൊരു പ്രവർത്തനവും ഇതുവരെ ആരംഭിച്ചിട്ടില്ല. ഇതിൽ നിന്നും 248391/-രൂപ പാഴായിപ്പോയതായി കണക്കാക്കുന്നു. 2007-08-ൽ വികസന ഫണ്ടിൽ നിന്നും മാലിന്യ സംസ്കരണ സംവിധാനത്തിനായി ചെലവഴിച്ച 248391/-രൂപ ഓഡിറ്റിൽ ഈ കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*

*ശ്രീ.വി.ചന്ദ്രശേഖരൻ നായർ (സെക്രട്ടറി)*

*ഔദ്യോഗിക മേൽവിലാസം: സൂപ്രണ്ട്, എ.ഡി.പി.ഓഫീസ്, തിരുവനന്തപുരം*

# 5.3.2. വിഴിഞ്ഞം ഗ്രാമപഞ്ചായത്ത്

## 5.3.2.(1) അംഗൻവാടി നിർമ്മാണം പകുതിവഴിയിൽ നിർത്തി

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക നമ്പർ: 3-7***

29.10.2007-ലെ 499/07/എസ്.ഡബ്ല്യു.ഡി.നം ഉത്തരവു പ്രകാരം സുനാമി പുനരധിവാസ പദ്ധതിയിൽ 306 അംഗൻവാടികളുടെ നിർമ്മാണത്തിന് അനുമതി നൽകിയിരുന്നു. വിഴിഞ്ഞം ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതിയിലുൾപ്പെടുത്തി 8 കെട്ടിടങ്ങളുടെ നിർമ്മാണത്തിന് അനുവാദം ലഭിക്കുകയും 6 കെട്ടിടങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. 43-ാം നമ്പർ അംഗൻവാടി കെട്ടിടത്തിന്റെ പണി പൂർത്തിയാകാതെ വരികയും, 87500/-രൂപ പാർട്ട് പേയ്മെന്റായി നൽകുകയും ചെയ്തു (ചെക്ക് നം.59278/23.09.2008).

സുനാമി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന 43-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണത്തിന് 3,50,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ഗുണഭോക്തൃ സമിതി കൺവീനറായി ശ്രീമതി.ലളിത, അംഗൻവാടി വർക്കറെ തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. റൂഫ്ലെവൽ പൂർത്തിയാക്കിയതായും, ഹാർബർ വകുപ്പിന്റെ അനുവാദമില്ലാത്തതുകൊണ്ട്, കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിനാൽ, ഒന്നാം ഘട്ടം 87,500/-രൂപ കൺവീനർക്ക് നൽകി പണി അവസാനിപ്പിക്കുകയും ചെയ്തതായി ഫയലിൽ വ്യക്തമാക്കിയിരുന്നു. നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. തുറമുഖ വകുപ്പിന്റെ പേരിലുള്ള സ്ഥലത്ത് പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി, ഹാർബർ വകുപ്പിന്റെ അനുവാദം വാങ്ങിയതായി രേഖകളില്ല. ഹാർബർ ഡിപ്പാർട്ട്മെന്റിന്റെ അനുവാദം ലഭിക്കാത്തതിനാൽ തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഉപേക്ഷിച്ചാണ് കൺവീനർക്ക് തുക നൽകിയിരിക്കുന്നത്. എന്നാൽ 19.06.2008-ലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ചീഫ് എഞ്ചിനീയറുടെ 6623/ഡി.1/06/ഡി.ഇ. നമ്പർ കത്തിൽ സർവ്വേ നം.76-ൽപ്പെട്ട 130 ച.മീ. സ്ഥലം വിഴിഞ്ഞം പഞ്ചായത്ത് അഭ്യർത്ഥിച്ചതനുസരിച്ച്, അംഗൻവാടി നടത്തുന്നതിന് വിട്ടുകൊടുക്കുന്നതിന് വകുപ്പിന് സമ്മതമാണെന്ന് സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ പഞ്ചായത്തിന്റെ വാദഗതി ശരിയല്ല എന്നുകാണുന്നു.

2. കെട്ടിടത്തിന്റെ റൂഫ്ലെവൽ പൂർത്തിയാക്കിയതായി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് തുക സാമൂഹ്യക്ഷേമ ബോർഡിൽ നിന്ന് കൺവീനർക്ക് അനുവദിച്ചത്. എന്നാൽ നിർമ്മാണത്തിന്റെ മൂല്യ നിർണ്ണയം നടത്തി, അളവ്പുസ്തകത്തിൽ രേഖപ്പെടുത്താതെയാണ് തുക നൽകിയത്. നിർദ്ദിഷ്ട സ്ഥലം പരിശോധിച്ചപ്പോൾ, കെട്ടിടത്തിന്റെ ബേസ്മെന്റ് മാത്രമേ കാണാൻ കഴിഞ്ഞിട്ടുള്ളൂ. ആയതിനാൽ, 87,500/-രൂപ പാഴ്ചെലവായി കണക്കാക്കാവുന്നതാണ്. തെറ്റായ റിപ്പോർട്ട് നൽകിയതും, പാർട്ട് ബിൽ തയ്യാറാക്കാതെ, തുക നൽകിയതും കാരണം, അസിസ്റ്റന്റ് എഞ്ചിനീയറുടെ നടപടിക്രമത്തിലുണ്ടായ വീഴ്ചയാണ്. ആയതിനാൽ ടി തുക അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*

*ശ്രീ.കെ.ഗോപിനാഥൻ നാടാർ, അസിസ്റ്റന്റ് എഞ്ചിനീയർ,*

*സ്വരമാലിക, പരണിയം, കാഞ്ഞിരംകുളം.പി.ഒ.*

**<u>ആലപ്പുഴ</u>**

## 5.3.3. ബുധന്നൂർ ഗ്രാമപഞ്ചായത്ത്

### 5.3.3.(1). ഓട്ടോറിക്ഷാ വാങ്ങൽ – പദ്ധതിപണം നിഷ്ക്രിയാവസ്ഥയിൽ

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3(9)</u>***

2007-08 വാർഷിക പദ്ധതിയുടെ ഭാഗമായി ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനം സിദ്ധിച്ച തൊഴിൽരഹിതരായ 5 പട്ടികജാതി വനിതകൾക്ക് ഉപജീവന മാർഗ്ഗം ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടെ നടപ്പാക്കുവാനുദ്ദേശിച്ച ഓട്ടോറിക്ഷാ വാങ്ങി നൽകൽ എന്ന പദ്ധതി ഭൗതിക ലക്ഷ്യം നേടാതെ പദ്ധതി ധനം പാഴാകുവാനിടയായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമസഭയിൽ തെരഞ്ഞെടുക്കപ്പെടുന്ന 5 ഗുണഭോക്താക്കൾക്ക് ബാങ്ക് വായ്പയും, പദ്ധതിധനത്തിൽ നിന്നുള്ള സബ്സിഡിയും ഉപയോഗിച്ച് ഓട്ടോറിക്ഷാ വാങ്ങുന്നതിനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ ബാങ്കിൽ ഹാജരാക്കുമ്പോൾ, വായ്പ അനുവദിച്ചതായി ബാങ്കിൽ നിന്നും അറിയിപ്പ് ലഭിച്ചതിനു ശേഷം വായ്പാ കാലാവധി തീരുന്നതിനു മുമ്പ് ഓട്ടോറിക്ഷാ കൈമാറ്റം ചെയ്യുകയോ, വിൽക്കുകയോ ചെയ്യില്ലയെന്ന് ഗുണഭോക്താവുമായി സെക്രട്ടറി കരാർ വെച്ചിട്ട് സബ്സിഡി തുക ബാങ്കിലടയ്ക്കണമെന്നായിരുന്നു വ്യവസ്ഥ.

പദ്ധതിയുടെ ഗുണഭോക്താക്കളായി ശ്രീമതിമാർ. കവിത.ജെ.എം., ഷീജാ.റ്റി.ആർ., അമ്പിളി.കെ., ഉദയകുമാരി.റ്റി എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. 13.03.07ൽ എസ്.ബി.ടി എണ്ണയ്ക്കാട് ബ്രാഞ്ച് മാനേജർക്ക് പദ്ധതിയുടെ സബ്സിഡി തുക അനുവദിക്കുവാൻ അപേക്ഷ നൽകുവാനും ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കുവാൻ നടപടി സ്വീകരിക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി കത്തയച്ചു. കത്തിനു മറുപടിയായി വായ്പ അനുവദിയ്ക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുമ്പോൾ വായ്പ അനുവദിക്കുന്നതാണെന്ന് ബാങ്കിൽനിന്നും 16.03.07-ൽ അറിയിച്ചു. എന്നാൽ ഗുണഭോക്താക്കൾ വായ്പയ്ക്ക് ആവശ്യമായ രേഖകൾ ഹാജരാക്കുകയോ, ബാങ്കിൽനിന്നും വായ്പ അനുവദിക്കുകയോ, ഗുണഭോക്താക്കളുമായി കരാർ വെയ്ക്കുകയോ ചെയ്യാതെ 4 ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുക 80,000/-രൂപ 13.04.07ൽ എസ് ബി ടി എണ്ണയ്ക്കാട് ബ്രാഞ്ചിൽ നിക്ഷേപിച്ചു.

നാളിതുവരെ ഗുണഭോക്താക്കൾ രേഖകൾ ഹാജരാക്കാത്തതിനാൽ വായ്പ അനുവദിക്കപ്പെട്ടില്ല. 3 വർഷമായി പദ്ധതി ധനം ഉപയോഗരഹിതമായി പലിശ പോലും ലഭ്യമാകാതെ ഒരു വാണിജ്യബാങ്കിൽ കിടക്കുന്നതിനിടയായി.

പദ്ധതി നടത്തിപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ച് പദ്ധതി ധനം ഉപയോഗരഹിതമായി കിടക്കുവാനിടയാക്കിയ സെക്രട്ടറിയുടെ നടപടി ക്രമവിരുദ്ധമാണ്. പദ്ധതി നടപ്പാക്കുന്ന തീയതിവരേയോ, തുക ബാങ്കിൽ നിന്നും തിരികെ ലഭിക്കുന്ന തീയതി വരേയോ ഉള്ള കാലയളവിലേയ്ക്ക് 12% നിരക്കിൽ ഈ തുകയ്ക്ക് പലിശ ഈടാക്കി പഞ്ചായത്ത് ഫണ്ടിലടയ്ക്കേണ്ടതാണ്.

പദ്ധതി നടപ്പാക്കുവാൻ/പണം തിരികെ ലഭിക്കുവാൻ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ:</u>*
*ശ്രീമതി.ഇ.വി.സരസമ്മ (സെക്രട്ടറി),*
*അമ്പാട്ട് പുത്തൻവീട്, എണ്ണയ്ക്കാട്.പി.ഒ.*

## 5.3.4. ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

### 5.3.4.(1). തൊഴിൽ പരിശീലന പദ്ധതികൾ – പദ്ധതി ലക്ഷ്യം സാക്ഷാത്കരിച്ചില്ല

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-18</u>***

| | |
|---|---|
| ✦ | ***തൊഴിൽ പരിശീലനത്തിനായി വാങ്ങിയ ഉപകരണങ്ങൾ അന്യാധീനപ്പെട്ടു.*** |
| ✦ | ***പരിശീലനാർത്ഥികളുടെ ഹാജർ വിവരമില്ല.*** |
| ✦ | ***പരിശീലനത്തിനുശേഷം ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക എന്ന ലക്ഷ്യം നടപ്പിലായില്ല.*** |

2007-08 വർഷം വി.ഇ.ഒ.(കട്ടച്ചിറ) നടപ്പാക്കിയ താഴെപറയുന്ന സ്വയം തൊഴിൽ പരിശീലന പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി 3,95,000/-രൂപ സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയിരുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേരും നമ്പരും | നൽകിയ തുക | ഡി.ഡി.നം/തീയതി |
|---|---|---|---|
| 1 | ഗാർമെന്റ് മേക്കിംഗ് പരിശീലനം (7) | 1,00,000 | 89467515/30.03.08 |
| 2 | കേറ്ററിംഗ് പരിശീലനം, വനിത (4) | 1,00,000 | 89467514/30.03.08 |
| 3 | പേപ്പർ അധിഷ്ഠിത പരിശീലനം (2) | 65,000 | 89467510/30.03.08 |
| 4 | ഭക്ഷ്യാധിഷ്ഠിത ഉല്പന്ന പരിശീലനം- വനിത (5) | 60,000 | 89467513/30.03.08 |
| 5 | വിവിധോൽപ്പന്നങ്ങളുടെ പരിശീലനം- വനിത (3) | 40,000 | 89467512/30.03.08 |
| 6 | പാൽ ഉല്പന്ന നിർമ്മാണ പരിശീലനം-വനിത (6) | 30,000 | 89467511/30.03.08 |
| ആകെ | | 3,95,000 | |

***പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു:***

1. വിവിധ പരിശീലന പരിപാടികൾക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് രേഖാമൂലം ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അപേക്ഷയോ, അവരുടെ അർഹതാ മാനദണ്ഡം തെളിയിക്കുന്ന രേഖകളോ ഇല്ല.

3. പരിശീലന സ്ഥാപനം ഹാജരാക്കിയ ചെലവു കണക്കുപ്രകാരം അവർ കൈപ്പറ്റിയ തുകയുടെ 50% ഉം ട്രെയിനിംഗ് മെറ്റീരിയൽസിന്റെ വിലയിനത്തിലാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ഏതെല്ലാം മെറ്റീരിയൽസ് വാങ്ങി എന്നതു സംബന്ധമായി ബില്ലുകൾ ഹാജരാക്കുകയോ, പരിശീലന ശേഷം മെറ്റീരിയൽസ് തിരികെ ലഭിക്കുകയോ ചെയ്തിട്ടില്ല. ഗാർമെന്റ് മേക്കിംഗ് പരിശീലനത്തിനായി വാങ്ങുന്ന മെഷീനുകൾ പരിശീലനശേഷം ആരംഭിക്കുന്ന ഗാർമെന്റ് മേക്കിംഗ് യൂണിറ്റുകൾക്ക് നൽകാമെന്നിരിക്കേ ഇതിലേക്കായി വാങ്ങിയ സാധനങ്ങൾ തിരികെ വാങ്ങാതിരുന്നതിനുള്ള കാരണം വ്യക്തമല്ല.

4. പരിശീലന സ്ഥാപനം ഹാജരാക്കിയ ചെലവു കണക്കു പ്രകാരം അവർ കൈപ്പറ്റിയ തുക ട്രെയിനിംഗ് മെറ്റീരിയൽസിന്റെ വില, പഠിതാക്കൾക്കുള്ള റിഫ്രെഷ്മെന്റ് ചാർജ്ജ്, ഫ്രൈറ്റ് ചാർജ്ജ്, ടെലഫോൺ/പോസ്റ്റേജ്, പ്രിന്റിംഗ്, സ്റ്റേഷനറി, ഹാൾവാടക എന്നീ ഇനങ്ങളിലായി വിനിയോഗിച്ചു എന്ന് കാണിച്ചിട്ടുണ്ടെങ്കിലും ഇതിനാസ്പദമായ യാതൊരു ചെലവു രേഖകളും (ബിൽ, വൗച്ചർ, കൈപ്പറ്റ് രസീത് മുതലായവ) ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടേതായി ഹാജർ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ ഒഴികെ യാതൊന്നും അവർ ലഭ്യമാക്കിയിട്ടില്ല.

5. പരിശീലനം പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് അംഗീകൃത പ്രോജക്ടിലെ വ്യവസ്ഥ പ്രകാരം സർട്ടിഫിക്കറ്റ് നൽകേണ്ടതുണ്ടായിരുന്നുവെങ്കിലും എത്ര പേർക്ക് ഇതനുസരിച്ച് സർട്ടിഫിക്കറ്റ് ലഭിച്ചു എന്ന് വ്യക്തമല്ല. രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും കുറച്ചുപേർക്ക് നൽകിയ സർട്ടിഫിക്കറ്റ് പകർപ്പ് മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിൽ ഹാജരാക്കിയത്. ഇതുമൂലം എത്രപേർ പരിശീലനം വിജയകരമായി പൂർത്തിയാക്കിയെന്ന് വ്യക്തമല്ല.

6. പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നത് പ്രകാരം പരിശീലനം പൂർത്തിയാക്കിയവരെ ഉൾപ്പെടുത്തി ചെറുകിട വ്യവസായ/തൊഴിൽ യൂണിറ്റുകൾ ആരംഭിച്ചു എന്നതിന് യാതൊരു തെളിവുകളുമില്ല. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിറം എന്ന പേരിൽ ഒരു ഗാർമെന്റ് യൂണിറ്റ് ആരംഭിച്ചുവെന്നും, 4 പേപ്പർ ക്യാരിബാഗ് യൂണിറ്റുകൾ ആരംഭിച്ചുവെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ലായെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി.

7. ചെറുകിട തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുക എന്ന ആത്യന്തിക ലക്ഷ്യം മുന്നിൽ കണ്ട് പരിശീലനത്തിനായി 4 ലക്ഷത്തോളം രൂപ മുടക്കിയെങ്കിലും പരിശീലനം നൽകിയതൊഴിച്ചാൽ പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണമായും പ്രവർത്തികമാക്കാൻ കഴിഞ്ഞില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഇത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ 4 ലക്ഷം രൂപ ചെലവഴിച്ച ഈ പദ്ധതി ലക്ഷ്യം കൈവരിക്കാതിരുന്നതിനുള്ള വിശദീകരണം നൽകേണ്ടതാണ്. മേൽ അപാകതകളുടെ വെളിച്ചത്തിൽ ഇതിലേക്കായി ചെലവഴിച്ച 3,95,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*

*ശ്രീ.ജയലാൽ, വി.ഇ.ഒ, കട്ടച്ചിറ,*

*നല്ലവീട്ടിൽ, വേടരപ്ലാവ്.പി.ഒ., ചാരുംമൂട്.*

## 5.3.5. ആലപ്പുഴ ജില്ലാ പഞ്ചായത്ത്

### 5.3.5.(1). വികലാംഗ ക്ഷേമ പദ്ധതി 19.03 ലക്ഷം ചെലവായിട്ടും ലക്ഷ്യം നേടിയില്ല

**ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക നമ്പർ: 3(12)**

| | |
|---|---|
| ✦ | വികലാംഗ ക്ഷേമ പദ്ധതി - 19,00,000/- പാഴായി. |
| ✦ | കരാർ വെയ്ക്കാതെ ഖാദിബോർഡ് വക സ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്തി. |
| ✦ | കരാറിലില്ലാത്ത പ്രവൃത്തിക്കും തുക നൽകി. |

2007-08 വർഷം ജില്ലാ പഞ്ചായത്തും, സംസ്ഥാന വികലാംഗ കോർപ്പറേഷനും സംയുക്തമായി ഏറ്റെടുത്ത ഏകവർഷ പദ്ധതികളാണ് വികലാംഗ സഹായോപകരണ നിർമ്മാണ യൂണിറ്റ് (പ്രൊജക്റ്റ് നം. 85/08) ലിംബ് ഫിറ്റിംഗ് സെന്റർ (പ്രൊജക്റ്റ്നം.102/08) എന്നിവ ഈ പദ്ധതിയുടെ നടത്തിപ്പിനായി 24.03.08-ൽ വികലാംഗ ക്ഷേമ കോർപ്പറേഷനുമായി ജില്ലാ പഞ്ചായത്ത് കരാറിൽ ഏർപ്പെടുകയും (നം.47/07-08 തീയതി 24-03-08) അതിന്റെ അടിസ്ഥാനത്തിൽ 18,47,000/-രൂപ വികലാംഗക്ഷേമ കോർപ്പറേഷന് നൽകുകയും ചെയ്തു. പദ്ധതിയുടെ പ്രവർത്തന കലണ്ടർ പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ 2007 ഡിസംബറിൽ ആരംഭിച്ച് മാർച്ച് 2008ൽ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് തീയതിവരെ (09/09) വികലാംഗ സഹായോപകരണ നിർമ്മാണശാല പ്രവർത്തനക്ഷമമായിട്ടില്ലയെന്ന് മാത്രമല്ല 2008-09 വർഷത്തെ പദ്ധതി നടപടിക്രമങ്ങളിൽ താഴെ പറയുന്ന അപാകതകളും ഉള്ളതായി കാണുന്നു.

മേൽപദ്ധതിയ്ക്കായി 12-02-08ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി, വികലാംഗ ക്ഷേമ കോർപ്പറേഷൻ എം.ഡി, ഫോർമാൻ എന്നിവർ ചേർന്ന് നടത്തിയ അന്വേഷണത്തിൽ ആര്യാട് ബ്ലോക്ക് പഞ്ചായത്തിനടുത്തുള്ള 2 കെട്ടിടങ്ങളോടു കൂടിയ 1.5 ഏക്കർ സ്ഥലം പദ്ധതിയ്ക്ക് വളരെ അനുയോജ്യമാണെന്നും അമ്പലപ്പുഴ തെക്ക് പഞ്ചായത്തിൽ ക്ഷേത്രത്തിനു മുൻവശമുള്ള സ്ഥലം (കുഞ്ചൻ നമ്പ്യാർ സ്മാരക ട്രസ്റ്റ് വക) കോമ്പൗണ്ട്വാൾ കെട്ടി ഷെഡ്ഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചാൽ നിർമ്മാണശാല മാത്രം ആരംഭിക്കാവുന്നതാണെന്നും കണ്ടെത്തിയിരുന്നു. ഈ വിവരം മാനേജിംഗ് ഡയറക്ടർ 12-02-08ലെ 03/ബി2/08/വി.ക്ഷേ.കോ./എംആർഎസ്സി നമ്പർ കത്ത് പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. വികലാംഗ ക്ഷേമ കോർപ്പറേഷൻ തയ്യാറാക്കിയ ഡീറ്റയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ടിലും പദ്ധതി അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 24.03.08-ലെ കരാറിൽ കേരള സംസ്ഥാന ഖാദിബോർഡിന്റെ വാടയ്ക്കലുള്ള സ്ഥലവും, കെട്ടിടവും പ്രൊജക്റ്റുകൾക്കുവേണ്ടി ജില്ലാ പഞ്ചായത്ത് കോർപ്പറേഷന് ലഭ്യമാക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാറിലെ 5-ാം നമ്പർ നിബന്ധന പ്രകാരം ജില്ലാ പഞ്ചായത്ത് ലഭ്യമാക്കുന്ന കെട്ടിടത്തിന്റെ പ്രാരംഭ മെയിന്റനൻസ് പ്രവൃത്തികൾ ജില്ലാ

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള എൽ.എസ്.ജി.ഡി എക്സി.എഞ്ചിനീയർ മുഖാന്തിരം നടത്തുന്നതും പ്രസ്തുത പ്രവൃത്തികൾക്കു വേണ്ടിവരുന്ന തുക ജില്ലാപഞ്ചായത്തിൽ നിന്ന് കോർപ്പറേഷന് നൽകുന്ന തുകയിൽനിന്നും ജില്ലാ പഞ്ചായത്ത് പാസ്സാക്കുന്ന ബിൽ പ്രകാരം കോർപ്പറേഷൻ നൽകുന്നതുമാണ്.

മേൽപ്പറഞ്ഞ ഖാദി ബോർഡ് വക സ്ഥലം വാടക രഹിതമായി ജില്ലാ പഞ്ചായത്തിന് കൈമാറണമെന്ന് വകുപ്പു മന്ത്രി ഉൾപ്പെടെയുള്ളവർക്ക് പലതവണ ജില്ലാ പഞ്ചായത്തിൽ നിന്നും കത്തിടപാടുകൾ നടത്തിയെങ്കിലും ഖാദി ബോർഡിന്റെ അംഗീകാരത്തിനു വിധേയമായി കെട്ടിടങ്ങൾ പ്രതിമാസ വാടക അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന് വിട്ടുതരുന്നതിന് തീരുമാനമായിട്ടുണ്ടെന്ന് ഖാദി ഗ്രാമവ്യവസായ ബോർഡ് സെക്രട്ടറി ജില്ലാ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. (കത്ത് നം.കെ.ബി.183/08/കെ5 തീയതി 12-03-08) എന്നാൽ ഖാദി ബോർഡുമായി വാടക കരാറിൽ ഏർപ്പെടാതെ തന്നെ ജില്ലാ പഞ്ചായത്ത് മേൽപ്പറഞ്ഞ സ്ഥലത്ത് നിർമ്മാണശാല ആരംഭിക്കുന്നതിനാവശ്യമായ മെയിന്റനൻസ് പ്രവൃത്തികളും, ചുറ്റുമതിൽ നിർമ്മാണവും നടത്തുകയും താഴെപറയും പ്രകാരം തുക ചെലവാക്കുകയും ചെയ്തു.

| ക്രമ നം. | നടത്തിയ പ്രവൃത്തി യുടെ വിവരം | നൽകിയ തുക | തുക കൈപ്പറ്റിയതിന്റ വിവരം/തുക നൽകിയ ഡിഡി നമ്പർ/തീയതി | കുറിപ്പ് |
|---|---|---|---|---|
| 1 | ബോർവെൽ സ്ഥാപനം | **3,450/-** | ശ്രീ. മനുരാജ് 183311/06-08-08 | ജില്ലാ പഞ്ചായത്ത് നിർദ്ദേശം അനുസരിച്ച് വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും നൽകി |
| 2 | കെട്ടിടം മെയിന്റനൻസ് | **31,568/-** | ശ്രീ. മനുരാജ് 140177/01-01-09 | ജില്ലാ പഞ്ചായത്ത് നിർദ്ദേശം അനുസരിച്ച് വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും നൽകി |
| 3 | വയറിംഗ് | **1,58,846/-** | ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ 139548/17-01-09 | ജില്ലാ പഞ്ചായത്ത് നിർദ്ദേശം അനുസരിച്ച് വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും നൽകി |
| 4 | ചുറ്റുമതിൽ നിർമ്മാണം | എ) **56,000/-** (മൊബിലൈസേഷൻ അഡ്വാൻസ്) | നിർമ്മിതി കേന്ദ്രം 184800/06-10-08 | ജില്ലാ പഞ്ചായത്ത് നിർദ്ദേശം അനുസരിച്ച് വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും നൽകി |
| | | ബി) **56,000/-** (യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകിയ മുൻകൂർ) | ചെക്ക് നം. 2636414/ 25-11-08) | കരാറിലെ നിബന്ധനയ്ക്ക് വിരുദ്ധമായി ഡിപിഎഫ്എ-1ൽ നിന്നും നൽകി |
| **ആകെ** | | **3,05,864/-** | | |
| നികുതി ഉൾപ്പെടെ | | **3,10,500/-** | | |

വികലാംഗ സഹായ ഉപകരണങ്ങളും, ലിംബ് ഫിറ്റിംഗ് സെന്ററും നിർമ്മിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. എന്നാൽ ടി കെട്ടിടവും, സ്ഥലവും ഇത്തരം വ്യവസായ സംരംഭത്തിന് അനുയോജ്യമാണോയെന്നതു സംബന്ധിച്ച് സാങ്കേതിക പരിശോധന നടത്തിയിട്ടുള്ളതായോ, തൽസംബന്ധമായ നിർദ്ദേശങ്ങൾ ലഭിച്ചതായോ കാണുന്നില്ല. ആവശ്യമായ ഭൗതീക പരിസ്ഥിതി സൗകര്യങ്ങൾ പരിഗണിക്കാതെയും ഖാദി ബോർഡുമായി കെട്ടിട അവകാശം സംബന്ധിച്ച

കരാറിൽ ഏർപ്പെടാതെയും മേൽപ്പറഞ്ഞ നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ജില്ലാപഞ്ചായത്ത് തീരുമാനമെടുത്തതും കരാറിനു വിരുദ്ധമായി ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചുറ്റുമതിൽ നിർമ്മാണത്തിന് 56,000/-രൂപ നൽകിയതും ക്രമപ്രകാരമല്ല. പദ്ധതി പണം നൽകി 1.5 വർഷം കഴിഞ്ഞിട്ടും കരാർ പ്രകാരമുള്ള നിർമ്മാണശാലയുടെ പ്രവർത്തനം ആരംഭിയ്ക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ വികലാംഗ ക്ഷേമ കോർപ്പറേഷനു നൽകിയ തുകയിൽ ജില്ലാ പഞ്ചായത്ത് നിർദ്ദേശമനുസരിച്ച് നൽകിയ തുകകൾ [3450+31568+158846+56000+ 4636(നികുതികൾ)] ഒഴികെയുള്ള 15,92,500/-രൂപ പലിശ സഹിതം വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും മെയിന്റനൻസ് പ്രവൃത്തികൾക്ക് ചെലവായ 3,10,500/-രൂപ ഖാദി ബോർഡുമായി വാടക സംബന്ധിച്ച കരാറിൽ ഏർപ്പെടാതെ മെയിന്റനൻസ് പ്രവൃത്തികൾക്ക് ചെലവു ചെയ്യുന്നതിനു തീരുമാനമെടുത്ത ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതുമാണ്. ആകെ 19,03,000/-രൂപ (18,47,000+56,000) 2007-08 ൽ 18,47,000/-രൂപ 08-09ൽ 56,000/-രൂപ.

*<u>ഉത്തരവാദികളായ ഉദ്യോഗസ്ഥർ:</u>*

1. *ശ്രീ.പി.കെ.മോഹനൻ (സെക്രട്ടറി)ഷാംഗ്രില,*
   *ഇസ്താന റോഡ്, അമ്പലപ്പുഴ.പി.ഒ.*
2. *ശ്രീ.എസ്.വി.കലേശൻ, എ.ഛ (അഡീഷണൽ ചാർജ്ജ്)*
   *ഗ്രീഷ്മം, കലവൂർ.പി.ഒ, ആലപ്പുഴ.*
3. *ശ്രീ.ആർ.നാസർ (പ്രസിഡന്റ്),*
4. *ഐശ്വര്യ, മുട്ടത്തിപ്പറമ്പ്.പി.ഒ, ആലപ്പുഴ.*
   *മറ്റു ജില്ലാ പഞ്ചായത്ത് അംഗങ്ങൾ.*

## <u>കോട്ടയം ജില്ല</u>

## 5.3.6. കിടങ്ങൂർ ഗ്രാമപഞ്ചായത്ത്

### 5.3.6.(1). ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ്-ഭൂമി വാങ്ങിയെങ്കിലും ലക്ഷ്യം കൈവരിച്ചില്ല

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3.3</u>***

| | |
|---|---|
| ✦ | ***ഭൂമി വാങ്ങിയെങ്കിലും ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് യാഥാർത്ഥ്യമായില്ല.*** |
| ✦ | ***നിർമ്മാണ പ്രവർത്തനത്തിനായി പദ്ധതി ആവിഷ്കരിച്ചില്ല.*** |

കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി (പ്രോജക്ട് നമ്പർ 81/01-02) ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനായി കിടങ്ങൂർ വില്ലേജിൽ ബ്ലോക്ക് നം.16-ൽ റീസർവ്വെ നം.89/6-ൽപ്പെട്ട 44.86 ആർ സ്ഥലം പഞ്ചായത്തിന് വേണ്ടി ഏറ്റെടുത്ത് നൽകിയിട്ടുള്ളതായി പാലാ ലാന്റ് അക്വിസിഷൻ ഓഫീസർ, റവന്യൂ ഡിവിഷണൽ ഓഫീസ് 02.02.05-ൽ സി.3558/02-ാം നമ്പർ കത്ത് മുഖേന പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

2002 ഒക്ടോബർ മാസം സ്ഥലം ഏറ്റെടുത്ത് പണി തുടങ്ങി 2003 മാർച്ച് മാസം പൂർത്തിയാക്കാനായിരുന്നു നിർവ്വഹണ കലണ്ടർ പ്രകാരം തീരുമാനി ച്ചിരുന്നത്.

പഞ്ചായത്തിന്റെ സമഗ്ര വികസനം സാദ്ധ്യമാക്കുക, യാത്രക്കാർക്ക് വാഹന ങ്ങൾ ഉപയോഗിക്കുന്നതിന് കാത്ത്നിൽപ്പ് കേന്ദ്രങ്ങൾ ഉണ്ടാക്കുക, ടാക്സി, ഓട്ടോ പാർക്കിംഗ് കേന്ദ്രമുണ്ടാക്കുക, വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യമുണ്ടാക്കുക, പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്നിവയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ.

ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി വാങ്ങൽ ഇനത്തിൽ 2008-09 വർഷം വരെ ആകെ 3476091/-രൂപ ചെലവഴി ച്ചിട്ടുണ്ട്. വിശദവിവരം ചവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | സ്ഥലം പെഗ് മാർക്ക് ചെയ്തതിന് നൽകിയ തുക (പ്ലാൻ പി.ഡി) | 500 | ചെക്ക് നം.2254/ 31.03 .03. |
| 2 | ബഹു.പാലാ ആർ.ഡി.ഒ.യ്ക്ക് ഡി.ഡി. ആയി നൽകുന്ന മുൻകൂർ തുക - പ്ലാൻ - 1319115, ഇ.എഫ്.സി - 180885 | 1500000 | ചെക്ക് നം.08286557/ 26.11.03 |
| 3 | സ്ഥലം അളന്ന് കല്ലിട്ടതിന് 5 പേർക്ക് നൽകിയ കൂലി (പ്ലാൻ.പി.ഡി) | 700 | ചെക്ക് നം.9491/ 19.12.03 |
| 4 | സർവ്വെകല്ലുകളുടെ വിലയായി എവർ ഷൈൻ സ്റ്റോൺ വർക്സ്, കിടങ്ങൂർ പേർക്ക് നൽകിയ തുക (പ്ലാൻ.പി.ഡി) | 560 | ചെക്ക് നം.9492/ 31.12.03 |
| 5 | ബഹു.പാലാ ആർ.ഡി.ഒ.യുടെ പേർക്ക് ഡി.ഡി.ആയി നൽകുന്ന അഡ്വാൻസ് തുക (പ്ലാൻ.പി.ഡി) | 758830 | ചെക്ക് നം.0137903/ 29.01.04 |
| 6 | എസ്റ്റാബ്ലിഷ്മെന്റ് ചാർജിനത്തിൽ ആർ.ഡി.ഒ.യ്ക്ക് നൽകിയതുക (തനത്ഫണ്ട്) | 76209 | ചെക്ക് നം.0375102/ 28.09.06 |
| 7 | വസ്തു ഉടമയുടെ പരാതിയുടെ അടിസ്ഥാനത്തിൽ അധിക വില എൽ.എ.ആർ.70/05 സബ്കോടതി, പാലാ വിധി പ്രകാരം കോടതിയിൽ കെട്ടിവയ്ക്കുന്നതിന് നൽകിയ തുക (തനത് ഫണ്ട്) | 1050659 | ചെക്ക് നം.0385136/ 28.12.07 |
| 8 | 100/07-ാം നമ്പർ അദാലത്ത് ഓർഡർ പ്രകാരം ആർ.ഡി.ഒ. പാലായ്ക്ക് നൽകിയ തുക (തനത് ഫണ്ട്) | 88633 | ചെക്ക് നം.1419/ 05.03.09 |
| | **ആകെ** | **3476091** | |

ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി ഭൂമി വാങ്ങിയ ഇനത്തിൽ 2008-09 വർഷം വരെ 3476091/-രൂപ ചെലവഴിച്ചെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതുവരെ പഞ്ചായത്ത് യാതൊരു പ്രോജക്ടുകളും തയ്യാറാ ക്കിയിട്ടില്ല. ആയതിനാൽ ഉദ്ദേശിച്ച ലക്ഷ്യം നാളിതുവരെ കൈവരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മാത്രമല്ല, ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി വാങ്ങിയ ഭൂമി നാളിതുവരെ പോക്ക് വരവ് നടത്തി അടിസ്ഥാന നികുതി ഒടുക്കിയിട്ടില്ല.

# 5.3.7. മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

## 5.3.7.(1). സ്വന്തമല്ലാത്ത സ്ഥലത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം – പദ്ധതിപ്പണം പാഴായി

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-15***

2004-05 വർഷത്തെ വാർഷിക പദ്ധതിയിൽ എസ്.സി.പി.വിഭാഗത്തിൽ പ്രോജക്ട് നം.82/05 നമ്പരായി 8,00,000/-രൂപ വകയിരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും വാങ്ങി (987/2004/ഡി.പി.സി/ഇ.കെ.എം തീയതി: 13.08.2004). എന്നാൽ സാങ്കേതിക ഉപദേശക സമിതിയുടെ ശുപാർശയിൽ [10.08.2004-ലെ എസ്.സി/എസ്.ടി(19)04/04] സ്ഥലം ബ്ലോക്ക്പഞ്ചായത്തിന് കൈമാറണമെന്ന് വ്യക്തമാക്കിയിരുന്നു. ഉദയംപേരൂർ പഞ്ചായത്തിൽപ്പെട്ട മാളേക്കാട് ശ്രീ ഷൺമുഖവിലാസം പുലയസമാജം വക സ്ഥലത്താണ് കമ്മ്യൂണിറ്റി ഹാൾ പണിയുവാൻ ഉദ്ദേശിച്ചിരുന്നത്. സ്ഥലം പഞ്ചായത്തിലേയ്ക്ക് വിട്ടുതന്നു കൊണ്ടുള്ള രേഖകൾ ബ്ലോക്ക് പഞ്ചായത്തിനു കൈമാറിയിരുന്നില്ല. പകരം 29.03.2005-ൽ വാങ്ങിയ 50/-രൂപ മുദ്രപ്പത്രത്തിൽ ക്ഷേത്ര സമിതിയ്ക്കുവേണ്ടി പ്രസിഡന്റ്, സെക്രട്ടറി തുടങ്ങി 5 ഭാരവാഹികൾ ചേർന്ന് ഒപ്പിട്ടു നൽകിയ ഒരു സമ്മതപത്രം മാത്രമാണ് ഫയലിൽ കാണുന്നത്. 31.07.2004-ൽ ശ്രീ ഷൺമുഖ വിലാസം പുലയ സമാജം പ്രസിഡന്റും സെക്രട്ടറിയും ചേർന്ന് എഴുതി നൽകിയ സമ്മതപത്രത്തിൽ സമാജം വക സർവ്വേ 153/2-ൽപെട്ട സ്ഥലം വിട്ടുതരുവാൻ സമ്മതമാണെന്ന് അറിയിച്ചിരുന്നു. ഇതിനാലാവാം ഇത്തരത്തിൽ ഒരു പദ്ധതിയ്ക്ക് പഞ്ചായത്ത് രൂപം നൽകിയതെന്നും കരുതുന്നു. എന്നിരുന്നാലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ പ്രസ്തുത സ്ഥലം ബ്ലോക്ക് പഞ്ചായത്ത് നിയമാനുസൃതം ഏറ്റെടുക്കേണ്ടതായിരുന്നു. ഇത് അന്ന് സെക്രട്ടറിയായിരുന്ന ശ്രീ.പി.വി.തോമസിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. സ്ഥലം ലഭിക്കാതെ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാർ കരാറുകാരനായ ശ്രീ.എ.ടി.പ്രമോദ് എന്നയാളുമായി 15.03.05-ൽ സെക്രട്ടറി ഒപ്പുവയ്ക്കുകയുണ്ടായി. തുടർന്ന് ഒന്നാം ഭാഗിക ബിൽ തയ്യാറാക്കി നിയമപ്രകാരമുള്ള കിഴിവുകൾ കഴിച്ച് (ബിൽ തുക 1,02,723-വിൽപ്പന നികുതി 6615, ആദായ നികുതി 2095, നി.തൊ.ക്ഷേമ നിധി വിഹിതം 1021, റീടെൻഷൻ 10272) 82714/-രൂപ 08.04.2005-ലെ ഡി.ഡി.നം.740443 പ്രകാരം കരാറുകാരന് നൽകുകയുണ്ടായി. കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കുന്ന സ്ഥലം നിയമാനുസൃതം ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയില്ലെന്ന കാരണത്താൽ പിന്നീട് കരാറുകാരന് തുകയൊന്നും നൽകിയില്ല. മേൽ സാഹചര്യത്തിൽ തുടർന്നുനടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാറുകാരന് തുക നൽകാതിരുന്നതിനാൽ അദ്ദേഹം ഓംബുഡ്സ്മാൻ മുമ്പാകെ പരാതി സമർപ്പിക്കുകയും, നിർമ്മാണ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തി കരാറുകാരന് ബാക്കി തുക നൽകുവാൻ 17.10.2007-ൽ ഉത്തരവാകുകയും ചെയ്തു. (ഒ.പി.നം.745/07) ആയതിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തി 2,08,960/-രൂപ അനുവദിച്ചു നൽകിയതായി കാണുന്നു. 2007-08 വർഷത്തിലും 8,07,549/-രൂപ വകയിരുത്തി സ്പിൽ ഓവർ പ്രോജക്ട് ആയി അംഗീകാരം വാങ്ങിയിരുന്നു. എങ്കിലും സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടാതിരുന്ന സാഹചര്യത്തിൽ പണി പൂർത്തീകരിക്കുകയുണ്ടായില്ല.

വേണ്ടത്ര ആലോചനയോ മുൻകരുതലോ എടുക്കാതിരുന്നതു മൂലം പദ്ധതി പൂർത്തീകരിക്കപ്പെടാത്ത നിലയിൽ കിടക്കുന്നു. ഈ സാഹചര്യത്തിൽ പദ്ധതി പ്രവർത്തനത്തിനായി ഉപയോഗിച്ച 3,01,412/-രൂപ പാഴ്ചെലവായി കണക്കാക്കുന്നു. തുക ഉത്തരവാദിയായ സെക്രട്ടറി ശ്രീ.പി.വി.തോമസിൽ നിന്നും ഈടാക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*

*ശ്രീ.പി.വിതോമസ്, സെക്രട്ടറി.*

**<u>തൃശ്ശൂർ ജില്ല</u>**

## 5.3.8. കടങ്ങോട് ഗ്രാമപഞ്ചായത്ത്

### 5.3.8.(1). ഷോപ്പിങ്ങ് കോംപ്ലക്സ് നിർജ്ജീവ ആസ്തിയായി 4 വർഷമായി കിടക്കുന്നത്

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 2-2</u>***

പഞ്ചായത്ത് വക മരത്തംകോട് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ച് മൂന്നുവർഷമായിട്ടും ഉപയോഗിക്കാതെ കിടക്കുന്നതായി കാണുന്നു. 2007 ജനുവരി മുതൽ വാടകയ്ക്ക് നൽകാമെന്ന് തീരുമാനിച്ച് 08/12/06-ലെ പഞ്ചായത്ത് കമ്മിറ്റി ഷോപ്പിങ്ങ് കോംപ്ളക്സിൻെറ ബൈലോ അംഗീകരിച്ചിരുന്നതാണ്. (തീരുമാനം.111(1)/06). പഞ്ചായത്ത് ഡയറക്ടറിൽനിന്ന് 29/09/08-ലാണ് ബൈലോ അംഗീകരിച്ച് വന്നത് എന്നാണ് വിശദീകരിച്ചത്. ബൈലോ അംഗീകാരം സംബന്ധിച്ച് ഫയൽ പരിശോധനയ്ക്ക് ലഭ്യമായിരുന്നില്ല. 1997-98-ൽ തുടങ്ങി 8 ലക്ഷം രൂപ ചെലവ് ചെയ്ത് 2005 സെപ്തംബറിൽ പൂർത്തിയായ കെട്ടിടം പഞ്ചായത്തിന് വരുമാനം ലഭിക്കാതെ 4 വർഷത്തോളം വെറുതെ കിടക്കുന്നത് പഞ്ചായത്തിന്റെ ധനനഷ്ടമാണ്.

ഭരണാധികാരികളുടെയും വകുപ്പിന്റെയും സത്വരശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 5.3.9. തൃശ്ശൂർ ജില്ലാപഞ്ചായത്ത്

### 5.3.9.(1). സെറി കൾച്ചർ വികസനം – പദ്ധതി ലക്ഷ്യം നേടിയില്ല. എൽ.സി.ഡി. പ്രൊജക്റ്റർ, സ്ക്രീൻ ലാപ്ടോപ് കമ്പ്യൂട്ടർ എന്നിവ സെറിഫെഡിന് നൽകിയിട്ടില്ല

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 2-17</u>***

| | |
|---|---|
| ✦ | *3.67 ലക്ഷത്തിന്റെ ഉപകരണങ്ങൾ വാങ്ങിയെങ്കിലും പദ്ധതി യാഥാർത്ഥ്യമായില്ല.* |
| ✦ | *വാങ്ങിയ ഉപകരണങ്ങളെല്ലാം നിർവ്വഹണ ഏജൻസിക്ക് നൽകിയില്ല.* |

തൃശൂർ ജില്ലയിൽ കർഷകർക്ക് സെറികൾച്ചർ മേഖലയിൽ വിജ്ഞാന വ്യാപനത്തിനും, എക്സിബിഷൻ, പബ്ളിസിറ്റി സൗകര്യങ്ങൾ ഒരുക്കുന്നതിനു മായി ഒരുവാഹനം സജ്ജമാക്കുന്നതിന് ജില്ലാപഞ്ചായത്തിൽ നിന്നും 5,00,000/-രൂപ തൻവർഷം വകയിരുത്തിയിട്ടുണ്ട്. 3,00,000/-രൂപ വിലയുള്ള വാഹനം സെറിഫെഡ് നൽകുമെന്നും ഇതിൽ സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് ജില്ലാപഞ്ചായത്ത് തുക നൽകുന്നതെന്നും പ്രോജക്റ്റിൽ സൂചിപ്പിക്കുന്നു.

ജില്ലാ സെറികൾച്ചർ ഓഫീസർ തയ്യാറാക്കി സമർപ്പിച്ച പ്രോജക്റ്റിൽ ആവശ്യപ്പെട്ടതനുസരിച്ച് ജില്ലാപഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ താഴെപ്പറയുന്ന ഇനങ്ങളിൽ 3,67,646/-രൂപ ചെലവു ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഉദ്ദേശ്യം | ചെക്ക് നം/ തീയതി | തുക (രൂപ) | നൽകിയത് |
|---|---|---|---|
| എൽ.സി.ഡി.പ്രോജക്റ്റർ, സ്ക്രീൻ, ലാപ്ടോപ്പ്, കമ്പ്യൂട്ടർ | 181481/ 04.04.07 | 93,400 | എസ്ക്വയർ അസോസിയേറ്റ്സ്, എൻ.പി.കോംപ്ളക്സ്, മണ്ണത്ത് ലെയ്ൻ, എം.ജി.റോഡ്, തൃശൂർ. |
| തേനീച്ച വളർത്തൽ 5 മോഡലുകൾ | 181480/ 4.4.07 | 97,250 | കെ.പി.അബ്രഹാം, അൻസൽ അലു.ഫാബ്രിക്കേഷൻ, പി.ഒ.വടക്കാഞ്ചേരി |
| ഡെമോൺസ്ട്രേഷൻ ഉപകരണങ്ങൾ | 181482/ 4.4.07 | 49,761 | ചിറയത്ത് ഏജൻസീസ്, ശ്രീനി വാസ് ബിൽഡിംഗ്, വടക്കാഞ്ചേരി. |
| മിനി മൈക്ക് + ആംപ്ളിഫയർ | 181483/ 4.4.07 | 17,990 | സാംസങ്ങ്, മലയാളം മാർക്കറ്റിംഗ് കമ്പനി, പൂത്തോൾ, തൃശൂർ. |
| ജനറേറ്റർ സെറ്റ് | 181484/ 4.4.07 | 19,650 | കേയാർ ട്രേഡിംഗ് കോർപ്പറേഷൻ, പി.ഒ.റോഡ്, തൃശൂർ |
| വൈറ്റ് ബോർഡ്+അനുബന്ധ ഉപകരണങ്ങൾ | 181485/ 4.4.07 | 4,800 | ജോൺസൺ സ്റ്റോഴ്സ്, റൗണ്ട് വെസ്റ്റ്, തൃശൂർ. |
| <u>പ്രിന്റിംഗ് ചാർജ്</u> ലഘുലേഖ 10,000 കൈപുസ്തകം 2,000 | 181486/ 4.4.07 | 33,150 | രാമദാസ്.കെ.വി., ഇന്ദ്രപുരി കോംപ്ലക്സ്, അത്താണി, തൃശൂർ. |
| ചാർട്ടുകൾ, ഫ്ളാഷ് ബോർ ഡുകൾ, ഫോട്ടോഗ്രാഫ് | 181487/ 04.04.07 | 51,645 | എൻ.ആർ.രാധാകൃഷ്ണൻ, അവന്യൂ ഡിജിറ്റൽ സ്റ്റുഡിയോ, അത്താണി, തൃശൂർ |
| **ആകെ** | | **3,67,646** | |

ജില്ല, ബ്ളോക്ക്, ഗ്രാമപഞ്ചായത്തുകൾ, കാർഷിക സർവ്വകലാശാല, കൃഷി ഭവനുകൾ എന്നിവയുമായി സഹകരിച്ച് 30 ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിലും നിരന്തരം സഞ്ചരിച്ച് ചർച്ചാ ക്ലാസ്സുകൾ, സെറികൾച്ചർ ഫിലിം പ്രദർശനം, എക്സിബിഷൻ, സെമിനാർ, കർഷക പരിശീലനം, ബോധവൽക്കരണം എന്നിവ നടത്തുന്നതിന് പ്രോജക്ട് ലക്ഷ്യമിടുന്നു. ഇതിനായി 3,67,646/- രൂപ ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങി സെറിഫെഡിനു നൽകിയിട്ടുണ്ട്.

എന്നാൽ സെറിഫെഡിന്റെ തിയ്യതി രേഖപ്പെടുത്താത്ത കൈപ്പറ്റ് രശീതി പ്രകാരം തൃശൂർ നെല്ലിക്കുന്നിലുള്ള ജില്ലാ സെറിഫെഡ് ഓഫീസിൽ ലഭിച്ച സാധനങ്ങളുടെ കൂട്ടത്തിൽ എൽ.സി.ഡി.പ്രോജക്ടർ, ലാപ്ടോപ്പ് കമ്പ്യൂട്ടർ, സ്ക്രീൻ വിത്ത് സ്റ്റാൻഡ് എന്നിവ ഉൾപ്പെട്ടിട്ടില്ല. ഈയിനത്തിൽ 93,400/-രൂപ എസ്ക്വയർ അസോസിയേറ്റ്സിനു നൽകിയിട്ടുണ്ട്. (ഇൻവോയ്സ് നം. 3,29,43,295

തീയതി.27.03.2007). ഇതിന്റെ കാരണം വ്യക്തമല്ല. (സ്റ്റോക്ക് കാഷ്/ ക്രെഡിറ്റ് ബിൽ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല). ഇക്കാര്യം അന്വേഷണ വിധേയമാക്കേണ്ട താണ്.

മേൽ സൂചിപ്പിച്ച സാധനങ്ങൾ ടി ഓഫീസിൽ കൈപ്പറ്റിയെന്നല്ലാതെ സെറികൾച്ചർ നടത്തുന്നതിന് കർഷകരെ ബോധവൽക്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ യാതൊരു രേഖകളും ഓഡിറ്റിനു നൽകിയിട്ടില്ല. ഇത്തരം പ്രൊജക്റ്റുകൾ ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്നതിനാണ് ഉദ്ദേശിച്ചി രിക്കുന്നത്. 5,00,000/-രൂപയിൽ കവിയുന്ന പ്രോജക്ടുകൾ മാത്രമേ ജില്ലാപഞ്ചായ ത്തുകൾ ഏറ്റെടുക്കേണ്ടതുള്ളൂ എന്നതിനാലും ഇത്തരത്തിൽ തുക ചെലവു ചെയ്യു ന്നതിന് പദ്ധതിരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്തതിനാലും ഇതിനായി വാങ്ങിയ ഉപകരണങ്ങൾ, സാധനങ്ങൾ എന്നിവ നാളിതുവരെ പ്രയോജനപ്പെടുത്തിയിട്ടില്ലാ യെന്നതിനാലും ഡി.പി.സി.അംഗീകാരമില്ലാതെ ചെലവഴിച്ച 3,67,646/-രൂപ ഓഡിറ്റി ൽ തടസ്സപ്പെടുത്തുന്നു. പദ്ധതിരേഖാ മാർഗ്ഗനിർദ്ദേശങ്ങൾ മറികടന്നു നടത്തിയ ചെലവിന് സർക്കാർ അനുമതി വാങ്ങേണ്ടതും, അല്ലാത്തപക്ഷം തുക ഉത്തരവാദി യായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർനടപടികൾ സ്വീകരി ക്കുന്നതുമാണ്.

## 5.3.9.(2). വൃദ്ധ സദനം ലക്ഷ്യം കൈവരിച്ചിട്ടില്ല

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 2-46***

നിർമ്മിതി കേന്ദ്ര, തൃശൂർ മുഖേന നിർവ്വഹണം നടത്തിയ ഈ പ്രോജക്ടിന് 5 ലക്ഷം രൂപയുടെ ഭരണ/സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. 60 വയസ്സിനുമേൽ പ്രായമുള്ളവരും ബന്ധുക്കളിൽനിന്നും പരിചരണം ലഭിക്കാത്തവരുമായ വൃദ്ധർക്ക് അഭയംനൽകുക എന്നതാണ് ഈ പ്രോജക്ടിന്റെ പ്രധാന ലക്ഷ്യം. ഇതിനായി കൈപ്പമംഗലം പഞ്ചായത്തിലെ 16-ാം വാർഡിൽ കമ്പനിക്കടവ് ഭാഗത്ത് തൃശൂർ നിർമ്മിതി കേന്ദ്രം മുഖേന കെട്ടിടം നിർമ്മിച്ചതിന് ജില്ലാ പഞ്ചായത്തിന് 4,89,751/- രൂപ ചെലവായിട്ടുണ്ട്.

ഈ പദ്ധതിയുടെ അംഗീകരിച്ച പ്രോജക്ടിൽ കെട്ടിട നിർമ്മാണം, വാട്ടർ ടാങ്ക്, സാനിറ്ററി പ്രവൃത്തികൾക്കായി 4 ലക്ഷം രൂപയും ഫർണിച്ചർ വാങ്ങുന്നതിന് 1 ലക്ഷം രൂപയുമാണ് വകയിരുത്തിയിരുന്നത്. എന്നാൽ ഈ പ്രവർത്തിക്ക് വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കെട്ടിട നിർമ്മാണത്തിനു മാത്രമായി 5 ലക്ഷം രൂപയും വകയിരുത്തി അതുപ്രകാരം നിർമ്മിതികേന്ദ്രം മുഖേന നിർവ്വഹണം നടത്തിയത് ക്രമപ്രകാരമല്ല. അംഗീകരിച്ച പ്രോജക്ടിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പൂർണ്ണതോതിലുള്ള പ്രവൃത്തിചെയ്യാതെ, പ്ലംബ്ബിംഗ്, സാനിറ്ററി, ഇലക്ട്രിക്കൽ ഫർണിച്ചർ വാങ്ങൽ എന്നീ ജോലികൾ ഒഴിവാക്കി കെട്ടിടം പണിനടത്തിയതും, ഫൈനൽബിൽ തയ്യാറാക്കി നിർമ്മിതി കേന്ദ്രത്തിന് തുക നൽകിയതും ശരിയായ നടപടിയല്ല. കൂടാതെ നിരാലംബർക്ക് വേണ്ടിയുള്ള സദനത്തിൽ വി.ഐ.പി.കൾക്ക് വേണ്ടി പ്രത്യേകം മുറി പണിതിരിക്കുന്നത് എന്തിനാണെന്ന് വിശദീകരിക്കേ ണ്ടതാണ്. പൊതുപണം ഉപയോഗിച്ച് പ്രോജക്ടുകൾ നടപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ അവയുടെ വിജയസാധ്യത, തുടർനടത്തിപ്പ് മുതലായ വിഷയങ്ങൾ സജീവമായി പരിഗണിക്കേണ്ടതുണ്ട്. എന്നാൽ വൃദ്ധസദനത്തിന്റെ കാര്യത്തിൽ ഇവ പരിഗണനാവിഷയമായിട്ടില്ലെന്നാണ് പരിശോധനക്ക് ഹാജരാ

ക്കിയ ഫയലിൽനിന്നും മനസ്സിലാകുന്നത്. പ്രോജക്ടിൽ വിഭാവനം ചെയ്തപോലെ വൃദ്ധസദനത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് നിരാലംബരായ ജനങ്ങൾക്ക് അഭയം/സംരക്ഷണം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിവരം, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 22.10.08-ൽ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും അതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതിൽ നിന്നും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് കാണുന്നു.

## *5.3.9.(3). വൈദ്യുതി കണക്ഷൻ കിട്ടിയില്ല - വനിതാ കലാകേന്ദ്രം നിഷ്ക്രിയ ആസ്തി*

***ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07, ഖണ്ഡിക 2-47)***

12,50,000/-രൂപ ഭരണ/സാങ്കേതികാനുമതിയുള്ള ഈ പദ്ധതി വനിതകൾക്കും കുട്ടികൾക്കുമായി കല, സാഹിത്യം, വിദ്യാഭ്യാസം, തൊഴിൽ എന്നീ വിഷയങ്ങളിൽ വികാസം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതിനായി പാറളം ഗ്രാമവേദി ജില്ലാ പഞ്ചായത്തിന് റിലിങ്കിഷ് ചെയ്ത് നൽകിയ 17 സെന്റ് സ്ഥലത്ത് സർവ്വെ നമ്പർ 219/2 നിർമ്മിതി കേന്ദ്ര, തൃശൂർ മുഖേന നിർമ്മിച്ച ഇരുനില കെട്ടിടത്തിന് 31.3.07 വരെ പഞ്ചായത്തിന് 12,49,999/-രൂപ ചെലവ് വന്നിട്ടുണ്ട്. വനിതാ കലാകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം 2006 മേയ് മാസത്തിൽ പൂർത്തീകരിച്ചിട്ടുള്ളതാണെങ്കിലും ഇതിലേക്ക് വൈദ്യുതി കണക്ഷൻ ഇതുവരേയും ലഭിച്ചിട്ടില്ലെന്നാണ് ഫയൽ പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്. കെട്ടിടനിർമ്മാണം പൂർത്തിയാക്കി നാലര വർഷത്തിലധികമായിട്ടും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കാര്യമായ യാതൊരുനടപടിയും സ്വീകരിച്ചുകാണുന്നില്ല എന്നത് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിൽ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നുള്ള അലംഭാവമാണ് വ്യക്തമാക്കുന്നത്. പ്രോജക്ടിൽ വിഭാവനം ചെയ്ത രീതിയിൽ വനിതകൾ, കുട്ടികൾ എന്നിവരുടെ കല, സാഹിത്യം, വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ വികാസം നേടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കണമെന്ന് 22.10.08-ൽ രേഖാമൂലം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇവ ലഭ്യമാക്കുകയുണ്ടായില്ല. ഈ പ്രോജക്ടിനു വേണ്ടി സാങ്കേതികാനുമതി ലഭിച്ച മുഴുവൻ തുകയും ചെലവ് ചെയ്ത് കെട്ടിടം പണി പൂർത്തീകരിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പോലും നടത്തി കാണുന്നില്ല.

### **മലപ്പുറം ജില്ല**

# **5.3.10. പാണ്ടിക്കാട് ഗ്രാമ പഞ്ചായത്ത്**

## **5.3.10.(1). ശുദ്ധജല വിതരണം പണമടച്ചിട്ടും മോട്ടോർ സ്ഥാപിച്ചില്ല**

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3 (29)***

1998-99 ലെ ജനകീയാസൂത്രണ പദ്ധതിയിൻകീഴിൽ പൂളമണ്ണ ശുദ്ധജല വിതരണ പദ്ധതിക്കായി 26.06.98 ന് 1,20,000/-രൂപ കെയ്കോയിൽ അടച്ചു.

തുക അടച്ച പ്രകാരം മോട്ടോർ സ്ഥാപിച്ചുവോ എന്ന് അറിയിക്കുവാനായി ഗ്രാമ പഞ്ചായത്ത് 11.06.07-ന് (നമ്പർ എ.1-436/07) 'കെയ്കോ' ഡിവിഷണൽ എഞ്ചിനീയറോട് ആവശ്യപ്പെട്ടതായി ഫയലിൽ കാണുന്നു. ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 7/12.08.09 പ്രകാരം ആവശ്യപ്പെട്ടു. കെയ്കോയിൽനിന്നും നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ലെന്നായിരുന്നു വിശദീകരണം.

പണം കൈപ്പറ്റി പത്തു വർഷമായിട്ടും മോട്ടോർ സ്ഥാപിക്കാതെയിരിക്കുന്നതിന് ന്യായീകരണങ്ങളൊന്നും കാണുന്നില്ല. നിശ്ചിത നിരക്കിൽ പിഴപ്പലിശയോടെ 1,20,000/-രൂപ കെയ്കോയിൽ നിന്നും ഉടൻ ഈടാക്കേണ്ടതാണ്. മോട്ടോർ സ്ഥാപിക്കാത്തതിനാൽ ശുദ്ധജല പദ്ധതി നടപ്പാകാതെ വന്നുവെങ്കിൽ ഇതിനായി ചെലവഴിച്ച മുഴുവൻ തുകയ്ക്കും കെയ്കോയെ ഉത്തരവാദിയാക്കി അനന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

*Note: നഷ്ടോത്തരവാദിത്വം ചുമത്താനാവാത്തതിനാൽ മേൽവിലാസം ചേർത്തിട്ടില്ല.*

## 5.3.11. കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത്

### 5.3.11.(1). സ്റ്റേഡിയം നിർമ്മാണത്തിന് ഭൂമി വാങ്ങിയത് പാഴ്ചെലവായി

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3 (29)***

| | |
|---|---|
| ✦ | ***സ്റ്റേഡിയം നിർമ്മിക്കുന്നതിനായി നിലം വാങ്ങി.*** |
| ✦ | ***നിലം നികത്താൻ അനുമതി ലഭിച്ചില്ല.*** |

2001-02 വർഷം സ്റ്റേഡിയം നിർമ്മാണത്തിനായി 814990 രൂപ ചെലവഴിച്ച് 2.63 ഏക്കർ വയൽവാങ്ങി. എന്നാൽ നിലംനികത്തുന്നതിന് അനുമതി ലഭിച്ചിട്ടില്ല. കോട്ടയ്ക്കൽ പ്രദേശത്ത് സ്ഥലവില വളരെ ഉയർന്നതിനാലാണ് വിലക്കുറവുള്ള പാടശേഖരം വാങ്ങിയതെന്നും പാടം മണ്ണിട്ടു നികത്തുന്നതിന് അനുമതി ലഭിച്ചിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും പരിഗണിക്കാതെ തുക ചെലവഴിച്ചതിനാൽ 8.15 ലക്ഷം രൂപ പദ്ധതിപ്പണം മുടങ്ങി കിടക്കാനിടയാക്കി.

*Note: ചെലവ് നഷ്ടമായി പരാമർശിക്കാനാവാത്ത സാഹചര്യത്തിൽ ഉത്തരവാദിയെ നിശ്ചയിക്കാൻ സാധിച്ചിട്ടില്ല.*

### 5.3.11.(2). ജലലഭ്യത ഉറപ്പാക്കിയില്ല – കുടിവെള്ള പദ്ധതികൾ പരാജയം

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08 (ചെലവ്), ഖണ്ഡിക നമ്പർ: 3 (32)***

| | |
|---|---|
| ✦ | ***ജല ലഭ്യത ഉറപ്പുവരുത്താതെ ടാങ്കുകളും പൈപ്പ് ലൈനുകളും സ്ഥാപിച്ചു.*** |
| ✦ | ***കുടിവെള്ള പദ്ധതികൾ പരാജയപ്പെട്ടു.*** |

കോട്ടക്കൽ ഗ്രാമപഞ്ചായത്ത് 9, 10 പദ്ധതികളിലായി 77.93 ലക്ഷം രൂപ ചെലവഴിച്ച് കമ്മീഷൻ ചെയ്ത കുടിവെള്ള പദ്ധതികളിൽ ഭൂരിഭാഗവും ആവശ്യത്തിന് വെള്ളം ലഭിക്കാത്തതിനാൽ പൂർണ്ണമായും ഉപകാരപ്രദമാവുന്നില്ല. 30.05.09-ന് ചില പദ്ധതികൾ നേരിൽ പരിശോധിച്ചതിൽനിന്നും ജലലഭ്യത ഉറപ്പു വരുത്താതെ മറ്റു തുടർപ്രവൃത്തികൾക്ക് വൻതോതിൽ തുക ചെലവു ചെയ്തതാണ് ഈ പരാജയത്തിനിടയാക്കിയത് എന്ന് ബോധ്യപ്പെടുകയുണ്ടായി. ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | റിമാർക്സ് |
|---|---|
| തോക്കാംപാറ കുടിവെള്ള പദ്ധതി | 50000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിലേക്കാവശ്യമായ വെള്ളം ലഭിക്കുന്നില്ല. പദ്ധതിചെലവ് 13 ലക്ഷം രൂപയാണ്. |
| നായാടിപ്പാറ കുടിവെള്ള പദ്ധതി | 40000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിൽ ആവശ്യത്തിന് വെള്ളം ലഭിക്കാത്തതിനാൽ പദ്ധതി പ്രദേശത്ത് പൂർണ്ണമായും വെള്ളം ലഭിക്കുന്നില്ല. പദ്ധതി ചെലവ് 14,68,414/-രൂപയാണ്. |
| കൊഴൂർ പൊട്ടിപ്പാറ കുടിവെള്ള പദ്ധതി | 50000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിൽ ആവശ്യത്തിന് വെള്ളം ലഭിക്കാത്തതിനാൽ പദ്ധതി പ്രദേശത്ത് പൂർണ്ണമായും വെള്ളം ലഭിക്കുന്നില്ല. പദ്ധതി ചെലവ് 7,89,342/-രൂപയാണ്. |
| കല്ലറമ്പ് കുടിവെള്ള പദ്ധതി | 40000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിലേക്ക് 5 വർഷത്തോളമായി വെള്ളം ലഭിക്കുന്നില്ല. പദ്ധതി ചെലവ് തുക 13,61,757/-രൂപയാണ്. |
| മരവട്ടം കുടിവെള്ള പദ്ധതി | ടാങ്ക് കപ്പാസിറ്റി 50000 ലിറ്ററാണ്. എന്നാൽ ടാങ്കിലേക്ക് ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല. ചെലവ് തുക 1136879 രൂപയാണ്. |
| കുറ്റിപ്പുറം മദ്രസ്സപ്പടി കുടിവെള്ള പദ്ധതി | 50000 ലിറ്റർ ടാങ്കിലേക്ക് ആവശ്യത്തിന് വെള്ളം ആദ്യ കിണറിൽ നിന്നും ലഭിക്കുന്നില്ല. വേറെ കിണർ കുഴിച്ച് അതുപയോഗിക്കുന്നുവെങ്കിലും ജല പരിമിതിയുണ്ട്. പദ്ധതിച്ചെലവ് തുക 17,37,038/-രൂപയാണ്. |

ഇപ്രകാരം പൂർണ്ണ ലക്ഷ്യം കൈവരിക്കാൻ കഴിയാതെപോയ നിരവധി കുടിവെള്ള പദ്ധതികൾ ജനോപകാരപ്രദമായ വിധത്തിൽ വിനിയോഗിക്കുന്നതിന് നടപടിയുണ്ടായിട്ടില്ല. ജലസ്രോതസ്സുകൾക്കനുസരിച്ച് ചെറുകിട പദ്ധതികൾക്കു പകരം യാതൊരു മുൻധാരണയുമില്ലാതെ ടാങ്കുകളും പൈപ്പ്ലൈനും സ്ഥാപിച്ചതാണ് ഇത്തരം പാഴ്ച്ചെലവുകൾക്കിടയാക്കിയത്. മൊത്തം കുടിവെള്ള പദ്ധതികളെ സംബന്ധിച്ച് ഗ്രാമസഭാതലത്തിൽ അവലോകനം നടത്തി അവ കാര്യക്ഷമമാക്കാൻ സ്വീകരിക്കേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

Note: ഒരു നിർദ്ദിഷ്ട ഉദ്യോഗസ്ഥന്റെ മേൽ ബാദ്ധ്യത ചുമത്താനാവാത്തതിനാൽ ഉത്തരവാദിയെ നിശ്ചയിച്ചിട്ടില്ല.

## 5.3.12. വാഴക്കാട് ഗ്രാമപഞ്ചായത്ത്

### 5.3.12.(1). ഖരമാലിന്യ യൂണിറ്റ് സ്ഥലവും കെട്ടിടവും നിഷ്ക്രിയ ആസ്തിയായി

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3 (3)***

| | |
|---|---|
| ✦ | *സാദ്ധ്യതാ പഠനം നടത്തിയെങ്കിലും റിപ്പോർട്ടില്ല.* |
| ✦ | *പൂർത്തിയാക്കിയത് സ്ഥലമെടുപ്പും ഷെഡ് നിർമ്മാണവും മാത്രം.* |

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കഴുക്കുത്താൻ തടായയിലെ 2 ഏക്കർ സ്ഥലത്ത് ഖരമാലിന്യ ജൈവവള നിർമ്മാണ യൂണിറ്റിനായി പിറ്റ്, സ്റ്റോർ എന്നിവ സ്ഥാപിച്ചിട്ടുണ്ടെന്നും തുടർ പ്രവർത്തനങ്ങൾക്കായി കെട്ടിടം ആവശ്യമാണെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് 2006-07 വർഷത്തിൽ ഇതിനായി പ്രോജക്ട് തയ്യാറാക്കിയത്.

സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഫീസിബിലിറ്റി പഠനം നടത്തുന്നതിനായി 26.10.06-ന് തനത് ഫണ്ടിൽനിന്നും 5000/-രൂപ ബയോടെക് എന്ന സ്ഥാപനത്തിന് നൽകിയെങ്കിലും പഠനറിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2006-07 വർഷത്തിൽ പ്രോജക്ട് നമ്പർ എസ്.007/07 ആയി ഖരമാലിന്യ ജൈവവള നിർമ്മാണ യൂണിറ്റിന് ഷെഡ് നിർമ്മാണമെന്ന പേരിൽ വികസന ഫണ്ടിൽനിന്നും 1,14,300/-രൂപ ചെലവഴിച്ച് (വൗ.നം.98/26.03.07) എ.സി. ഷീറ്റിന്റെ മേൽക്കൂരയുള്ള ഷെഡ് നിർമ്മാണം പൂർത്തിയാക്കി. ഗ്രാമപഞ്ചായത്തിൽ ലഭ്യമായ രേഖകളിൽ നിന്നും ജൈവവള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാൻ പ്ലാൻഫണ്ട്, തനതുഫണ്ട് ഉപയോഗിച്ചതിന്റെ വിവരം താഴെചേർക്കുന്നു.

| വർഷം | തുക ചെലവഴിച്ചത് |
|---|---|
| 2002-03 | 48340 |
| 2003-04 | 130244 |
| 2006-07 | 119300 |
| **ആകെ** | **297884/-രൂപ** |
| | ======== |

സ്ഥലമെടുപ്പിനായി ചെലവഴിച്ച തുക മേൽകാണിച്ചതിൽ ഉൾപ്പെടുന്നുണ്ടോയെന്ന് വ്യക്തമല്ല. യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ തുടർന്ന് സ്വീകരിച്ച നടപടി വിവരം വ്യക്തമാക്കാൻ 24.06.09-ന് രേഖാമൂലം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായുള്ള ചർച്ചയിൽ ഖരമാലിന്യ സംസ്ക്കരണ യൂണിറ്റ് യാഥാർത്ഥ്യമാക്കുവാൻ സ്ഥലമെടുക്കൽ, കെട്ടിടനിർമ്മാണം എന്നിവയ്ക്ക് ശേഷം തുടർപ്രവർത്തനമൊന്നും നടത്തിയിട്ടില്ലെന്ന് വ്യക്തമാക്കി. പദ്ധതി തുക വിനിയോഗിച്ച് സ്ഥാപിച്ച ആസ്തികളുടെ പുനരുദ്ധാരണത്തിന് ഫലപ്രദമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന പത്താം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിലെ ആവർത്തിച്ചുള്ള നിർദ്ദേശം നടപ്പിലാക്കാത്തത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*

*ശ്രീ.എ.മുഹമ്മദ് ബഷീർ(സെക്രട്ടറി),*

*മാതോട്ടം പമ്പ്ഹൗസ്, പി.ഒ.ഫറോക്ക്, കോഴിക്കോട്.*

## 5.3.13. വാഴയൂർ ഗ്രാമപഞ്ചായത്ത്

### 5.3.13.(1). വനിതാ വ്യവസായ കേന്ദ്രം ലക്ഷ്യം നേടിയില്ല

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3 (11)</u>***

വാഴയൂർ ഗ്രാമപഞ്ചായത്തിലെ വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ അടിസ്ഥാന സൗകര്യമൊരുക്കാനാണ് വനിതാ വ്യവസായകേന്ദ്ര മെന്ന പേരിൽ പ്രോജക്ട് തയ്യാറാക്കിയത്. 2006-07 വർഷത്തിൽ സർവ്വേ നമ്പർ 5/2011 നമ്പറിൽ വാഴയൂർ വില്ലേജിൽ 48 സെന്റ് സ്ഥലം 2,22,185/-രൂപ ചെലവിൽ ഇതിനായി വാങ്ങി. (വൗച്ചർ നമ്പർ 106/31.03.06) ഇതേ വർഷം തന്നെ പ്രോജക്ട് നമ്പർ എസ്.015/07 ൽ വ്യവസായ കേന്ദ്രം സ്ഥാപിക്കാനായി വാങ്ങിയ ഭൂമിയുടെ സൈറ്റ് ലെവലിംഗിനായി 31.03.07-ന് 2 ലക്ഷം രൂപയും പദ്ധതി തുകയിൽനിന്നും ചെലവഴിച്ചു.

2006-07 വർഷത്തിൽ വനിതാ വ്യവസായ കേന്ദ്രത്തിനായി സ്ഥലം, സൈറ്റ് ലെവലിംഗ് എന്നിവയ്ക്കായി മൊത്തം 4,22,185/-രൂപ ചെലവഴിച്ചെങ്കിലും തുടർ പ്രവർത്തനങ്ങൾ നടത്തിയില്ല. വ്യവസായ കേന്ദ്രത്തിന്റെ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ കൈവരിക്കാൻ പഞ്ചായത്ത് സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കേണ്ടതാണ്.

*Note: വ്യക്തമായ ബാധ്യത ചുമത്താനാവാത്തതിനാൽ ഉത്തരവാദിയെ നിശ്ചയിട്ടില്ല.*

## 5.3.14. കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്

### 5.3.14.(1). കുടിവെള്ള പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചു

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3 (3)***

ഗ്രാമപഞ്ചായത്തിലെ ചേപ്പിലിക്കുന്ന്, ഒളിക്കൽപുറായ, ഈന്തുംകുഴി പ്രദേ ശത്തെ ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാനുള്ള പ്രോജക്ടിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ടാപ്പ് കണക്ഷനും പമ്പ് ഹൗസ് നിർമ്മാണവും ഭാഗികമായി പൂർത്തി യാക്കി പാതിവഴിയിൽ നിർത്തിയതായി കാണുന്നു.

കുടിവെള്ള പദ്ധതിക്കുവേണ്ടി കിണർ, വാട്ടർ ടാങ്ക്, വിതരണ കുഴൽ എന്നിവ സ്ഥാപിച്ച് മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളമെത്തിക്കാനാണ് 2002-03, 2004-05, 05-06 വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ 2005-06 വർഷ ത്തിൽ ഭാഗികമായി നിർവ്വഹിച്ച ശേഷം തുടർപ്രവർത്തനമൊന്നും നടത്തിയില്ല. 2002-03 മുതലുള്ള കുടിവെള്ള പദ്ധതിയുടെ ചെലവ് വിവരം താഴെ ചേർക്കുന്നു.

| വർഷം, പ്രോജക്ട് നമ്പർ | അടങ്കൽ തുക | ചെലവ് വിവരം (രൂപ ) |
|---|---|---|
| 2002-03 (100/03)<br>ചേപ്പിലിക്കുന്ന് കുടിവെള്ള പദ്ധതി പുനരുദ്ധാരണം | പരിശോധിക്കാനായില്ല | 33860 |
| 2003-04 (675/04)വൈദ്യൂതീകരണം | പരിശോധിക്കാനായില്ല | 51620 |
| 2004-05 (105/05)<br>മോട്ടോർ, പമ്പ് സെറ്റ്, അനുബന്ധ സാമഗ്രികൾ | പരിശോധിക്കാനായില്ല | 93141 |
| പൈപ്പ്ലൈൻ അനുബന്ധ പ്രവൃത്തി കൾ (85/05)<br>(പുതിയ പ്രോജക്ട്)<br>ശ്രീ. ചുക്കാടൻ അശോകൻ | പദ്ധതി വിഹിതം:102500<br>ഗുണ: വിഹിതം: 10250<br>112750 | 25000 |
| 2005-06 (എസ്.142/06) | പദ്ധതി വിഹിതം: 77500<br>ഗുണ:വിഹിതം: 10250<br>87750/- | 36306 (ബിൽ നം.36/28.11.05) (പാർട്ട് ബിൽ) |

2004-05, 05-06 വർഷങ്ങളിൽ ഭാഗികമായി നിർവ്വഹിച്ച പൈപ്പ്ലൈൻ അനുബന്ധ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി 2006-07 വർഷത്തിൽ 142/06 നമ്പർ പ്രോജക്ടിൽ 51144 രൂപ സ്പിൽ ഓവറായി വകയിരുത്തിയെങ്കിലും നിർവ്വഹണം നടന്നിട്ടില്ല. 2007-08-ൽ 136/08 നമ്പറായി 51,144/-രൂപ സ്പിൽ ഓവറായി വകയിരുത്തിയെങ്കിലും ഇതേവർഷവും തുടർപ്രവർത്തനം നടന്നില്ല. തുടർവർഷങ്ങളിൽ പ്രോജക്ടിന്റെ പൂർത്തീകരണത്തിന് സ്പിൽഓവറായി തുക വകയിരുത്താത്തതിനാൽ കുടിവെള്ള വിതരണ പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ച തായി അനുമാനിക്കുന്നു. (2004-05 വർഷത്തിൽ സ്പിൽഓവറായി കാണുന്ന ഇതേപേരിലുള്ള 1,16,140/-രൂപയുടെ മറ്റൊരു പ്രോജക്ടിന് 2008-09-ലും (62/08-09) തുക വകയിരുത്തിയതായി കാണുന്നു.)

കുടിവെള്ള വിതരണ പ്രോജക്ടിന്റെ നിലവിലെ അവസ്ഥ 28.11.09-ന് രേഖാമൂലം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിന്റെ ഭാഗമായി പൂർത്തിയാക്കിയ കുടിവെള്ള കിണർ, വാട്ടർടാങ്ക്, മോട്ടോർ എന്നിവ സ്ഥാപിച്ച് പൊതു ഉടമസ്ഥതയിൽ സൂക്ഷിക്കുന്നത് വ്യക്തമാക്കുന്ന രേഖകൾ പരിശോധ നയ്ക്ക് ഹാജരാക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ:</u>*
*ശ്രീമതി.പി.ഗിരിജ (സെക്രട്ടറി,*
*(മേൽവിലാസം ലഭ്യമല്ല)*

## 5.3.15. മഞ്ചേരി മുനിസിപ്പാലിറ്റി

### 5.3.15.(1). ഷോപ്പിംഗ് കോംപ്ലക്സ് യാഥാർത്ഥ്യമായില്ല – 8 ലക്ഷത്തിന്റെ പാഴ്ചെലവ്

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ: 3 (17)</u>***

| | |
|---|---|
| ✦ | ***ടെണ്ടർ ഉറപ്പിച്ചെങ്കിലും കരാർ വച്ചില്ല.*** |
| ✦ | ***കരാർ വയ്ക്കാതിരുന്നത് സ്ഥലം കൈമാറുന്നതിലെ തടസ്സം കാരണം.*** |
| ✦ | ***പ്രാരംഭ ആവശ്യങ്ങൾക്ക് ചെലവഴിച്ച 8 ലക്ഷം രൂപ പാഴായി.*** |

2.10 കോടി രൂപയുടെ എസ്റ്റിമേറ്റിൽ മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 1999-00 വർഷം പദ്ധതി തയ്യാറാക്കുകയും പ്രീക്വാളിഫി ക്കേഷൻ ടെണ്ടർ ക്ഷണിച്ച് ഏറ്റവുംകുറഞ്ഞ നിരക്ക് ക്വാട്ട്ചെയ്ത മെസേർസ് ബ്ലൂചിപ്പ് കൺസ്ട്രക്ഷൻസിന് കരാർ നൽകാൻ തീരുമാനിക്കുകയും ചെയ്തു. തുടർ നടപടികളൊന്നും നഗരസഭയുടെ ഭാഗത്തുനിന്നുണ്ടാവാതിരുന്നതിനാൽ കരാറു കാരൻ 25.07.02-ന് കരാർ വെയ്ക്കാൻ അനുവദിക്കാനും സ്ഥലം കൈമാറാനും ആവശ്യപ്പെട്ടുവെങ്കിലും നഗരസഭയുടെ ഭാഗത്തുനിന്നും നടപടിയുണ്ടായില്ല. 16.01.03-ന് കരാറുകാരൻ ടിയാൻ കെട്ടിവച്ച ഇ.എം.ഡി.18% പലിശസഹിതം തിരികെ നൽകാനാവശ്യപ്പെട്ടതായും കാണുന്നു. 04.02.05-ലെ 38- ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഇ.എം.ഡി. തിരിച്ചു നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലം നിർദ്ദിഷ്ട സമയത്തിനകം കൈമാറാൻ കഴിയാത്തതിനാ ലാണ് ഇപ്രകാരം തീരുമാനമെടുത്തത്. ഈ പദ്ധതി തുടർന്ന് ഒഴിവാക്കുകയും ചെയ്തിരിക്കുന്നു.

7,99,006/-രൂപ ഈ പ്രവൃത്തിയുടെ പ്രാരംഭ ചെലവുകൾക്കായി ചെലവഴിച്ചു. പ്രവൃത്തി ഒഴിവാക്കിയതുവഴി 8 ലക്ഷത്തോളം രൂപയും ഇതിനായുള്ള നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളും പാഴ്ചെലവായി. ചെലവു വിവരം താഴെ കൊടുക്കുന്നു.

| ചെക്ക് നമ്പർ | തുക | |
|---|---|---|
| 264971/01.06.98 | 26000 | കെ.ബി.ആർ.ഇളവിനായി സി.റ്റി.പി.യ്ക്ക് നൽകിയത് |
| 800496/11.09.98 | 30000 | സോയിൽ ടെസ്റ്റിനായി ആർ.ഇ.സി.യ്ക്ക് നൽകിയത് |
| 140327/10.02.99 | 12710 | സോയിൽ ടെസ്റ്റിനായി ആർ.ഇ.സി.യ്ക്ക് നൽകിയത് |
| 291505/14.09.99 | 25000 | സ്ക്രൂട്ടിനി ഫീസ് (ആർ.ഇ.സി ) |
| 801071/29.02.00 | 51396 | സ്ക്രൂട്ടിനി ഫീസ് (ആർ.ഇ.സി ) |
| 487008/01.02.01 | 200000 | പ്ലാൻ/എസ്റ്റിമേറ്റ് ഫീസ് |
| 487035/16.05.01 | 100000 | പ്ലാൻ/എസ്റ്റിമേറ്റ് ഫീസ് |
| 369274/15.12.02 | 75000 | പ്ലാൻ/എസ്റ്റിമേറ്റ് ഫീസ് |
| 516447/12.02.01 | 157500 | സെന്റേജ് ചാർജ് |
| 259141/19.09.01 | 70400 | പരസ്യച്ചെലവ് |
| 440629/03.10.02 | 40000 | പരസ്യച്ചെലവ് |
| 123306/03.10.02 | 11000 | പരസ്യച്ചെലവ് |
| ആകെ | 799006 | |

*Note: നഷ്ടോത്തരവാദിത്വം വ്യക്തിപരമായി നിജപ്പെടുത്താനാവാത്തതിനാൽ മേൽവിലാസം ചേർത്തിട്ടില്ല.*

**<u>വയനാട് ജില്ല</u>**

## 5.3.16. വയനാട് ജില്ലാ പഞ്ചായത്ത്

### 5.3.16.(1). വനിതകൾക്ക് വ്യവസായം തുടങ്ങാൻ കെട്ടിടം നിർമ്മിച്ചു, വൈദ്യുതിയില്ല

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക 3-2</u>***

ഫയൽ നമ്പർ ഡി.പി.12/616/06 പ്രകാരം വനിതാ വ്യവസായമായി മൂല്യ വർദ്ധിത ജൈവകാർഷിക ഉൽപന്ന നിർമ്മാണ യൂണിറ്റ് ആരംഭിക്കുവാൻ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ മാരപ്പൻ മൂലയിൽ ഒരുകെട്ടിടം നിർമ്മിക്കുവാൻ ജില്ലാ പഞ്ചായത്ത് 2003-04ൽ എസ്.245/03 നമ്പരായി പ്രോജക്ട് രൂപീകരിച്ചു. നിർവ്വഹണത്തിന് 5 ലക്ഷം രൂപ നീക്കിവെക്കുകയും 17.01.2005-ന് പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബില്ല് സമർപ്പിക്കുകയും 18.01.2005-ന് കരാറുകാരന് 420058/-രൂപ നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത കെട്ടിടം പ്രോജക്ട് വിഭാവനം ചെയ്ത ഉദ്ദേശത്തിന് നാളിതുവരെ ഉപയോഗിക്കാതെ 'കാടുകയറി' കിടക്കുന്നു. ഈ കെട്ടിടം നാളിതുവരെ വൈദ്യുതീകരിക്കുകയും ഉണ്ടായിട്ടില്ല. ഈ കെട്ടിടം പ്രവർത്തനക്ഷമമല്ലാതായത് സംബന്ധിച്ചും, നിഷ്ക്രിയ ആസ്തിയായി പരിണമിച്ചത്സംബന്ധിച്ചും

വിശദീകരണം തേടിക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി 19546/എഎ2/08 തീയതി: 21.10.2008 പ്രകാരം കത്തയച്ചതായി കാണുന്നു.

കെട്ടിടം പണിതുതന്നാൽ മതിയെന്നും യൂണിറ്റ് പ്രവർത്തിപ്പിക്കാനാവശ്യമായ യന്ത്രസാമഗ്രികൾ സംഘം സ്വന്തം ചെലവിൽ വാങ്ങി സ്ഥാപിക്കുമെന്നുമുള്ള ഉറപ്പിൻമേലാണ് 5 ലക്ഷം രൂപ മുഴുവനായും ജില്ലാപഞ്ചായത്ത് കെട്ടിട നിർമ്മാണത്തിന് ചെലവഴിച്ചത്. എന്നാൽ ഈ കെട്ടിടത്തിൽ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനോ, വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പ്രവർത്തിപ്പിക്കുന്നതിനോ പ്രസ്തുത ഹരിത സ്വാശ്രയസംഘം യാതൊരു ശ്രമവും നടത്തിയതായി കാണുന്നില്ല. വികസനാവശ്യത്തിന് ഉപകരിക്കേണ്ടുന്ന പൊതുധനം ഇങ്ങനെ നിഷ്ക്രിയ ആസ്തികൾ സൃഷ്ടിക്കാൻ വിനിയോഗിക്കേണ്ടിവരുന്നത് അധികൃതരുടെ ദീർഘവീക്ഷണമില്ലായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u>*

*ശ്രീ.പി.എം.അലിഅസ്ഗർ പാഷ.ഐ.എ.എസ്സ്.(സെക്രട്ടറി)*

*കരോലിത, വേയർഹൗസിന് സമീപം,*

*പിണങ്ങോട് റോഡ്, കൽപ്പറ്റ.*

## <u>കോഴിക്കോട് ജില്ല</u>

# 5.3.17. കോഴിക്കോട് നഗരസഭ

## 5.3.17.(1). പരീക്ഷ കഴിഞ്ഞ് അധ്യാപക പരിശീലനം

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക നമ്പർ: 3-10-12</u>***

| | |
|---|---|
| ✦ | ***വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് സജ്ജരാക്കുകയായിരുന്നു പദ്ധതി ലക്ഷ്യം.*** |
| ✦ | ***അദ്ധ്യാപകർക്ക് പരിശീലനം നൽകിയത് വിദ്യാർത്ഥികളുടെ പരീക്ഷ കഴിഞ്ഞ്.*** |
| ✦ | ***വിദ്യാർത്ഥികൾക്ക് പരിശീലനം ലഭിച്ചില്ല.*** |

4-ാം ക്ലാസ്സിലെയും 7-ാം ക്ലാസ്സിലെയും "എ" ഗ്രേഡ് ലഭിച്ച കുട്ടികളെ കണ്ടെത്തി, അവർക്കാവശ്യമായ പാഠ്യവസ്തുക്കൾ ലഭ്യമാക്കിയും പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ നൽകിയും മത്സരപരീക്ഷകളിൽ ഉന്നത നിലവാരത്തിൽ എത്തിക്കുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. 2008 ഒക്ടോബർ മുതൽ 2009 ഫെബ്രുവരി വരെയുള്ള മാസങ്ങളിലായുള്ള 100 മണിക്കൂർ ആണ് പ്രവർത്തന സമയം. മൊഡ്യൂൾ നിർമ്മാണം, അദ്ധ്യാപക പരിശീലനം, പ്രിന്റിംഗ് പ്രോജക്ട്, മാതൃകാ പരീക്ഷ എന്നിവയായിരുന്നു ഫെബ്രുവരി മാസത്തിനുള്ളിൽ നടത്തേണ്ടിയിരുന്ന പ്രവർത്തനങ്ങൾ. 2008 ഓഗസ്റ്റ് മാസത്തിൽ മൊഡ്യൂൾ തയ്യാറാക്കുകയും 2008 സെപ്തംബർ 1-ന് ഒന്നാംഘട്ട റിസോഴ്സ് പേഴ്സൺ ട്രെയിനിംഗ് സംഘടിപ്പിക്കുകയും ചെയ്തെങ്കിലും തുടർന്ന് 5 മാസം കഴിഞ്ഞ്മാത്രമാണ് അദ്ധ്യയന വർഷത്തിന്റെ അവസാനമായ 2009 ഫെബ്രുവരി 11-ന് അദ്ധ്യാപക പരിശീലനം നടത്തിയത്. ആയതിനാലാണ് പദ്ധതിയിൽ വിഭാവനം ചെയ്ത രീതിയിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാൻ കഴിയാതെ പോയത്.

അദ്ധ്യാപകരുടെ പരിശീലനത്തിനും അവർക്കുള്ള കൈപ്പുസ്തകത്തിന്റെ പ്രിന്റിംഗിനും മറ്റുമായി 35,600/-രൂപ ചെലവഴിച്ചുവെങ്കിലും വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ നടത്തുകയോ, പാഠ്യവസ്തുക്കൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇതുകൊണ്ട് തന്നെ 2009 ഫെബ്രുവരി/മാർച്ച് മാസത്തിൽ നടന്ന എൽ.എസ്.എസ്/യു.എസ്.എസ്.പരീക്ഷയിൽ വിദ്യാർത്ഥികളെ സഹായിക്കുന്ന തിന് ഈ പ്രോജക്ട് പര്യാപ്തമായിട്ടില്ല. സമയബന്ധിതമായി പ്രവർത്തനങ്ങൾ നടപ്പിലാക്കാതിരുന്നതിനാലാണ് പ്രോജക്ട് ലക്ഷ്യം കൈവരിക്കാനാവാതെ പോയത്.

പ്രോജക്ട് പൂർത്തീകരണ ഫോറത്തിൽ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല. കൂടാതെ മിക്ക ചെലവ് വൗച്ചറുകളിലും തീയതി രേഖപ്പെടുത്താതെയാണ് തുക നൽകിയിട്ടുള്ളത്.

മേൽ അപാകതകൾ സംബന്ധിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർ 05.10.09-ലെ ബി.1/15925/09-ാം നമ്പറിൽ നൽകിയ മറുപടി സ്വീകാര്യമല്ല. വിദ്യാഭ്യാസ ഉപ ഡയറക്ടർ കൺവീനറായിട്ടുള്ള വർക്കിംഗ്ഗ്രൂപ്പ് തയ്യാറാക്കിയ പ്രോജക്ടിലാണ് അദ്ധ്യയന വർഷത്തിന്റെ മൂന്നാമത്തെ ടേമിൽ പരിശീലന പരിപാടി ആസൂത്രണം ചെയ്തിരുന്നത്. മേൽകാലയളവിൽ പരിശീലനം സാദ്ധ്യമല്ലെന്ന മറുപടി ആസൂത്ര ണത്തിന്റെ പാളിച്ചയെയാണ് വ്യക്തമാക്കുന്നത്. അദ്ധ്യാപക പരിശീലനത്തിന് ശേഷം വാർഷിക പരീക്ഷയ്ക്ക് ഏതാനും ദിവസങ്ങൾമാത്രം അവശേഷിക്കെ പദ്ധതിപണം ഉപയോഗിക്കാതെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി എന്ന മറുപടി അംഗീകരിക്കാനാവില്ല. 2009-10 വർഷത്തെ അന്തിമ പദ്ധതിരേഖ പരിശോ ധിക്കുമ്പോൾ മേൽ പ്രോജക്ടിന് തുടർപദ്ധതി ആസൂത്രണം ചെയ്തിട്ടില്ലെന്ന് കാണുന്നതിനാൽ പദ്ധതി തുകയുടെ പാഴ്ചെലവ് അംഗീകരിക്കുന്നില്ല. 35,600/-രൂപ നിർവ്വഹണഉദ്യോഗസ്ഥ നിൽനിന്നും ഈടാക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*ശ്രീ.കെ.വി.വിനോദ് ബാബു (വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്)*
*പ്രണവം, ജവഹർനഗർ കോളനി,*
*പി.ഒ.എരഞ്ഞിപ്പാലം, കോഴിക്കോട്-673006.*

## 5.4. സർക്കാർ നിർദ്ദേശം അവഗണിക്കുന്നത്

| | |
|---|---|
| ✦ | ***ചെലവഴിക്കാത്ത പദ്ധതി തുക തിരിച്ചടയ്ക്കുന്നില്ല.*** |
| ✦ | ***പദ്ധതി തുക മുൻകൂർ പിൻവലിക്കുന്നു.*** |
| ✦ | ***സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നില്ല.*** |

മാർഗ്ഗരേഖകൾ പ്രകാരമല്ലാതെ പദ്ധതി തയ്യാറാക്കുന്നതും ധനസഹായം നൽകുന്നതും ക്രമവിരുദ്ധമാണ്. പദ്ധതി നടത്തിപ്പിനായി വിവിധ അക്കൗണ്ടുകളി ലേക്ക് മാറ്റുന്ന പദ്ധതിഫണ്ട് സമയബന്ധിതമായി വിനിയോഗിക്കുന്നതിലും മിച്ചംവരുന്ന തുക ആ സാമ്പത്തിക വർഷംതന്നെ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്ന തിലും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ വീഴ്ചവരുത്തുന്നതായി ഓഡിറ്റ് നിരീക്ഷി ക്കുന്നു. പ്രധാനമായും പദ്ധതി നടത്തിപ്പിനായി സി.ഡി.എസ്.അക്കൗണ്ടിലേക്ക് മാറ്റ പ്പെടുന്ന തുകകൾ ലക്ഷ്യമിട്ട പ്രകാരം ചെലവഴിക്കുകയോ തിരിച്ചടയ്ക്കുകയോ ചെയ്യുന്നില്ല.

തദ്ദേശസ്വയം ഭരണസ്ഥാപനത്തിന്റെ അധികാരപരിധിയിലോ നിയന്ത്രണ ത്തിലോ അല്ലാത്ത സ്ഥാപനങ്ങൾക്കുവേണ്ടി പദ്ധതിപ്പണം വിനിയോഗിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ വ്യക്തമായ ലംഘനമാണ്.

കാലാകാലങ്ങളായി കേരളകലാമണ്ഡലം പോലെയുള്ള സ്ഥാപനങ്ങളിൽ താത്കാലിക നിയമനങ്ങൾ നടത്തുന്നതും സർക്കാർ അനുമതി വാങ്ങാതെ പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതും ക്രമവിരുദ്ധമാണ്.

പ്രത്യേക അനുമതിയില്ലാത്ത പ്രവർത്തനങ്ങൾക്ക് പദ്ധതിതുക മുൻകൂറായി പിൻവലിക്കരുതെന്നും പിൻവലിച്ചതിൽ 30 ദിവസത്തിനകം ചെലവഴിക്കാനാകാത്ത തുക ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടയ്ക്കേണ്ടതാണെന്നും 03.11.04-ലെ ജി.ഒ.(പി)നം.516/04/ഫിൻ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി തുക മുൻകൂറായി പിൻവലിക്കുന്നതും അനധികൃതമായി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതും സാധാരണമാണ്.

ഗുണഭോക്താക്കൾ മുതൽമുടക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് സബ്സിഡി നൽകുന്നതിന്റെ ലക്ഷ്യം. സേവനക്ഷേമ മേഖലകളിൽ സബ്സിഡി നൽകുന്നത് പാവപ്പെട്ടവരുടെ ജീവിതഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടിയാ കണം. ഉത്പാദനമേഖലയെ സംബന്ധിച്ചിടത്തോളം ഏറ്റെടുക്കുന്ന പ്രവർത്തന ങ്ങൾക്ക് പൂരകമായോ അനുപൂരകമായോ മുതൽമുടക്കാൻ ഗുണഭോക്താക്കളെ പ്രേരിപ്പിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമാണ് സബ്സിഡി കൊടുക്കുന്നതി ലൂടെ നടത്തേണ്ടത്. സബ്സിഡികളെല്ലാം കഴിയുന്നിടത്തോളം ഗുണഭോക്തൃ വിഹിതമോ ഗുണഭോക്താക്കളുടെ പ്രവർത്തനമോ ഉറപ്പാക്കുന്ന സംയോജിത പരിപാടിയുടെ ഭാഗമായിരിക്കേണ്ടതാണ്. ഓരോ ഇനത്തിലും അനുവദനീയമായ ഏറ്റവും കൂടിയ സബ്സിഡി നിരക്ക് സർക്കാർ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ സബ്സിഡി നൽകുന്നതിനുള്ള മാനദണ്ഡങ്ങളും നിബന്ധനകളും മാർഗ്ഗരേഖയിൽ കൊടുത്തിട്ടുണ്ട്.

ഓരോ ഇനത്തിലും അനുവദിയ്ക്കാവുന്ന പരമാവധി സബ്സിഡി നിരക്ക് സർക്കാർ ഉത്തരവുകളിലൂടെ സ്പഷ്ടമാക്കിയിട്ടുണ്ടെങ്കിലും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇവ പാലിക്കപ്പെടുന്നില്ല. സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും സബ്സിഡിയായി നൽകുന്ന പ്രവണതയും കണ്ടുവരുന്നു. മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ലാത്ത ഒരു ഇനത്തിനും സബ്സിഡി നൽകാൻ പാടില്ല. സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതും അധികം നൽകിയ സബ്സിഡി ഉത്തരവാദപ്പെട്ട വ്യക്തി/വ്യക്തികളിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

# 5.4.1. ചെങ്കൽ ഗ്രാമ പഞ്ചായത്ത്

## 5. 4. 1. (1). ചട്ടങ്ങൾ പാലിക്കാതെ വർക്കുകൾ ടെണ്ടർ നൽകിയത്

*ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ 3-5*
*(ശുദ്ധിപത്രം നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.1/1251/09/05.01.2012)*

| | |
|---|---|
| ✦ | *കരാറുകാർ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തതിനാൽ റീ ടെണ്ടർ ചെയ്തു.* |
| ✦ | *ഭരണ സമിതിയുടെ തീരുമാനത്തിന്മേൽ സെക്രട്ടറി വിയോജനക്കുറിപ്പെഴുതി.* |
| ✦ | *കുറഞ്ഞ നിരക്കുകൾ അംഗീകരിക്കാതിരുന്നതു കാരണം 5.35 ലക്ഷം രൂപ നഷ്ടം.* |

ചെങ്കൽ ഗ്രാമ പഞ്ചായത്ത് 2006-07 വർഷം പദ്ധതി/പദ്ധതിയേതര പണം ചെലവഴിച്ച് താഴെ പട്ടികയിൽ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ടെണ്ടർ ചെയ്തപ്പോൾ കേരള പൊതുമരാമത്ത് ചട്ടങ്ങൾ പാലിച്ചതായി കാണുന്നില്ല. ടെണ്ടർ നിരക്ക് വളരെ കുറഞ്ഞുപോയി എന്ന കാരണത്താൽ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറോട് പഞ്ചായത്ത് കമ്മിറ്റി അഭിപ്രായം ചോദിക്കുകയും ഇത്രയും കുറഞ്ഞ നിരക്കിൽ ടെണ്ടർ നൽകിയാൽ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിക്കാൻ സാധിക്കുകയില്ല എന്ന അദ്ദേഹത്തിന്റെ അഭിപ്രായത്തോട് കമ്മിറ്റി യോജിക്കുകയും റീടെണ്ടർ നടത്തുകയും ചെയ്തതായി കാണുന്നു.

ഇപ്രകാരം റീടെണ്ടർ ചെയ്തപ്പോഴും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയ റോട് അഭിപ്രായം ആരായുകയും മേൽഅഭിപ്രായംതന്നെ അദ്ദേഹം വീണ്ടും കമ്മിറ്റി യെ അറിയിച്ചതിനെത്തുടർന്ന് വളരെ കുറഞ്ഞനിരക്കിൽ സമർപ്പിച്ച ടെണ്ടറുകളെ വീണ്ടും ഒഴിവാക്കി റീടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 10% കുറഞ്ഞ നിരക്കുമാത്രം സമർപ്പിച്ചിരിക്കുന്ന ടെണ്ടറുകളിൽ നിന്ന് നറുക്കെടുപ്പ് വഴി കരാർ അനുവദിച്ച് നൽകി പണി നടത്തിയതായി കാണുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടം 10 (ഉപചട്ടം 12) പ്രകാരം ഏറ്റവുംകുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കേ ണ്ടതാണെന്നും കുറഞ്ഞനിരക്കിലുള്ള ടെണ്ടർ നിരാകരിക്കുകയാണെങ്കിൽ ആയതിന് പ്രസക്തമായ കാരണങ്ങൾ രേഖപ്പെടുത്തി തൊട്ടുയർന്ന നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വ്യക്തമായ സാങ്കേതിക കാരണങ്ങളാൽ ടെണ്ടർ നിരക്കുകൾ സ്വീകാര്യ മല്ലെന്ന് കാണുകയോ ന്യായമായ എണ്ണം ടെണ്ടറുകൾ ലഭിക്കുകയോ ചെയ്തിട്ടി ല്ലെങ്കിൽ മാത്രമാണ് കേരള പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരം പ്രവൃത്തി റീടെണ്ടർ ചെയ്യാറുള്ളത്. എന്നാൽ താഴെപ്പറയുന്ന എല്ലാ പ്രവർത്തികൾക്കും നിയമം അനുശാ സിക്കും പ്രകാരം ആവശ്യത്തിന് മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ലഭിച്ചിരുന്നു. എസ്റ്റിമേറ്റ് നിരക്കിൽനിന്നും 50%ത്തിനു താഴെയുള്ള നിരക്കിൽ ടെണ്ടർ ലഭിക്കുക

യാണെങ്കിൽ പഞ്ചായത്തുകമ്മിറ്റിക്ക് അത്തരം ടെണ്ടറുകൾ ഒഴിവാക്കാം. എന്നാൽ ഇവിടെ അത്തരം ടെണ്ടറുകൾ ലഭിച്ച് കാണുന്നില്ല. എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 25% നും 50% നും ഇടയ്ക്കാണ് ടെണ്ടർ കുറവ് എങ്കിൽ 25% ത്തിൽ കൂടുതലുള്ള വ്യത്യാസത്തിന് പെർഫോർമൻസ് ഗ്യാരണ്ടി വാങ്ങിയും ടെണ്ടർ ഉറപ്പിച്ചു നൽകാം. ഇതാണ് മാനദണ്ഡങ്ങൾ എന്നിരിക്കെ തന്നെക്കാൾ ഉയർന്ന തലത്തിലെ സാങ്കേതിക വിദഗ്ദ്ധർ തയ്യാറാക്കി ഡി.പി.സി. അംഗീകരിച്ച എസ്റ്റിമേറ്റിലുള്ള പണികൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകമ്മിറ്റി റീടെണ്ടർ ചെയ്തത് ന്യായീകരിക്കാവുന്നതല്ല.

31.10.2006-ലെ പഞ്ചായത്തു കമ്മിറ്റിയുടെ മേൽനടപടികളെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എതിർക്കുകയും കേരള പഞ്ചായത്ത്രാജ് ആക്ട് 182 (iii) 3 പ്രകാരം വിയോജനാഭിപ്രായം കമ്മിറ്റിയെ അറിയിക്കുകയും ഈ രീതിയിൽ ടെണ്ടർ ഉറപ്പിച്ചു നൽകിയാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുമെന്നും ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം പ്രസിഡന്റിനും കമ്മിറ്റി അംഗങ്ങൾക്കും ആയിരിക്കുമെന്നും ബോധ്യപ്പെടുത്തുകയും ആയതിനാൽ ഏറ്റവുംകുറഞ്ഞ ടെണ്ടർ അംഗീകരിക്കാൻ സെക്രട്ടറി കമ്മിറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തുകാണുന്നു. എന്നാൽ കമ്മിറ്റി ഇത് നിരസിക്കുകയാണ് ഉണ്ടായത്. സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് ഗ്രാമപഞ്ചായത്തിന്റെ മിനിട്ട്സ് ബുക്കിൽ ടി തീയതിയിൽ രേഖപ്പെടുത്തിയും കാണുന്നു. ഇത് സംബന്ധിച്ച് സെക്രട്ടറി 9.11.2006 ലെ എ2/381/05-ാം നമ്പർ കത്തിലൂടെ സർക്കാരിനെ അറിയിച്ചിരുന്നു. എന്നാൽ 30.11.2006 വരെയും നടപടി യൊന്നുമുണ്ടാകാതിരുന്ന സാഹചര്യത്തിൽ അതേ ദിവസത്തെ സമിതിയുടെ 10-ാം നമ്പർ തീരുമാന പ്രകാരം പ്രവൃത്തികൾ നടത്തുകയാണുണ്ടായതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തു കമ്മിറ്റിയുടെ ഇത്തരം തെറ്റായനടപടികളെ ചോദ്യം ചെയ്തു കൊണ്ട് ആദ്യടെണ്ടറുകളിൽ എസ്റ്റിമേറ്റിൽനിന്നും ഏറ്റവും കുറഞ്ഞനിരക്കിൽ ടെണ്ടറുകൾ ക്വാട്ട് ചെയ്തവർ സെക്രട്ടറിക്ക് പരാതിയും നൽകിയതായി കാണുന്നു.

മേൽ സാഹചര്യത്തിൽ ടെണ്ടർ ചെയ്തപ്പോൾ കേരള പൊതുമരാമത്ത് ചട്ടങ്ങൾ ലംഘിച്ചും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യമായ നിയമോപദേശം നൽകിയിട്ടും ആയത് നിരസിച്ചും ഏകപക്ഷീയമായി പഞ്ചായത്തുകമ്മിറ്റി തീരുമാനമെടുത്തതുമൂലം ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. താഴെപ്പറയുന്ന പ്രവൃത്തികൾ ടെണ്ടർ/റീടെണ്ടർ ചെയ്തതുമൂലമുണ്ടായ നഷ്ടം 5,35,365/-രൂപ തെറ്റായ തീരുമാനമെടുത്ത പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്തുഫണ്ടിൽ ഒടുക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

*ടെണ്ടർ/റീടെണ്ടർ ചെയ്തതുമൂലമുണ്ടായ നഷ്ടം*

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് 2006-07 ഖ.നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തി മൂല്യം | ആദ്യ ടെണ്ടറിലെ കുറഞ്ഞ ടെണ്ടർ നിരക്ക് 07.10.06 | റീടെണ്ടറിൽ അംഗീകരിച്ച നിരക്ക് 30.10.06 | ആദ്യ ടെണ്ടർ അംഗീകരിച്ചിരുന്നെങ്കിൽ ചെലവാകുമായിരുന്ന തുക | പ്രവൃത്തിയ്ക്ക് ചെലവായ തുക (നികുതികൾ ഉൾപ്പെടെ) | കരാറുകാരന് നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
| 1 | 3.5(1) | ഉദിയൻകുളങ്ങര ജംഗ്ഷൻ-ബസ്സ്റ്റാന്റ്/ കംഫർട്ട്സ്റ്റേഷൻ നിർമ്മാണം | 200000 | 28% | 0.1% | 144000 | 199800 | 185200 | 55800 |
| 2 | 3.5(2) | ഈന്തിക്കാല തോട്ടിൻകര റോഡ് പുനരുദ്ധാരണം | 100000 | 25% | 10% | 75000 | 90000 | 84384 | 15000 |
| 3 | 3.5(3) | കോടങ്കര -പാലത്തടി റോഡ്പുനരുദ്ധാരണം | 175000 | 19.9% | 1.1% | 140175 | 173075 | 163129 | 32900 |
| 4 | 3.5(4) | കുന്നുവിള- എരുമത്തൂർ മുറിയമ്മാകം റോഡ് | 174808 | 17.99% | 1% | 143360 | 173060 | 162260 | 29700 |
| 5 | 3.5(5) | പൊറ്റയിൽക്കട - ഈന്തിക്കാല റോഡ് പുനരുദ്ധാരണം | 75000 | 18% | 1% | 61500 | 74250 | 69544 | 12750 |
| 6 | 3.5(6) | വാണിയങ്കാല - പട്ടക്കരുവിള റോഡ് പുനരുദ്ധാരണം | 231740 | 19.99% | 0.01% | 185415 | 231717 | 217258 | 46302 |
| 7 | 3.5(7) | ഉദയൻകുളം-കരി ക്കിൻതോട്ടം റോഡിൽ നടപ്പാത, റോഡ് പുനരുദ്ധാരണം | 230226 | 24.99% | 11% | 172693 | 204902 | 190067 | 32209 |
| 8 | 3.5(8) | ഉദിയൻകുളങ്ങര - മുളകുപൊറ്റ റോഡ് പുനരുദ്ധാരണം | 168741 | 29% | 11% | 119806 | 150180 | 139307 | 30374 |
| 9 | 3.5(9) | ചെങ്കൽ പി.എച്ച്. സി.ക്ക് ചുറ്റുമതിൽ നിർമ്മാണം | 169641 | 15.3% | 10% | 143686 | 152677 | 141623 | 8991 |
| 10 | 3.5(10) | ചെങ്കൽ ഹോമിയോ ആശുപത്രി നവീകരണം | 54927 | 24.99% | 10% | 41201 | 49434 | 46350 | 8233 |
| 11 | 3.5(11) | ചെങ്കൽ പി.എച്ച്. സി.ക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | 89606 | 23% | 10% | 68997 | 80646 | 74808 | 11649 |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
|---|---|---|---|---|---|---|---|---|---|
| 12 | 3.5(12) | പണാരമണ്ണടി - ആറാട്ടുകടവ് റോഡ് പുനരുദ്ധാരണം | 170000 | 29% | 10% | 120700 | 153000 | 142943 | 32300 |
| 13 | 3.5(13) | വനിതാ വ്യവസായ ഉൽപ്പാദന വിതരണ കേന്ദ്രത്തിന് മതിലും ഗേറ്റും നിർമ്മാണം | 49487 | 12.1% | 10% | 43499 | 44539 | 41314 | 1040 |
| 14 | 3.5(14) | കാളിവിളാകം ലക്ഷം വീട്-ശ്മശാനം-ചുറ്റു മതിലും നടപ്പാലവും നിർമ്മാണം | 227028 | 24.99% | 10% | 170294 | 204325 | 189532 | 34031 |
| 15 | 3.5(15) | കോടങ്കര-കൈത ക്കുഴി വലിയകുളം റോഡ്പുനരുദ്ധാരണം | 170000 | 25% | 10% | 127500 | 153000 | 142943 | 25500 |
| 16 | 3.5(16) | അലത്തറയ്ക്കൽ - എസ്.എൻ.ഡി.പി. റോഡ്പുനരുദ്ധാരണം | 100000 | 23% | 0.1% | 77000 | 99900 | 93660 | 22900 |
| 17 | 3.5(17) | കുന്നംവിള- പെരിഞ്ചാറ റോഡ് പുനരുദ്ധാരണം | 175000 | 17.3% | 10% | 144725 | 157500 | 147672 | 12775 |
| 18 | 3.5(18) | കുരച്ചൽ - നൊച്ചി യൂർ റോഡ് മെറ്റ ലിംഗും ടാറിംഗും | 145763 | 19.3% | 0.1% | 117631 | 145618 | 136531 | 27987 |
| 19 | 3.5(19) | ചെമ്മൺകാല- കുട്ടനാടി റോഡ് പുനരുദ്ധാരണം | 174938 | 16.9% | 0.1% | 145374 | 174763 | 163860 | 29389 |
| 20 | 3.5(20) | ചാട്ടുകാൽ - ഇടിവെട്ടിവിള റോഡ് പുനരുദ്ധാരണം | 174934 | 17.99% | 10% | 143463 | 157441 | 147617 | 13978 |
| 21 | 3.5(21) | മൃഗാശുപത്രിക്ക് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ | 48034 | 25.1% | 10% | 35978 | 43231 | 40102 | 7253 |
| 22 | 3.5(22) | സേതുലക്ഷ്മിപുരം മാർക്ക റ്റിലെ പബ്ലിക് കംഫർട്ട് സ്റ്റേഷൻ നിർമ്മാണം | 148893 | 21.99% | 0.1% | 116152 | 148745 | 137976 | 32593 |
| 23 | 3.5(23) | കൊച്ചോട്ടുകോണം - താഴവിളാകം റോഡ് | 169724 | 16.9% | 10% | 141041 | 152752 | 143219 | 11711 |
| | | | | | | | | ആകെ | 535365 |

## 5.4.2. വെട്ടിക്കവല ഗ്രാമപഞ്ചായത്ത്

### 5.4.2.(1). ഗവൺമെന്റ് നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി '9' എസ്.ജി.ആർ.വൈ പ്രവൃത്തികൾക്ക് 31.3.2008 ൽ അഡ്വാൻസ് നല്കി

**ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3(22)**

ഗ്രാമ വികസന കമ്മീഷണറുടെ 12.12.2007-ലെ 25442/ജെ.ആർ.വൈ.3/07 ഉത്തരവ് പ്രകാരം എസ്.ജി.ആർ.വൈ പദ്ധതിയിൽ ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്ന എല്ലാ പ്രവൃത്തികളും 2008 മാർച്ച് 31-നകം നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. സ്പിൽഓവർ പ്രവൃത്തികളുടെ ഉത്തരവാദിത്തം സർക്കാരോ തദ്ദേശ സ്വയംഭരണ സ്ഥാപനമോ ഏറ്റെടുക്കുന്നതല്ല. ഈ വസ്തുത ബന്ധപ്പെട്ട ഗുണഭോക്തൃസമിതി കൺവീനർമാരെ രേഖാമൂലം അറിയിക്കേണ്ടതാണ്. 2008 ഏപ്രിൽ 1-ാം തീയതി മുതൽ ദേശീയ തൊഴിലുറപ്പ് പദ്ധതി നിലവിൽവരുന്ന സാഹചര്യത്തിൽ ഈ നിർദ്ദേശം കർശനമായും പാലിക്കേണ്ടതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെ 31.3.2008-ൽ താഴെക്കൊടുത്തിരിക്കുന്ന എസ്.ജി.ആർ.വൈ പ്രവൃത്തികൾക്ക് മുൻകൂർ നല്കിയിരിക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കൺവീനറുടെ പേര് | മുൻകൂർ നല്കിയ തുക(രൂ) | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|---|
| 1 | കുഴിവേലി-കിളിത്തല ഏലാറോഡ് | ശ്രീ.ശിവരാജൻ | 7500 | 159177/31.3.2008 |
| 2 | മടത്തിയറ-വേങ്ങാട്ടുകുളം റോഡ് | ശ്രീ.ഫൽഗുനൻ | 21000 | 159178/31.3.2008 |
| 3 | കോട്ടവട്ടം-വാതിൽത്തററോഡ് | ശ്രീ.ദേവരാജൻ | 13000 | 159179/31.3.2008 |
| 4 | പള്ളിമുക്ക്-കായ്ക്കാനഴികം റോഡ് | ശ്രീ.ഷിഹാബ് | 20000 | 159180/31.3.2008 |
| 5 | തെങ്ങിൻകോട് ഏലാ റോഡ് | ശ്രീ.അബ്ദുൾറഹിം | 17500 | 684061/31.3.2008 |
| 6 | വെട്ടിക്കവല-പുളിമൂട്ടിൽ റോഡ് | ശ്രീ.വിക്രമൻ | 24000 | 684062/31.3.2008 |
| 7 | കോട്ടൂർ ഏലാറോഡ് | ശ്രീ.രാജു | 20000 | 684063/31.3.2008 |
| 8 | പാലമുക്ക്-കോളനിറോഡ് | ശ്രീ.ആർ.മോഹനൻ | 20000 | 684064/31.3.2008 |
| 9 | ഇരന്നൂർ ഏലാറോഡ് | ശ്രീ.രാജശേഖരൻ നായർ | 15500 | 684065/31.3.2008 |
| | | **ആകെ** | **158500** | |

ഗവൺമെന്റ് നിർദ്ദേശം ലംഘിച്ച് സാമ്പത്തികവർഷത്തിന്റെ അവസാനം മുൻകൂർ നല്കിയതു സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന് ആഡിറ്റ് ശുപാർശ ചെയ്യുന്നു.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*

*ശ്രീ. ആർ. ബാബുകുമാർ (ജൂനിയർ സൂപ്രണ്ട്, കടമ്പനാട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല)*

*കുന്നത്തുവീട്(ഗൗരീശം), പടിഞ്ഞാറ്റിൻകര, കൊട്ടാരക്കര പി.ഒ*

## 5.4.3. എഴുകോൺ ഗ്രാമപഞ്ചായത്ത്

### 5.4.3.(1). ലക്ഷം വീട് ഒറ്റവീടാക്കൽ പദ്ധതി – സബ്സിഡി മാർഗ്ഗരേഖകൾ ലംഘിച്ച് ചെലവ്

**ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ-3(3)**

| | |
|---|---|
| ✦ | രണ്ട് ഭവനനിർമ്മാണ പദ്ധതികൾക്ക് ഒരേ ഗുണഭോക്താക്കൾ. |
| ✦ | സബ്സിഡി മാനദണ്ഡങ്ങൾ മറികടന്ന് തുക അനുവദിച്ചു. |

2007-08 സാമ്പത്തിക വർഷം ലക്ഷംവീട് ഒറ്റവീടാക്കൽ (പട്ടികജാതി വിഭാഗം) പദ്ധതി നടപ്പിലാക്കുന്നതിന് എസ്.ഒ.72/08, എസ്.109/07-08 എന്നീ പദ്ധതികൾക്ക് യഥാക്രമം 5,00,000/-രൂപയും 4,95,000/-രൂപയും അടങ്കൽ തുക വകയിരുത്തി 29.2.08ലെ 483/07/ഡി.പി.സി/ഡി.പി.ഒ. ഉത്തരവ് പ്രകാരം അംഗീകരിച്ചിരുന്നു. എസ്.ഒ.72/08 എന്ന പദ്ധതിയിൽ 10 ഗുണഭോക്താക്കൾക്ക് 50,000/-രൂപ വീതം 5,00,000/-രൂപയും എസ്.ഒ.9/07-08 പദ്ധതിയ്ക്കായി 9 ഗുണഭോക്താക്കൾക്ക് 55,000/-രൂപ വീതം 4,95,000/-രൂപയും അടങ്കൽ വകയിരുത്തി പ്രോജക്ട് അംഗീകരിച്ചു നൽകിയിട്ടുണ്ട്. എസ്.ഒ.72/08 പ്രോജക്ടിന്റെ ധനകാര്യവിശകലനം പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ വികസനഫണ്ട് വിഹിതം 187500 (18750X10) രൂപയും ബ്ലോക്ക് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും യഥാക്രമം 31,250/- രൂപ വീതം ആകെ 62,500/-രൂപയും ഭവനനിർമ്മാണ ബോർഡിന്റെ സബ്സിഡി 2,50,000/-(25000X10) രൂപയും ചേർന്നാണ് ആകെ 5,00,000/-രൂപ വകയിരുത്തിയിരുന്നത്. എസ്.109/07-08 പ്രോജക്ടിന്റെ ധനകാര്യ വിശകലന പ്രകാരം 9 ഗുണഭോക്താക്കൾക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായി 21,875/-രൂപ നിരക്കിൽ 1,96,875/-രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 3125/-രൂപ നിരക്കിൽ 28,125/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 10,000/-രൂപ നിരക്കിൽ 90,000/-രൂപയും ഹൗസിംഗ് ബോർഡ് വിഹിതമായി 20,000/-രൂപ നിരക്കിൽ 1,80,000/-രൂപയുമുൾപ്പെടെ 4,95,000/-രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ഈ രണ്ട് പദ്ധതികളുടെയും 9 ഗുണഭോക്താക്കളും ഒരേ വ്യക്തികളാണെന്ന് വ്യക്തമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ബിൽ നം. 9/07-08/10.3.08 പ്രോ.നം. എസ്.ഒ.72/08 ഡിഡിനം./തുക | ബിൽ നം. 13/07-08/25.3.08 പ്രോ.നം. എസ്.109/08 ഡിഡിനം./തുക | ജില്ലാ/ബ്ലോക്ക് വിഹിതം | ഹൗസിംഗ് ബോർഡ് വിഹിതം |
|---|---|---|---|---|---|
| 1 | നല്ലമ്മ, ലക്ഷംവീട്, എഴുകോൺ | 397717/12.3.08<br>15000/- | 337761/26.3.08<br>21875/- | 397991/22.8.08<br>13125/- | 55801/17.3.09<br>20000/- |
| 2 | സുശീല.ആർ., ലക്ഷംവീട്, പോച്ചംകോണം | 397716/12.3.08<br>15000/- | 397760/26.3.08<br>21875/- | 397880/9.5.08<br>13125/- | 739393/14.7.08<br>20000/- |
| 3 | കാർത്യായനി, ലക്ഷംവീട്, | 397715/12.3.08<br>15000/- | 397762/26.3.08<br>21875/- | 397896/18.6.08<br>13125/- | 141588/14.11.08<br>20000/- |

| | | | | | |
|---|---|---|---|---|---|
| 4 | പ്രസന്നകുമാരി, ലക്ഷംവീട് | 397713/12.3.08 15000/- | 397764/26.3.08 21875/- | 397919/14.7.08 13125/- | 055803/17.3.09 20000/- |
| 5 | അർജുനൻ, ലക്ഷംവീട് | 397710/12.3.08 15000/- | 397768/26.3.08 21875/- | 397918/14.7.08 13125/- | 055802/17.3.09 20000/- |
| 6 | തങ്കമ്മ, ലക്ഷംവീട് | 397711/12.3.08 15000/- | 397767/26.3.08 21875/- | 398044/25.11.08 13125/- | 051255/19.1.09 20000/- |
| 7 | ചക്കീര, ലക്ഷം വീട് നം.2931 | 397771/26.3.08 15000/- | 397766/26.3.08 21875/- | 397888/30.5.08 13125/- | 739390/14.7.08 20000/- |
| 8 | രവി, ലക്ഷംവീട് | 397712/12.3.08 15000/- | 397765/26.3.08 21875/- | 397895/18.6.08 13125/- | 739389/14.7.08 20000/- |
| 9 | കല്യാണി, ലക്ഷംവീട് | 397714/12.3.08 15000/- | 397763/26.3.08 21875/- | 397881/9.5.08 13125/- | 739391/14.7.08 20000/- |
| | **ആകെ** | **135000** | **196875** | **118125** | **180000** |

ആകെ ഗ്രാമപഞ്ചായത്ത് വിഹിതം : 331875/- (36875 X 9)

ജില്ലാ/ബ്ലോക്ക് വിഹിതം : 118125/- (13125 X 9)

ഹൗസിംഗ് ബോർഡ് വിഹിതം : 180000 (20000 X 9)

**ആകെ ചെലവ് : 630000/-**

======

ഇതിൽ നിന്ന് ഒരേ വ്യക്തികൾക്ക് തന്നെ വ്യത്യസ്ത പ്രോജക്ടുകളിലൂടെ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകിയതായി വ്യക്തമാകുന്നു.

സർക്കാർ ഉത്തരവ് (എം.എസ്.)നം.3/2008/ഭവനം/27.3.08 പ്രകാരം ലക്ഷം വീട് നവീകരണ പദ്ധതിയ്ക്കായി ചെലവഴിക്കാവുന്ന തദ്ദേശഭരണ സ്ഥാപന ങ്ങളുടെ (ത്രിതല പഞ്ചായത്തുകളുടെ) വിഹിതം പൊതുവിഭാഗത്തിന് 25,000/- രൂപയും പട്ടികജാതി വിഭാഗത്തിന് 12,500/-രൂപയുമായി നിശ്ചയിച്ചിട്ടുണ്ട്. ഈ വിവരങ്ങൾ ചൂണ്ടിക്കാട്ടിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3-നുള്ള മറുപടിയിൽ സൂചന ഉത്തരവ് നിലവിൽ വരുന്നതിന് മുമ്പാണ് ബില്ല് മാറി തുക ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിച്ചിരുന്നു. പ്രസ്തുത ഉത്തരവിന് മുമ്പ് പ്രാബല്യ ത്തിലുള്ള 26.11.04-ലെ സ.ഉ.(എംഎസ്.)നം.57/2004 പ്രകാരം പരമാവധി നൽകാ വുന്ന ഗ്രാമ പഞ്ചായത്ത് വിഹിതം ജനറൽ, പട്ടികവിഭാഗ വ്യത്യാസമില്ലാതെ 20,000/-രൂപയാണ്. എന്നാൽ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ഗ്രാമ പഞ്ചായത്തിന്റെ വികസന ഫണ്ടിൽനിന്ന് മാത്രം ഒരേ വ്യക്തിയ്ക്ക് 36,875/-രൂപ (15000+21875) വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം വികസനഫണ്ടിൽ നിന്ന് മാനദണ്ഡങ്ങൾ പാലിക്കാതെ ചെലവഴിച്ച 1,51,875/-രൂപ ആഡിറ്റിൽ നിരാകരി ക്കുന്നു. 24.7.07-ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്.)183/07/ത.സ്വ.ഭ.വ. ഖണ്ഡിക 2.2-ൽ സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതൊരു ഇനത്തിനും സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുമെന്നും അധികം നൽകിയ സബ്സിഡി ഉത്തരവാദികളിൽ നിന്നും നിയമവ്യവസ്ഥയ്ക്ക് വിധേയ മായി ഈടാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ച് ചെലവഴിച്ച 1,51,875/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥ നിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ*
*ശ്രീ.എം.ജോർജ്ജ് പണിക്കർ (വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ),*
*വെട്ടിക്കവല ബ്ലോക്ക്,*
*അമ്പനാട്ട് ഹൗസ്, കാരുവേലിൽ പി.ഒ.,എഴുകോൺ, കൊല്ലം.*

**പത്തനംതിട്ട ജില്ല**

## 5.4.4. ചെറുകോൽ ഗ്രാമപഞ്ചായത്ത്

### 5.4.4.(1). സബ്സിഡിയായി വാങ്ങി സ്ഥിരനിക്ഷേപമാക്കി

***റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3-13***

| | |
|---|---|
| ✦ | *ഓട്ടോറിക്ഷ വാങ്ങാൻ സബ്സിഡി പണമായി നൽകി.* |
| ✦ | *ഗുണഭോക്താവ് സബ്സിഡി സ്ഥിരനിക്ഷേപമാക്കി.* |

പദ്ധതി വിഹിതം 40,000/-രൂപയും ധനകാര്യസ്ഥാപനത്തിൽ നിന്നുള്ള വായ്പ 1,60,000/- രൂപയുമുൾപ്പെടെ 2,00,000/-രൂപ വകയിരുത്തി അംഗീകാരം ലഭിച്ച പദ്ധതിയാണിത്. (തൊഴിൽ സഹായം-ഓട്ടോറിക്ഷയ്ക്ക് വായ്പയും സബ്സിഡിയും) പ്രോജക്ട് LVEO ആണ് നടപ്പാക്കിയത്. പട്ടിക ജാതിയിൽപെട്ട ഡ്രൈവിംഗ് ലൈസൻസുള്ള രണ്ട് യുവാക്കൾക്ക് തൊഴിൽ സഹായം എന്നനിലയിൽ ഓട്ടോറിക്ഷ വാങ്ങുന്നതിന് വായ്പാധിഷ്ഠിത പദ്ധതിയായി ധനകാര്യ സ്ഥാപനം ഒരു ലക്ഷം രൂപ വായ്പ അനുവദിക്കുമ്പോൾ സബ്സിഡിയായി ധനകാര്യ സ്ഥാപനത്തിന് 20,000/-രൂപ പദ്ധതിവിഹിതത്തിൽനിന്ന് നൽകുന്നു.

ഈ പദ്ധതിക്കായി എഗ്രിമെന്റ് വച്ചിട്ടുള്ള ശ്രീ.ഒ.വി.സുരേഷ്, ഒലിപ്പുറത്ത്, ചെറുകോൽ എന്നയാൾക്ക് കച്ചേരിപ്പടി ഐ.എൻ.ജി-വൈശ്യാ ബാങ്കിൽനിന്നും ഒരു ലക്ഷം രൂപ ഓട്ടോറിക്ഷ വാങ്ങുന്നതിനായി അനുവദിച്ചിട്ടുണ്ടെന്നും അതിൽ 80,000/-രൂപ പലിശയടക്കം തിരിച്ചടക്കേണ്ടതും 20,000/-രൂപ "Back End' സബ്സിഡിയായി നൽകേണ്ടതുമാണന്ന് ബാങ്ക് മാനേജർ LVEO-യെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുകയായ 20000/-രൂപ (ബിൽ നം.20/06-07/24.03.07) ഗുണഭോക്താവിന്റെ പേരിൽനൽകി. സബ്സിഡി തുക ബാങ്കിന്റെ പേരിൽ നൽകാതെ ഗുണഭോക്താവിന് നേരിട്ട് നല്കിയ നടപടി ക്രമവിരുദ്ധമാണ്. ലോൺതുകയുപയോഗിച്ച് ഓട്ടോറിക്ഷ വാങ്ങാതെ ടിയാൻ ഐ.എൻ.ജി- വൈശ്യാ ബാങ്കിൽ സബ്സിഡി തുക 04.05.2007-ൽ 5 വർഷത്തേക്ക് ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിച്ചിരിക്കുകയാണ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വായ്പാ സബ്സിഡി തുക സ്ഥിരനിക്ഷേപമാക്കിയ നടപടി കുറ്റകരവും സർക്കാരിനെ കബളിപ്പിക്കലുമാണ്. 20000/-രൂപ 12% പലിശ സഹിതം ഈടാക്കി വികസന ഫണ്ടിലേക്ക് ഒടുക്കുവരുത്തേണ്ടതാണ്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥ:*
*ശ്രീമതി.സി.ബി.ഓമന, വി.ഇ.ഒ.*
*കൃഷ്ണഭവൻ, ഇടയാറൻമുള വെസ്റ്റ്.പി.ഒ, ഇടയാറൻമുള.*

## 5.4.5. ആലപ്പുഴ മുനിസിപ്പാലിറ്റി

### 5.4.5.(1). നടപ്പാക്കാത്ത പദ്ധതിയുടെ പണം അനധികൃതമായി സൂക്ഷിക്കുന്നു – മൂരിക്കിടാങ്ങളുടെ സംരക്ഷണം

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-17***

100 കുടുംബങ്ങളുടെ ദാരിദ്ര്യം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ 2007-08 സാമ്പത്തികവർഷം നടപ്പിലാക്കുന്നതിനായി (504/07 തീയതി: 14.11.07) ഡി.പി.സി. അംഗീകാരം നൽകിയ ഈ പദ്ധതിപ്രകാരം 10 യൂണിറ്റുകൾക്കായി 200 മൂരിക്കിടാങ്ങളെ വാങ്ങുന്നതിന് നഗരസഭ 1.5 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തി. 29.03.08-ലെ ബിൽ നം.2/07-08 പ്രകാരം ചീഫ് വെറ്റിനറി സർജൻ തുക പിൻവലിക്കുകയും തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ 336802011002119 നമ്പർ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. എന്നാൽ 2007-08-ലെ ഈ പദ്ധതി നടപ്പാക്കിയില്ല. പദ്ധതി നടത്തിപ്പിന്റെ ആദ്യപടിയായ ഗുണഭോക്തൃസമിതി രൂപീകരണം നടത്തിയത് 09.05.08-ൽ മാത്രമാണ്. ഇതിൽനിന്നും പദ്ധതിനടത്തിപ്പിന്റെ പ്രാഥമിക നടപടികൾ പോലും സ്വീകരിക്കാതെ 29.03.2008-ൽ പദ്ധതിപ്പണം മുൻകൂറായി പിൻവലിച്ച് ബാങ്കിൽ സൂക്ഷിക്കുകയായിരുന്നുവെന്ന് വ്യക്തമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബിൽ സമ്പ്രദായമനുസരിച്ച് പണം പിൻവലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 12.04.06-ൽ ജി.ഒ.പി. നം.177/06-ാം നമ്പരായി പുറപ്പെടുവിച്ച ഉത്തരവിലെ ഖണ്ഡിക 6(1) പ്രകാരം ഭാവിയിൽ ചെലവുവരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതേ ഉത്തരവിലെ ഖണ്ഡിക 9(3) പ്രകാരം തൻവർഷം പിൻവലിച്ചതും വിനിയോഗിക്കാതെ അവശേഷിക്കുന്നതുമായ പദ്ധതിവിഹിതം ആ സാമ്പത്തികവർഷം മാർച്ച് 31-നു മുമ്പ് സഞ്ചിത നിധിയിലേക്ക് തിരികെ ഒടുക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ഉത്തരവിലെ ഈ രണ്ടു നിർദ്ദേശങ്ങളും പാടെ അവഗണിച്ച് പദ്ധതി ആരംഭിക്കുന്നതിനു മുമ്പുതന്നെ മുൻകൂറായി പണം പിൻവലിക്കുകയും 31.03.08-നു ശേഷവും ചെലവഴിക്കാതെ ബാങ്കിൽ സൂക്ഷിക്കുകയുമാണുണ്ടായത്.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഈ നടപടി 12.04.06-ലെ സർക്കാർ ഉത്തരവിന്റെ നഗ്നമായ ലംഘനമാണ്. ആയതിനാൽ ക്രമവിരുദ്ധമായി സഞ്ചിത നിധിയിൽ നിന്നും പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ അനധികൃതമായി 31.03.08-നു ശേഷവും സൂക്ഷിച്ചിട്ടുള്ള 1,50,000/-രൂപ അടിയന്തിരമായി തിരികെ ഒടുക്കേണ്ടതും സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി പദ്ധതിപ്പണം പിൻവലിച്ചതിന് വിശദീകരണം നൽകേണ്ടതുമാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*

*ഡോ.സുനിൽകുമാർ(സീനിയർ വെറ്റിനറി സർജൻ)*
*നന്ദനം, സൗത്ത് ആര്യാട്, നിയർ റൂറൽ ഹോസ്പിറ്റർ,*
*ആര്യാട്, അവലൂക്കുന്ന്.പി.ഒ, ആലപ്പുഴ -688006.*

## 5.4.5.(2). ഗാർഹികതല ബയോഗ്യാസ് പ്ലാന്റിന് സബ്സിഡി നൽകിയത് ക്രമവിരുദ്ധം

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-21.എ.***

| | |
|---|---|
| ✦ | *ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് സബ്സിഡി അനുവദനീയമല്ല.* |
| ✦ | *ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.* |
| ✦ | *പദ്ധതി നടപ്പിലാക്കിയതിൽ സുതാര്യത ഇല്ലെന്ന് സെക്രട്ടറി.* |

പ്രോജക്ട് നം.57/06-07(സ്പിൽ ഓവർ 181/07-08) ഫയൽ നം.പി.3/15696/06-07 കേരള വികസന പദ്ധതി 06-07-ൽ ഉൾപ്പെടുത്തി നഗരസഭയിലെ 50 വാർഡുകളിലുള്ള പൊതുവിഭാഗം ഗുണഭോക്താക്കളിൽ ഒരാളെവീതം തെരഞ്ഞെടുത്ത് ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു നൽകുന്നതിനായി പ്രോജക്ടു തയ്യാറാക്കി 5,00,000/-രൂപ വകയിരുത്തി. 2006-07 വർഷത്തെ ഈ ഏകവർഷ പ്രോജക്ടിന് പി.ഡബ്ല്യു. ഡി. ബിൽഡിംഗ് ഡിവിഷന്റെ നിബന്ധനകൾക്ക് വിധേയമായി ഡി.പി.സി. അംഗീകാരം നൽകി.

സർക്കാർ സ്ഥാപനമായ അനർട്ടിനെ ചുമതലപ്പെടുത്തി പ്രോജക്ട് നടപ്പിലാക്കുവാനാണ് ആദ്യം തീരുമാനിച്ചിരുന്നത്. അനർട്ടുമായി ബന്ധപ്പെട്ടപ്പോൾ ഈ പ്രോജക്ട് നടത്തുന്നില്ല എന്നും സബ്സിഡി ഇല്ല എന്നും അറിയിച്ചു എന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതിവിവരം അനർട്ടിനെ അറിയിച്ചതിന്റെയോ പദ്ധതിയുമായി സഹകരിക്കാൻ അനർട്ട് വിമുഖത അറിയിച്ചതിന്റെയോ യാതൊരു രേഖകളും ഫയലിൽ ഇല്ല. തുടർന്ന് ടെണ്ടർ ക്ഷണിച്ചതിൽ 2 ടെണ്ടറുകൾ ലഭിച്ചു. കുറഞ്ഞനിരക്കായ, അതായത് ഒരു യൂണിറ്റിന് 9800/-രൂപ നിരക്ക് ക്വാട്ടുചെയ്ത അന്ത്യോദയ, റ്റി.ബി.റോഡ്, അങ്കമാലി എന്ന സ്വകാര്യ സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് 09.03.07-ൽ കരാർചമച്ച് വർക്ക്ഓർഡർ നൽകി. 50 വാർഡുകളിലും ബയോഗ്യാസ് പ്ലാന്റുകൾ പൂർത്തിയാക്കിയതായി കാണിച്ച് 03.08.07 -ൽ അന്ത്യോദയ നൽകിയ കത്തും പ്ലാന്റ് പൂർത്തീകരിച്ചതായി കാണിച്ചുകൊണ്ട് 50 വാർഡുകളിലേയും ഗുണഭോക്താക്കൾ നൽകിയ സാക്ഷ്യ പത്രങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. തുടർന്ന് നികുതികൾ കുറവുചെയ്ത് (9800x50 = 490000- 15680) 474320/-രൂപ വൗച്ചർ നം.4-9/07 പ്രകാരം നഗരസഭ നൽകി.

***പ്രോജക്ടു നടപ്പാക്കിയതിലെ അപാകതകൾ:***

1. കേരള വികസന പദ്ധതി സബ്സിഡി മാനദണ്ഡങ്ങൾ (ജി.ഒ.എം.എസ്) 40/2004.പ്ലാനിംഗ് തീയതി 30.03.2004 ഉത്തരവിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് സബ്സിഡി നൽകുവാൻ അനുവാദമില്ല. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2(31) പ്രകാരം ഈ ഉത്തരവിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതൊരു ഇനത്തിലും സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും അല്ലാതുള്ള സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം ധനദുർവിനിയോഗമായി കണക്കാക്കുമെന്നും അധികം നൽകിയ സബ്സിഡി ഉത്തരവാദപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി സബ്സിഡി മാനദണ്ഡങ്ങൾക്കു വിരുദ്ധമായി 100% സബ്സിഡി നൽകി നടപ്പിലാക്കി.

2. സബ്സിഡി മാനദണ്ഡം ലംഘിച്ച് നഗരസഭ ക്രമവിരുദ്ധമായി ബയോ ഗ്യാസ് പ്ലാന്റിനു തുക ചെലവഴിച്ചത് മുമ്പും ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിരുന്നു. (2005-06-ലെ ചെലവ് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-4(6)(എ)കാണുക. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് മറുപടിയൊന്നും നാളിതുവരെ നഗരസഭ നൽകിയിട്ടില്ല. സമാനമായ ക്രമക്കേട് നഗരസഭ ആവർത്തിക്കുകയാണുണ്ടായത്.

3. ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു നൽകുന്നതിനായി ഗുണഭോക്തൃവിഹിതം വാങ്ങിയിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. "നേരത്തേ ഗുണഭോക്തൃ വിഹിതം അടച്ചവർക്ക് മുൻഗണന നൽകിയതിനുശേഷം മറ്റുള്ളവരെ പരിഗണിക്കുക" എന്ന് ചെയർമാൻ 02.03.07-ൽ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം അടച്ചവർ ആരെല്ലാമാണെന്നോ എത്രരൂപയാണ് ഗുണഭോക്തൃ വിഹിതമായി ഈടാക്കിയിട്ടുള്ളത് എന്നോ ഫയലിൽ രേഖപ്പെടുത്തി യിട്ടില്ല. "2005-06 വർഷത്തിൽ ഗുണഭോക്തൃവിഹിതം അടച്ച 25 ഗുണഭോക്താ ക്കൾക്ക് പ്ലാന്റ് നിർമ്മിക്കുന്നതിനായി 2 ലക്ഷം രൂപ സ്പിൽ ഓവറായി ഉൾക്കൊള്ളി ച്ചിട്ടുള്ളതാണെന്നും 75(25+50) പ്ലാന്റുകൾക്ക് 7,50,000/-രൂപ വേണ്ടിവരും" എന്നും സെക്ഷൻ ക്ലർക്ക് ഫയലിൽ രേഖപ്പെടുത്തുകയുണ്ടായി. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം 50 ബയോഗ്യാസ് പ്ലാന്റുകൾ മാത്രമാണ് നിർമ്മിച്ചു നൽകിയത്. ഗുണഭോക്തൃ വിഹിതം അടച്ച 25 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയാണ് 50 ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ചുനൽകിയതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. "തീർത്തും സുതാര്യമല്ലാത്ത രീതിയിലാണ് ഈപ്രോജക്റ്റ് കൈകാര്യം ചെയ്തി ട്ടുള്ളത്" എന്ന് നിർവ്വഹണോദ്യോഗസ്ഥനായ നഗരസഭാ സെക്രട്ടറിതന്നെ (09.03.07-ൽ) ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. പദ്ധതി നിർവ്വഹണത്തിൽ ക്രമക്കേടുകൾ ഉണ്ടെന്ന് ബോദ്ധ്യപ്പെട്ട സെക്രട്ടറി ആ വിവരം രേഖപ്പെടുത്തി ആറു മാസം പിന്നിട്ടപ്പോൾ പരിഹാരനടപടികൾ ഒന്നും സ്വീകരിക്കാതെ 4,90,000/-രൂപ നിയമവിരുദ്ധമായി നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ച് ധനദുർവിനിയോഗം നടത്തിയ 4,90,000/-രൂപ തുക ചെലവഴിച്ച നഗരസഭാ സെക്രട്ടറിയിൽ നിന്നും ചെലവനുവാദം നൽകിയ നഗരസഭാ ചെയർമാനിൽ നിന്നും തുല്യമായി ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

*ഉത്തരവാദികളായ ഉദ്യോഗസ്ഥർ:*

*1. ശ്രീ.റ്റി.സന്തോഷ് (സെക്രട്ടറി),*
*അഴകത്ത്, തെക്കേവിള, കൊല്ലം - 691016.*

*2. ശ്രീ.പി.പി.ചിത്തരഞ്ജൻ (മുനിസിപ്പൽ ചെയർമാൻ),*
*ഐശ്വര്യ, സിവിൽ സ്റ്റേഷൻ വാർഡ്, ബസാർ.പി.ഒ, ആലപ്പുഴ.*

## 5.4.5.(3). പുതിയ ബയോഗ്യാസ് പ്ലാന്റ് പദ്ധതി – നിയമവിരുദ്ധമായി സബ്സിഡി അനുവദിച്ചു

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-21.ബി.***

കേരള വികസന പദ്ധതി 07-08-ൽ ഉൾപ്പെടുത്തി നഗരസഭയിലെ 50 വാർഡു കളിൽ ഓരോ വാർഡിലും പൊതുവിഭാഗത്തിൽപ്പെടുന്ന 2 ഗുണഭോക്താക്കളെ വീതം തെരഞ്ഞെടുത്ത് ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു നൽകുന്ന പ്രോജക്റ്റിൽ 10,00,000/-രൂപ വകയിരുത്തി. പ്ലാന്റ് നിർമ്മിച്ചു നൽകുന്നതിന് പത്രപ്പരസ്യം നൽകി. ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടു ടെണ്ടറുകൾ ലഭിച്ചു.

ആയതിൽ കുറഞ്ഞ നിരക്ക് (ഒരു യൂണിറ്റിന് 9990/-രൂപ) ക്വാട്ടുചെയ്ത അന്ത്യോദയ, അങ്കമാലിയുടെ (മുൻവർഷവും ഈ സ്ഥാപനമാണ് ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു നൽകിയത്) ടെണ്ടർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകുവാൻ 06.03.08-ലെ കൗൺസിൽ യോഗം തീരുമാനിച്ചു. മുനിസിപ്പൽ ചെയർമാൻ നെഗോഷ്യേറ്റു ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്ലാന്റ് ഒന്നിന് അവർ മുമ്പ് ക്വാട്ടുചെയ്ത നിരക്കിൽ നിന്നും 90/-രൂപ കുറച്ച് 9900/-രൂപ നിരക്കിൽ നിർമ്മിച്ചു നൽകുവാൻ അന്ത്യോദയ സമ്മതിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (07-08) ആദ്യഘട്ടത്തിൽ 50 ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു നൽകിയതിന് അന്ത്യോദയയ്ക്ക് താഴെപറയും പ്രകാരം 9,90,000/-രൂപ (നികുതികൾ കിഴിച്ച് 9,57,666/-രൂപ) നൽകി.

| ചെക്കു നം | തീയതി | തുക | നികുതികൾ കിഴിച്ചതിനുശേഷം തുക |
|---|---|---|---|
| 667247 | 08.04.08 | 495000 | 478833 |
| 882924 | 22.09.08 | 366300 | 354336 |
| 882930 | 01.11.08 | 128700 | 124497 |
| **ആകെ** | | **990000** | **957666** |

***ഈ പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ:***

1. *<u>സർക്കാർ ഉത്തരവിനു വിരുദ്ധമായി പദ്ധതി നടപ്പാക്കി:</u>*

വികേന്ദ്രീകൃതാസൂത്രണം-സബ്സിഡി മാർഗ്ഗരേഖ-സർക്കാർ ഉത്തരവ് (എം.എസ്) 183/07 തസ്വഭവ 24.07.07-ൽ ബയോഗ്യാസ് പ്ലാന്റ് സബ്സിഡി നൽകാവുന്ന ഇനമായി 07-08 വർഷം ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ സബ്സിഡിയിനമായി ഉൾപ്പെടുത്താത്ത ഗാർഹികതല ബയോഗ്യാസ് പ്ലാന്റ് 100% സബ്സിഡി നൽകി നഗരസഭ നടപ്പാക്കിയിരിക്കുന്നത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

*<u>2. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല:</u>*

വാർഡുസഭകൂടി അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലല്ല ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്. വാർഡു കൗൺസിലർമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പു മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ബയോഗ്യാസ് പ്ലാന്റുകൾ അനുവദിച്ചുനൽകിയിട്ടുള്ളത്.

*<u>3. എല്ലാ വാർഡുകളിലും പദ്ധതി നടപ്പാക്കിയിട്ടില്ല:</u>*

ഒരു വാർഡിൽ രണ്ടെണ്ണം വീതം 50 വാർഡുകളിലും ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കി ഡി.പി.സി.യുടെ അംഗീകാരം വാങ്ങിയത്. എന്നാൽ 40 വാർഡുകളിൽ മാത്രമാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ചില വാർഡുകളിൽ 2-ൽ കൂടുതൽ പ്ലാന്റുകൾ നിർമ്മിച്ചു നൽകി. (ഉദാ: കറുകയിൽ 5 എണ്ണം, ആശ്രമം 7 എണ്ണം)

*5. <u>അവശ്യ രേഖകൾ ഇല്ല:</u>*

ബയോഗ്യാസ് പ്ലാന്റുകൾ പൂർത്തീകരിച്ചതായുള്ള ഹെൽത്ത് സ്റ്റാന്റിംഗ് കമ്മറ്റിയുടെ റിപ്പോർട്ടോ തുക സ്വീകരിച്ചതിന് അന്ത്യോദയ നൽകിയ കൈപ്പറ്റു രസീതുകളോ ഫയലിൽ ഇല്ല.

*5. ധനദുർവിനിയോഗം:*

24.07.07-ലെ 183/07 ത.സ്വ.ഭവ.നമ്പർ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതൊരു ഇനത്തിലും സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. സബ്സിഡി മാനദണ്ഡം ലംഘിക്കുന്നത് ധനദുർവിനിയോഗമായി കണക്കാക്കുമെന്നും ആയത് ഉത്തരവാദിയായ വ്യക്തിയിൽ നിന്നും ഈടാക്കുമെന്നും സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് നഗരസഭയ്ക്ക് ബാധകമല്ല എന്നു തോന്നിക്കുംവിധം നഗരസഭ 100% സബ്സിഡി നൽകി 2005-06, 2006-07, 2007-08 വർഷങ്ങളിൽ ഈ പ്രോജക്ട് നടപ്പാക്കി. [2005-06 ചെലവ് ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 2-4-6(എ) കാണുക] സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം നഗരസഭാഫണ്ടിന്റെ ദുർവിനിയോഗമായി ഓഡിറ്റിൽ കണക്കാക്കുന്നു. നഗരസഭയിൽ നിന്നും സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ചെലവഴിച്ച 9,90,000/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ധനദുർവിനിയോഗം ചെയ്ത ഈ തുക നഗരസഭാ സെക്രട്ടറിയിൽ നിന്നും ചെലവനുവാദം നൽകിയ നഗരസഭാ ചെയർമാനിൽനിന്നും തുല്യമായി ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കേണ്ടതാണ്.

*ഉത്തരവാദികളായ ഉദ്യോഗസ്ഥർ:*

*1. ശ്രീ.റ്റി.സന്തോഷ് (സെക്രട്ടറി),*
*അഴകത്ത്, തെക്കേവിള, കൊല്ലം - 691016.*

*2. ശ്രീ.പി.പി.ചിത്തരഞ്ജൻ (മുനിസിപ്പൽ ചെയർമാൻ),*
*ഐശ്വര്യ, സിവിൽ സ്റ്റേഷൻ വാർഡ്, ബസാർ.പി.ഒ, ആലപ്പുഴ.*

**കോട്ടയം ജില്ല.**

## 5.4.6. കോട്ടയം ജില്ലാ പഞ്ചായത്ത്

### 5.4.6.(1). സ്വകാര്യ വ്യക്തിയുടെ അധീനതയിലുള്ള സ്ഥലത്ത് ജില്ലാ പഞ്ചായത്ത് കെട്ടിടം നിർമ്മിച്ചു

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09 വരവുചെലവ്, ഖണ്ഡിക നമ്പർ: 3.2***

| | |
|---|---|
| ✦ | ***സ്വകാര്യ ഭൂമിയിൽ പഞ്ചായത്ത് കെട്ടിടം നിർമ്മിച്ചു.*** |
| ✦ | ***കെട്ടിട നിർമ്മാണ ലൈസൻസ് എടുത്തതും കെട്ടിട നികുതി ഒടുക്കുന്നതും സ്വകാര്യ വ്യക്തിയുടെ പേരിൽ.*** |

ജില്ലാ പഞ്ചായത്തിന്റെ 2007-08 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച പ്രോജക്ടാണ് കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ വനിതാ തൊഴിൽ പരിശീലന കേന്ദ്ര നിർമ്മാണം എന്ന പദ്ധതി (പ്രോജക്ട് നമ്പർ 56/08). നടപ്പുവർഷം സ്പിൽ ഓവർ ആയി അംഗീകാരം ലഭിച്ച (പ്രോജക്ട് നമ്പർ.59/09) പദ്ധതിയുടെ അംഗീകരിച്ച അടങ്കൽ 1725000/-രൂപ ആയിരുന്നു. ജില്ലാ പഞ്ചായത്ത് സെക്രട്ടി നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 17,14,297/-രൂപ വികസന ഫണ്ടിൽ

നിന്നും ചെലവഴിച്ച് 11/2008-ൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട പ്രോജക്റ്റ് ഫയലും മറ്റ് രേഖകളും പരിശോധിച്ചതിന്റെയും പ്രാദേശിക പരിശോധന നടത്തിയതിന്റേയും അടിസ്ഥാനത്തിൽ പദ്ധതി ചെലവ് നടത്തിയത് പഞ്ചായത്ത്രാജ് നിയമത്തിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമായായണെന്ന് വ്യക്തമായി.

നിർദ്ദിഷ്ട തൊഴിൽ പരിശീലനകേന്ദ്രം സ്ഥാപിച്ചിരിക്കുന്നത് കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ 3-ാം വാർഡിൽ സർവ്വേനമ്പർ 125/4-ൽപ്പെട്ട സ്ഥലത്താണ്. സ്ഥലത്തിന്റെ ഉടമസ്ഥ പി.കെ.വി.സ്മാരക ലൈബ്രറി പ്രസിഡന്റ് ശ്രീമതി.ബിന്ദു ജി. നായർ ആണ്. ടിയാൾ കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ നൽകിയ കെട്ടിടനിർമ്മാണത്തിനുള്ള ലൈസൻസ് അപേക്ഷ പ്രകാരം ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകുകയും (എ4-59/07-08 തീയതി: 03.02.2008) അതനുസരിച്ച് ജില്ലാപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കെട്ടിടംപണി പൂർത്തീകരിക്കുകയുമാണുണ്ടായത്. നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ നിന്നും വസ്തു ഉടമ/ കെട്ടിട നിർമ്മാണ ലൈസൻസിയുടെ പേരിൽ നികുതിനിർണ്ണയം നടത്തുകയും കെട്ടിട നമ്പർ നൽകുകയും ചെയ്തിട്ടുണ്ട് (നമ്പർ.3/123എ). നിലവിൽ അവിടെ ലൈബ്രറിയും അനുബന്ധപ്രവർത്തനങ്ങളും നടത്തുന്നതായി ഉടമസ്ഥർ അറിയിച്ചിട്ടുണ്ട്.

വനിതാ തൊഴിൽ പരിശീലന കേന്ദ്രം എന്ന പേരിൽ ജില്ലാപഞ്ചായത്ത് നിർമ്മിച്ച കെട്ടിടം സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലും അധീനതയിലുമാണെന്ന് മേൽ വിവരിച്ച വസ്തുതകളിൽ നിന്ന് വ്യക്തമാണ്. നാളിതുവരെ ടി കെട്ടിടം ജില്ലാ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ കൈമാറ്റം ചെയ്തിട്ടില്ല. ബന്ധപ്പെട്ട ഭൂമി പഞ്ചായത്ത് സ്ഥാപനങ്ങളുടെ അധീനതയിലാക്കുന്നതിന് മുമ്പ് തന്നെ വൻതുക ചെലവഴിച്ച് കെട്ടിടം നിർമ്മിച്ച അധികൃതരുടെ നടപടി ക്രമവിരുദ്ധമാണ്. തൊഴിൽ പരിശീലനമാണ് വിഭാവനം ചെയ്തതെങ്കിലും കെട്ടിടത്തിന്റെ നിയന്ത്രണം പഞ്ചായത്തിൽ നിക്ഷിപ്തമല്ലാത്തതിനാൽ പഞ്ചായത്ത് തലത്തിൽ തൊഴിൽ പരിശീലനം നടത്തുന്നതിനോ മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനോ സാധ്യമാകുന്നില്ല.

കേരളാ പഞ്ചായത്ത് രാജ് നിയമം 173-ാം വകുപ്പ് പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള ജില്ലാ പഞ്ചായത്തുകളുടെ ചുമതലകളിൽപ്പെടുന്നതല്ല സ്വകാര്യ വ്യക്തികളുടെ നിയന്ത്രണത്തിലുള്ള സ്ഥലത്ത് തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുക എന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പതിനൊന്നാം പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലും [സ.ഉ.(എം.എസ്)128/2007/തസ്വഭവ തീയതി: 14.05.2007] ഇപ്രകാരം തുക ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടില്ല. കൂടാതെ ടി മാർഗ്ഗരേഖ പ്രകാരം സമൂഹത്തിലെ താരതമ്യേന കൂടുതൽ ദരിദ്രരായവരിൽ ശ്രദ്ധ കേന്ദ്രീകരിച്ച് തൊഴിൽ അവസരങ്ങളും വരുമാന വർദ്ധനവും ഉണ്ടാക്കുന്നതിനുള്ള പ്രാദേശിക സാമ്പത്തിക വികസനത്തിന് മുന്തിയ പരിഗണന നൽകണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ അല്ലാതെയും പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് സാമൂഹ്യനീതിയും പ്രാദേശിക സാമ്പത്തിക വികസനവും നടപ്പാക്കുവാൻ കഴിയണമെന്നില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പ്രസ്തുത തൊഴിൽ പരിശീലന കേന്ദ്രം കിടങ്ങൂർ ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് 08.01.2010-ൽ കൂടിയ ജില്ലാപഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചിരുന്നു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടം വിട്ടുകിട്ടിയതിന്റെ തെളിവായി ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തതിനുള്ള ഔദ്യോഗിക രസീത് ജില്ലാപഞ്ചായത്തിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കിടങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും അറിയിച്ചിരുന്നു. എന്നാൽ ഭൂമിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിക്ഷിപ്തമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമല്ല.

മേൽ കാരണങ്ങളാൽ ഈ പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് ആകെ ചെലവഴിച്ച 1714297/-രൂപ തടസ്സപ്പെടുത്തുന്നു. ഈ കെട്ടിടം ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് ആവശ്യമായ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിയമവിരുദ്ധമായി പദ്ധതി തയ്യാറാക്കി അംഗീകാരം നൽകിയ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും പലിശ സഹിതം തുക ഈടാക്കേണ്ടതാണ്.

*Note: ഉത്തരവാദി ലഭ്യമല്ല.*

**<u>തൃശൂർ ജില്ല</u>**

## 5.4.7. കേരള കലാമണ്ഡലം

### 5.4.7.(1). താത്ക്കാലിക ജീവനക്കാരുടെ നിയമനം – സർക്കാർ അംഗീകാരം വാങ്ങിയില്ല

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക നമ്പർ: 11***

2008-2009 സാമ്പത്തിക വർഷത്തിൽ കേരള കലാമണ്ഡലത്തിൽ വിവിധ വിഭാഗങ്ങളിലായിട്ട് 91 ജീവനക്കാർ താത്ക്കാലികമായി ജോലി ചെയ്യുന്നുണ്ട്. 1984ലെ സ്റ്റാഫ് പാറ്റേൺ പ്രകാരം മൊത്തം 112 സ്ഥിരം ജീവനക്കാർക്കാണ് സർക്കാർ അനുമതി നല്കിയിട്ടുള്ളത്. താത്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് ഇതുവരെ സർക്കാർ അനുമതി നല്കിയിട്ടില്ല. 20 വർഷമായി ഈ സ്ഥാപനത്തിൽ താത്കാലിക ജീവനക്കാരെ നിയമിച്ച് വരുന്നുണ്ട്. കലാമണ്ഡലം എക്സിക്യുട്ടീവ് ബോർഡിന്റെ തീരുമാനപ്രകാരമാണ് 2008-2009 വർഷത്തിലും താത്ക്കാലിക ജീവനക്കാരെ നിയമിച്ചത്. സർക്കാർ അനുമതിയില്ലാതെ താൽക്കാലിക നിയമനം നടത്താൻ പാടില്ലെന്ന് വ്യക്തമായ നിർദ്ദേശം ഉണ്ടായിട്ടും താത്ക്കാലിക നിയമനം നടത്തിയത് അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ താത്ക്കാലിക നിയമനം നടത്തിയതിന് ഉടനെതന്നെ സർക്കാറിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. അംഗീകാരം ലഭിക്കുന്നതുവരെ താത്ക്കാലികമായി നിയമനം നിർത്തിവയ്ക്കേണ്ടതുമാണ്.

## 5.4.8. കേരള ലളിതകലാ അക്കാദമി

### 5.4.8.(1). സർക്കാർ അംഗീകാരമില്ലാതെ സ്ഥിര നിയമനം

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക നമ്പർ: 5***

കേരള ലളിതകലാ അക്കാഡമി സ്റ്റാഫിന്റെ നിയമനവും സേവന വ്യവസ്ഥ കളും സംബന്ധിച്ച ചട്ടങ്ങളിലെ 4(സി) പ്രകാരം 'അക്കാഡമിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് ഗവൺമെന്റിലേക്ക് ശുപാർശ ചെയ്യുകയും ഗവൺമെന്റിന്റെ അംഗീകാരത്തോടെ നിയമനം നടത്തുക'യും ചെയ്യുക എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. സ്ഥാപനത്തിന്റെ നില വിലുള്ള സ്റ്റാഫ് പാറ്റേൺ ഇപ്രകാരമാണ്.

| | | |
|---|---|---|
| സെക്രട്ടറി | : | 1 |
| മാനേജർ | : | 1 |
| എക്സിബിഷൻ ഓഫീസർ | : | 1 |
| യു.ഡി.ക്ളർക്ക് | : | 1 |
| എൽ.ഡി.ക്ളർക്ക് | : | 1 |
| അക്കൗണ്ടന്റ് | : | 1 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | : | 1 |
| കെയർ ടേക്കർ | : | 1 |
| അറ്റൻഡർ | : | 2 |
| പ്യൂൺ | : | 2 |
| നൈറ്റ് വാച്ച് മാൻ | : | 1 |
| | | ------ |
| **ആകെ** | | **13** |
| | | ==== |

എന്നാൽ സർക്കാറിന്റെ അനുമതി വാങ്ങാതെ 4 പുതിയ തസ്തികകൾ സൃഷ്ടിച്ച് അവർക്ക് സർക്കാർ ശമ്പള സ്കെയിലിൽ 01.06.08 മുതൽ ശമ്പളം നല്കി വരുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | തസ്തിക | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | സുബ്രഹ്മണ്യൻ നമ്പൂതിരി | കെയർ ടേക്കർ | 6680-10790 |
| 2 | കെ.ജി. രാജീവ് | ഡ്രൈവർ | 5250-8390 |
| 3 | ഗോകുൽ ദാസ് | നൈറ്റ് വാച്ച്മാൻ | 4510-6230 |
| 4 | കെ.ടി.സൂസി | സ്വീപ്പർ | 4510-6230 |

മുൻകൂട്ടി സർക്കാറിൽ നിന്ന് അനുമതി വാങ്ങാതെ 18.06.2008ലെ നാലാം നമ്പർ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ മേൽ തസ്തിക സൃഷ്ടിക്കുകയും അവർക്ക് സർക്കാർ ശമ്പള സ്കെയിൽ അനുവദിച്ച് നല്കുകയും ചെയ്ത നടപടി ക്രമപ്രകാരമല്ല. ചട്ടം 4(സി) പ്രകാരം സർക്കാറിന്റെ അനുമതി വാങ്ങേണ്ടതാണ്.

## പാലക്കാട് ജില്ല

## 5.4.9.ചെലവാക്കാത്ത പദ്ധതിപ്പണം തിരിച്ചടയ്ക്കുന്നില്ല

പല സ്ഥാപനങ്ങളും പദ്ധതി നടത്തിപ്പിനായി വിവിധ അക്കൗണ്ടുകളിലേക്ക് മാറ്റുന്ന പദ്ധതി ഫണ്ട് സമയബന്ധിതമായി വിനിയോഗിക്കുന്നതിലും, മിച്ചം വരുന്ന തുക ആ സാമ്പത്തിക വർഷം തന്നെ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിലും വീഴ്ച വരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിനായി സി.ഡി.എസ്. അക്കൗണ്ടിലേക്ക് മാറ്റുന്ന തുകകൾ ലക്ഷ്യമിട്ട പ്രകാരം ചെലവഴിക്കുകയോ, തിരിച്ചടയ്ക്കുകയോ ചെയ്യുന്നില്ല. ബാങ്കുകളുടെ സഹകരണത്തോടെ നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട പല പദ്ധതികളുടെയും പഞ്ചായത്ത് വിഹിതം ബാങ്കുകളിലേക്ക് മാറ്റുന്നുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കാത്തതുമൂലം തുക ബാങ്കുകളുടെ കൈവശം അവശേഷിക്കുന്ന സ്ഥിതിയുമുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | വർഷം | ഖണ്ഡിക നമ്പർ | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | അക്കൗണ്ട് |
|---|---|---|---|---|---|
| 1 | ലെക്കിടി പേരൂർ | 2007-08 | 3-6 | 184218 | സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്, പത്തിരിപ്പാല-ഭവനശ്രീ പദ്ധതിതുക |
| 2 | മുണ്ടൂർ | 2007-08 | 3-6 | 954502 | സി.ഡി.എസ്.അക്കൗണ്ട് |
| 3 | നെന്മാറ | 2007-08 | 3-2 | 649200 | യൂണിയൻ ബാങ്ക് - കന്നുകുട്ടി പരിപാലനം |

ചെലവഴിക്കാതെ വിവിധ അക്കൗണ്ടുകളിൽ അവശേഷിക്കുന്ന പദ്ധതി തുകകൾ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി തുക മുടങ്ങി കിടക്കുന്നില്ല എന്ന് ഉറപ്പുവരുത്തുവാൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 5.4.10.മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത്

### 5.4.10.(1). പദ്ധതിവിഹിതം ഉപയോഗിച്ച് വാങ്ങിയ ട്രാക്ടറുകൾ പാടശേഖരസമിതി ലേലം ചെയ്തു

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-1.***

| | |
|---|---|
| ✦ | *പാടശേഖര സമിതി ട്രാക്ടർ ലേലം ചെയ്തത് പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ* |
| ✦ | *ട്രാക്ടറിന്റെ സൂക്ഷിപ്പുകാരനായ കൃഷിഓഫീസർ നടപടിയൊന്നും സ്വീകരിച്ചില്ല.* |
| ✦ | *ലേലത്തിലൂടെ ലഭിച്ച തുക പഞ്ചായത്തിലൊടുക്കിയില്ല.* |

1999-00 സാമ്പത്തിക വർഷത്തിൽ ഉൽപ്പാദന മേഖലയിൽ പദ്ധതിപ്പണം ഉപയോഗിച്ച് (100% സബ്സിഡി) 2 ട്രാക്ടർ, അനുബന്ധ ഉപകരണങ്ങൾ (7,33,140/-രൂപയ്ക്ക്) എന്നിവ മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് പാടശേഖര സമിതിക്ക് (ട്രാക്ടർ രജിസ്റ്റർ നമ്പർ കെ.എൽ.ജി..4939, 4940) നിർവ്വഹണോദ്യോഗസ്ഥൻ,

(കൃഷി ഓഫീസർ- ശ്രീ.എം.സേവ്യർ) സമിതി സെക്രട്ടറിക്ക് (ശ്രീ.വി.കെ.ജോണി) എഗ്രിമെന്റ് വെച്ച് നൽകി (പദ്ധതിപ്പണം ഉപയോഗിച്ച് വാങ്ങുന്ന വാഹനങ്ങളുടെ സൂക്ഷിപ്പുകാരനായ പഞ്ചായത്ത് സെക്രട്ടറിയാണ് ഇത് നൽകേണ്ടത്).

എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം പാടശേഖരസമിതി പ്രവർത്തന ലാഭത്തിൽ നിന്നും 1,83,285/-രൂപ പഞ്ചായത്തിൽ അടയ്ക്കാൻ വ്യവസ്ഥ ചെയ്തതിൽ 1,75,000/-രൂപ നാളിതുവരെ അടവാക്കിയിട്ടുണ്ട്. കരാറിൽ ട്രാക്റ്ററിന്റെയും, അനുബന്ധ ഉപകരണങ്ങളുടെയും റിപ്പയറുകൾ പാടശേഖര സമിതിയുടെ ബാദ്ധ്യതയായിരിക്കുമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ സമിതി പഞ്ചായത്തിനോട് റിപ്പയർ ചെലവ് അനുവദിച്ചുതരാൻ ആവശ്യപ്പെട്ടെങ്കിലും ആയതിന് വ്യവസ്ഥയില്ലെന്ന് പഞ്ചായത്ത് ഭരണസമിതി അറിയിച്ചു. ട്രാക്റ്റർ റിപ്പയർ ചെയ്യാനാവശ്യമായ തുക ലഭിക്കാത്തതിനാൽ പാടശേഖരസമിതി സ്വമേധയാ ട്രാക്റ്ററുകൾ ലേലം ചെയ്യുന്നതിന് തീരുമാനിച്ചു. പഞ്ചായത്തിന്റെ അനുമതിയില്ലാതെ സമിതി സർക്കാർ മെക്കാനിക്കൽ എഞ്ചിനീയറുടെ (വാല്യുവേഷൻ നമ്പർ ഡി.3/എസ്.ആർ/2006 പ്രകാരം കെ.എൽ.9.ജി-4939-ന് 42,000/-രൂപ കെ.എൽ.9-ജി-4940-ന് 50,000/-രൂപ) വാല്യൂവേഷൻ ലഭ്യമാക്കി. 22.06.08 ന് ലേലപരസ്യം (ചന്ദ്രിക ദിനപത്രം) നൽകി (പരസ്യം നൽകിയത് പാടശേഖര സമിതി സ്വമേധയാ ആണ്) പരസ്യം നൽകുവാനുള്ള അനുമതിക്കായി പഞ്ചായത്ത് ഭരണസമിതിക്ക് പാടശേഖരസമിതി 30.05.08-ൽ അപേക്ഷ നൽകിയെങ്കിലും ആയത് പഞ്ചായത്ത് ഭരണസമിതി ചർച്ചചെയ്യുകയും 5(3)/30.05.08 തീരുമാന പ്രകാരം അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന തീരുമാനമെടുക്കുകയും കൃഷി ഓഫീസറെ നിയമാനുസൃത നടപടി സ്വീകരിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്തു.

എന്നാൽ പാടശേഖരസമിതിയുടെ പരസ്യത്തിന്റെ അടിസ്ഥാനത്തിൽ 25 ടെൻഡർ ഫോറങ്ങൾ (25x150+വാറ്റ് ന്റെ വിശദ വിവരം ലഭ്യമല്ല) വിൽക്കുകയും 15 പേർ ടെൻഡറിൽ പങ്കെടുക്കുകയും ചെയ്തു. (15x5000 ഇ.എം.ഡി യുടെ വിശദ വിവരം ലഭ്യമല്ല) ഇ.എം.ഡി. തുക നാളിതുവരെ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. 05.07.08-ന് ഉച്ചയ്ക്ക് ലേലം നടന്നു. നിലവിലുള്ള കൃഷിഓഫീസറിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് 2,58,850/- രൂപയ്ക്ക് ലേലം ചെയ്തു എന്നറിയിച്ചുവെങ്കിലും ലേല നടപടികളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് താഴെ പറയുന്ന നിരീക്ഷണങ്ങൾ നടത്തുന്നു.

1. പദ്ധതി വിഹിതം ഉപയോഗിച്ച് 100 ശതമാനം സബ്സിഡി നൽകി വാങ്ങിയ ട്രാക്ടറുകൾ സമിതിക്ക് കൈമാറിയപ്പോൾ പഞ്ചായത്ത് വാഹനങ്ങളുടെ കസ്റ്റോഡിയൻ എന്ന നിലയിൽ സെക്രട്ടറിയുമായി എഗ്രിമെന്റ് വെക്കാതിരുന്നത് നിയമവിരുദ്ധമാണ്.
2. പാടശേഖര സമിതിക്ക് ഈ ഉപകരണങ്ങൾ പ്രവർത്തിപ്പിച്ച് കൊണ്ടുപോകാൻ പറ്റാത്ത സാഹചര്യത്തിൽ പഞ്ചായത്തിനെ ഏൽപ്പിക്കാതിരുന്നത് ക്രമപ്രകാരമല്ല.

3. പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയില്ലാതെ (പഞ്ചായത്ത് തീരുമാനം 5 (3)/30.05.08 പ്രകാരം അനുമതി നൽകിയില്ല) ഈ ഉപകരണങ്ങൾ ലേലം ചെയ്യുന്നതിന് മെക്കാനിക്കൽ എഞ്ചിനീയറുടെ അനുമതി തേടിയതും, ദർഘാസ് പരസ്യം, ടെൻഡർ എന്നിവ സ്വമേധയാ സമിതി നടത്തിയതും ക്രമപ്രകാരമല്ല. ആയതിന്മേൽ നിലവിലെ സൂക്ഷിപ്പുകാരൻ (കൃഷി ഓഫീസർ) യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ട്രാക്ടർ റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ ലേലം ചെയ്ത നടപടി ക്രമപ്രകാരമല്ല.

4. ഈ പദ്ധതിയുടെ മോണിറ്ററിംഗ് സമിതിയിൽ ഉൾപ്പെട്ട പഞ്ചായത്ത് ഭരണസമിതി അംഗം യാതൊരു നടപടിയും സ്വീകരിക്കാത്തത് ക്രമപ്രകാരമല്ല.

5. ടെൻഡർ നടപടിയിലൂടെ ലഭ്യമായ പണം പഞ്ചായത്ത് ഫണ്ടിലോ, നിർവ്വഹണോദ്യോഗസ്ഥന്റെ (കൃഷിഓഫീസർ) ഫണ്ടിലോ ഒടുക്കാത്തത് ക്രമപ്രകാരമല്ല.

6. ട്രാക്ടറുകൾ ലേലം ചെയ്യാൻ സർക്കാർ അനുമതി വേണമെന്നിരിക്കെ ആയത് ലഭ്യമാക്കിയിട്ടില്ല. (ജി.ഒ (പി )350/08/ധനകാര്യം/06.08.08 പ്രകാരം 50000/- രൂപ വരെയുള്ള (അസറ്റ് മൂല്യം ) വാഹനങ്ങൾ അനുമതിയില്ലാതെ പഞ്ചായത്ത് ഭരണ സമിതിക്ക് ലേലം ചെയ്യാൻ അധികാരം നൽകുന്നു) എന്നാൽ ലേല നടപടികൾ പാടശേഖര സമിതിയാണ് നിർവ്വഹിച്ചത്.

7. സർക്കാരിന്റേയോ, ഭരണസമിതിയുടെയോ അനുമതിയില്ലാതെ പാടശേഖര സമിതിയുടെ നേതൃത്വത്തിൽ വാല്യൂവേഷൻ വാങ്ങി, ടെൻഡർ നടപടി സ്വീകരിച്ച് ലേലം ചെയ്തത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്.

ടെൻഡർ ഫോമിന്റെ വിലയും ലേലതുകയും പലിശ സഹിതം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*ഗോപാലൻ (കൃഷിഓഫീസർ), പരവത്ത് കളം,*
*തേങ്കുറിശ്ശി, പാലക്കാട് ജില്ല -678671*

**<u>മലപ്പുറം ജില്ല</u>**

# 5.4.11. പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്

## 5.4.11.(1). സ്വകാര്യ സ്ഥാപനത്തിന് കമ്പ്യൂട്ടർ വാങ്ങി

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3 (10)</u>***

മേൽ പ്രോജക്ട് പ്രകാരം കൊണ്ടോട്ടിയിലെ കമ്പ്യൂട്ടർ വേൾഡ് എന്ന സ്ഥാപ നത്തിൽനിന്നും 3 കമ്പ്യൂട്ടറുകൾ വാങ്ങി തൃപ്പനച്ചി അൽഫാറൂഖ് അനാഥ അഗതി മന്ദിരത്തിന് നൽകിയിട്ടുണ്ട്. ഒരു സ്വകാര്യ സ്ഥാപനമായ മേൽ ഓർഫനേജിന് പഞ്ചായത്ത് ഫണ്ടിൽ നിന്ന് സാധനങ്ങൾ വാങ്ങി നൽകിയത് ക്രമപ്രകാരമല്ലെന്ന് രേഖാമൂലം അറിയിച്ചതിന് വിശദീകരണം ലഭ്യമാക്കിയില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ രൂപീകരിച്ചവ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങൾക്കും

ചാരിറ്റബിൾ സൊസൈറ്റികൾക്കും പദ്ധതി വിഹിതത്തിൽനിന്നും ധനസഹായം നൽകരുതെന്ന് പത്താം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ (31.03.04-ലെ ജി.ഒ (എം.എസ്) നമ്പർ 40/2004/പ്ലാനിംഗ്) വ്യക്തമാക്കിയതാണ്. പദ്ധതി മാർഗ്ഗരേഖയിൽ ഉത്തരവിലെ നിർദ്ദേശം ലംഘിച്ച് ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലോ നിയന്ത്രണത്തിലോ അല്ലാത്ത സ്വകാര്യ സ്ഥാപനത്തിന് കമ്പ്യൂട്ടർ വാങ്ങി നൽകിയ ചെലവ് 50,000-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക പഞ്ചായത്തിന്റെ പദ്ധതി ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. (നിർവ്വഹണ ഉദ്യോഗസ്ഥൻ: ഹെഡ്മാസ്റ്റർ, ജി.എം.എൽ.പി.എസ്., പൂക്കൊളത്തൂർ.)

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*

*ശ്രീ.എം.സുലൈമാൻ, ഹെഡ്മാസ്റ്റർ,*

*"മൈലാഞ്ചി", തച്ചുണ്ണി, കാരക്കുന്ന്.പി.ഒ, മഞ്ചേരി-676123.*

**<u>കണ്ണൂർ ജില്ല</u>**

## 5.4.12. തലശ്ശേരി നഗരസഭ

### 5.4.12.(1). വൈദ്യുതി ബോർഡ് നിറവേറ്റേണ്ട ചുമതലകൾക്ക് തനതുഫണ്ട് വിനിയോഗിച്ചത് ക്രമരഹിതം

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3(43)</u>***

വൈദ്യുതി വകുപ്പിന്റെ 23.03.97-ലെ ജി.ഒ.(എം.എസ്)13/97 പ്രകാരം കേടായ വൈദ്യുതി ഉപകരണങ്ങൾ മാറ്റിയിടുകയും തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യേണ്ടത് വൈദ്യുതി ബോർഡിന്റെ ചുമതല യാണ്. ഇക്കാര്യത്തിനുവേണ്ടി മുനിസിപ്പൽ ഫണ്ട് ചെലവഴിക്കുന്നത് സർക്കാർ ഉത്തരവിനു വിരുദ്ധമാകയാൽ താഴെപറയും പ്രകാരം തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്കും കേടായ വൈദ്യുതി ഉപകരണങ്ങൾ മാറ്റിയിടുന്നതിനും ചെലവഴിച്ച 4,15,260/-രൂപ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

| വൗച്ചർ നമ്പർ | തുക കൈപ്പറ്റിയ സ്ഥാപനം/ വ്യക്തി | ഫയൽ നമ്പർ | തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| 19/07.04.07 | ശ്യാം സുന്ദർ | ഇ4/15213/06 | 3100 |
| 80/17.04.07 | വി.സി.മനോഹരൻ | ,, | 8860 |
| 81/17.04.07 | എം.ചന്ദ്രൻ | ,, | 16550 |
| 82/17.04.07 | എം.സജീവൻ | ,, | 10050 |
| 83/17.04.07 | വി.പവിത്രൻ | ,, | 2910 |
| 84/17.04.07 | പി.സുധീഷ് | ,, | 12450 |
| 274/02.06.07 | കെ.ശ്യാംസുന്ദർ | ,, | 2940 |
| 275/02.06.07 | എം.ചന്ദ്രൻ | ,, | 12470 |
| 276/02.06.07 | വി.സി.മനോഹരൻ | ,, | 10280 |
| 339/27.06.07 | കെ.നിനൂപ് കുമാർ | ,, | 12460 |
| 470/04.08.07 | പി.ജബ്ബാർ | ,, | 33510 |

| (1) | (2) | (3) | (4) |
|---|---|---|---|
| 561/22.08.07 | സി.എം.ചന്ദ്രൻ | ,, | 20720 |
| 562/22.08.07 | വി.സി.മനോഹരൻ | ,, | 13900 |
| 805/16.10.07 | പി.ജബ്ബാർ | ,, | 31750 |
| 806/16.10.07 | വി.സി.മനോഹരൻ, തലശ്ശേരി | ,, | 13520 |
| 807/16.10.07 | സി.എം.ചന്ദ്രൻ | ,, | 9950 |
| 1155/21.01.08 | എം.ചന്ദ്രൻ, തലശ്ശേരി | ,, | 13930 |
| 1156/21.01.08 | വി.സി.മനോഹരൻ, തലശ്ശേരി | ,, | 34770 |
| 1157/21.01.08 | കെ.നിനൂപ് കുമാർ, തലശ്ശേരി | ,, | 13970 |
| 1252/14.02.08 | കെൻകോസ്, കതിരൂർ | ,, | 62700 |
| 1297/26.02.08 | കെ.നിനൂപ് കുമാർ, തലശ്ശേരി | ,, | 19210 |
| 1298/26.02.08 | പി.ജബ്ബാർ, തലശ്ശേരി | ,, | 32540 |
| 1299/26.02.08 | വി.സി.മനോഹരൻ, തലശ്ശേരി | ,, | 11590 |
| 1300/26.02.08 | എം.ചന്ദ്രൻ, തലശ്ശേരി | ,, | 7680 |
| 1301/26.02.08 | കെ.ശ്യാംസുന്ദർ, തലശ്ശേരി | ,, | 3450 |
| ആകെ | | | 415260 |

*<u>ഉത്തരവാദികളായ ഉദ്യോഗസ്ഥർ:</u>*

*1. ശ്രീ.ജോണി സെബാസ്റ്റ്യൻ, സെക്രട്ടറി, "പൈനാപ്പിള്ളിൽ ഹൗസ്", എടൂർ.പി.ഒ, പായം, കണ്ണൂർ.* — *RS.2,15,420/-*

*2. ശ്രീ.ആർ.ലാലു, സെക്രട്ടറി, ", "ലീലാ സദനം, പുത്തൻകുളം, കൊല്ലം* — *Rs.1,99,840/-*

## 5.5. പാഴ്ചെലവ്/ധനദുർവിനിയോഗം

ചെലവുകളിൽ മിതവ്യയവും കാര്യശേഷിയും ഉറപ്പുവരുത്തണമെന്ന് സർക്കാർ വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ മിക്ക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഈ നിർദ്ദേശങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരാത്തതു കാരണം പാഴ്ചെലവുകൾ പദ്ധതികളിൽ കടന്നുകൂടുന്നു. വിഭവങ്ങളുടെ മൂല്യത്തെ യും ദൗർലഭ്യത്തെയും കുറിച്ചുള്ള ധാരണയോടെയാകണം പദ്ധതിപ്പണം ചെലവു ചെയ്യുന്നതിന് തീരുമാനം എടുക്കേണ്ടത്.

പ്രായോഗിക ബുദ്ധിയില്ലാതെ പദ്ധതിപ്പണം വിനിയോഗിച്ച് അത് പാഴാക്കുന്ന പ്രവണതയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോഴുമുണ്ട്. വികലാംഗ രുടെ ആവശ്യങ്ങൾ മനസ്സിലാക്കാതെ അവർക്കായി പദ്ധതി തയ്യാറാക്കി ഉപയോഗ മില്ലാത്ത ഉപകരണങ്ങൾ വാങ്ങി സൂക്ഷിക്കുന്നത് ഇതിന് ഉദാഹരണംമാണ്. ഉദ്ഘാടനത്തിനും പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി പണംചെലവഴിച്ച് പിന്നീട് ഉപേക്ഷിക്കാനിടയായ നീർത്തട പദ്ധതി, ദീർഘവീക്ഷണമില്ലാതെയും പ്രായോഗി കത കണക്കിലെടുക്കാതെയും പദ്ധതി ആവിഷ്കരിച്ചതിന്റെ ഫലമാണ്. പേപ്പറിൽ മാത്രം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി പദ്ധതിപ്പണം ദുർവ്യയം ചെയ്യുന്ന സംഭവങ്ങളും ധാരാളം. കരാറുകാരൻ നേരിട്ട് ടാർ വാങ്ങി പൊതുമേഖലയിലുള്ള

എണ്ണക്കമ്പനിയുടെ വ്യാജബില്‍ ചമച്ച് ഹാജരാക്കിയതിന്റെ പേരില്‍ ടാറിന്റെ അധികവില അനുവദിച്ചു കൊടുക്കല്‍, തദ്ദേശ സ്വയംഭരണ സ്ഥാപനാധികാരികള്‍ പഞ്ചായത്ത് കമ്മിറ്റി ചര്‍ച്ച ചെയ്യാത്തതും അംഗീകരിക്കാത്തതുമായ തീരുമാനങ്ങളുടെമേല്‍ തുക പിന്‍വലിക്കല്‍, ആക്ടിലെ വ്യവസ്ഥകള്‍ ദുരുപയോഗം ചെയ്യല്‍, പ്രവൃത്തികള്‍ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുക, സാങ്കേതികാനുമതി നേടുക തുടങ്ങിയ നിയമപരമായ നടപടിക്രമങ്ങളുടെ ഒഴിവാക്കല്‍, ചെലവിന് സുതാര്യതയും വിശ്വാസ്യതയും നല്‍കേണ്ട രേഖകള്‍ സൂക്ഷിക്കാതിരിക്കല്‍, ആവശ്യം രേഖപ്പെടുത്താതെയും പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്താതെയുള്ള ദീര്‍ഘദൂര യാത്രകളുടെ പേരില്‍ പണം എഴുതിയെടുക്കല്‍, ചെലവിന് അനുവദനീയമായ സാമ്പത്തിക പരിധി പാലിക്കാതെ നിബന്ധനകള്‍ ലംഘിച്ച് കണ്ടിജന്റ് ചെലവുകള്‍ക്കായി പണം വിനിയോഗിക്കല്‍, ക്വട്ടേഷന്‍ വിളിക്കാതെയും കമ്മിറ്റി തീരുമാനം ഇല്ലാതെയും വന്‍തുക ചെലവഴിച്ച് സാധനസാമഗ്രികള്‍ വാങ്ങല്‍ തുടങ്ങി അനവധി ക്രമവിരുദ്ധ നടപടികളും കണ്ടെത്തിയിട്ടുണ്ട്.

ഏതാനും ഉദാഹരണങ്ങള്‍ ചുവടെ കൊടുക്കുന്നു.

<u>**കൊല്ലം ജില്ല**</u>

## 5.5.1. ഏരൂര്‍ ഗ്രാമപഞ്ചായത്ത്

### 5.5.1.(1). വരവിനങ്ങളില്‍ നിന്ന് 1.18 ലക്ഷത്തിന്റെ പണാപഹരണം; പെന്‍ഷന്‍ വിതരണത്തിലും ക്രമക്കേട്

<u>***സ്പെഷ്യല്‍ റിപ്പോര്‍ട്ട് (2008-09)***</u>

***(Special letter No.LF 19351/PT.1/11 Dated: 27.10.2011 to LSGD Secretary & Panchayat Director)***

| | |
|---|---|
| ✦ | *ക്യാന്‍സല്‍ ചെയ്ത രസീതുകളുടെ പകര്‍പ്പുകള്‍ ക്രമക്കേടിനുപയോഗിച്ചു.* |
| ✦ | *കാര്‍ബണ്‍ വെയ്ക്കാതെ എഴുതിയ ചെറിയ തുകയ്ക്കുള്ള രസീതുകളുടെ പകര്‍പ്പുകള്‍ ഉപയോഗിച്ചും പണാപഹരണം.* |
| ✦ | *ക്രമക്കേട് നടത്താന്‍ രസീതുകളുടെ നമ്പരും തിരുത്തി.* |

ഏരൂര്‍ ഗ്രാമപഞ്ചായത്തിലെ 2008-09 വര്‍ഷത്തെ ഓഡിറ്റിനോടനു ബന്ധിച്ച് 12.08.2011 വരെയുള്ള രസീതുകളും 2008-09 മുതലുള്ള ഡി.സി.ബി. ഇനങ്ങളുടെ ഒടുക്ക് സംബന്ധിച്ച രസീതുകളും പരിശോധിക്കുകയുണ്ടായി. പ്രസ്തുത പരിശോധനയില്‍ വ്യാപകമായ ക്രമക്കേടുകളും പണാപഹരണവും കണ്ടെത്തി.

കെട്ടിട നികുതി ഒടുക്കിയ കുറഞ്ഞ തുകയ്ക്കുള്ള രസീതുകളുടെ കാര്‍ബണ്‍ ഉപയോഗിക്കാതെയുള്ള പകര്‍പ്പുകള്‍ ഉപയോഗിച്ച് കൂടിയ തുകയ്ക്കുള്ള തൊഴില്‍ നികുതി കൃത്രിമമായി കാര്‍ബണ്‍ ഉപയോഗിച്ച് എഴുതി സ്ഥാപനങ്ങള്‍ക്ക് നല്‍കുക, ക്യാന്‍സല്‍ ചെയ്ത വിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്ത രസീതുകളില്‍ രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളില്‍നിന്നുള്ള നികുതികള്‍ മേല്‍പ്പറഞ്ഞ പകര്‍പ്പുകള്‍ നല്‍കി തുക ഈടാക്കിയിട്ട് പഞ്ചായത്ത് ഫണ്ടില്‍ ഒടുക്കാതിരിക്കുക, തുകയില്‍ തിരുത്തല്‍ വരുത്തുക, തീയതിയില്‍ മാത്രം വ്യത്യാസം വരുത്തുക, ഒരാളില്‍ നിന്നുതന്നെ രണ്ട് തവണ കെട്ടിടനികുതി ഈടാക്കുകയും ഈടാക്കിയ തുക

മുഴുവൻ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്ക് വരുത്താതിരിക്കുകയും ചെയ്യുക, ഒരേ രസീതിൽ കാർബൺ വച്ചും വയ്ക്കാതെയും രേഖപ്പെടുത്തലുകൾ വരുത്തുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയാണ് പണാപഹരണം നടത്തിയിട്ടുള്ളത്. പ്രസ്തുത കാലയളവിൽ വിതരണംചെയ്ത പരമാവധി രസീതുകളുടെ പകർപ്പുകൾ പരിശോധ നയ്ക്ക് വിധേയമാക്കുകയും പരമാവധി സ്ഥാപനങ്ങളിൽ നേരിട്ട് പരിശോധന നടത്തി തെളിവുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

രസീതുകൾ double sided carbon ഉപയോഗിച്ച് എഴുതുന്നതിൽ അതിവിദഗ്ദ്ധമായി ക്രമക്കേടുകൾ നടത്തിയിരുന്നതായും, രസീതിന്റെ അസ്സലിൽ ചെറിയ തുക എഴുതി ഒടുക്ക് വരുത്തിയശേഷം ആയതിന്റെ പകർപ്പ് ഉപയോഗിച്ച് വലിയ തുകകൾ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്താതെ അപഹരണം നടത്തിയിരുന്നതായും കണ്ടെത്തി. അങ്ങനെ പഞ്ചായത്തിന് വരുമാന നഷ്ടം വരുത്തിയ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | രസീത് നമ്പർ | രസീതിന്റെ അസ്സൽ | | | രസീതിന്റെ പകർപ്പ് | | |
|---|---|---|---|---|---|---|---|
| | | നൽകിയത് | ഇനം | തുക (രൂപ) | നൽകിയത് | ഇനം | തുക (രൂപ) |
| 1 | 60/ 35875 | അലി, തെക്കുംകര പുത്തൻവീട് | കെട്ടിട നികുതി | 18 | യു.പി.എസ്. അയിലം | 2010-11 2-ാം അർദ്ധവർഷ തൊഴിൽ നികുതി | 14850 |
| 2 | 59/ 35875 | പ്രസന്നകുമാരി, പ്രസന്നവിലാസം | കെട്ടിട നികുതി | 36 | വി.എച്ച്.എസ്. എസ്. വിളക്കുപാറ | 2010-11 2-ാം അർദ്ധവർഷ തൊഴിൽ നികുതി | 16600 |
| 3 | 79/ 35875 | (ക്യാൻസൽ ചെയ്തിരിക്കുന്നു) ഗവ.എൽ.പി. എസ്.ഏരൂർ | 2-ാം അർദ്ധ വർഷ തൊഴിൽ നികുതി | 9550 | ഗവ.എൽ.പി. എസ്.ഏരൂർ | 2010-11 2-ാം അർദ്ധവർഷ തൊഴിൽ നികുതി | 9550 |
| 4 | 59/ 35884 | ശ്രീ.ഡാനിയേൽ, നിഷാഭവനം | കെട്ടിട നികുതി | 11 | ഗവ.എച്ച് എസ്.ഏരൂർ | 2010-11 2-ാം അർദ്ധവർഷ നികുതി | 28200 |
| 5 | 87/ 35842 | ശ്രീ.ജോയി, പട്ടത്താനത്ത് | കെട്ടിട നികുതി | 160 | മാതാ എച്ച്. എസ്, വിളക്കുപാറ | 2010-11-ലെ 1-ാം അർദ്ധ വർഷ തൊഴിൽ നികുതി | 25200 |
| 6 | 88/ 35843 | ശ്രീമതി.രാധാമണി, പത്മ വിലാസം, ഏരൂർ | ഐ.എ.വൈ. പെർമിറ്റ് ഫീ | 31 | പി.എച്ച്.സി. ഏരൂർ | 2010-11-ലെ 1-ാം അർദ്ധ വർഷ തൊഴിൽ നികുതി | 14550 |
| 7 | 14/ 35858 | ശ്രീമതി.വിജയമ്മ പന്തടിമുകൾ | 2010-11 കെട്ടിട നികുതി | 21 | ശ്രീ.രവീന്ദ്രൻ പിള്ള, പച്ച യിൽ വീട്, അയിലറ | 2010-11 കെട്ടിട നികുതി | 8166 |
| 8 | 53/ 35849 | ശ്രീമതി.ഓമന യമ്മ, ശ്രീകൃഷ്ണ വിലാസം(ക്യാൻസൽ ചെയ്തിരി ക്കുന്നു) | റെഗുലറൈ സേഷൻ ഫീ | 605 | ശ്രീമതി.ഓമന യമ്മ, ശ്രീകൃഷ്ണ വിലാസം | റെഗുലറൈ സേഷൻ ഫീ | 605 |
| **പഞ്ചായത്തിന് ആകെ നഷ്ടം** | | | | | | | **117721** |

രസീതിൽ തുക വെട്ടി എഴുതി പണാപഹരണം നടത്തിയ സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

| രസീത് നമ്പർ | വിവരണം | തുക (രൂപ) |
|---|---|---|
| 92/35820 | പച്ചയിൽ ഓഡിറ്റോറിയത്തിന്റെ 2009-10-ലെ വസ്തു നികുതി | 8165 |

ഈ രസീത് തിരുത്തി തുക 1,021/-രൂപ എന്ന് ആക്കുകയും ആ തുക മാത്രം അടവ് വരുത്തുകയും ചെയ്തിട്ടുണ്ട്.

ഒരേ വ്യക്തിയിൽ നിന്നും 2 രസീത് പ്രകാരം കെട്ടിട നികുതി ഈടാക്കുകയും അതിൽ ഒരു രസീത് പ്രകാരമുള്ളത് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി രണ്ടാമത്തെ രസീതിന്റെ പകർപ്പ് അനധികൃതമായി പിരിവിനായി ഉപയോഗിച്ചിരിക്കാൻ സാധ്യതയുണ്ട്. അതുപോലെ 20.09.2010-ലെ 40/35845-ാം രസീതിന്റെ അസ്സൽ പ്രകാരം ശ്രീ.ഉദയൻ, വിളയിൽ വീട് എന്ന വ്യക്തിക്ക് 2007-08, 2008-09, 2009-10, 2010-11 എന്നീ വർഷങ്ങളിലെ കെട്ടിടനികുതി ഇനത്തിൽ 916/-രൂപ ഈടാക്കിയതാണ്. എന്നാൽ ശ്രീ.ഉദയന് 2006-07 മുതൽ 2010-11 വരെയുള്ള വർഷങ്ങളിലെ കെട്ടിട നികുതിയായ 1,121/-രൂപ ഈടാക്കിയതിനാണ് പ്രസ്തുത രസീതിന്റെ പകർപ്പ് നൽകിയിട്ടുള്ളത്. Double sided carbon ഉപയോഗിച്ചെഴുതിയ രസീതിന്റെ അസ്സലിൽ അക്കത്തിലും അക്ഷരത്തിലും തുകയിൽ തിരുത്തൽ വരുത്തിയിട്ടുമുണ്ട്. ഇവിടെ പഞ്ചായത്ത് ഫണ്ടിന് 205/-രൂപയുടെ നഷ്ടം ഉണ്ടായിരിക്കുന്നു.

രസീതുകളിലെ ബുക്ക് നമ്പരും ലീഫ് നമ്പരും തിരുത്തിയും തീയതിയിൽ കൃത്രിമം കാണിച്ചും പണാപഹരണം നടത്തിയിട്ടുണ്ട്. ചെറിയ തുകയ്ക്കുള്ള രസീതുകൾ സ്വയം എഴുതി ആയതിന്റെ പകർപ്പുകൾ കൂടുതൽ തുക പിരിച്ചെടുക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ട്.

ഒരാളിൽ നിന്നുതന്നെ രണ്ട് തവണ കെട്ടിട നികുതി ഈടാക്കുകയും ഈടാക്കിയ തുക മുഴുവൻ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്ക് വരുത്താതിരിക്കുകയും ചെയ്തതുവഴി പഞ്ചായത്തിനു മാത്രമല്ല നികുതിദായകർക്കും നഷ്ടമുണ്ടാക്കി. ഉദാ: 24.01.2011-ലെ 81/35862-ാം നമ്പർ രസീതിന്റെ പകർപ്പ് പ്രകാരം ശ്രീ.റഹിം, മുംതാസ് മഹൽ എന്ന വ്യക്തിയിൽ നിന്ന് 2008-09, 2009-10, 2010-11 എന്നീ വർഷങ്ങളിലെ കെട്ടിടനികുതി പീനൽ ഇന്ററസ്റ്റ് ഉൾപ്പെടെ 463/-രൂപ ഈടാക്കിയിരിക്കുന്നു. അതേ സമയം ടി രസീതിന്റെ അസ്സൽ പരിശോധിച്ചതിൽ തന്നാണ്ടിലെ കെട്ടിടനികുതി 137/-രൂപ വെട്ടി, ആകെ തുക 326/-രൂപ എന്ന് ആക്കുകയും അത്രയും മാത്രം തനതു ഫണ്ടിലടയ്ക്കുകയുമാണ് ആണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് ഫണ്ടിന് 137/-രൂപ നഷ്ടം സംഭവിച്ചു.

ഇതുകൂടാതെ രസീത് വഴി പിരിച്ചെടുത്ത തുക മൊത്തമായി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാതിരുന്നതുമൂലവും പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. രസീത് പ്രകാരം പിരിച്ച 1457/-രൂപയിൽ 1177/-രൂപ മാത്രം ഒടുക്കി 280/-രൂപ നഷ്ടമുണ്ടാക്കിയിട്ടുണ്ട്.

അസ്സലിൽ മാത്രം ക്യാൻസൽ ചെയ്തു എന്നു രേഖപ്പെടുത്തിയ 14.02.2011-ലെ 19/35873-ാം നമ്പർ രസീതിന്റെ പകർപ്പ് ഓയിൽ പാം ഇന്ത്യയിലെ ജീവനക്കാരുടെ 2010-11 വർഷത്തെ തൊഴിൽ നികുതിയും ഇൻസ്റ്റിറ്റ്യൂഷൻ ചാർജ്ജും

ആയ 80,200/-രൂപ ഈടാക്കിയ വകയിൽ നൽകിയതായി കാണുകയുണ്ടായി. എന്നാൽ ടി രസീത് പ്രകാരമുള്ള തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തിയി ട്ടുള്ളതായി കാണുന്നില്ല. അതേസമയം തന്നെ 14.02.2011-ലെ 21/35873-ാം നമ്പർ രസീതിന്റെ അസ്സൽ പരിശോധിച്ചതിൽ ഓയിൽപാം ഇന്ത്യ ലിമിറ്റഡിന്റെ 2010-11 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി ഈടാക്കിയിരിക്കു ന്നതായി കാണുകയുണ്ടായി. ഈ ചെക്ക് ക്യാഷ്ബുക്കിൽ വരവായി രേഖപ്പെടു ത്തിയിട്ടില്ല.

എത്ര രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി എന്ന് നിജപ്പെടുത്തുക അപ്രായോഗികമായിരുന്നു. സമഗ്രമായ അന്വേഷണത്തിലൂടെ മാത്രമെ കൃത്യമായ നഷ്ടം കണ്ടെത്താനാകുകയുള്ളൂ. ഏരൂർ ഗ്രാമപഞ്ചായത്തിൽനിന്നും പ്രസ്തുത കാലയളവിൽ വിതരണം ചെയ്തിട്ടുള്ള രസീതുകളുടെ പകർപ്പുകൾ മുഴുവനും ലഭിച്ചാൽ മാത്രമെ ടി രസീതുകൾ വഴി നടത്തിയ ക്രമക്കേടുകളുടെ വ്യാപ്തി തിട്ടപ്പെടുത്താനാകുകയുള്ളൂ.

രസീതുകളിൽ വ്യാപകമായ തിരുത്തലുകൾ വരുത്തിയിട്ടുള്ളതായി കണ്ടെ ത്തിയിട്ടുള്ള 35858, 35866, 35869, 35884 എന്നീ രസീത് ബുക്കുകൾ ശ്രീമതി. വിജയമ്മ, എൽ.ഡി.സി.യ്ക്ക് ഔട്ട് ഡോർ കളക്ഷനുവേണ്ടി നൽകിയിരുന്നതാണ്. ശ്രീമതി.വിജയമ്മയ്ക്ക് നൽകിയ രസീത് ബുക്കുകൾക്ക് സമാന്തരമായി അവർ മറ്റൊരു രസീത് ബുക്ക് ഉപയോഗിച്ചിരുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ശ്രീമതി.വിജയമ്മയുടെ സേവന പുസ്തക പ്രകാരം അവർ മന:പൂർവ്വം നികുതി പിരിവിൽ തിരിമറിനടത്തി 14860/-രൂപ അപഹരിച്ചതായി ബോദ്ധ്യപ്പെട്ട് രണ്ട് വാർഷിക ശമ്പള വർദ്ധന സഞ്ചിത ഫലത്തോടെ തടഞ്ഞിട്ടുള്ളതാണ്. ഇത്തരത്തിലൊരാൾക്ക് രസീത് ബുക്കുകൾ പിരിവിനായി നൽകിയപ്പോൾ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഈ രസീതു ബുക്കുകൾ, വരവിന്റെ കൃത്യത എന്നിവ സൂക്ഷ്മമായി പരിശോധിക്കേണ്ടതായിരുന്നു.

12.06.2003-ലെ ജി.ഒ.(പി)319/ഫിൻ/2003-ാം നമ്പർ ഉത്തരവു പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരണമായി ക്യാഷ്ബുക്ക് കൃത്യമായി എഴുതി സൂക്ഷി ക്കേണ്ടതും പഞ്ചായത്തിന്റെ ഏതൊരു വരവും ചെലവും അവ നടക്കുമ്പോൾ തന്നെ ഒറ്റ ക്യാഷ്ബുക്കിൽ എഴുതേണ്ടതും ആയത് ഓരോ മാസാന്ത്യത്തിലും ബാങ്ക് റിക്കൺസിലിയേഷൻ നടത്തേണ്ടതും 01.08.09-ലെ ജി.ഒ.(എം.എസ്) 150/09/എൽ. എസ്.ജി.ഡി. ഉത്തരവുപ്രകാരം അക്കൗണ്ടന്റിന്റെ ഉത്തരവാദിത്തമാണ്. ഒരു ഗ്രാമ പഞ്ചായത്തിന്റെ കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടോ ധനദുർ വിനിയോഗം, ക്രമരാഹിത്യം എന്നിവ ഒഴിവാക്കാനായി ഇടയ്ക്കിടെ അക്കൗണ്ടുകൾ പരിശോധിക്കുക, ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ സൂക്ഷ്മപരിശോധന പീരിയോഡിക്കലായി നടത്തുക തുടങ്ങി അക്കൗണ്ടന്റിന്റെ ചുമതലകൾ കൃത്യമായി നിർവ്വഹിച്ചിരുന്നുവെങ്കിൽ ക്രമക്കേടുകളും പണാപഹരണ വും ഒഴിവാക്കാമായിരുന്നു. മേൽനോട്ടത്തിൽ സെക്രട്ടറിയും കുറ്റകരമായ അനാസ്ഥ കാണിച്ചു.

വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രം 1,18,373/-രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ടെങ്കിലും ആയത് കേവലം സൂചനമാത്രമാണ്. പ്രസ്തുത കാലയളവിൽ പഞ്ചായത്തിനുണ്ടായ മുഴുവൻ നഷ്ടവും കണക്കാക്കുന്നതിനും ഇതു

സംബന്ധിച്ച് കൂടുതൽ അന്വേഷിക്കുന്നതിനും സമഗ്രമായ ഒരു വിജിലൻസ് അന്വേഷണം ശുപാർശ ചെയ്യുന്നു.

*ക്ഷേമ പെൻഷൻ - വേതന വിതരണം എന്നിവയിൽ നടന്ന ക്രമക്കേടുകൾ:*

ഏരൂർ ഗ്രാമപഞ്ചായത്ത് 2008-09 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ടു നടത്തിയ പരിശോധനയിൽ ക്ഷേമപെൻഷനുകൾ, തൊഴിൽ രഹിത വേതനം എന്നിവയുടെ വിതരണത്തിലും, ആയതിന്റെ അടിസ്ഥാന രേഖകൾ പരിപാലിക്കുന്നതിലും ഗുരുതരമായ ക്രമക്കേടുകളാണ് കണ്ടെത്തിയത്. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പോ, രേഖകളോ ഇല്ലാതെ അനർഹരായ ഒട്ടേറെപ്പേർക്ക് ക്ഷേമപെൻഷനുകൾ നൽകിയിട്ടുണ്ട്.

*വിധവാ പെൻഷൻ:*

ഗുണഭോക്തൃ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതിലും കൂടുതൽ ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുക, പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സിലോ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സിലോ രേഖപ്പെടുത്തിയിട്ടില്ലാതെ അംഗീകരിക്കപ്പെട്ടവരെന്നു കാണിച്ച് അനവധിപേരെ രജിസ്റ്ററിൽ എഴുതിചേർത്ത് പെൻഷൻ നൽകുക തുടങ്ങി നിരവധി ക്രമക്കേടുകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഉദാ:

| ക്രമ നം. | പെൻഷൻ | | വിവരണം | രജിസ്റ്റർ പ്രകാരം ഗുണഭോക്താക്കളുടെ എണ്ണം | പെൻഷൻ കൊടുത്തവരുടെ എണ്ണം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| | ഗഡു | തുക (രൂപ) | | | | |
| 1 | I | 389 | പെൻഷൻ | 303 | 309 | 389x6 = 2334 |
| 2 | I | 10 | 4/06-ലെ കുടിശ്ശിക | 648 | 648 | 648x10 = 6480 |
| 3 | II | 882 | പെൻഷൻ | 303 | 309 | 882x6 = 5292 |
| 4 | II | 240 | അധികമായി അനുവദിച്ച 4/07-6/07-ലെ കുടിശ്ശിക | 259 | 259 | 259x240 = 62160 |
| 5 | III | 840 | പെൻഷൻ | 303 | 309 | 840 x 6 = 5040 |
| | | | | ആകെ | | 81306 |

*വർദ്ധക്യകാല പെൻഷൻ:*

ഗുണഭോക്തൃ രജിസ്റ്ററിൽ യാതൊരു ക്രമവുമില്ലാതെ ഗുണഭോക്താക്കളെ ചേർത്ത് കാണുകയും 'മരണപ്പെട്ടു' എന്ന റിപ്പോർട്ടോടുകൂടി പെൻഷൻ തുക മടങ്ങിവന്ന ഗുണഭോക്താക്കളുടെ പെൻഷൻ നമ്പരിൽ പുതുതായി ആളുകളെ തിരുകിക്കയറ്റി പെൻഷൻ നൽകിവരുന്നതായും കാണുന്നു. ഗുണഭോക്തൃ രജിസ്റ്ററിൽ പേരില്ലാത്ത ഗുണഭോക്താക്കൾക്ക് രജിസ്റ്ററിൽ ഇല്ലാത്ത പെൻഷൻ നമ്പരിൽ പെൻഷൻ അയച്ചിട്ടുള്ളതായും കാണുന്നു.

മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ നമ്പരിൽ പകരക്കാരെ തിരുകി കയറ്റിയതിന്റെ ചില ഉദാഹരണങ്ങൾ;

| ക്രമ നം. | ആദ്യമുണ്ടായിരുന്ന ഗുണഭോക്താവ് | പെൻഷൻ നമ്പർ | മരണപ്പെട്ടതിന്റെ/ പെൻഷൻ മടങ്ങി വന്നതിന്റെ വിവരം | തുടർന്ന് ഇതേ നമ്പരിൽ 08-09-ൽ രണ്ട്/മൂന്ന് ഗഡുക്കൾ നൽകിയിരിക്കുന്നത് |
|---|---|---|---|---|
| 1 | ശ്രീ.എം.മുഹമ്മദ് കണ്ണ്, മരുതിവിളവീട്, പത്തടി. | 34/97 | 7/07-11/07 കാലയളവിലെ പെൻഷൻ മടങ്ങിവന്നു. | മറിയാമ്മ കുര്യൻ, കൊച്ചുപ്ലാമ്പറമ്പിൽ, പുഞ്ചിരിമുക്ക്, ഏരൂർ. |
| 2 | ശ്രീമതി.മറിയംബീവി, കാഞ്ഞിരംമൂട്ടിൽ വീട്, കരിമ്പിൻകോണം, ഏരൂർ. | 18/92 | 8/06-10/06 കാലയളവിലെ പെൻഷൻ മടങ്ങിവന്നു. | ശ്രീ.വാസുദേവൻ, ശ്രീരാമചന്ദ്രവിലാസം, നെട്ടയം, ആർച്ചൽ |
| 3 | ശ്രീമതി.ലക്ഷ്മി, വേങ്ങവിളവീട്, ആർച്ചൽ, നെടിയറ. | 175/97 | 10/06-1/07 കാലയളവിലെ പെൻഷൻ മടങ്ങിവന്നു. | ശ്രീമതി.ഹസ്സൻബീവി, ചരുവിളവീട്, ഏരൂർ.പി.ഒ. |

<u>*കർഷകതൊഴിലാളി പെൻഷൻ:*</u>

ഗുണഭോക്തൃ രജിസ്റ്ററിലുള്ളതിലും കൂടുതൽ (20) പേർക്ക് പെൻഷൻ അയയ്ക്കുക, അനധികൃതമായി ആൾക്കാരെ (17) ഗുണഭോക്തൃ രജിസ്റ്ററിൽ ഉൾപ്പെടുത്തി പെൻഷൻ നൽകുക തുടങ്ങിയ അപാകതകൾ കാരണം 46620/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിച്ചിട്ടുണ്ട്.

| പെൻഷൻ | | വിവരണം | രജിസ്റ്റർ പ്രകാരം ഗുണഭോക്താക്കളുടെ എണ്ണം | പെൻഷൻ കൊടുത്തവരുടെ എണ്ണം | അധികം നൽകിയ തുക |
|---|---|---|---|---|---|
| ഗഡു | തുക (രൂപ) | | | | |
| I | 1260 | പെൻഷൻ | 241 | 278 | 37x1260 =46620 |
| II | 1260 | പെൻഷൻ | 499 | 543 | 44x1260 = 55440 |

കൂടാതെ കർഷകത്തൊഴിലാളി പെൻഷനിലും മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ നമ്പരിൽ പുതുതായി ആളുകളെ തിരുകി കയറ്റി പെൻഷൻ നൽകി വരുന്നതായി കണ്ടു. ചില ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്തൃ രജിസ്റ്ററിൽ ഉണ്ടായിരുന്ന യഥാർത്ഥ പെൻഷൻ | പെൻഷൻ നമ്പർ | മരണപ്പെട്ടതിനാൽ തിരികെവന്ന പെൻഷൻ (കാലയളവ്) | 08-09-ൽ ടി ആളിന്റെ സ്ഥാനത്ത് തിരുകിക്കയറ്റിയത് |
|---|---|---|---|---|
| 1 | ശ്രീമതി.ഭവാനി, രവിവിലാസം, പാണയം | 5/98 | 2/08-3/08 | ശ്രീ.അബ്ദുൾഖാദർ, പുളിമൂട്ടിൽവീട്, ഏരൂർ.പി.ഒ. |
| 2 | ശ്രീ.ശ്രീധരൻ, ലേഖാവിലാസം, ആലഞ്ചേരി, ഏരൂർ. | 16/98 | 8/07-11/07 | ശ്രീ.എസ്.ബാലകൃഷ്ണപിള്ള, ജി.എസ്.വില്ല, നടുക്കുന്നിൻപുറം, ഏരൂർ |
| 3 | ശ്രീ.ഡാനിയേൽ, വേങ്ങവിളവീട്, കിണറ്റുമുക്ക്, മണലിൽ. | 39/98 | 8/07-11/07 | ശ്രീമതി.സരസ്വതി, സാഹിതീസദനം, മണലിൽ.പി.ഒ, |
| 4 | ശ്രീ.കുട്ടൻ, ചെച്ചുവിളവീട്, ഏരൂർ | 43/98 | 12/07 | ശ്രീ.രാജൻ, പുത്തുതടത്തിൽ മേലതിൽ, മണലിൽ.പി.ഒ. |
| 5 | ശ്രീമതി.കുറുമ്പ, ഷീജാവിലാസം, മണലിപച്ച, മണലിൽ | 77/98 | 9/05-11/05 | ശ്രീ.തങ്കപ്പൻപിള്ള, കുഴിവേലിൽ പുത്തൻവീട്, മണലിൽ.പി.ഒ. |

*വികലാംഗ പെൻഷൻ:*

അംഗീകരിക്കപ്പെടാത്ത ആളുകളെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തി പെൻഷൻ വിതരണം ചെയ്യുക, പുതുതായി ചേർക്കപ്പെട്ടവർക്ക് മുൻമാസങ്ങളിലെ കുടിശ്ശിക നൽകുക എന്നീ അപാകതകൾ കണ്ടെത്തി.

| പെൻഷൻ | | വിവരണം | രജിസ്റ്റർ പ്രകാരം ഗുണഭോക്താക്കളുടെ എണ്ണം | പെൻഷൻ കൊടുത്തവരുടെ എണ്ണം | അധികം നൽകിയ തുക |
|---|---|---|---|---|---|
| ഗഡു | തുക (രൂപ) | | | | |
| I | 120 | 4/08- 06/08 കുടിശ്ശിക (പുതുതായി ചേർത്തവർക്ക് | 295 | 364 | 69x120=8280 |
| II | 840 | പെൻഷൻ | 364 | 365 | 1x840=840 |

*തൊഴിൽരഹിത വേതനം:*

2008-09 വർഷത്തിൽ 4 തവണകളായി വേതന വിതരണത്തിനായി (2,65,680 +3,02,040 + 3,02,040 + 4,02,720) 12,72,480/-രൂപയാണ് പിൻവലിച്ചത്. വിതരണം നടത്തിയതായി ഓഡിറ്റിൽ കണ്ടെത്തിയത് 9,82,200/-രൂപ (2,28,600 + 2,27,640 + 2,26,920 + 2,99,040) മാത്രമാണ്. അവശേഷിച്ച തുകയിൽ 26,960/-രൂപ തിരിച്ചടവിൽ കുറവുവന്നിട്ടുണ്ട്. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

പ്രായപരിധി കഴിഞ്ഞവർക്ക് തൊഴിൽരഹിത വേതനം നൽകുക, ഒന്നിൽ കൂടുതൽ തവണ ഒരേ കാലയളവിലെ വേതനം നൽകുക തുടങ്ങിയ അപാകതകളിലൂടെ 480/-രൂപ അധികം നൽകിയതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ആകെ 2,19,926/-രൂപ 2008-09 വർഷത്തിൽ മാത്രം ഓഡിറ്റിൽ നിരാകരിച്ചിട്ടുണ്ട്. 1998-ലെ തൊഴിൽ രഹിതവേതന ചട്ടങ്ങളിലെ (ജി.ഒ.(പി)23/98 തീയതി: 28.05.98) നിബന്ധന 12 പ്രകാരം നിഷ്കർഷിക്കുന്ന വേതനം ലഭിച്ച/അനുവദിച്ച/നിരസിച്ച അപേക്ഷകരുടെ വിവരം കാണിക്കുന്ന രജിസ്റ്റർ ഏരൂർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. വേതനം അനുവദിക്കപ്പെട്ടവരുടെ മാത്രം വിവരങ്ങൾ ഉൾക്കൊള്ളിച്ച 'അകിറ്റൻസ് രജിസ്റ്റർ' മാത്രമാണ് ആകെയുള്ള 'ആധികാരിക രേഖ'. രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാത്തതുകാരണം വേതന വിതരണവുമായി ബന്ധപ്പെട്ട വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിയാതെ വരുന്നു. **(കൂടുതൽ വിശദവിവരങ്ങൾക്ക് കൊല്ലം ജില്ലയിലെ ഏരൂർ ഗ്രാമപഞ്ചായത്തിന്റെ സ്പെഷ്യൽ റിപ്പോർട്ട് കാണുക)**

*ഉത്തരവാദിയായ ഉദ്യോഗസ്ഥർ:*

| *രസീതുകളിലെ ക്രമക്കേടുകൾക്ക്:* | *പെൻഷൻ വിതരണത്തിലെ കമക്കേടുകൾക്ക്:* |
|---|---|
| 1. ശ്രീമതി.ബി.വിജയമ്മ (എൽ.ഡി.സി), ഒറ്റപ്ലാവില, കിഴക്കതിൽ വീട്, ആനയടി.പി.ഒ, ശൂരനാട് നോർത്ത്, കൊല്ലം. | 1. ശ്രീ.സുശീലൻ.സി (അക്കൗണ്ടന്റ്, ഏരൂർ പഞ്ചായത്ത്) അരുണോദയം, അഗസ്ത്യകോട്, അഞ്ചൽ.പി.ഒ., കൊല്ലം. |
| 2. രാജേന്ദ്രൻപിള്ള (സെക്രട്ടറി), കൊച്ച് കൊപ്പാറയിൽവീട്, മുഖത്തല.പി.ഒ, കൊല്ലം - 691577. | 2. ബി.എസ്.ഗീത(സെക്രട്ടറി, ഇളമാട് പഞ്ചായത്ത്) ജ്യോതിസ്, ആനന്ദവല്ലീശരം, തിരുമുല്ലവാരം.പി.ഒ, കൊല്ലം. |

## 5.5.2. കൊല്ലം കോർപ്പറേഷൻ

### 5.5.2.(1). വികലാംഗർക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്തില്ല:

**ഓഡിറ്റ് റിപ്പോർട്ട് വർഷം: 2009-10, ഖണ്ഡിക നമ്പർ: 3-39**

വികലാംഗരുടെ ഉപകരണ വിതരണം എന്ന 2008-09 ലെ പ്രോജക്ട് (നം.226/08-09) പ്രകാരം 17.03.2009-ൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും ആവശ്യമായ ഉപകരണങ്ങൾ 2,69,010/-രൂപ ചെലവ് ചെയ്ത് വാങ്ങിയിരുന്നു. 30.11.09, 02.12.09 തീയതികളിലായാണ് ഉപകരണങ്ങൾ സപ്ലൈ ചെയ്തിട്ടുള്ളത്. വാങ്ങിയ ഉപകരണങ്ങളിൽ പലതും വിതരണം ചെയ്യാതെ സൂക്ഷിക്കുന്നതായി സ്റ്റോക്ക് രജിസ്റ്റർ (പേജ് 26) പരിശോധിച്ചതിൽ കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇന വിവരം | വാങ്ങിയ എണ്ണം | ഇഷ്യു ചെയ്ത എണ്ണം | ബാക്കി | നിരക്ക് | വിതരണം ചെയ്യാതെ ശേഷിക്കുന്ന ഉപകരണങ്ങളുടെ മതിപ്പ് ചെലവ് |
|---|---|---|---|---|---|
| A.K.Prosthersis | 2 | - | 2 | 38500 | 77000 |
| B.K.Prosthersis | 2 | 1 | 1 | 17600 | 17600 |
| Wheel chair | 7 | 2 | 5 | 5200 | 26000 |
| Tricycle | 13 | 5 | 8 | 4800 | 38400 |
| KAFO | 8 | 2 | 6 | 1900 | 11400 |
| Surgical Shoes | 9 | 4 | 5 | 650 | 3250 |
| Wheel chair commodities | 3 | - | 3 | 5300 | 15900 |
| Therapy mate | 1 | - | 1 | 3060 | 3060 |
| Hearing aid (Profound) B/C | 1 Set. | 1 | | 18000 | - |
| ആകെ | | | | | **192610** |

പദ്ധതി വിഹിതം ഉപയോഗിച്ചു വാങ്ങിയ മേൽ 46 ഉപകരണങ്ങളിൽ 31 എണ്ണവും വിതരണം ചെയ്യാതെ നശിച്ചുകൊണ്ടിരിക്കുകയാണ്. നടപടിക്രമങ്ങൾ പാലിച്ച് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുകയും അവരുടെ ശാരീരിക വൈകല്യത്തിനനുസൃതമായി ആവശ്യകത മനസ്സിലാക്കിയും ഉപകരണങ്ങൾ വാങ്ങിച്ചിരുന്നുവെങ്കിൽ ഇത്തരത്തിൽ ഉപകരണങ്ങൾ ആവശ്യക്കാരില്ലാതെ നശിക്കുന്ന അവസ്ഥ ഒഴിവാക്കാമായിരുന്നു. കൂടാതെ 1,92,610/-രൂപ (ഏകദേശം 2 ലക്ഷം രൂപ) പാഴ്ചെലവാകുകയും ചെയ്തു. ഈ വിഷയത്തിൽ രേഖകൾ സഹിതം തൃപ്തികരമായ വിശദീകരണം ഉണ്ടാകേണ്ടതാണ്. അതുവരെ മേൽ ഉപകരണങ്ങളുടെ വിലയായി അധികം ചെലവഴിച്ച 1,92,610/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

*ഉത്തരവാദിയായ ഉദ്യോഗസ്ഥ:*

*എസ്.ശോഭനകുമാരി (സി.ഡി.പി.ഒ), കൊല്ലം പുനലൂർ അർബൻ*
*രേഖാ ഭവൻ,*
*തട്ടാമല.പി.ഒ,*
*കൊല്ലം.*

## 5.5.3. റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്

### 5.5.3.(1). ക്രമരഹിതവും അനധികൃതവുമായ ചെലവ് – പഞ്ചായത്ത് ഫണ്ടിന്റെ ദുർവ്യയം

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-1***

| | |
|---|---|
| ✦ | *തീരുമാനങ്ങൾ കൃത്രിമമായി മിനിട്സിൽ എഴുതിചേർത്തു.* |
| ✦ | *പ്രസിഡന്റിന്റെ അനുമതിയില്ലാതെ ചെലവുനടത്തി.* |
| ✦ | *എസ്റ്റിമേറ്റും സാങ്കേതികാനുമതിയും അളവുപുസ്തകവും ഇല്ലാതെയും പൊതുമരാമത്ത് പ്രവൃത്തി.* |
| ✦ | *യാത്രാപ്പടി ഇനത്തിലും ക്രമക്കേട്.* |

പഞ്ചായത്ത് ഫണ്ട് യാതൊരു മാനദണ്ഡവും നിയമവും പാലിക്കാതെ പിൻവലിച്ച് ഗുരുതരമായ ധനദുർവിനിയോഗം നടത്തിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പഞ്ചായത്ത്രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സെക്രട്ടറി പ്രസിഡന്റിന്റെ രേഖാമൂലമുള്ള ഉത്തരവ് വാങ്ങിയതിനു ശേഷമേ പഞ്ചായത്തു ഫണ്ടിൽനിന്നും തുക പിൻവലിക്കാൻ പാടുള്ളൂ എന്ന നിബന്ധന പലപ്പോഴും പാലിച്ചിട്ടില്ല. പരിശോധനാവിധേയമാക്കിയ ഏതാനും വൗച്ചറുകളിലെ തീരുമാനങ്ങൾ മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ കമ്മിറ്റിയിൽ ചർച്ചചെയ്ത് അംഗീകരിച്ചിട്ടുള്ളതല്ല എന്ന് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പല തീരുമാനങ്ങളുടെ പകർപ്പുകളിലും തീരുമാനം നമ്പരോ തീയതിയോ ചേർത്തിട്ടുമില്ല. കൂടാതെ വൗച്ചറുകൾ ഒന്നും തന്നെ പ്രസിഡന്റ് കാണുകയോ ഒപ്പുവയ്ക്കുകയോ ചെയ്തിട്ടില്ല.

പഞ്ചായത്ത് രാജ് വകുപ്പ് 182 പ്രകാരം ഓരോ മാസത്തേയും കണക്കുകൾ അടുത്തമാസം 10-നുമുമ്പായി സെക്രട്ടറി ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് പരിശോധനയ്ക്ക് നൽകേണ്ടതും പരിശോധനാവിധേയമായി പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് കമ്മിറ്റിയും ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റിയും തങ്ങളുടെ ഉത്തരവാദിത്വങ്ങളും കടമകളും കൃത്യമായും ചുമതലാബോധത്തോടുംകൂടി നിർവ്വഹിച്ചിരുന്നുവെങ്കിൽ ധനദുർവിനിയോഗവും ചട്ടവിരുദ്ധമായ നടപടികളും ആരംഭത്തിൽ തന്നെ കണ്ടെത്തുവാനും തടയിടുവാനും സാധിക്കുമായിരുന്നു.

പഞ്ചായത്തുഫണ്ടിൽ നിന്നും വിവിധ ഇനങ്ങളിൽ തുക പിൻവലിച്ചതിൽ ഉണ്ടായിട്ടുള്ള ധനദുർവിനിയോഗത്തിന്റെയും ക്രമക്കേടുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

***(1) മസ്റ്റർറോൾ ഉപയോഗിച്ചുള്ള പെറ്റിവർക്കുകളും നടപടി ക്രമങ്ങൾ പാലിക്കാതെയുള്ള – റോഡ് മെയിന്റനൻസും***

പഞ്ചായത്ത്രാജ് (പൊതുമരാമത്തു പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഒരു പഞ്ചായത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയും

അല്ലാതെയും നടത്തുവാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്തു പ്രവൃത്തികളുടെ മുൻഗണനാക്രമത്തിലുള്ള ഒരു ലിസ്റ്റ് സാമ്പത്തിക വർഷാരംഭത്തിൽ പഞ്ചായത്ത് തയ്യാറാക്കേണ്ടതാണ്. ചട്ടം 3(2) പ്രകാരം ഇപ്രകാരം നടത്തുവാൻ ഉദ്ദേശിക്കുന്ന ഓരോ മരാമത്തു പണികളുടെയും ഏകദേശം അടങ്കൽ എസ്റ്റിമേറ്റും (റഫ്കോസ്റ്റ് എസ്റ്റിമേറ്റ്) തയ്യാറാക്കേണ്ടതാണ്. ചട്ടം 6(1) പ്രകാരം മതിപ്പ് ചെലവ് 5,000/-രൂപ യിൽ കവിയാത്ത അറ്റകുറ്റ പണികൾക്കും മറ്റു ചില്ലറ പണികൾക്കും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതില്ലായെങ്കിലും ചട്ടം 15 (1) പ്രകാരം ഏതൊരു പൊതു മരാമത്ത് പണിയെ സംബന്ധിച്ചും പൊതുമരാത്ത് വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള ഫാറത്തിലുള്ള അളവ് പുസ്തകം വച്ചുപോരേണ്ടതുണ്ട്. ഇത്തരത്തിലുള്ള യാതൊരു നടപടിക്രമങ്ങളും പാലിക്കാതെ ശുചീകരണത്തിന്റെ മറവിൽ 4900/-രൂപ ചെലവ്വരുന്ന ധാരാളം പ്രവൃത്തികൾ (കാട് വെട്ടിത്തെളിക്കൽ, ഓട വൃത്തി യാക്കൽ തുടങ്ങിയവ) നടത്തിയതായി കാണിച്ച് വൻദുർവ്യയമാണ് നടത്തിയിരി ക്കുന്നത്. പ്രസിഡന്റിന് 5000/-രൂപവരെയുള്ള കണ്ടിജന്റ് ചെലവുകൾ ചെയ്യാമെന്ന ആക്ടിലെ വ്യവസ്ഥ ദുരുപയോഗം ചെയ്തതായിട്ടാണ് കാണുന്നത്. കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കുക, സാങ്കേതിക അനുമതി നേടുക തുടങ്ങിയ നിമയപരമായ നടപടിക്രമങ്ങൾ പാലിക്കാതെയും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ വരുത്താതെയും റോഡ് മെയിന്റനൻസിനായി 27500/-രൂപ, 29500/-രൂപ, 29,622/രൂപ, 37872/-രൂപ എന്നീ തുകകൾ ചെലവ് ചെയ്ത് നാല് റോഡ് മെയിന്റനൻസ് പ്രവൃത്തികളും നടത്തിയതായി കാണിച്ച് തുക പിൻവലിച്ചിട്ടുണ്ട്.

24-10-2007-ലെ ചെക്ക് നമ്പർ. 46029 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും 60,000/-രൂപ പിൻവലിച്ച് ഫിലിപ്പ് മാത്യു, മരുതിക്കൽ, നെല്ലിക്കമൺ എന്നയാളിന് റോഡുകളിൽ നിരത്താനായി ക്വാറിമക്ക് വാങ്ങിയതിന്റെ വിലനൽകി എന്ന ചെലവിനെ സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ ചെലവിന് വിശ്വാസ്യത ഇല്ല. മേൽപറഞ്ഞ പ്രകാരം ചട്ടവിരുദ്ധമായി റോഡ് പ്രവൃത്തികൾക്കായി ചെലവഴിച്ച 441034/-രൂപ നിരാകരിക്കുന്നു. (കൂടുതൽ വിവരങ്ങൾക്ക് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക കാണുക)

### *(2) <u>വാഹന വാടകയും യാത്രപ്പടിയും</u>*

സർക്കാർ ഉത്തരവ് 82/07 ത.സ്വ.ഭ.വ. തീയതി 8/1/07 പ്രകാരം പഞ്ചായത്തു കൾക്ക് അടിയന്തിര ഔദ്യോഗിക കാര്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുക്കു ന്നതിന് 50,000/-രൂപ വരെ ചെലവ് ചെയ്യാമെന്ന ഉത്തരവിന്റെ ബലത്തിൽ വ്യക്ത മായ ആവശ്യം രേഖപ്പെടുത്താതെയും പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്താ തെയും പ്രസിഡന്റും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും തൻവർഷം നടത്തിയിട്ടുള്ള ദീർഘദൂര യാത്രകൾക്ക് വാഹന വാടകയിനത്തിൽ 48,041/- രൂപയാണ് പഞ്ചാ യത്ത് ഫണ്ടിൽ നിന്ന് ചെലവാക്കിയിട്ടുള്ളത്. സെക്രട്ടറിയും ജനപ്രതിധികളും ജില്ലയ്ക്കകത്തുള്ള യാത്രകൾക്കും തിരുവനന്തപുരം യാത്രകൾക്കുമായി യാത്രപ്പടി ഇനത്തിൽ കൈപ്പറ്റിയ 81,706/-രൂപയ്ക്ക് പുറമെയാണ് ഔദ്യോഗിക യാത്ര കളെന്ന പേരിൽ മേൽപറഞ്ഞ തുക ചെലവഴിച്ചത്. 1/07 മുതൽ 9/07 വരെയുള്ള കാലയളവിൽ 120 തവണയാണ് സെക്രട്ടറി, പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ തിരുവനന്തപുരം യാത്രകൾ നടത്തിയിട്ടുള്ളത്. പഞ്ചായ ത്തിന്റെ അടിയന്തിര ഔദ്യോഗിക ആവശ്യങ്ങൾക്കുമാത്രമേ വാഹനം വടകയ്ക്ക് എടുക്കാവൂ എന്നിരിക്കെ വ്യക്തമായ ആവശ്യം, ഉദ്ദേശ്യം, ബന്ധപ്പെട്ട വിഷയവും ഫയൽ നമ്പരും, പഞ്ചായത്തു തീരുമാനം, ടൂർ ഡയറി തുടങ്ങി യാത്രയുടെയും

ചെലവിന്റെയും സാധുതയും നിജസ്ഥിതിയും തെളിയിക്കുന്നതിനാവശ്യമായ യാതൊരു രേഖയും വൗച്ചറിനൊപ്പം ചേർത്തിട്ടില്ല.

ഒരു യാത്രപ്പടി ബില്ലിലും പഞ്ചായത്തിന്റെ ഔദ്യോഗിക കാര്യത്തിനാണെന്ന് വ്യക്തമാക്കുന്നതും തെളിയിക്കുന്നതുമായ രേഖകളൊന്നും ലഭ്യമല്ല. മാത്രമല്ല സെക്രട്ടറിയും ജനപ്രതിനിധികളും നടത്തിയ ഏറെ യാത്രകൾക്കും കമ്മിറ്റി തീരുമാനം ഇല്ലാതെ യാത്രപ്പടി നൽകിയിട്ടുണ്ട്. മേൽപറഞ്ഞ അപാകതകളുടെ വെളിച്ചത്തിൽ വാഹനവാടകയിനത്തിൽ ചെലവുചെയ്ത 48041/-രൂപയും പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരമില്ലാതെ യാത്രപ്പടി ഇനത്തിൽ ചെലവ് ചെയ്ത 72812/-രൂപയും നിരാകരിക്കുന്നു. (കൂടുതൽ വിവരങ്ങൾക്ക് ഓഡിറ്റ് റിപ്പോട്ടിലെ ഖണ്ഡിക കാണുക)

### *(3) <u>കണ്ടിജന്റ് ചെലവുകൾ :</u>*

കേരള പഞ്ചായത്ത്രാജ് 156-ാം വകുപ്പ് 4(സി) ഉപവകുപ്പ് അനുസരിച്ച് സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് ചെലവാക്കാവുന്ന കണ്ടിജന്റ് ചെലവുകളുടെ പരിധി ജി.ഒ.(എം.എസ്) 271/2004/ത.സ്വ.ഭ.വ. തീയതി 14-09-2004 പ്രകാരം ഒരു പ്രാവശ്യം 5,000/-രൂപയും പ്രതിമാസം 10,000/-രൂപയുമായി സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. ബജറ്റിൽ മതിയായ തുക ഉൾപ്പെടുത്തിയിരിക്കണം, തൊട്ടടുത്ത കമ്മിറ്റിയിൽ ചെലവുവിവരം സെക്രട്ടറിയെ അറിയിക്കണം എന്നീ നിബന്ധനകൾക്ക് വിധേയമായിട്ടേ ചെലവുകൾ നടത്താൻ പാടുള്ളു. 10/07-ന് കമ്മിറ്റിയുടെ ലഘുഭക്ഷണ ചെലവിലേക്ക് ചെക്ക് നമ്പർ: 46019/10-10-2007 പ്രകാരം 4,900/-രൂപയും ചെക്ക് നമ്പർ.46111/29/10/07 പ്രകാരം 28,500/-രൂപയും ഉദ്ദേശ്യം വ്യക്തമാക്കാതെയും അനുബന്ധ രേഖകളില്ലാതെയും പിൻവലിച്ചു. ഇതുപോലെ എല്ലാമാസവും വൻതുകകളാണ് ലഘുഭക്ഷണത്തിനായി ചെലവ് കാണിച്ചിട്ടുള്ളത്. ഫോട്ടോസ്റ്റാറ്റ് കോപ്പികൾ എടുത്തതിലാണ് മറ്റൊരു ദുർവ്യയം ഉണ്ടായിട്ടുള്ളത്. പല സ്ഥാപനങ്ങളിൽ നിന്നും ആയിരക്കണക്കിന് രൂപയുടെ ബില്ലുകൾ സംഘടിപ്പിച്ച് ഓരോ മാസവും വൻതുകകൾ ചെലവ് എഴുതിയിട്ടുണ്ട്. 2007-2008 വർഷം ഒരു കോപ്പിക്ക് ഒരു രൂപയും അതിലും താഴ്ന്ന നിരക്കിലും ഫോട്ടോസ്റ്റാറ്റ് കോപ്പികൾ ലഭ്യമാകുമായിരുന്നപ്പോൾ ഒരു കോപ്പിയ്ക്ക് 1.25 രൂപ നിരക്കിലാണ് തുക കണക്കാക്കിയിട്ടുള്ളത്. ഒരു വർഷത്തേയ്ക്ക് ഫോട്ടോസ്റ്റാറ്റ് കോപ്പികൾ എടുക്കുന്നതിന് ക്വട്ടേഷൻ വിളിച്ചിരുന്നെങ്കിൽ വളരെകുറഞ്ഞ നിരക്കിൽ കോപ്പികൾ എടുത്തു തരുന്നതിന് സ്ഥാപനങ്ങൾ സന്നദ്ധമാകുമായിരുന്നു.

ഓഫീസ് ആവശ്യത്തിനായി ധാരാളം ഇലക്ട്രിക്, സ്റ്റേഷനറി സാധനങ്ങൾ അനധികൃതമായി വാങ്ങുകയും സ്റ്റോക്കിൽ ചേർക്കാതെ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അനധികൃതമായും പരിധി ലംഘിച്ചും ചെലവുചെയ്ത 2,13,825/-രൂപയുടെ കണ്ടിജന്റ് ചെലവ് തുക നിരാകരിക്കുന്നു. (കൂടുതൽ വിവരങ്ങൾക്ക് ഓഡിറ്റ് റിപ്പോട്ടിലെ ഖണ്ഡിക കാണുക)

**സംക്ഷിപ്തം**

| മാസം | തൻമാസത്തെ കണ്ടിജന്റ് ചെലവ് | ഒരു പ്രാവശ്യം ചെലവഴിക്കാവുന്ന പരിധി ലംഘിച്ചു ചെലവ് ചെയ്ത തുക | പ്രതിമാസം പരിധി ലംഘിച്ചു ചെലവഴിച്ച തുക | പരിധി ലംഘിച്ച കാരണത്താൽ നിരാകരിച്ച തുക (3 + 4) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 4/07 | 3,924 | - | - | - |
| 5/07 | 12,655 | - | 2,655 | 2,655 |
| 6/07 | 34,475 | 3,500 | 20,975 | 24,475 |
| 7/07 | 43,278 | 5,606 | 27,672 | 33,278 |
| 8/07 | 23,394 | - | 13,394 | 13,394 |
| 9/07 | 35,274 | 13,672 | 11,602 | 25,274 |
| 10/07 | 87,300 | 36,835 | 40,465 | 77,300 |
| 11/07 | 6,912 | - | - | - |
| 12/07 | 20,555 | - | 10,555 | 10,555 |
| 1/08 | 15,875 | - | 5,875 | 5,875 |
| 2/08 | 15,559 | - | 5,559 | 5,559 |
| 3/08 | 25,460 | 7,482 | 7,978 | 15,460 |
| **ആകെ** | **3,24,661** | **67,095** | **1,46,730** | **2,13,825** |

***(4) ശുചീകരണം:***

ശുചീകരണത്തിന്റെ മറവിലും പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഇല്ലാതെയും ചെലവിനെ സാധൂകരിക്കുന്നതിന് അനുബന്ധ രേഖകളില്ലാതെയും വലിയ തുകകൾ ചെലവ് ചെയ്തിട്ടുണ്ട്. ഭരണസമിതി തീരുമാനം ഇല്ലാതെയും ക്വട്ടേഷൻ വിളിക്കാതെയും വൻതുക ചെലവ് ചെയ്ത് ബ്ലീച്ചിംഗ് പൗഡർ, ഫിനോൾ തുടങ്ങിയ ശുചീകരണ സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. ഇവയുടെ സ്റ്റോക്ക് വിതരണ വിവരങ്ങളൊന്നും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

ചുരുക്കത്തിൽ ശുചീകരണമുൾപ്പെടെ സാധ്യമായ എല്ലാ മേഖലകളിലും നിയമത്തിന്റെ ചെറിയ പഴുതുകളും ഭരണസമിതിയുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയും പരമാവധി മുതലെടുത്ത് വൻതുകകളാണ് ദുർവിനിയോഗം ചെയ്തിട്ടുള്ളത്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*
*ശ്രീ.എ.എഡിസൺ (സെക്രട്ടറി),*
*അക്ഷര, മേക്കൊല്ല ഹൗസ്, ധനുവച്ചപുരം.പി.ഒ,*
*തിരുവനന്തപുരം.*

## 5.5.3.(2). നെല്ലിക്കമൺ നീർത്തട പദ്ധതി – സമയബന്ധിതമായി നടപ്പാക്കിയില്ല

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-37***

| | |
|---|---|
| ✦ | *76.56 ലക്ഷം രൂപ നിഷ്ക്രിയാവസ്ഥയിൽ.* |
| ✦ | *നടന്നത് പദ്ധതിയുടെ ഉദ്ഘാടനം മാത്രം.* |

ഗ്രാമപഞ്ചായത്തിലെ 565 ഹെക്ടർ സ്ഥലത്തെ പ്രകൃതിവിഭവ പരിപാലനത്തിന് ഉദ്ദേശിച്ച് ആവിഷ്ക്കരിച്ച നെല്ലിക്കമൺ നീർത്തടപദ്ധതി ഗ്രാമപഞ്ചായത്ത് അധികൃതരുടെയും, നിർവ്വഹണാധികാരിയായ കൃഷിഓഫീസറുടെയും നിഷ്ക്രിയത്വംമൂലം നടപ്പായില്ല. പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്നും അനുവദിച്ച 67,13,000/-രൂപയും, പഞ്ചായത്തിന്റെ വിഹിതമായ 4,81,000/-രൂപയും ട്രഷറിയിൽ നിന്നും മാറി ഫലരഹിതമായി ബാങ്ക് അക്കൗണ്ടിൽ നിക്ഷേപി ച്ചിരിക്കുന്നു.

പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ റാന്നി അങ്ങാടി, കൊറ്റനാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽപ്പെട്ട 925 ഹെക്ടർ സ്ഥലം ഉൾപ്പെടുന്ന നെല്ലിക്കമൺ നീർത്തട പദ്ധതിക്ക് 62,25,000/-രൂപയുടെ ഒരു കർമ്മപദ്ധതിക്കാണ് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുള്ളത്. 2006-07 മുതൽ 2008-09 വരെ കാലയളവിൽ പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി പദ്ധതി നടപ്പാക്കുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. പദ്ധതി നടത്തിപ്പിനായി റാന്നി എസ്.ബി.റ്റി. ശാഖയിൽ കൃഷിഓഫീസറുടെയും, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും പേരിൽ സംയുക്തമായി ആരംഭിച്ച അക്കൗണ്ടിൽ (A/c.No.670343512) നാളിതുവരെ 76,56,879/-രൂപ വരവുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അക്കൗണ്ടിൽ ക്രഡിറ്റ് വന്ന തുക | | | ആകെ |
|---|---|---|---|---|
| | 2007-2008 | 2008 - 2009 | 2009 - 2010 | |
| കേന്ദ്രവിഹിതം | 21,00,000 | 22,20,000 | 23,93,000 | 67,13,000 |
| പഞ്ചായത്ത് വിഹിതം | 2,61,000 | 2,20,000 | | 4,81,000 |
| പലിശ | 49,214 | 1,34,048 | 1,74,992 | 3,58,254 |
| തിരിച്ചറിയാനാവാത്ത വരവ് | | 1,04,625 | | 1,04,625 |
| **ആകെ** | | | | **76,56,879** |

പദ്ധതിയുടെ ഉദ്ഘാടനം നടന്നത് 17-01-2007-ലാണ്. ഉദ്ഘാടനത്തിനും പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി 58,500/-രൂപ അക്കൗണ്ടിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചു. നീർത്തട ഗ്രാമസഭ കൂടി നീർത്തട കമ്മിറ്റിയെയും കൺവീനറേയും തെരഞ്ഞെടുത്തത് 20-8-2007ലാണ്. നീർത്തട കമ്മിറ്റി തുടർന്ന് 6 തവണ യോഗം ചേർന്നിട്ടുണ്ട്. അവസാനമായി 7-2-2008-ലാണ് യോഗം ചേർന്നത്. അതിനുശേഷം പദ്ധതി പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. പദ്ധതി സമയബന്ധിതമായി നടപ്പാക്കാതിരുന്നതിന് നിർവ്വഹണാധികാരിയുടെ വിശദീകരണം ആവശ്യമാണ്. ഈ വിഷയത്തിൽ ഭരണവകുപ്പിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ*
*ശ്രീ.ജോർജ്ജി.കെ.വർഗ്ഗീസ്, കൃഷി ഓഫീസർ,*
*ഗവൺമെന്റ് ഫാം, പുല്ലാട്.*

**മലപ്പുറം ജില്ല**

## 5.5.4. മഞ്ചേരി മുനിസിപ്പാലിറ്റി

### 5.5.4.(1). മുനിസിപ്പൽ ഓഫീസ് കെട്ടിട നിർമ്മാണം-പാഴ്ചെലവും നിഷ്ക്രിയ ആസ്തിയും

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08 (ചെലവ്), ഖണ്ഡിക നമ്പർ: 2 (26)***

| | |
|---|---|
| ✦ | ***ഓഫീസ് കെട്ടിട നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചു.*** |
| ✦ | ***നിർമ്മാണ ചെലവ് 13.49 ലക്ഷം രൂപ. എസ്റ്റിമേറ്റ് തയ്യാറാക്കിയ ചെലവ് 13.49 ലക്ഷം.*** |

2002-03-ലെ എം.198/03 നമ്പർ പ്രോജക്ടിൽ 1,15,25,000/-രൂപയ്ക്ക് കെട്ടിടം നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കുകയും ആദ്യ ഘട്ടമായി 2002-03-ൽ 15 ലക്ഷം രൂപ വകയിരുത്തിയതിന് ഡി.പി.സി. 377/02 തീയതി 06.01.03 പ്രകാരം അനുമതി ലഭിക്കുകയും ചെയ്തിരുന്നു.

73/03-04 തീയതി 06.02.04 നമ്പർ കരാർ പ്രകാരം എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് ഫൈനൽ ബില്ലിനത്തിൽ 13,49,951/-രൂപ 08.04.05-ലെ 91-ാം നമ്പർ വൗച്ചർ പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഒറിജിനൽ എസ്റ്റിമേറ്റിൽ ആവശ്യത്തിന് പ്രൊവിഷൻ നൽകിയിരുന്നില്ലെന്ന കാരണ ത്താൽ ഇനം (2), (3), (4), (6), (7), (8), (10) എന്നിവ കൂടുതൽ അളവിൽ ചെയ്യുകയും ഇഷ്ടികക്കെട്ട്, വാതിൽ, ജനൽ ഫിറ്റിംഗ്, പ്ലാസ്റ്ററിംഗ്, ഫ്ളോറിംഗ്, റോളിംഗ് ഷട്ടർ, പെയിന്റിംഗ്, പ്ലംബിംഗ് എന്നിവയ്ക്ക് വകയിരുത്തിയ 406974 രൂപയുടെ പ്രവൃത്തി 'Not executed, hence savings' എന്ന് രേഖപ്പെടുത്തി ഒഴിവാക്കുകയും ചെയ്തുകൊണ്ടുള്ള 13.50 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് 23.03.05-ന് ഡി.എൽ.റ്റി.സി. അനുമതിയും നൽകികാണുന്നു.

തുടർന്ന് ഈ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി 2004-05 മുതൽ പദ്ധതി തയ്യാറാക്കിയെങ്കിലും 06.02.08 ലെ 3-ാം നമ്പർ തീരുമാന പ്രകാരം (നിലവിൽ ഒരു ഫർണിഷ്ഡ് ഓഫീസ് ഉള്ളതിനാൽ ഷോപ്പിംഗ് കോംപ്ലക്സ് മാത്രമായി മാറ്റാൻ വേണ്ടി ഓഫീസ് ഒഴിവാക്കി) പ്രവൃത്തി റദ്ദു ചെയ്തിരിക്കുന്നു.

13,49,951/-രൂപ കെട്ടിട നിർമ്മാണത്തിനും 7,30,870/-രൂപ എസ്റ്റിമേറ്റ് തയ്യാറാക്കാനുമായി ചെലവഴിച്ചും പാതിവഴിയിൽ ഒരു ഉപയോഗവുമില്ലാതെ നിർമ്മാണത്തിലിരിക്കുന്ന ഒരു പദ്ധതി പകരം എന്തു ചെയ്യണമെന്ന വ്യക്തമായ ഒരു നിർദ്ദേശവും നൽകാതെ റദ്ദുചെയ്യുകയും തുടർനടപടികളെടുക്കാതിരിക്കുകയും ചെയ്തത് ക്രമവിരുദ്ധമാണ്.

40 സെന്റ് വിസ്തീർണ്ണമുള്ളതും നിലവിൽ ഓഫീസ് പ്രവർത്തിച്ചു വരുന്നതു മായ കോമ്പൗണ്ടിൽ ചെറുതും വലുതുമായ 5 കെട്ടിടങ്ങൾ ഉണ്ടെന്നും ഇവ പൊളിച്ചുമാറ്റിയാണ് കെട്ടിടം നിർമ്മിക്കുന്നതെന്നും 2002-03 പ്രോജക്ട് റിപ്പോർ ട്ടിൽ വ്യക്തമാക്കിയിരുന്നതാണ്. 5 കെട്ടിടങ്ങളിൽ 1 പൂർണ്ണമായും 1 ഭാഗികമായും പൊളിക്കുകയും അതിൽനിന്നുള്ള മരവും ഓടും അലക്ഷ്യമായി ഇതേ കോമ്പൗ ണ്ടിൽ തന്നെ വെച്ചിട്ടുള്ളതായും കാണുന്നു. മഴയും വെയിലും കൊണ്ട് അവ നശിക്കുന്നതും ഉപയോഗിക്കാതിരിക്കുന്ന മറ്റു കെട്ടിടങ്ങളുടെ തകർച്ചയും നഗരസഭ കണ്ടില്ലെന്ന് നടിക്കുകയാണ്.

പദ്ധതി ഒരു ഘട്ടത്തിലും എത്താതിരുന്നിട്ടും വൈദ്യുതീകരണത്തിനായി പി.ഡബ്ല്യൂ.(1)/14892/06-ാം നമ്പറായി ഒരു ഫയൽ ആരംഭിക്കുകയും 25.11.06-ലെ 26-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി രാജഗോപാൽ ആന്റ് അസോസിയേറ്റ്സിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയുടെ 2.33% നിരക്ക് നൽകി എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള പ്രൊപ്പോസൽ 21.12.06-ലെ 23-ാം നമ്പർ കൗൺസിൽ അംഗീകരിച്ചു. (50% എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോഴും 50% റ്റി.എസ് ലഭിച്ചാലും).22,229/-രൂപ 09.04.07-ലെ 31-ാം നമ്പർ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. കോഴിക്കോട് ഇലക്ട്രിക്കൽ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള സെന്റേജ് ചാർജായി 46,100/-രൂപ (വൗച്ചർ 509/20.09.07) നൽകുകയും 18,44,000/-രൂപയുടെ എസ്റ്റിമേറ്റിന് ചീഫ് എഞ്ചിനീയർ അനുമതി നൽകിയതായി ഇലക്ട്രിക്കൽ വിഭാഗം എക്സി. എഞ്ചിനീയർ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

06.02.08 ലെ 3-ാം നമ്പർ തീരുമാന പ്രകാരം പ്രവൃത്തി റദ്ദു ചെയ്തതിനാൽ ഈ ഫയലിലെ നടപടികൾ ഒഴിവാക്കിയിരിക്കുന്നു.

09.08.84-ലെ 12/84 നമ്പർ ടെക്നിക്കൽ സർക്കുലർ നിർദ്ദേശ പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റിൽ തന്നെ വാട്ടർസപ്ലൈ, സാനിറ്ററി സംവിധാനം, വൈദ്യുതീകരണം എന്നിവയ്ക്ക് കൂടി തുക വകകൊള്ളിക്കണമെന്ന നിബന്ധന പാലിക്കാത്തതും നിർമ്മാണം അനിശ്ചിതത്വത്തിലായ ഒരു പദ്ധതിയ്ക്ക് 68,329/-രൂപ ചെലവഴിച്ചതും ക്രമവിരുദ്ധമാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*ശ്രീ.ടി.പി.സതീശൻ (സെക്രട്ടറി)*
*(സ്ഥിരം മേൽവിലാസം ലഭ്യമല്ല)*

## 5.6. മുൻകൂർ നൽകിയിട്ടും പദ്ധതി പൂർത്തിയാക്കാത്തത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്തൃ സമിതികളിലൂടെ നടപ്പാക്കുന്ന പദ്ധതികൾ പലതും ഗുണഭോക്തൃ സമിതി കൺവീനർമാർ മുൻകൂർ കൈപ്പറ്റിയിട്ടും പൂർത്തിയാക്കാത്തതിനാൽ ലക്ഷ്യപ്രാപ്തിയിലെത്തുന്നില്ല. പദ്ധതി വിഹിതത്തിന്റെ വിനിയോഗത്തിലെ ദീർഘവീക്ഷണമില്ലായ്മ, ആസൂത്രണത്തിന്റെ അഭാവം, മേൽനോട്ടക്കുറവ് എന്നിവ, പ്രവൃത്തികൾ പാതിവഴിയിലുപേക്ഷിക്കപ്പെടാൻ കാരണമാകുന്നു. അഡ്വാൻസ് കൈപ്പറ്റിയിട്ട് പ്രവൃത്തി പൂർത്തിയാക്കാതെ മുടക്കം വരുത്തിയിട്ടുള്ള ഗുണഭോക്തൃ സമിതി കൺവീനർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് എല്ലാ തലത്തിലുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സെക്രട്ടറിമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 16.05.02-ലെ 15687/ഡി.പി.1/02. തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. 08.07.05-ലെ 8906/ ഡി.പി.3/05.തസ്വഭവ നമ്പരായി മുൻകൂർ തുക കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തിയാക്കാത്ത ഗുണഭോക്തൃസമിതി കൺവീനർമാരിൽ നിന്നും പ്രസ്തുത തുക ഈടാക്കുന്നതിന് ചുവടെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

1. അഡ്വാൻസ് തുക കൈപ്പറ്റി നിർവ്വഹണം പൂർത്തിയാക്കാത്ത എല്ലാ പ്രവൃത്തികളുടേയും വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച ഒരു റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കണം. പ്രവൃത്തിയുടെ പേര്, സാങ്കേതികാനുമതി ലഭിച്ച തുക, അഡ്വാൻസ് നൽകിയ തുകയും തീയതിയും, അഡ്വാൻസ് കൈപ്പറ്റിയ കൺവീനർമാരുടെ പേരും മേൽവിലാസവും, ഭാഗികമായി പ്രവൃത്തി പൂർത്തിയാക്കി പാർട്ട് ബില്ലിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്നിങ്ങനെയുള്ള വിവരങ്ങൾ പ്രസ്തുത റിപ്പോർട്ടിൽ ഉണ്ടായിരിക്കേണ്ടതാണ്.
2. ഈ റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനം ചർച്ച ചെയ്യേണ്ടതും ബന്ധപ്പെട്ട ഗുണഭോക്തൃ സമിതി കൺവീനർമാരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
3. കൺവീനർമാരിൽ നിന്ന് അഡ്വാൻസ് തുക തിരികെപിടിക്കുന്നതിന് ശ്രമിക്കേണ്ടതും അതിന് കഴിയുന്നില്ലെങ്കിൽ റവന്യൂ റിക്കവറി മുഖേന പ്രസ്തുത തുക ഈടാക്കേണ്ടതുമാണ്. അഡ്വാൻസ് തുക റവന്യൂറിക്കവറി മുഖേന തിരിച്ചുപിടിക്കുമ്പോൾ റവന്യൂറിക്കവറിക്ക് പ്രാബല്യമുള്ള 18% പലിശ ഈടാക്കേണ്ടതുമാണ്.

അഡ്വാൻസ് കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തിയാക്കാത്ത കൺവീനർമാരിൽ നിന്നും അഡ്വാൻസ് തുക പലിശയും ചേർത്ത് ഈടാക്കാതിരുന്നതിന് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

## കൊല്ലം ജില്ല

## 5.6.1. തൃക്കടവൂർ ഗ്രാമപഞ്ചായത്ത്

### 5.6.1.(1). മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടും പണി ചെയ്തിട്ടില്ല:

**ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3(10)**

താഴെപറയുന്ന പ്രവൃത്തികൾക്ക് അതിനുനേരേ കാണുന്ന തുകകൾ കൺവീനർമാർക്ക് അഡ്വാൻസായി നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ പണി ചെയ്തതായി കാണുന്നില്ല. ആയതിനാൽ അഡ്വാൻസ് നല്കിയ തുക നാളിതുവരെയുള്ള പലിശസഹിതം ഈടാക്കേണ്ടതാണ്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | എഗ്രിമെന്റ് | നല്കിയ തുക/ചെക്ക് നമ്പർ | കൺവീനർ |
|---|---|---|---|
| കാവിന്റെ തെക്കതിൽ ഓട കവറിംഗ് സ്ലാബ് നിർമ്മാണം | നം.18/06-07 തീയതി:9.3.07 | 24000/- 0849469 തീയതി:15.3.07 | വിജയപ്രസാദ് |
| മഞ്ഞിനാട് കായൽവാരം ഓട നിർമ്മാണം കവറിംഗ് സ്ളാബ് | നം.25/06-07 തീയതി.9.3.07 | 25000/- 0849471 തീയതി:15.3.07 | സി.കെ.ചന്ദ്രപ്രസാദ് |
| **ആകെ** | | **49000/-** | |

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*ശ്രീ.റ്റി.ജയപ്രകാശ് (സെക്രട്ടറി),*
*തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്*
*ആര്യ ഭവൻ, കിളികൊല്ലൂർ പി.ഒ., കൊല്ലം*

## *5.6.2. ചടയമംഗലം ഗ്രാമപഞ്ചായത്ത്*

### *5.6.2.(1) മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങിയിട്ട് പണി നടത്തിയിട്ടില്ല*

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3(7)***

| | |
|---|---|
| ✦ | *രണ്ട് പ്രവൃത്തികളുടെ മുൻകൂർ ഒരാൾക്ക്.* |
| ✦ | *സാങ്കേതികാനുമതി ലഭിക്കാതെയും കരാർ വയ്ക്കാതെയും മുൻകൂർ നൽകി.* |
| ✦ | *മുൻകൂർ തിരികെ ഈടാക്കാൻ നടപടിയില്ല.* |

2007-08 വർഷം വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ താഴെപ്പറയുന്ന മരാമത്ത് പണിയ്ക്ക് കൺവീനർ, പ്ലാവിള വീട്ടിൽ കെ.സത്യന് മൊബിലൈസേഷൻ അഡ്വാൻസായി 1,25,750/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിരുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/എസ്റ്റിമേറ്റ് തുക | തുക | ട്രഷറി ബിൽ നമ്പർ/തീയതി |
|---|---|---|---|
| 1 | ചടയമംഗലം വലിയ ഏലാതോട് സംരക്ഷണം, 2,50,800/-രൂപ | 57,000 | 34/07-08/31-03-2008 |
| 2 | മണ്ണാംപറമ്പിൽ പേരാപ്പിൽ വെള്ളംകൊള്ളി ഏലാതോട് സംരക്ഷണം, 30,25,000/-രൂപ | 68,750 | 35/07-08/31-03-2008 |
| **ആകെ** | | **1,25,750** | |

ചടയമംഗലം വലിയ ഏലാതോട് സംരക്ഷണ പണിക്ക് എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിലും, മണ്ണാംപറമ്പിൽ പേരാപ്പിൽ വെള്ളംകൊള്ളി ഏലാതോട് സംരക്ഷണ പണിയുടെ ഗുണഭോക്തൃ കമ്മിറ്റി കൺവീനർ ഒപ്പിടുന്ന കരാർ ഉടമ്പടി പൂരിപ്പിച്ച് ഒപ്പ് വച്ചിട്ടില്ല. അതുപോലെതന്നെ ഗുണഭോക്തൃകമ്മിറ്റി അംഗങ്ങൾ എഴുതി ഒപ്പിടുന്ന കരാർ ഉടമ്പടിയിലും ഒപ്പ് വച്ചിട്ടില്ല. ഈ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതിയും ലഭിച്ചിരുന്നില്ല. സാങ്കേതികാനുമതി ലഭിക്കാത്ത പ്രവൃത്തിയ്ക്ക് മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഈ വർക്ക് ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിരുന്നുവോ എന്ന് വ്യക്തമാക്കിയിരുന്നില്ല. ഒരു കൺവീനർക്ക് തന്നെ രണ്ട് പ്രവൃത്തികൾ കൊടുത്തതിന്റെ ഉദ്ദേശവും വ്യക്തമല്ല. വികസന ഫണ്ടിൽ നിന്നും 1,25,750/-രൂപ കൊടുത്തിട്ട് പ്രവൃത്തി നടത്താതിരുന്നതിന് എഞ്ചിനീയറുടെ ഭാഗത്തുനിന്നോ, പഞ്ചായത്ത് കമ്മിറ്റിയുടെ ഭാഗത്തുനിന്നോ യാതൊരു തുടർനടപടിയും സ്വീകരിച്ചു കാണുന്നില്ല. ആയതിനാൽ, ഈ വർക്കുകൾക്ക് വേണ്ടി കൊടുത്ത 1,25,750/-രൂപ, 12% പലിശ സഹിതം ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*ശ്രീ.അജയ കുമാർ (അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനീയർ),*
*ചടയമംഗലം ബ്ലോക്ക് ഓഫീസ്.*
*പുത്തൻവിള വീട്, ആലൻച്ചേരി, ഏരൂർ.പി.ഒ. കൊല്ലം-691312*

## 5.6.3. ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്

### 5.6.3.(1). പുളിയ്ക്കൽ കുളം മുതൽ കുറ്റങ്ങേൽ അംഗൻവാടിവരെയുള്ള തോടിന്റെ സംരക്ഷണ ജോലികൾ കൺവീനർ നടത്താതിരുന്നത് – മൊബിലൈസേഷൻ അഡ്വാൻസ് 20,000/- രൂപയും പലിശയും തിരികെ ഈടാക്കിയിട്ടില്ല:

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ-3(10)***

എസ്.ജി.ആർ.വൈ പദ്ധതി പ്രകാരം 2007-08 വർഷം പുളിയ്ക്കൽ കുളം മുതൽ കുറ്റങ്ങേൽ അംഗൻവാടി വരെയുള്ള തോടിന്റെ സംരക്ഷണ പണികൾ നടരാജൻ, ദ്വാരക, മാമ്പള്ളിക്കുന്നം, ചാത്തന്നൂർ എന്ന കൺവീനർക്ക് 17.03.08-ലെ 4/07-08-ാം നമ്പർ എഗ്രിമെന്റ് പ്രകാരം നൽകിയിരുന്നു. ഈ വർക്കിനുവേണ്ടി മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ 20,000/-രൂപ 28.03.2008-ലെ ചെക്ക് നമ്പർ.466780 പ്രകാരം നൽകിയിരുന്നു. എന്നാൽ നാളിതുവരെയായിട്ടും കൺവീനർ പണിതുടങ്ങിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും 23.06.2008-ലെ പി.ഡബ്ല്യു. എസ്. 070/08-ലെ കത്ത് പ്രകാരം കൺവീനറോട് 20,000/-രൂപ പലിശ സഹിതം ഒടുക്ക് വരുത്തുവാനും, അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടപടി പ്രകാരം തുക ഈടാക്കുന്നതാണെന്നും അറിയിച്ചിരുന്നു. എന്നാൽ കൺവീനർ 20,000/-രൂപ പലിശ സഹിതം ഒടുക്ക് വരുത്തിയിട്ടില്ല. പഞ്ചായത്തിൽ നിന്നും പിന്നീട് യാതൊരു തുടർനടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ കൺവീനറിൽ നിന്നും 20,000/-രൂപ 18% പലിശ സഹിതം ഈടാക്കി ഒടുക്ക് വരുത്തിയിട്ടില്ല എങ്കിൽ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുന്നതിന് സർചാർജ്ജ് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു കൊള്ളുന്നു.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*
*ശ്രീ. സി.ആർ. സുരേഷ്കുമാർ (സെക്രട്ടറി), ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്*
*ഹരിപത്മം, മാമ്പള്ളിക്കുന്നം, ചാത്തന്നൂർ പി.ഒ., കൊല്ലം*

**പത്തനംതിട്ട ജില്ല**

## 5.6.4. അടൂർ മുൻസിപ്പാലിറ്റി

### 5.6.4.(1). നഗരസഭയിലെ സി.എഫ്.എൽ.കളുടെ വാർഷിക മെയിന്റനൻസിന് മുൻകൂർ നൽകിയതു സംബന്ധിച്ച്

***റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 3-3***

| | |
|---|---|
| ✦ | *മുൻകൂർ കൈപ്പറ്റിയ സ്ഥാപനം തെരുവിളക്കുകളുടെ മെയിന്റനൻസ് നടത്തുന്നില്ല.* |
| ✦ | *കരാർ തയ്യാറാക്കിയത് നഗരസഭയ്ക്കും പ്രതികൂലമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി.* |

കേരള വികസന പദ്ധതിയിലുൾപ്പെടുത്തി നഗരസഭയുടെ പരിധിയിലുള്ള സി.എഫ്.എൽ. തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി എന്ന പ്രോജക്ടിന്റെ നടത്തിപ്പിനായി അമ്മിണി എനർജി സിസ്റ്റം, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പാപ്പനംകോട്, തിരുവനന്തപുരം  എന്ന സ്ഥാപനവുമായി 24-3-2005-ൽ നഗരസഭ കരാറുണ്ടാക്കി.

ഇതിൻപ്രകാരം 24.03.2005 മുതൽ ഒരു വർഷക്കാലത്തേക്ക് നഗരസഭാ പരിധിയിലുള്ള മൊത്തം 480 സി.എഫ്.എൽ.കളുടെ അറ്റകുറ്റപണികൾ യഥാസമയം പരാതിയ്ക്ക് അവസരമില്ലാത്തവണ്ണം നടത്താമെന്ന് ടി സ്ഥാപനം നഗരസഭയുമായി എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. എഗ്രിമെന്റ് അനുസരിച്ച് ലൈറ്റ് ഒന്നിന് 336.40 രൂപ നിരക്കിൽ 480 ലൈറ്റുകൾക്ക് മൊത്തം 1,61,472/-രൂപ സ്ഥാപനത്തിന് ചെല്ലേണ്ട സ്ഥാനത്ത് മുൻകൂറായി 1,31,000/-രൂപ നൽകിയിട്ടുണ്ട്. (വൗച്ചർ നമ്പർ 84/3-05 തീയതി 31-3-2005).

എന്നാൽ എഗ്രിമെന്റ് പ്രകാരം സ്ഥാപനത്തിനു ചെല്ലേണ്ട മൊത്തം തുകയായ 1,61,472/-രൂപയിൽ അഡ്വാൻസ് കഴിച്ചുള്ള തുക ആദ്യ സർവ്വീസ് പൂർത്തിയായാലുടൻ നൽകണമെന്നും അപ്രകാരം മൊത്തം തുകയും നൽകുന്നില്ലെങ്കിൽ തുടർന്ന് സേവനങ്ങൾ നൽകുന്നതല്ലെന്നും എഗ്രിമെന്റിൽ പറയുന്നുണ്ട്.

അതിനുശേഷം അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സ്ഥാപനം തയ്യാറാകാത്തതിൽ നിയമ നടപടികൾ സ്വീകരിക്കുമെന്നറിയിച്ച് 6-5-2005-ൽ കത്ത് നൽകിയതിനെ  തുടർന്ന് 28-5-2005 മുതൽ 7-6-2005 വരെ സന്തോഷ് എന്നൊരാൾ മെയിന്റനൻസ് ജോലി നടത്തിയതായി നഗരസഭാ സെക്രട്ടറിയുടെ സാക്ഷ്യപത്രം ഉണ്ട്.

പിന്നീട് 24-10-2008-ൽ നഗരസഭ നൽകിയ കത്ത് പ്രകാരം വാർഷിക മെയിന്റനൻസ് നടത്തുന്നതിൽ വീഴ്ച വരുത്തിയ സ്ഥാപനത്തിനെതിരെ നിയമ നടപടി സ്വീകരിക്കുമെന്ന് മുന്നറിയിപ്പു നൽകിയെങ്കിലും സ്ഥാപനം മറുപടി നൽകിയിട്ടില്ല.

കരാർ പരിശോധിച്ചാൽ മുഴുവൻ തുകയും ആദ്യ സർവ്വീസ് കഴിയുമ്പോൾ ഒടുക്കേണ്ട നഗരസഭ അപ്രകാരം ചെയ്യാതെ കരാർ ലംഘനം നടത്തിയതുവഴി തുടർ സേവനം ലഭ്യമാക്കാൻ സ്ഥാപനത്തിന് ബാദ്ധ്യത ഇല്ല.

ഇതിനെ തുടർന്ന് അഡ്വ.കെ.എൻ.യശോധരൻ മുഖേന പത്തനംതിട്ട ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിൽ കേസ് നൽകിയിട്ടുണ്ട്.

സ്ഥാപനവും  നഗരസഭയും തമ്മിൽ ഉണ്ടാക്കിയ കരാർ പ്രകാരം കേസ്സുകൾ തിരുവനന്തപുരം കോടതികളിൽ മാത്രമേ നടത്താവൂ എന്ന് പറയുന്ന സാഹചര്യത്തിൽ പത്തനംതിട്ട ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ നൽകിയ ഈ കേസിനും സാങ്കേതികമായ നിലനിൽപ്പില്ല.

മേൽപറഞ്ഞ സാഹചര്യത്തിൽ നഗരസഭയ്ക്ക് പ്രതികൂലമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി അമ്മിണി ഇലക്ട്രോണിക്സ്, തിരുവനന്തപുരം എന്ന സ്ഥാപനവുമായി വ്യവസ്ഥകൾ ഏകപക്ഷീയമായി  അംഗീകരിച്ച് നഗരസഭയ്ക്ക് പ്രതികൂലമായ പഴുതുകൾ ഉൾക്കൊള്ളിച്ച് കരാർ ഉണ്ടാക്കുക വഴി നഗരസഭയ്ക്ക് ധനനഷ്ടം ഉണ്ടായത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ  നടപടി സ്വീകരിക്കേണ്ടതാണ്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*
*ശ്രീ.കെ.പ്രേംകുമാർ (മുനിസിപ്പൽ സെക്രട്ടറി),*
*മഡോണ, പാപ്പനംകോട്, തിരുവനന്തപുരം.*

**തൃശ്ശൂർ ജില്ല**

## 5.6.5. സമാഹരണ മുൻകൂർ നൽകി-പണിപൂർത്തിയാക്കിയിട്ടില്ല

താഴെപറയുന്ന പ്രവർത്തികൾക്ക് സമാഹരണ മുൻകൂർ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പ്രവർത്തികൾ അടിയന്തിര മായി പൂർത്തിയാക്കുന്നതിനോ അല്ലാത്തപക്ഷം 12% പലിശ സഹിതം തുക ഈടാക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

| സ്ഥാപന ത്തിന്റെ പേര് | പ്രവർത്തിയുടെ പേര് | ഓ.റി. വർഷം | ഖണ്ഡിക നം. | നൽകിയ തുക |
|---|---|---|---|---|
| വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത് | പുതുശ്ശേരി ശ്മശാനത്തിൽ ചൂളനിർമ്മാണം, കോസ്റ്റ്ഫോർഡ്, തൃശ്ശൂർ. (99-2000) | 2004-05 | 3-20 | 1,04,000 |
| | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ അംഗൻവാടി കെട്ടിട നിർമ്മാണം - കെ.നന്ദകുമാർ, കണ്ടംകുമരത്ത്, ചെറുതുരുത്തി (98-99) | 2004-05 | 3-20 | 66,000 |
| | കല്ലേകുണ്ട് വാട്ടർ സപ്ലൈ സ്കീം - ശിവദാസൻ, തെക്കേതൊടിയിൽ, ചെറുതുരുത്തി (1999-2000) | 2004-05 | 3-20 | 90,345 |
| | ഇരട്ടക്കുളം വാട്ടർ സപ്ലൈ സ്കീം - നാരായണൻ, കുന്നത്ത്, ചെറുതുരുത്തി (1999-2000) | 2004-05 | 3-20 | 91,345 |
| | മുല്ലക്കപ്പറമ്പ് വാട്ടർ സപ്ലൈ, തിരുവല്ലത്ത്, ചെറുതുരുത്തി (1999-2000) | 2004-05 | 3-20 | 1,00,080 |
| | വെട്ടിക്കാട്ടിരി ലക്ഷംവീട് കോളനി വാട്ടർ സപ്ലൈ, മൊയ്തുണ്ണി മന്തിയിൽ, വെട്ടിക്കാട്ടിരി(1999-2000) | 2004-05 | 3-20 | 95,825 |
| | ചെറുതുരുത്തി ഹൈസ്കൂൾ -ടി-, കെ.വി.കമറുദ്ദീൻ മാസ്റ്റർ, ജി.എച്ച്.എസ്.എസ്. ചെറുതുരുത്തി (1999-2000) | 2004-05 | 3-20 | 1,93,811 |
| | പള്ളിക്കൽ കടവത്തൊടി റോഡ്, കെ.ആർ.വാസുദേവൻ കടവത്തൊടി, പള്ളിക്കൽ (97-98) | 2004-05 | 3-20 | 1,35,477 |
| | പള്ളം ഭാരതപ്പുഴ കടവ് റോഡ് (99-00) | 2004-05 | 3-20 | 33,000 |
| അന്തിക്കാട് ഗ്രാമ പഞ്ചായത്ത് | മുറിയൻ കണ്ടൻ റോഡ് മെറ്റലിങ്ങ് | 2006-07 | 3-6 | 28,000 |
| | ഗ്രൗണ്ട് പാർശ്വഭിത്തി | 2006-07 | 3-6 | 37,701 |
| | ഖാദർ മൈതാനം കോളനി പാർശ്വഭിത്തി നിർമ്മാണം. എസ്.ജി.ആർ.വൈ. | 2006-07 | 3-6 | 16,250 |
| | മാങ്ങാട്ടുകര അമ്പാച്ചിറ ലിങ്ക് റോഡ് മെറ്റലിംഗ് എസ്.ജി.ആർ.വൈ. | 2006-07 | 3-6 | 12,500 |
| നടത്തറ ഗ്രാമ പഞ്ചായത്ത് | നെല്ലാനി തോട്ടിൽ വിസിബികളുടെ നിർമ്മാണം | 2009-10 | 3-12 | 81,655 |

| | | | | |
|---|---|---|---|---|
| തോളൂർ ഗ്രാമ പഞ്ചായത്ത് | ഷാരിയേക്കൽ കാളിപ്പാടം റോഡ് | 2006-07 | 3-12 | 11,780 |
| | ഐനിക്കൽ ബണ്ട് സംരക്ഷണം | 2006-07 | 3-12 | 67,000 |
| | മുള്ളൂർ ആളുക്കാരത്തി റോഡ് | 2006-07 | 3-12 | 5,950 |
| | ചാലയ്ക്കൽ പാറ ജല സംഭരണി | 2006-07 | 3-12 | 23,000 |
| മണലൂർ ഗ്രാമ പഞ്ചായത്ത് | വനിതാ വ്യവസായ കേന്ദ്രം റോഡ് നിർമ്മാണം | 2006-07 | 3-4 | 38,400 |
| | വനിതാ വ്യവസായ കേന്ദ്രം കെട്ടിട നിർമ്മാണം | 2006-07 | 3-4 | 46,803 |
| പഴയന്നൂർ ഗ്രാമ പഞ്ചായത്ത് | കല്ലും പറമ്പ് കോളനി ഗ്രാമ റോഡ് ഫോർമേഷൻ | 2006-07 | 3-7 | 47,000 |
| | തേവരുകുളം ചേറുംകോട് റോഡ് | 2006-07 | 3-7 | 22,000 |
| | പൂലിപ്പാടം കോളനി റോഡ് | 2006-07 | 3-7 | 23,000 |
| | കല്ലംപറമ്പ് പെരുമ്പാല പറമ്പ് റോഡ് ഫോർമേഷൻ | 2006-07 | 3-7 | 23,000 |
| | വെള്ളാർക്കുളം പ്ളാന്റേഷൻ വർക്ക് | 2006-07 | 3-7 | 23,000 |
| | കുമ്പളക്കോട് മാട്ടിൻമുകൾ കോളനി റോഡ് | 2006-07 | 3-7 | 33,000 |
| | വടക്കേക്കര മിച്ചഭൂമി റോഡ് | 2006-07 | 3-7 | 46,000 |
| | കുന്നംപുള്ളി തോപ്പിൽക്കുളം റോഡ് | 2006-07 | 3-7 | 23,000 |
| | കല്ലംപറമ്പ് കോളനി ഗ്രാമം റോഡ് ഫോർമേഷൻ | 2006-07 | 3-7 | 47,000 |
| | തിരുമണി കോളനി മലമ്പതി റോഡ് ഫോർമേഷൻ | 2006-07 | 3-7 | 47,000 |

**പാലക്കാട് ജില്ല**

## 5.6.6. മുതലമട ഗ്രാമപഞ്ചായത്ത്

### 5.6.6.(1). അനർട്ടിൽ തുക നിക്ഷേപിച്ചത്– പദ്ധതി ആരംഭിച്ചിട്ടില്ല– കരാർ ഉടമ്പടി പ്രകാരം പിഴപ്പലിശ ഈടാക്കിയിട്ടില്ല– പദ്ധതി ഫണ്ടിന് നഷ്ടം

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-6***

വൈദ്യുതീകരിക്കാത്ത കെട്ടിടങ്ങൾ, വഴിവിളക്കുകളുടെ പ്രശ്നങ്ങൾ എന്നിവ നിർണ്ണയിക്കുന്നതിനുള്ള അനിവാര്യ സർവ്വേ, അന്തിമ ഊർജ്ജ വിനിയോഗത്തെ സംബന്ധിക്കുന്ന പഠനങ്ങൾ നടത്താനുള്ള സർവ്വേ, വൈദ്യൂതി ശ്രൃംഖലയെ സംബന്ധിക്കുന്ന പഠനങ്ങൾ നടത്താനുള്ള പവർലൈൻ മാപ്പിംഗ്, ബോധവൽക്കരണ പ്രവർത്തനങ്ങൾ നിശ്ചയിക്കാനുള്ള സർവ്വേ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിങ്ങനെ സമഗ്ര ഊർജ്ജാസൂത്രണ പരിപാടി തയ്യാറാക്കലാണ് പ്രോജക്ട് ലക്ഷ്യം.

ജി.ഒ(പി)നം.95/08ഫിൻ തീയതി: 23.02.08 പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. അനർട്ട് ഡയറക്ടറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ചേർന്ന് 15.05.08 ൽ ഒപ്പിട്ട കരാർഉടമ്പടിപത്ര പ്രകാരം പ്രോജക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ 01.04.08-ൽ തുടങ്ങേണ്ടതും, 30.06.09നകം പൂർത്തീകരിക്കേണ്ടതുമാണ് (വ്യവസ്ഥ നം.8) നിശ്ചിത സമയപരിധിക്കുള്ളിലോ, ഉഭയസമ്മത പ്രകാരം നീട്ടിക്കൊടുത്ത കാലാവധിക്കുള്ളിലോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെതല്ലാത്ത വീഴ്ചയാൽ പ്രോജക്ട് പൂർത്തീകരിക്കാതിരുന്നാൽ കാലതാമസം വരുത്തിയ ഓരോ മാസത്തേക്കും എസ്റ്റിമേറ്റ് തുകയുടെ (രൂപ 510000) 2% ക്രമത്തിൽ പിഴപ്പലിശ ഈടാക്കാൻ തദ്ദേശഭരണ സ്ഥാപനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

നാളിതുവരെയും പ്രോജക്ട് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. 07/09 മുതൽ 10,200/-രൂപ പ്രകാരം (എസ്റ്റിമേറ്റ് തുക 5,10,000/-രൂപയുടെ 2%) ഈടാക്കേണ്ട പിഴപലിശ സംബന്ധിച്ചും യാതൊരു നടപടിയും പഞ്ചായത്തിൽനിന്നും സ്വീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 7/09 മുതൽ ഓഡിറ്റ് നടത്തിയ മാസം വരെയുള്ള (ജനുവരി 2010) പിഴപ്പലിശ 71400/- രൂപയും (10200x7) തുടർന്ന് ഫെബ്രുവരി 2010 മുതൽക്കുള്ള പിഴപ്പലിശയും ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*

*ശ്രീ.ഈ.ജെ.ഫോർബി (സെക്രട്ടറി),*

*ഇലഞ്ഞിക്കൽ വീട്, പി.ഒ.മാള, പള്ളിപ്പുറം, തൃശ്ശൂർ-680732.*

**<u>മലപ്പുറം ജില്ല</u>**

## 5.6.7. തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

### 5.6.7.(1). ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് നൽകിയ അഡ്വാൻസ് തുകകൾ തിരിച്ച് പിടിക്കാത്തത് സംബന്ധിച്ച്

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3 (32)</u>***

എസ്.ജി.ആർ.വൈ. പദ്ധതിയിൽ താഴെ കാണിച്ച വിവിധ പഞ്ചായത്തുകളിലെ റോഡ്/പാത്ത് വേ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 2005-06 വർഷത്തിൽ ഗുണഭോക്തൃ സമിതി കൺവീനർമാർ കരാർവെച്ച് അഡ്വാൻസ് കൈപ്പറ്റിയ ശേഷം പ്രവൃത്തി നിർവ്വഹിക്കുകയോ, തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തികൾ തുടർന്ന് നിർവ്വഹിക്കേണ്ടതില്ലായെന്ന് 20.12.06-ലെ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 7(എ) ആയി അഡ്വാൻസ് തുക പലിശ സഹിതം തിരിച്ചു പിടിക്കാൻ തീരുമാനിച്ചതാണ്.

| | | | |
|---|---|---|---|
| 1 | കാളം തിരുത്തി-പൂക്കുളങ്ങര റോഡ് പുരോഗമനം (എസ്.ജി.ആർ.വൈ-2005-06) നന്നമ്പ്ര ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ സമിതി കൺവീനർ- ശ്രീ.കെ. ഷംസുദ്ദീൻ കരാർ നം.32/05-06/03.01.06 എസ്റ്റി.തുക- 10 ലക്ഷം രൂപ | 865876/ 08.02.06 | 50000 |
| 2 | കിഴക്കും പാടം ഫീൽഡ് ബോത്തി മുന്നിയൂർ ഗ്രാമപഞ്ചായത്ത് (എസ്.ജി.ആർ.വൈ.2005-06) ഗുണഭോക്തൃ സമിതി കൺവീനർ: മണക്കടവൻ അലവി കരാർ നം. 30/05-06/31.01.06, എസ്റ്റി. തുക-5 ലക്ഷം രൂപ | 865874/ 08.02.06 | 50000 |
| 3 | ചീർപ്പിങ്ങൽ ന്യൂ കട്ട് റോഡ് പുനരുദ്ധാരണം- പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് (എസ്.ജി.ആർ.വൈ 2005-06) ഗുണഭോക്തൃ സമിതി കൺവീനർ-ശ്രീ.കൂളത്ത് കോയക്കുട്ടി എസ്റ്റി. തുക- 10 ലക്ഷം രൂപ | 865875/ 08.02.06 | 50000 |
| | ആകെ | | **150000** |

മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ അഡ്വാൻസ് തുക ഈടാക്കുന്നതിന് ഒരു തുടർനടപടിയും സ്വീകരിച്ചതിന് രേഖയില്ല. 07.12.09 വരെയുള്ള കാലയളവിന് 18% പലിശയായ 1,03,500/- രൂപയുൾപ്പെടെ 2,53,500/- രൂപയാണ്. (സർക്കുലർ നം.47101/ഡി.പി.ഐ/01 ത.സ്വ.ഭ.വ തീയതി 27.12.01)

അഡ്വാൻസ് തിരിച്ചുപിടിക്കാത്ത കാര്യം നിർവ്വഹണഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് 30.12.09-ന് നൽകിയ മറുപടിയിൽ 18% പലിശ സഹിതം എത്രയുംവേഗം തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുന്നുണ്ട്. 20.12.06-ന് ഭരണസമിതി തീരുമാനിച്ചിട്ടും ബന്ധപ്പെട്ട സെക്ഷൻ, മേൽനോട്ട ചുമതലയുള്ള ഹെഡ്ക്ലാർക്ക്, ബ്ലോക്ക് സെക്രട്ടറി എന്നിവരുടെ ഭാഗത്തു നിന്നും ഓഡിറ്റ് പരാമർശം വരുന്നതുവരെ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നത് ശരിയായ നടപടിയല്ല.

ഓഡിറ്റ് തീയതി (05.02.10) വരെയുള്ള കാലയളവിൽ 1.5 ലക്ഷം രൂപയ്ക്ക് 18% പലിശ സഹിതം (1,08,000/-രൂപ) ആകെ 258000/- രൂപ തിരിച്ചുപിടിക്കാനുണ്ട്. തുക തിരിച്ച് പിടിക്കുന്നതിൽ വീഴ്ച വന്നതിന് 20.12.06 മുതൽ ചുമതലയുള്ള സെക്ഷൻ ക്ലാർക്ക്, ഹെഡ് ക്ലാർക്ക്, ബ്ലോക്ക് സെക്രട്ടറി എന്നിവർ ഉത്തരവാദികളാണ്.

*Note: ഉത്തരവാദികളുടെ പേരും വിലാസവും ലഭ്യാക്കിയിട്ടില്ല.*

## 5.6.8. നിലമ്പൂർ ഗ്രാമപഞ്ചായത്ത്

### 5.6.8.(1). മുൻ വർഷങ്ങളിൽ ആരംഭിച്ച കുടിവെള്ള പദ്ധതി പ്രോജക്ടുകൾ – മുൻകൂർ നൽകിയത് ക്രമീകരിച്ചിട്ടില്ല/പ്രവൃത്തി നടത്തിയിട്ടില്ല

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3 (13)***

താഴെ കാണും പ്രകാരം മുൻകൂർ നൽകിയ കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ല. നൽകിയ മുൻകൂറുകൾ തിരികെ ഈടാക്കുന്നതിന് 16.04.05-ലെ ജി.ഒ (എം.എസ്)97/05/ആർ.ഡി. നമ്പർ ഉത്തരവിൽ നിർദ്ദേശിച്ച വിധമുള്ള റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടില്ല. 18% വാർഷിക പലിശ നിരക്കിൽ മുൻകൂർ തുക ഈടാക്കുന്നതിന് സത്വരമായി റവന്യൂറിക്കവറി ശുപാർശ നൽകേണ്ടതാണ്. യഥാസമയം നടപടിയെടുക്കാതിരുന്നതുവഴി തുകകൾ ഈടാക്കാൻ കഴിയാതെ വന്നാൽ വീഴ്ച വരുത്തിയവർക്ക് ബാധ്യതവരുമെന്ന് സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുള്ള കാര്യവും ശ്രദ്ധയിൽപ്പെടുത്തുന്നു.

| ക്രമ നം. | പദ്ധതി | മുൻകൂർ തുക | | മുൻകൂർ നൽകിയ തീയതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | ആശുപത്രിക്കുന്ന് മിനിവാട്ടർ സപ്ലൈ സ്കീം (101000) (എഗ്രി.69/03-04, തീയതി 31.03.04) | 25250 | ശ്രീ.ഉമ്മണത്ത് ജയപാലൻ, S/o ദാമോദരൻ നായർ, ഉമ്മണത്ത് വീട്, നിലമ്പൂർ ആർ.എസ്.പി.ഒ | ചെക്ക് നമ്പർ 426222/ 31.03.04 |

| | | | | |
|---|---|---|---|---|
| 2 | ചന്തക്കുന്ന് മിനി വാട്ടർ സപ്ലൈ സ്കീം (300000) (എഗ്രി.68/03-04, തീയതി 31.03.04) | 75000 | സെക്രട്ടറിയുടെ 12.08.04, 27.01.05, 23.11.05 തീയതികളിലെ സി.1/515/05-06 നമ്പർ കത്ത് മുഖേന മുൻകൂർ തുകയും 18% പലിശയും സഹിതം തിരിച്ചടവാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്. | 426221/ 31.03.04 |
| 3 | മാമ്പറ്റപൊയിൽ മിനി വാട്ടർ സപ്ലൈ സ്കീം (100000) (എഗ്രി.71/03-04, തീയതി 31.03.04) | 25000 | 27.01.05-ന് അയച്ച നോട്ടീസ് 'Not claimed. Returned to sender' എന്ന റിമാർക്സോടെ തിരികെവന്നിരിക്കുന്നു. 12.12.05-ന് 23.11.05 ലെ കത്ത് ശ്രീ.ജയപാലൻ കൈപ്പറ്റിയിട്ടുണ്ട് | 426224/ 31.03.04 |
| 4 | എൻ.എസ്.എസ്.പട്ടരാക്ക കിണർ നിർമ്മാണം. (105000)എഗ്രി.നം.65എ/ 03-04 തീയതി:31.03.04. | 26250 | ശ്രീ.സുരേഷ്, S/o കൃഷ്ണൻവൈദ്യർ, കൊല്ലാരുകൊടി, പട്ടരാക്ക, നിലമ്പൂർ. ആർ. എസ്.പി.ഒ, 12.08.04, 27.01.05, 23.11.05 തീയതികളിലെ കത്തുമുഖേന മുൻകൂറുകൾ തിരിച്ചടവാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്. | 31.03.04 |
| 5 | ശിശുമന്ദിരം മിനി കുടിവെള്ള പദ്ധതി (105000) എഗ്രി.നം.70/03-04, തീയതി 31.03.04 | 26250 | കെ.മുജീബ്റഹ്മാൻ, അത്തിമണ്ണിൽ പാടിക്കുന്ന്, നിലമ്പൂർ, 12.08.04, 23.11.05-ലെ സി.1/515/05-06 നമ്പർ കത്ത് പ്രകാരം മുൻകൂർ 7 ദിവസത്തിനകം തിരിച്ചടവാക്കാൻ നോട്ടീസ് നൽകി | 31.03.04 |
| 6 | യുണൈറ്റഡ് റോഡ് ക്ലബ് കിണർ (എഗ്രി നം.82/03-04) 1,00,000/- രൂപ | 25000 | ശ്രീ. വി.ഗോവിന്ദൻ S/o വേലു കോവിലകത്തുമുറി, നിലമ്പൂർ പി.ഒ, (12.08.04, 23.11.05 തീയതികളിൽ നോട്ടീസ് നൽകി. 22.02.06-ലെ കത്തിൽ 7 ദിവസത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ടതും അല്ലാത്ത പക്ഷം കൈപ്പറ്റിയ മുൻകൂർ പലിശസഹിതം തിരിച്ചട വാക്കേണ്ടതുമാണ് എന്ന് അറിയിച്ചിരുന്നുവെങ്കിലും ബിൽ തയ്യാറാക്കാനായി 12/03-04 നമ്പർ അളവുപുസ്തകവും ഫയലും കൈപ്പറ്റിയ കൺവീനർ നാളിതുവരെയും ബിൽ സമർപ്പിച്ചിട്ടില്ല. | 28.05.04 |
| 7 | മുമ്മുള്ളി അങ്കണവാടി കിണർ നിർ മ്മാണം (എഗ്രി.നം. 30.03.04) (83,000/-രൂപ) | 20750 | ഉമ്മണത്ത് ലോകദാസൻ, S/o ദാമോദരൻ നായർ, നിലമ്പൂർ ആർ.എസ്.പി.ഒ | 31.03.04 |
| **ആകെ** | | **2,23,500/-രൂപ** | | |

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*

*ശ്രീ.ബാബുരാജ് (സെക്രട്ടറി)*

*'ഭാവന' മലയിൻകീഴ്.പി.ഒ. പിൻ-675 571.*

# 5.6.9. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

## 5.6.9.(1) മുൻകൂറായി പണവും ഭക്ഷ്യധാന്യവും കൈപ്പറ്റി – പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് – (എസ്.ജി.ആർ.വൈ)

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക 3-2*

2005-06-ലെ എസ്.ജി.ആർ.വൈ ആക്ഷൻ പ്ലാൻ പ്രകാരം അംഗീകരിച്ച് നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ കൺവീനർമാർക്ക്/വ്യക്തികൾക്ക് ധനവും ഭക്ഷ്യധാന്യവും നൽകിയിട്ടുണ്ടെങ്കിലും പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. എഗ്രിമെന്റ് പ്രകാരം 31.03.2006-നകം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതാണ്. ഓഡിറ്റ് തീയതി വരെയും പദ്ധതികൾ പൂർത്തീകരിച്ചതായി വർക്ക്ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5 തീയതി: 24.07.2009) മുഴുവൻ പ്രവൃത്തികളുടെയും കാര്യത്തിൽ റിക്കവറി നടപടികൾ നടന്നുവരികയാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ നൽകിയ അരിയുടെയും ഗോതമ്പിന്റെയും വില മാർക്കറ്റ് നിരക്കിൽ കൺവീനർമാരിൽ നിന്നും ഈടാക്കേണ്ടതാണ്. കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് 2007 മാർച്ച് അവസാനിച്ച വർഷത്തേത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഖണ്ഡിക 3.6.5.3 പ്രകാരം അരിയുടെ വില കിലോയ്ക്ക് 14.17 രൂപയും ഗോതമ്പിന് 9.54 രൂപയുമാണ്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നൽകിയ തുക/ ഭക്ഷ്യ ധാന്യം | ചെക്ക് നമ്പർ/ തീയതി | കൺവീനറുടെ പേര് | റവന്യൂ റിക്കവറിക്ക് അയച്ച തീയതി |
|---|---|---|---|---|---|
| 1 | തെനവയൽ സൈഡ് സംരക്ഷണം -എസ്റ്റിമേറ്റ് 1,00,000/- | 25000 | 898926/ 27.08.05 | ശ്രീ.രാമൻ | 28.02.2008 |
| | അരി 980x 14.17 = 13887<br>ഗോതമ്പ് 490x9.54 = 4675 | 18562 | | | |
| 2 | എട്ടുവയൽ കിണർ നിർമ്മാണം എസ്റ്റിമേറ്റ് 50000/- | 12500 | 897942/ 27.08.05 | ശ്രീ.പി.മൂസ്സ | 02.01.2008 |
| 3 | നിരിട്ടാടി കിണർ നിർമ്മാണം എസ്റ്റിമേറ്റ് 50000/- | 12500 | 898915/ 27.08.05 | ശ്രീ.ടി.കെ.ബഷീർ | 21.01.2008 |
| | അരി 490 x 14.17 = 6943<br>ഗോതമ്പ് 245 x 9.54 = 2337 | 9280 | | | |
| 4 | ആശ്രമം സ്കൂൾ റോഡ് അപ്രോച്ച് റോഡ് പ്രവൃത്തി എസ്റ്റിമേറ്റ് 2 ലക്ഷം | 50000 | 898939/ 27.08.05 | ശ്രീ.ടി.മോഹനൻ | 12.03.2009 |
| | അരി 1964 x 14.17 = 27830<br>ഗോതമ്പ് 982 x 9.54 = 9368 | 37198 | | | |
| 5 | അയണാറ്റ കോളനി റോഡ് പ്രവൃത്തി എസ്റ്റിമേറ്റ് 2 ലക്ഷം | 50000 | 898925/ 27.08.05 | ശ്രീ.ഒ.ആർ.അണ്ണൻ | 02.01.2008 |

| | | | | | |
|---|---|---|---|---|---|
| 6 | ശ്രീ.ഒ.ചന്തുവിന് കിണർ എസ്റ്റിമേറ്റ് 50000 | 12500 | 299492/ 29.11.05 | വ്യക്തിഗതം | - |
| 7 | മലങ്കര മാസ് ക്ലബ് കെട്ടിടം എസ്റ്റിമേറ്റ് 1.50 ലക്ഷം | 37500 | 898935/ 27.08.05 | ശ്രീ.ഗിരീഷ് | - |
| 8 | പടിഞ്ഞാറെ നടപ്പെറ്റ ബേബി യുടെ വീടിന് സമീപം സൈഡ് കെട്ടൽ എസ്റ്റിമേറ്റ് 50000 | 12500 | 899467/ 21.10.05 | ശ്രീ.ബേബി | - |
| 9 | ബസ്സ് വെയിറ്റിംഗ് ഷെഡ് വള്ളിത്തോട് കാപ്പാടി എസ്റ്റിമേറ്റ് 30000 | 7500 | 899491/ 28.11.05 | ശ്രീ.പി.ആർ.നൗഷാദ് | - |
| **ആകെ** | | **285040** | | | |

<u>ക്രമ നമ്പർ 6 ശ്രീ.ഒ.ചന്തുവിന് കിണർ-</u>

ടിയാന്റെ 18.11.2008-ലെ അപേക്ഷയിൽ കിണർ ഇടിഞ്ഞുപോയെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 25.11.2008-ൽ ബ്ലോക്ക് പഞ്ചായത്ത് തീരുമാനം 127/08 (8) പ്രകാരം 2009-10-ലെ പദ്ധതിയിലുൾപ്പെടുത്തി കിണർ അനുവദിക്കുന്ന തിനും ഫൈനൽ ബില്ലിൽനിന്നും മുൻകൂറായി നൽകിയ 12500/-രൂപ കുറവ് ചെയ്യുന്നതിനും നടപടി സ്വീകരിക്കാൻ തീരുമാനിച്ചു.

<u>ക്രമ നമ്പർ 7:</u>

മലങ്കര മാസ് ക്ലബ് കെട്ടിടത്തിന്റെ പണി 21.06.2006 ന് പൂർത്തീകരിച്ചതായി കൺവീനർ ശ്രീ.ഗിരീഷ് അറിയിച്ചതിനെ തുടർന്ന് ഫൈനൽ ബില്ലും മറ്റ് അനുബന്ധരേഖകളും ഡി.ആർ.ഡി.എ. പ്രോജക്ട് ഓഫീസർക്ക് അയച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് തീയതിവരെയും തിരിച്ചു കിട്ടിയിട്ടി ല്ലായെന്ന് വിശദീകരണം നൽകിയിട്ടുണ്ട്.

<u>ക്രമ നമ്പർ 8:</u>

ബ്ലോക്ക് പഞ്ചായത്ത് തീരുമാനം നമ്പർ 10/06 തീയതി: 18.01.2006 പ്രകാരം പ്രവർത്തി റദ്ദാക്കി.

<u>ക്രമ നമ്പർ 9:</u>

മാനന്തവാടി തഹസിൽദാരുടെ ഡി.2-53/03 എം/07-08 തീയതി 31.03.2008 പ്രകാരം 1500/-രൂപയും ഇതേ കത്ത് നമ്പർ തീയതി: 16.05.2005 പ്രകാരം 3000/-രൂപയും കൂടി 4500/-രൂപ അടച്ചിട്ടുണ്ടെന്ന് വർക്ക്ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തി യിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രസീത്, തുക ഒടുക്കിയത് സംബന്ധിച്ച വിവരം എന്നിവ ലഭ്യമല്ല.

മുൻകൂറായി നൽകിയ പണവും ഭക്ഷ്യധാന്യത്തിന്റെ വിലയും റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയതിന്റെ വിവരവും അല്ലാത്തവയുടെ കാര്യ ത്തിൽ മേൽപ്പറഞ്ഞ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ പൂർത്തീകരിച്ച വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ യഥാസമ യത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനോ, മുൻകൂറായി നൽകിയ തുക തിരിച്ചു പിടിക്കുന്നതിനോ നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടായ തിന് മതിയായ വിശദീകരണവും നൽകേണ്ടതാണ്. കൺവീനർ/വ്യക്തികൾ എന്നി വർക്ക് നൽകിയ 285040/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

*ഉത്തരവാദികളായ ഉദ്യോഗസ്ഥർ:*

*1. ശ്രീ.കെ.വി.വിജയരാജൻ (എക്സ്റ്റൻഷൻ ഓഫീസർ),*
*മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്.*

*2. ശ്രീ.എം.ഈശ്വരൻ, ശരൺ നിവാസ്,*
*കൂടോത്തുമ്മൽ, കടിയാമ്പറ്റ (പി.ഒ), വയനാട്.*
*(Designation ലഭ്യമാക്കിയിട്ടില്ല)*

# 5.6.10. വയനാട് ജില്ലാ പഞ്ചായത്ത്

## 5.6.10.(1). പട്ടികവർഗ്ഗ ഭവനനിർമ്മാണത്തിന് തുക കൈപ്പറ്റിയ സർക്കാർ ഏജൻസി ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക 3-3***

| | |
|---|---|
| ✦ | ***നൂറ് വീടുകൾ പണിയാൻ മുൻകൂർ കൈപ്പറ്റിയ സ്ഥാപനം പൂർത്തിയാക്കിയത് 21 വീടുകൾ മാത്രം*** |
| ✦ | ***മുൻകൂർ തിരിച്ചടയ്ക്കാൻ ബാക്കി 1.59 ലക്ഷം.*** |

വയനാട് ജില്ലാ പഞ്ചായത്ത് പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണം 2003-04-ൽ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ഏൽപ്പിക്കുകയുണ്ടായി. ആകെ 100 വീടുകൾ നിർമ്മിക്കുന്നതിനായി ആദ്യഗഡു എന്ന നിലയിൽ 15,89,000/-രൂപ പ്രസ്തുത ഏജൻസി കൈപ്പറ്റുകയുമുണ്ടായി. എന്നാൽ ആകെ 21 വീടുകളും 3 വീടുകളുടെ തറയും മാത്രമാണ് ഏജൻസി നാളിതുവരെ പൂർത്തിയാക്കിയത്. പൂർത്തിയാക്കിയ 21 വീടുകൾക്ക് ഏജൻസിയും, എൽ.എസ്. ജി.ഡി. എഞ്ചിനീയർമാരും സംയുക്തമായി നടത്തിയതിൽ കണ്ടെത്തിയ മൂല്യം 14,15,642/-രൂപയാണ്. ഇതുപ്രകാരം ഏജൻസി ആകെ കൈപ്പറ്റിയ 15,89,000/-രൂപയിൽ ചെലവഴിച്ച 14,15,642/-രൂപ കിഴിച്ച് 1,59,358/-രൂപ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ജില്ലാ പഞ്ചായത്തിന് നൽകുവാനുണ്ട്. എന്നാൽ നാളിതുവരെ ടി തുക ഏജൻസി ഒടുക്കിയിട്ടില്ല. 26.05.2008-ലെ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 1(5)/08 നമ്പർ തീരുമാന പ്രകാരം ഏജൻസി ജില്ലാ പഞ്ചായത്തിന് ഒടുക്കേണ്ട തുക 12% പലിശ സഹിതം ഈടാക്കുവാൻ നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തതായി കാണുന്നു. ഇതനുസരിച്ച് തുക ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതും, സത്വരമായി തുക വസൂലാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*

*ശ്രീ.പി.എം.അലിഅസ്ഗർ പാഷ.ഐ.എ.എസ്.(സെക്രട്ടറി),*
*കരോലിത, വേയർഹൗസിന് സമീപം,*
*പിണങ്ങോട് റോഡ്, കൽപ്പറ്റ.*

## 5.7. രജിസ്റ്ററുകളും രേഖകളും കൃത്യമല്ലാത്തത്

ധനകാര്യ വകുപ്പിന്റെ 12.06.2003-ലെ സ.ഉ.(പി)319/2003 പ്രകാരമുള്ള അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ നിഷ്കർഷിച്ച രജിസ്റ്ററുകൾ ശരിയായ വിധത്തിൽ എഴുതി സൂക്ഷിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. വിവിധ ഇനത്തിലുള്ളവരവുകളുടെ ഡിമാന്റ് രജിസ്റ്ററുകൾക്കൊപ്പം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക തുകയുടെ കൃത്യത നിർണ്ണയിക്കാനോ കുടിശ്ശിക തുക ഈടാക്കുവാനോ കഴിയാതെ വലിയ തുകകൾ കാലഹരണപ്പെടുന്ന സാഹചര്യമാണുള്ളത്. അനിവാര്യമായ രജിസ്റ്ററുകളും രേഖകളും കാലികമായി എഴുതി സൂക്ഷിക്കാത്തതുമൂലം വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ വരവിനങ്ങളുടെ കൃത്യമായ കണക്കുകൾ ലഭ്യമാകുന്നില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ യഥാവിധി എഴുതി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് പെർഫോർമൻസ് ഓഡിറ്റ് വിഭാഗം ശ്രദ്ധിക്കേണ്ടതാണ്.

ലക്ഷക്കണക്കിന് തുക ചെലവഴിക്കുന്ന വിവിധ പെൻഷനുകളുടേയും തൊഴിൽ രഹിത വേതനത്തിന്റേയും വിതരണം സംബന്ധിച്ച രേഖകൾ സൂക്ഷിക്കാതിരിക്കുന്നത് ഗുരുതരമായ കൃത്യവിലോപമാണ്.

<u>**ആലപ്പുഴ**</u>

## 5.7.1. ചെന്നിത്തല-തൃപ്പെരുംതുറ ഗ്രാമപഞ്ചായത്ത്

### 5.7.1.(1). 40.45 ലക്ഷത്തിന്റെ പെൻഷൻ വിതരണത്തിന് രേഖയില്ല

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-17***

| | |
|---|---|
| ✦ | ***മണിയോർഡർ രസീത്, മണിയോർഡർ കൈപ്പറ്റ് രസീത് എന്നിവ ഇല്ല.*** |
| ✦ | ***പുതിയ പെൻഷൻകാരുടെ അപേക്ഷകളും ഇല്ല.*** |
| ✦ | ***പെൻഷൻ വിതരണ രജിസ്റ്ററും സൂക്ഷിക്കുന്നില്ല.*** |

ഓഡിറ്റ് വർഷം വിവിധ പെൻഷനുകളുടെ വിതരണത്തിന് 40,45,551/-രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചതായി കാണുന്നു. അരക്കോടിയോളം രൂപ ചെലവഴിച്ചിട്ടും ആ ഗൗരവം ഉൾക്കൊണ്ട് രേഖകളും രജിസ്റ്ററുകളും കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രേഖകൾ കൃത്യമല്ലാത്തതിനാൽ ധനാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ സംശയിക്കാവുന്നതാണ്.

കർഷക തൊഴിലാളി/വിധവ/വാർദ്ധക്യകാല/വികലാംഗ/അവിവാഹിത പെൻഷനുകളുടെ വിതരണത്തിന് എന്ന് കാണിച്ചാണ് ട്രഷറിയിൽ നിന്നും പണം പിൻവലിച്ചിരിക്കുന്നത്. പെൻഷനുകൾ മണിഓർഡർ ആയാണ് അയയ്ക്കുന്നത്. മണിഓർഡർ രസീത്, പെൻഷൻകാരുടെ ലിസ്റ്റ്, മണിഓർഡർ കൈപ്പറ്റ് രസീത്, മടങ്ങിവന്ന പെൻഷനുകളുടെ വിവരം, ബില്ലിന്റെ പകർപ്പുകൾ, ഓരോ ബില്ലിലും പിൻവലിച്ച പണത്തിന്റെ ചെലവ് വിവരം, ഏത് കാലത്തേക്കാണ് പെൻഷൻ അയച്ചത് എന്നീ വിവരങ്ങൾ കൃത്യമല്ല. അപ്രോപ്രിയേഷൻ രജിസ്റ്റർ, പെൻഷൻ രജിസറ്ററുകൾ, മടങ്ങിവന്ന പെൻഷനുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മണിഓർഡർ രസീത്, മണി

ഓർഡർ കൈപ്പറ്റ് രസീത് എന്നിവയുടെ അഭാവത്തിൽ പെൻഷൻ വിതരണം കൃത്യമായി നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

പുതുതായി പെൻഷൻ നൽകിയവരുടെ അപേക്ഷ, അർഹതാ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമായില്ല. പെൻഷൻ അപേക്ഷകരുടെ വിവരണം കാണിക്കുന്ന രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

39 മാസം വരെയുള്ള പെൻഷൻ കുടിശ്ശിക നൽകിയതായി കാണുന്നു (കർഷക തൊഴിലാളി പെൻഷൻ - ബിൽ 08/07-08/03.07.07) ഇങ്ങനെ നിരവധി മാസങ്ങളിലെ കുടിശ്ശിക നൽകുമ്പോൾ ആയതിന്റെ അർഹത തെളിയിക്കപ്പെട്ടിട്ടില്ല. മാത്രമല്ല, കുടിശ്ശിക പെൻഷനുകളുടെ മണിഓർഡർ കൈപ്പറ്റ് രസീതും സൂക്ഷിച്ചിട്ടില്ല.

27 ബില്ലുകളിലാണ് 40,55,551/-രൂപ പിൻവലിച്ചത്. പല ബില്ലുകളുടേയും പകർപ്പുകൾ സൂക്ഷിച്ചിട്ടില്ല. ഒരു ബില്ലിൽ പിൻവലിക്കുന്ന തുകയിൽനിന്നും പെൻഷൻ, കുടിശിക പെൻഷൻ, മണിഓർഡർ കമ്മീഷൻ, മണിഓർഡർ ഫാറം വില എന്നിവ നൽകുന്നുണ്ട്. എന്നാൽ ഇവയുടെ ചെലവ് വിവരം ലഭ്യമല്ല.

*ഓരോ പെൻഷനുകളുടേയും വിശദാംശം താഴെ:*

*1. കർഷകതൊഴിലാളി പെൻഷൻ:*

കർഷക തൊഴിലാളി പെൻഷൻ വിതരണത്തിന് 8 ബില്ലുകളിൽ 27,63,399/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചു. വിശദാംശം:-

| ക്രമ നം. | ബിൽ നം/തീയതി | തുക |
|---|---|---|
| 1 | 08/07-08/03.07.07 | 6,86,824 |
| 2 | 308/07-08/17.08.07 | 10,05,939 |
| 3 | 412/07-08/04.10.07 | 13,440 |
| 4 | 566/07-08/19.12.07 | 5,43,568 |
| 5 | 729/07-08/08.02.08 | 2,53,560 |
| 6 | 764/07-08/(തീയതി ഇല്ല) | 11,160 |
| 7 | 785/07-08/04.03.08 | 3,000 |
| 8 | 902/07-08/29.03.08 | 2,45,908 |
| | **ആകെ** | **27,63,399** |

ക്രമ നമ്പർ 1, 2, 5, 8 എന്നീ ബില്ലുകളിൽ പിൻവലിച്ച തുകകൾക്ക് മാത്രമാണ് മണിഓർഡർ അയച്ചതിന് പോസ്റ്റ് ഓഫീസിൽനിന്നും രസീത് ഹാജരാക്കിയിരിക്കുന്നത്. ബാക്കി ബില്ലുകളിൽ പിൻവലിച്ച തുകയ്ക്ക് പോസ്റ്റ്ഓഫീസ് രസീത്, പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് എന്നിവയില്ല. ഈ രേഖകളുടെ അഭാവത്തിൽ ട്രഷറിയിൽനിന്ന് പിൻവലിച്ച തുകയ്ക്ക് മണിഓർഡർ അയച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. 8 ബില്ലുകളിൽ അയച്ച പെൻഷൻ മണിഓർഡർ ഗുണഭോക്താക്കൾ കൈപ്പറ്റി എന്നു തെളിയിക്കുന്ന മണിഓർഡർ കൈപ്പറ്റ്രസീത് കൃത്യമായി ഫയൽചെയ്ത് സൂക്ഷിച്ചിട്ടില്ല. അതിനാൽ പെൻഷനുകൾ കൃത്യമായി ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

ബിൽ 08/07-08/03.07.07-ൽ 5/06 മുതൽ 10/06 വരെയുള്ള പെൻഷൻ നൽകാനാണ് 6,86,824/-രൂപ പിൻവലിച്ചത്. 876 പേർക്ക് 720/-രൂപ നിരക്കിൽ മുഴുവൻ കാലത്തേക്കും പെൻഷൻ അയച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ 11 പേർക്ക് 5 മാസത്തേയും 10 പേർക്ക് 4 ഉം, 19 പേർക്ക് 3 ഉം, ഒരാൾക്ക് ഒരു മാസത്തേയും പെൻഷൻ നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ പുതുതായി അനുവദിച്ചവരുടെ അപേക്ഷ, അർഹതാരേഖകൾ എന്നിവ സൂക്ഷിച്ചിട്ടില്ല. പുതുതായി പെൻഷൻ അനുവദിക്കുന്നവരുടെ വിവരം പ്രത്യേകം ഫയൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഇവർ ആരെന്ന് പോലും വ്യക്തമല്ല.

മാത്രമല്ല ബിൽ 308/07-08/17.08.07-ൽ പിൻവലിച്ച 10,05,939/-രൂപയിൽ നിന്നും 11/06 മുതൽ 7/07 വരെയുള്ള പെൻഷൻ 862 പേർക്ക് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. തുടർന്ന് ബിൽ 729/07-08/08.02.08-ൽ പിൻവലിച്ച 2,53,560/-രൂപ 12/07 മുതൽ 1/08 വരെയുള്ള പെൻഷൻ വിതരണത്തിനാണെന്ന് വൗച്ചറിൽ നിന്ന് മനസ്സിലാക്കുന്നു. 921 പേർക്കാണ് പെൻഷൻ അയച്ചത്. പെൻഷൻകാരുടെ എണ്ണം വർദ്ധിച്ചെങ്കിലും അവരുടെ അപേക്ഷ, അർഹതാ രേഖകൾ എന്നിവയില്ല.

ഓരോ ബില്ലുകളിലും പെൻഷൻ കുടിശ്ശിക നൽകിയതായി കാണുന്നു. വിശദാംശം:-

| ക്രമ നം. | ബിൽ നം/തീയതി | കുടിശ്ശിക പെൻഷന്റെ വിവരം |
|---|---|---|
| 1 | 08/07-08/03.07.07 | ഒരാൾക്ക് 4,680/-രൂപ |
| 2 | 308/07-08/17.08.07 | 6 പേർക്ക് 2,010/-രൂപ വീതം |
| 3 | 729/07-08/08.02.08 | ഒരാൾക്ക് 2,000/-രൂപ |

കൂടാതെ 412, 764, 785 എന്നീ ബില്ലുകളിൽ പിൻവലിച്ച തുകകൾ ചെറുതായതിനാൽ അവയും കുടിശ്ശിക നൽകാൻ വേണ്ടിയാണെന്ന് സംശയിക്കുന്നു. കുടിശ്ശിക നൽകുമ്പോൾ അതിന്റെ വിശദാംശം പ്രത്യേകം ഫയലായി എഴുതി സൂക്ഷിക്കുന്നില്ല. പെൻഷൻകാർ കുടിശ്ശിക കൈപ്പറ്റിയതിനും തെളിവില്ല.

ഗ്രാമപഞ്ചായത്തിൽ ഏറ്റവും അധികം പെൻഷകാരുള്ളത് കർഷക തൊഴിലാളി പെൻഷനാണ്. കാൽകോടിയിലധികം രൂപയാണ് ഈ ഇനത്തിൽ ട്രഷറിയിൽനിന്നും പിൻവലിച്ചിരിക്കുന്നത്. ആ ഗൗരവത്തോടെ രേഖകൾ സൂക്ഷിച്ചിട്ടില്ല. ബില്ലിന്റെ കോപ്പി, പെൻഷൻ ലിസ്റ്റ്, മണിഓർഡർ രസീത്, മടങ്ങിവന്ന പെൻഷനുകളുടെ വിവരം, മണിഓർഡർ കൈപ്പറ്റ് രസീത് എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ല. കൃത്യമായ രേഖകളുടെ അഭാവത്തിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ ഓഡിറ്റിൽ സംശയിക്കുന്നു.

*2. <u>വാർദ്ധക്യകാല പെൻഷൻ:</u>*

4 ബില്ലുകളിൽ 5,54,091/-രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചതായി കാണുന്നു. വിശദാംശം:-

| ക്രമ നം. | ബിൽ നം/തീയതി | തുക |
|---|---|---|
| 1 | 264/07-08/23.07.07 | 1,99,717 |
| 2 | 335/07-08/20.08.07 | 54,340 |
| 3 | 573/07-08/27.12.07 | 1,66,903 |
| 4 | 886/07-08/19.03.08 | 1,33,131 |
| | **ആകെ** | **5,54,091** |
| | | ======= |

ഇതിൽ ക്രമ നം.1, 2 ബില്ലുകളിൽ പിൻവലിച്ച തുകകൾക്ക് മാത്രമാണ് മണി ഓർഡർ അയച്ചതിന് പോസ്റ്റ് ഓഫീസ് രസീത് ഹാജരാക്കിയത്. ക്രമ നം.3, 4 ബില്ലുകളിൽ പിൻവലിച്ച തുകകൾക്ക് മണിഓർഡർ അയച്ചിട്ടുണ്ടോയെന്ന് മണി ഓർഡർ രസീതിന്റെ അഭാവത്തിൽ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ക്രമ നമ്പർ 3-ലെ ബില്ലിൽ പിൻവലിച്ച തുകയുടെ യാതൊരുരേഖകളും ഓഡിറ്റിന് ലഭ്യമായില്ല. പെൻഷൻകാലം, പെൻഷൻകാരുടെ പട്ടിക, ചെലവിന്റെ വിശദാംശം എന്നിവ പോലും ലഭ്യമായില്ല. മേൽ ബില്ലുകളിൽ അയച്ച മണിഓർഡറുകളിൽ എത്രയെണ്ണം പെൻഷൻകാർ കൈപ്പറ്റി, എത്രയെണ്ണം മടങ്ങിവന്നു എന്നിവ രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

*3. <u>വികലാംഗ പെൻഷൻ:</u>*

5 ബില്ലുകളിൽ 3,16,145/-രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചതായി കാണുന്നു. വിശദാംശം:-

| ക്രമ നം. | ബിൽ നം/തീയതി | തുക |
|---|---|---|
| 1 | 265/07-08/23.07.07 | 66,591 |
| 2 | 333/07-08/23.08.07 | 44,394 |
| 3 | 454/07-08/16.10.07 | 47,140 |
| 4 | 634/07-08/16.01.08 | 47,140 |
| 5 | 890/07-08/19.03.08 | 1,10,880 |
| | **ആകെ** | **3,16,145** |

ഇതിൽ ക്രമ നമ്പർ 4, 5 എന്നീ ബില്ലുകളിൽ പിൻവലിച്ച തുകയുടെ യാതൊരു രേഖകളും ലഭ്യമല്ല. പെൻഷൻ കാലം, പെൻഷൻകാരുടെ ലിസ്റ്റ്, മണി ഓർഡർ രസീത് എന്നിവയില്ല. രേഖകളുടെ അഭാവത്തിൽ മണിഓർഡർ അയച്ചി ട്ടുണ്ടോ എന്നതിന് ഉറപ്പില്ല. ക്രമ നമ്പർ 1, 2 ബില്ലുകളിൽ പിൻവലിച്ച തുക 151 പേർക്ക് മണിഓർഡർ അയച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ക്രമ നമ്പർ 3-ലെ തുക 160 പേർക്ക് മണിഓർഡർ അയച്ചതായി രേഖപ്പെടുത്തിയി രിക്കുന്നു. പുതുതായി പെൻഷൻ നൽകിയ 9 പേരുടെ അപേക്ഷ, അർഹതാരേഖ എന്നിവ ഓഡിറ്റിന് ലഭ്യമായില്ല. 5 ബില്ലുകളിൽ അയച്ച മണിഓർഡറുകൾ പെൻഷൻകാർ കൈപ്പറ്റി എന്ന് തെളിയിക്കുന്ന മണിഓർഡർ രസീത് സൂക്ഷിച്ചിട്ടില്ല. മടങ്ങിവന്ന പെൻഷനുകളുടെ കൃത്യമായ വിവരം ലഭ്യമല്ല.

*4. വിധവാ പെൻഷൻ:*

ഓഡിറ്റ് വർഷം വിധവാ പെൻഷൻ നൽകുന്നതിന് മൂന്ന് തവണയായി 3,26,943/-രൂപ പിൻവലിച്ചതായി കാണുന്നു. ബിൽബുക്കിലെ രേഖപ്പെടുത്തല ല്ലാതെ മറ്റ് യാതൊരു രേഖകളും ഓഡിറ്റിന് ലഭ്യമല്ല.

*ബിൽ ബുക്കിൽ നിന്നുള്ള വിവരം:*

| ക്രമ നം. | ബിൽ നം/തീയതി | തുക |
|---|---|---|
| 1 | 332/07-08/23.08.07 | 71,335 |
| 2 | 633/07-08/16.01.08 | 26,558 |
| 3 | 889/07-08/19.03.08 | 2,29,050 |
| | **ആകെ** | **3,26,943** |
| | | ====== |

ബിൽ കോപ്പി, പെൻഷൻ കാലയളവ്, പെൻഷൻകാരുടെ പട്ടിക, മണി ഓർഡർ രസിത്, മണിഓർഡർ കൈപ്പറ്റ് രസീത്, മടങ്ങിവന്ന പെൻഷനുകളുടെ വിവരം, പിൻവലിച്ച തുകയുടെ ചെലവ് വിശദാംശം എന്നിവയുടെ അഭാവത്തിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേട് സംശയിക്കുന്നു.

*5. അവിവാഹിത പെൻഷൻ:*

4 ബില്ലുകളിൽ 84,973/-രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചു. വിശദാംശം:-

| ക്രമ നം. | ബിൽ നം/തീയതി | തുക |
|---|---|---|
| 1 | 266/07-08/23.07.07 | 23,100 |
| 2 | 334/07-08/23.08.07 | 17,350 |
| 3 | 635/07-08/16.01.08 | 27,744 |
| 4 | 888/07-08/19.03.08 | 16,779 |
| | ആകെ | **84,973** |
| | | ===== |

2/07 മുതൽ 3/08 വരെ പെൻഷൻ നൽകുന്നതിനാണ് തുക പിൻവലിച്ചത്. ക്രമ നമ്പർ 1, 2 ബില്ലുകൾക്ക് പെൻഷൻ പട്ടിക, മണിഓർഡർ രസീത് എന്നിവ യുണ്ട്. എന്നാൽ മണിഓർഡർ കൈപ്പറ്റ്രസീത് ഇല്ല. ക്രമ നമ്പർ 3, 4 ബില്ലുകൾ ക്ക് മണിഓർഡർ രസീത്, മണിഓർഡർ കൈപ്പറ്റ് രസീത് എന്നിവയില്ല.

മേൽ പരാമർശിച്ച ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ വിവിധ പെൻഷൻ വിതരണത്തിലെ ആകെ ചെലവ് തുക 40,45,551/-രൂപ ഓഡിറ്റിൽ തടസ്സ പ്പെടുത്തുന്നു.

*ഉത്തരവാദികളായ ഉദ്യോഗസ്ഥർ:*

*1. ശ്രീ.പി.എം.അലക്സാണ്ടർ (സെക്രട്ടറി), സൂസൻ വില്ല, ചുനക്കര, ചാരുംമൂട്.*

*2. ശ്രീ.റോമിയോ, LDC, ലിന്റാഡേൽ, പുത്തുവിളപ്പടി, ചെന്നിത്തല.*

# 5.8. ആസ്തി പരിപാലനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികൾ ഓരോ വർഷം കഴിയുന്തോറും വർദ്ധിച്ചുവരികയാണ്. എന്നാൽ അതിനനുസരിച്ച് ആസ്തികളുടെ പരിപാലനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. 2004-05 മുതൽ സംസ്ഥാന സർക്കാർ ആസ്തികളുടെ പരിപാലനത്തിനായി സംരക്ഷണഫണ്ട് രൂപീകരിച്ചിട്ടുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൊന്നുംതന്നെ സ്വന്തം ആസ്തികളുടെയോ കൈമാറ്റം ചെയ്തുകിട്ടിയ ആസ്തികളുടെയോ വിവരം ലഭ്യമല്ല. ആയതിനാൽ തന്നെ സംരക്ഷണ ഗ്രാന്റ് ശരിയായി വിനിയോഗിക്കാനും സാധിക്കുന്നില്ല. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും റോഡ്/റോഡിതര ആസ്തികളുടെ സംരക്ഷണ ഗ്രാന്റ് വകമാറ്റി ചെലവഴിക്കപ്പെടുന്നു.

സർക്കാർ ഉത്തരവ് (എം.എസ്) 40/2004/പ്ലാനിംഗ്/31.03.04 പ്രകാരം നിലവിലുള്ള ആസ്തികളുടെ പൂർണ്ണ പ്രയോജനം ലഭിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. മാർക്കറ്റുകൾ, സ്കൂളുകൾ, ആശുപത്രികൾ, കുടിവെള്ള വിതരണ സംവിധാനങ്ങൾ, കൃഷിക്ക് വെള്ളം ലഭ്യമാക്കുന്ന ചെറുകിട ജലസേചന സംവിധാനങ്ങൾ, പൊതു സ്ഥാപനങ്ങളിലെ ഉപകരണങ്ങൾ എന്നിവ പുനരുദ്ധാരണ പ്രവർത്തനം നടത്താവുന്ന ആസ്തികളിൽ ഉൾപ്പെടുന്നു. വിട്ടുകിട്ടിയിട്ടുള്ള ആസ്തികൾ, പുനരുദ്ധരിക്കുന്നതിനോ നിലവാരം മെച്ചപ്പെടുത്തുന്നതിനോ ശ്രദ്ധചെലുത്തുന്നില്ല. ആസ്തികൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുംവേണ്ടി അവയെ സംബന്ധിച്ച രേഖകൾ സൂക്ഷിക്കേണ്ടതും കാലാകാലങ്ങളിൽ ഭൗതിക പരിശോധന നടത്തേണ്ടതുമാണ്.

## തിരുവനന്തപുരം ജില്ല

## 5.8.1. തിരുവനന്തപുരം കോർപ്പറേഷൻ

### 5.8.1.(1). ഷോപ്പിംഗ് കോംപ്ലക്സ്- 5 വർഷത്തിലേറെയായി ഒഴിഞ്ഞുകിടക്കുന്നു

***ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09 ഖണ്ഡിക നമ്പർ: 2.11.5***

| | |
|---|---|
| ✦ | *കടമുറികൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കുന്നില്ല.* |
| ✦ | *ലേലം ഒഴിവാക്കി വാടകയ്ക്ക് നൽകാൻ ശ്രമം.* |
| ✦ | *വാടകയിനത്തിൽ നഗരസഭയ്ക്ക് വൻനഷ്ടം.* |

കടകംപള്ളി സോണിലുള്ള ആനയറ ഷോപ്പിംഗ് കോംപ്ളക്സ് (ടി.സി.76/ 2023) ഒന്നാം നിലയിലെ 101.63 ചതുരശ്ര മീറ്റർ സ്ഥലം 9.12.2002 ലെ പുതുക്കിയ കരാർ പ്രകാരം നഗരസഭ, സൗത്ത് ഇൻഡ്യൻ ബാങ്കിന് പ്രതിമാസം 1438/-രൂപ ലൈസൻസ് ഫീസ് നിശ്ചയിച്ച് നൽകുകയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 22.5.2003 ലെ 8(21) ാം നമ്പർ തീരുമാനം അനുസരിച്ച് 1.4.2003 മുതൽ 31.3.05 വരെ ദീർഘിപ്പിച്ച് നൽകി പ്രതിമാസ ലൈസൻസ് ഫീസ് 1798/-രൂപയായി പുതുക്കി നിശ്ചയിക്കുകയുംചെയ്തു. സൗത്ത് ഇൻഡ്യൻ ബാങ്ക് 31.3.05-ൽ കെട്ടിടം ഒഴിഞ്ഞതായി 23.6.05-ൽ നഗരസഭയെ അറിയിക്കുകയുണ്ടായി ഷോപ്പിംഗ് കോംപ്ലക്സ്

വാടകയ്ക്ക് നൽകുന്നതിനായി അത്യാവശ്യ അറ്റകുറ്റപണികൾ അടിയന്തിരമായി ചെയ്ത്തീർത്ത് തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 24.10.05-ൽ സെക്രട്ടറിയുടെ പി.എ.നഗരസഭാ എഞ്ചിനീയർക്ക് കത്ത് നൽകുകയും 29.03.06, 7.8.06 എന്നീ തീയതികളിൽ ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തു.എന്നാൽ 5.1.2007-ൽ അറ്റകുറ്റ പണി പൂർത്തീകരിച്ചതായി ഫയലിൽ കാണുന്നു. ഒപ്പം കെട്ടിടത്തിന്റെ ഒന്നാം നിലയുടെ പ്ലിന്ത് ഏരിയ 101.63 ചതുരശ്ര മീറ്ററായി കണക്കാക്കി ചതുരശ്ര മീറ്ററിന് 80.70 രൂപ പ്രകാരം പ്രതിമാസം ഈടാക്കേണ്ട വാടകയായി 8202/-രൂപ നിശ്ചയിച്ച തായും 1.3.2007-ൽ ഫയൽ നോട്ടിൽ വ്യക്തമാകുന്നു.

2000-ാം ആണ്ടിലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ (വസ്തു ആർജ്ജി ക്കലും കൈയൊഴിയലും ചട്ടങ്ങൾ 11 പ്രകാരം ലൈസൻസുകളുടെ പുതുക്കൽ, ലൈസൻസികളെ പുനരധിവസിപ്പിക്കൽ എന്നിവ ഒഴികെയുള്ള വിൽപ്പന, പാട്ടത്തിന് നൽകൽ, വാടകയ്ക്ക് കൊടുക്കൽ എന്നിവ മുഖേന മുനിസിപ്പാലിറ്റി കളുടെ വസ്തു കൈമാറ്റങ്ങൾ പരസ്യ ലേലം വഴിയോ, ടെണ്ടർ മുഖേനയോ ആയിരിക്കേണ്ടതാണ്.

യഥാസമയം അറ്റകുറ്റപണികൾ പൂർത്തിയാക്കി ലേലനടപടികൾ കൈ ക്കൊള്ളാതെ കെട്ടിടം വാടകയ്ക്ക് നൽകുന്നതിനായി പോസ്റ്റ്ഓഫീസ്, പ്രൈമറി ഹെൽത്ത് സെന്റർ, ജിംനേഷ്യം എന്നിവയുമായി കത്തിടപാടുകൾ നടത്തിയിരി ക്കുന്നു. 8000/-രൂപ വാടക നിശ്ചയിച്ച് ജിംനേഷ്യത്തിന് അനുവദിച്ച് 30.12.09-ൽ അറിയിപ്പ് നൽകി. എന്നാൽ വാടക 4000/-രൂപയായി കുറവ് ചെയ്യണമെന്നാ വശ്യപ്പെട്ട് ജിംനേഷ്യം നടത്തിപ്പുകാരൻ നൽകിയ അപേക്ഷ 23.1.2010-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചെങ്കിലും തീരുമാനമായിട്ടില്ല.

01.04.05 മുതൽ 28.02.2010 വരെ 61 മാസക്കാലമായി കെട്ടിടം ഒഴിഞ്ഞ് കിടന്നത്മൂലം നഗരസഭയ്ക്ക് ലക്ഷങ്ങളുടെ നഷ്ടമാണുണ്ടായത്. 1.3.2007-ൽ നഗരസഭ നിശ്ചയിച്ച വാടകതന്നെ 8,202/-രൂപയാണ്. യഥാസമയം അറ്റകുറ്റപ്പണി നടത്താതിരുന്നത്മൂലം ഉണ്ടായ നഷ്ടം നഗരസഭാ എഞ്ചിനീയർ, സെക്രട്ടറി എന്നിവരുൾപ്പെടെയുള്ളവരിൽ നിന്നും ഈടാക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>*
*ജോൺസൺ കെ.ജോർജ്ജ്.(ഐ.എ.എസ്) സെക്രട്ടറി,*
*കല്ലുംപുറത്ത് വീട്, വി.എസ്.എൻ.എൽ.റോഡ്,*
*കാക്കനാട്.പി.ഒ., കൊച്ചി.*

**<u>ആലപ്പുഴ ജില്ല</u>**

## 5.8.2. ആലപ്പുഴ മുനിസിപ്പാലിറ്റി

### 5. 8. 2. (1). ആസ്തികൾ പരിപാലിക്കപ്പെടാതെ നശിച്ചുപോകുന്നു

***<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 2-7</u>***

| | |
|---|---|
| ✦ | *നാലുവർഷം മാത്രം പഴക്കമുള്ള ആംബുലൻസ് സർവ്വീസ് നിർത്തിവച്ചതിന് കാരണമില്ല.* |
| ✦ | *1,41,900/-രൂപ ചെലവിൽ വാങ്ങിയ മൊബൈൽ മോർച്ചറി യൂണിറ്റ് എവിടെ എന്ന് നഗരസഭയ്ക്കറിയില്ല.* |

### *1. നാലുവർഷം മാത്രം പഴക്കമുള്ള ആംബുലൻസ് പ്രവർത്തനരഹിതമായി:*

2003-04 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പദ്ധതിപ്രകാരം നഗരസഭയ്ക്ക് സ്വന്തമായി ഒരു ആംബുലൻസ് വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. ഫയലിലെ രേഖപ്പെടുത്തലുകൾ പ്രകാരം നാലു ക്വട്ടേഷനുകൾ ലഭിക്കുകയും ലഭ്യമായ ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത പൂംകുടി ടെംപോ, ഇടപ്പള്ളി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് 6,20,800/-രൂപയ്ക്ക് ആംബുലൻസ് വാങ്ങി. ഈ വാഹനത്തിന്റെ ലോഗ്ബുക്കു പ്രകാരം 86481 കി.മീറ്റർ വാഹനം ഓടിയതിനു ശേഷം 07.08.08 മുതൽ പ്രത്യേക കാരണംകൂടാതെ വാഹനം സർവ്വീസ് നിർത്തിവെയ്ക്കുകയും, ഇപ്പോൾ അത് നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടൗൺഹാൾ കോമ്പൗണ്ടിൽ ഭദ്രമായി സൂക്ഷിച്ചുപോരുകയും ചെയ്യുന്നതായി കാണുന്നു. വാഹനം വാങ്ങിയ തീയതിമുതൽ സർവീസ് നിർത്തിവെച്ച കാലയളവായ 07.08.08 വരെ റിപ്പയറിംഗിനും ടയർ/ബാറ്ററി എന്നിവ മാറിയതിനും പ്രധാനമായി താഴെ പറയും പ്രകാരമുള്ള തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ | ചെക്ക് നമ്പർ | തുക | റിമാർക്സ് |
|---|---|---|---|
| 65/2-05 | 0934026/11.02.05 | 3414 | 4- ാമത്തെ സർവ്വീസ് ചാർജ്ജ് |
| 97/2-06 | 9594/16.02.06 | 469 | - |
| 98/2-06 | 9595/16.02.06 | 1610 | - |
| 74/6-06 | 726459/14.06.06 | 20452 | റിപ്പയറിംഗ് ചാർജ്ജ് |
| 74/6-06 | 726460/14.06.06 | 19800 | പുതിയ ടയറിന്റെ വില |
| 36/3-07 | 772992/06.03.07 | 3400 | പുതിയ ബാറ്ററിയുടെ വില |
| 57/8-07 | 801867/09.08.07 | 37512 | മെയിന്റനൻസ് ചാർജ്ജ് |
| 66/7-07 | 801812/11.07.07 | 2656 | റിപ്പയർ ചാർജ്ജ് |
| 34/11-07 | -- | 1717 | -- |
| 66/8-07 | 228864/14.08.07 | 1000 | സി.എഫ്.ടെസ്റ്റ് ചാർജ്ജ് |
| 238/9-08 | 996365/24.09.08 | 2088 | റിപ്പയറിംഗ് ചാർജ്ജ് |
| ആകെ | | **94,118** | |

വലിയ റിപ്പയറിംഗ് ചെലവുകൾ ഒന്നും ഉണ്ടായിട്ടില്ലാത്ത ഈ വാഹനം കേവലം 4 വർഷം മാത്രം ഉപയോഗിച്ചതിനുശേഷം പ്രവർത്തനരഹിതമായ നിലയിൽ സൂക്ഷിക്കുന്നതിന്റെ കാരണം വ്യക്തമല്ല. താരതമ്യേന മോശമായ സാമ്പത്തിക സ്ഥിതിയുള്ള നഗരസഭയിൽ, വൻതുകകൾ ഉപയോഗിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ മിതമായ ചെലവിൽ എത്തിച്ചുകൊടുക്കുക എന്ന ലക്ഷ്യത്തോടെ വാങ്ങിയിട്ടുള്ള ആംബുലൻസ് ചുരുങ്ങിയ കാലയളവിലെ ഉപയോഗത്തിനുശേഷം പ്രവർത്തനരഹിതമായി സൂക്ഷിക്കാതെ നിരത്തിലിറക്കി ജനങ്ങളുടെ സേവനത്തിനായി ഉപയോഗിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

### *2. <u>മൊബൈൽ മോർച്ചറി യൂണിറ്റ് - 2 എണ്ണം:</u>*

2003-04-ൽ പ്രോജക്റ്റ് നമ്പർ എസ്.ഒ.39/04-ാം നമ്പർ പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിച്ച പദ്ധതിയാണ് മൊബൈൽ മോർച്ചറി യൂണിറ്റ്, പദ്ധതി നിർവ്വഹണത്തിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞനിരക്കായ 1-ന്

70950/-രൂപ ക്വാട്ടുചെയ്ത "സയന്റിഫിക് എന്റർപ്രൈസസ് ഏരൂർ റോഡ്, തൃപ്പൂണിത്തുറ" എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് മൊബൈൽ മോർച്ചറി യൂണിറ്റ് നഗരസഭ വാങ്ങി. പ്രസ്തുത സ്ഥാപനത്തിന് 1,41,900/-രൂപ 3/04-ലെ 500-ാം നമ്പർ വൗച്ചർ പ്രകാരം വിലയായി നൽകി. (ചെക്കുനമ്പർ.514225/30.03.04) തുടർന്ന് ഈ മൊബൈൽ മോർച്ചറികളുടെ നാളിതുവരെയുള്ള ഉപയോഗമോ, പ്രവർത്തനമോ സംബന്ധിച്ച യാതൊരു വിവരങ്ങളും ബന്ധപ്പെട്ട ഫയലിൽ ഇല്ല. നഗരസഭയുടെ ആംബുലൻസ് സർവീസ് 2008 ഓഗസ്റ്റ് മുതൽ പ്രവർത്തനം നിർത്തിവെച്ചിരിക്കുന്ന തിനാൽ ഇപ്രകാരം വാങ്ങിയ മൊബൈൽ മോർച്ചറി യൂണിറ്റുകൾ എവിടെ സൂക്ഷിച്ചിരിക്കുന്നു. അവയുടെ നിലവിലെ അവസ്ഥയെന്ത്, തുടങ്ങിയ വിവരങ്ങൾ അറിയാൻ കഴിഞ്ഞിട്ടില്ല. ആയത് വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് 28.07.10-ൽ എം.2-1/2010-ാം നമ്പരായി നൽകിയ ഓഡിറ്റ് റിക്വസിഷന് യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല.

വികസന ഫണ്ട് പ്രയോജനപ്പെടുത്തി വാങ്ങുന്ന ഇത്തരം ആസ്തികൾ കൃത്യമായി പരിപാലിക്കുന്നതിൽ തികഞ്ഞ അനാസ്ഥയാണ് കാണുന്നത്. 1,42,000/-രൂപയോളം ചെലവഴിച്ചു വാങ്ങിയ ഈ മൊബൈൽ മോർച്ചറി യൂണിറ്റുകളുടെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

*Note: പ്രത്യേക പരാമർശമായതിനാൽ ഉത്തരവാദിയെ നിശ്ചയിച്ചിട്ടില്ല.*

**<u>കോഴിക്കോട് ജില്ല</u>**

## 5.8.3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനം

തങ്ങളുടെ അധീനതയിൽ ഉള്ളതും കാലാകാലങ്ങളിൽ ആർജ്ജിച്ചതോ സൃഷ്ടിച്ചതോ ആയ സ്ഥാവരജംഗമ സ്വത്തുക്കൾ, പ്രതിഫലദായകവും അല്ലാത്തതുമായ സ്വത്തുക്കൾ എന്നിവ അടങ്ങിയതാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ. ഭൂമി, കെട്ടിടങ്ങൾ, മറ്റു സ്ഥാവരജംഗമ സ്വത്തുക്കൾ എന്നിവയുടെ രൂപത്തിൽ ഗണ്യമായ ആസ്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി ഉണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് സ്ഥലങ്ങൾ, ജലവിതരണ/ജലസേചന പദ്ധതികൾ, മറ്റു സ്ഥാപനങ്ങൾ എന്നിവ പരിപാലിക്കുന്നതിന് വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. പുറമ്പോക്ക് ഭൂമിയും മറ്റും തിട്ടപ്പെടുത്തി വേലികെട്ടി ഉടമസ്ഥാവകാശം സംബന്ധിച്ച ബോർഡ് വെയ്ക്കണമെന്നും ആസ്തി രജിസ്റ്ററുകളിലെ ന്യൂനതകൾ പരിഹരിക്കണമെന്നുമുള്ള സർക്കാരിന്റെ 24.08.2008-ലെ സർക്കുലർ നമ്പർ 55178/എഫ്.എം.3/2008/തസ്വഭവ.പ്രകാരമുള്ള നിർദ്ദേശങ്ങൾ പല ഗ്രാമപഞ്ചായത്തുകളും പാലിച്ചിട്ടില്ല.

കേരള പഞ്ചായത്ത്രാജ് നിയമം 166-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം പൊതുസ്ഥലങ്ങൾ കൈയേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കൽ, പൊതു റോഡുകളും മറ്റു പൊതുമുതലുകളും സംരക്ഷിക്കൽ, പൊതു സ്ഥലങ്ങളിൽ മൂത്രപ്പുരയും, കക്കൂസും, കളിസ്ഥലവും ഏർപ്പെടുത്തൽ, ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജലവിതരണ/ജലസേചന പദ്ധതികളുടെ പരിപാലനം, നടത്തിപ്പ് എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകളാണ്. മേൽപറഞ്ഞ വിഭാഗത്തിൽപ്പെടുന്ന

ഗ്രാമ പഞ്ചായത്തുകളുടെ ആസ്തികൾ പരിപാലിക്കുന്നതിലും, സംരക്ഷിക്കുന്നതിലുമുണ്ടായ വീഴ്ചകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th>ക്രമ നം.</th><th>സ്ഥാപനത്തിന്റെ പേര്</th><th>ഓഡിറ്റ് വർഷം</th><th>ഖ.നം.</th><th>അപാകത</th></tr>
<tr><td>1</td><td>കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത്</td><td>2007-08</td><td>3-1</td><td>ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനരഹിതമായ ആസ്തികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.
<table>
<tr><th>ക്രമ നം</th><th>ആസ്തിയുടെ പേര്</th><th>ചെലവ്</th><th>നിലവിലെ അവസ്ഥ</th></tr>
<tr><td>1</td><td>തേനങ്ങാപറമ്പ് ജലസേചന പദ്ധതി</td><td>170000</td><td>പ്രവർത്തിക്കുന്നില്ല</td></tr>
<tr><td>2</td><td>കൃഷി ഇൻഫർമേഷൻ സെന്റർ, തേനങ്ങാപറമ്പ്</td><td>130000 (പഴയകെട്ടിടം നവീകരണം)</td><td>പ്രവർത്തിക്കുന്നില്ല</td></tr>
<tr><td>3</td><td>വൃദ്ധസദനം</td><td>510631</td><td>പ്രവർത്തിക്കുന്നില്ല</td></tr>
<tr><td>4</td><td>ശിശുമന്ദിരം, പന്നിക്കോട്</td><td>200000</td><td>പ്രവർത്തിക്കുന്നില്ല (കെട്ടിടം കാട്കയറി മൂടിയ അവസ്ഥയിൽ</td></tr>
</table></td></tr>
<tr><td>2</td><td>മടവൂർ ഗ്രാമ പഞ്ചായത്ത്</td><td>2007-08</td><td>3-1</td><td>ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 14-ാം വാർഡിൽ കായൽ കോട്ടയിൽ 10 സെന്റ് റോഡ് പുറമ്പോക്ക്, പുത്താനത്ത്താഴം റോഡ്, കുട്ടുംപുറംതാഴം മുതൽ പൂനൂർപുഴ വരെ 3 കി.മീ. നീളത്തിൽ നീണ്ടുകിടക്കുന്ന തോടിന്റെ ഏതാണ്ട് 12 ഏക്കറോളം വരുന്ന പുറംപോക്ക് ഭൂമിയിൽ പകുതിയിലേറെ എന്നിവ അന്യാധീനപ്പെട്ടു.</td></tr>
<tr><td>3</td><td>കോട്ടൂർ ഗ്രാമ പഞ്ചായത്ത്</td><td>2007-08</td><td>3-30</td><td>പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുടിവെള്ള/ജലസേചന പദ്ധതികളെക്കുറിച്ച് വിവരങ്ങളില്ല. ആസ്തി രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ 14 സാമൂഹ്യ ജലസേചന പദ്ധതികളും 28 കുടിവെള്ള പദ്ധതികളും ഉണ്ട്. ഈ പദ്ധതികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ചോ പ്രവർത്തിക്കുന്നുണ്ടോ എന്നത് സംബന്ധിച്ചോ പഞ്ചായത്തിൽ വിവരങ്ങളില്ല.</td></tr>
<tr><td>4</td><td>കാക്കൂർ ഗ്രാമ പഞ്ചായത്ത്</td><td>2007-08</td><td>3-20</td><td>കംഫർട്ട്സ്റ്റേഷൻ ആരംഭിക്കാൻ സൗജന്യമായി വിട്ടുകിട്ടിയ മുറികൾ ഗ്രാമപഞ്ചായത്ത് ഉപയോഗപ്പെടുത്തിയില്ല. കാക്കൂർ അങ്ങാടിയിൽ അമ്പാടി അസോസിയേറ്റ് ബിൽഡിംഗ് ഉടമ പേയിംഗ് ടോയ്‌ലറ്റ് ആരംഭിക്കുന്നതിന് മുറികൾ വിട്ടുനൽകിയെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.</td></tr>
</table>

★ ★ ★